1820

# വിശാലാക്ഷി

(ഒന്നാം ഭാഗം)

# *VISALAKSHI*

(Novel)

**PART ONE**

*By*

**K. Govindan Thampi B. A.**

Fourth Impression: Sept. 1956. All Rights Reserved

---

Published by

**Manorama Publishing House**

**P. B. 26. — KOTTAYAM.**

# വിശാലാക്ഷി

(നോവൽ)


ഗ്രന്ഥകർത്താ:

കെ. ഗോവിന്ദൻ തമ്പി ബി. ഏ.



പ്രസാധകർ:

**മനോരമാ പബ്ളിഷിംഗ് ഹൗസ്,**

**പി. ബി. 26. ... കോട്ടയം**



[illegible] SMARAKA [illegible]
[illegible] SALA
THENNOORKONAM
VENGANOOR, [illegible]


വില 3 രൂപ

*A Manorama Publication*

Printed at the Malayala Manorama Press, Kottayam.

# നാലാംപതിപ്പ്

വിശാലാക്ഷി എന്ന ഈ മികച്ച നോവൽ 1914 സെപ്റ്റംബറിലാണ് മലയാള മനോരമ ദിനപ്പത്രത്തിൽ ഖണ്ഡശഃ പ്രസിദ്ധപ്പെടുത്തിത്തുടങ്ങിയത്. പത്രത്തിൽ വന്നശേഷം തയ്യാറാക്കിയ മൂന്നു പതിപ്പുകളും താമസംവിനാ വിററു തീരുകയും നാലാമതൊരു പതിപ്പ് അച്ചടിക്കാതെ വരികയുമാണുണ്ടായത്.

ഇപ്പോൾ ഇതിന്റെ നാലാംപതിപ്പ് സഹൃദയ സമക്ഷം ഞങ്ങൾ സസന്തോഷം സമർപ്പിക്കുകയാണ്.

No. 2539.

പ്രസാധകർ.

GRANTHA SALA
THENNOORKONAM
VENGANOOR

# വിശാലാക്ഷി

(ഒന്നാംഭാഗം)

## ഒന്നാം അദ്ധ്യായം

മംഗലേശ്വരം സംസ്ഥാനത്തിന്റെ മദ്ധ്യഭാഗത്തുള്ള ഒരു ചെറിയ പട്ടണത്തിൽ ഏതാനും വർഷങ്ങൾക്കു മുമ്പ് വ്യസനകരമായ ഒരു ഘോരസംഭവം നടക്കുന്നതിനിടയായി. മനുഷ്യഹൃദയത്തിന്റെ ദുർവ്വാസനാശക്തി ഹേതുവായി ചിലപ്പോഴെല്ലാം സംഭവിക്കാറുള്ള ഏവംവിധങ്ങളായ പാതകകർമ്മങ്ങളെപ്പററി പ്രസ്താവിക്കേണ്ടിവരുന്നതു് അത്രതന്നെ ഉത്സാഹപ്രദമായ ഒരു കൃത്യമല്ല. എന്നാൽ ഇങ്ങനെയുള്ള സംഭവങ്ങൾ കേഴ്വിക്കാരുടെ മനസ്സിനെ ഹറാൽ ആകർഷിക്കാതെയുമിരിക്കുന്നില്ല. താഴെ പ്രസ്താവിക്കുന്ന വൃത്താന്തം വായനക്കാരിൽ ഇപ്രകാരമുള്ള ഒരു ശ്രദ്ധ ജനിപ്പിക്കാതെയിരിക്കയില്ലെന്നു വിശ്വസിക്കുന്നു.

“തെക്കേവഴി” എന്ന പേരോടുകൂടിയ ഈ സ്ഥലം “വൻവഴി” എന്ന പ്രധാനപട്ടണത്തിന്റെ അംശമായി അവിടെ നിന്നു രണ്ടു മൈൽ അകലെ സ്ഥിതിചെയ്യുന്ന ഒരു ഗ്രാമമാണ്. സംസ്ഥാനത്തിന്റെ തലസ്ഥാനത്തുനിന്നു

ള്ള തീവണ്ടിപ്പാത പല ഭാഗങ്ങളിലേയ്ക്കും വ്യാപിക്കുന്ന കൂട്ടത്തിൽ വൻവഴിയിലും എത്തുന്നുണ്ടു്. എന്നാൽ തെക്കേ വഴി ഗ്രാമം തീവണ്ടിയുമായി നേരെ സംബന്ധിച്ചിട്ടുള്ളതല്ല. ആകയാൽ വൻവഴിയിൽനിന്നു് അതിന്റെ ശാഖാഗ്രാമത്തിലേയ്ക്കു പോകേണ്ടവർ സാധാരണയായി ജട്കാവണ്ടി തന്നെ ഉപയോഗപ്പെടുത്തിവന്നിരുന്നു.

ഈ വഴി ചെന്നുചേരുന്നതു ഗ്രാമത്തിന്റെ മദ്ധ്യസ്ഥലത്താണു്. ഇവിടെ ആളുകൾ റോഡിന്റെ ഇരുവശങ്ങളിലും പാർക്കുന്നു. ഇതിന്റെ ഒരറ്റത്തു കോവിൽഭാഗം എന്നു പേരുള്ള ഒരു ഉപവഴിയിൽ സാമാന്യം വൃത്തിയായ ഒരു ക്ഷേത്രവും അതിന്റെ മുമ്പിലായി ഒരു കുളവും കാണാം. പ്രധാന റോഡിന്റെ മറ്റെ അറ്റത്തു് അല്പം ഉയന്ന ഒരു സ്ഥലമുണ്ടു്. ഈ സ്ഥലത്തിനു കുന്നമ്പുറം എന്നാണു പേരു കൊടുത്തിട്ടുള്ളതു്. കോവിൽഭാഗത്തുള്ള വീടുകളെ അപേക്ഷിച്ചു കുന്നമ്പുറത്തേതു വളരെ താണ തരങ്ങളാണെന്നു കൂടി പറയേണ്ടിയിരിക്കുന്നു.

ഒരു വെള്ളിയാഴ്ച ഉച്ചതിരിഞ്ഞു ജട്കാവണ്ടി പതിവിൻപടി തട്ടിയും മുട്ടിയും തീവണ്ടിയാഫീസിൽനിന്നു പുറപ്പെട്ടു ഗ്രാമത്തിൽവന്നു ചേന്നു. അമ്മിണിയമ്മാൾ എന്ന വിധവയുടെ വക ഭക്ഷണശാലയുടെ പടിക്കലാണു് വണ്ടി ചെന്നുനിന്നതു്. നല്ല വാചാലതയും സൗന്ദര്യവും വേണ്ടുവോളം ചൊടിചൊടിപ്പുമുള്ള അമ്മാൾ വണ്ടിവരുന്നതു കേട്ടുകൊണ്ടു് അതിഥി സ്വീകരണത്തിനായി ബദ്ധപ്പെട്ടു പടിക്കൽ എത്തി.

അന്നത്തെ വണ്ടിയിൽ ഒരു സ്ത്രീയും ഒരു മൂപ്പിന്നും അവരുടെ വക ഒരു പെട്ടിയും മാത്രമേ ഉണ്ടായിരുന്നുള്ളു.

അമ്മാൾ—കൊച്ചമ്മാ, വരാം വരാം. ഇവിടെ ഇരിക്കാനും കിടക്കാനും എല്ലാം നല്ലസുഖമാണു്.

സ്ത്രീ—വരുന്നു, അമ്മ, ഇതാ വന്നുകഴിഞ്ഞു.

തന്റെ അതിഥിയുടെ സ്വരവും ഭാവവും മര്യാദയും കണ്ടും കേട്ടും ആൾ ഒരു മാന്യയാണെന്നു പാട്ടിയമ്മ നിശ്ചയിച്ചു.

സ്ത്രീ—വല്ലതും ലഘുവായ ആഹാരമാണ് ഇപ്പോൾ വേണ്ടതു്. ക്ഷീണം നന്നേ ഉണ്ടു്. വണ്ടിയുടെ കുടുക്കം അതിഭയങ്കരം തന്നെ.

സ്ത്രീയും കിഴവനും അമ്മിണിഅമ്മാളുടെ ഭോജനശാലയിലേക്കു ചെന്നു.

അമ്മാൾ—കൊച്ചമ്മ, ഈ വണ്ടി മഹാ വല്ലാത്തതാണു്. എന്തൊരു കുടുക്കമാണെന്നു് അനുഭവിച്ചവർക്കേ അറിയാവൂ. ഈ കഷ്ടപ്പാടു സഹിക്കാൻ നിങ്ങൾ ആളാണെന്നു തോന്നുന്നില്ല. നിങ്ങളെ കണ്ടിട്ടു് എനിക്കു് അങ്ങിനെയാണു തോന്നുന്നതു്. കൊച്ചമ്മ, വല്ല ദൂരദിക്കിൽനിന്നും വരികയായിരിക്കാം. ആഹാരം വല്ലതും വേഗത്തിൽ കഴിക്കുക. ആദ്യം കണ്ടപ്പോൾ നിങ്ങൾ ഒരു ചെറിയ കന്യകയാണെന്നു ഞാൻ വിചാരിച്ചുള്ളൂ.

സ്ത്രീ—നല്ല ചൂടോടെ കുറെ പാൽ തരിക. വളരെ തണുക്കാത്ത ആമവടയോ ഇഡ്ഡലിയോ ഉണ്ടെങ്കിൽ അതും കൊണ്ടുവരിക.

ചെറുപ്പക്കാരിയായ ആ സ്ത്രീ ഭക്ഷണശാലയിലെ തളത്തിൽ ഒരു ഒഴിഞ്ഞ മൂലയിൽ ഒരു പുല്ലുപായ് വിരിച്ചു അതിന്മേൽ ഇരുന്നു് അല്പം ചില ആഹാരങ്ങൾ കഴിച്ചു. കൂടെയുണ്ടായിരുന്ന കിഴവൻ ഈ സ്ത്രീയുടെ വാല്യക്കാരനാണു്. അയാളും കുറെ കാപ്പിയും പലഹാരവും കഴിച്ചശേഷം വഴിയാത്രയുടെ ക്ഷീണാധിക്യം നിമിത്തം ഒരു കോണിൽ പോയി കിടന്നുറങ്ങി.

യുവതി—അമ്മ, ഇതിനു സമീപത്തെങ്ങാനും ഒരു വീടു വാടകയ്ക്കു കിട്ടുമോ?

അമ്മാൾ—വാടകയ്ക്കു വീടോ? ഇവിടെ അത്ര ധാരാളമില്ല. ഇതു് ഒരു ചെറിയ ഗ്രാമമാണു്. നോക്കട്ടെ; ആലോചിച്ചു പറയാം. ശരിതന്നെ, ഗോവിന്ദപുരത്തു ലക്ഷ്മിഅമ്മയുടെ ഒരു സ്ഥലം ഒഴിഞ്ഞുകിടന്നിരുന്നു. വല്ല ആവശ്യക്കാരും ഉണ്ടെങ്കിൽ അങ്ങോട്ടു പറഞ്ഞയയ്ക്കണമെന്നു് അവർ ഒരാഴ്ചയ്ക്കു മുൻപു് എന്നോടു പറഞ്ഞിട്ടുമുണ്ടായിരുന്നു. ആളുകൾ വന്നു പോയോ എന്തോ, അറിഞ്ഞില്ല. അവിടം ആയാൽ കൊള്ളാം. നല്ല സുഖമുള്ള സ്ഥലമാണു്. എന്താ, അന്വേഷിക്കട്ടേ?

യുവതി—വേണ്ട, ഞാൻ തന്നെ അങ്ങോട്ടു പോകാം. തന്നത്താൻ കണ്ടെങ്കിലേ തൃപ്തിയാകൂ. എന്നുതന്നെയല്ല, ആ സ്ഥലം ഒഴിവുകയില്ലെങ്കിൽ വേറെയും അന്വേഷിക്കാമല്ലോ. ഇന്നത്തെ വണ്ടിസവാരി എന്നെ കണക്കില്ലാതെ വേദനപ്പെടുത്തിയിട്ടുണ്ടു്. വലിയ അവശത തോന്നുന്നു. പെട്ടി ഇവിടെയിരിക്കട്ടെ. ഞാനും മൂപ്പീന്നുംകൂടി ഒന്നിറങ്ങി അന്വേഷിച്ചിട്ടു വരാം.

അമ്മാൾ—ഓഹോ, അങ്ങിനെതന്നെ. പെട്ടി ഭദ്രമായി സൂക്ഷിച്ചുകൊള്ളാം. കൊച്ചമ്മയുടെ പേരു്....?

യുവതി—സ്നേഹലത.

ഗോവിന്ദപുരത്തെ ലക്ഷ്മിഅമ്മയുടെ വീടു് കോവിൽ ഭാഗത്തു കറേ ഉള്ളിലോട്ടു മാറിയാണു്. അവിടേക്കുള്ള വഴി അമ്മിണിഅമ്മാൾ പറഞ്ഞുകൊടുത്തതനുസരിച്ചു യുവതിയും ഭൃത്യനും അഞ്ചോ ആറോ മിനിട്ടിനകം ആ വീട്ടിന്റെ പടിവാതുക്കൽ എത്തി. സ്ഥലം വാടകയ്ക്കു കൊടുപ്പാൻ തയാറാണെന്നു സൂചിപ്പിക്കുന്ന ഒരു പരസ്യപ്പലക അവിടെ തൂക്കിയിരുന്നതിനാൽ കാര്യം ചോദിക്കാതെ തന്നെ മനസ്സിലാക്കിക്കൊണ്ടു യുവതി അകത്തേക്കു കടന്നു. വീട്ടുടമസ്ഥയായ ലക്ഷ്മിഅമ്മ ഉടൻതന്നെ പുറ

ത്തേക്കു വന്നു. യുവതിക്കു ചുരുങ്ങിയപക്ഷം രണ്ടു മുറികളാണു വേണ്ടിയിരുന്നതു്. അവ അവിടെ തയാറുണ്ടോ എന്നു് അവൾ ചോദിച്ചു. മുറികൾ തയാറുണ്ടെന്നും അവയ്ക്കു് ഇന്ന വാടക കൊടുക്കണമെന്നും വേണമെങ്കിൽ മുറികൾ പരിശോധിക്കുന്നതിനു വിരോധമില്ലെന്നും ഉടമസ്ഥ പറഞ്ഞു. സ്നേഹലതയ്ക്കു സ്ഥലം നല്ലവണ്ണം ബോധിച്ചു. വൃത്തിയും വെളിച്ചവും ധാരാളമുള്ള മുറികളാണു്.

വാടക മുതലായവ ഉടൻതന്നെ തീർച്ചയാക്കി ഏർപ്പാടു ചെയ്തു. ഭക്ഷണം വീട്ടുടമസ്ഥതന്നെ കൊടുക്കണമെന്നും അതിലേക്കു മാസം ഇന്നതു കൊടുത്തുകൊള്ളാമെന്നും ആയിരുന്നു വ്യവസ്ഥ. തൽക്കാലം ഒരു മാസത്തേക്കാണു് എല്ലാ ഏർപ്പാടുകളും ചെയ്തതു്. അനന്തരം യുവതിയും കിഴവനുംകൂടി രണ്ടാമതും അമ്മിണിഅമ്മാളുടെ ഗൃഹത്തിൽ ചെന്നു യാത്ര പറഞ്ഞശേഷം പെട്ടി എടുപ്പിച്ചുകൊണ്ടു താമസസ്ഥലത്തേക്കു മടങ്ങി. പാർപ്പുകാര്യം ഒരുവിധമെല്ലാം തീർച്ചയായശേഷം കിഴവൻ യാത്ര പറഞ്ഞു തന്റെ സഹായത്തിലേക്കുള്ള ചെറുതായ സംഭാവന പററിക്കൊണ്ടു് അയാളുടെ വഴിക്കു പോയി.

ലക്ഷ്മിഅമ്മയുടെ ഗൃഹത്തിൽ വാല്യക്കാർ ആരും ഉണ്ടായിരുന്നില്ല. തന്റെ അതിഥിയുടെ പരിചരണം താൻ തന്നെ നടത്തിക്കൊള്ളാമെന്നായിരുന്നു ഇവരുടെ ഉദ്ദേശം.

സ്നേ—അമ്മ, നിങ്ങൾ ഇരിക്കുക. ഞാൻ ഒരു കാര്യം ചോദിച്ചുകൊള്ളട്ടെ. ഇവിടെ വൈദ്യന്മാർ ആരാണുള്ളതു്?

ല—അനുകൂലൻ എന്നും, അനാമയൻ എന്നും രണ്ടു ജ്യേഷ്ഠാനുജന്മാർ ഉണ്ടു്. അവരാണു് ഈ സ്ഥലത്തെ പ്രധാന വൈദ്യന്മാർ.

സ്നേഹ—അവർ മാത്രമേ ഉള്ളോ?

ല—ഇവരുടെ ജ്യേഷ്ഠനായി ഒരാൾകൂടി ഉണ്ടായിരുന്നു. അദ്ദേഹം കഴിഞ്ഞയാണ്ടിൽ മരിച്ചുപോയി. ഇവരുടെ കുടുംബക്കാർ പണ്ടുപണ്ടേ വൈദ്യന്മാരാണ്.

സ്നേഹ—ഇപ്പോൾ ഇവർ രണ്ടാളുകൾ മാത്രമെ ഉള്ളു എന്നാണോ പറയുന്നത്? ഇത്രത്തോളം ആൾക്കൂട്ടമുള്ള ഒരു സ്ഥലത്തേക്കു രണ്ടു വൈദ്യന്മാർ മതിയാകുന്നതെങ്ങിനെ?

ല—ഈയിടെയാണ് ഇവിടെ ഇത്രമാത്രം പുഷ്ടിയായത്. മുമ്പ് ഈ ദിക്കിൽ ആളുകൾ വളരെ കുറവായിരുന്നു. ആൾക്കൂട്ടം വർദ്ധിച്ചതോടുകൂടി ഒരു പുതിയ വൈദ്യനും വന്നുചേർന്നിട്ടുണ്ട്. നരഹരൻ എന്നൊരാളാണ്.

സ്നേഹ—ഇദ്ദേഹം ഏതാണ്?

ല— എവിടെയുള്ള ആളെന്നെനിക്കറിയാമായിരുന്നു. ഇപ്പോൾ ഓർമ്മിക്കുന്നില്ല. വരത്തനാണ്. കാഴ്ചയിൽ വലിയ ആൾതന്നെ. ചെറുപ്പവുമാണ്. വയസ്സ് മുപ്പതിൽ കൂടുകയില്ല. വന്നു ചേർന്നിട്ടു കുറച്ചു മാസമേ ആയുള്ളു. കുന്നമ്പുറത്തെ മിക്ക ചികിൽസയും അദ്ദേഹത്തിനാണ്. വണ്ടിയും കുതിരയുമെല്ലാമുണ്ട്. മററവക്ക് ഈ വക ഒന്നുമില്ല. കാളവണ്ടി പോലും അപൂർവമായേ അവർ ഉപയോഗിക്കാറുള്ളു. പുതിയ വൈദ്യൻ വലിയ സ്വത്തുകാരനാണെന്നു ചിലരും പേരു പരത്താൻവേണ്ടി ആദ്യമൊക്കെ തട്ടിപ്പും മിരട്ടും ഭാവിക്കുകയാണെന്നു മററു ചിലരും പറയാറുണ്ട്. വാസ്തവം എങ്ങനെയോ എന്തോ?

സ്നേഹ—അതകട്ടെ, ചികിൽസയിൽ മിടുക്കനാണോ?

ല—പഴയ വൈദ്യന്മാർ രണ്ടുപേരുംകൂടി ചേർന്നാൽ പോലും ഇദ്ദേഹത്തോളം വരികയില്ലെന്നു ചിലർ പറയുന്നു.

എന്നാൽ ഇതു "പുത്തനച്ചി പുരപ്പുറം തൂക്കും" എന്നു പഴയാറുള്ളതുപോലെയല്ലേ എന്നാണെന്റെ ശങ്ക. പുതിയ ആളാകകൊണ്ടു് ആദ്യമെല്ലാം വലിയ വിനയവും ശ്രദ്ധയും ഔദാര്യബുദ്ധിയും കാണിക്കും. എന്നെങ്കിലല്ലേ നല്ല പേരെടുക്കാൻ സാധിക്കൂ.

ഈ അഭിപ്രായപ്രകടനം സ്നേഹലതയുടെ മുഖത്തു ചെറുതായ ഒരു മന്ദഹാസത്തെ സ്ഫുരിപ്പിച്ചു.

സ്നേഹ—വൈദ്യനു വാസ്തവമായ സാമർത്ഥ്യം ഉണ്ടെങ്കിലല്ലാതെ ആളുകളെ സമ്മതിപ്പിക്കാൻ സാധിക്കയില്ലല്ലൊ. തനിക്കില്ലാത്ത സാമർത്ഥ്യം ചികിൽസയിൽ കാണിക്കുന്നതെങ്ങനെ?

ല—അതു വാസ്തവംതന്നെ. എങ്ങനെയോ എന്തോ നരഹരവൈദ്യനു ചികിൽസകൾ കിട്ടുന്നുണ്ടു്. ആളുകൾക്കു് അദ്ദേഹത്തെപ്പററി വലിയ അതൃപ്തിയുമില്ല എന്നു പറഞ്ഞാൽ മതിയല്ലൊ. കുന്നമ്പുറത്തു് ഒരു വീട്ടിൽ അദ്ദേഹം പലപ്പോഴും പോകാറുണ്ടു്. ആ വീട്ടുകാർക്കു് അദ്ദേഹത്തോടു വലിയ സ്നേഹവും വിശ്വാസവും ആണെന്നുള്ളതെന്നും എനിക്കറിയാം. അടുത്തുണ്ടായി വന്നു താമസിക്കുന്ന ഒരു പോലീസ് ഇൻസ്പെക്ടർ യജമാനനും അദ്ദേഹത്തിന്റെ മക്കളുമാണു് അവിടെ ഉള്ളതു്. ആ യജമാനനു് എന്നും വാതമാണു്. അവർ ഈ ദിക്കുകാരല്ല. ദൂരെ എവിടെയോനിന്നു വന്നവരാണു്. വലിയ അന്തസ്സുകാരുടെ ഭാവമാണു് കാണിക്കുന്നതു്. സാധാരണക്കാരുമായി അവിടെ ഉള്ളവർ സംസാരിക്കപോലും ചെയ്കയില്ല. അയൽക്കാരുമായി യാതൊരു കൂട്ടുകെട്ടുകൾക്കും അവർ ഇട കൊടുക്കാറുമില്ല. ഇൻസ്പെക്ടറദ്ദേഹത്തിനു മൂന്നു പെൺകുട്ടികളാണുള്ളതു്. അവരിൽ ഒരാൾ ഒരു സുന്ദരി തന്നെയാണു്. ഒരുത്തി ഈ കന്യകയുടെ ജ്യേഷ്ഠ

ത്തിയും വേറൊന്ന് ഒരു കൊച്ചു കുട്ടിയുമാണു്. ഇവരുടെ അച്ഛൻെറ വാത ചികിൽസയ്ക്കായി നരഹര വൈദ്യൻ മിക്കപ്പോഴും അവിടെ പോകാറുണ്ടു്. സാധു മനുഷ്യൻ ദീർഘായുസ്സ് അനുഭവിക്കട്ടെ—അമ്മാ, അമ്മാ, എന്തു്, എന്താണു വല്ലാതെ ഭാവിക്കുന്നതു്?

ഈ പ്രസംഗം കേട്ടുകൊണ്ടിരുന്ന സ്നേഹലത പെട്ടെന്ന് ഒന്നു വിറയ്ക്കുകയും കൈകാലുകൾ വിടച്ചു ബോധം കെട്ടു നിലത്തു വീഴുകയും ചെയ്തു.

വീട്ടുകാരി വലിയ ഭീരുവും സംഭ്രമ സ്വഭാവക്കാരിയുമായിരുന്നു. അവർ കിടുകിട വിറച്ചുകൊണ്ടു യുവതിയുടെ തല ഉയർത്താൻ ശ്രമിച്ചു. എന്നാൽ അതു ചേഷ്ടയില്ലാതെ കിടക്കുകയായിരുന്നു. അത്യന്തം പരിഭ്രമിച്ചും ഭയപ്പെട്ടും ലക്ഷ്മിഅമ്മ ഓടി പുറത്തേയ്ക്കു പോയി അയൽവീടിൻെറ കതകിനു തട്ടി വിളിച്ചുകൂട്ടി. അവിടെ അടുക്കളയിൽ രണ്ടു പെണ്ണുങ്ങൾ ഇരുന്നിരുന്നു. അവരിൽ ഒരുത്തി റവുക്ക നനച്ചുകൊണ്ടും മററെ ആൾ സ്വസ്ഥയായും ഇരിക്കുകയായിരുന്നു.

ലക്ഷ്മി—അയ്യൊ! അയ്യൊ! ദൈവത്തെ ഓർമ്മിച്ച് എൻെറ കൂടെ വരണേ, ആരെങ്കിലും ഒരാൾ—എൻെറ വീട്ടിൽ ഇന്നു പാർക്കാൻ വന്ന ആ ചെറുപ്പക്കാരി ഇതാ ഇരുന്ന ഇരിപ്പിൽ ചത്തുകിടക്കുന്നു.

ഇത്രയും വിളിച്ചു പറഞ്ഞുംവച്ചു ലക്ഷ്മിഅമ്മ വീട്ടിലേയ്ക്കു മടങ്ങി ഓടി. ഈ ദുഃഖസംഭവം കേട്ടു് അയൽവീട്ടിൽ സ്വസ്ഥയായിരുന്ന സ്ത്രീയും ഉടൻതന്നെ അവരുടെ പിന്നാലെ എത്തി. അപ്പോൾ കൂട്ടുകാരി ഇങ്ങനെ വിളിച്ചുപറഞ്ഞു—"എടീ ചിരുതെ, നിനക്കു മറവു വേലയില്ലെ? ലക്ഷ്മി അക്കനെ ഞാൻ അറിയുന്നതുപോലെ നീ അറി

യില്ല. കാക്ക ഉറക്കെ കരയുന്നതു കേട്ടാൽ ഓടി പുരയ്ക്കകത്തു കയറുന്നവരാണ്; അവരുടെ ഇതെല്ലാം തട്ടിപ്പെന്നായിരുന്നു എന്റെ ആദ്യത്തെ ഊഹം. എന്നാൽ അങ്ങനെയല്ല, പേടിച്ചു വിറയ്ക്കുന്ന ജാതിയാണെന്ന് എനിക്ക് ഈയിട ബോധപ്പെട്ടിട്ടുണ്ട്. അതുകൊണ്ട് ഏതായാലും നീ ചെന്നു കാര്യം അന്വേഷിക്കുക."

ചിരുത പറഞ്ഞെത്തി. ഇവൾ സാമാന്യം ബുദ്ധിയും വകതിരിവും ഉള്ള ഒരു ചെറുപ്പക്കാരത്തിയാണ്. അവൾ ലക്ഷ്മിയമ്മയുടെ വീട്ടിൽ എത്തിയപ്പോൾ ആ സ്ത്രീ ഒരു ത്തൂവൽ കത്തിച്ചു സ്നേഹലതയുടെ മൂക്കിനു നേരെ പിടിച്ചിരിക്കയായിരുന്നു. ചിരുത അതു കണ്ടു തൂവൽ അവരുടെ പക്കൽ നിന്നു തട്ടി ദൂരെക്കളഞ്ഞു.

ചി—ലക്ഷ്മി അക്കാ, ഇതെന്തൊരു മറയത്തരമാണു്? ഈ പ്രയോഗംകൊണ്ടു യാതൊരു ഗുണവും ഉണ്ടാകയില്ല. ഓടിച്ചെന്നു കുറെ വെള്ളം കൊണ്ടുവരിക.

ലക്ഷ്മിഅമ്മ പോയി വെള്ളം കൊണ്ടുവന്നു. ചിരുത അതു വാങ്ങി ദീനക്കാരിയുടെ മുഖത്തും കൈകളിലും തളിച്ചു. ക്രമേണ ദീനക്കാരിക്കു ബോധം വീണതുകണ്ടു ലക്ഷ്മി അമ്മ വീണ്ടും പൊട്ടിക്കരഞ്ഞു.

ല—ചിരുതെ! എനിക്കു വ്യസനം സഹിക്കാൻ വഹിയാ ഓർമ്മിക്കുന്തോറും ഞാൻ തളർന്നുപോകുന്നു. എന്തു ചെയ്യാം! ദീനം എനിക്കു കണ്മാൻ വഹിയാ.

"നിങ്ങൾ പരിഭ്രമിക്കേണ്ടായിരുന്നു. കഴിഞ്ഞ എതാനും മാസങ്ങളായി എനിക്ക് ഇങ്ങനെ ചിലപ്പോഴെല്ലാം ബോധക്കേടു വരാറുണ്ട്. ഇന്നപ്പോൾ വരുമെന്ന് ഒരു നിശ്ചയവുമില്ല. ഈ കാര്യം മുൻകൂട്ടി അറിയിക്കാൻ വിട്ടുപോയതു ക്ഷമിക്കുക" എന്നു ദീനക്കാരി മെല്ലെ പറഞ്ഞു, അവൾക്കു നല്ല സുഖമായി എന്നു കണ്ടപ്പോൾ

ലക്ഷ്മിഅമ്മയും ചിരുതയും അവിടെനിന്നു പുറത്തേയ്ക്കു പോയി. യുവതിയുടെ ആവശ്യപ്രകാരം അവളുടെ പെട്ടി തുറന്നു് എഴുത്തുസാമാനങ്ങൾ എടുത്തു കൊടുത്തുംവച്ചാണു് ഇവർ പുറത്തേയ്ക്കു പോയതു്. രണ്ടുപേരും അടുക്കളയിൽ എത്തി.

ല—ചിരുതെ, പൊയ്ക്കളയരുതെ. വരട്ടെ, അല്ലെങ്കിൽ ആ പാവത്തിനു് ഇനിയും ബോധക്കേടുവന്നേക്കാം. കേട്ടില്ലെ അവർ പറഞ്ഞതു്, കൂടെക്കൂടെ വരാറുണ്ടെന്നു്? എന്റെ സ്വഭാവം നിനക്കറിയുകയും ചെയ്യാമല്ലൊ. ഇങ്ങനെയുള്ള അവസരങ്ങളിൽ എന്നെക്കൊണ്ടു് ഒന്നും കൊള്ളുകയില്ല. നീ കൂടെ ഇവിടെ താമസിച്ചാൽ വലിയ പുണ്യമായി. എന്റെ ചിരുതെ, എന്നെ തനിയെവിട്ടു പോകരുതെ. നിനക്കു് ഇപ്പോൾ ജോലി ഒന്നുമില്ലാതിരിക്കയുമാണല്ലൊ.

ചി—ആകട്ടെ, ഞാൻ പോയി കൂട്ടുകാരിയോടു പറഞ്ഞിട്ടു വരാം. ഇതാണോ ഭയപ്പെടാനുള്ള ദീനം? ഹേയ്! സാരമില്ല.

ചിരുത പോയി തന്റെ സഖിയോടു വിവരമെല്ലാം പറഞ്ഞുംവച്ചു മടങ്ങിയെത്തിയപ്പോഴേയ്ക്കു നേരം സന്ധ്യ കഴിഞ്ഞിരുന്നു. ലക്ഷ്മിഅമ്മ തേയിലവെള്ളമൊ മറ്റൊ തയാറാക്കിക്കൊണ്ടു് അടുക്കളയിൽ ഇരിക്കുകയായിരുന്നു. ചിരുത അവരുടെ അടുക്കൽ ചെന്നിരുന്നു് ഇരുവരുമായി ഓരോ കാര്യങ്ങൾ പറഞ്ഞു തുടങ്ങി.

ചി—ഈ കൊച്ചമ്മ ഏതായിരിക്കുമൊ എന്തോ?

ല—ഏതോ അന്യദിക്കിൽനിന്നു വന്ന ആളാണു്. അമ്മിണിഅമ്മയാണു് ഇവിടേയ്ക്കു പറഞ്ഞയച്ചതു്. വളരെ ചെറുപ്പമാണല്ലൊ.

ചി—ഭർത്താവുണ്ടോ എന്തോ?

ല—ഉണ്ടെന്നാണു തോന്നുന്നതു്. കണ്ടില്ലേ പുതിയ പരിഷ്ക്കാരപ്രകാരമുള്ള കല്യാണമോതിരം കൈയിൽ കിടക്കുന്ന ്. നീ സൂക്ഷിച്ചില്ലായിരിക്കാം.

ചി—അതൊക്കെ ആരറിഞ്ഞു? മോതിരം കണ്ടതുകൊണ്ടുമാത്രം നിശ്ചയിച്ചുകൂടാ. ഇത്ര ചെറുപ്പക്കാരിയായ ഇവർ തനിയെ പുറപ്പെടാൻ കാരണം എന്തെന്നാണു ഞാൻ അത്ഭുതപ്പെടുന്നതു്. ഭർത്താവുണ്ടെങ്കിൽ എവിടെ?

ല—അദ്ദേഹം ദൂരെ എവിടെയൊ പോയിരിക്കയാണു പോലും. ആ കാര്യം ഞാൻ ചോദിച്ചു മനസ്സിലാക്കി.

ചി—ഇവിടെ എന്തിനായി വന്നു?

ല—എന്തോ, എനിക്കറിഞ്ഞുകൂടാ. അതു് അത്ഭുതമായിരിക്കുന്നു. ഈ സ്ഥലത്തു് ഇതിനുമുമ്പ് ഒരിക്കലും വന്നിട്ടില്ലെന്നാണ് എന്നോടു പറഞ്ഞതു്. ഇവിടെ പരിചയക്കാരും ആരുമില്ല. വൈദ്യന്മാരെ തിരക്കുന്നുണ്ടായിരുന്നു.

ചി—അതാ, അവർ വിളിക്കുന്നു. വേഗം ചെല്ലുക. വെളിച്ചം വേണമായിരിക്കാം.

ല—വിളക്ക് അവിടെയുണ്ടു്. തീപ്പെട്ടിയും ഉണ്ടായിരുന്നു. തന്നെത്താൻ കത്തിച്ചുകൊള്ളാമെന്നാണു പറഞ്ഞിരുന്നതു്.

ലക്ഷ്മിഅമ്മ അകത്തേയ്ക്കു ചെന്നപ്പോൾ മുദ്രവെച്ച ഒരു എഴുത്തുകൂടു മേശപ്പുറത്തു കിടപ്പുണ്ടായിരുന്നു.

സ്നേഹ—അമ്മാ, ഈ എഴുത്ത് എനിക്കു വേണ്ടി ഒന്ന് അയപ്പിച്ചാൽ വേണ്ടില്ലായിരുന്നു. നാളെ വൈദ്യനെ വരുത്തിയാൽ മതി എന്നായിരുന്നു ഞാൻ ആദ്യം വിചാരിച്ചതു്. എന്നാൽ എനിക്കു ക്ഷീണവും വേദനയും അധി

കമായിരിക്കുന്നു. രാത്രി തന്നെ ഒരു വൈദ്യനെ കാണുക യാണു നല്ലതെന്നു് ഇപ്പോൾ തോന്നുന്നു. അല്പം ആശ്വാസം കിട്ടിയെങ്കിലൊ?

ല—ഓഹൊ, അതിനു വിരോധമില്ല. അവർ അടുത്തു തന്നെയാണു പാർക്കുന്നതു്. ജ്യേഷ്ഠാനുജന്മാരിൽ ഒരാൾ എപ്പോഴും അവിടെ ഉണ്ടായിരിക്കും. വീണ്ടും ദീനം വരാനുള്ള ആരംഭവും മാറും അല്ലായിരിക്കുമല്ലൊ?

യുവതി ചിരിച്ചുകൊണ്ടു ഇങ്ങനെ പറഞ്ഞു—"നിങ്ങൾ ഭ്രമിക്കുന്നതുപോലെ രണ്ടാമതു മോഹാലസ്യം വരാനല്ല. ഞാൻ ഒരു മരുന്നു പതിവായി സേവിക്കാറുണ്ടു്. അതു കൊണ്ടുവരാൻ മറന്നുപോയി. അതുകൊണ്ടു വൈദ്യനെ കാണാമെന്നാണു വിചാരിക്കുന്നതു്. നിങ്ങളുടെ മകളാണോ ഇവിടെ മുമ്പ വന്നതു്? നല്ല മര്യാദക്കാരിയായിട്ടാണു് എനിക്കു തോന്നിയതു്.

ല—അല്ലല്ല. എന്റെ മകളോ? എനിക്കതിനു പ്രായമില്ല. എനിക്കു മക്കളുമില്ല. സ്വന്തം ആളുകളുമില്ല അവൾ അടുത്ത വീട്ടിലെ വേലക്കാരിയുടെ ഒരു ബന്ധുവാണു്. എവിടെയോ വേലയ്ക്കു നിൽക്കുകയായിരുന്നു. ഇപ്പോൾ ജോലി ഒന്നുമില്ല. കുറെ ദിവസമായി അങ്ങേതിൽ താമസിച്ചുവരുന്നു. എഴുത്തു് അവളുടെ പക്കൽ കൊടുത്തയയ്ക്കാം.

ലക്ഷ്മിഅമ്മ എഴുത്തെടുത്തുകൊണ്ടു പോയി. സ്നേഹലത അവരെ തിരിയെ വിളിച്ചുവരുത്തി ഇങ്ങനെ ചോദിച്ചു—"മേൽവിലാസം നോക്കിയൊ?

ല—കണ്ണാടി കൂടാതെ വായിക്കാൻ എളുപ്പമില്ല നോക്കട്ടെ. അല്ല, നരഹരവൈദ്യന്റെ പേർക്കാണോ?

സ്നേ—അതിനെന്തു വിരോധം?

ല—കുറേക്കൂടി പരിചയവും പഴക്കവും മററവർക്കാണുള്ളതു്. അവരുടെ ചികിൽസയിൽ ഒരു സ്ത്രീക്കും ആപത്തു പററീട്ടുള്ളതായി കേട്ടിട്ടില്ല.

സ്റ്റേ—മററെ അദ്ദേഹത്തെ സംബന്ധിച്ചു് അങ്ങിനെ അപവാദം ഉണ്ടായിട്ടുണ്ടോ?

ല—അതും ഞാൻ കേട്ടിട്ടില്ല, എങ്കിലും ഈ സ്ഥലത്തു ധാരാളം നടപ്പുള്ളതു മററവർക്കാണു്. പത്തിനൊന്നുവീതമെ പുതിയ ആൾക്കു കിട്ടാറുള്ളു.

സ്നേ—ഏതായാലും അദ്ദേഹത്തെ ഏർപ്പെടുത്തുന്നതിനാണു് ഞാൻ നിശ്ചയിച്ചതു്. ജോലിനടപ്പിനുവേണ്ടി പ്രയത്നപ്പെടുന്ന സമർത്ഥന്മാരെ പ്രോൽസാഹിപ്പിക്കേണ്ടതു് എല്ലാവരുടേയും കടമയുമാണല്ലൊ. അദ്ദേഹത്തെപ്പററി വല്ല പ്രത്യേകദോഷവും പറയാനുണ്ടെങ്കിൽ അതു് എന്നോടു പറയുക.

ല—പ്രത്യേക ദോഷമൊന്നും ഉള്ളതായി കേട്ടിട്ടില്ല. പഴയ വൈദ്യന്മാരുമായിട്ടാണു് എനിക്കു് അധികപരിചയം. അതുകൊണ്ടു് അവരെപ്പററി വീണ്ടും പറഞ്ഞു എന്നതേയുള്ളു. അവരിലു മൂത്തയാളാണു് എന്റെ പതിവുവൈദ്യൻ. പുതിയ ആളുടെ പേർക്കു് ഈ എഴുത്തു് ഇപ്പോൾ തന്നെ കൊടുത്തയയ്ക്കാം.

സ്റ്റേ—ഉടനെ അയച്ചാൽ വേണ്ടില്ല. വൈദ്യനെ ഇന്നു രാത്രിതന്നെ കാണേണ്ടതായിരിക്കുന്നു.

ലക്ഷ്മിഅമ്മ എഴുത്തുകൊണ്ടുപോയി ചീരുതയെ ഏല്പിച്ചു.

ചി—ആഹാ, അടുക്കൽ നമ്മുടെ നാട്ടിലെ വൈദ്യന്മാർ ഉള്ളപ്പോൾ ഈ അന്യദേശിയെ എന്താണു നിങ്ങൾ ശുപാർശ ചെയ്യുന്നതു്?

ല—എന്റെ ശുപാർശയല്ല. ഇങ്ങനെ അവർ തന്നെ നിശ്ചയിച്ചതാണ്. അമ്മിണിഅമ്മാൾ ആയിരിക്കാം പേരു പറഞ്ഞുകൊടുത്തതു്.

ചി—എന്താ സുഖക്കേട്ട അധികമാണോ? വൈദ്യനും ഇപ്പോൾതന്നെ ആളയക്കുന്നതെന്തിന്നാണ?

ല—അത്രവളരെ ഭയപ്പെടത്തക്കവണ്ണം ഒന്നുമില്ല. വണ്ടിയാത്ര ആ സാധുവിനെ കഠിനമായി ഉപദ്രവിച്ചിട്ടുണ്ടു്. അതോടുകൂടി ബോധക്കേടും കൂടിയപ്പോൾ ക്ഷീണം ഇത്രയെന്നു പറവാനില്ല. നീ ഈ എഴുത്തു വൈദ്യന്റെ പക്കൽ കൊടുക്കുക.

ചി—ഓഹോ, ഞാൻ കൊണ്ടുപോകാം.

ല—ഇവിടെ വേറെ ആരും ഇല്ലാത്തതുകൊണ്ടു നിന്നെ ഉപദ്രവിക്കയല്ലാതെ നിർവാഹമില്ല.

ചി—ഉപദ്രവം ഒന്നുമില്ല. ഒരു നല്ല മേൽമുണ്ടില്ലാതെ പോകുന്നതെങ്ങിനെയെന്നേയുള്ളു. എന്റെ മുണ്ടു അലക്കിൽ കിടക്കുകയാണ്. അവർ കുളിക്കാൻ പോയിരിക്കുകയുമാണ്.

ല—അതിന്നെന്തു്? എന്റെ മുണ്ടു തരാമല്ലൊ; ഇതാ എടുത്തുകൊള്ളുക.

ചിരുത എഴുത്തും മുണ്ടും എടുത്തുകൊണ്ടു പുറപ്പെട്ടു.

നരഹരവൈദ്യന്റെ താമസം കുന്നുമ്പുറത്താണ. ചിരുത അവിടെ വേഗത്തിൽ എത്തി. ഒരു ഭൃത്യൻ പുറത്തേക്കു വന്നു.

ചി—വൈദ്യൻ ഇവിടെ ഉണ്ടോ? അദ്ദേഹത്തെ ഒന്നു കാണേണ്ടിയിരിക്കുന്നു.

ഭൃ—വൈദ്യസംബന്ധമായിട്ടാണോ?

ചി—അതെ.

ഭൃ—എന്നാൽ ഈ വാതുക്കലല്ല നിൽക്കേണ്ടതു്. അതാ അരങ്ങേമുറിയുടെ വാതുക്കൽ ചെന്നു നിന്നു കാൎയ്യം പറയുക.

ചിരുത അവിടേക്കു പോകാൻ സമ്മതിച്ചു.

ചി—നിങ്ങൾക്കു ശമ്പളം എന്തുമാത്രമുണ്ടു്.

ഭൃ—നിങ്ങൾക്കു ആ കാൎയ്യം അറിയേണ്ട ആവശ്യമെന്തു്? എന്റെ ശമ്പളം എത്രയെങ്കിലും ആയിക്കൊള്ളട്ടെ.

ചി—തന്റെ മട്ടും മോടിയുമെല്ലാം കണ്ടിട്ടു ചില്ലറക്കാരനാണെന്നു തോന്നുന്നില്ല; ശമ്പളം തികയുമൊ എന്നറിയാനാണു്

അനന്തരം അവൾ വൈദ്യമുറിയുടെ വാതുക്കൽ എത്തി കതകിന്നു തട്ടി. ഒരു ബാലൻ കതകു തുറന്നു.

ബാ—എന്താ, എന്തുവേണം?

ചി—വൈദ്യനെ കാണണം. ഇവിടെ ഉണ്ടോ?

ബാ—ഇല്ല, ഇവിടെയില്ല.

ചി—എന്നാൽ പോയി വിളിച്ചുകൊണ്ടുവരണം ഇതാ, ഈ എഴുത്തു അദ്ദേഹത്തിനു കൊടുക്കേണ്ടതാണു്. ഒരു സ്ത്രീസ്സു് ഇന്നു രാത്രിതന്നെ അദ്ദേഹത്തിനെ ഒന്നു കാണേണ്ടിയിരിക്കുന്നു.

ബാ—അത്ര അത്യാവശ്യമാണെങ്കിൽ എഴുത്തു് അതാ ആ തപാൽക്കമ്പിയിൽ കെട്ടിത്തൂക്കിയിടുകയാണു വേണ്ടതു്. എന്നാലെ കാൎയ്യം പറ്റുകയുള്ളു. യജമാനൻ ഇന്നു കാലത്തു ലാടപുരത്തേക്കു പോയിരിക്കയാണു്.

ചി—അയ്യയ്യൊ! കാൎയ്യം തെറ്റിയല്ലൊ; എപ്പോൾ മടങ്ങിവരുമെന്നറിയാമൊ?

ബാ—മടങ്ങിവരുമ്പോൾ പറയാം. അദ്ദേഹത്തി

ൻെറ ഇഷ്ടംപോലെ ചെയ്യും. ഒന്നൊ രണ്ടൊ ദിവസം താമസിച്ചേക്കാൻ മതി. യജമാനൻെറ അച്ഛനു ദീനമാണെന്നു കേട്ടിട്ടു പോയിരിക്കുകയാണ്. ഇപ്പോൾ കാര്യം മനസ്സിലായൊ?

ചി—ഏതായാലും ഈ എഴുത്തു് ഇവിടെ ഇരിക്കട്ടെ; അദ്ദേഹം വരുമ്പോൾ കൊടുക്കാമല്ലൊ. ഒരു കാര്യംകൂടി പറയുന്നു. വൈദ്യനെ കാണാൻ ആരെങ്കിലും വരുമ്പോൾ അവരോടു നീ ഇങ്ങനെ കളി പറയുന്നതു മര്യാദയല്ല.

# രണ്ടാമദ്ധ്യായം

ചിരുത മടങ്ങിവരുംവഴി അമ്മിണിഅമ്മാൾ അവരുടെ പടിക്കൽ നിൽക്കുന്നുണ്ടായിരുന്നു.

ചി—അമ്മിണിഅമ്മാ, എന്താ നിങ്ങൾ ഇവിടെ നിൽക്കുന്നതു്?

അ—അല്ലാ! ഇതാരു്? ചിരുതയൊ ഹാ! എത്രനാളായി നിന്നെ കണ്ടിട്ടു്? എങ്ങോട്ടേക്കു പോയിരുന്നു?

ചി—ലക്ഷ്മിഅക്കൻെറ വീട്ടിൽപാർക്കുന്ന അമ്മച്ചിയുടെ ഒരു എഴുത്തു നരഹരവൈദ്യനു കൊടുക്കാനായി പോയിരുന്നു. പോയതു വെറുതെയായിപ്പോയി, അദ്ദേഹം അവിടെ ഇല്ല; ലാടപുരത്തേക്കു പോയിരിക്കുന്നു എന്നാണു് അവിടുത്തെ തെമ്മാടിച്ചെറുക്കൻ പറഞ്ഞതു്.

അ—അയ്യൊ നീ അങ്ങോട്ടേക്കു പോകുന്നവഴി എന്നെ അന്വേഷിച്ചിരുന്നെങ്കിൽ നിനക്കു അത്ര്യും ദൂരം നടക്കാതെ കഴിക്കാമായിരുന്നു. അദ്ദേഹത്തിൻെറ വണ്ടിക്കാരൻ ഇവിടെ കാപ്പികുടിക്കാൻ വന്നിരുന്നു, യജമനാൻ ലാടപുരത്തേക്കു പോയിരിക്കയാണെന്നു അവൻ എന്നോടു പറഞ്ഞിട്ടുണ്ടായിരുന്നു. എന്താ ആ ചെറുപ്പക്കാരിക്കു സുഖമില്ലെ?

ചി—എന്നാണ് തോന്നുന്നതു്. ഇന്നു് ഒരു സന്നിയുണ്ടായി; ഇപ്പോഴും നല്ല സുഖമില്ല. അതുകൊണ്ടാണു് വൈദ്യനെ കാണേണ്ടതു്.

അ—എന്നിട്ടു ലക്ഷ്മിഅമ്മ ഈ പുതിയ വൈദ്യനെ ശുപാർശചെയ്തതു് എന്തുകൊണ്ടാണു്? മററവരോടവൾക്കു വിരോധമാണോ?

ചി—ഇങ്ങിനെയാണൊ പറയുന്നതു്? അമ്മിണിഅമ്മ ഈ വൈദ്യൻെറ കാര്യം അവരോടു പറഞ്ഞിരിക്കുമെന്നല്ലേ ഞങ്ങൾ വിചാരിച്ചതു്.

അ—ഞാനൊ കൊള്ളം. വിശേഷംതന്നെ, വൈദ്യനെ സംബന്ധിച്ചു് ഒരക്ഷരം പോലും ഞാൻ അവരോടു മിണ്ടിയിട്ടില്ല.

ചി—എന്നാൽ പിന്നെ ആരുപറഞ്ഞു കൊടുത്തോ എന്തോ?

അ—അതെങ്ങിനെയും പോകട്ടെ. വല്ല നെല്ലിക്കായൊ കണ്ണിമാങ്ങായൊ നാരങ്ങായൊ വേണമെങ്കിൽ ഇങ്ങോട്ടു് ആളയക്കാൻ ലക്ഷ്മിഅമ്മയോടു പറയണം; ആ യുവതിയേപ്പോലെ ഒരു നല്ല സ്ത്രീയെ ഞാൻ ഇതുവരെ കണ്ടിട്ടില്ല. അവൾക്കു സുഖമില്ലെന്നു കേട്ടു ഞാൻ വളരെ വ്യസനിക്കുന്നു.

ചിരുത യാത്രപറഞ്ഞുപുറപ്പെട്ടു വേഗത്തിൽ ലക്ഷ്മിഅമ്മയുടെ വീട്ടിൽ എത്തി. ആ സ്ത്രീ പുറത്തുവന്നു് അവളോടു ഇങ്ങനെ പറഞ്ഞു—"എൻെറ ചിരുതെ നീ ഇത്രയും വേഗത്തിൽ വന്നതു നന്നായി. അവൾക്കു പ്രസവവേദനയാണെന്നു തോന്നുന്നു. വൈദ്യൻ എവിടെ?

ചിരുത മറുപടി പറയാതെ വേഗംമുറിയിലേക്കു ചെന്നു. സ്നേഹലത ചാരുകസേരയുടെ കൈക്കുപിടിച്ചുകൊണ്ടു വലിയ വേദനഭാവിക്കുന്നുണ്ടായിരുന്നു. ആ യുവ

തിയുടെ അത്ഭുതാഴത്തെ പരവശഭാവം കണ്ടു ചിരുതയ്ക്കു അവളിൽ അത്യന്തം അനുകമ്പയുണ്ടായി. അവൾ വേഗം അടുത്തുചെന്നു താങ്ങിക്കൊണ്ടു ഇങ്ങനെ ദയാപൂർവ്വം പറഞ്ഞു—"കൊച്ചമ്മ, കുഞ്ഞു ഒട്ടും പരിഭ്രമിക്കേണ്ട, നല്ല ധൈര്യം വെച്ചുകൊള്ളുക; എൻെറ നെഞ്ചോടത്തേക്ക ചാരി സുഖമായിരുന്നുകൊള്ളണം. എല്ലാം എളുപ്പത്തിൽ ശരിയാകും."

സ്നേഹലത ചിരുതയുടെ പുറത്തേക്ക ചാരിക്കൊണ്ടു ഇങ്ങനെ ചോദിച്ചു—"അദ്ദേഹം വന്നില്ലെ, ഒന്നുകൂടി ആൾ പോയെങ്കിൽ കൊള്ളാമായിരുന്നു"

ചി—അമ്മാ, അദ്ദേഹം വരികയില്ല. എവിടെയൊ പോയിരിക്കയാണു്.

ഇതുകേട്ടു യുവതി ക്ഷണനേരം തലയുയർത്തി നോക്കാൻ ശ്രമിക്കയും ആശാഭംഗത്തോടുകൂടി ഉടൻതന്നെ തലതാഴ്ത്തി മുഖം മറയ്ക്കുകയും ചെയ്തു. ചിരുത വളരെയെല്ലാം സമാധാനം പറഞ്ഞു.

ചി—കൊച്ചമ്മാ, നിങ്ങൾക്കു ഇവിടെ എല്ലാവരും പുതിയ ആളുകളാണല്ലൊ. നരഹര വൈദ്യനെപ്പോലെ മിടുക്കും ദയയും ഉള്ളവരാണു മററു രണ്ടുപേരും. അവരിൽ ഒരാളെവിളിക്കുന്നതുകൊണ്ടു യാതൊരു തരക്കേടും ഇല്ല. അവരെകാണുമ്പോൾ കൊച്ചമ്മയ്ക്കു സന്തോഷം തോന്നാതിരിക്കയില്ല.

സ്നേ—രണ്ടുകൂട്ടർക്കും പ്രതിഫലം കൊടുക്കേണ്ടിവരുമല്ലൊ.—

ചി—അതെന്തിനു കൊടുക്കണം. നരഹരവൈദ്യൻ ഇവിടെ ഇല്ലാത്തതുകൊണ്ടു അദ്ദേഹം വരികയില്ല. അദ്ദേഹം മടങ്ങിവരുന്നതുവരെ മററവരിൽ ഒരാൾ ഉണ്ടായിരിക്കട്ടെ, വേണമെങ്കിൽ പിന്നീടു മാററിക്കൊള്ളാം.

സ്ത്രേ—മററൊരാളെ ആയിരുന്നു എനിക്കു വേണ്ടിയിരുന്നതു്. അദ്ദേഹമാണെങ്കിൽ നന്നായിരുന്നു. അദ്ദേഹത്തിൻെറ സാമത്ഥ്യത്തെക്കുറിച്ചു ചില പത്രങ്ങൾ മുഖേന ഞാൻ വളരെ എല്ലാം കേട്ടിട്ടുണ്ടു്.

ചി—അതിനിപ്പോൾ എന്തു ചെയ്യാം, ആൾ സ്ഥലത്തുണ്ടെങ്കിലല്ലെ സാധിക്കയുള്ളു.

ല—മററവരെ വരുത്താം, അതാണു് നല്ലതു്.

സ്ത്രേ—വേണ്ട, എനിക്കാവശ്യമില്ല. അവരോടു എനിക്കിഷ്ടമില്ല.

ചി—അവരെപ്പററി കൊച്ചമ്മയ്ക്കു് എന്താണു് വിപരീതാഭിപ്രായമുള്ളതു്.

സ്ത്രേ—അവർ അത്ര സമർത്ഥന്മാരല്ലെന്നാണു് ഞാൻ കേട്ടിട്ടുള്ളതു്.

ചി—ഇതാരു പറഞ്ഞു കേൾപ്പിച്ചു. അവർ മണ്ടന്മാരാണെന്നോ ശിവ! ശിവ:

സ്ത്രേ—എന്തിനു വിസ്തരിക്കുന്നു, ഇരുക്കൂട്ടരെയും ആവശ്യമില്ലെന്നാണു് തോന്നുന്നതു്. എനിക്കിപ്പോൾ സുഖമുണ്ടു്, നിങ്ങൾ രണ്ടുപേരും പുറത്തു പൊയ്ക്കൊണ്ടാൽ ഞാൻ അല്പം ഉറങ്ങാം.

അവർ മെത്തയും തലയിണകളും ശരിയാക്കിവെച്ചു പുറത്തേക്കു പോയി. അവിടെ ഇരുന്നു തമ്മിൽ ചെറിയ ഒരു വാഗ്വാദം നടത്തി. ലക്ഷ്മി അമ്മയുടെ ഭീരുത്വത്തെക്കുറിച്ചു ചിരുത പരിഹസിക്കുകയും അവർ അതു കേട്ടു പരിഭവിക്കയും ഒക്കെയാണു് അവിടെ നടന്നുകൊണ്ടിരുന്നതു്. അതിനിടയിൽ മുറിയിൽനിന്നു് ഒരു വിളി കേട്ടു ചിരുത ഓടി അങ്ങോട്ടേക്കു ചെന്നു. ലക്ഷ്മിഅമ്മ സാവധാനത്തിൽ എഴുനേററു അങ്ങോട്ടു ചെന്നപ്പോൾ ചിരുത വാതുക്കൽ മടങ്ങി എത്തി അവരോടു് ഇങ്ങനെ പറഞ്ഞു—

"ഏതെങ്കിലും ഒരു വൈദ്യനെ കൊണ്ടുവരേണ്ടതത്യാവശ്യം; അവൾക്കു സുഖക്കേടു വളരെ ക്രൂരതലാണ്".

ല—അതിന്നു ഞാനിപ്പോൾ എന്തുചെയ്യും? അവരുടെ സമ്മതമില്ലാതെ നാം വൈദ്യനെ വിളിച്ചാൽ പടി ആരു കൊടുക്കും? എന്റെ കൈയിൽ കാശില്ല.

ചി—എന്തസംബന്ധമാണിതു്! ഒരു സഹജീവി മരണാവസ്ഥയിൽ കിടക്കുമ്പോളാണോ കാശിന്നു കണക്കു പറയേണ്ടതു്? ആകട്ടെ, പോയി അവരുടെ അടുക്കൽ ഇരിക്കണം; അത്രയെങ്കിലും ചെയ്യുക, ഞാൻ ഒന്നു പോയിവരാം.

ചിരുത ഓടിപ്പോയി. വൈദ്യസഹോദരന്മാർ അടുത്തായിരുന്നുവല്ലൊ പാർത്തിരുന്നതു്. രണ്ടു പേരും തെക്കേതിലും വടക്കേതിലുമായി രണ്ടു വീട്ടിൽ പാർക്കുകയായിരുന്നു. രണ്ടുപേർക്കും ഭാര്യയും കുട്ടികളും ഉണ്ടു്. വൈദ്യന്മാരിൽ മൂത്തയാളുടെ വാതിൽ തുറന്നുകിടന്നിരുന്നതുകണ്ടു ചിരുത അകത്തേക്കു ചെന്നു. അടിയന്തിരകാര്യമാകയാൽ അവൾ അവസരം അന്വേഷിക്കാനും മററും കാത്തുനിന്നില്ല. മുറിയിൽ കോമളഗാത്രനായ ഒരു യുവാവു് മാത്രമെ ഉണ്ടായിരുന്നുള്ളു.

യു—ഇതാരു്? ചിരുതേച്ചിയൊ, എന്താ മിണ്ടാതെ കടന്നുവന്നതു്?

ചി—കുഞ്ഞെ. അത്യാവശ്യം കൊണ്ടാണു്, കോപിക്കരുതു്; യജമാനൻ ഇവിടെയില്ലെ?

യു—വലിയച്ഛൻ എവിടെയൊ പോയിരിക്കയാണു്, അച്ഛൻ അങ്ങേതിൽ ഉണ്ടു്. ഞാൻ വിളിച്ചുകൊണ്ടുവരാം.

യുവാവു ഓടിപ്പോയി ക്ഷണത്തിൽ അനാമയവൈദ്യനുമായി മടങ്ങിവന്നു.

ഇദ്ദേഹം ധാരാളം മുഖപ്രസന്നതയുള്ള ഒരു മദ്ധ്യവയസ്സനാണ്. വൈദ്യനെ കാണുമ്പോൾ തന്നെ രോഗികൾക്ക് ആശ്വാസം തോന്നത്തക്ക എല്ലാ ലക്ഷണങ്ങളും പൂർണ്ണമായി ഇദ്ദേഹത്തിൽ ശോഭിക്കുന്നുണ്ടായിരുന്നു. സൌമ്യഭാവവും മധുരസ്വരവും ആർദ്രനോട്ടവും വൈദ്യനു് ഒരു വലിയ ശുപാർശിയാണല്ലൊ.

വൈ—എന്താ ചിരുതെ ഇപ്പോൾ വന്നതു്? പല്ല് ഒന്നുകൂടിപ്പറിക്കണൊ?

ചി—ഞാൻ വന്ന കാര്യം രഹസ്യമായി പറയാനുള്ളതാണ്.

ഇതു കേട്ടയുടനെ സ്വാഭാവികമായ ജീവകാരുണ്യം അവിടെ നിന്നു ദൂരെ മാറിപ്പോയി. ചിരുത തൻെറ ആവശ്യം വിവരമായി ധരിപ്പിച്ചു.

വൈ—നരഹരവൈദ്യൻെറ അടവുകാരുമായി ഞങ്ങൾ ഏർപ്പെടാതിരിക്കയല്ലെ നല്ലതെന്നു ഞാൻ വിചാരിക്കുന്നു. ആ മനുഷ്യനെ ഞങ്ങൾ ദ്രോഹിക്കുന്നതു മര്യാദയല്ലല്ലൊ. പരോപദ്രവം ചെയ്യണമെന്ന് ഞങ്ങൾക്ക തീരെ മോഹമില്ല. എല്ലാവർക്കും കാലക്ഷേപം കഴിക്കണമല്ലൊ.

ചി—അങ്ങനെയാണെങ്കിൽ ആ സാധുസ്ത്രീ ചാകുകയെ ഉള്ളൂ, അതു വളരെ കഷ്ടമാണ്.

വൈ—ചാകുകയൊ ശിവ! ശിവ! ദൈവം അതിനിടയാക്കാതിരിക്കട്ടെ.

ചി—നിങ്ങൾ രണ്ടുപേരിൽ ഒരാൾ എങ്കിലും ഇപ്പോൾ വരാത്തപക്ഷം അവർ മരിക്കുകയേ ഉള്ളൂ. നരഹരവൈദ്യൻ ഇവിടെയില്ല, വരുമ്പോഴേയ്ക്കു കാര്യം എല്ലാം സ്വമാറാകും.

അനാമയവൈദ്യനു കാര്യത്തിൻെറ ഗൌരവാവസ്ഥ ബോധപ്പെട്ടു.

വൈ—ശരിതന്നെ, ഞാൻ കൂടി വരാം, വളരെ ചെറുപ്പമെന്നല്ലെ നിങ്ങൾ പറയുന്നതു്? സൂക്ഷിക്കേണ്ട കാൎയ്യം തന്നെ, ഭൎത്താവു് ഒരുമിച്ചില്ലെ?

ചി—ഇല്ല. അന്യ സ്ഥലത്തു് എവിടെയൊ പോയിരിക്കയാണെന്നാണ് പറഞ്ഞതു്. വയററാട്ടി കൂടെ വേണം. ലക്ഷ്മി അക്കനെക്കൊണ്ടു് ഒരു പ്രയോജനവുമില്ല. അവൎക്കു് ഇതൊന്നും പരിചയമില്ല.

വൈ—ഒരു ആയയെ കൂടി കൊണ്ടുപോകാം.

അനന്തരം അദ്ദേഹം മകനെ വിളിച്ചുവരുത്തി അയാളോടു ഇങ്ങിനെ ശട്ടംകെട്ടി—"ജ്യേഷ്ഠൻ എന്നെ അന്വേഷിക്കുന്നെങ്കിൽ, ഞാൻ ലക്ഷ്മിഅമ്മയുടെ വീട്ടിൽ ഒരു പ്രസവകേസിനായി പോയിരിക്കയാണെന്നു പറയണം. അവിടെ പുത്തനായി പാൎക്കാൻ വന്നിട്ടുള്ള സ്ത്രീയുടെ കാൎയ്യമാണു്."

ചി—ഞാൻ മുമ്പെ പോകട്ടെ, അങ്ങു പിന്നാലെ എത്തിക്കൊള്ളുമല്ലൊ.

അവൾ മടങ്ങിയെത്തിയപ്പോൾ സ്നേഹലത എഴുന്നേററിരുന്നു് ഒരു എഴുത്തെഴുതുകയായിരുന്നു.

ചി—അല്ല കൊച്ചമ്മക്കു സുഖമായൊ?

സ്നേ—ഇല്ല, വേദന അധികമാണു്, എങ്കിലും പെട്ടെന്നുണ്ടായ ഈ സംഭവത്തെപ്പററി ഒരു ബന്ധുവിനു് അറിവു കൊടുക്കേണ്ടിയിരിക്കുന്നു.

യുവതി രണ്ടു മൂന്നു വരികൾ മാത്രം എഴുതിയ ഒരു എഴുത്തു കൂട്ടിലാക്കി പശയും മുദ്രയും വെച്ചു. ലക്ഷ്മിഅമ്മ വളരെ അന്ധാളിച്ചു് അരികെ നിൽക്കുന്നുണ്ടായിരുന്നു.

സ്നേ—ചിരുതേ ഈ എഴുത്തു തപാലിൽ ഇട്ടാൽ വേണ്ടില്ല.

ചി—ഓഹോ, ആകട്ടെ; എങ്കിലും ഇന്നു് ഇനിയും പോകുമെന്നു തോന്നുന്നില്ല.

സ്നേ—അതെങ്ങനെയും ആകട്ടെ; ഇപ്പോൾതന്നെ തപാലിൽ ഏൽപ്പിക്കണം. അതുകൂടാതെ ഇവിടെ സമീപത്തു രണ്ടു വൈദ്യന്മാർ ഉണ്ടെന്നു പറഞ്ഞുവല്ലൊ. അവരിൽ ഒരാളെ വിളിച്ചുകൊണ്ടുവരികയും വേണം.

ചി—അതിനു് ഏർപ്പാടുചെയ്തുകഴിഞ്ഞു; അദ്ദേഹം ഇപ്പോൾ വരും. വീട്ടിൽനിന്നു് ഇറങ്ങിക്കഴിഞ്ഞു—അതാ് ആരോ വരുന്ന കാലൊച്ച കേൾക്കുന്നു. അദ്ദേഹമായിരിക്കും. രണ്ടു പേരിൽ അനുജനാണു് വരുന്നതു്, ആൾ മഹാ സരസനാണു്. കാണുമ്പോൾ കൊച്ചമ്മ സന്തോഷിക്കാതെയിരിക്കയില്ല.

ചിരുത എഴുത്തു വാങ്ങിക്കൊണ്ടു വെളിയിലേക്കിറങ്ങി മേൽവിലാസം നോക്കിയതിൽ ലാടപുരത്തു ഒരു "ഭഗവതി അമ്മയ്ക്കു" എന്നാണു് എഴുതിയിരുന്നതു്. ചിരുത മുററത്തു വെച്ചു വൈദ്യനെ കണ്ടു.

ചി—ഇന്നു് ഇനി എഴുത്തു തപാലിലിട്ടാൽ ഫലമുണ്ടോ?

വൈദ്യൻ വാച്ചെടുത്തുനോക്കി ഇങ്ങനെ പറഞ്ഞു—"ഇല്ല, തെററിയില്ല നാലഞ്ചു മനിററുകൂടി കഴിഞ്ഞേ തപാൽ പോകയുള്ളു. ഓടിയാൽ സമയത്തിനു് എത്താം."

ധാരാളം ചൊടിയും ഉത്സാഹവുമുള്ള ചിരുത ഓടി ഒരു മിനിററിനു മുമ്പു് ആഫീസിൽ എത്തി എഴുത്തിട്ടു. അതിനിടെ വൈദ്യൻ ലക്ഷ്മിഅമ്മയെക്കണ്ടു വിവരം ചോദിച്ചുംവെച്ചു് നേരെ മുറിയിലേക്കു കടന്നുചെന്നു. സ്നേഹലത മേശയുടെ സമീപം നിൽക്കുകയായിരുന്നു. അവൾ ഒരു് കയ്യ് മേശപ്പുറത്തും മറേറക്കയ്യ് നടുവിലും വെച്ചുകൊണ്ടു വാതുക്കലേക്കുതന്നെ നോക്കിനിന്നിരുന്നു.

വൈദ്യൻെറ മുഖം കണ്ടതോടു കൂടി അവളുടെ വിഷാദമഗ്നമായ മുഖത്തു് അല്പം തെളിച്ചം ഉണ്ടായി. ചെറുതായ ഒരു മന്ദസ്മിതത്തോടുകൂടി വൈദ്യൻ അടുത്തു ചെന്നു നാഡിപിടിച്ചുനോക്കി.

വൈ– അമ്മ, എന്താണു് സുഖക്കേടു്? എങ്ങനെയിരിക്കുന്നു? എന്തെല്ലാമാണു് ഇപ്പോഴത്തെ ഉപദ്രവം എന്നു പറയുക.

യുവതിയുടെ കണ്ണിൽനിന്നു് അശ്രുക്കൾ പൊഴിഞ്ഞുതുടങ്ങി.

സ്ത്രീ—എനിക്കു വേദനസഹിച്ചുകൂടാ. ഞാൻ ചത്തുപോകുമെന്നു അങ്ങേയ്ക്കു തോന്നുന്നോ?

വൈ—ചത്തുപോകുകയോ? ഹെയ്! ഭവതിയല്ലായിരിക്കും. ഇനി അമ്പതോ അറുപതോ വർഷം വരെ ഭവതിക്കു് ഒരു അന്തരവും വരികയില്ല. പിന്നെയല്ലേ ഇപ്പോഴത്തെ കഥ? ആ ഭയം ദൂരെക്കളയുക.

സ്ത്രീ—അങ്ങു വലിയ ദയയുള്ള ആൾതന്നെ. ഞാൻ വളരെ നന്ദി പറഞ്ഞുകൊള്ളുന്നു. നരഹരവൈദ്യനെക്കൊണ്ടു ചികിൽസിപ്പിക്കണമെന്നാണു് എൻെറ താല്പര്യം. ഈ പരമാർത്ഥം പറയാഞ്ഞാൽ പോരല്ലോ. അദ്ദേഹത്തിൻെറ പേർക്കു് എഴുതി അയച്ചതിൽ പിന്നെയേ അദ്ദേഹം ഇവിടെ ഇല്ലെന്നുള്ള സംഗതി മനസ്സിലായുള്ളൂ. ആ വൈദ്യൻ വളരെ സമർത്ഥനാണെന്നു ചില ബന്ധുക്കൾ എന്നോടു പറഞ്ഞിരുന്നു.

വൈ—വാസ്തവംതന്നെ. ഏതായാലും അദ്ദേഹം വന്നുചേരുന്നതുവരെ ഞങ്ങൾ വേണ്ടതുപോലെയൊക്കെ ചെയ്യാം. പിന്നീടു അദ്ദേഹം ഏറ്റുകൊള്ളട്ടെ. ഭവതി തനിയെ ആണൊ വന്നിട്ടുള്ളതു്?

സ്ത്രീ.—ഇപ്പോൾ തനിച്ചാണ്. ഒരു ബന്ധുവിന്റെ പേർക്ക് എഴുതിയയച്ചിട്ടുണ്ട്. ഇനി ഒരു രണ്ടു മാസം കൂടി കഴിഞ്ഞേ ഈ ആവശ്യം നേരിടുകയുള്ളുവെന്നാണ് ഞാൻ വിചാരിച്ചുപോയത്.

വൈ—ഒരു പക്ഷേ അങ്ങിനെ തന്നെ വരാൻമതി. ഭവതിക്ക് ഈ സംഗതിയിൽ പരിചയം ഇല്ലാത്തതുകൊണ്ടുള്ള ഭയമാണ്. നാലഞ്ചു കുട്ടികളുടെ അമ്മയായിക്കഴിഞ്ഞാൽ ഇങ്ങനെയുള്ള പേടികൾ ഒന്നും ഉണ്ടാകയില്ല. ഇപ്പോൾ പരിഭ്രമിക്കേണ്ട കാര്യം ഒന്നുമില്ല. ഭർത്താവു ദൂരെ എവിടെയോ ആണെന്നു കേട്ടതു വാസ്തവമായിരിക്കമല്ലൊ.

സ്ത്രീ—അതെ, വാസ്തവംതന്നെ.

ഇനി രണ്ടു മാസം കൂടി ക്ഷമിക്കാൻ ഇടയായേക്കമെന്നു വൈദ്യൻ പറഞ്ഞതു തെററിപ്പോയി. പ്രസവവേദന തിടുക്കത്തിൽ ഉണ്ടായിത്തുടങ്ങി. വൈദ്യൻ പുറത്തേക്കിറങ്ങി തന്നോടുകൂടിയുണ്ടായിരുന്ന സൂതികർമ്മിണിയെ വിളിച്ച് അകത്തേക്കയച്ചു. ഇവർ മദ്യപാനത്തിൽ കുറെ അധികം പ്രതിപത്തിയുള്ള ഒരു സ്ത്രീയാണെന്നു വൈദ്യനു നല്ലവണ്ണം അറിയാമായിരുന്നതിനാൽ തകരാറുകൾ ഒന്നും വന്നുപോകരുതെന്നു പ്രത്യേകം ചട്ടംകെട്ടിയാണ് അകത്തേക്കയച്ചതു്.

വൈ—മുളകുപറമ്പീ, നിങ്ങളുടെ ദോഷം നിങ്ങൾക്കറിയാമല്ലൊ. അല്ലെങ്കിൽ നിങ്ങളോളം സാമർത്ഥ്യമുള്ള ആളുകൾ ഇവിടെയില്ലെന്ന് എനിക്കറിയാം. നന്നായി സൂക്ഷിച്ചുകൊള്ളണം, വല്ല പിശകും വരുത്തിയാൽ ഇതോടെ കഴിയും നിങ്ങളുടെ കാലക്ഷേപം. ഇനിമേൽ ഒരു വീട്ടിലും ഞങ്ങൾ കയററുകയില്ല, ഓർമ്മയിരിക്കട്ടെ.

ആയ കരഞ്ഞും യാതൊരു തരക്കേടിനും ഇടയാകുയില്ലെന്ന സത്യം ചെയ്യാൻ അവർ തയ്യാറായിരുന്നു. ഇവരാണെങ്കിലെ ഈ കേസ്സിൽ മതിയാകയുള്ളുവെന്നു വിചാരിച്ചാണ് വൈദ്യൻ ഇവരെ കൂട്ടിക്കൊണ്ടു വന്നിട്ടുള്ളത്.

ആദ്യപ്രസവമല്ലേ? ധാരാളം പരിചയമുള്ള പരിചാരിക അത്യാവശ്യമാണല്ലൊ. അവരെ അകത്തയച്ചുംവെച്ചു വൈദ്യൻ പുറത്തിരുന്നു. രാത്രിയിൽ വീട്ടിൽ എല്ലാവക്കും വലിയ ബദ്ധപ്പാടായിരുന്നു.

നേരം പ്രഭാതമായപ്പോഴേക്കു സമാധാനവും ശാന്തതയും ഉണ്ടായി. സൂതികർമ്മിണി സന്തോഷഭാവത്തോടുകൂടി ഒരു മുട്ടശിശുവിനെ പ്ളാനലിൽ പൊതിഞ്ഞു പുറത്തേക്കു കൊണ്ടുവന്നു.

ചിരുത രാത്രി മുഴുവൻ പുരമുറിയിൽ കഴിച്ചുകൂട്ടിയതേയുള്ളു. നേരം പുലർന്ന ശേഷമെ അവൾ പുറത്തേക്കു വന്നുള്ളു.

വൈ—ചിരുതെ, നീ വളരെ ബുദ്ധിമുട്ടി. ഇങ്ങനെ തന്നെയാണു വേണ്ടതു്. സഹായമില്ലാത്തവക്കുവേണ്ടി തന്നെയാണ് ബുദ്ധിമുട്ടേണ്ടതു്. നീ ഒരു ഔചിത്യമുള്ള സ്ത്രീയാണെന്നുള്ളതിനു സംശയമില്ല. ഞാൻ വീട്ടിലേക്കു പോയിവരാം. മുളകുപറമ്പി ഇവിടെ ഉണ്ടല്ലൊ അവരെ അധികം പ്രസാദിപ്പിക്കരുതു്, എന്നാൽ അവർ മതിയാകും.

വൈദ്യൻ പുറപ്പെട്ടതു കണ്ടു ചിരുത പടിക്കൽ വരെ അദ്ദേഹത്തിന്റെ പിന്നാലെ ചെന്നു.

ചി—തരക്കേട്ട് ഒന്നും ഇല്ലയോ എന്തൊ? ഞങ്ങൾക്ക് ഒരു വിവരവും ഇല്ല, എല്ലാം അവിടുന്നു തന്നെ ശരണം.

വൈ—യാതൊരു വൈഷമ്യവുമില്ല. ഇത്ര സുഖകരമായ ഒരു പ്രസവം ഞാൻ കണ്ടിട്ടില്ല. നിങ്ങൾ നില്ക്കുക. ഞാൻ രണ്ടു മണിക്കൂർ കഴിഞ്ഞു് ഇങ്ങോട്ടേക്കു വരാം.

മുളകുപറമ്പിയുടെ കാര്യം ഓർമ്മയിലിരിക്കണം. അവർ അതിരുവിടരുത്.

കാര്യാദികളെല്ലാം നിർവ്വിഘ്നം നടന്നു വന്നു. പരിചാരിക കുഞ്ഞിനും തള്ളക്കും വേണ്ട ശുശ്രൂഷകളെല്ലാം മുറക്കു ചെയ്തുകൊണ്ടിരുന്നു. ചിരുതയുടെ ശ്രദ്ധയും വേണ്ടുവോളം ഉണ്ട്. ഉച്ചതിരിഞ്ഞു സ്നേഹലത ഉണർന്നു കിടന്നിരുന്നപ്പോൾ ചിരുത അടുക്കൽ ചെന്നു.

സ്നേ—ചിരുതെ നിങ്ങൾ എന്റെ അടുക്കൽ തന്നെ ഇരുന്നാൽ നിങ്ങളുടെ മറ്റു കാര്യങ്ങൾക്കു തടസ്സമാകയില്ലെ? നിങ്ങൾ എവിടെയോ ജോലിയിൽ ഏർപ്പെട്ടിരിക്കയാണെന്നു ലക്ഷ്മി അമ്മ പറഞ്ഞതായി ഞാൻ ഓർമ്മിക്കുന്നു.

ചി—ഇല്ല കൊച്ചമ്മാ എനിക്ക് ഇപ്പോൾ വിശേഷിച്ചു ജോലി ഒന്നുമില്ല. ഞാൻ പഴയ ജോലി വിട്ടു നിൽക്കുകയാണ്. മറ്റെങ്ങും ഏർപ്പെട്ടു കഴിഞ്ഞുമില്ല. അങ്ങേതിൽ എന്റെ ഒരു ബന്ധുവുണ്ട്. അവിടെക്കൂടി തൽക്കാലം താമസിക്കയാണ്.

സ്നേ—അഹാ നന്നായി. അപ്പോൾ സ്വാതന്ത്ര്യം ഉണ്ടല്ലൊ.

ചി—ഉണ്ട് ധാരാളം.

സ്നേ—ദൈവത്തിന്റെ കരുണനോക്കുക. നാരായണസ്വാമിതന്നെ ശരണം. ഇന്നലെ രാത്രിയിൽ എനിക്കു സുഖക്കേട് ആരംഭിച്ചപ്പോൾ യാതൊരു സഹായവുമില്ലല്ലോ എന്നു ഞാൻ വളരെ ഭയപ്പെട്ടു. പേടിച്ചു വിറക്കുന്ന ലക്ഷ്മി അമ്മയെക്കൊണ്ട് ഒരു പ്രയോജനവുമുണ്ടാവുകയില്ലെന്നു എനിക്കറിയാമായിരുന്നു. അവരു തനിച്ചു ഉള്ളു എങ്കിൽ കാര്യം എല്ലാം കഴികയെ ഉള്ളു എന്നായി

രുന്നു എന്റെ പരിഭ്രമം. അപ്പോഴാണു് ദൈവം നിങ്ങളെ ഇവിടെ കൊണ്ടുവന്നാക്കിയതു്. ഇതല്ലേ ദൈവമഹിമ; അഹ, ഇത്രത്തോളം ദീനദയാലുത്വം ആർക്കാണുള്ളതു്? യഥാർത്ഥ സങ്കടക്കാർക്കല്ലാതെ ഈശ്വരകാരുണ്യത്തിന്റെ വില അറിയാൻ കഴിയുകയില്ല.

ചിരുത ഈ വാക്കുകൾ കേട്ടു ലജ്ജിക്കയും ആത്മാഭിമാനം നടിക്കയും ചെയ്തു. സ്നേഹലതയുടെ സത്യസ്ഥിതിയെപ്പററി അവൾക്കു പല സംശയങ്ങളും ഉണ്ടായിരുന്നു. ആ യുവതിയുടെ ചാരിത്ര്യ ശുദ്ധിയെപ്പററിയും അവൾക്കു് ഏറെക്കുറെ ദുശ്ശങ്കകൾ ഇല്ലാതിരുന്നില്ല. എന്നാൽ അവളുടെ ഈശ്വരസ്മരണയുടെ നിഷ്കളങ്കമായ പരിശുദ്ധതയും പാവനമായ അപ്പോഴത്തെ മുഖഭാവവും കണ്ടതോടുകൂടി ചിരുതയുടെ എല്ലാ ദുസ്സംശയങ്ങളും നീങ്ങി. കുലീനയും പവിത്രയുമായ ഒരു തരുണിയെപ്പററി ഇപ്രകാരമുള്ള ദുർവിചാരങ്ങൾ തന്റെ മനസ്സിൽ ഉണ്ടാകാൻ ഇടയായതിനെ ഓർമ്മിച്ചു് അവൾ ഹൃദയപൂർവമായി പശ്ചാത്താപപ്പെട്ടു.

സ്നേ—ചിരുതെ നിങ്ങൾക്കു ദീനക്കാരെയും പ്രസവക്കാരെയും പരിചരിച്ചു ധാരാളം പരിചയമുണ്ടെന്നു തോന്നുന്നു.

ചി—കുറെ ഒക്കെ പരിചയം ഇല്ലാതില്ല. ഞാൻ മുമ്പു പാർത്തിരുന്ന വീട്ടിലെ കൊച്ചമ്മയ്ക്കു വളരെക്കാലം സുഖക്കേടായിരുന്നു: ശുശ്രൂഷയെല്ലാം ഞാൻ തന്നെയാണു് നടത്തിയതു്; മൂന്നുനാലു വർഷം അവർ കിടക്കയിൽ തന്നെ കഴിച്ചുകൂട്ടി. എട്ടോ പത്തോ ദിവസം ഒരേ കിടപ്പിൽ കിടന്നാൽ തന്നെ നമുക്കു് എത്രമാത്രം സങ്കടം തോന്നും? ആ സ്ഥിതിക്കു് ഒന്നുരണ്ടു വർഷമായാലത്തെ അവസ്ഥ പറയാനുണ്ടോ? പാവം! എന്തെല്ലാം മരുന്നു കുടിച്ചു. എന്തെല്ലാം വേദന അനുഭവിച്ചു!

സ്നേ—എന്തായിരുന്നു സുഖക്കേട്?

ചി—വയററിൽ ഒരു അതിവേദന. നമ്മുടെ അനാമയ വൈദ്യനാണ് ചികിൽസിച്ചതു്. അദ്ദേഹവും വളരെ ബുദ്ധിമുട്ടി.

ചിരുതയുടെ കണ്ണുകളിൽ നിന്നു അശ്രുക്കൾ പൊഴിഞ്ഞു തുടങ്ങിയതു സ്നേഹലത സൂക്ഷിച്ചു. ആ പ്രകൃതം മാററാനായി അവൾ സംഭാഷണവിഷയം മാററി.

സ്നേ—ചിരുതെ, എൻെറ കൈപ്പെട്ടിയുടെ താക്കോൽ അതാ, ആ വലിയ പെട്ടിയിൽ ഉണ്ടു്. കൈപ്പെട്ടിയും അതിനകത്താണ്. അതു തുറന്നു അതിനകത്തുള്ള താലി ഇങ്ങോട്ടേക്കു എടുത്തു തരിക.

ചിരുത അപ്രകാരം ചെയ്തു. താലി ഒരു സ്വർണ്ണനൂലിൽ കോർത്തിരിക്കുകയായിരുന്നു.

ചി—അമ്മാ നൂലിൽ നിന്നു ഊരി എടുത്തു തരട്ടൊ?

സ്നേ—വേണ്ടാ, രണ്ടും ഒരുമിച്ചിരിക്കട്ടെ. ആഭരണം സ്നേഹലത വാങ്ങി.

സ്നേ—ഇതാ, ഇതു നിങ്ങളുടെ കഴുത്തിൽ ഇട്ടുകൊൾക. നിങ്ങൾക്കിരിക്കട്ടെ.

ചി—അയ്യോ, എൻെറ കൊച്ചമ്മെ!

സ്നേ—ഹെയ്, സാരമില്ല, വാങ്ങിച്ചുകൊൾക.

ച—ഇത്രമാത്രം വിലയേറിയ ഒരു ആഭരണം എനിക്കു ചേരുകയില്ല. ഇതു ഞാൻ സ്വീകരിക്കുന്നതു മര്യാദയല്ല.

സ്നേ—നിങ്ങൾക്ക് ഇതു ചേരും. തരുന്നതിനു് എനിക്കു പൂർണ്ണ മനസ്സുമാണ്. ഇത്രയുംതന്നെ തന്നാൽ മതിയാകയില്ല. വാസ്തവത്തിൽ നിങ്ങൾ വന്നുചേർന്നിരുന്നി

ല്ലെങ്കിൽ എൻെറ അവസ്ഥ എങ്ങനെയെല്ലാം ആകുമായിരുന്നോ എന്തോ? എല്ലാം ദൈവം നേരെയാക്കി. ചിരുതേ, ഇതു വാങ്ങി കഴുത്തിൽ ഇടുക, ഞാൻ കാണട്ടെ.

ചി—ഞാൻ കൊച്ചമ്മയോട്ട് എത്രമാത്രം നന്ദിയുള്ളവളായിരിക്കേണ്ടവളാണ്. ഈ ആഭരണം എൻെറ കൊച്ചമ്മാ, ഞാൻമരിക്കുന്നതുവരെ ഭദ്രമായി സൂക്ഷിച്ചുകൊള്ളാം. കൊച്ചമ്മയെപ്പററിയുള്ള സ്മരണ എന്നിൽനിന്ന് ഒരിക്കലും വിട്ടുപോകയുമില്ല.

—(0)—

# മൂന്നാമദ്ധ്യായം

"അതാ, മണി അടിക്കുന്നു, അതെത്രയായിരിക്കും?"—സ്നേഹലതയാണു് ഇങ്ങനെ ചോദിച്ചതു്. അവൾ മയങ്ങിക്കിടക്കുകയായിരുന്നു. പോലീസ് സ്റ്റേഷനിലെ മണിനാദം കേട്ടു പെട്ടെന്നു് ഉണരുകയാണു ചെയ്തതു്.

ചി—അമ്മാ, എട്ടുമണിയാണു് അടിച്ചതു്.

സ്നേ—അല്ല, എട്ടായോ. ഓടപുരിയിൽനിന്നു തീവണ്ടി ഏഴുമണിക്കു വരുമെന്നല്ലെ നിങ്ങൾ പറഞ്ഞിരുന്നതു്?

ചി—അതെ, അതു വൻവഴിയിൽ അല്ലെ? അവിടെനിന്നു തപാൽവണ്ടി ഇവിടെ എത്തേണ്ടേ? അതും എത്തിക്കഴിഞ്ഞു എന്നാണു തോന്നുന്നതു്. ഒരു യാത്രക്കാരനെയുംകൊണ്ടു കടന്നുപോകുന്നതു ഞാൻ കണ്ടു.

സ്നേ—എന്നാൽ ഇന്നലെ ഞാൻ എഴുതയച്ച ആ സ്ത്രീ എവിടെ? എഴുത്തു് ഇന്നു കാലത്തു കിട്ടിയിരിക്കും. ഉടൻ പുറപ്പെടേണ്ടതാണല്ലോ. എഴുത്തു സമയത്തിനുതന്നെ തപാലിൽ ഇട്ടോ? നിശ്ചയംതന്നെയോ?

ചി—അതിനു സംശയമില്ല. രാത്രിയിൽ വേറൊരു വണ്ടികൂടി വരാനുണ്ടു്.

സ്നേഹലത വിചാരമഗ്നയായി അല്പനേരം കിടന്നു വീണ്ടും സംസാരിച്ചുതുടങ്ങി—

"ചിരുതെ, എന്റെ കുട്ടി ജീവിക്കുമെന്നു നിങ്ങൾ വിചാരിക്കുന്നുണ്ടോ?"

ചി—എന്തുകൊണ്ടു് അങ്ങനെയല്ലെന്നു കൊച്ചമ്മയ്ക്കു് തോന്നുന്നു? കുഞ്ഞു വളരെ കൃശമായിരിക്കുന്നു എന്നുള്ളതു വാസ്തവം തന്നെ. എന്നുവച്ചു് ആരോഗ്യത്തിനു യാതൊരു കുറവും ഉള്ളതായി കാണുന്നില്ല. കുപ്പിപ്പാലും മററും കൊടുക്കാതെ കൊച്ചമ്മതന്നെ മുല കൊടുക്കുകയാണു നല്ലതെന്നെനിക്കുതോന്നുന്നു.

സ്നേ—അതു് എനിക്കു പ്രയാസമാണെന്നു ഞാൻ മുമ്പുതന്നെ പറഞ്ഞിട്ടില്ലേ? എനിക്കു് അതു സൗകര്യമായിരിക്കയില്ല. ഭഗവതിഅമ്മ വന്നുചേർന്നാൽ ആ കാരമെല്ലാം അവർ ശരിയാക്കിക്കൊള്ളും. കുട്ടിയുടെ ആവശ്യത്തെ കരുതിയാണു് അവർ വരാൻ ഞാൻ ബദ്ധപ്പെട്ടതു്. ഒരു ആൺകുട്ടിയാണെന്നുള്ളതുകൊണ്ടു് എനിക്കു വലിയ സന്തോഷമുണ്ടു്.

ചി—കൊച്ചമ്മാ, നിങ്ങൾ ഇത്ര വളരെ സംസാരിക്കുന്നതു നന്നല്ല.

സ്നേ—എന്തുകൊണ്ടാണു്? എനിക്കു സുഖക്കേടു് ഒന്നുമില്ലല്ലോ. എല്ലാ പ്രസവക്കാരും എന്നെപ്പോലെ സുഖമുള്ളവരായിരുന്നാൽ വേണ്ടില്ലായിരുന്നു എന്നാണല്ലോ വൈദ്യൻ ഇന്നുച്ചയ്ക്കു പറഞ്ഞതു്. ചിരുതെ, വൈദ്യൻ വളരെ നല്ല ആൾ തന്നെ സംശയമില്ല. അദ്ദേഹത്തിന്റെ ദയ അത്ഭുതകരമായിരിക്കുന്നു. വരുമ്പോളൊക്കെയും എന്തു സന്തോഷവും സമാധാനവുമാണു് അദ്ദേഹം ഉണ്ടാക്കുന്നതു്.

ചി—ഇതുകൊണ്ടുതന്നെയാണു് അദ്ദേഹത്തെപ്പററി

എല്ലാം രോഗികൾക്കും വലിയ വിശ്വാസവും സ്നേഹവും ഉള്ളതു്.

സ്നേ—എനിക്കു് അദ്ദേഹത്തോടു വലിയ സ്നേഹം തോന്നുന്നുണ്ടു്. നാഹാറവൈദ്യൻ നിശ്ചയമായി ഇതിലധികമൊന്നും ചെയ്യുകയില്ലായിരുന്നു.

അന്നു രാത്രി കഴിഞ്ഞു. സ്നേഹലത ആവശ്യപ്പെട്ട സ്ത്രീയുടെ വരവുണ്ടായില്ല. ആ വിചാരം ഹേതുവായി അവൾക്കു് അസാമാന്യമായ അസ്വാസ്ഥ്യത ഉണ്ടായി.

അടുത്ത ദിവസം കാലത്തെ ഒരു സ്ത്രീ വന്നുചേൎന്നു. ഇതായിരിക്കാം ആവശ്യപ്പെട്ടിരുന്ന ഭഗവതിഅമ്മ എന്നു ലക്ഷ്മിഅമ്മ മുതലായവർ ഊഹിച്ചു. സ്നേഹലത ആ കാൎയ്യത്തെപ്പററി യാതൊന്നും പറഞ്ഞില്ല. ആഗതയായ സ്ത്രീയും ദീനക്കാരിയും കൂടി കതകടച്ചു മുറിയിലിരുന്നു സംസാരിക്കാൻ തുടങ്ങി. ആയയും ചിരുതയും അടുത്ത മുറിയിൽ ഇരിക്കയായിരുന്നതിനാൽ പ്രസവമുറിയിലെ സംഭാഷണം ഇവൎക്കു കേൾക്കാമായിരുന്നു. അകത്തു് ഏതോ ചില വാദപ്രതിവാദങ്ങൾ നടക്കുന്നതായിട്ടാണു് ഇവൎക്കു തോന്നിയതു്. ഭഗവതിഅമ്മയുടെ സ്വരം സന്താപത്തേയും പരിഭവത്തേയും ശാസനയേയും പ്രേരണയേയും സൂചിപ്പിക്കുന്നതായിരുന്നു. സ്നേഹലത കോപത്തോടും ധിക്കാരത്തോടും മറുപടി പറയുകയുമായിരുന്നു. പ്രസവിച്ചിട്ടു് അധികദിവസം കഴിയുന്നതിനു മുമ്പു് ഇപ്രകാരം കയൎത്തു സംസാരിക്കയും മനസ്സിനെ ഇളക്കുകയും ചെയ്യുന്നതു് അപൽക്കരമാണല്ലോ എന്നു ചിരുത ഭയപ്പെട്ടു. അകത്തേക്കു് ആരും ചെല്ലരുതെന്നു സ്നേഹലത ചട്ടംകെട്ടിയിരുന്നതുകൊണ്ടു ചിരുതയും ആയയും ഇവരുടെ സംഭാഷണത്തെ തടയാൻ ഉദ്യമിച്ചില്ല. കുറച്ചുനേരം ഇങ്ങനെ കഴിഞ്ഞപ്പോൾ കതകു പെട്ടെന്നു തുറന്നു പുതിയ

സ്ത്രീ പുറത്തേക്കു വന്നു. ആയ മടിയിൽ കുട്ടിയെ കിടത്തിക്കൊണ്ടു് അവിടെ ഇരിക്കുകയായിരുന്നു. ഭഗവതി അമ്മ അടുത്തുചെന്നു കുട്ടിയെ എടുത്തു ജന്നലിന്റെ അടുക്കലേക്കു കൊണ്ടുപോയി അതിന്റെ മുഖത്തു വളരെനേരം സൂക്ഷിച്ചുനോക്കി.

ഭഗ—തള്ളയെപ്പോലെയല്ല മുഖച്ഛായ, എന്താ അങ്ങനേയല്ലേ?

അടുത്തിരുന്ന ചിരുതയോടായിട്ടാണു് അവർ ഇങ്ങനെ പറഞ്ഞതു്.

ചി—ഇത്ര വേഗം ആ കാര്യം നിശ്ചയിക്കാൻ പാടില്ല. ഇപ്പോൾ കുട്ടി ഒരു കട്ടകോളമെ ഉള്ളല്ലൊ.

ഭ—അതു വാസ്തവംതന്നെ. ഇത്രത്തോളം ചെറിയ ഒരു കുട്ടിയെ ഞാൻ മുമ്പു കണ്ടിട്ടില്ല. ഇതിനു ജീവൻ ഉണ്ടായിരിക്കുന്നതാണു് അത്ഭുതം.

ആയ—മാസം തികയുന്നതിനു മുമ്പു പ്രസവിച്ചാൽ ഇങ്ങനെയല്ലാതെ ഇരിക്കുകയില്ല. വലിയ തടിയും മിടുക്കുമൊന്നും കാണുകയില്ല.

ഭ—മാസം തികയുന്നതിനു മുമ്പോ? അതു് ആരുടെ കുറമാണു്? തീവണ്ടിയിലും തപാൽവണ്ടിയിലും ഒക്കെ സഞ്ചരിക്കാൻ അവസരം ഇതാണോ? അവയെല്ലാം ദുർഘടങ്ങളായ വാഹനങ്ങളല്ലേ? ജട്കാവണ്ടിയുടെ കുടുക്കം നിമിത്തം എന്റെ കുടൽപോലും മറിഞ്ഞുപോയി. അങ്ങിനെയിരിക്കെ വയറിലുള്ള ഈ ചെറുപ്രാണിയുടെ കാര്യം പറയണോ? ഇതെന്തൊരു റോഡാണു്? അധികാരികൾ ഉറങ്ങുകയായിരിക്കുമോ?

ചി—ആളുകൾ റോഡിനെപ്പററി വളരെ നാളായി സങ്കടം പറഞ്ഞുവരികയാണു്. നരഹരവൈദ്യൻ തന്നെ

ഈയിടെ ആവലാതിപ്പെട്ടിട്ടുള്ളതായി കേട്ടു. അദ്ദേഹത്തിൻെറ വണ്ടിക്കും കുതിരയ്ക്കും വലിയ കേടല്ലെ ഈ വഴിയിൽക്കൂടിയുള്ള യാത്ര.

ഭ—ആരാണ് ഈ നരഹരവൈദ്യൻ?

ചി—ഈ ദിക്കിൽ ഇയ്യിടെ വന്നുചേർന്നിട്ടുള്ള ഒരു വൈദ്യനാണ്. വലിയ മാന്യനുമാണ്.

ഭ—എന്നിട്ട് അദ്ദേഹത്തിൻെറ ആവലാതി അധികാരികൾ ഗൗനിച്ചില്ലേ?

ചി—ഓഹോ, ഗൗനിച്ചു. അപ്പോളല്ലേ കുറെ പാറകൾ വാരി നിരത്തിയതു്.

ഭ—കുട്ടിക്കു എന്താഹാരമാണു കൊടുക്കുന്നതു്?

ചി—ആട്ടിൻപാലാണ്. ഇത്ര വളരെ ചെറിയ ഒരു കുട്ടിക്ക് ആഹാരം എന്തു കൊടുക്കാമെന്നു ഞങ്ങൾ വളരെ ആലോചിച്ചു.

ഭ—നിങ്ങൾ രണ്ടാളുകളും ആരാണ്?

ചി—ഞാൻ അയൽവീട്ടിലെഒരു വേലക്കാരിയാണ്. എൻെറ കൂടെയുള്ളതു് ഒരു സൂതികർമ്മിണിയുമാണ്. ഈ കൊച്ചമ്മ ഒരു മാന്യസ്ത്രീയാണെന്നു കണ്ടതുകൊണ്ടു ഞാൻ അവരുടെ സഹായത്തിനുവേണ്ടി സ്വയമായി ഇവിടെ വന്നുചേരുകയായിരുന്നു.

ഭ—യുവതി മാന്യയും തറവാട്ടുകാരിയുമാണ്. എന്നാൽ കല്യാണം കഴിച്ചതു് അത്ര യോഗ്യമായ നിലയിലല്ല. ഭർത്താവിനെപ്പററി ആരും ഒന്നും പറയുന്നതു അവർക്കു് ഇഷ്ടവുമല്ല.

ചി—അദ്ദേഹം ഇങ്ങോട്ടു വരികയില്ലേ?

ഭ—അയാൾ വന്നാലെന്തു്, ഇല്ലെങ്കിലെന്തു്? എനിക്കു് ആ കാര്യം അറിയേണ്ടാ. അധരവരുടെ ഇഷ്ടം

പോലെ ആയിക്കൊള്ളട്ടെ. കുട്ടിയുടെ സാമാനങ്ങളെല്ലാം എവിടെ? എല്ലാം എടുത്തു് ഒന്നിച്ചുവയ്ക്കുക. കുറേ പാലും തയ്യാറാക്കുക.

ചി—കുഞ്ഞിനെ കൊണ്ടുപോകാൻ ഭാവിക്കുകയല്ലല്ലോ.

ഭ—അതെ, അതിനുതന്നെയാണു് ആരംഭം. ഇന്നു് ഏഴുമണിവണ്ടിയിൽ പോകണമെന്നാണു ഞാൻ വിചാരിക്കുന്നതു്.

ചി—ഈ ചെറുപ്രാണിയെ ഈ വലിയ വഴിയെല്ലാം സഞ്ചരിപ്പിക്കാമെന്നാണോ നിങ്ങളുടെ ആലോചന?

ഭ—അതിനു യാതൊരു തരക്കേടുമില്ല. കൊണ്ടുപോകേണ്ട ആവശ്യമുണ്ടു്. എവിടേക്കു കൊണ്ടുപോകണമെന്നു ഞാൻ നിശ്ചയിച്ചുകൊള്ളാം. നല്ല പ ളാനലിൽ പൊതിഞ്ഞു് എന്റെ മടിയിൽ ഇരിക്കുന്നതും ഈ മുറിയിൽ ഇരിക്കുന്നതും ഒന്നുപോലെയേയുള്ളു. ഒന്നാംക്ലാസ്സ് വണ്ടിയിൽ പൊയ്ക്കൊള്ളാം.

കൊച്ചമ്മയുടെ ചട്ടംകെട്ടുകൾക്കു് എതിരായി വാദിക്കുന്നതു് അനുചിതമാണെന്നു കരുതി ചിരുത ആ വിഷയം അവിടെ അവസാനിപ്പിച്ചു.

ആയ—നിങ്ങൾ ഇന്നലെ രാത്രിയിൽ എത്തുമെന്നു ഞങ്ങൾ ആശിച്ചിരുന്നു.

ഭ—ഉള്ളതുതന്നെ. അതിനു തക്കവണ്ണം ഞാൻ പുറപ്പെടുകയും ചെയ്തു. എന്തു ചെയ്യാം. താമസിച്ചുപോയി. ഇന്നലെ രാത്രി മുഴുവൻ ഞാൻ യാത്ര ചെയ്കയായിരുന്നു.

ആയ—ഇന്നു രാത്രി അങ്ങോട്ടും അതുപോലെ വേണ്ടിയിരിക്കുന്നല്ലോ.

ഭ—അതുകൊണ്ടു ഞാൻ ചത്തുപോകുകയും മറ്റുമില്ല.

ആ സമയത്തു് അനാമയവൈദ്യൻ വന്നുചേന്നു. അദ്ദേഹം നേരെ ദീനക്കാരിയുടെ മുറിയിലേക്കു ചെന്നു. സ്നേഹലതയുടെ മുഖത്തു സ്വല്പമായ ഒരു വീർപ്പും വിളർച്ചയും കണ്ടു വൈദ്യൻ ആശ്ചര്യപ്പെട്ടു. കാലത്തെ വളരെ സുഖമുള്ള സ്ഥിതിയിലാണു് അദ്ദേഹം കണ്ടിരുന്നതു്.

വൈ—അമ്മാ, എന്താണിങ്ങനെ കാണുന്നതു്? നിങ്ങൾ എന്തു ചെയ്തു?

സ്നേ—എന്തോ അല്പം പനിയുള്ളതുപോലെ തോന്നുന്നു. സാരമില്ല. മാറിപ്പോകുമായിരിക്കാം. ഞാൻ പറഞ്ഞിരുന്ന ആൾ വന്നിട്ടുണ്ടു്. എന്റെ വഴിയാത്രയെപ്പററി അവർ ശംസിച്ചുതുടങ്ങിയപ്പോൾ ഞാൻ കുറേ കയത്തു സംസാരിക്കുന്നതിനിടയായി.

വൈ—ഇങ്ങനെ തുടങ്ങിയാൽ വൈദ്യൻ വിഷമിച്ചുപോകും. വൈദ്യൻ അങ്ങോട്ടും രോഗി ഇങ്ങോട്ടും ദീനത്തെ പിടിച്ചാൽ കാര്യം ശരിയാകുന്നതെങ്ങനെയാണു്? ഇതൊക്കെ മറയത്തെരമെന്നല്ലാതെ എന്താണു പറയേണ്ടതു്? ആകട്ടെ, സ്വാസ്ഥതയുണ്ടാകാൻ ഒരു മരുന്നു് അയയ്ക്കാം. ദയവു ചെയ്തു് ഒരു കാര്യംകൂടി ഓർമ്മിച്ചുകൊള്ളണം. ഇനി ഒന്നു രണ്ടു ദിവസത്തേക്കു യാതൊരു കാരണവശാലും അധികമായി സംസാരിക്കയോ മനസ്സിനു ഇളക്കം കൊടുക്കുകയോ ചെയ്തുപോകരുതു്.

സ്നേ—അങ്ങനെയാവട്ടെ. എനിക്കു് ഒരു കാര്യംകൂടി പറയാനുണ്ടു്. കുട്ടിയെ ഇന്നു ലാടപുരത്തേക്കു് അയയ്ക്കാൻ ഭാവിക്കയാണു്.

വൈ—അവിടെ അതിനെ ശരിയായി പരിചരിക്കാൻ തക്ക ആൾ ഉണ്ടോ? ഇവിടെ സ്വന്ത അമ്മയുടെ

ശുശ്രൂഷയിൽ വളരുകയാണ കുട്ടിക്ക നല്ലതു്. തള്ളയുടെ സമാധാനത്തിനും അതല്ലേ കൊള്ളാവുന്നതു്.

സ്ലേ—ചില കാരണങ്ങളാൽ എനിക്കു് അതിന്നു സൌകര്യമില്ലെന്നു ഞാൻ പറഞ്ഞിട്ടുണ്ടല്ലോ. കുട്ടിയെ ഞാൻ തന്നെ വളർത്തുക എന്നുള്ളതു ഭർത്താവിനു് ഹിതമാകയുമില്ല.

വൈ—എന്നാൽ ഇഷ്ടംപോലെ ചെയ്തുകൊള്ളുക.

അരേകാൽ മണിക്ക ഭഗവതിയമ്മയും കുട്ടിയും ചുമട്ടും ജട്ക്കായിൽ കയറി പുറപ്പെട്ടു. അന്നത്തെ തപാൽവണ്ടിയിൽ വേറെ ആരും ഉണ്ടായിരുന്നില്ല. ഭാരക്കുറവുനിമിത്തം വണ്ടിക്കാരൻ തന്റെ ദുസ്സാമർത്ഥ്യം പ്രദർശിപ്പിക്കാൻവേണ്ടി വണ്ടി ഇളക്കിവിട്ടു. ഭഗവതിഅമ്മയുടെ തലയും ഉടലും വണ്ടിയുടെ ഇരുവശങ്ങളിൽ തട്ടാനും മുട്ടാനും തുടങ്ങി. പാവത്തിന്റെ കൈകൾ ഒഴിയുകയില്ലല്ലോ. കുട്ടിയേയും സാമാനവും ഭദ്രമായി സൂക്ഷിക്കേണ്ടേ? സാവധാനത്തിൽ വണ്ടി വിടുന്നതിനു് അവർ വണ്ടിക്കാരനോടു വിളിച്ചുകൂട്ടി. അവൻ തീരെ ഗൌനിച്ചില്ല.

ഈ വണ്ടിക്കാരൻ കറുത്തിരുണ്ട ഒരു തടിച്ചവനാണു് തന്റെ വണ്ടിയല്ലാതെ വേറെ ജഡ്കാകൾ അവിടെ ഉണ്ടായിരുന്നില്ലെന്നുള്ള ദുർഗ്ഗർവംകൊണ്ടു് ഇവൻ വലിയ അഹങ്കാരിയായിതീർന്നിരുന്നു. യാത്രക്കാരുടെ ഇഷ്ടാനിഷ്ടങ്ങളെ അവൻ പ്രമാണമാക്കാറില്ല. ബഹുധിക്കാരിയായി തീർന്നിരിക്കയാണു്. ഭഗവതിയമ്മ ശാപശരങ്ങൾ അനവരതമായി ഏല്പിച്ചുകൊണ്ടു വണ്ടിയിൽ വല്ലവിധേനയും ഇരുന്നു കഴിച്ചുകൂട്ടി. ഏതായാലും ഇത്രവേഗത്തിൽ ഓടിയതുനിമിത്തം പതിവിൽ ഇരുപതു മിനിട്ടു മുമ്പു വണ്ടി അതിന്റെ നിശ്ചിതസ്ഥലത്തു ചെന്നുചേർന്നു. തീവണ്ടി അപ്പോൾ വന്നുചേർന്നിരുന്നില്ല.

വണ്ടിക്കാരന്റെ പേരിൽ ഒരാവലാതി കൊടുത്തല്ലാതെ താൻ അടങ്ങുകയില്ലെന്നും തനിക്ക പറ്റീട്ടുള്ള ഉട-

വുകളും ചതവുകളും ചികിത്സിച്ചു ഭേദപ്പെടുത്തുന്നതിലേക്കുള്ള ചെലവും വണ്ടിക്കാരനിൽനിന്നു വസൂലാക്കാതെ താൻ സമ്മതിക്കയില്ലെന്നു ഒക്കെ അട്ടഹസിച്ചുകൊണ്ടു ഭഗവതിയമ്മ തന്റെ ഭാണ്ഡങ്ങളും വഹിച്ചു പുറത്തേക്കിറങ്ങി. ഇവരുടെ വിറയലും കോപവും കണ്ടു് അടുത്തു നിന്നിരുന്നവർ യഥേഷ്ടം ചിരിച്ചു രസിച്ചു. അനന്തരം ഭഗവതിയമ്മ ഒന്നാംക്ലാസു യാത്രക്കാർ കാത്തിരിക്കേണ്ട മുറിയിൽ ചെന്നു അവിടെ ഇരിപ്പായി. അഞ്ചു മിനിട്ടു കഴിഞ്ഞപ്പോഴേയ്ക്കു തീവണ്ടികളിൽ ഒന്നു വന്നുചേൎന്നു. അതിൽനിന്നു അഞ്ചോ ആറോ യാത്രക്കാർ മാത്രമെ അവിടെ ഇറങ്ങിയുള്ളു. വണ്ടികൾ ഉടൻതന്നെ സ്റ്റേഷൻ വിട്ടുപോകയും ചെയ്തു. ഭഗവതിയമ്മ ഈ വണ്ടിയിലല്ല പോകേണ്ടതു്. അവർ വീണ്ടും മുറിയിൽത്തന്നെ കാത്തിരുന്നു. അവിടെ ഇറങ്ങിയ യാത്രക്കാരിൽ ഒരാൾ ഒഴികെ ശേഷം എല്ലാവരും അവരവരുടെ വഴിക്കു പോയി. പോകാതിരുന്ന ആൾ ഒന്നാംക്ലാസു മുറിയിലേക്കു കടന്നുവന്നു.

ഇതു തന്നെയാണു് നരഹരവൈദ്യൻ — സ്നേഹലത താല്പയ്യപ്പെട്ട മനുഷ്യൻ—ആൾ കാഴ്ചയിൽ വലിയ മാന്യനും രസികനുമാണു്. തന്റേടക്കാരൻ എന്നുള്ള മട്ടു കുറെ അധികം പ്രകടിപ്പിക്കാതിരുന്നില്ല. അയാൾ റോഡിലേക്കു നോക്കിക്കൊണ്ടു് അവിടെ നിന്നപ്പോൾ അപ്പീസിലെ ഗുമസ്തൻ ആ വഴിയായി വന്നു.

വൈ—ഹേ, ഗുമസ്തൻ, നിങ്ങൾ എന്റെ വണ്ടിക്കാരനെ ഇവിടെ എങ്ങാനും കണ്ടോ?

ഗു—ഇല്ല, ഞങ്ങൾ വന്നിട്ടു് അധികനേരമായില്ല.

മുറിയിൽ ഇരുന്നിരുന്ന സ്ത്രീയെ കണ്ടിട്ടു നരഹരവൈദ്യൻ അവിടെനിന്നു വാതുക്കലേക്കു വന്നു റോഡിലേക്കു നോക്കിക്കൊണ്ടു വീണ്ടും നിന്നു. അകത്തിരുന്ന ഭഗവതി

യമ്മ തൻെറ കോപത്തെ ഒതുക്കാൻ ശ്രമിക്കുകയായിരുന്നതിനാൽ വന്ന ആളേപ്പററി ഒട്ടുംതന്നെ ശ്രദ്ധിച്ചില്ല. വൈദ്യൻ അങ്ങോട്ടു ഒരു ഉപചാരവും ചെയ്തില്ല.

കുറച്ചധികസമയം നോക്കിനിന്നിട്ടും സ്വന്ത വണ്ടിക്കാരനെ കാണാതിരുന്നതുകൊണ്ടു വൈദ്യൻ ജഡ്ക്കാക്കാരനെ വിളിച്ച് ഇങ്ങനെ അയാളോട്ട ചോദിച്ചു—"എടോ താൻ വഴിയിൽ എ,ങ്ങാനുംവച്ച് എൻെറ വണ്ടിക്കാരനെ കണ്ടോ? തീവണ്ടി വന്നുചേരുമ്പോൾ ഇവിടെ ഉണ്ടായിരിക്കണമെന്നു ഞാൻ അവനോട്ട പ്രത്യേകം ചട്ടംകെട്ടിയിരുന്നു."

വണ്ടി—ഞാൻ അയാളെ കണ്ടില്ല. യജമാനനു് ഇഷ്ടമുണ്ടെങ്കിൽ എൻെറ വണ്ടിയിൽ കയറിപ്പോകാം. വേറെ യാത്രക്കാർ ആരുമില്ല.

വൈ—വേണ്ട. വേണ്ട, വലിയ ഉപകാരം. ഒരിക്കൽ ചമ്മന്തിപ്പരുവം ആക്കിയതുപോരെ? ഇനിയും ഉപദ്രവിക്കണമെന്നു തനിക്കു് എന്താണു് ഇത്ര നിർബന്ധം?

വണ്ടി—യജമാനനെ ഞാൻ അന്നു് അറിഞ്ഞിരുന്നില്ല. അങ്ങത്തമ്മാർ വണ്ടിയിൽ ഉള്ളപ്പോൾ എൻെറ മട്ടു വേറെയാണു്. വളരെ സൂക്ഷിച്ചും സാവധാനത്തിലുമേ ഞാൻ വണ്ടി വിടുകയുള്ളൂ.

വൈ—മതി, ഏതായാലും ഞാൻ വരുന്നില്ല. എൻെറ വണ്ടി വരാത്തപക്ഷം നടന്നുകൊള്ളാം.

അപ്പോഴേക്കു മണി എട്ടടിക്കാറായി. ഭഗവതിയമ്മ മുതൽപേർക്കു ടിക്കററു വാങ്ങാനുള്ള സമയമായി. ആ സ്ത്രീ തൻെറ പക്കൽ ഉണ്ടായിരുന്ന സജീവഭാണ്ഡത്തെ സോഫായിൽ വെച്ചുംവച്ചു ടിക്കററു വാങ്ങിക്കാനായി എഴുന്നേററു പോയി. കുട്ടി ചെറുതായി ഒന്നു കരഞ്ഞ ശബ്ദം കേട്ടു നരഹരവൈദ്യൻ അടുത്തെത്തി.

വൈ —(ആത്മഗതം) ആഹാ, ഇതു് ഒരു വെറും ശിശുവിൻെറ കരച്ചിൽ ആണല്ലൊ.

അയാൾ കുനിഞ്ഞു പ്ലാനൽ അല്പം മാററി അകത്തേക്കു നോക്കി. ഇരുട്ടായിരുന്നതിനാൽ വിശദമായി കാണാമായിരുന്നില്ല. അയാൾ സിഗാറു കത്തിക്കാനായി കൈയിൽ കരുതീട്ടുള്ള തീപ്പെട്ടി ഉരച്ചു വെളിച്ചം ഉണ്ടാക്കി വീണ്ടും നോക്കി. ഇതെല്ലാം കണ്ടു ഭഗവതിഅമ്മ വന്നുചേന്നു.

ഭ—അല്ല, ഇത്ര എളുപ്പം ഉണൎന്നുകളഞ്ഞോ, കൊച്ചുകള്ളാ? ആ പൊട്ടവണ്ടിയിൽ കിടന്നു സങ്കടപ്പെട്ട എൻെറ ഓമന ഇത്രയും നേരമെങ്കിലും ഉറങ്ങിയതു് അത്ഭുതംതന്നെ. തങ്കമ്മെ, വാ, വാ, നമുക്കു് ഇപ്പോൾ തീവണ്ടിയിൽ പോകാം, അഞ്ചു മിനിററിനകം.

വൈ -ഭാണ്ഡത്തിൽനിന്നു മനുഷ്യക്കരച്ചിൽ കേട്ടു ഞാൻ അത്ഭുതപ്പെട്ടുപോയി. ഇതെന്തൊരു വിദ്യയെന്നു് അറിയാനായി ഞാൻ തീപ്പെട്ടി ഉരച്ചു നോക്കുകയായിരുന്നു.

ഭ—ഒരു കുഞ്ഞാണു് കരഞ്ഞതു്. ഇത്ര ചെറിയ ഒരു കുഞ്ഞിനെ ഞാൻ കണ്ടിട്ടില്ല.

വൈ—മാസം പൂൎത്തിയാകുന്നതിനു മുമ്പു ജനിച്ചതുപോലെയിരിക്കുന്നു.

ഭ—മാസം തികഞ്ഞില്ലെന്നൊ! നിങ്ങൾ എങ്ങിനെ നിശ്ചയിച്ചു? നിങ്ങളുടെ അഭിപ്രായം ആരെങ്കിലും ആവശ്യപ്പെട്ടൊ? നിങ്ങൾക്കു കുട്ടികളുടെ കാൎയ്യങ്ങൾ വല്ലതും അറിയാമൊ? ആരാണു നിങ്ങൾ?

വൈ—എനിക്കു് അധികമൊന്നും അറിഞ്ഞുകൂടെങ്കിലും നിങ്ങളോളമെല്ലാം അറിയാം. എൻെറ ഉപദേശം അത്ര വളരെ തെററിയിട്ടില്ല.

ഭ—ഓഹൊ നിങ്ങൾ വൈദ്യനാണൊ?

വൈ—അതെ, ഞാൻ വൈദ്യനാണ്. ഈ കുട്ടിക്ക് ഇപ്പോൾ യാത്ര ചെയ്യത്തക്ക ആരോഗ്യം ഇല്ലെന്നാണ് എന്റെ അഭിപ്രായം.

ഭ—ആ കാര്യം എനിക്കും സമ്മതമുള്ളതാണ്. എന്നാൽ ആവശ്യം നേരിട്ടാൽ എന്തു ചെയ്യും? യോഗ്യത അപ്പോളല്ലല്ലോ നോക്കേണ്ടതു്.

വൈ—പ്രസവിച്ചിട്ടെത്ര ദിവസമായി?

ഭ—ഇന്നലെ കാലത്താണ്. അങ്ങേക്കു് ഈ സ്ഥലത്തു വല്ല അധികാരവും ഉണ്ടോ?

വൈ—എന്തിനായിട്ടാണ്. ആ കാര്യം അറിയേണ്ടതു്.

ഭ—നിവൃത്തിയുണ്ടെങ്കിൽ ആ തപാൽവണ്ടി ഉടൻ നിൎത്തലാക്കണം. അതിൽ യാത്ര ചെയ്യുന്നവൎക്ക് അല്പായുസ്സല്ലാതെ ഉണ്ടായിരിക്കയില്ല. അപമൃത്യുവിനുള്ള ഒന്നാന്തരം ഒരു യന്ത്രമാണതു്. ഇന്നു കാലത്തു ഞാൻ അതിൽ കയറി തെക്കേവഴി ഗ്രാമത്തിലേക്കു പോയിരുന്നു. അപ്പോൾതന്നെ ധാരാളം തൃപ്തിയായി. പിന്നീടു വൈകുന്നേരത്തു് ഇങ്ങോട്ടേയ്ക്കു കൂടി അയപ്പോൾ ചതുൎവ്വിധവിഭവങ്ങളോടുകൂടിയ പൊടിപൂരവുമായി. ഇനി എത്ര നാൾ പിഴിച്ചിൽ കഴിച്ചാൽ ദേഹം ശരിയാകുമെന്നു കണ്ടറിയേണ്ടിയിരിക്കുന്നു. വണ്ടിക്കാരൻ മഹാ തെമ്മാടിയാണ്. പതുക്കെ വണ്ടി വിടാൻ പറയുമ്പോൾ ആ മാടൻ ഒന്നുകൂടി കുതിരയെ അടിച്ചുവിടുകയാണ് ചെയ്യാറുള്ളതു്. ദ്രോഹി! പരമദ്രോഹി! ഈ ചെറുപ്രാണിയെയുംകൊണ്ടു ഞാൻ എന്തു ചെയ്യും?

വൈ—മഹാകഠിനംതന്നെ. അവൻ ഒരു വെറും കാട്ടുപോത്താണ്. ഒരു വിവരവും ഇല്ലാത്ത മൃഗമാണ്. ഈ ദിക്കുകാർ ഇവനെ അനുവദിക്കുന്നതാണ് അക്രമം. എന്തെ

ങ്കില്ലും ബഹളം ഉണ്ടാകാതിരിക്കുകയില്ല. ആപത്തു വല്ലതും ഇവൻ വരുത്തിവെയ്ക്കും.

ഭ—ഓഹോ! അതു് ഉണ്ടായിക്കഴിഞ്ഞു. കഴിഞ്ഞ വെള്ളിയാഴ്ച ഒരു ഗർഭിണി—ഒന്നാന്തരം വില്ലുവണ്ടിയിൽപോലും യാത്രചെയ്യുന്നതക്കനിലയിൽ അല്ലായിരുന്ന ഒരു യുവതി—ഈ ജഡ്ക്കായിൽ കയറി തെക്കേവഴി ഗ്രാമത്തിലേയ്ക്കു പോകയുണ്ടായി, ആഹാ! അതിന്റെ ഫലമാണെ, ഇതാ ഈ അൽപ്പപ്രാണിയുടെ ജനനം.

വൈ—ആഹാ, അങ്ങിനെയൊ? എന്നിട്ടു തള്ളയുടെ സ്ഥിതി എന്തായി?

ഭ—വേണ്ടില്ല വലിയ തരക്കേടൊന്നും ഇതേവരെ കണ്ടില്ല. മറ്റു വിധത്തിൽ വരേണ്ടതായിരുന്നു. ദൈവം രക്ഷിച്ചു എന്നു പറഞ്ഞാൽ മതിയല്ലൊ.

വൈ—നന്നായി. വലിയ അപകടം പിണയാഞ്ഞതു ഭാഗ്യം.

"വണ്ടി വിടാറായി ആളുകൾവേഗം കയറിക്കൊള്ളുക" എന്നിങ്ങനെ ഒരുത്തൻ വിളിച്ചു പറഞ്ഞുകൊണ്ടു ചുറ്റി നടന്നു. ഭഗവതിഅമ്മ ഭാണ്ഡങ്ങളുമെടുത്തു ബദ്ധപ്പെട്ടു പ്ളാറ്റു ഫോറത്തിൽ ഹാജരുകൊടുത്തു.

# നാലാമദ്ധ്യായം.

തീവണ്ടിസ്റ്റേഷന്റെ പടിക്കൽ ഒരു സാറട്ടുവണ്ടി അതിവേഗത്തിൽ യാത്രചെയ്തു വന്നുചേന്നു. നരഹരവൈദ്യൻ ഉടൻ തന്നെ അതിന്റെ സമീപത്തെയ്ക്കു ചെന്നു.

വൈ—എടോ, വണ്ടിക്കാരാ, തന്നോടു ഞാൻ എന്താണ് ഏർപ്പാടു ചെയ്തിരുന്നതു്?

വ—യജമാനനെ, അൽപം താമസിച്ചുപോയി. ക്ഷമിക്കണം. ജട്ടുക്കാവണ്ടി മടങ്ങിപ്പോകുന്നതു കണ്ടപ്പോൾ യജമാനൻ എന്നെ കൊല്ലുമെന്നു ഞാൻ ഭയപ്പെട്ടതാണ്. സമയത്തിനു തിരിച്ചിട്ടും ഇങ്ങനെ താമസിച്ചുപോയതു് എന്തുകൊണ്ടെന്നു് എനിക്കറിഞ്ഞുകൂടാ.

വൈ—മതി, എന്തിനു കള്ളംപറയുന്നു. സമയത്തിനു പുറപ്പെട്ടില്ലെന്നു് ഇപ്പോൾ തെളിഞ്ഞില്ലെ? തന്റെ ലക്കില്ലായ്ക എനിക്കു മുമ്പുംഅനുഭവമാണല്ലൊ. താൻ പുറകിൽ കയറി ഇരുന്നാൽമതി വണ്ടി ഞാൻ വിട്ടുകൊള്ളാം.

വൈദ്യൻ പലപ്പോഴും ഇങ്ങനെ ചെയ്യാറുണ്ടു്. വണ്ടിക്കാരനു് എല്ലായ്പോഴും നല്ല ബോധം ഉണ്ടായിരിക്കയില്ല. രാത്രിയിലും ഇരുട്ടിലും അയാൾ കണ്ടമാനം

വണ്ടിവിട്ടാലൊ എന്നു ശങ്കിച്ചാണു വൈദ്യൻതന്നെ വണ്ടി യടിക്കാൻ ഒരുങ്ങിയതു്.

വൈ—എടോ, റാന്തൽ കത്തിക്കാത്തതു് എന്താണു്?

വ—വേണ്ടിവരികയില്ലെന്നു വിചാരിച്ചുപോയി. മഴക്കാറുകൊണ്ടു ചന്ദ്രൻ മറഞ്ഞിരിക്കയാണു്. റാന്തൽ വേണ്ടിവരികയില്ല്

നരഹരവൈദ്യൻ വണ്ടിവിട്ടു. ജട്കായോളം വേഗത്തിൽ അല്ലായിരുന്നെങ്കിലും സാമാന്യം ദ്രുതഗതിയിൽത്തന്നെ ആയിരുന്നു അദ്ദേഹവും കുതിരയെ വിട്ടതു്. സാററിന്റെ വില്ലുകൾ നല്ല ബലമുള്ളവയായിരുന്നു. വഴിയുടെ മദ്ധ്യത്തിൽ ഏതാനും ദൂരം സ്ഥലം കുറെ സമനിരപ്പായി കിടന്നിരുന്നു, അവിടെ എത്തിയെന്നു കണ്ടു വൈദ്യൻ വണ്ടിയുടെ വേഗം അല്പം കൂട്ടിവിട്ടു. യാതൊരു മുന്നറിവും കൂടാതെ കുതിര പെട്ടെന്നു നടുങ്ങി വിരണ്ടു താഴെവീണു. വൈദ്യനും കുതിരക്കാരനും തെറിച്ചുപോയി. ചക്രത്തിന്റെ ചില കാലുകൾ ഒടിയുകയും ഉണ്ടായി.

ഈ സംഗതികൾ എല്ലാം പെട്ടെന്നു കഴിഞ്ഞു. വൈദ്യൻ ഉടൻതന്നെ ഉരുണ്ടെഴുന്നേററു. ഒരു കാലിനു് അൽപം വേദനതട്ടിയിരുന്നതല്ലാതെ അയാൾക്കു മററപകടങ്ങൾ ഒന്നും സംഭവിച്ചിരുന്നില്ല. കുതിര വിരളുന്നതിനു കാരണമെന്തെന്നു് അയാൾക്കു മനസ്സിലായില്ല. നോക്കിയതിൽ യാതൊരു കുഴപ്പവും കാണ്മാനുണ്ടായിരുന്നില്ല. കുതിരയെ തടകി എഴുന്നേൽപിക്കുന്നതിനായി വൈദ്യൻ വളരെയെല്ലാം ഉൽസാഹിച്ചു. എന്നാൽ ഫലമുണ്ടായില്ല.

"എടോ, വണ്ടിക്കാരൻ" എന്നു് അയാൾ ഉറക്കെ വിളിച്ചു യാതൊരു മറുപടിയും കേട്ടില്ല. വണ്ടിക്കാരൻ എവിടെ ആയിരുന്നുവെന്നു നോക്കിയപ്പോൾ ആണു കാഴ്ചം

മനസ്സിലായതു്. അവൻ ബോധഹീനനായി കുറെ അകലെ കിടക്കുകയായിരുന്നു.

"അഹ, കാര്യം വലിയ വിഷമതയിൽ ആയല്ലൊ" എന്നിങ്ങനെ വൈദ്യൻ വിളിച്ചു പറഞ്ഞു.

"എന്താണു കാര്യം" എന്നു് ആ വഴിയായി പോയ ഒരാൾ വിളിച്ചു ചോദിച്ചു.

വൈ—സമീപത്തു് ആളുകൾ വല്ലവരുമുണ്ടെങ്കിൽ ഇങ്ങോട്ടേയ്ക്കു് ഒന്നു വന്നാൽ കൊള്ളാമായിരുന്നു. എനിക്കു സഹായം വേണ്ടിയിരിക്കുന്നു.

സ്ത്രീ—പുരുഷന്മാരെ, ആരെയും ഇവിടെ കാണുന്നില്ല. ഞാൻ ഒരു സ്ത്രീയാണു്. എന്റെ ഭർത്താവു പനിയായി വീട്ടിൽ കിടക്കുയുമാണു്. കുതിര വീണുപോയൊ?

സ്ത്രീ അടുത്തുവന്നു.

സ്ത്രീ—അയ്യൊ, ഒരാളല്ലെ, അതാ അവിടെ കിടക്കുന്നതു്.

വൈ—എനിക്കു സഹായം വേണ്ടിയിരിക്കുന്നു. ആളും കുതിരയും ഇവിടെ കിടന്നാൽ പോരല്ലൊ.

സ്ത്രീ—കുനിഞ്ഞു കുതിരയെ സൂക്ഷിച്ചുനോക്കി.

സ്ത്രീ—കുതിരയ്ക്കു വലിയ തരക്കേടൊന്നും പററിട്ടുള്ളതായി തോന്നുന്നില്ല. ചില കുതിരകളുടെ സ്വഭാവമാണതു്. തന്നെത്താൻ തോന്നുമ്പോളല്ലാതെ ഈ കള്ളപ്രാണികൾ എഴുനേൽക്കയില്ല. കാലിനോ മറെറാ ഉളുക്കു പററീട്ടുണ്ടോ എന്തൊ? എങ്ങിനെയാണു് ഇതു സംഭവിച്ചതു്?

വൈ—അ കാര്യമാണു ഞാനും ആലോചിക്കുന്നതു്. എനിക്കും കഥ മനസ്സിലാകുന്നില്ല. ഇതുവരെ ഇങ്ങനെ ഒരു അബദ്ധം അവൻപ്രവർത്തിച്ചിട്ടില്ല. എങ്ങനെ വീണൊ എന്തൊ എനിക്കറിഞ്ഞുകൂടാ.

സ്ത്രീ കുതിരയുടെ അട്ടക്കൽനിന്നു കുതിരക്കാരന്റെ സമീപത്തേയ്ക്കു ചെന്നു. അവനു് അപ്പോഴും ബോധം വീണിരുന്നില്ല.

സ്ത്രീ—ഇങ്ങനെ കാരണം കൂടാതെ കാര്യങ്ങൾ സംഭവിക്കുമ്പോളാണു് ഭയപ്പെടേണ്ടതു്. ഇവ ദുഷ്കാലലക്ഷണങ്ങളാണു്.

വൈ—ലക്ഷണങ്ങൾ എന്നെന്തിനു പറയുന്നു? ആ വത്തു സംഭവിച്ചിരിക്കു തന്നെയല്ലെ? മേലാൽ സംഭവിക്കുമെന്നല്ലല്ലൊ പറയേണ്ടതു്.

സ്ത്രീ—അതു ശരിതന്നെ. എങ്കിലും വരുംഫലം കൂടി പറയണമല്ലൊ. യജമാനൻ പ്രത്യേകം സൂക്ഷിച്ചിരിക്കണം. താമസിയാതെ വല്ല നാശവും സംഭവിച്ചേക്കും.

വൈ—ഹോ, എന്തു സംഭവിക്കാനാണു്? ആ വക മൂഢവിശ്വാസമൊന്നും എനിക്കില്ല.

സ്ത്രീ—ആക്ക്, എന്തു്, എപ്പോൾ സംഭവിക്കാൻ പോകുന്നു എന്നു നമുക്കൊരുത്തർക്കും അറിഞ്ഞുകൂടാ. അങ്ങു വല്ല സ്ഥലത്തേയ്ക്കും യാത്ര പുറപ്പെട്ടിരിക്കയായിരിക്കാം. ആരെന്നെനിക്കറിഞ്ഞുകൂടാ. ഏതായാലും തിരിച്ച വഴി ഇപ്പോൾ പോകേണ്ട മടങ്ങിക്കളകയാണു ശുഭം.

വൈ—അല്ലയൊ മിത്രമെ, നിങ്ങൾക്കു പിച്ചുണ്ടൊ? എന്തു ശുദ്ധതയാണിതു്?

സ്ത്രീ—എനിക്കു പിച്ചും, ഭ്രാന്തും, ഒന്നും ഇപ്പോൾഇല്ല മുമ്പുണ്ടായിരുന്നിട്ടുമില്ല.മററു പല ആളുകളെയുംകാൾ അധികമായി ഞാൻ ലോകഗതി സൂക്ഷിച്ചുനോക്കീട്ടുണ്ടു്. അതുകൊണ്ടു ഇങ്ങനെ പറഞ്ഞു എന്നേയുള്ളു. ഈ സംഭവങ്ങളെല്ലാം ദുഷ്കാലസൂചകങ്ങളാണു്. അങ്ങു് എവിടേയ്ക്കാണു് പുറപ്പെട്ടിട്ടുള്ളതു്.

വൈ—തെക്കേവഴി ഗ്രാമത്തിലേയ്ക്കു്.

സ്ത്രീ—ആഹാ, അത്രേ ഉള്ളോ? എന്നാലും ഞാനായിരുന്നെങ്കിൽ ഇപ്പോൾ അങ്ങോട്ടേയ്ക്കു പോകുകയില്ല. പുറപ്പെട്ടിടത്തേയ്ക്കു തന്നെ മടങ്ങുകയെ ഉള്ളൂ. യാത്ര മതിയാക്കണമെന്നുള്ളതിനു് ഇതൊരു മുന്നറിവാണു്.

വൈ—ഞാൻ അവിടെയാണു പാർക്കുന്നതു്. അങ്ങോട്ടേയ്ക്കു പോകാതിരിക്കാൻ നിവൃത്തിയില്ല. എന്തു വിധിയാണു നേരിടാൻ പോകുന്നതെന്നുള്ള അറിവു ലഭിക്കേണ്ടതിനെക്കാൾ എനിക്കു ഇപ്പോൾ അധികം ആവശ്യപ്പെട്ടിരിക്കുന്ന സഹായം ആൾസഹായമാണു്. അവശതയിൽ പെട്ട ഒരു കുതിര ഇതാ കിടക്കുന്നു. ബോധംകെട്ട ഒരാൾ അതാ കിടക്കുന്നു. ആദ്യംതന്നെ നിങ്ങൾ കുറെ വെള്ളം കൊണ്ടുവന്നു തന്നാൽ വലിയ ഉപകാരം.

ആ സ്ത്രീ ഉടൻ ഓടിപ്പോയി ഒരു കുടംനിറച്ചു വെള്ളവും ഒരു കപ്പും കൊണ്ടുവന്നു. വൈദ്യൻ അവ നന്ദിപൂർവം വാങ്ങിച്ചു.

വൈ—ഇനി നിങ്ങൾ ഒരു സഹായം കൂടി ചെയ്തു തന്നാൽ ഞാൻ ജയിച്ചു. അമ്മിണിഅമ്മാളുടെ വീട്ടിൽ ചെന്നു് ഈ വിവരം പറഞ്ഞു എല്ലാവരേയും ഇങ്ങോട്ടേയ്ക്കു പറഞ്ഞയപ്പിച്ചാൽ മതി.

സ്ത്രീ—ഓഹോ, ഞാൻ പോയി പറയാം. എന്റെ ഭർത്താവിനു തീരെ സുഖമില്ലാതെയിരിക്കയാണെങ്കിലും ഇത്രയും കൂടി ഞാൻ ചെയ്തുതരാം.

വൈ—ആരാണയാൾക്കു മരുന്നു കൊടുക്കുന്നതു്.?

സ്ത്രീ—ആരുമില്ല. ഞങ്ങൾ പാവങ്ങൾ, വൈദ്യന്മാർക്കു പടി കൊടുക്കാനും മറ്റും ശേഷിയുള്ളവരല്ല. വല്ലപൊട്ടും പൊടിയും കൊണ്ടു ദീനം ഭേദമാകുകയെ ഉള്ളൂ.

വൈ—ആകട്ടെ, നിങ്ങൾ എനിക്കുവേണ്ടി ഇത്രയും ബുദ്ധിമുട്ടുന്നതുകൊണ്ടു നിങ്ങളുടെ ഭർത്താവിനു് എന്നാൽ കഴിയുന്ന സഹായം ഞാൻ ചെയ്തുകൊടുക്കാം. ഞാൻ അയാളുടെ അടുക്കലേക്കു ചെല്ലാം. നിങ്ങൾ പോയിവരിക.

സ്ത്രീ—അങ്ങേക്കു ചികിത്സയുണ്ടോ?

വൈ—ഉണ്ടു്. ഞാൻ ഒരു വൈദ്യനാണു്. ഒരുവണ്ടിയും രണ്ടാളുകളും വരത്തക്കവണ്ണം നിങ്ങൾ പോയി പറയണം. എൻെറ കുതിര നിങ്ങൾ പറയുന്നതുപോലെ കുഴപ്പെട്ടു കിടക്കുകയാണെന്നു തന്നെ എനിക്കും തോന്നുന്നു.

സ്ത്രീ—ആൾക്കു് അപകടം വല്ലതും പററിയിരിക്കുമോ എന്താണു അങ്ങയുടെ അഭിപ്രായം?

വൈ....അയാൾ സ്തംഭിച്ചുപോയി എന്നു തോന്നുന്നു. നിങ്ങൾ വേഗം ചെല്ലുക. നരഹരവൈദ്യൻെറ ആവശ്യമാണെന്നു് അമ്മാളോടു പറയണം.

സ്ത്രീ—ഓടിപ്പോയി കാൎയ്യം സാധിച്ചുകൊണ്ടു ക്ഷണത്തിൽ മടങ്ങിയെത്തി. അപ്പോഴേക്കു വൈദ്യൻെറ കുതിരയും എഴുനേററു. അതിൻെറ കാലിനു് ഒരുളുക്കുപററുക മാത്രമെ ചെയ്തിരുന്നുള്ളു. വണ്ടിക്കാരനു് എന്നിട്ടും ബോധം വീണില്ല. ഇതിനിടെ സ്ത്രീയുടെ ഭർത്താവിൻെറ പനി നോക്കാനായി വൈദ്യൻ അവിടെ ഒന്നു പോകാതിരുന്നില്ല. ദീനം അത്രവളരെ കലശലായിരുന്നു എന്നു പറയാനില്ല. അടുത്ത ദിവസം കാലത്തെ ആൾ ചെന്നാൽ ഒരു മരുന്നു കൊടുത്തയയ്ക്കാമെന്നു പറഞ്ഞു് ആ കാൎയ്യം ശരിപ്പെടുത്തി.

വൈദ്യനും കുതിരയും വണ്ടിക്കാരനും ഗ്രാമത്തിൽ എത്തിയപ്പോഴേക്കു പലരും അവിടെ കൂട്ടംകൂടിയിരുന്നു. കുതിരയെ ഉടൻ തന്നെ കുതിരപ്പുരയിൽ ആക്കി വേണ്ട മരുന്നുകൾ കൊടുത്തു. വണ്ടിക്കാരനു വഴിക്കുവെച്ചു ബോധം

വീണിരുന്നു. അയാൾക്കു സാരമായ അപകടങ്ങൾ ഒന്നും പററിയിരുന്നില്ല. എങ്കിലും അയാൾക്കു വേണ്ട ശുശ്രൂഷകൾ എല്ലാം ചെയ്തുംവെച്ചു വൈദ്യൻ സ്വന്തമുറിയിലേക്കു പോയി. വാലിയക്കാരൻ പയ്യൻ അവിടെ കാത്തു നില്ക്കുന്നുണ്ടായിരുന്നു.

വൈ—എടാ, ചെറുക്കാ, എനിക്കു വല്ല എഴുത്തുകളൊ മറേറാ വന്നിട്ടുണ്ടോ?

ചെ—ഇല്ല യജമാനനെ, എഴുത്തൊന്നുമില്ല. രണ്ടുമൂന്നു ആളുകൾ യജമാനനെ കാണാൻ വന്നിരുന്നു. ഇൻസ്പെക്ടർ യജമാനൻെറ വീട്ടിൽ നിന്ന് ഇന്നലെയും ഇന്നും ആൾ വന്നിരുന്നു. അദ്ദേഹത്തിനു് സുഖക്കേടധികമാണു്. യജമാനൻ പൊയ്ക്കളഞ്ഞതുകൊണ്ടു വളരെ കോപിച്ചിരിക്കയാണെന്നു് ആ കറുത്ത ആൾ ഇന്നുകാലത്തു് എന്നോടു പറഞ്ഞു. ഇന്നു് എപ്പോഴെങ്കിലും യജമാനൻ അവിടെ ചെന്നുചേരാത്തപക്ഷം അദ്ദേഹം മററു വൈദ്യന്മാരെ വിളിക്കാൻ തീർച്ചയാക്കിയിരിക്കയാണെന്നും കേട്ടു.

വൈ—അയാൾക്കു ബോധിച്ചവരെ വിളിച്ചുകൊള്ളട്ടെ. ഏതു പിശാചിനെ ആയാൽ എനിക്കെന്തു്? വേറെ വിശേഷം ഒന്നുമില്ലെ?

ചെ—ഇല്ല, യജമാനനെ, ഇത്രയുമെ ഉണ്ടായിട്ടൊള്ളു.

ചെറുക്കൻ പുറത്തേക്കു പോയി. വൈദ്യൻ ആലോചനയിൽ മുഴുകി അല്പനേരം അവിടെ നിന്നു. അതിൻെറശേഷം വടിയും ചെരിപ്പും എടുത്തുകൊണ്ടു വെളിയിലേക്കു പുറപ്പെട്ടു.

വൈ....എടാ ചെറുക്കാ ഞാൻ മടങ്ങി എത്തുമ്പോഴേക്കു കാപ്പി തയ്യാറായിരിക്കട്ടെ.

ഇൻസ്പെക്ടരുടെ വീട്ടിലേക്കാണു് നരഹരവൈദ്യൻ ബദ്ധപ്പെട്ടു പുറപ്പെട്ടതു്.

രോഗാന്വേഷണത്തിനു പുറമെ മററു ചില കാൎയ്യങ്ങൾ കൂടി ഉണ്ടായിരുന്നില്ലെങ്കിൽ ഈ അസമയത്തും ഇത്രയുമെല്ലാം ക്ഷീണിച്ചും പരിഭ്രമിച്ചും ഇരുന്ന അവസരത്തിലും അയാൾ പുറപ്പെട്ടുമായിരുന്നോ എന്നുള്ളതു സംശയമാണു്. നരഹരവൈദ്യനെ അറിഞ്ഞിട്ടുള്ളവരാരും അയാൾക്കു് അതിനുതക്ക സാധുത്വമുള്ളതായി അഭിപ്രായപ്പെട്ടുമെന്നും തോന്നുന്നില്ല.

ഈ ഇൻസ്പെക്ടർ ഏകദേശം മൂന്നുമാസം മുമ്പാണു് തെക്കെവഴിഗ്രാമത്തിൽ പാൎക്കാൻ വന്നതു്. അദ്ദേഹം ഇപ്പോൾ അട്ടത്തുൺപററി താമസിക്കയാണെന്നും മുമ്പു പറഞ്ഞിട്ടുണ്ടല്ലൊ. ചെമ്പകമംഗലം എന്നൊരു വീട്ടിലാണു് അദ്ദേഹത്തിൻെറ താമസം. ഈ വീടിനു ധാരാളം വൃത്തിയും ഭംഗിയും ഉള്ളതുകൊണ്ടു മാത്രമാണു് അദ്ദേഹം വലിയ ഒരു കൂലി കൊടുത്തു് അവിടം എടുത്തിട്ടുള്ളതു്. തൻെറ അപ്പോഴത്തെ നിലയ്ക്കു വീട്ടുവാടക കുറെ അധികം തന്നെയായിരുന്നു. എങ്കിലും നല്ല സ്ഥിതിയിൽ പരിചയിച്ചിരുന്ന അദ്ദേഹത്തിനു് അതിൽ താണതായ ഒരു ഗൃഹത്തിൽ പാൎക്കുക എന്നുള്ളതു മനസ്സിനു ഒട്ടുംതന്നെ യോജിപ്പായിത്തോന്നിയില്ല. വളരെക്കാലം സുഖമായി കാലക്ഷേപം ചെയ്തു എന്നല്ലാതെ വലിയ സ്വത്തുക്കൾ ഒന്നും ഇൻസ്പെക്ടർ സമ്പാദിച്ചിരുന്നില്ല. അതിനാൽ അട്ടത്തുന്നായ അവസരത്തിൽ പണത്തിൻെറ ഞെരുക്കം കുറെശ്ശെ അനുഭവിക്കേണ്ടതായിട്ടാണു് അദ്ദേഹത്തിനു വന്നുകൂടിയതു്.

ഇദ്ദേഹത്തിനു മൂന്നു പെൺമക്കളാണുള്ളതു്. വിശാലാക്ഷി, കാമവല്ലി, ശ്രീമതി ഇങ്ങനെയായിരുന്നു മൂന്നു പെൺകുട്ടികളുടെയും പേരുകൾ. ഈ സഹോദരികൾ തമ്മിൽ വളരെ പ്രായവ്യത്യാസവും ഉണ്ടായിരുന്നു. ഇവരു

ടെ ചരിത്രം ഇപ്പോൾ വിവരിക്കാൻ സൌകര്യമില്ലാത്തതു കൊണ്ടു് അയതു പിന്നീടാവാമെന്നു കരുതുന്നു. മദനദേവൻ എന്നായിരുന്നു ഇൻസ്പെക്ടരുടെ പേരു്. ഇദ്ദേഹത്തിനു് വാതത്തിൻെറ ഉപദ്രവം കുറേക്കാലമായി ഉണ്ടാകാറുണ്ടു്. ഉദ്യോഗസ്വഭാവം കൊണ്ടോ പ്രകൃത്യാതന്നെയോ ഒരുവിധം മൂർഖശീലനായിരുന്ന ഇദ്ദേഹം രോഗബാധഹേതുവായി വലിയ കോപശീലനായിത്തീർന്നു. വാതം കോപിച്ചിരിക്കുന്ന സന്ദർഭങ്ങളിൽ ഇൻസ്പെക്ടരുടെ ഹിതത്തിനു അനുസരിച്ചു നിൽക്കാൻ മക്കൾക്കും വേലക്കാർക്കും അത്യധികമായ ക്ലേശം തോന്നാതിരുന്നില്ല. ഇദ്ദേഹം തെക്കേ വഴിഗ്രാമത്തിൽ ആദ്യം വന്നുചേർന്നപ്പോൾ ഒരു വൈദ്യനെ തിരിഞ്ഞുകൂട്ടിക്കൊണ്ടുവരുന്നതിനായി തൻെറ വിശ്വസ്തഭൃത്യവാം ദീർഘപരിചിതനും ആയ ചിന്നപ്പനെ നിയോഗിച്ചയയ്ക്കുകയും അയാൾ ചെന്നു് നരഹരവൈദ്യനെ വിളിച്ചുകൊണ്ടുപോകയും അന്നുമുതൽ ആ വൈദ്യൻ അവിടുത്തെ ചികിൽസക്കാരനായി ഭവിക്കയും ആണു് ഉണ്ടായിട്ടുള്ളതു്. വർഷകാലാരംഭത്തോടുകൂടി ഇൻസ്പെക്ടരുടെ സുഖക്കേടു് അധികമായിത്തീർന്നതിനാൽ വൈദ്യൻ ചിലപ്പോഴെല്ലാം അവിടത്തന്നെ താമസിക്കുകപോലും ചെയ്യേണ്ടിവന്നിരുന്നു. ഇപ്രകാരമുള്ള നിത്യസഹവാസം ഹേതുവായി വീട്ടിൽ എല്ലാവർക്കും വൈദ്യനോടു ക്രമേണ വലിയപരിചയവും സന്തോഷവും ഉണ്ടായിത്തീർന്നിട്ടുമുണ്ടു്.

നരഹരവൈദ്യൻ കുന്നുമ്പുറത്തേക്കു് അടുത്തു. അവിടെയാണു ചെമ്പകമംഗലംവീടും ഇൻസ്പെക്ടരുടെ താമസവും. ഒരു മുറിയിൽ മങ്ങിജ്വലിക്കുന്നതായ ഒരു ദീപവും. വേറൊന്നിൽ ധാരാളമായ പ്രകാശവുമാണു് വൈദ്യൻ കണ്ടതു്.

വൈ—(ആത്മഗതം) അവർ ക്ഷേത്രത്തിൽനിന്നു മടങ്ങിവന്നില്ലായിരിക്കുമൊ? വെളിച്ചം കുറഞ്ഞു കാണുന്നതു

കൊണ്ടു് അങ്ങിനെ ഊഹിക്കേണ്ടിയിരിക്കുന്നു. എല്ലാവരും പോയിട്ടുണ്ടോ എന്തോ?

ദീപശോഭയുണ്ടായിരുന്ന മുറി ഇൻസ്പെക്ടരുടെ കിടപ്പുമുറിയാണെന്നും വിളക്കു മങ്ങിക്കത്തുന്നുണ്ടായിരുന്നതു വിശാലാക്ഷി മുതലായവരുടെ ഇരിപ്പുമുറിയാണെന്നും നിത്യപരിചയം മുഖേന അയാൾക്കറിയാമായിരുന്നു.

വൈദ്യൻ അകത്തേക്കു കടന്നുചെന്നപ്പോൾ ആദ്യം കണ്ടതു ഇൻസ്പെക്ടരുടെ ഭൃത്യൻ ചിന്നപ്പനെയാണു്.

ചിന്നപ്പൻ—ഇപ്പോൾ അങ്ങുന്നു വന്നതു നന്നായി. മററ വൈദ്യന്മാരിൽ ഒരാളെ വിളിച്ചുകൊണ്ടുവരികയാണു വേണ്ടതെന്നു യജമാനൻ ഇപ്പോഴാണു് എന്നോടു പറഞ്ഞതു്.

ഇതു കേട്ടപ്പോൾ നരഹരിവൈദ്യനും അല്പം കോപം തോന്നി. അയാൾ രോഗിയുടെ മുറിയിലേക്കു ചെന്നു. രോഗി കിടക്കുകയായിരുന്നു. അദ്ദേഹം അവിടെ ഉണ്ടായ ഒരു വലിയ സുഖക്കേടുഭേദപ്പെട്ടു് ഒരു വിധം സ്വാസ്ഥതയെ പ്രാപിച്ചു വരികയായിരുന്നു. വാസ്തവത്തിൽ വൈദ്യനെ ഉടനടി കാണേണ്ട യാതൊരു ആവശ്യവും അപ്പോൾ നേരിട്ടിരുന്നില്ല, എന്നാൽ ദീനം സുഖപ്പെട്ടുതുടങ്ങുന്നതോടുകൂടി ക്ഷമയില്ലായ്മ അധികം പ്രദർശിപ്പിക്കുന്നതു് അദ്ദേഹത്തിൻെറ ഒരു ദുശ്ശീലമാണു്. വൈദ്യൻ വന്നവിവരം അറിഞ്ഞു് ഇൻസ്പെക്ടർ തൻെറ അടുക്കൽ ഇരുന്നിരുന്ന കാമവല്ലിയെ പുറത്തേക്കു പറഞ്ഞയച്ചു. ഈ മകൾക്കാണു മക്കളിൽ എല്ലാവരിലും വച്ചു് ഏററവും അധികം സൌന്ദര്യമുണ്ടായിരുന്നതു്.

വൈദ്യൻ ദീനക്കാരൻെറ അടുത്തു വന്നിരുന്നു സാവധാനത്തിൽ ഇങ്ങനെ പറഞ്ഞുതുടങ്ങി—"നിവൃത്തിയില്ലാതായിപ്പോയി" അച്ഛനു ദീനം കലശലാണെന്നും ഞാൻ ഉടനെ ചെല്ലണമെന്നും കമ്പി വന്നതുകൊണ്ടാണു പോയ

ത്. വിവരത്തിന്ന് ഒരെഴുത്തയച്ചിരുന്നതു കിട്ടിയിരിക്കുമല്ലൊ.

ഇ—ഞാൻ ഇവിടെ കിടന്നു ചാകുകയും ചെയ്തുകൊള്ളട്ടെ; അങ്ങിനെയല്ലെ?

വൈ—ചാവുകയില്ല. ഒരു കാരണവും അതിന്ന് ഇപ്പോൾ ഇല്ല. എന്നുതന്നെയല്ല ഭയപ്പെടത്തക്കവണ്ണം യാതൊരു ലക്ഷണവും ഞാൻ കാണുന്നില്ല. വല്ല സംശയവും എനിക്കുണ്ടായിരുന്നെങ്കിൽ മററു വൈദ്യന്മാരിൽ ഒരാളെ ഇവിടെ വരുത്തിയിരുത്താതെ ഞാൻ അങ്ങോട്ടുമിങ്ങോട്ടും തിരിയുമായിരുന്നില്ല.

ഇ—നിങ്ങൾ ഇന്നു രാത്രിയിൽ വന്നുചേർന്നില്ലെങ്കിൽ ഞാൻ തന്നെ അവരിൽ ഒരാളെ ചുമതലപ്പെടുത്തിക്കൊള്ളുമായിരുന്നു. ശുശ്രൂഷയ്ക്കു ഒരു വൈദ്യൻ ഇല്ലാതെ ഞാൻ സർവാംഗവേദന അനുഭവിച്ചുകൊണ്ടു് ഇവിടെ കിടക്കട്ടെ എന്നു വയ്ക്കുന്നതു മഹാ കഠിനമല്ലേ?

വൈ—അങ്ങേയ്ക്കു് ഇപ്പോൾ പണ്ടത്തേതിൽ പത്തിലൊരു ഭാഗം വേദനയില്ലല്ലൊ. ഇന്നു് എഴുന്നേററു് ഇരുന്നില്ലെ?

ഇ—ഇല്ല ഞാൻ എഴുന്നേററില്ല. എഴുന്നേൽക്കാൻ എനിക്കു മനസ്സുമില്ല.

വൈ—ആകട്ടെ, നാളെ എഴുന്നേല്പിക്കാം. അപ്പോൾ വളരെ സുഖം തോന്നാതിരിക്കയുമില്ല.

ഇ—നിങ്ങളുടെ അച്ഛൻ ചത്തോ?

വൈ—ഇല്ല. കമ്പി അടിച്ചപ്പോളത്തേക്കാൾ വളരെ അധികം സുഖമുണ്ടു്; എങ്കിലും അദ്ദേഹം ഇനി ഏറെക്കാലം ജീവിക്കുമെന്നു് എനിക്കു് ആശയില്ല. ജീവൻ പോകുന്നതിനു മുമ്പു് അദ്ദേഹത്തെ കാണേണ്ട ചുമതല എനിക്കു് പ്രത്യേകമായുണ്ടു്. എന്തെന്നാൽ ഞങ്ങൾ തമ്മിൽ

നല്ല സ്വരച്ചേർച്ചയില്ലാതാണിരുന്നതു്. അതിനു് ഒരു ചില്ലറക്കാരണം ഉണ്ടായിരുന്നു.

ഈ കാര്യം അറിഞ്ഞിട്ടു് ഇൻസ്പെക്ടർക്കു് എന്തു വേണം. നരഹര വൈദ്യൻ തന്റെ ഒരു വൈദ്യനെന്നല്ലാതെ അദ്ദേഹത്തിനു് അയാളെപ്പററി മററു യാതൊരു വിചാരവും ഉണ്ടായിരുന്നില്ലല്ലൊ. വാസ്തവത്തിൽ അയാളെ ഒരു സ്നേഹിതനായിട്ടുപോലും ഇൻസ്പെക്ടർ കരുതിയിരുന്നില്ല.

വൈ—അദ്ദേഹം എനിക്കു് ഗുണവാനായ അച്ഛനായിട്ടല്ല വർത്തിച്ചിരുന്നതു്. അമ്മ എന്റെ ശിശുപ്രായത്തിൽ തന്നെ മരിച്ചു പോയിരുന്നു. ആ ദുഃഖസംഭവം ഹേതുവായിട്ടല്ലായിരുന്നെങ്കിൽ എന്റെ സ്ഥിതി ഇപ്പോൾ ഇങ്ങനെയിരിക്കയില്ലായിരുന്നു.

ഇ—സർ, ഈ ലോകത്തിൽ മനുഷ്യരുടെ നന്മതിന്മകൾക്കു ഹേതുഭൂതന്മാർ താന്താങ്ങൾ തന്നെയാണു്. അച്ഛനമ്മമാരെ ഈ വിഷയത്തിൽ ബന്ധിപ്പിക്കുന്നതു വൃഥാ എന്നാണു് എന്റെ അഭിപ്രായം.

വൈ—ഞാൻ പറഞ്ഞതു മനസ്സുഖത്തെ മാത്രം ഉദ്ദേശിച്ചാണു്. എന്റെ ബാല്യവും യൌവനവും ഏതവസ്ഥയിലായിരുന്നു കഴിഞ്ഞുകൂടിയിരുന്നതെന്നു് അങ്ങുന്നു് അറിഞ്ഞിട്ടില്ലല്ലൊ. അമ്മ പൊയ്പ്പോയതുകൊണ്ടുള്ള കുഴപ്പം ഞാൻ മാത്രമെ പൂർണ്ണമായി അനുഭവിച്ചിട്ടുള്ളു. ആഹാ, അവർ ജീവിച്ചിരുന്നെങ്കിൽ എന്റെ സ്ഥിതിക്കു് എത്രമാത്രം വ്യത്യാസം ഉണ്ടായിരിക്കുമായിരുന്നു.

ഇ—നിങ്ങളുടെ അച്ഛൻ ഒരു ദരിദ്രനാണൊ?

വൈ—ഹേയ് അല്ലല്ല. അദ്ദേഹം നല്ല സ്വത്തുകാരനാണു്. ഈ ഞാനല്ലാതെ അദ്ദേഹത്തിനു് സന്താനവുമില്ല.

ഇ—ഇരിക്കട്ടെ, എൻെറ ഇപ്പോഴത്തെ മരുന്നു് ഒന്നു മാററിയാൽ വേണ്ടില്ല.

വൈ—ഓഹൊ, ആവശ്യമുണ്ടെങ്കിൽ അങ്ങിനെ ചെയ്യാം.

അനന്തരം വൈദ്യൻ പുറത്തേക്കിറങ്ങി ഒന്നു കറങ്ങിത്തിരിഞ്ഞു് ഒരു മുറിയുടെ വാതുക്കൽ എത്തി. മനോഹരാംഗിയായ ഒരു നവയുവതി വൈദ്യനെ കാണാനായി അവിടെ കാത്തുനിൽക്കുന്നുണ്ടായിരുന്നു. അതു കാമവല്ലിയല്ലാതെ മററാരും ആയിരുന്നില്ല. വൈദ്യൻ അടുത്തുചെന്നു യുവതിയുടെ കൈക്കു പിടിച്ചു. അവളുടെ മുഖകമലം അപ്പോൾ രക്തവർണ്ണമായിരുന്നതു് തൻെറ പ്രിയസഖൻെറ ദർശനാനന്ദം കൊണ്ടുണ്ടായ ഹൃദയതൃപ്തിയാലായിരിക്കാം. നരഹര വൈദ്യൻെറ അപ്പോഴത്തെ സംഭാഷണ മാധുര്യം ആസ്വാദ്യകരമായിരുന്നു എന്നല്ലാതെ എന്താണു് പറയേണ്ടതു്. പുരുഷനു സ്ത്രീയോടു്, നരഹര വൈദ്യനു കാമവല്ലിയോടുണ്ടായിരുന്നതിൽ അധികമായ പ്രേമം ഉണ്ടാവുക എന്നുള്ളതു നിശ്ചയമായി അസാദ്ധ്യം തന്നെയാണു്.

വൈ—പ്രിയെ, മോഹിനി, ഭവതിയുടെ ദർശനഭാഗ്യം ഇപ്പോൾ അനുഭവിക്കാൻ സാധിക്കുമെന്നു ഞാൻ തീരെ ആശിച്ചിരുന്നില്ല. ഭവതി ഇവിടെ ഉണ്ടായിരിക്കയില്ലെന്നായിരുന്നു എൻെറ വിചാരം.

കാമ—ഇല്ല ഞാൻ ഇന്നു് അമ്പലത്തിൽ പോയില്ല. ജ്യേഷ്ഠത്തിയും ശ്രീമതിയും മാത്രമാണു് പോയിരുന്നതു്. ഞാൻ അച്ഛൻെറ ശുശ്രൂഷയ്ക്കായി ഇവിടെ താമസിക്കുകയായിരുന്നു. പ്രിയാ, അങ്ങു് എപ്പോഴാണു് മടങ്ങിയെത്തിയതു്?

വൈ—ഇന്നു രാത്രിയിലാണു്, ഭവതിയെ ഇപ്രകാരം തനിയെ കാണ്മാൻ സംഗതിയായതു ദൈവാനുഗ്രഹം തന്നെ എന്നു ഞാൻ വിശ്വസിക്കുന്നു.

അപ്പോൾ അവിടത്തെ വേലക്കാരൻ ആ വഴിയായി കടന്നുപോകുകയാൽ ഈ കാമിനീ കാമുകന്മാരുടെ ഏകാന്ത സംഭാഷണം പെട്ടെന്നു് അവസാനിക്കയും വൈദ്യൻ അയാളുടെ വീട്ടിലേക്കു് പുറപ്പെടുകയും ചെയ്തു. തന്റെ പ്രാണസഖന്റെ കാലൊച്ച തീരെ കേൾക്കാൻ വഹിയാതായതുവരെ കാമവല്ലി അവിടെ നിന്നശേഷം ഒരു ദീർഘശ്വാസത്തോടുകൂടി പതുക്കെ അച്ഛന്റെ മുറിയിലേക്കു പുറപ്പെട്ടു.

വൈദ്യൻ പടിക്കൽ എത്തിയപ്പോൾ വിശാലാക്ഷിയും ശ്രീമതിയും ക്ഷേത്രത്തിൽനിന്നു മടങ്ങി വരികയായിരുന്നു.

വി—അല്ലാ, അങ്ങു് മടങ്ങിയെത്തിയൊ? വലിയ കാര്യമായി വന്നതു്. വന്നിട്ടു് അച്ഛനെ കണ്ടോ?

വൈ—ഉവ്വ്. ഞാൻ ഇപ്പോൾ അദ്ദേഹത്തിന്റെ അടുക്കൽനിന്നാണു് വരുന്നതു്. ഭവതിയുടെ അച്ഛനു വളരെ സുഖമുണ്ടെന്നു കാണുന്നതു് വലിയ സന്തോഷം തന്നെ. ഒന്നുരണ്ടു ദിവസത്തിനകം പുറത്തിറങ്ങി സഞ്ചരിക്കാറാവും; സംശയമില്ല.

ശ്രീ—വൈദ്യൻജ്യേഷ്ഠാ, അങ്ങിനെ പറഞ്ഞാൽ പോരാ; അച്ഛനെ എളുപ്പത്തിൽ സുഖപ്പെടുത്തിത്തരണം. ദീനം സുഖമായാൽ ഉടനെ എന്നെ ഒരു സവാരിക്കു കൊണ്ടുപോകാമെന്നു് അച്ഛൻ പറഞ്ഞിട്ടുണ്ടു്.

വൈ—ശ്രീമതി, അങ്ങനെയാവട്ടെ. ഞാൻ വേഗത്തിൽ അദ്ദേഹത്തെ സുഖപ്പെടുത്താം. രണ്ടു പേർക്കും വന്ദനം. ഞാൻ പോകട്ടെ.

നരഹരവൈദ്യൻ നടന്നു. വിചാരമഗ്നനായിട്ടാണു് അയാൾ യാത്രചെയ്തതു്. ഇൻസ്പെക്ടരുമായുള്ള സംഭാഷണം നിമിത്തം തൻെറ പൂർവ്വകഥയുടെ സ്മരണ അയാളുടെ മനസ്സിൽ ഉണ്ടായതു് എളുപ്പത്തിൽ വിട്ടുപോയില്ല. തൻെറ കഴിഞ്ഞ കാലങ്ങളിലെ സൽകൃത്യങ്ങളേയും ദുഷ്കൃത്യങ്ങളേയും സുഖങ്ങളേയും ദുഃഖങ്ങളേയും പാപങ്ങളേയും പുണ്യങ്ങളേയും അയാൾ ഇനി തിരിച്ചു പരിശോധിച്ചു അച്ഛൻെറ ജീവിതവും ഒട്ടുംതന്നെ അനുകരണയോഗ്യമായ ഒന്നായിരുന്നില്ല. അതുകണ്ടാണു മകൻ അഭ്യസിച്ചിട്ടുള്ളതും. തന്നെ സദ്വിഷയത്തിൽ പ്രവർത്തിപ്പിക്കുന്നതിനു അയാൾക്കു് പിന്നീടാരാണുള്ളതു്: അമ്മ ചെറുപ്പത്തിൽ മരിച്ചുപോയിരുന്നല്ലൊ. ആകയാൽ സദുപദേശങ്ങൾ നൽകുന്നതിനും നേർ വഴിയിൽ തിരിച്ചു വിടുന്നതിനും നരഹരവൈദ്യനു് ആരും ഉണ്ടായിരുന്നില്ല. ദുരഭ്യാസങ്ങളിൽ വളൎന്നു വന്ന ഈ വൈദ്യൻ തൻെറ അവിവേക പ്രവൃത്തികൾ മൂലമായി ചെറുപ്പത്തിൽതന്നെ വലിയ കടക്കാരനായിത്തീൎന്നു. കടം വീട്ടുന്നതിനു പണം വേണമെന്നു് അച്ഛനോടു് നിർബന്ധിച്ചപ്പോൾ ആ മനുഷ്യൻ കോപാക്രാന്തനായി മകനെ ശാസിച്ചു. താൻ ഒരു കാലത്തും ഈ കാൎയ്യത്തിനായി ഒററക്കാശു പോലും കൊടുക്കയില്ലെന്നു് അയാൾ സത്യം ചെയ്തു. അന്നു മുതൽ അച്ഛനും മകനും തമ്മിൽ പിണങ്ങിപ്പിരിഞ്ഞു. നരഹരവൈദ്യൻ തെക്കെ വഴി ഗ്രാമത്തിൽ പാർപ്പാക്കിയിരിക്കയാണു്. എന്നിട്ടും അച്ഛനും മകനുംതമ്മിൽ ഉള്ള ശത്രുത മാറിയില്ല. അങ്ങിനെയിരിക്കെയാണു് അച്ഛനു ഭയങ്കരമായ രോഗം ആരംഭിച്ചതു്. അപ്പോൾ പഴയ അവസ്ഥ താനേ ഭേദപ്പെട്ടു. മകനേ കാണണമെന്നും അവർ തമ്മിലുള്ള വൈരസ്യം അവസാനിപ്പിക്കണമെന്നും അച്ഛനു വലിയ മോഹമുണ്ടായി.

ഈ അഗ്രഹത്തിൻെറ ഫലമായിട്ടായിരുന്നു നരഹരവൈദ്യന്നു പെട്ടെന്നു് കമ്പികിട്ടിയതു്. അയാൾ ഉടൻ ചെന്നു് അച്ഛനെ കണ്ടു. അവർ തമ്മിൽ സന്തോഷമായി സംസാരിച്ചു. പൂർവശത്രുതകൾ എല്ലാം പൂർണ്ണമായി പറഞ്ഞുതീർത്തു. മകനെ തന്നെയാണു് തൻെറ സകല സമ്പാദ്യങ്ങൾക്കും അവകാശിയാക്കിയിരിക്കുന്നതെന്നുള്ള പ്രമാണം അച്ഛൻ മകനെ കാണിച്ചു. മകൻ പരമസന്തുഷ്ടനായും തീന്നു. അയാളുടെ അത്യാനന്ദപൂർത്തിക്കു് ഇനി ഒരു കാര്യം കൂടി മാത്രമെ വേണ്ടിയിരുന്നൊള്ളു എന്നു നരഹരവൈദ്യൻ അഗ്രഹിച്ചു. അതായതു് ഇൻസ്പെക്ടരുടെ പുത്രി കാമവല്ലിയുമായുള്ള വിവാഹംകൂടി സാധിച്ചാൽ താൻ മഹാ ധന്യനായി എന്നായിരുന്നുവൈദ്യൻെറ ആലോചന.

അയാൾ വീട്ടിൽ എത്തി അത്തഴം കഴിച്ചശേഷം ഉടുപ്പിൻെറ ചേപ്പിൽനിന്നു് ഏതാനും എഴുത്തുകൾ പുറത്തെടുത്തു് ഓരോന്നും വായിച്ചുനോക്കി.

വൈ—(ആത്മഗതം) ഈ ഒരെണ്ണം സൂക്ഷിക്കേണ്ടതാണു്. ശേഷമുള്ളവ ചുട്ടുകളയാം, വിരോധമില്ല.

അപ്പോൾ വാലിയക്കാരൻ വാടിയ മുഖവുമായി ഒരു എഴുത്തു കയ്യിൽ വച്ചുകൊണ്ടു വൈദ്യൻെറ മുമ്പിൽ വന്നു.

വൈ—എന്തെടാ, എന്താണതു്?

വാ—യജമാനന്നെ, ക്ഷമിക്കണം. മുമ്പു ഞാൻ മറന്നുപോയ ഒരെഴുത്താണിതു്. അങ്ങുന്നു് ഇവിടെനിന്നു പോയ രാത്രിയിൽ ഒരാൾ കൊണ്ടുവന്നതാണു് ഈ എഴുത്തു്.

നരഹരവൈദ്യൻ ആ എഴുത്തു വാങ്ങി വായിച്ചുനോക്കി.

വൈ—ആരാണു് ഇതു കൊണ്ടുവന്നതു്?

വാ—ഇന്നാരെന്നു് എനിക്കു നിശ്ചയമില്ല. ഒരു സ്ത്രീയാണു്.

വൈദ്യൻ എഴുത്തു വീണ്ടും വായിച്ചു. ശ്രദ്ധയോടുകൂടി മൂന്നാമതും വായിച്ചു. അതിൻെറ ശേഷം സൂക്ഷിക്കേണ്ട ഒരെണ്ണം മാററിവച്ചുംവച്ചു് ശേഷമെല്ലാംഎടുത്തു തീയിലിട്ടു—"ഇതു സൂക്ഷിച്ചുവച്ചില്ലെങ്കിൽ മൂപ്പൻപിന്നീടു മാറിക്കളഞ്ഞേക്കും. ദീനം ഭേദപ്പെട്ടുമ്പോൾ പഴയ വിരോധം വീണ്ടും ഉണ്ടായെങ്കിൽ താൻ ഇങ്ങനെ ഒരെഴുത്തു് എഴുതിയിരുന്നില്ലെന്നു് ഒരുവേള പറയാനും മതി. അങ്ങനെ വരുന്നപക്ഷം തെളിവിൽ കാണിക്കാൻ ഇതിരിക്കട്ടെ"—എന്നിങ്ങനെ അയാൾ തന്നത്താൻ പറഞ്ഞു.

മൂപ്പൻ എന്നു് അഗണ്യമായി വൈദ്യൻ പറഞ്ഞതു സ്വന്ത പിതാവിനെപ്പററിയാണു്. അയാൾ ആ എഴുത്തു് എടുത്തുകൊണ്ടുപോയി ഒരു പെട്ടിയിൽ വച്ചു പൂട്ടി. വീണ്ടും ഇരിപ്പുമുറിയിൽ വന്നശേഷം വാലിയക്കാരൻ ഒടുവിൽ കൊണ്ടുചെന്നു കൊടുത്ത എഴുത്തു് ഒന്നുകൂടി വായിച്ചുനോക്കുന്നതിനായി അയാൾ ചേപ്പിൽ അതു തപ്പിനോക്കി. ആ എഴുത്തു ചേപ്പിൽ ഇല്ലായിരുന്നു. മേശപ്പുറത്തു കണ്ടില്ല. മററെഴുത്തുകളോടുകൂടി ചുട്ടുകളഞ്ഞിരിക്കുമെന്നു് അയാൾ വിചാരിച്ചു.

വൈ—ഹാ, ഞാൻ എത്ര മായനാണു്. വീട്ടുനമ്പർ എന്തു്. അതോർമ്മിച്ചില്ലെങ്കിലും വേണ്ടില്ല. കോവിൽഭാഗം എന്നോർമ്മയുണ്ടല്ലോ. അതു മതി, അന്വേഷിച്ചറിഞ്ഞുകൊള്ളാം. നമ്പ്ര 13 എന്നല്ല എഴുത്തിൽ കണ്ടതു്. അതെ, അങ്ങനെ തന്നെ.

വൈദ്യൻ വീണ്ടും പുറപ്പെട്ടു.

വാലിയക്കാരൻ—(ആത്മഗതം) ഇതെന്തൊരു തൊഴിലാണു്? ഇങ്ങനെ ഒരു ശല്യമുണ്ടോ? യജമാനനു് ഉറ

ങ്ങേണ്ടെന്നോ? അത്താഴം ഉണ്ടിട്ട് ഒന്നു മുറുക്കുകപോലും ചെയ്തില്ലല്ലോ. അതിന്നുപോലും ഈ ദീനക്കാർ അദ്ദേഹത്തിന്നു സാവകാശം കൊടുക്കാത്തതു കഠിനം തന്നെ.

# അഞ്ചാം അദ്ധ്യായം

തെക്കേ വഴി ഗ്രാമത്തിലെ പ്രധാന തെരുവിൽ ചന്ദ്രിക ധാരാളമായി വിലസുന്നുണ്ടായിരുന്നു. കോവിൽഭാഗം തെരുവിലെ പതിമ്മൂന്നാം നമ്പ്ര വീട്ടിലേക്കാണ് നരഹര വൈദ്യൻ പുറപ്പെട്ടിട്ടുള്ളതു്. അയാൾ അവിടെയെത്തി കതകിനു തട്ടി വിളിച്ചപ്പോൾ ലക്ഷ്മിഅമ്മ പുറത്തുവന്നു കതകു തുറന്നു. വന്നിട്ടുള്ള ആളേക്കണ്ടു ആ സ്ത്രീ യഥായോഗ്യമായ ഉപചാരം ഭാവിക്കയും കുശലപ്രശ്നം ചെയ്കയും ചെയ്തു.

വൈ—നിങ്ങളല്ലേ ലക്ഷ്മിയമ്മ?

ല—അതേ, ഞാൻ തന്നെ.

വൈ—ഇവിടെ ഒരു രോഗിക്കു് എന്നെ കാണണമെന്നു് ഏതാനും ദിവസം മുമ്പു് ഒരെഴുത്തയച്ചിരുന്നില്ലേ?

ല—ഉവ്വ്.

വൈ—എഴുത്തുവന്നുചേർന്നപ്പോൾ ഞാൻ വീട്ടിൽ ഉണ്ടായിരുന്നില്ല. ലാടപുരത്തേക്കു പോയിരിക്കകയായിരുന്നു. ഇന്നു മടങ്ങിയെത്തിയശേഷമെ ആ എഴുത്തു ഞാൻ കണ്ടുള്ളു. ദീനക്കാരിയുടെ പേരെന്തു്? എഴുത്തിൽ ഉണ്ടായിരുന്നു, മറന്നുപോയി.

ല—സ്നേഹലതാമ്മ എന്നാണ് പേരു്; അവർക്കു പ്രസവവേദന ആയിരുന്നല്ലൊ. പ്രസവം കഴിഞ്ഞു, ഇപ്പോൾ സുഖക്കേടു വിശേഷിച്ചൊന്നുമില്ല.

വൈ—പ്രസവം കഴിഞ്ഞു എന്നോ? സുഖമായി കഴിഞ്ഞുകൂടിയെന്നോ? എന്തു്! എഴുത്തിൽ കണ്ടതു് അങ്ങനെയല്ലല്ലൊ, ഇനിയും ഒരു രണ്ടു മാസം കൂടി കഴിഞ്ഞിട്ടേ അതിനു കാലമാകയുള്ളു എന്നാണല്ലൊ എഴുതിയിരുന്നതു്.

ല—അതെ, അതു വാസ്തവംതന്നെ, ഇവിടുത്തെ ജട്ടക്കാവണ്ടിയിലെ യാത്രയാണു് ഇങ്ങനെയെല്ലാം ആക്കിത്തീർത്തതു്.

വൈ—ഏതു ജട്ക്കാ? എന്തിനായി യാത്ര ചെയ്തു? നിങ്ങൾ പറയുന്നതു് എന്തെന്നെനിക്കു മനസ്സിലാകുന്നില്ല; വിവരമായി പറയുക.

ല—ഓഹോ, കാര്യം അങ്ങേയ്ക്കു മനസ്സിലായിട്ടില്ലെ? ആ സ്ത്രീ ലാടപുരത്തുനിന്നു് ഇവിടെ വന്നുചേരുകയായിരുന്നു. ഈ ദിക്കിൽ അവർക്കു യാതൊരു പരിചയവുമില്ല. അമ്മിണിഅമ്മാൾ മുഖേനയാണു് എൻെറ വീട്ടിൽ താമസമാക്കിയതു്, വളരെ ചെറുപ്പമാണു്; വിവാഹംപോലും കഴിഞ്ഞിരിക്കയില്ലെന്നാണു് അദ്യകാഴ്ചയിൽ തോന്നിപ്പോയതു്.

വൈ—അതെല്ലാമിരിക്കട്ടെ, ദീനകാര്യം പറയുക.

ല—ആ കാര്യം പറയാനാണു് തുടങ്ങുന്നതു്. അന്നു വൈകുന്നേരത്തു് അവർക്കു സുഖക്കേടു ആരംഭിച്ചു. വണ്ടിയിൽ ഇരുന്നതുനിമിത്തം ദേഹം ഇളകിയിരിക്കുമല്ലൊ; ഇവിടുത്തെ വണ്ടിയുടെ സ്ഥിതി അങ്ങു് അറിഞ്ഞിട്ടുള്ളതല്ലെ? സുഖക്കേടു പ്രസവവേദനയായി കലാശിച്ചു. നേരം പുലർച്ചയായപ്പോഴേക്കു പ്രസവം നടന്നു എന്നു പറഞ്ഞാൽ മതിയല്ലൊ. ഹാ! എന്തു ചെറിയ ഒരു പ്രജയാണു്. ഞാൻ

ഇത്രത്തോളം ചെറിയ ഒരു മനുഷ്യക്കുട്ടിയെ കണ്ടിട്ടില്ല. ഒരു പാവയുടെ അത്ര പുഷ്ടിപോലും ഇല്ല. ലാടപുരത്തു് ആരോ ഒരാൾ വന്നു കുട്ടിയെ ഇന്നു കൊണ്ടുപോകയുംചെയ്തു.

താൻ റെയിൽവേസ്റ്റേഷനിൽവച്ചു കണ്ട കട്ടകുമണി ഇതുതന്നെ എന്നു വൈദ്യൻ ഓർമ്മിച്ചു.

വൈ—ആരായിരുന്നു പ്രസവശുശ്രൂഷ ചെയ്തതു്?

ല—അനാമയവൈദ്യൻ വന്നിരുന്നു. അദ്ദേഹം ഒരു ആയയെ ഏർപ്പെടുത്തി കാര്യം വഹിച്ചു, അങ്ങു വേണമെന്നായിരുന്നു സ്നേഹലതാമ്മയുടെ നിർബന്ധം. പകരം തൽകാലത്തേക്കു മറ്റൊ വൈദ്യനെ വരുത്തിയെന്നേ ഉള്ളു.

വൈ—എന്നിട്ടു് ഇപ്പോൾ സുഖമായിരിക്കുന്നോ?

ല—വളരെ സുഖമായിരിക്കുന്നു! അകത്തേക്കു പോയി നോക്കാമല്ലൊ.

വൈ—നേരം അധികമായില്ലെ? ഇപ്പോൾ ഉപദ്രവിക്കുന്നതെന്തിനു്? ഉറങ്ങുകയായിരിക്കാം.

ല—ഉറങ്ങുകയാണെന്നു തോന്നുന്നില്ല, അഞ്ചു മിനിററു മുമ്പുവരെ ഉറങ്ങുകയല്ലായിരുന്നു നിശ്ചയംതന്നെ. ആയയെ വിളിക്കാനായി ഞാൻ മുറിയിലേക്കു പോയിരുന്നു. ആയ അടുക്കളയിൽ ഊണു കഴിച്ചുകൊണ്ടിരിക്കുന്നതേയുള്ളു. അങ്ങു് അകത്തേക്കു ചെല്ലുന്നതു സ്നേഹലതാമ്മയ്ക്കു സന്തോഷകരമായിരിക്കും. അങ്ങു വന്നുചേർന്നു എന്നു സമാധാനവുമുണ്ടല്ലൊ.

വൈദ്യൻ അകത്തേക്കു കടന്നു. ലക്ഷ്മിഅമ്മ ഉത്സാഹഭരിതയായി അടുക്കളയിലേക്കു് ഓടിപ്പോയി. പ്രസവമുറിയിൽ ഒരു മങ്ങിയ ദീപം മാത്രമേ പ്രകാശിക്കുന്നുണ്ടായിരുന്നുള്ളൂ. ദീനക്കാരി തനിച്ചേ അകത്തുണ്ടായിരിക്കയുള്ളു എന്നായിരുന്നു വൈദ്യൻ തീരുമാനിച്ചതു്. എന്നാൽ വാസ്തവം അങ്ങനെയായിരുന്നില്ല. അകത്തുണ്ടായിരുന്ന ഒരു

വിരിമറയ്ക്കപ്പുറമായി ചിരുത ഇരുന്നിരുന്നു. വൈദ്യൻ വളരെ പതുക്കെയാണു് ചെന്നിരുന്നതെങ്കിലും കാലൊച്ച കേട്ടു സ്നേഹലത ഉണൎന്നു തലപൊക്കി ചുററും നോക്കി. വൈദ്യൻ അടുത്തുചെന്നു കുശലപ്രശ്നം ആരംഭിച്ചു. അല്പനേരം കഴിഞ്ഞപ്പോൾ "എന്താണതു്? എന്താണതു്?" എന്നു അയാൾ ഉറക്കെ വിളിച്ചുചോദിച്ചു. എന്തിനെപ്പററിയാണു് ചോദിക്കുന്നതു്?" എന്നു ദീനക്കാരിയും ചോദിച്ചു.

വൈ—ഇവിടെ വേറെ ആരെങ്കിലും ഉണ്ടോ?

ആരെയും കാണാനുണ്ടായിരുന്നില്ല. മറുപടിയും ഒന്നും ഉണ്ടായില്ല. മുറിയിൽ വേറൊരുഭാഗത്തുണ്ടായിരുന്ന കതകു വൈദ്യൻ തുറന്നുനോക്കി. അവിടെയും ആരെയും കണ്ടില്ല. "എന്തോ വെറുതെ തോന്നിയതായിരിക്കാം" എന്നു് അയാൾ സമാധാനപ്പെട്ടു.

വൈ—ആരുടെയോ ശബ്ദം കേട്ടതുപോലെ തോന്നി. ആരെയും കാണുന്നുമില്ല.

സ്നേ—ഇവിടെ ആരും ഉള്ളതായി തോന്നുന്നില്ല. സൂതികർമ്മിണി ഉണ്ണാൻ പോയിരിക്കയാണു്. അടുത്ത വീട്ടിലായിരിക്കാം ഒച്ചകേട്ടതു്. അവിടത്തെ ശബ്ദം ചിലപ്പോൾ ഇവിടത്തേതുപോലെ കേൾക്കാറുണ്ടു്.

വൈ—എന്നാൽ അങ്ങനെയായിരിക്കാം.

ശബ്ദം ഉണ്ടായതു വാസ്തവത്തിൽ അവിടെത്തന്നെ ആയിരുന്നു. ചിരുതയാണു് ഉണ്ടാക്കിയതു്. വൈദ്യൻ വന്നു എന്നു് കണ്ടു് അവൾ ഇരുന്നിടത്തുനിന്നു പതുക്കെ എഴുനേററു ദൂരെ പോകുകയായിരുന്നു. അവൾ അവിടെ ഇരുന്നിരുന്ന വിവരം ദീനക്കാരത്തി അറിഞ്ഞിരുന്നില്ല. ചിരുത അടുക്കളയിലേക്കു പോയി. അയ്യയും ലക്ഷ്മി അമ്മയും സംസാരിച്ചുകൊണ്ടിരുന്ന കൂട്ടത്തിൽ ചേൎന്നു.

ല—അല്ല, ചിരുതെ, നീ ആകാശത്തുനിന്നു ഇറങ്ങി വരികയായിരുന്നൊ?

ചി - ഞാൻ പീനക്കാരിയുടെ അട്ടക്കൽനിന്നല്ലെ വരുന്നതു്?

ല—നിന്നെ ഞാൻ അവിടെയെങ്ങും കണ്ടില്ലല്ലൊ? ഞാൻ അങ്ങേതിൽനിന്നു് ഇപ്പോൾ അങ്ങോട്ടേക്കു ചെന്നതേ ഉള്ളു. ഞാൻ ചെന്നപ്പോൾ കൊച്ചമ്മ ഉറങ്ങുകയായിരുന്നു. നരഹരവൈദ്യൻ ഇപ്പോൾ അതാ അവിടെ വന്നിരിക്കുന്നു.

ല—വൈദ്യനു പററിയ അപകടത്തെപ്പററി അദ്ദേഹം നിന്നോടു വല്ലതും പറഞ്ഞോ?

ചി—എന്നെ അദ്ദേഹം കണ്ടേയില്ല. അദ്ദേഹം വരുന്നതു കണ്ടുകൊണ്ടു ഞാൻ മാറിക്കളഞ്ഞു. എന്തപകടമാണു്?

ല—അദ്ദേഹത്തിൻെറ വണ്ടി മറിഞ്ഞു വലിയ അബദ്ധം പററി. കുതിരക്കാരനും കുതിരയും ചത്തുഎന്നാണു് കേട്ടതു്.

ചി—അയ്യൊ! കഷ്ടമായിപ്പോയി.

ല—ഞാൻ ഈ കാര്യം ആയയോടു പറഞ്ഞുകൊണ്ടിരിക്കുകയായിരുന്നപ്പോളാണു് വാതുക്കൽ വിളികേട്ടതു്. ചെന്നുനോക്കിയപ്പോൾ വൈദ്യനെ കണ്ടു് അത്ഭുതപ്പെട്ടുപോയി. അദ്ദേഹവും ചത്തുപോയിരിക്കുമെന്നാണു് ഞാൻ ഊഹിച്ചതു്. ഏതായാലും അതുണ്ടായില്ലെന്നു ഇപ്പോൾ തീർച്ചയായല്ലൊ. അദ്ദേഹം വന്നിരിക്കുമ്പോൾ നാം ആരെങ്കിലും കൂടി അവിടെ വേണ്ടതല്ലേ?

ആയ—നാം അത്താഴം ഉണ്ണുകയല്ലെ? അവശ്യമുണ്ടെങ്കിൽ അദ്ദേഹം വിളിക്കട്ടെ ചിരുതെ, നിൻെറ തലവേദന ഇന്നു് എങ്ങനെയിരിക്കുന്നു?

ചി—വലിയ കുറവൊന്നുമില്ല. ഞാൻ അങ്ങേതിൽ പോയി കിടക്കട്ടെ. നേരം അധികമാകുന്നു.

വൈദ്യൻ അധികനേരം താമസിച്ചില്ല. ലക്ഷ്മി അമ്മയും ആയയും മടങ്ങിവന്നപ്പോളേക്കു് അയാൾ പുറത്തേക്കിറങ്ങിയിരുന്നു.

ല—എന്താ, വേണ്ടില്ലയൊ? ഇപ്പോൾ വലിയ സുഖക്കേടൊന്നുമില്ലന്നല്ലെ കാണുന്നതു്?

വൈ—ഒരു സുഖക്കേടുമില്ല. ഞാൻ പോകട്ടെ.

വൈദ്യൻെറ വണ്ടി തകൎന്നുപോയി എന്നും വണ്ടിക്കാരൻ ചത്തുപോയി എന്നും കുതിര മിക്കവാറും അങ്ങനെതന്നെയെന്നും മററുമായിരുന്നു ഗ്രാമത്തിലെ സംസാരം. എന്നാൽ ഇതൊന്നും വാസ്തവമായിരുന്നില്ലാല്ലൊ. വലിയ അപകടങ്ങൾ ഒന്നും തന്നെ സംഭവിച്ചിരുന്നില്ല. വണ്ടിക്കു് അല്പമായ അററകുററം തട്ടിയതു് അടുത്തദിവസം തന്നെ ശരിപ്പെടുത്തി. കുതിരക്കാരനു വലിയ സുഖക്കേടൊന്നുമില്ല. കുതിരയുടെ കാലിൽ അല്പം ഒരു നീരക്കോളുണ്ടു്. ഇങ്ങനെയെല്ലാമാണു് വാസ്തവം. കുതിരയുടെ സുഖക്കേടുനിമിത്തം അതിനെ വണ്ടിക്കു കെട്ടുന്നതിനു നിവൃത്തിയില്ലാതിരുന്നതിനാൽ അടുത്ത ദിവസം വൈദ്യൻ കാൽനടയായി തൻെറ ചികിത്സാസ്ഥലങ്ങളിൽ പോകേണ്ടിയിരുന്നു. അന്നു് ഉച്ചക്കു് അയാൾ വഴിക്കുവെച്ചു് അനാമയവൈദ്യനെ കണ്ടുമുട്ടി.

അനാ—പതിമൂന്നാം നമ്പർ വീട്ടിലെ പ്രസവക്കാരിയെ ഇനി നിങ്ങൾതന്നെ ചികിത്സിച്ചുകൊള്ളുമല്ലൊ. നിങ്ങൾ വരുന്നതുവരെ മാത്രമെ ഞാൻ ചുമതലപ്പെട്ടിരുന്നുള്ളു.

നര—അവൾക്കു സുഖമായിരിക്കുന്നുണ്ടല്ലൊ.

അനാ—അതെ, അതെ. ഞാൻ അല്പംമുമ്പു അവിടെ പോയിരുന്നു. നിങ്ങൾക്കു സാവകാശമുണ്ടെങ്കിൽ നമുക്കു്

ഇപ്പോൾ തന്നെ അങ്ങോട്ടേക്ക പോകാം. കാൎയ്യങ്ങൾ എല്ലാം പറഞ്ഞു നിങ്ങളെ ഭരമേല്പിച്ചേക്കാം.

നര—ഇന്ന രാത്രിയോ നാളെ കാലത്തോ ആകട്ടെ ഇപ്പോൾ എനിക്ക വേറൊരു ബദ്ധപ്പാടുണ്ട്. അവരുടെ അട്ടക്കൽ നാം ഒരുമിച്ചുചെന്നവേണം നിങ്ങൾ ചാൎജ്ജുവിടുകയും ഞാൻ ആ ചാൎജ്ജ് എടുക്കുകയും ചെയ്യാൻ. ഇന്നലെ സംഭവിച്ച വണ്ടി അപകടംകൊണ്ടും ഞാൻ ഏതാനും ദിവസമായി ഇവിടെ ഇല്ലാതിരുന്നതുകൊണ്ടും എനിക്ക് ഇന്നു വലിയ ബദ്ധപ്പാടുണ്ട്. എന്തിനെല്ലാമൊ പോകേണ്ടിയിരിക്കുന്നു. എല്ലാ ജോലികൾക്കും കൂടി സമയം കാണുന്നുമില്ല. ആ ദീനക്കാരിയുടെ പേരെന്തു്? മറന്നു പോകുന്നു.

അനാ—സ്നേഹലതാമ്മ.

നര—ഓൎമ്മിക്കാൻ വൈഷമ്യമുള്ള പേരൊന്നുമല്ലല്ലോ. എന്നിട്ടും മറന്നുപോകുന്നു. അതല്ലെ അത്ഭുതം. ഇരിക്കട്ടെ. അവരുടെ ചികിത്സ ഞാൻ കയ്യേൽക്കുന്നതു നാം രണ്ടുപേരും കൂടി അവരുടെ മുമ്പിൽവെച്ചു കാൎയ്യങ്ങൾ പറഞ്ഞതിന്റെശേഷം വേണ്ടതാണു്, അതല്ലേ മൎയ്യാദ? ഇന്നലെ രാത്രിയിൽ ഞാൻ വീട്ടിൽ വന്നപ്പോളാണ് അവരുടെ എഴുത്തുകണ്ടതു്. ഉടൻതന്നെ അങ്ങോട്ടേയ്ക്കു പോകാതിരുന്നില്ല, അവർ അപ്പോൾ മയങ്ങുകയായിരുന്നു. നേരം അധികമായിരുന്നതുകൊണ്ടു ഞാൻ വളരെനേരം താമസിച്ചില്ല. ദീനസ്ഥിതി ഒന്നും വിശദമായി ചോദിച്ചുമില്ല. ഇന്നു രാത്രിയിലൊ നാളെ കാലത്തൊ അവിടെ ഞാൻ വന്നുകൊള്ളാം. നിങ്ങളും വരിക. അവിടെവെച്ചു തമ്മിൽ കാണാം.

അനാ—രണ്ടിൽ ഏതു സമയവും എനിക്ക സൌകൎയ്യം തന്നെ.

നര.—എന്നാൽ ഇന്നു രാത്രി ഏഴുമണിക്കാകട്ടെ. വല്ല ബദ്ധപ്പാടു നിമിത്തവും ഇന്നു വരാൻ സാധിക്കാത്തപക്ഷം നാളെ പത്തുമണിക്കു ഞാൻ നിശ്ചയമായി അവിടെ ഉണ്ടായിരിക്കും. കഴിയുന്നതും ഇന്നു വൈകുന്നേരം തന്നെ എത്താൻ നോക്കാം. ആ സ്ത്രീ വളരെ ചെറുപ്പമാണല്ലൊ.

അനാ.—വളരെ വളരെ ചെറുപ്പം. ഇരുപത്തിണ്ടര വയസ്സെന്നൊമററൊ ആണ് അവർ പറഞ്ഞതു്. കാഴ്ചയിൽ അത്രയൊന്നും എനിക്കു തോന്നിയില്ല. ഇന്നലത്തെ വണ്ടി അപകടത്തിനു കാരണമെന്തായിരുന്നു?

നര.—നിങ്ങൾക്കൊക്കെ അറിയാവുന്നതുപോലെ എനിക്കും അറിയാം. ഞാൻ ഒരു കാരണവും കണ്ടില്ല. എങ്ങിനെയൊ പററി എന്നു പറഞ്ഞാൽ കഴിഞ്ഞല്ലൊ. ഇത്രയുമൊക്കെയെ പററിയുള്ളുവല്ലൊ. അതു ഭാഗ്യം തന്നെ.

അനാ.—നിങ്ങൾ എല്ലാവരും മരിച്ചുപോയി എന്നാണ് ആദ്യം കേട്ടതു്. ദൈവാധീനംകൊണ്ടു് അതിനൊന്നും ഇടയാകാതെ പോയി. ഭാഗ്യം മഹാഭാഗ്യം!

നരഹരവൈദ്യൻ ചിരിച്ചു. അനാമയവൈദ്യൻെറ ഫലിതവാക്കുകൾ ആരെയും രസിപ്പിക്കുന്നവയാണ്. അനന്തരം വൈദ്യന്മാർ രണ്ടുപേരും യാത്ര പറഞ്ഞു തമ്മിൽ പിരിഞ്ഞു.

---

# ആറാം അദ്ധ്യായം

അന്നു രാത്രി ഏഴുമണിക്കുതന്നെ അനാമയവൈദ്യൻ സ്നേഹലതാമ്മയുടെ താമസസ്ഥലത്തെത്തി. നരഹരവൈദ്യൻ അപ്പോൾ വന്നുചേരുമെന്നാണല്ലൊ പറഞ്ഞിരുന്നതു്. അന്നു ദീനക്കാരിക്കു് അല്പമായ ഒരു മേല്പുകാച്ചിൽ ഉണ്ടായിരുന്നു.

അനാ—ചിരുതെ, ഇന്നും ദീനക്കാരി അധികം സംസാരിച്ചൊ?

ചി—കുറെയൊക്കെ സംസാരിക്കാതിരുന്നില്ല. സുഖമുണ്ടെന്നു കാണുന്നതുകൊണ്ടു് അങ്ങനെ ചെയ്തുപോകുന്നതാണു്. അതു് സ്വാഭാവികമാണല്ലൊ.

വൈ—എങ്കിലും അത്ര നന്നല്ല. ആയ എവിടെ.

ചി—ഇതാ ഇപ്പോൾ ഇവിടെ ഉണ്ടായിരുന്നു. വല്ലതും എടുക്കാനായി വെളിയിൽ പോയിരിക്കും.

വൈദ്യൻ അവരെ വിളിച്ചു. അവർ വേഗത്തിൽ വന്നു.

വൈ—എന്താണു മുളകുചാറമ്പി, എന്താണിങ്ങനെ? ദീനക്കാരി അധികം സംസാരിക്കുന്നതു ശരിയല്ലല്ലോ. ഇതാണോ നിങ്ങളുടെ കൃത്യനിഷ്ഠ.

ആയ—ഇപ്പോൾ വലിയ സുഖക്കേടൊന്നുമില്ലല്ലൊ എന്നു വിചാരിച്ചു ഞാൻ സദാ തടയാറില്ല. ഇന്നു് അല്പം പനിയുടെ ലക്ഷണം കാണുന്നുണ്ടു്. അതു സാരമില്ല.

വൈ—അങ്ങനെയല്ല. പൂർണ്ണസുഖം ഉണ്ടാകുന്നതു വരെ അധികമായി സംസാരിച്ചുകൂടാ. നിങ്ങൾ ശാസിച്ചു നിൎത്തണം. ഇന്നലത്തേപ്പോലെ ഇന്നും ഉറങ്ങാൻ ഒരു മരുന്നു കൊടുത്തയയ്ക്കാം.

അനാമയവൈദ്യൻ കൂട്ടുകാരനെ കാത്ത് ഏഴേകാൽ മണിവരെ ഇരുന്നു. ധാരാളം ചികിത്സയുള്ള വൈദ്യന്മാർക്ക് ഇങ്ങനെ സമയം വൃഥാ കളയാൻ സാധിക്കുകയില്ലല്ലൊ. അതുകൊണ്ട് അത്രയും സമയം ആയപ്പോൾ വൈദ്യൻ പോയി. ചിരുതയും അവളുടെ പാർപ്പുസ്ഥലത്തേയ്ക്കു പോയി. അവൾക്കു തലവേദന അധികമായിരുന്നു.

കാൽമണിനേരം കഴിഞ്ഞപ്പോൾ "ചിരുതെ, ചിരുതെ ഇങ്ങോട്ടു വരിക. ഒരു കാൎയ്യം പറയട്ടെ" എന്നു ദീനക്കാരി വിളിച്ചുപറഞ്ഞു.

ആയ—അരുത് സംസാരിക്കുന്നതു ഭംഗിയല്ല. വൈദ്യൻ നിർബന്ധമായി പറഞ്ഞു വിലക്കിയിരിക്കുന്ന കാൎയ്യമാണ്. എന്റെ കുഞ്ഞേ, സ്വസ്ഥമായി കിടന്നുറങ്ങുക. എന്നെ വഴക്കു പറയിക്കരുതെ.

എട്ടു മണിയായപ്പോൾ ആയ അത്താഴം കഴിക്കാനായി പോയി. ഒന്നുരണ്ടു മിനിട്ടു കഴിഞ്ഞപ്പോഴേക്കു നരഹരവൈദ്യൻ വന്നുചേർന്നു. വളരെ ക്ഷീണിച്ചു വിയൎത്താണു എത്തിയതു്. താൻ കുന്നുമ്പുറത്തുനിന്നു നടന്നു വരികയാണെന്നും അനാമയവൈദ്യൻ പൊയ്പ്പോയി എന്നു കേട്ടു വ്യസനിക്കുന്നു എന്നും അയാൾ ലക്ഷ്മിയമ്മയോടു പറഞ്ഞു. വാസ്തവത്തിൽ അയാൾ വന്നുചേരാൻ താമസിച്ചതു് ഇൻസ്പെക്ടരുടെ വീട്ടിൽ അനേകനേരം ഇരുന്നു പോയതുകൊണ്ടാണ്. കാമവല്ലിയുമായുള്ള സംഭാഷണത്തിൽ സമയം അതിക്രമിക്കുന്നതു് അറിയുകയില്ലല്ലൊ. വൈദ്യൻ ദീന

ക്കാരിയുടെ അടുക്കലേക്കും ലക്ഷ്മിയമ്മ അടുക്കളയിലേക്കും പോയി.

അയാൾ ദീനക്കാരിയുമായി അല്പനേരം സംസാരിച്ചപ്പോഴേക്ക് ആരോ ഒരാൾ പുറത്തു നടക്കുന്നതായി തോന്നുകയാൽ അനാമയൻവൈദ്യൻ വീണ്ടും വരികയായിരിക്കാമെന്നു വിചാരിച്ചു വേഗത്തിൽ പുറത്തേക്കു വന്നു. നടന്നത് ആയ ആയിരുന്നു.

ആയ—ഉറക്കത്തിനുള്ള മരുന്നാണിതു്. അനാമയനദ്ദേഹം കൊടുത്തയച്ചതാണ്.

നര—ഇതെന്തിന്? ഇന്ന് എന്താണു സുഖക്കേടു് അധികമാണോ?

ആയ—അധികമൊന്നും പറയാനില്ല. പനി അല്പമായുണ്ടു്. അധികം സംസാരിച്ചതുകൊണ്ടാണ് അങ്ങനെ വന്നതെന്നും അതുകൊണ്ടു നല്ലവണ്ണം ഉറങ്ങുന്നതിന് ഒരു മരുന്നു കൊടുത്തയക്കാമെന്നും വൈദ്യനദ്ദേഹം പറഞ്ഞിരുന്നു.

നരഹരവൈദ്യൻ ആ മരുന്നുകുപ്പി വാങ്ങിച്ചു പുറങ്കടലാസു മാററി അടപ്പൂരി കുപ്പി മണപ്പിച്ചു നോക്കി.

വൈ—ഹോ, എന്തൊരു കടുത്ത മണമാണുള്ളതു്. ബദാമെണ്ണയുടെ വാസന കടുപ്പം തന്നെ

ആയ—അതുവ്വോ?

വൈ—നോക്കരുതേ? മണപ്പിച്ചുനോക്കുക.

ഇങ്ങനെ പറഞ്ഞു് അയാൾ കുപ്പി വീണ്ടും തുറന്നു് ആയയുടെ മൂക്കിനുനേരെ നീട്ടി.

ആയ—ഉള്ളതു തന്നെ. എനിക്കു മൂക്കടപ്പാണ്. ജലദോഷമുള്ളപ്പോൾ എൻറെ മൂക്കുകൊണ്ടു് ഒരു പ്രയോജനവുമില്ല.

വൈദ്യർ മരുന്നുകുപ്പി വീണ്ടും മണപ്പിച്ചു. പിന്നീട് ഒരു തുള്ളി നാക്കിൽ ഇററിച്ചു രുചി നോക്കി.

വൈ—ആഹാ, അൽഭുതമായിരിക്കുന്നല്ലൊ. ഇതെന്താശ്ചര്യം. അനാമയവൈദ്യൻ ഇതെന്തിനായി കൊടുത്തയച്ചു. ഇതാ ഇതു വെച്ചുകൊള്ളുക. ഇതു് ഒടുവിൽ കൊടുക്കേണ്ടതാണു്.

ഇങ്ങനെ പറഞ്ഞുംവെച്ചു വൈദ്യൻ മുറിക്കകത്തേക്കു പോയി. മരുന്നുകുപ്പി ആയ വാങ്ങിച്ചു മററു മരുന്നുകുപ്പികളുടെ കൂട്ടത്തിൽ ഒരു മൂലപ്പലകയിൽ വെച്ചു. അതിൻെറശേഷം അവർ മുറിയുടെ വാതിൽ തുറന്നു് അകത്തേക്കു നോക്കി. അപ്പോൾ നരഹരവൈദ്യൻ ദീനക്കാരിയുമായി സംസാരിച്ചുകൊണ്ടു് നില്ക്കുകയായിരുന്നു.

ആയ—അമ്മാ, നിങ്ങൾക്കു വല്ലതും ആവശ്യമുണ്ടോ?

സ്രീ—ഇല്ല. ഇപ്പോൾ ഒന്നുമാവശ്യമില്ല. നിങ്ങൾ പൊയ്ക്കോൾക. കുറച്ചു നേരം കഴിഞ്ഞപ്പോൾ വൈദ്യൻ യാത്രപറഞ്ഞു പുറത്തിറങ്ങി. അയാൾ വാതുക്കൽ എത്തിയപ്പോൾ അവിടെ ഒരു മറവുപുറമായി ആരൊ ഒരാൾ നിന്നു അയാളെ സൂക്ഷിച്ചു നോക്കുന്നതുപോലെ അയാൾക്കു തോന്നി. ഒരു മനുഷ്യൻ—അതെ, കറുത്തിരുണ്ട ജടാമുടികളോടു കൂടിയ ഒരു അപരിചിതമനുഷ്യൻ—അവിടെ പതുങ്ങി നിന്നു തൻെറ നേരെ തുറിച്ചു നോക്കുന്നതായിട്ടാണു് അയാൾക്കു് തോന്നിയതു്. നരഹരവൈദ്യൻ നല്ല കരളുറപ്പുള്ള മനുഷ്യനാണു്. സാധാരണ സംഭവങ്ങൾക്കൊണ്ടൊന്നും ചലിക്കാത്ത ഒരു നിർഭയനാണു്. എന്നാൽ ഈ കാഴ്ച അയാളെ അത്യധികമായി ഭ്രമിപ്പിക്കുകയാണു് ചെയ്തതു്. വൈദ്യൻ ചപലഹൃദയനായിത്തീർന്നു.

"ആരതു് അവിടെ എന്തു ചെയ്യുന്നു?" എന്നിങ്ങനെ അയാൾ ഭീരുതയോടുകൂടി ചോദിച്ചു. ശബ്ദം ഉച്ചത്തിൽ പുറപ്പെട്ടില്ല.

മറുവടിയൊന്നും ഉണ്ടായില്ല. അനക്കവും ഒച്ചയും ഇല്ലായിരുന്നു. ചന്ദ്രികയിൽ വല്ല മിഥ്യാഭ്രമവും തോന്നിയതായിരിക്കാമെന്ന് ശങ്കിച്ച് അയാൾ അല്പം അകലെയായി കത്തിക്കൊണ്ടിരുന്ന ഒരു വിളക്ക് എടുത്തുകൊണ്ടുവന്നു നോക്കി.

അവിടെ ഒരു പ്രാണിയേയും കണ്ടില്ല. പുരുഷനുമില്ല സ്ത്രീയുമില്ല. പേയുമില്ല പിശാചുമില്ല. ഒരു മുഖം അവിടെ കണ്ടതായിത്തന്നെ വൈദ്യനു പിന്നെയും തോന്നി. അത്യധികമായ ഒരു ഭീതിയും ചാപല്യവും അയാൾക്കുണ്ടായി. അതു് അസമയത്തും ഏതു ചുടലയിലും കൂടി സഞ്ചരിക്കാൻ യാതൊരു കൂസലും ഇല്ലാതിരുന്ന നരഹരവൈദ്യനു് ഇങ്ങനെ ഒരു മൂഢഭയം ഉണ്ടാകുക ഇദംപ്രഥമമായിട്ടാണു്. അയാൾ നാലുപാടും പിന്നെയും പിന്നെയും നോക്കി. യാതൊന്നും കണ്ടില്ല.

വിളക്കോടു കൂടി ദീനക്കാരിയുടെ കിടപ്പുമുറി തുറന്നു് അതിനകത്തും നോക്കി.

ദീ—അങ്ങു വല്ലതും വച്ചുമറന്നുപോയോ?

വൈ—ഇല്ല ഇല്ല. ഒന്നുമില്ല. ഞാൻ പോകുന്നു.

വാതിൽ അടച്ചുംവെച്ച് അയാൾ മടങ്ങി. താൻ കണ്ടതു വല്ല നിഴലും ആയിരിക്കാമെന്നു സമാധാനപ്പെടുവാൻ അയാൾ ശ്രമിച്ചു.

വൈ—(ആത്മഗതം) ഇതെന്തു മായം: എന്താണെനിക്കിന്നു്? ഈ വീട്ടിൽ വല്ല ഭൂതങ്ങളും ഉണ്ടായിരിക്കുമോ?

വേഗത്തിൽ—അതെ, വളരെ വേഗത്തിൽ—മണി പത്തടിക്കുന്നതിനു മുമ്പ് ആ വീട്ടിൽ ഭൂതോപദ്രവം ഉണ്ടാകുന്നതിനിടയായി. കാലഭൂതന്മാരുടെ ബാധയാണു് ഉണ്ടായതു്. യാതൊരു മുന്നൊരുക്കവും കൂടാതെ മൃത്യുകാരകനായ യമധർമ്മൻ അവിടെ പ്രത്യക്ഷനായി.

# ഏഴാം അദ്ധ്യായം.

നരഹരവൈദ്യന്നു പോകാനായി പടി തുറന്നു കൊടുത്തതു ലക്ഷ്മീഅമ്മയായിരുന്നു. അയാൾ ആ സ്ത്രീയുമായി ഒന്നു രണ്ടു മിനിട്ടു സംസാരിച്ചശേഷം യാത്ര പറഞ്ഞു പുറത്തേക്കു പോയി. ലക്ഷ്മീഅമ്മ വീണ്ടും അടുക്കളയിൽവന്ന് ആയയുമായി സംസാരിച്ചുകൊണ്ടിരുന്നു.

ഈ കാര്യങ്ങളെല്ലാം ക്രമത്തിലധികമായി വിസ്തരിച്ചിട്ടാവശ്യം എന്തെന്നു് വായനക്കാർ ആലോചിക്കുന്നുണ്ടായിരിക്കാം. എന്നാൽ ആ ദുർഭാഗ്യപൂർണ്ണമായ രാത്രിയിലെ ഏററവും നിസ്സാരമായ സംഭവംപോലും അത്യന്തം ഘോരതരമായ ഭാവിഫലത്തിന്നു് ആസ്പദമായിരുന്നു എന്നു് അറിയുമ്പോൾ ഈ ശങ്ക നീങ്ങിപ്പോകുന്നതാണു്.

ലക്ഷ്മീഅമ്മയും സൂതികർമ്മിണിയും ലോകവർത്തമാനം വീണ്ടും പാടിപ്പൊടിച്ചു തുടങ്ങി. പ്രസവാവശ്യത്തിലേക്കും മററുമായി ഒരുക്കിയിരുന്ന ബ്രാൻഡിക്കുപ്പി ഒന്നു മിക്കവാറും ഇവർ അന്നു് ഒഴിവാക്കിയിരുന്നു. വാസ്തവം പറയുന്നതായാൽ രണ്ടുകൂട്ടരും ഈ വിഷയത്തിൽ ഒട്ടും ഉദാസീനക്കാരായിരുന്നില്ല. ഈ അവസ്ഥയിൽ പ്രസംഗപ്രമേയത്തിന്നു് യാതൊരു ക്ഷാമവും ഉണ്ടായിരിക്കയില്ലല്ലോ. അവർ വർത്തമാനത്തിൽ മുഴുകി അവിടെ ഇരുന്നപ്പോൾ

വാതലിൽ ആരോ ഉറക്കെ മുട്ടുന്ന ശബ്ദം കേട്ടു രണ്ടുപേരും നടുങ്ങിപ്പോയി. സ്വബോധത്തിൽതന്നെ വൎത്തിക്കുന്ന അവസരത്തിൽ ആയിരുന്നെങ്കിൽ ഇപ്രകാരമുള്ള നടുങ്ങലിന്നു് അവകാശം ഉണ്ടാകുന്നതല്ലായിരുന്നു. എന്തെന്നാൽ അവിടുത്തെ പതിവുകാരിയായ ചിരുതയാണു് വാതലിൽ മുട്ടിയതു്. ഇവരുടെ വിറയൽ കണ്ടു് അവൾ യഥേഷ്ടം ചിരിച്ചുകൊണ്ടു് അകത്തേക്കു കയറിവന്നു.

ല—ചിരുതെ, നീ എന്തു ഭോഷിയാണു്? ആളുകളെ ഇങ്ങനെ ഭയപ്പെടുത്താമോ? നീ കളിക്കുന്നതല്ലല്ലൊ. മൎയ്യാദയോടുകൂടി പതുക്കെ കടന്നുവരാൻ പഠിച്ചിട്ടില്ലെ?

ചി—നിങ്ങൾ രണ്ടുപേരും പേടിച്ചുകിടുങ്ങിപ്പോയി ഇല്ലെ? രണ്ടുപേരുടെയും വിറയൽ ഞാൻ കണ്ടു. ബഹുരസംതന്നെ. എന്റെ തലവേദനക്കു ഭേദമില്ല. ഞാൻ പോയി കിടക്കാൻ ഭാവിക്കയാണു്. കൊച്ചമ്മക്കു വല്ല ആവശ്യവും ഉണ്ടോ എന്നു് അറിഞ്ഞശേഷം ഉറങ്ങുകയാണല്ലൊ വേണ്ടതെന്നു് വിചാരിച്ചു് ഇങ്ങോട്ടു് വരികയായിരുന്നു. അവർ ഉറങ്ങിപ്പോയിരിക്കയില്ലല്ലൊ?

ല—ഉറങ്ങി എന്നു തോന്നുന്നില്ല. നരഹരിവൈദ്യൻ ഇപ്പോഴാണല്ലൊ ഇവിടെ നിന്നു പോയതു്. നീ അകത്തേക്കു ചെല്ലുക.

ചിരുത അകത്തേക്കു ചെന്നു. അവൾക്കു ക്ഷീണം നന്നായുണ്ടു്. വെള്ളിയാഴ്ചയും ശനിയാഴ്ചയും അവൾ കിടക്കുകപോലും ചെയ്തിരുന്നില്ല. ഞായറാഴ്ച കിടക്കാൻ സാധിച്ചു എന്നല്ലാതെ അന്നും തലവേദന നിമിത്തം ഉറങ്ങാൻ ഇടയായിരുന്നില്ല.

സ്നേ—അതാരു, ചിരുതയാണൊ? നിങ്ങളുടെ തലവേദന ഇന്നു് എങ്ങിനെയിരിക്കുന്നു?

ചി—അല്പം കുറവുണ്ട്. കൊച്ചമ്മാ ഇവിടെ എന്നെ കൊണ്ടു വല്ല ആവശ്യവും ഉണ്ടോ എന്നു ചോദിച്ചറിഞ്ഞു കൊണ്ടു പോയി കിടന്നുറങ്ങാമെന്നാണ് ഞാൻ വിചാരിച്ചതു്

സ്നേ—ഇല്ല, ഇപ്പോൾ ആവശ്യം ഒന്നുമില്ല. പരിചാരിക കഞ്ഞിയും കൊണ്ടു വേഗം വരുമെന്നു തോന്നുന്നു. നിങ്ങൾ പോകുമ്പോൾ അവരെ കണ്ടു് ആ കാര്യം പറഞ്ഞിട്ടു പോയാൽ വേണ്ടില്ല. എനിക്കു കഞ്ഞി കുടിക്കാൻ സമയം ആയി. എന്നാൽ നിങ്ങൾ പോയിക്കിടന്നുറങ്ങുക.

ചി—അങ്ങിനെതന്നെ. എനിക്കു ക്ഷീണം വളരെ ഉണ്ടു്. വേദനകൊണ്ടു കിടന്നുരുളുന്നതു് എഴുനേററിരിക്കുന്നതിനേക്കാൾ അധികം സങ്കടമാണു്:

സ്നേഹ—നിങ്ങൾ രണ്ടുദിവസമായി കിടക്കുകപോലും ചെയ്തിട്ടില്ലല്ലൊ. എനിക്കു വേണ്ടി ഉറക്കിളയ്ക്കുകയായിരുന്നില്ലെ? ആ കാര്യം നിങ്ങൾ മറന്നാലും ഞാൻ മറക്കുകയില്ല. എനിക്കു് എന്നും ഓർമ്മയുണ്ടായിരിക്കും.

ചി—കൊച്ചമ്മാ, അതൊന്നും സാരമില്ല. നിങ്ങൾക്കുവേണ്ടി രണ്ടുദിവസമെ ഉറക്കിളക്കേണ്ടിവന്നുള്ളല്ലൊ. ഓരോരുത്തർ ഓരോത്തർക്കുവേണ്ടി എത്ര ദിവസം ബുദ്ധിമുട്ടാറുണ്ടു്. ആ ആവശ്യം നിങ്ങൾക്കുണ്ടാകാഞ്ഞതു് ഈശ്വരാനുഗ്രഹമെന്നെ പറയേണ്ടു.

സ്നേ—വാസ്തവം തന്നെ. ഇപ്പോൾ എനിക്കു് സുഖക്കേടൊന്നുമില്ലെന്നുതന്നെ പറയാം. നരഹരവൈദ്യന്റെ അഭിപ്രായവും അങ്ങിനെ തന്നെയാണു്. നാളെ കുളിച്ചാൽ കൊള്ളാമെന്നുണ്ടു്.

ചി—ബദ്ധപ്പെടാതിരിക്കുകയല്ലെ നല്ലതു്? കുറച്ചു ദിവസം കൂടി കഴിഞ്ഞിട്ടു് കുളിച്ചാൽ മതിയെന്നാണു് എനിക്കു തോന്നുന്നതു്.

അപ്പോൾ ആയ അവിടേയ്ക്കു വന്നു. ഒരു കയ്യിൽ ഒരു വിളക്കും മറേറ കയ്യിൽ കഞ്ഞിയും അവർ വഹിച്ചിരുന്നു. ആയയുടെ അശ്രദ്ധ നിമിത്തം കഞ്ഞിയിൽ എണ്ണ വീണിരിക്കുമോ എന്നു സൂക്ഷിച്ചറിയുന്നതിനായി ചിരുത അടുത്തുചെന്നു പാത്രത്തിൽ നോക്കി. ആ സമയത്തു് അവളുടെ വീർത്തിരുന്ന മുഖം കണ്ടു സ്നേഹലത ചിരിച്ചു.

സ്നേ—ചിരുതെ, നിങ്ങളുടെ മുഖം കണ്ടിട്ടു് എനിക്കു ചിരി വരുന്നു. തലവേദന ഇങ്ങിനെ മുഖം വീർപ്പിക്കുമോ? നിങ്ങളുടെ മുഖം ഒരു മുഴുത്ത ചന്ദ്രബിംബംപോലെയിരിക്കുന്നു. ഇത്ര വളരെ നീരു മുഖത്തുണ്ടാകുവാൻ കാരണമെന്തു്?

ചി—നീരു് എത്രയെങ്കിലും വരട്ടെ വേദനയില്ലാതിരുന്നാൽ മതി.

സ്നേഹ—സൂതികർമ്മിണി, എനിക്കു് ഉറക്കത്തിനുള്ള മരുന്നു് എന്താണു് തരാത്തതു്? കഞ്ഞികുടിച്ചിട്ടാവട്ടെ എന്നാണൊ?

ആയ—അമ്മാ, ആ മരുന്നു തരാൻ സമയമായില്ല. കഞ്ഞി കുടിച്ചാലുടനെ സേവിക്കേണ്ട മരുന്നല്ല അതു്.

സ്നേ—അതുകൊണ്ടു തരക്കേടുണ്ടെന്നു തോന്നുന്നില്ല. മരുന്നു കൊണ്ടുവന്നിട്ടുണ്ടോ?

ആയ—നരഹരവൈദ്യൻ ഇവിടെ ഉണ്ടായിരുന്നപ്പോൾ തന്നേ മരുന്നു കൊണ്ടുവന്നല്ലൊ. അദ്ദേഹം എൻെറ പക്കൽനിന്നു വാങ്ങിച്ചു നാക്കിൽ ഒഴിച്ചുനോക്കി. വൈദ്യന്മാരുടെ എല്ലാം സമ്പ്രദായമാണിതു്. ഒരാളുടെ മരുന്നു വേറൊരാൾ രുചിനോക്കാതിരിക്കയില്ല.

സ്നേ—നാളെ പത്തുമണിക്കു വൈദ്യന്മാർ രണ്ടുപേരും ഇവിടെ വരും. അപ്പോൾ മുതൽ നരഹരവൈദ്യനായിരിക്കും എൻെറ ചികിത്സ മുഴുവൻ നടത്തുന്നതു്.

ആയ—ആ വർത്തമാനം ഞാനും കേട്ടു.

ഒമ്പതരമണിയായപ്പോൾ—ഉറക്ക മരുന്നു സേവിക്കാൻ സമയമായി—എന്നു് ആയ പറഞ്ഞു.

ആയ—ലക്ഷ്മിഅമ്മാ, നിങ്ങൾ ആ വിളക്കെടുത്തു് ഒന്നു കാണിച്ചുതരിക. നമുക്കു മരുന്നുകുപ്പി എടുത്തുകൊണ്ടു വരാം.

അതു മൂലപ്പലകയിൽ മററു കുപ്പികളുടെ കൂട്ടത്തിലാണല്ലൊ അവർ വെച്ചിരുന്നതു്. അവിടെത്തന്നെ ഉണ്ടായിരുന്നു. സൂതികർമ്മിണിയും ലക്ഷ്മിഅമ്മയും കൂടിച്ചെന്നു മരുന്നു് എടുത്തുകൊണ്ടുവന്നു.

സൂതി—അമ്മാ, മരുന്നുകുടിക്കാൻ തയ്യാറായൊ? ഇതാ.

സ്നേ—ഓഹോ, എപ്പോഴെ ഞാൻ തയ്യാറായിരിക്കയാണു്. മരുന്നു് ഒരു ചെറിയ ഗ്ലാസിൽ ഒഴിച്ചു സൂതികർമ്മിണി നീട്ടിക്കൊടുത്തു. സ്നേഹലത അതു വാങ്ങിച്ചു് ഉടൻ തന്നെ കുടിക്കുകയും ചെയ്തു.

ല—ഇതിൻെറ മണം വളരെ വല്ലാത്തതു തന്നെ.

സൂതി—നരഹരവൈദ്യനും അങ്ങിനെ തന്നെ പറഞ്ഞു.

ല—മണം അറിയുന്നതിനു വൈദ്യൻ വേണമെന്നില്ലല്ലൊ.

പെട്ടെന്നു് അത്യന്തം ദയനീയമായ ഒരു നിലവിളിയുണ്ടായി. ഭയത്തേയും പ്രാണവേദനയേയും വിളിച്ചറിയിക്കുന്ന ഒരു കരച്ചിലായിട്ടാണു് സൂതികർമ്മിണിക്കു തോന്നിയതു്. ദീനക്കാരിയാണൊ ലക്ഷ്മിഅമ്മയാണൊ ഇതു പുറപ്പെടുവിച്ചതെന്നു് അറിയാതെ സൂതികർമ്മിണി പരിഭ്രമിച്ചു.

അവിടെ വലിയ ബഹളം ഉണ്ടായി. ദീനക്കാരിയുടെ സ്ഥിതി പെട്ടെന്നു ഭേദപ്പെട്ടു. ക്ഷീണാധിക്യം കൊണ്ടുള്ള

മയക്കമാണൊ "സന്നിബാധയാണൊ" അഥവാ മരണവേദനയായിരിക്കുമൊ സ്നേഹലതയെ പരലോകത്തേയ്ക്കു കൂട്ടിക്കൊണ്ടുപോകാനുള്ള ധൃതിയായ ഒരുക്കമായിരിക്കുമൊ അതൊ അബദ്ധമായി വല്ല മരുന്നും മാറിക്കൊടുത്തുപോയതുകൊണ്ടുള്ള സംഭ്രമമായിരിക്കുമൊ?

മരണമുറക്കമാണെന്നു് ആ വിഷയത്തിൽ പരിചയമുള്ള ഏവർക്കും തീർച്ചപ്പെട്ടതാമായിരുന്നു. സൂതികർമ്മിണി അത്യന്തം പരിഭ്രമത്തോടുകൂടി നാലു പുറവും നോക്കി

സൂതി—അയ്യൊ! ലക്ഷ്മിഅമ്മാ, പാവം മരിക്കാൻ ഭാവിക്കുകയാണു്. നമ്മുടെ ശ്രമമെല്ലാം വെറുതെയായിപ്പോയി. അതെ തീൎന്നു. കഥ തീൎന്നു എന്നു തന്നെ പറയാം. ആ മരുന്നിൽ എന്തൊ വിഷം കലർന്നിരുന്നു എന്നുള്ളതിനു സംശയമില്ല, നാം രണ്ടുപേരും അകപ്പെട്ടുമെന്നുള്ളതും ഉറപ്പാണു്. നമ്മെ തൂക്കിക്കൊല്ലാതെയിരുന്നാൽ ഭാഗ്യം. നാമല്ലെ മരുന്നുകൊടുത്തതു്?

ലക്ഷ്മിഅമ്മയുടെ ഭീതിയും സംഭ്രമവും ഇത്രയെന്നു പറയാനില്ല. ആ സ്ത്രീ പണ്ടേതന്നെ ഭീരുവാണല്ലൊ. ഇപ്പോൾ സൂതികർമ്മിണി പറഞ്ഞ വാക്കുകൾ കേൾക്കുകയും അവിടെ നടന്നുകൊണ്ടിരുന്ന സംഭവം കാണുകയും ചെയ്തതോടുകൂടി അവരുടെ തന്റേടം മുഴുവൻ പൊയ്പ്പോയി. അവർ എന്തെന്നില്ലാതെ വിരണ്ടു നേരെ അനാമയ വൈദ്യന്റെ ഗൃഹത്തിലേയ്ക്കു് ഓടി. വഴിക്കുവെച്ചു നരഹരവൈദ്യൻ ആ സ്ത്രീയുടെ പരിഭ്രമവും ഭയവും കണ്ടു് അത്ഭുതഭാവത്തിൽ അവരെ വിളിച്ചുനിറുത്തി.

നര—അമ്മാ, നിൽക്കുക. ഓടാൻ വരട്ടെ. കാൎയ്യമെന്തെന്നു പറയുക. എന്താണിത്ര പരിഭ്രമം?

ല—ആ സ്ത്രീ മരിച്ചുപോയി. അതാ ചത്തു കിടക്കയിൽ കിടക്കുന്നു.

നര—ആരു്? ഏതു സ്ത്രീ?

ല—അങ്ങു് ഇന്നു സന്ധ്യയ്ക്കു കാണാൻ വന്നിരുന്ന ആ പ്രസവക്കാരി, സ്നേഹലതാമ്മ. ശ്വാസം ഇപ്പോളാണു് പോയതു്.

നരഹരവൈദ്യൻ ഇതു കേട്ടക്ഷണത്തിൽ ആ വീട്ടിലേയ്ക്കു് ബദ്ധപ്പെട്ടു ചെന്നു. ലക്ഷ്മിഅമ്മ പിന്നാലെയും ഓടി. മാർഗ്ഗമദ്ധ്യേ ആ സ്ഥലത്തുള്ള പുരോഹിതനെ കാൺകയാൽ ലക്ഷ്മിഅമ്മ അദ്ദേഹത്തെയും കൂടി വീട്ടിലേയ്ക്കു കൂട്ടിക്കൊണ്ടുപോയി.

സൂതികർമ്മിണി കിടക്കയ്ക്കു സമീപം നിൽക്കുന്നുണ്ടായിരുന്നു. നരഹരവൈദ്യൻ കുനിഞ്ഞു നെഞ്ചിൽ കൈവെച്ചു ഹൃദയചലനം പരിശോധിച്ചു. നെററിയിലും കൈനാഡികളിലും സ്പർശിച്ചു.

നര—ഹാ! മഹാകഠിനം തന്നെ. ഒരു മണിക്കൂറിനു മുമ്പു ഞാൻ ഇവിടെ നിന്നു പോയപ്പോൾ ഈ സ്ത്രീക്കു യാതൊരു സുഖക്കേടും ഉണ്ടായിരുന്നില്ല.

പുരോഹിതൻ—മരിച്ചുപോയതു തന്നെയോ?

വൈ—ഓഹോ, അങ്ങിനെ തന്നെ. സംശയമില്ല; സൂതികർമ്മിണി, നിങ്ങൾ എന്താണു് ഇവക്കു കൊടുത്തതു്?

സൂതി—യജമാനനെ, ഞാൻ ആദ്യം കഞ്ഞി കൊടുത്തു. പിന്നീടു് ഉറങ്ങാനുള്ള ആ മരുന്നും കൊടുത്തു. കള്ളം പറഞ്ഞിട്ടു ഫലമില്ലല്ലൊ.

നര—ഹേ! ഹൊ! ആ മരുന്നൊ? കഷ്ടം! ഞാൻ അതു കൂടി കൊണ്ടുപൊയ്ക്കളയാതിരുന്നതു വലിയ അബദ്ധമായി എന്നല്ലാതെ എന്താണു് പറയേണ്ടതു്.

പുരോഹിതൻ—വിഷം സേവിച്ചതിനാലാണോ മരിക്കാൻ ഇടയായതു്?

നര—അതെ എന്നു തന്നെയാണ് എൻെറ പ്രബലമായ ബോധം. അല്ലാതെ മരണത്തിനു വേറെ യാതൊരു കാരണവും ഞാൻ കാണുന്നില്ല. അങ്ങേയ്ക്കു മണം കൊണ്ടു മരുന്നുകളുടെ ഗുണാഗുണങ്ങൾ നിശ്ചയിക്കാൻ പരിചയമില്ലായിരിക്കുമല്ലൊ.

പുരോഹിതൻ—അങ്ങനെയല്ല. എനിക്ക് ആ വിഷയത്തിൽ അല്പം പരിചയമില്ലാതില്ല. എൻെറ അച്ഛൻ ഒരു വൈദ്യനായിരുന്നു. ഞാൻ ചെറുപ്പത്തിൽ അദ്ദേഹത്തിൻെറ വൈദ്യശാലയിൽ കുറെ പരിചയിച്ചിട്ടുണ്ടായിരുന്നു.

നര—വളരെ നന്നായി. അങ്ങനെയാണെങ്കിൽ നിങ്ങൾ കുനിഞ്ഞു് ഒന്നു മണപ്പിച്ചു നോക്കുക.

പുരോഹിതൻ അപ്രകാരം ചെയ്തു. എന്നാൽ വേഗത്തിൽ അദ്ദേഹം മുഖം മാററിക്കളഞ്ഞു.

പുരോഹിതൻ—പാഷാണത്തിൻെറ മണമല്ലെ ഉള്ളതു്?

വൈദ്യൻ സമ്മതഭാവേന തലകുലുക്കി.

വൈ—സൂതികർമ്മിണീ! നിങ്ങൾ എന്താണ് പറഞ്ഞതു്? കഞ്ഞിയും ഉറക്കത്തിനുള്ള മരുന്നും കൊടുത്തു എന്നൊ? കഞ്ഞി ആദ്യമല്ലെ കൊടുത്തതു്?

സൂതി—അതെ കഞ്ഞി കുടിച്ച പാത്രം ഇതാ ഇരിക്കുന്നു.

വൈദ്യൻ പാത്രമെടുത്തു നോക്കി. അതിൽ വിശേഷാൽ ഗന്ധം ഒന്നുമുണ്ടായിരുന്നില്ല.

വൈ—ഇതിൽ തകരാറൊന്നുമില്ല.

സൂ—കഞ്ഞികുടിച്ചു കുറേനേരം കഴിഞ്ഞതിൽ പിന്നെയാണ് മരുന്നുകൊടുത്തതു്. മുക്കാൽ മണിക്കൂറോളം കഴി

ഞ്ഞതിൽ പിന്നീടായിരുന്നു. മരുന്നു് അകത്തുചെന്നു് ഒരു മിനിട്ടു കഴിയുന്നതിനു മുമ്പു്—അയ്യോ, എന്റെ അങ്ങുന്നേ എനിക്കു പറയാൻ വയ്യാ. എന്റെ ദേഹം കിടുകിടുക്കുന്നു—മട്ടെല്ലാം മാറി. അയ്യൊ ഒരാണ്ടുകഴിഞ്ഞാലും എന്റെ പേടി തീരുകയില്ല.

വൈ—മരുന്നുകുപ്പി എവിടെ?

ഇപ്പോൾ ഞാൻ എവിടെയൊവച്ചല്ലൊ. അതാ അങ്ങയുടെ പുറകിൽ ഇരിക്കുന്നു.

കുപ്പി അവിടെ കിടന്നിരുന്നു. അടപ്പും അതിന്മേൽ തന്നെയുണ്ടു്. വൈദ്യൻ അതെടുത്തു തുറന്നു മണപ്പിച്ചും വച്ചു വിരസഭാവത്തോടുകൂടെ താഴെ വെച്ചു.

പുരോഹിതൻ— എന്താ മണംകൊണ്ടു വല്ലതും നിർണ്ണയിക്കാമോ?

വൈ—നിങ്ങൾ കുപ്പിയെടുത്തു നോക്കുക.

പുരോഹിതനും മരുന്നുകുപ്പി എടുത്തു മണപ്പിച്ചു നോക്കി ഉടൻതന്നെ താഴത്തു വെച്ചു.

പുരോഹിതൻ—ഈ മരുന്നു് എവിടെ നിന്നാണു്?

സ്ത്രീ—അനാമയവൈദ്യനദ്ദേഹംകൊടുത്തയച്ചതാണു്.

നര—ലക്ഷ്മിഅമ്മാ, നിങ്ങൾ പോയി ആ വൈദ്യനെ ഒന്നു വിളിച്ചുകൊണ്ടുവന്നാൽ വേണ്ടില്ല.

മരണമുറിയിൽ നിൽക്കാനുള്ള ഭയം ക്രമത്തിലധികമായി ഉണ്ടായിരുന്ന ആ ഭീരുസ്ത്രീ "ഇതൊരു വലിയ കാര്യമായി. ഇവിടെയും അത്രയും നേരം നിൽക്കേണ്ടല്ലൊ" എന്നു സന്തോഷിച്ചുകൊണ്ടു് അനാമയവൈദ്യന്റെ വീട്ടിലേക്കു പുറപ്പെട്ടു. അവർ അടുത്തെത്തിയപ്പോൾ ജ്യേഷ്ഠൻവൈദ്യൻ തന്റെ വീട്ടിന്റെ പടിക്കൽതന്നെ നിൽക്കുന്നുണ്ടായിരുന്നു.

ല— അങ്ങുന്നെ, കാൎയ്യമെല്ലാം തെററി, നാം ആരെല്ലാമാണു് ഇതുമൂലം ചാകുന്നതെന്നറിഞ്ഞില്ല.

അനു— എന്തുമൂലം? എന്തിനു ചാകുന്നു?

ല— മററെ അദ്ദേഹം ഇവിടെ ഇല്ലെ അങ്ങുന്നെ? ആ സ്ത്രീ ചത്തുപോയല്ലൊ. അനാമയവൈദ്യനദ്ദേഹം കൊടുത്തയച്ച മരുന്നാണല്ലൊ ആ പാവത്തിനെ കൊന്നതു്.

അനു— ആരാണു മരിച്ചതു്? ഏതുമരുന്നു്? നിങ്ങൾ എന്തൊക്കെയാണു് പറയുന്നതു്?

ല— എന്റെ വീട്ടിൽ താമസിക്കുന്ന ഒരു സ്ത്രീ. അനാമയനദ്ദേഹമാണു് അവൎക്കു മരുന്നു കൊടുക്കുന്നതു്. ഇന്നു് ഉറങ്ങാൻ അദ്ദേഹം ഒരു മരുന്നു കൊടുത്തയച്ചിരുന്നു. അതിൽ വിഷം ചേൎന്നിരുന്നു എന്നുള്ളതിനു സംശയമില്ല. എന്തെന്നാൽ മരുന്നു കുടിച്ചു് ഒരു മിനിട്ടു കഴിയുന്നതിനു മുമ്പു് ആ സ്ത്രീയുടെ പ്രാണൻ പൊയ്പോയി.

അനു— മരിച്ചു പോയി എന്നോ?

ല— ചത്തു മരവിച്ചു കഴിഞ്ഞു. നരഹരവൈദ്യൻ അവിടെ ഉണ്ടു്. പുരോഹിതനും അവിടെ ഉണ്ടു്, അനാമയവൈദ്യനദ്ദേഹത്തെ വിളിച്ചുകൊണ്ടു ചെല്ലാൻ അവരാണു് എന്നെ പറഞ്ഞയച്ചതു്.

അനുകൂലവൈദ്യൻ അനുജന്റെ വീട്ടിലേക്കു ചെന്നു. അനാമയവൈദ്യന്റെ മകൻ ജീവകാരുണ്യം അവിടെ ഉണ്ടായിരുന്നു.

അനു— കുഞ്ഞെ! നിന്റെ അച്ഛൻ ഇവിടെ ഇല്ലെ?

ജീ— ഇല്ല. ഇപ്പോൾ വരും, എവിടെ പോയിരിക്കയാണെന്നു് എനിക്കു നല്ല നിശ്ചയമില്ല. വലിയച്ഛാ, ഇന്നു് അമ്മയുടെ ഒരെഴുത്തു് വന്നിരുന്നു.

അനു— അയാൾ ഇന്നു സ്നേഹലതാമ്മയ്ക്കു മരുന്നു വല്ല

ത്തും ഉണ്ടാക്കി കൊടുത്തയച്ചില്ലേ? നിനക്കു വല്ല വിവരവും അറിയാമൊ?

ജീ—"ഉവ്വ്", എനിക്കറിയാം കൊടുത്തയച്ചു. അപ്പോൾ വൈദ്യശാലയിൽ ഞാനും കൂടി ഉണ്ടായിരുന്നു. ഉറക്കത്തിനുള്ള ഒരു മരുന്നാണു് കൊടുത്തയച്ചതു്. എന്താ കിട്ടിയില്ലായിരിക്കുമോ.

ല— കിട്ടാത്തതുകൊണ്ടല്ല കുഞ്ഞെ, ആ മരുന്നു കഴിച്ചതുകൊണ്ടു് ആ സ്ത്രീ മരിച്ചുപോയി; പാഷാണതൈലം ആയിരുന്നു എന്നാണു പറയുന്നതു്.

ജീ—എന്തു ഭ്രാന്താണിതു്, വെറും അസംബന്ധം.

ല— അസംബന്ധമാണോ എന്തോ സ്ത്രീ അതാ ചത്തു കിടക്കുന്നു.

യുവാവു വലിയച്ചന്റെ മുഖത്തേക്കു നോക്കി.

അന— കുട്ടാ ഞാൻ അങ്ങോട്ടേക്കു പോകുകയാണു്. ചത്തുപോയി എന്നാണു ഇവർ പറയുന്നതു്. നിന്റെ അച്ചൻ വന്നു ചേർന്നാലുടനെ അങ്ങോട്ടേക്കു വരാൻ പറയണം.

വൈദ്യനും ലക്ഷ്മിയമ്മയും പുറപ്പെട്ടു. യുവാവ് ആശ്ചര്യപ്പെട്ടുകൊണ്ടു് അവിടെ നിന്നു. അപ്പോൾ അവിടുത്തെ വൈദ്യശാലയിലെ പരികർമ്മിയായ വിധേയൻ പടിക്കൽ കൂടി കടന്നുപോകുന്നതു കണ്ടു് ജീവകാരുണ്യം ഓടി അയാളുടെ അടുക്കലേക്കു ചെന്നു.

ജീ— ഹെ, വിധേയൻ, താൻ കേട്ടില്ലെ ഒരു വിശേഷം? സ്നേഹലതാമ്മ മരിച്ചു പോയി പോലും. താൻ വിശ്വസിക്കുന്നോ?

വിധേ— വെറും ഭോഷ്ക്കാണു്. ആ സ്ത്രീക്കു യാതൊരു സുഖക്കേടും ഇല്ലെന്നാണല്ലോ അങ്ങുന്നു് ഇന്നു് എന്നോടു പറഞ്ഞതു്. ആരാണു ഇങ്ങനെ വെടി അടിച്ചതു്.

ജീ— ലക്ഷ്മിയമ്മ ഇവിടെ വന്നിരുന്നു. വലിയച്ഛൻ അവരോടു കൂടി അങ്ങോട്ടേക്കു പോയിരിക്കയാണ്. അച്ഛൻ വന്നാലുടനെ അങ്ങോട്ടു ചെല്ലണമെന്ന് അദ്ദേഹം പറഞ്ഞിട്ടുമുണ്ടു്. താൻ ഇവിടെ താമസിച്ച് അച്ഛനെ പറഞ്ഞയക്കണെ.

യുവാവ് ചട്ടം കെട്ടിയും വെച്ച് ലക്ഷ്മി അമ്മയുടെ ഗൃഹത്തിലേക്കു ഓടിപ്പോയി. അയാൾ അവിടെ എത്തിയപ്പോഴേക്ക് അനുകൂലവൈദ്യൻ ശവപരിശോധന കഴിച്ചുംവെച്ച് കാര്യകാരണങ്ങൾ ചോദിച്ചറിയുകയായിരുന്നു. മരുന്നുകുപ്പിയെടുത്തു പരിശോധിച്ചു നോക്കുന്നതിനു നരഹരവൈദ്യൻ മററെ വൈദ്യനോടാവശ്യപ്പെട്ടു.

നര— ഹേ, സ്നേഹിതാ, നാം വൈദ്യന്മാർ പരസ്പരം ദോഷാരോപണം ചെയ്യുന്ന വിഷയത്തിൽ വലിയ വിമുഖതയുള്ളവരാണല്ലോ. എന്നാൽ ഇവിടെ ഏററവും സങ്കടകരമായ ഏതോ ഒരു അബദ്ധം പററീട്ടുള്ളതായിട്ടാണു കാണുന്നതു്. പാഷാണസത്തു് ഈ കുപ്പിയിൽ ഉണ്ടായിരുന്നു എന്നുള്ളതിനു സംശയമില്ല. ഈ സ്ത്രീ മരിക്കാനുള്ള ഹേതു പാഷാണം ഉള്ളിൽ ചെന്നതാണെന്നു് തീർച്ചതന്നെ.

അനു— കുപ്പിയിൽ പാഷാണസത്തു് ഉണ്ടായിരുന്നു എന്നുള്ളതു യഥാർത്ഥം തന്നെ. എന്നാൽ ഇതു, എൻെറ അനുജൻ കൊടുത്തയച്ചതാണെന്നു് ഒരിക്കലും വരികയില്ല.

നര— അദ്ദേഹമല്ലായിരിക്കാം മരുന്നെടുത്തു് കൊടുത്തയച്ചതു്. പുറം കടലാസ്സിൽ എഴുതിയിരിക്കുന്നതു് അദ്ദേഹത്തിൻെറ കയ്പട തന്നെയാണൊ?

അനു— അതെ അതിനു സംശയമില്ല. മരുന്നു കൊടുത്തയച്ചതും അയാൾതന്നെയായിരിക്കാം. എന്നാൽ അയാൾ

ഇതിൽ പാഷാണം ചേർത്തു എന്നുള്ളതു് ഒരിക്കലും സംഭവ്യമല്ല.

നര— മരുന്നു് ഇവിടെ വന്നു ചേർന്നപ്പോൾ ഞാൻ ഇവിടെ ഉണ്ടായിരുന്നു. അപ്പോൾ തന്നെ മണപ്പിച്ചു നോക്കിയതിൽ എനിക്കു സംശയമുണ്ടാകാതിരുന്നില്ല. ബദാം എണ്ണയുടെ മണമായിട്ടാണു് എനിക്കു ആദ്യം തോന്നിയതു്. നല്ല പാഷാണമാണെന്നു പിന്നീടു മനസ്സിലായി. ജീവാപായം നേരിടത്തക്കവണ്ണം അതു വളരെ ഉണ്ടായിരിക്കുമെന്നു ഞാൻ വിചാരിച്ചില്ല. അല്പമെങ്കിലും ചേർത്തിരുന്നതു് എന്തിനെന്നു ഞാൻ അത്ഭുതപ്പെടാതെയിരുന്നുമില്ല, എങ്കിലും വൈദ്യന്റെ അടുക്കൽ നിന്നു വീണ്ടും വിവരം ഗ്രഹിക്കുന്നതുവരെ മരുന്നു സേവിക്കരുതെന്നു ഞാൻ ദീനക്കാരിയോടു പ്രത്യേകം ചട്ടം കെട്ടിയിരുന്നു. വീട്ടിലേക്കു മടങ്ങി പോകും വഴി ഞാൻ നിങ്ങളുടെ വീട്ടിൽ കയറി. അനാമയനദ്ദേഹം അവിടെ ഉണ്ടായിരുന്നില്ല. മരുന്നിന്റെ മണത്തെപ്പററി അദ്ദേഹത്തോടു ചോദിക്കാമെന്നായിരുന്നു എന്റെ ഉദ്ദേശ്യം. അതുകൊണ്ടു തരക്കേടൊന്നുമില്ലെന്നു് അദ്ദേഹം പറയുകയാണെങ്കിൽ പിന്നെ അന്യഥാ ഒന്നും ശങ്കിക്കേണ്ടല്ലൊ എന്നായിരുന്നു ഞാൻ വിചാരിച്ചതു്. വൈദ്യന്മാർക്കു് ഇങ്ങനെ പലപ്പോഴും അബദ്ധങ്ങൾ പററാറുള്ളതാണല്ലൊ. കൂടുതലായി സൂക്ഷിക്കുന്നതു നന്നല്ലെ?

അനു—വാസ്തവം തന്നെ.

നര—എനിക്കു് ഒരു വാക്കു കൂടിയെ പറയാനുള്ളു. വൈദ്യനെ കണ്ടില്ലെന്നു വന്നതോടുകൂടി ഞാൻ എന്റെ വീട്ടിൽ ചെന്നു വേറെ ഒരു ഉറക്കമരുന്നുണ്ടാക്കി അതും കൊണ്ടു് ഇങ്ങോട്ടേക്കു പുറപ്പെട്ടപ്പോൾ വഴിമദ്ധ്യെവെച്ചു് എന്നെ ഒരാൾ അത്യാവശ്യമായി ഒരു രോഗിയെ നോക്കാൻ

കൂട്ടികൊണ്ടുപ്പോയി. അവിടെ പോയുംവച്ചു ഞാൻ കഴി യുന്ന വേഗത്തിൽ മടങ്ങി വരികയായിരുന്നു. പക്ഷെ ഫല മില്ലല്ലൊ. വന്നപ്പോഴേക്ക കഥയെല്ലാം കഴിഞ്ഞുപോ യിരുന്നു.

ഈ പ്രസ്താവന സശ്രദ്ധം കേട്ടുകൊണ്ടിരുന്ന ജീവ കാരുണ്യം മുമ്പോട്ടേക്ക കടന്നുവന്നു.

ജീ—ആ മരുന്നു നിങ്ങളുടെ കൈവശത്തിൽ ഉണ്ടോ?

നര—ഉണ്ട് പിന്നെയല്ലാതെ?

യുവാവിൻെറ ചോദ്യം നരഹരവൈദ്യനു രസമായില്ല

ന—ഇതാ നോക്കുക. പാഷാണസത്തും മററും ഇതിൽ കാണുകയില്ല.

യുവാവു കുപ്പി കയ്യിൽ വാങ്ങിച്ചു തുറന്നു മണപ്പിക്കയും മരുന്നിൻെറ രുചി നോക്കുകയും ചെയ്തു.

യുവാ—ഇല്ല;ഇതിൽ പാഷാണമില്ല. എൻെറ അച്ഛൻ കൊടുത്തയച്ച മരുന്നിലും പാഷാണം ഉണ്ടായി രുന്നില്ല. അദ്ദേഹം മരുന്നെടുത്തു കൊടുത്തയച്ചപ്പോൾ ഞാൻ കൂടെ വൈദ്യശാലയിൽ ഉണ്ടായിരുന്നു. മരുന്നു എടു ക്കുന്നതും ഒഴിക്കുന്നതും കുപ്പി അടച്ചു കൊടുക്കുന്നതും എല്ലാം ഞാൻ പ്രത്യേകം സൂക്ഷിച്ചുകൊണ്ടാണ് നിന്നതു്.

അനാമയവൈദ്യൻ ആ സമയത്തു വന്നു ചേർന്നു. മരിച്ചുകിടന്നിരുന്ന ആ സാധ്വീയുവതിയെ കണ്ടപ്പോൾ അദ്ദേ ഹത്തിനുണ്ടായ ആധിക്യം പരിഭ്രമത്തിനും കണക്കില്ലായി രുന്നു. വൈദ്യശാലയിലെ പരികർമ്മി പറഞ്ഞകാര്യമെല്ലാം വൈദ്യൻ അറിഞ്ഞുകൊണ്ടാണ വന്നതു്. ദീനക്കാരത്തിക്കു വെറും ബോധക്ഷയം മാത്രമേ ഉണ്ടായിരിക്കയുള്ളു എന്നാ യിരുന്നു അയാൾ ഊഹിച്ചതു്. സ്ഥലത്തെത്തിയതിൽ പിന്നീടേ പരമാർത്ഥം മുഴുവൻ ബോധപ്പെട്ടുള്ളു; വർത്ത

മാനങ്ങളെല്ലാം വിവരമായി ചോദിച്ചറിഞ്ഞു. ഒന്നിനും ഒരു സമാധാനവും കണ്ടില്ല. താനാണു തെററുകാരൻ എന്നുള്ള ഭാഗം അയാൾ ബലമായി എതിർത്തു.

പുരോഹിതൻ—കാര്യം ആകപ്പാടെ വലിയ കുഴപ്പമുള്ളതു തന്നെ. സംഗതി അത്യന്തം ദുരവഗാഹമായിരിക്കുന്നു.

അനാമയവൈദ്യൻ മൃതശരീരത്തിൻെറ നെററിയിൽ കൈ വെച്ചുകൊണ്ടിങ്ങനെ പറഞ്ഞു "ഈ സാധ്വുയുവതിയുടെ ജഡത്തെ സാക്ഷിയാക്കിക്കൊണ്ടു് എന്നു (ഇ)ന്നെയല്ല, സർവ വ്യാപിയായ ജഗദീശ്വരനെത്തന്നെ സാക്ഷിയാക്കിക്കൊണ്ടു ഞാൻ സത്യം ചെയ്യുന്നു. ഞാൻ ഇന്നു കൊടുത്തയച്ച മരുന്നിൽ പാഷാണം ലവലേശം പോലും ചേർന്നിരുന്നില്ല. ഏതോ ചില തകരാറുകൾ സംഭവിച്ചിട്ടുമുണ്ടു്. വൈദ്യശാലയിൽനിന്നു മരുന്നു പുറത്തു പോയതിൽപിന്നെ അതു ഇങ്ങനെ ദുഷിച്ചിരിക്കാനാണു് ഇട. ഇതെങ്ങിനെ സംഭവിച്ചു എന്നു നിങ്ങളെല്ലാവരുംക്രൂടി കണ്ടുപിടിച്ചുതരണം" —സഹരവൈദ്യനോടായിട്ടാണു് അയാൾ ഇപ്രകാരം ആവശ്യപ്പെട്ടതു്. എന്നാൽ ആ മനുഷ്യൻ അതിനു യാതൊരു മറുപടിയും പറയാതെ മനോരാജ്യമഗ്നനായി നിന്നതേയുള്ളു. അയാൾ ആ രാത്രിയിലെ സംഭവങ്ങളെപ്പററി ഗാഢമായി ചിന്തിക്കുകയായിരുന്നിരിക്കാം. താൻ അന്നു നേരത്തെ ആ വീട്ടിൽനിന്നു പുറത്തേക്കിറങ്ങിയപ്പോൾ കണ്ടതോ, കണ്ടു എന്നു തനിക്കു തോന്നിയതോ ആയ ആ ബീഭത്സരൂപത്തെപ്പററിയായിരുന്നു അയാൾ അധികമായി ആലോചിച്ചതു്. അതു് ഒരു പിശാചോ പ്രേതമോ ആയിരിക്കയില്ല, നിശ്ചയം എന്നു് അയാൾ ബലമായി വിശ്വസിച്ചു. ഈ കാഴ്ചയെ പിന്നീടു് അവിടെ നടന്ന ഘോരസംഭവത്തോടു് അയാൾ വല്ല വിധേനയും യോജിപ്പിച്ചിരിക്കുമോ, ആ സത്വമാണു് ഈ ഘാതകത്വം

പ്രവൎത്തിച്ചിട്ടുള്ളതെന്ന് അയാൾ ശങ്കിച്ചിരിക്കുമോ എന്തോ? ഒന്നും ഇപ്പോൾ തീർച്ചയാക്കാൻനിവൃത്തിയില്ല. ഏതായാലും ആ ഭയങ്കരമുഖം അയാളെ അത്യധികമായി ചലിപ്പിച്ചിരുന്നു എന്നുള്ളതിനു സംശയമില്ല.

ആ രൂപം ഐഹികസംബന്ധമായ ഒരു സത്വത്തിന്റേതല്ലാതെ തീർന്നെങ്കിൽ മതിയായിരുന്നു എന്ന് അയാൾ അത്യന്തം ഉൽക്കണ്ഠയോടുകൂടി ആഗ്രഹിച്ചു.

# എട്ടാമദ്ധ്യായം

ഇപ്പോൾ എന്താണ് ഇനി ചെയ്യേണ്ടതു്? അനാമയ വൈദ്യൻെറ അപേക്ഷ സാധിച്ചുകൊടുക്കേണ്ടതിനു് അവർ എന്താണ് പ്രവത്തിക്കേണ്ടതു്. സംഭവം അത്യന്തം ഭയങ്കരമല്ലെ? എന്നു തന്നെയുമല്ല, അതു സംബന്ധമായി യാതൊരു തുമ്പും ഉണ്ടായിരുന്നുമില്ല. ആ സാധു പ്രാണി നിർജ്ജീവമായും തണുത്തും കട്ടിലിൽ കിടക്കുന്നുണ്ടു്. ആശ്ച ര്യഭരിതരായ പല ജനങ്ങൾ ചുററും നിൽക്കുകയുംചെയ്യുന്നു. മനുഷ്യജീവിതത്തിൻെറ ആരംഭം മുതൽ അവസാനംവരെ യുള്ള പല ദശകളിലായി ശരീരികളിൽ പലവിധ വിചിത്ര കാഴ്ചകൾ വൈദ്യന്മാരുടെ അനുഭവത്തിൽപ്പെടാ റുണ്ടു്. എന്നാൽ പ്രസ്തുത സംഭവം ഇവയെ എല്ലാം അതി ശയിക്കത്തക്ക ഒന്നായിട്ടാണ് അവിടെ കൂടിയിരുന്ന മൂന്നു വൈദ്യന്മാരും ഐകകണ്ഠ്യേന അഭിപ്രായപ്പെട്ടതു്.

അല്പനേരം കഴിഞ്ഞു നരഹരവൈദ്യൻ വാതുക്ക ലേക്കു മാറി നിന്നുകൊണ്ടു ലക്ഷ്മിയമ്മയേയും സൂതികർമ്മിണിയേയും ജീവകാരുണ്യത്തേയും അടുക്കലേക്കുവിളിച്ചു.

ജീ—ഞാൻ ഇവിടെത്തന്നെ നിൽക്കാം. നിന്നുകൂടാ എന്നുള്ളതിനു വല്ല കാരണവുമുണ്ടോ?

"ഇയാൾ ഒരു സുശീലൻ തന്നെയാണോ" എന്നു നരഹരവൈദ്യൻ മറേറ രണ്ടുപേരോടുമായി പതുക്കെ ചോദിച്ചു.

അനുകൂലവൈദ്യൻ—അതെ, അതെ, ഒരു സംശയവുമില്ല.

നര—വല്ല മായയും ആരോ പ്രവത്തിച്ചിരിക്കുമെന്ന് അനാമയനദ്ദേഹം സംശയിക്കയുണ്ടായല്ലൊ, അതിലേക്ക് ഏതെങ്കിലും മതിയായ കാരണമുണ്ടോ? ഈ സ്ത്രീകൾ രണ്ടുപേരെയും നിങ്ങൾ അറിയുന്നതുപോലെ ഞാൻ അറിയുകയില്ല.

അനാ—നിങ്ങൾ എന്താണ് ഇങ്ങനെ പറയുന്നതു്? ഇവർ രണ്ടു പേരുടെയും പേരിൽ യാതൊരു സംശയവും എനിക്കില്ല. സൂതികർമ്മിണിക്ക് ഒരു ന്യൂനതയുണ്ടെന്നുള്ളതു വാസ്തവം തന്നെ. ലക്ഷ്മിഅമ്മ വലിയ ഭീരുവുമാണ്. എന്നൊക്കെയിരുന്നാലും ഇവർ രണ്ടുപേരും ഒരു കൊലക്കേസു നടത്താൻ തക്കവരല്ലെന്നു് എനിക്ക് ഉറപ്പുണ്ട്. നിങ്ങളെയോ എന്നെയോ പോലെ ഇവരെ ഈ വിഷയത്തിൽ സംശയിക്കേണ്ടതായുള്ളു. നിങ്ങൾ മററുവിധത്തിലൊന്നും ശങ്കിക്കേണ്ട.

നര—ഹേയ്, ഞാൻ ഇങ്ങനെ ചോദിച്ചു എന്നല്ലാതെ എനിക്ക് അവരുടെ മേൽ പ്രത്യേകമായ യാതൊരു ശങ്കയുമില്ല. മാമായത്തെ ശങ്കിക്കുന്നതായി നിങ്ങൾ പറഞ്ഞുവല്ലൊ. ഇവരല്ലാതെ വേറെ ആരും ഇവിടെ ഇല്ലാഞ്ഞതുകൊണ്ടു മാത്രം ഞാൻ ഇപ്രകാരം ആലോചിച്ചുപോയതാണ്.

പുരോഹിതൻ—അനാമയവൈദ്യൻ ആരെയും ചൂണ്ടിയല്ല പറഞ്ഞതെന്നു് എനിക്കറിയാം. ഇവിടെ നടന്ന

സംഗതിയെ സംബന്ധിച്ച യാതൊരു തുമ്പും കിട്ടാത്തതിനാൽ അദ്ദേഹം പൊതുവിൽ ഇങ്ങനെ അഭിപ്രായപ്പെട്ടു എന്നേയുള്ളൂ.

അനാ—അതാണ വാസ്തവം. എനിക്ക വല്ല സംശയവുമുണ്ടെങ്കിൽ അത് ഇതാണ്. മരുന്നു വഴിക്കവെച്ച് ഏതെങ്കിലുംവിധത്തിൽ ദുഷിക്കാൻ സംഗതിയായിരിക്കുമോ എന്തോ?

അനു—അതിനു മാർഗ്ഗമില്ലല്ലൊ. തന്റെ വേലക്കാരൻ സാധാരണയായി ഒരു അടപ്പുള്ള കുട്ടയിൽ ആണല്ലൊ മരുന്നുകൾ കൊണ്ടുപോകാറുള്ളത്. എനിക്കും വേറൊരു സംശയമാണ് ഉണ്ടാകുന്നത്. അനുജാ, ഇവിടെ കൂടിയിരിക്കുന്ന എല്ലാവരിലും കൂടുതലായി തനിക്കാണല്ലൊ ഈ ഭാഗ്യഹീനയായ സ്ത്രീയുമായി പരിചയമുള്ളത്. ഞാൻ ഇവരെ ഇപ്പോഴാണ് ആദ്യമായി കാണുന്നത്. പുരോഹിതനദ്ദേഹവും അങ്ങനെതന്നെ ആയിരിക്കും. നരഹരവൈദ്യൻ ഇതിനു മുമ്പ് ഒരിക്കൽകൂടി കണ്ടിട്ടുണ്ടായിരിക്കാം.

നര—അല്ലല്ല. ഞാൻ മുമ്പു രണ്ടു തവണ കണ്ടിട്ടുണ്ട്. ഇന്നലെ രാത്രിയിലും ഇന്നു രാത്രിയിലും.

അനു—ഇരിക്കട്ടെ. എന്നാലും രണ്ടു തവണയെ ഉള്ളല്ലൊ. അതും അത്ര വലിയ പരിചയമല്ല. അനാമയനാണ് നമ്മെ എല്ലാവരെയുംകാൾ അധികം പരിചയമുള്ളത്. ഞാൻ ചോദിക്കാൻ ഭാവിച്ചതുമുഴുവൻ ആകട്ടെ. ഈ സ്ത്രീ തന്നെ മരുന്നിൽ വിഷം കലത്തിയിരിക്കുമോ എന്നാണ് എന്റെ ശങ്ക. അനുജാ, ഇവൾക്ക വല്ല ബുദ്ധിക്ഷയവും ഉണ്ടായിരുന്നോ?

അനാ—ഒട്ടുംതന്നെ ഉണ്ടായിരുന്നില്ല. അവൾക്ക മററെല്ലാവരേയും പോലെ തന്നെ സന്തോഷവും ഉൽസാഹവുമു

ണ്ടായിരുന്നു. എന്നു തന്നെയുമല്ല, സൂതികർമ്മിണി കാണാതെ വിഷം കലത്തുന്നതിനു് അവക്കു സൗകര്യവുമി ല്ലായിരുന്നു. മരുന്നു സേവിക്കാനായി കൊട്ടത്തുവരെ സൂതികർമ്മിണിയാണു സൂക്ഷിച്ചിരുന്നതെന്നു് ആ സ്ത്രീ സാക്ഷ്യം പറയുകയും ചെയ്യുന്നുണ്ടല്ലോ.

നര—വേറൊരു കാര്യംകൂടിയുണ്ടു്. മരുന്നു് ഇവിടെ വന്നുചേർന്നതിൽപിന്നീടാണു് വിഷം അതിൽ കലർന്ന തെങ്കിൽ ആദ്യം അതു് ഇവിടെ എത്തിയപ്പോൾതന്നെ വല്ലാതുള്ള ഗന്ധം പുറപ്പെടുവിച്ചതെങ്ങനെ?

അന—അതാ, അതു് ഒരു പ്രധാന സംഗതിയാണു്. ഇവിടെ വന്നുചേർന്നപ്പോൾ വിഷമണം ഉണ്ടായിരുന്നതെ ങ്ങനെ?

അനു—വിഷം കലർന്നെങ്കിൽ ഗന്ധം പുറപ്പെട്ടതു് ആശ്ചര്യമല്ലല്ലോ. എവിടെവച്ചു് എങ്ങനെ വിഷംകലന്നു എന്നുള്ളതാണല്ലോ സർവത്ര രഹസ്യവും കുഴപ്പവും ആയി രിക്കുന്നതു്. ഈ ഘോരസംഭവത്തിനു പുറമെ ഈ സ്ത്രീ യെ സംബന്ധിച്ച മറ്റു വിവരങ്ങളും വലിയ രഹസ്യ ങ്ങളായിരിക്കുന്നല്ലോ. ഇവർ ആരു്? എവിടെനിന്നു വന്നു? യാതൊരു പരിചയക്കാരും ഇല്ലാതെ ഇവിടെ എന്തിനു വന്നു? ഇവരെ കണ്ടിട്ടു വളരെ ചെറുപ്പക്കാരി യാണെന്നു തോന്നുന്നു.

പുരോഹിതൻ—സർവശക്തനായ ദൈവം ഈ സാ ധുവിന്റെ ആത്മാവിനു നിത്യസ്വസ്ഥത നൽകട്ടെ.

അനന്തരം നരഹരവൈദ്യനും സ്ത്രീകളും ഒഴികെ എല്ലാവരും പോയി, അയാൾ സ്നേഹലതയുടെ പെട്ടി തുറന്നു പരിശോധിച്ചു. സ്ത്രീ ഇന്ന ആളെന്നു മനസ്സിലാ ക്കാൻ അതിൽ യാതൊരു ലക്ഷ്യവും ഉണ്ടായിരുന്നില്ല.

കാർഡുകളോ എഴുത്തുകളോ കടലാസുതുണ്ടുകൾപോലുമോ അയാൾ, കണ്ടില്ല.

നര—ഈ ഒരു പെട്ടി മാത്രമെ ഇവരുടെ വകയായി ഉള്ളോ?

സൂ—അതാ ആ ചെറിയ പെട്ടിയുംകൂടി ഉണ്ട്.

അതും വൈദ്യൻ പരിശോധിച്ചു. എന്നിട്ടും ഒന്നും കണ്ടുകിട്ടിയുമില്ല. അയാൾ പെട്ടികൾ രണ്ടും പൂട്ടി മുദ്ര വച്ചു.

ഇങ്ങനെയുള്ള കാര്യങ്ങളിൽ ശരിയായ നടപടി എന്തെന്ന് എനിക്കു നിശ്ചയമില്ല. ഏതായാലും സൂക്ഷിക്കുന്നതു നല്ലതുതന്നെയല്ലോ. പോലീസുകാർ വരുമ്പോൾ അവർ എന്റെ മുദ്രകൾ പൊട്ടിച്ചുകൊള്ളട്ടെ.

അയാൾ ഇത്രയും പറഞ്ഞുകഴിഞ്ഞപ്പോഴേയ്ക്കു് ഒരു കാൺസ്റ്റബിൾ അവിടെ വന്നുചേർന്നു. പിന്നാലെ ഇൻസ്പെക്ടറും ഉണ്ട്. നരഹരവൈദ്യനും സൂതികർമ്മിണിയും മിക്ക വിവരങ്ങളും പറഞ്ഞു പോലീസുദ്യോഗസ്ഥനെ ധരിപ്പിച്ചു. അദ്ദേഹം മരുന്നുകുപ്പിയും കഞ്ഞി കുടിച്ച പാത്രവും കൈവശപ്പെടുത്തിയ ശേഷം വിളക്കു കത്തിച്ചു മുറികളെല്ലാം സൂക്ഷ്മമായി പരിശോധിച്ചു. ജന്നലും കതകും ഭിത്തിയും എല്ലാം ഒന്നുപോലെ ഇൻസ്പെക്ടർ പരിശോധിക്കാതിരുന്നില്ല.

ഇൻ—അതാ, ആ കാണുന്നതു് ഒരു വാതിൽ ആണോ?

ഇങ്ങനെ ചോദിച്ചുകൊണ്ട് അദ്ദേഹം നേരെ ചെന്നു തട്ടിനോക്കി. അവിടെ ഉണ്ടായിരുന്ന കതകു തുറന്നു. സാധാരണ നോട്ടക്കാർക്ക് അവിടെ പ്രത്യേക വാതിൽ ഉണ്ടെന്നു തോന്നാതിരിക്കത്തക്കവണ്ണമാണ് ആ കതകു പണിതു ചേർത്തിരുന്നതു്.

ല—യജമാനനെ, അതു ചൂല്ലും മുറവും ചപ്പും ചവറും കിടക്കുന്ന ഒരു ചെറിയ മുറിയാണു്.

അതെ, വാസ്തവം അങ്ങനെ തന്നെയായിരുന്നു. രണ്ടു ചൂല്ലുകൾ മാത്രമെ അതിൽ ഉണ്ടായിരുന്നുള്ളു. ഇതു കണ്ടു ബോധിച്ചുകൊണ്ടു് ഇൻസ്പെക്ടർ ആ കതകു് അടച്ചു.

നരഹരവൈദ്യൻ ഈ വാതിലും മുറിയും മുമ്പു കണ്ടിരുന്നില്ല. താൻ അന്നു നേരത്തെ കണ്ട ബീഭത്സമുഖത്തിന്റെ ആൾ—അതേ ആളായിരുന്നെങ്കിൽ—അതിനകത്തായിരിക്കാം പെട്ടെന്നു പ്രത്യക്ഷമായതു് എന്നു് അയാൾക്കു് അപ്പോൾ തോന്നി.

വൈദ്യൻ സംഭ്രമചിത്തനായിത്തീന്നു. അയാൾ ഉടനെ തന്നെ സ്വഗൃഹത്തിലേക്കു പുറപ്പെട്ടു. യാത്രയിൽ മുഴുവൻ ആ ഭയങ്കര മുഖം അയാളെ ചലിപ്പിച്ചുകൊണ്ടിരുന്നു. ഈ സംഗതിയെപ്പററി അയാൾ പോലീസ് ഇൻസ്പെക്ടരോടും ആദ്യം അവിടെ കൂടിയിരുന്ന ആളുകളോടും പറയാതിരുന്നതു് എന്തെന്നു നിങ്ങൾ ചോദിക്കുമായിരിക്കാം. അയാൾ എന്താണു പറയേണ്ടതു്? പാതി പൈശാചികമായും പാതി മാനുഷികമായും ഉള്ള ഒരു വികൃത മുഖം താൻ അന്നു് അവിടെ കണ്ടു എന്നോ? കണ്ടതായി തനിക്കു തോന്നി എന്നോ? വിളക്കു കത്തിച്ചു കൊണ്ടുചെന്നു നോക്കിയപ്പോൾ ഒന്നും കാണാനുണ്ടായിരുന്നില്ലെന്നോ? മനുഷ്യരൂപമായിരുന്നെങ്കിൽ അത്ര വേഗത്തിൽ അദൃശ്യമാകുക എന്നുള്ളതു സംഭവ്യമല്ല. കിടപ്പുമുറിയിൽ എങ്ങും പതുങ്ങിയില്ലെന്നു് അയാൾ പരിശോധിച്ചു നിർണ്ണയപ്പെടുത്തുകയും ചെയ്തിരുന്നു. ഇപ്പോൾ ഇതാ അയാൾ ഒരു മുറി പുത്തനായി അവിടെ കാണുകയുണ്ടായല്ലോ. ഇതു് ആദ്യം അറിഞ്ഞിരുന്നതുമല്ലല്ലോ. അതിൽ കയറി വാതിൽ അടച്ചു് ഒളിച്ചിരിക്കുന്നതിനു് അയാളുടെ

അറിവു കൂടാതെ ആ രൂപത്തിനു സാധിക്കയില്ലായിരുന്നു എന്നു വൈദ്യൻ ബലമായി ഊഹിച്ചു. ഇതിനെപ്പററി താൻ പുറത്തു പറയുക എന്നുവച്ചാൽ കേൾവിക്കാരിൽ പത്തിനു് ഒൻപതു വീതം ആളുകളും അയാളെ ഹസിക്കുകയേ ചെയ്കയുള്ളൂ എന്നു് അയാൾക്കു് അറിയാമായിരുന്നു. ഈ കാഴ്ചയെപ്പററിയുള്ള ഭയം തന്റെ സങ്കല്പ സൃഷ്ടി അല്ലേ എന്നുകൂടി അയാൾക്കു സംശയമുണ്ടായിരുന്നു.

അയാൾ വീട്ടിൽ ചെന്നു വിശ്രമത്തിനായി കിടന്നു. വിശ്രമത്തിനായി ആഗ്രഹിച്ചു എങ്കിലും അയത്തു് അപ്പോഴത്തെ സന്ദർഭത്തിൽ അയാൾക്കു ലഭിച്ചില്ല. നിഴൽപ്രായമായ ആ മുഖം പല വിധത്തിൽ അയാളെ അലട്ടിക്കൊണ്ടിരുന്നു. പ്രഭാതമാകുന്നതുവരെ ഇതു നിമിത്തം അയാൾ ഉറങ്ങിയില്ല എന്നു തന്നെ പറയാം.

വൈദ്യസഹോദരന്മാർ മരണവീട്ടിൽ നിന്നു് ഇറങ്ങിയതിൽ പിന്നെ എന്തെല്ലാമാണു് ചെയ്തതു് എന്നുള്ള കഥ നമുക്കു് അന്വേഷിക്കാം. അവരും പുരോഹിതനും ഒരുമിച്ചാണല്ലൊ ഇറങ്ങിയതു്. പടിക്കൽ എത്തിയശേഷം പുരോഹിതൻ സ്വഗൃഹത്തിലേക്കു പോയി. വൈദ്യന്മാർ ഇരുവരും തമ്മിൽ കൈ കോർത്തുപിടിച്ചുകൊണ്ടു് അവരുടെ ഗൃഹത്തിലേക്കും പുറപ്പെട്ടു. യുവാവായ ജീവകാരുണ്യം ഇവരുടെ പിന്നാലെ തന്നെയുണ്ടു്.

അനു—ഇതു് അത്യന്തം ഭാഗ്യഹീനമായ ഒരു സംഭവം ആണു്.

അനാ— ഭാഗ്യഹീനവും രഹസ്യവും ആണല്ലൊ എന്റെ മരുന്നിൽ വിഷം ചേരുക എന്നുള്ളതു് അസാദ്ധ്യമാണു്.

ജീ—മരുന്നിനോടുകൂടി വിഷം കലത്തുകയായിരുന്നുവോ? കുപ്പിയിൽനിന്നു മരുന്നു തട്ടിക്കളഞ്ഞുംവച്ചു് അതിൽ ആരെങ്കിലും വിഷം ഒഴിച്ചു വച്ചിരുന്നിരിക്കുമോ?

അനു—കുട്ടാ, ഇങ്ങനെ ബുദ്ധിഹീനമായി സംസാരിക്കാതിരിക്കുക. ആരെങ്കിലും മരുന്നുകുപ്പിയിൽ നിന്നു മരുന്നു് ഒഴിച്ചുകളഞ്ഞുംവച്ചു് അതിൽ വിഷം ഒഴിച്ചു വയ്ക്കുമോ?

ജീ—ആ സ്ത്രീ വിഷം സേവിച്ചു എന്നുള്ളതു നിശ്ചയം തന്നെയല്ലൊ. ആ സ്ഥിതിക്കു് അതു് ഏതെങ്കിലും വിധത്തിൽ അവൎക്കു കൊടുത്തിരിക്കേണ്ടേ?

അനു—അനിയാ! ഞാൻ രഹസ്യമായി ഒരു കാൎയ്യം ചോദിച്ചുകൊള്ളട്ടെ? താൻ അന്യഥാ ശങ്കിക്കയോ പരിഭവിക്കയോ ചെയ്യരുതു്. വല്ലപ്രകാരത്തിലും വിഷം താൻ തന്നെ മനസ്സറിയാതെ മരുന്നുകുപ്പിയിൽ ഒഴിക്കാൻ ഇടയായിട്ടില്ലെന്നു തനിക്കു പൂൎണ്ണനിശ്ചയം ഉണ്ടോ?

സത്യസന്ധനും നിഷ്പക്ഷപാതിയുമായ അനുകൂലവൈദ്യനും ഈ വിചിത്രസംഭവത്തിന്റെ ഒരു തുമ്പും കിട്ടാഞ്ഞതുകൊണ്ടു് അയാൾ സ്വന്തം അനുജനെപ്പോലും ഇപ്രകാരം സംശയിച്ചു എന്നല്ലാതെ അനുജന്റെ ശീലദാൎഢ്യത്തെക്കുറിച്ചു് അയാൾക്കു തീരെ ശങ്ക ഉണ്ടായിരുന്നില്ല.

അനു—ജ്യേഷ്ഠാ! ഞാൻ കഴിഞ്ഞ ഇരുപതു വൎഷങ്ങളായി രോഗികളോടും മരുന്നുകളോടും സംസൎഗ്ഗം ചെയ്തതു് ഇപ്പോൾ അവസാനത്തിൽ ഇങ്ങിനെ ഒരു പാതകകൎമ്മത്തിന്റെ കൎത്താവായിതീരാൻ വേണ്ടിയാണെന്നു് അങ്ങു് ഊഹിച്ചതു് എന്റെ ദുഷ്കാലശക്തിയുടെ ആധിക്യം തന്നെ എന്നു ഞാൻ സമാധാനപ്പെടുന്നു. ജ്യേഷ്ഠാ! അത്യന്തം ശ്രദ്ധയോടും സൂക്ഷ്മത്തോടും കൂടി തന്നെയാണു്

ഈ മരുന്നു ഞാൻ എടുത്തിട്ടുള്ളതെന്ന് എവിടെ വേണമെങ്കിലും സത്യം ചെയ്യാം. എന്റെ പക്കൽനിന്നു യാതൊരു തെററും ഇതു സംബന്ധമായി ഉണ്ടായിട്ടില്ലെന്ന് എനിക്കു നിശ്ചയമാണ്.

ജീ—വലിയച്ഛാ! എന്റെ അച്ഛൻ മരുന്നെടുത്തപ്പോൾ ഞാനടുക്കൽ തന്നെ ഉണ്ടായിരുന്നു. അതിൽ യാതൊരു തെററും വന്നിട്ടില്ല. പാഷാണദ്രാവകം വെച്ചിട്ടുള്ള കുപ്പി ഓർമ്മപ്പിശകായി എടുത്തുപോയിരിക്കുമെന്നാണൊ അങ്ങയുടെ ശങ്ക? അതിനൊരിക്കലും നിവൃത്തിയില്ല. എന്തുകൊണ്ടെന്നാൽ ചവിട്ടുപടികൾ കൂടാതെ അ കുപ്പി ആർക്കും എത്തുകയില്ല. വൈദ്യശാലയിൽ ആരും ചവിട്ടുപടികൾ കൊണ്ടുപോയിട്ടുമില്ല. അച്ഛൻ ഇന്നു മരുന്നെടുത്തതു നമ്മുടെ മാത്സ്യനും കണ്ടിട്ടുണ്ട്.

അനു—അതുവ്വൊ?

അനാ—മാത്സ്യൻ കാണാനിടയായതു് ഇങ്ങനെയാണ്. ഞാൻ ഇന്നു രാത്രി ഏഴു മണി കഴിഞ്ഞു ഉടനെ സ്നേഹലതാമ്മയുടെ വീട്ടിൽനിന്നു മടങ്ങിപ്പോരികയായിരുന്നപ്പോൾ മാത്സ്യന്റെ പടിക്കൽവെച്ചു് അയാൾ എന്നെ കണ്ടു വീട്ടിലേക്കു ക്ഷണിച്ചുകൊണ്ടുപോയി. ഇന്ന് അയാളുടെ പിറന്നാൾ ആയിരുന്നു. ഞങ്ങൾ ഒരുമിച്ച് അവിടെനിന്ന് അത്താഴം കഴിച്ചശേഷം അയാൾ കൂടി എന്നോടൊരുമിച്ച് ഒരു സവാരി പുറപ്പെട്ടു. ഞങ്ങൾ ഒരുമിച്ചു വൈദ്യശാലയിൽ വന്നു. ഞാൻ സ്നേഹലതാമ്മയ്ക്കു മരുന്ന് എടുത്തു കൊടുത്തയയ്ക്കുന്നതുവരെ അയാളും അതു സൂക്ഷിച്ചുനോക്കിക്കൊണ്ട് അവിടെ ഇരുന്നിരുന്നു.

അനു—മരുന്നുകുപ്പി ഉടൻ കൊടുത്തയച്ചൊ?

ജീ—ഇല്ല. ഉടനെ കൊടുത്തയച്ചില്ല. വേലക്കാരൻ അത്താഴം കഴിക്കയായിരുന്നു. അയാൾ വന്നതിനു ശേഷമെ

കൊട്ടത്തയച്ചുള്ളൂ. അതുവരെ വിധേയനാണ് അതു സൂക്ഷിച്ചുകൊണ്ടിരുന്നത്. അച്ഛൻ മരുന്നെടുത്തുകൊണ്ടിരുന്നപ്പോളാണ് വിധേയൻ വന്നുചേർന്നതും. അതിൽ പിന്നീട് മരുന്നുകൊണ്ടു വേലക്കാരൻ പുറപ്പെട്ടതുവരെ ഞാനും വിധേയനും അവിടെനിന്നു മാറീട്ടുണ്ടായിരുന്നില്ല.

അനു—എന്തോ എനിക്കൊന്നും അറിഞ്ഞുകൂടാ. സംഗതി ആകപ്പാടെ ദുർഗ്രാഹ്യമായിരിക്കുന്നു.

ഇങ്ങനെ സംഭാഷണം ചെയ്തുകൊണ്ടു് അവർ വീട്ടിലെത്തി ആദ്യം മരുന്നു കൊണ്ടുപോയ വേലക്കാരനെ അന്വേഷിക്കയാണുണ്ടായതു്. അവൻ കിടന്നുറങ്ങുകയായിരുന്നു. അനുകൂലവൈദ്യൻ അവനെ വിളിച്ചുണർത്തി.

വേല—ഞാൻ ഉണർന്നു യജമാനനെ. എഴുനേൽക്കണമൊ? മരുന്നു വല്ലതും എടുക്കാനുണ്ടൊ?

അനു—ഇല്ല. അതൊന്നുമില്ല. തന്നോടു വേറൊരുകാര്യം ചോദിക്കാനുണ്ടു്. താൻ ഇന്നു രാത്രിയിൽ ലക്ഷ്മിഅമ്മയുടെ വീട്ടിലേക്കു് എന്തെങ്കിലും മരുന്നു കൊണ്ടുപോയൊ?

വേല—ഉവ്വ്. ഒരു ചെറിയ കുപ്പി കൊണ്ടുപോയി.

അനു—ആരാണ് തന്റെ കയ്യിൽ തന്നതു്?

വേല—കൊച്ചങ്ങുന്നു്. ഞാൻ അതു കൊണ്ടുചെന്നു മുളകുപറമ്പിയെ ഏല്പിച്ചു. അവരാണ് വാതുക്കൽ വന്നതു്.

അനു—താൻ ഇവിടെനിന്നു പുറപ്പെട്ടശേഷം നേരെ അങ്ങോട്ടേയ്ക്കു പോകുകയായിരുന്നൊ? അതോ മരുന്നു വഴിയിൽ വെച്ചുംവെച്ചു് എങ്ങാനും നിന്നുവോ?

വേല—ഞാൻ നേരെ പോകുകയായിരുന്നു ചെയ്തതു്. വഴിയിലെങ്ങും താമസിച്ചില്ല. മരുന്നു കൊണ്ടുചെന്നു കൊടുത്തില്ലെന്നോ പൊട്ടിച്ചാണ് കൊണ്ടുചെന്നു കൊടുത്തതെന്നോ മുളകുപറമ്പി അവലാധി പറയുന്നോ? അങ്ങനെയാണെങ്കിൽ അവർ വലിയ ഒരു നുണക്കാരിയാണ്.

അനു—തന്നെക്കുറിച്ചു. യാതൊരാവലാതിയും അവർ പറഞ്ഞിട്ടില്ല. തൻെറ കയ്യിൽ ഏല്പിച്ച മരുന്നകുപ്പി മററാരും തൊട്ടുവാൻ ഇടയാകാതെ താൻ കൊണ്ടുകൊ ട്ടത്തോ എന്നറിയേണ്ടിയിരിക്കുന്നു.

വേ—യജമാനനേ! അതിനു യാതൊരു വ്യത്യാസവും ഞാൻ വരുത്തീട്ടില്ല. എൻെറ ചോററിൽ ഞാൻ മണ്ണുവാരി യിടുമോ?

വേലക്കാരൻെറ പരമാർത്ഥത അവൻെറ സ്വരത്തിലും വാക്കിലുംനിന്നു് അവർക്കു വേണ്ടുവോളം ബോധപ്പെട്ടു. പോയി കിടന്നുകൊള്ളുന്നതിനു് അവനെ അനുവദിച്ചും വെച്ചു് അവർ വൈദ്യശാലയിലേക്കു പോയി. ആ സമ യത്തു് അവിടെ ആരും ഉണ്ടായിരുന്നില്ല. അനാമയവൈ ദ്യൻ ഒരു വിളക്കു കത്തിച്ചുകൊണ്ടു പുറത്തേക്കു പോയി ചവിട്ടുപടികൾ എടുത്തുകൊണ്ടുവന്നു. ഉള്ളതിലേക്കും കിള രമുള്ള അലമാരിയിൽ അതിൻെറ ഏററവും മുകളിലത്തെ ത്തട്ടിൽ ഒരു ഒഴിഞ്ഞ കോണിൽ പാഷാണദ്രാവകം എന്ന പുറത്തെഴുത്തോട്ടുകൂടിയ കുപ്പി ഇരുന്നിരുന്നതിനെ ചവിട്ടു പടികളുടെ സഹായത്തോട്ടുകൂടി അയാൾ എത്തി എടുത്തു.

അനാ—ഇതാ നോക്കുക. അടപ്പുമുതൽ കുപ്പിയുടെ ചുവടുവരെ ഒരിഞ്ചു ഘനത്തിൽ പൊടിയും ചിലന്തിവലയും അടഞ്ഞു പററിയിരിക്കുന്നതു കണ്ടില്ലേ? വളരെ കാല മായി ഈ കുപ്പി തൊടാറില്ലെന്നു് ഇതുകൊണ്ടുതന്നെ പൂർണ്ണമായി തെളിയുകയില്ലേ? ഒരു ആഴ്ചയോളം കുപ്പി തൊടാതിരുന്നെങ്കിലല്ലാതെ ഇത്രമാത്രം ചിലന്തിവല ഇതിൽ പററുകയില്ലല്ലോ.

പാഷാണസാധനം ഇതൊന്നല്ലാതെ ആ വൈദ്യശാല യിൽ ഉണ്ടായിരുന്നില്ല. ആ കുപ്പി ഇപ്രകാരം ചിലന്തി വലയും പൊടിയും അടഞ്ഞിരിക്കുന്നതായി കണ്ടതോട്ടുകൂടി

അനുകൂലവൈദ്യൻെറ സകല സംശയങ്ങളും നീങ്ങി. അനുജൻെറ മേൽ അയാൾ സ്വപ്നസമാനമായി എങ്കിലും ആരോപിച്ചിരുന്ന ഉദാസീനതക്കുററം അതോടെ അവസാനിച്ചു. ഈ കുപ്പി ഏറിയോരു കാലമായി- രൊടാവുണ്ടായിരുന്നില്ലെന്നു് അയാൾക്കു ബോധപ്പെട്ടു. ഈ കാൎയ്യം പിന്നെ എങ്ങനെ സംഭവിച്ചിരിക്കുമെന്നുള്ളതിനെപ്പററി ആ ജ്യേഷ്ഠാനുജന്മാർ തങ്ങളിൽ രഹസ്യമായി ആലോചിച്ചുകൊണ്ടിരുന്നതിനാൽ യുവാവായ ജീവകാരുണ്യത്തിൻെറ അപ്പോഴത്തെ പ്രവൃത്തികളെ അവർ ശ്രദ്ധിച്ചില്ല. ബാലചാപല്യത്തിൻെറ തള്ളൽ ഹേതുവായി ആ യുവാവു സ്വസ്ഥനായിരിക്കാതെ ഒരു തുവാലയെടുത്തു കൊണ്ടുവന്നു പാഷാണക്കുപ്പിയിന്മേലുണ്ടായിരുന്ന പൊടിയും ചിലന്തിവലയും എല്ലാം തുടച്ചു കളഞ്ഞു. കുപ്പി വൃത്തിയാക്കിവെയ്ക്കുകയായിരുന്നു. സംഭാഷണത്തിൻെറ മദ്ധ്യേ ഒന്നു തുപ്പുന്നതിനൊ ചുമയ്ക്കുന്നതിനൊ ആയി അനുകൂലവൈദ്യൻ പെട്ടെന്നു തിരിഞ്ഞപ്പോഴാണു് യുവാവിൻെറ സാഹസികകൃത്യം അയാൾ കണ്ടതു്.

അനു—അഹാ, എൻെറ കുട്ടാ, നീ എന്താണു ചെയ്തതു്?

ജീ—വലിയച്ഛാ, ഈ കുപ്പിയുടെ മേൽ പററിയിരുന്ന പൊടിയും ചിലന്തിവലയും എല്ലാം ഞാൻ തുടച്ചു കളയുകയായിരുന്നു.

അനു—അവിവേകിയായ മകനെ, നിൻെറ സാഹസകൃത്യം മൂലം അച്ഛൻെറ ജീവഹാനിയോ മാനഹാനിയോ സംഭവിക്കാതിരിക്കയില്ലെന്നു നീ ഓൎമ്മിച്ചുകൊള്ളുക.

സുശീലനും—ശാന്തനുമായ ജീവകാരുണ്യത്തിൻെറ മുഖത്തു രക്തമയം പോലും ഇല്ലാതായി. അയാൾ വിഷണ്ണനായിത്തീൎന്നു.

അനു—കുപ്പിയുടെ പുറത്തു ചിലന്തിവല പാറിയിരുന്നെങ്കിൽ അതു് ഈയിടെ എങ്ങും എടുത്തിട്ടില്ലാത്ത ഒരു കുപ്പിയാണെന്നുള്ളതിലേക്കു് അതുതന്നെ ഒരു ഒന്നാന്തരം തെളിവായിത്തീരുമായിരുന്നു. കുപ്പിയുടെ അടപ്പു മുതൽ അടിവരെ ഒന്നുപോലെ ചിലന്തിവല പിടിച്ചിരുന്നല്ലൊ. അടപ്പു് ഊരീട്ടില്ലെന്നുള്ളതിലേക്കു് ഇതിലധികം ബലമായ തെളിവു മറെറന്താണു വേണ്ടിയിരുന്നതു്? ആ ചിലന്തിവലകൾ നിന്റെ അച്ഛന്റെ പ്രാണദാതാക്കൾ ആയിത്തീരുമായിരുന്നു എന്നുള്ളതിനു സംശയം ഇല്ലായിരുന്നു.

ജീവകാരുണ്യത്തിനു ശ്വാസം മുട്ടിത്തുടങ്ങി. തന്റെ ആയുഷ്ക്കാലം മുഴുവൻ പശ്ചാത്താപപ്പെട്ടാലും തന്റെ അവിചാരിതമായ ഈ അവിവേകകൃത്യത്തിന്റെ ദോഷഫലത്തിനു് ആയതു് ഒരു ഫലപ്രദമായ പ്രതിശാന്തിയായി ഭവിക്കയില്ലല്ലൊ എന്നായിരുന്നു അയാളുടെ സന്താപം.

ജീ—എന്റെ അച്ഛനെ ഈ സംഗതിയിൽ കുററപ്പെടുത്തുമെന്നു ഞാൻ ഒട്ടുംതന്നെ വിചാരിച്ചില്ല. ആരെങ്കിലും അങ്ങനെ ചെയ്യേക്കുമെന്നു് ഇപ്പോഴും ഞാൻ വിചാരിക്കുന്നുമില്ല.

അനു—പിന്നെ ആരെയാണു സക്കാരിൽ നിന്നു കുററപ്പെടുത്തേണ്ടതു്? നിന്നെയോ? അതോ എന്നെയോ? മരുന്നു് ഈ വീട്ടിൽനിന്നു കൊടുത്തയച്ചു. വഴിയിൽ യാതൊരു തകരാറും കൂടാതെ അതു് അവിടെച്ചെന്നു ചേർന്നു. അപ്രകാരംതന്നെ യാതൊരു പിശകും കൂടാതെ സൂതികർമ്മിണി ആ മരുന്നു ദീനക്കാരിക്കു കൊടുക്കുകയും ചെയ്തു. മരുന്നു ചെന്നു ചേർന്നപ്പോൾ തന്നെ അതിൽ പാഷാണഗന്ധം ഉണ്ടായിരുന്നു എന്നു മാന്യനും വിദഗ്ദ്ധനുമായ ഒരു വൈദ്യൻ സാക്ഷിപ്പെടുത്തുന്നുമുണ്ടു്. ഇപ്രകാരമെല്ലാമിരിക്കെ മരുന്നു കൊടുത്തയച്ച ആളെ അല്ലാതെ ബഹുജനങ്ങൾ

മററാരെയാണു സംശയിക്കുക? നിൻെറ അച്ഛനെ പ്പററി നിനക്കും എൻെറ സഹോദരനെപ്പററി എനിക്കും പൂർണ്ണവിശ്വാസമുണ്ട്. അയാൾ ഒരിക്കലും ഈ പിശക അറിഞ്ഞും അറിയാതെയും ചെയ്യുിരിക്കയില്ല നിശ്ചയം തന്നെ." എന്നാൽ സകലജനങ്ങളും അയാളെ ഇപ്രകാരം വിശ്വസിച്ചു എന്നു വരികയില്ലല്ലൊ. കുപ്പിയുടെ മേൽ പററിയിരുന്ന ചിലന്തിവല അതിന്മേൽത്തന്നെ ഇരുന്നിരു ന്നെങ്കിൽ അയാളുടെ സത്യനിഷ്ഠയിൽ വിശ്വാസം ഇല്ലാത്ത വക്കം ഈ കാൎയ്യത്തിൽ അയാളുടെമേൽ ദുരൂഹത്തിനു വക യുണ്ടാകുകയില്ലായിരുന്നു. എൻെറ കുട്ടാ, ഈ ബലമായ തെളിവു നീ നശിപ്പിക്കുകയല്ലേ ചെയ്യതു്. മകനെ പോ യിക്കിടന്നുറങ്ങ്. ഒരു രാത്രിക്കു വേണ്ടുവോളം പ്രവൃത്തി നീ ചെയ്തുകഴിഞ്ഞു.

നിർമ്മലനായ ജീവകാരുണ്യത്തിൻെറ ചങ്കിൽ ഈ വാക്കുകൾ കൂരമ്പുകൾ എന്നവണ്ണം തറച്ചു. മരണവേദനക്കു തുല്യമായ ഒരു പശ്ചാത്താപം ആ യുവാവിൻെറ ഹൃദയത്തി ൽ പടർന്നു വ്യാപിച്ചു. മറുപടി പറയാൻ അയാൾക്കു നാക്കു പൊങ്ങിയില്ല. വല്ലവിധേനയും ആരും കാണാത്ത ഒരു സ്ഥലത്തു ചെന്നു കിടന്നു കരഞ്ഞാൽ മതിയെന്നായിരു ന്നു അയാളുടെ ആഗ്രഹം. തൻെറ അവിവേകകൃത്യം മൂലം അച്ഛനു യാതൊരു വിപത്തും സംഭവിക്കാൻ ഇട യാകരുതെയെന്നു ദൈവത്തോടു നമസ്കാരപൂർവം പ്രാൎത്ഥി ക്കാൻ അയാൾക്കു വൈകി. പൊയ്ക്കൊള്ളുന്നതിനു വലിയ ച്ഛൻ അനുവദിച്ചതുകേട്ട് അയാൾ അത്യന്തം വിനീത നായി അവിടെ നിന്നു പോകാൻ ഭാവിച്ചു.

അനു—കുട്ടാ, എന്തൊക്കെയായാലും നീ മനഃപൂർവമാ യി യാതൊരു ദുഷ്കൃത്യവും ചെയ്യിട്ടില്ലെന്നു് എനിക്കറി യാം. മനസ്സാപപ്പെടാതിരിക്കുക.

അനം—മകനെ, നീ വ്യസനിക്കരുതു്. എന്റെ നിരപരാധിത്വം എനിക്കു പൂർണ്ണമായി അറിയാം. അതിനെ സർവശക്തൻ—അതെ സർവസാക്ഷിയായ ദൈവം—ലോകസമക്ഷം തെളിയിക്കുകയും ചെയ്യും.

ജീവകാരുണ്യം ചെന്നു കിടക്കയിൽ വീണു നിലവിളിക്കാൻ തുടങ്ങി. വ്യസനാധിക്യം ഹേതുവായി നെഞ്ചു പൊട്ടിപ്പോയേക്കുമെന്നു് അയാൾ ഭയപ്പെട്ടു. അയാളെ സമാധാനപ്പെടുത്തുന്നതിനു് അവിടെ ആരും ഉണ്ടായിരുന്നില്ല, അയാളുടെ അമ്മ അക്കാലത്തു് അന്യ ഒരു ദിക്കിൽ പോയിരിക്കുകയായിരുന്നു. താൻ മാതാപിതാക്കന്മാരുടെ ഏകസന്താനവുമാണു്.

വൈദ്യഭ്രാതാക്കന്മാർ വൈദ്യശാലയിൽത്തന്നെ വീണ്ടും വളരെ സമയം ഇരുന്നു. അപ്പോൾ പരികർമ്മിയായ വിധേയനും അവിടെ എത്തി. എല്ലാവരും ഒരുമിച്ചു പലതും പറകയും ആലോചിക്കയും ചെയ്തു. യാതൊരു തീർച്ചയും ഒന്നുകൊണ്ടും ഉണ്ടായില്ല.

വിധേ—അങ്ങുന്നു തന്നതുപോലെ തന്നെ മരുന്നുകുപ്പി ഞങ്ങൾ വേലക്കാരനെ ഏല്പിച്ചു, അതിനു കുഞ്ഞും ഞാനും സാക്ഷിയാണു്. വേലക്കാരൻ അതു കൊണ്ടുചെന്നു കൊടുത്തപ്പോൾ സൂതികർമ്മണി വാങ്ങിച്ചു് അകത്തേക്കു കൊണ്ടുചെന്നു. നരഹരവൈദ്യൻ മണപ്പിച്ചു നോക്കി, ഗന്ധം വല്ലാതിരിക്കുന്നതായി അപ്പോൾത്തന്നെ പറയുകയും ചെയ്തിരുന്നുപോല്ലം! ഇതാണു് ഇന്ദ്രജാലം, ഇതെങ്ങിനെ സംഭവിച്ചു എന്നു ഞാൻ അറിയുന്നില്ല; മരുന്നു നരഹരവൈദ്യൻ കയ്യിൽ കൊണ്ടുപോരാതെയിരുന്നതു വലിയ കഷ്ടംതന്നെ. അദ്ദേഹം ആ വഴി ഇങ്ങോട്ടേയ്ക്കാണല്ലൊ വന്നതു്.

അനം—താൻ അദ്ദേഹത്തെ അപ്പോൾ കണ്ടോ?

വിദധ- ഉവ്വ്, ഞാൻ മാത്രമേ അപ്പോൾ ഇവിടെ ഉണ്ടായിരുന്നുള്ളു. അങ്ങുന്നു് ഇവിടെയുണ്ടോ എന്നു അദ്ദേഹം ചോദിച്ചു. ഇല്ല എന്നു ഞാൻ മറുപടി പറഞ്ഞതു കേട്ടുകൊണ്ടു് അദ്ദേഹം മടങ്ങുകയാണു ചെയ്തതു്.

അനാ—എന്തിനു്? ഒരു പിടിയും കിട്ടുന്നില്ല എന്നു പറഞ്ഞാൽ മതിയല്ലോ. കാലം തന്നെ, ഈ കേസു തെളിക്കണം. ഇങ്ങനെയുള്ള സംഗതികളിൽ അല്ലാതെ ഗത്യന്തരമില്ല.

# ഒൻപതാം അദ്ധ്യായം

ചൊവ്വാഴ്ച രാവിലെ—അതായതു സ്നേഹലതാമ്മ മരിച്ചതിന്റെ പിറ്റേ പ്രഭാതത്തിൽ—തെക്കേവഴിഗ്രാമം മുഴുവൻ ഇളകിവശായി. സകലരും തങ്ങളുടെ വീടുകളിൽ നിന്നിറങ്ങി അവിടവിടെ കൂട്ടം കൂടി തലേദിവസത്തെ ഘോരകർമ്മത്തെപ്പറ്റി താന്താങ്ങളുടെ ഇഷ്ടംപോലെയും മനോധർമ്മം പോലെയും വ്യാഖ്യാനം ചെയ്തുതുടങ്ങി. എവിടെ നോക്കിയാലും ആൾക്കൂട്ടമേ കാണാനുള്ളൂ. വഴിയോരത്തും ഇടവഴിയിലും കളിത്തട്ടുകളിലും കുളവക്കുകളിലും ക്ഷേത്രമുറ്റത്തും ആൾക്കൂട്ടംതന്നെ. എല്ലാവരുടെയും പ്രസംഗവിഷയം ഒരേ ഒരു സംഗതിയാണ്. തലേദിവസവും എല്ലാവർക്കും വെടി പൊട്ടിക്കാൻ വക കിട്ടിയിരുന്നുവല്ലൊ. നരഹരവൈദ്യന്റെ വണ്ടിയപകടമായിരുന്നു അതു്. എന്നാൽ ഇതിനെ അപേക്ഷിച്ച് അതു് എത്രയോ നിസ്സാരമായേ ഗണിക്കാനുള്ളൂ. വല്ല സംഗതിയും സംബന്ധിച്ച് അല്പമായ ഏതെങ്കിലും ഒരു രഹസ്യം ഉണ്ടായിരുന്നാൽ ആളുകൾ അതിനെയെല്ലാം കൊണ്ടാടുമെന്നു നമുക്കു് അറിവുള്ളതാണല്ലൊ. ഇതിന്റെ യഥാർത്ഥം വെളിപ്പെടുത്തുന്നതുവരെ ആളുകൾ എങ്ങിനെയെല്ലാം അതിനെ

പ്പററി വാദിക്കാറുണ്ട്. ആ സ്ഥിതിക്കു സർവത്ര രഹസ്യമായ ഈ സംഭവത്തെപ്പററി ജനങ്ങളുടെ ഇടയിൽ ക്ഷോഭം ഉണ്ടായിരുന്നിരിക്കും എന്നുള്ളതു് ഊഹ്യമാണല്ലൊ.

കേസിൻെറ ഉത്തരവാദിത്വം തൻെറ സഹോദരൻെറ തലയിൽത്തന്നെ വന്നുകയറുമെന്നു് അനുകൂലവൈദ്യൻ ഊഹിച്ചതിൽ ഒട്ടുംതന്നെ തെററില്ലായിരുന്നു. അനാമയവൈദ്യൻ ഉറക്കുമരുന്നു് ഉണ്ടാക്കികൊടുത്തയച്ചതിൽ പ്രദർശിപ്പിച്ച ക്ഷന്തവ്യമല്ലാത്ത അശ്രദ്ധ നിമിത്തം ഈ മഹാപാതകം നടക്കാൻ ഇടയായി എന്നു മിക്കജനങ്ങളും അഭിപ്രായപ്പെടാൻ തുടങ്ങി. അയാളുടെ ദീർഘകാലത്തെ ശ്രദ്ധയും സന്മാർഗ്ഗജീവിതവും ഇപ്പോൾ യാതൊരു വിലയും ഇല്ലാത്തതായിട്ടാണു തീർന്നതു്.

ഒരു വണ്ടിക്കാരൻ—ഞാൻ കഴിഞ്ഞ പതിനഞ്ചു കൊല്ലങ്ങളായി വണ്ടി അടിച്ചുവരുന്നുണ്ടു്. ഇതേവരെയായി ഒരു വഴിയാത്രക്കാരൻെറയും മേൽ ഞാൻ വണ്ടി അടിച്ചുകയററീട്ടുമില്ല. എന്നുവെച്ചു ഒരു ദിവസം എനിക്കു അങ്ങനെ ഒരു കഷ്ടകാലം വന്നുചേരരുതെന്നില്ലല്ലൊ. ഇതുപോലെയാണു് അനാമയവൈദ്യനദ്ദേഹത്തിൻെറ അവസ്ഥ. ഒരു ഭേദവുമില്ല. അദ്ദേഹം നാളതുവരെയും സൂക്ഷ്മമുള്ളവനായിരുന്നു; എന്നിട്ടു ഒടുവിൽ ഇങ്ങിനെയാണു് കലാശിച്ചതു്. തെററു് എല്ലാവർക്കും വരാവുന്നതാണല്ലൊ. അങ്ങിനെ വരികയില്ലെന്നു് ആർക്കും ധൈര്യം പറയാൻ കഴിയുകയില്ല.

ചുററും നിന്നിരുന്നവർ ഈ അഭിപ്രായത്തെ പിൻതാങ്ങി. ഈ കൂട്ടത്തിൽ ഗൃഹസ്ഥന്മാർ, കച്ചവടക്കാർ, കൂലിവേലക്കാർ, ചുമട്ടുകാർ മുതലായി പലരും ഉൾപ്പെട്ടിരുന്നു.

ഒരു കൊല്ലപ്പണിക്കൻ—എനിക്കു പററിയതുപോലെതന്നെ—കഴിഞ്ഞആഴ്ചയിൽ ഞാൻ ഒരു കുതിരയുടെ

കുളമ്പിൽ ലാടം തറച്ച കൂട്ടത്തിൽ ഒരാണി കുതിരയുടെ കാലിൽ അടിച്ചുകേററി അതിൻെറ കാൽ ഞൊണ്ടിയാക്കി. ഇങ്ങനെ ഒരു മണ്ടത്തരം ഇതിനു മുമ്പ് ഒരിക്കലും ഞാൻ ചെയ്യിരുന്നില്ല.

വേറൊരാൾ—അതാ, ആ ചെത്തുകാരൻ കൊമരിക്ക പററിയതു കണ്ടില്ലേ? അവൻ എത്ര നാളായി കാലത്തും വൈകുന്നേരവും മഞ്ഞിലും മഴയിലും പനയിൽ കയറുകയും ഇറങ്ങുകയും ചെയ്തു വരികയായിരുന്നു. എന്നിട്ടു വല്ലഅപകടവും പിണയാറുണ്ടായിരുന്നോ? ഒടുവിൽ കഴിഞ്ഞ ആഴ്ചയിലല്ലെ അവൻമരത്തിൽ നിന്നു വീണു സിദ്ധികൂടിയതു". വള്ളക്കാരൻ അന്തോണിയുടെ കഥയും അങ്ങിനെതന്നെയല്ലെ? ഏതു് ഒഴുക്കിലും മടയിലും കൂടി വള്ളം വയ്ക്കുന്നതിനു ബഹു സമത്ഥൻ എന്നു കേൾവി കേട്ട അവൻെറ കാര്യം എന്തായിത്തീർന്നു? തുപ്പത്തുപ്പ വെള്ളമില്ലാത്ത കൊച്ചാററിൽ കുടിച്ചുചത്തു. പരിചയം ഇല്ലാഞ്ഞിട്ടാണോ ഇങ്ങനെയെല്ലാം ഭവിക്കുന്നതു്? ഒന്നുമല്ല, ആശാനും ചിലപ്പോൾ അടവു പിഴക്കും.

ഒരു മാന്യൻ— ഏതായാലും അനാമയവൈദ്യൻെറ ദുഷ്ക്കാലം വളരെ കഠിനം തന്നെ. എനിക്കു വലിയ വ്യസനം തോന്നുന്നു. അയാളുടെ വല്ല തെററുകൊണ്ടും ഇങ്ങനെ സംഭവിച്ചതാണെങ്കിൽ മരണം വരെ അയാളുടെ പശ്ചാത്താപം വിട്ടുമാറുകയില്ല. അയാൾ എത്രമാത്രം ദയാശാലിയാണു്.

പള്ളിയിലെ പാദ്രി—ഇതു് ഒരു വിധേനയും സമാധാനപ്പെടത്തക്കതായിരിക്കുന്നില്ല. വൈദ്യശാലയിൽ പാഷാണക്കുപ്പി ഒന്നു മാത്രമേ ഉണ്ടായിയിരുന്നുള്ളുവത്രെ. അതു വളരെക്കാലമായി ആരും തൊടാതിരിക്കയായിരുന്നു

എന്നും കേട്ടിരിക്കുമല്ലൊ. ഇതിൽ എത്രമാത്രം സത്യമുണ്ടാ യിരിക്കുമോ എന്തോ?

ഒരാൾ—അനുകൂലവൈദ്യൻ തന്നെ ആ കാര്യം ഇന്നു എന്നോടു പറകയുണ്ടായി. അവരുടെ നിർദ്ദോഷതത്തെ തെളിയിക്കുന്നതിനു വിഷക്കുപ്പിയിന്മേൽ പററിയിരുന്ന ചിലന്തിവല ഒന്നുമാത്രം മതിയായിരുന്നുവെന്നും എന്നാൽ അവരുടെ മകൻ ജീവകാരുണ്യം കാർയ്യഗൌരവം ഓർമ്മി ക്കാതെ അതു തുത്തുകളഞ്ഞു എന്നും ആണു് വൈദ്യൻ പറ ഞ്ഞതു്.

അവിടെ ഒരു നിശ്ശബ്ദതയുണ്ടായി. മേല്പറഞ്ഞ ചിലന്തിവല കാര്യത്തെക്കുറിച്ചു് എല്ലാവരും ചിന്താഗ്രസ്ത രായിത്തീർന്നു. ഈ വർത്തമാനം അപ്പോൾ മാത്രമേ അവർ കേട്ടിരുന്നുള്ളു.

ഒരു കച്ചവടക്കാരൻ—എന്നാൽ പിന്നെ ആ ചില ന്തിവല അതിന്മേൽ തന്നെ ഇരുന്നിരുന്നെങ്കിൽ വേണ്ടുകി ല്ലായിരുന്നു. ആ കാര്യം തെളിവിൽ വരുത്തേണ്ടതായി വരുന്നുവല്ലൊ.

വേറൊരാൾ— അനാമയവൈദ്യനും ജ്യേഷ്ഠനും വലിയ മാനശാലികളല്ലെ. അവർ ഒരിക്കലും അസത്യം പറയുകയില്ല.

വ്യാപാരി—ജീവരക്ഷയ്ക്കുവേണ്ടി ആളുകൾ എങ്ങനെ യെല്ലാം പ്രവർത്തിക്കുമെന്നു നമുക്കറിഞ്ഞുകൂടാ.

അന്യൻ—മരുന്നു തയ്യാറാക്കിയപ്പോൾ അല്ലാതെ വിഷം അതിൽ കലരുന്നതെങ്ങനെ? പോരെങ്കിൽ നരഹ രവൈദ്യൻ ആദ്യം തന്നെ അതിൽ വിഷഗന്ധം ഉള്ളതായി സംശയിക്കുകയും ചെയ്തിരിക്കുന്നുവല്ലൊ.

ഒരുവൻ—അതെ, അതെ, മരുന്നിൽ വിഷം കലർ ന്നിരുന്നു എന്നുള്ളതിനു സംശയം ഇല്ല. അല്ലെങ്കിൽ ആ സാധുസ്ത്രീ മരിക്കയില്ലായിരുന്നല്ലൊ.

വേറൊരുവൻ—മരുന്നിനെപ്പററി നരഹരവൈദ്യനു സംശയം തോന്നിയെങ്കിൽ അയാൾ എന്തുകൊണ്ടു് അതു കൂടി കയ്യിൽ കൊണ്ടുപോയില്ല.

ഒരുവൻ—മരണം സംഭവിപ്പിക്കത്തക്ക വിഷശക്തി അതിൽ കലർന്നിരിക്കുമെന്നു് അയാൾ ശങ്കിച്ചില്ലായിരിക്കാം. അതുമല്ലാതെ ആ മരുന്നു കുടിക്കരുതെന്നു നരഹരവൈദ്യൻ ആ സ്ത്രീയോടു ചട്ടം കെട്ടിയിരുന്നതായും ചിലർ പറയുന്നതു കേട്ടു.

ഒരു മാന്യൻ—ആകപ്പാടെ കാര്യം ഇങ്ങനെയാണു് വന്നു കൂടുന്നതു്. അനാമയവൈദ്യൻെറ വൈദ്യശാലയിൽ നിന്നു മരുന്നു കൊടുത്തയച്ചപ്പോൾ തന്നെ വിഷം അതിൽ കലർന്നിരുന്നു. മരുന്നു് എടുത്തു കൊടുത്തയച്ചതു് അനാമയവൈദ്യനുമാണു്. ആ സ്ഥിതിക്കു് അയാളുടെ ചുമലിൽ നിന്നു് ഇതിൻെറ ഉത്തരവാദിത്വം ഒഴിഞ്ഞുപോകുന്നതെങ്ങിനെയെന്നു് എനിക്കു മനസ്സിലാകുന്നില്ല.

ഒരു ദുർബുദ്ധി—ഒഴിഞ്ഞുപോകയോ? ഈ ജന്മം ഇല്ല; ജീവകാരുണ്യം ചിലന്തിവല. തുടച്ചു കളഞ്ഞു എന്നു് മററും പറയുന്നതു വെറും ഭോഷ്ക്കാണു്. തുടച്ചു കളഞ്ഞിട്ടുണ്ടെങ്കിൽ കുപ്പി ഉപയോഗിച്ചതിൽ പിന്നീടാണു്. അതു കൊണ്ടുതന്നെ ആയിരിക്കാം തുടച്ചു കളഞ്ഞതും.

വ്യാപാരി—ജീവകാരുണ്യത്തിനെ കുറിച്ചു മുമ്പു ഞാൻ കണ്ടു. ഈ കാര്യത്തിനേപ്പററി സത്യം ചെയ്യാമെന്നുപോലും അയാൾ പറയുന്നുണ്ടു്. അയാൾക്കു ഒരു കുററവും ഞാൻ കാണുന്നില്ല.

ഒരു ക്ഷുരകൻ—ആ കൊച്ചങ്ങുന്നു് ആൾ ഒട്ടും മോശമല്ല. തന്ത്രമാരുടെ തൻേറടം മുഴുവൻ അയാൾക്കുണ്ടു്. സത്യമല്ലാതെ ആ കുഞ്ഞു പറയുകയില്ല.

ഒരു വക്കീൽ—അനാമയവൈദ്യനു് ആ സത്തുമയ നല്ല ബോധം ഉണ്ടായിരുന്നില്ലെന്നു് ആരോ പറയുന്നതു് കേട്ടല്ലൊ. മാൽസ്യന്റെ പുറന്നാൾ സദ്യക്കു പോയി രണ്ടു പേരും കൂടി നിറച്ചു കുടിച്ചിരുന്നു എന്നാണു കേട്ടതു്.

പുരോഹിതൻ—അതു വെറും അസംബന്ധമാണു്. വൈദ്യൻ ഒരിക്കലും അങ്ങനെ മത്തനാകാറില്ല.

അമ്മിണി അമ്മാൾ ആ അവസരത്തിൽ അവിടെ എത്തി ഉദ്യാകർ ആരെങ്കിലും ഉണ്ടോ എന്നു തിരക്കി. അതിനിടെ മാൽസ്യനും അവിടെ വന്നു ചേർന്നു. ആളുകൾ എല്ലാവരും അയാളുടെ ചുററും അടുത്തുകൂടി.

ഒരുവൻ—ഹേ, സ്നേഹിത, എന്താ സൌഖ്യം തന്നെയൊ? നിങ്ങൾ അനാമയ വൈദ്യനു കൊടുത്ത വിസ്കിക്കു ലഹരി കൂടുതലായിരുന്നുവോ? അതു് ആളെ കൊല്ലിയായിട്ടാണല്ലൊ കലാശിച്ചതു്. അതിന്റെ മത്തുകൊണ്ടല്ലെ അയാൾ ഇന്നലെ ഒരു സ്ത്രീക്കു വിഷം കൊടുക്കാൻ ഇടയായതു്.

മാൽസ്യൻ—വളരെ ഭേഷായിരിക്കുന്നു. ഒരാൾ മാത്രം പറഞ്ഞാൽ പോരാ. എല്ലാവരുംകൂടി ആർപ്പുവിളിച്ചുപറയുക. അനാമയവൈദ്യൻ എന്റെ ചാരായം കുടിക്കാൻ നടക്കുന്ന ആളല്ല. അദ്ദേഹത്തിനു വേറെ മാനമായ തൊഴിൽ ഉണ്ടു്. നടന്ന സംഗതി ഞാൻ പറയാം. വേണമെങ്കിൽ കേട്ടു കൊള്ളുക. ഇന്നലെ എന്റെ ഭാര്യയുടെ ജന്മനാൾ ആയിരുന്നു.

ഒരുവൻ—കല്യാണം ആയിരുന്നു എന്നാണല്ലൊ ഞങ്ങൾ കേട്ടതു്:

മാൽസ്യൻ— അങ്ങനെ കേട്ടു എങ്കിൽ അതു പിശകാണു്. പുറന്നാൾ തന്നെ ആയിരുന്നു. വൈദ്യൻ ആ പ്രസവവീട്ടിൽ നിന്നു മടങ്ങിപ്പോകയായിരുന്നപ്പോൾ ഞങ്ങളുടെ പടിക്കൽ വച്ചു ഞാൻ അദ്ദേഹത്തെ കണ്ടു. വിളിച്ചു

അകത്തു കൊണ്ടുപോയി. ഞങ്ങൾ ഒരുമിച്ചിരുന്നു് അത്താഴം കഴിഞ്ഞ ശേഷം ഇരുവരും ഒന്നിച്ചു പുറത്തേക്കു പോയി. അത്താഴത്തിന്നു് അടപ്രഥമൻ ഉണ്ടായിരുന്നതു വാസ്തവമാണു്. ഇതിന്നു ലഹരിയുണ്ടെങ്കിൽ . ആയതിന്നും ഞാനാണു് ഉത്തരവാദി. കഷ്ടം! നിങ്ങൾ എന്തു ക്രൂരരാണു്. വൈദ്യനെ കണ്ടിട്ടില്ലാത്തവരെന്നവണ്ണമല്ലേ സംസാരിക്കുന്നതു്. അദ്ദേഹത്തിന്നു എൻെറ വീട്ടിൽ നിന്നു് ഇതല്ലാതെ യാതൊരു ലഹരിസാധനവും കൊടുത്തിട്ടില്ല. മറെറങ്ങും നിന്നു് അദ്ദേഹം കഴിച്ചിരുന്നുമില്ല. അദ്ദേഹം മരുന്നെടുത്തു് കൊടുത്തയച്ചപ്പോൾ ഞാൻ കൂടി അവിടെ ഉണ്ടായിരുന്നു. അതിൽ യാതൊരു പിശകും വന്നിട്ടില്ലെന്നുള്ളതിന്നു ഞാൻ ദൃക്സാക്ഷിയാണു്.

ഒരാൾ—പാഷാണം കലർത്തിയില്ലെന്നു നിങ്ങൾക്കു സത്യം ചെയ്യാമോ?

മാൽസ്യൻ—സത്യം ചെയ്വാൻ ഞാൻ തയ്യാറില്ല. എന്തെല്ലാമോ മരുന്നുകൾ അദ്ദേഹം എടുക്കുകയും വെക്കുകയും ചെയ്യുന്നതു ഞാൻ കണ്ടു. പാഷാണം. ഉണ്ടായിരുന്നോ ഇല്ലയൊ എന്നു് എനിക്കു് എങ്ങിനെ അറിയാം.? ഇന്നു കാലത്തു ഞാൻ വൈദ്യശാലയിൽ പോയിരുന്നു. പാഷാണക്കുപ്പി ഇരിക്കുന്ന തട്ടു് അപ്പോൾ വിധേയൻ എന്നെ കാണിച്ചു. അതു ഏററവും പൊക്കത്തിലായിരുന്നു. അത്രയും മുകളിൽ നിന്നു് ഇന്നലെ അദ്ദേഹം ഒരു മരുന്നും എടുത്തിട്ടില്ലെന്നു ഞാൻ സത്യം ചെയ്യുന്നു.

ഒരാൾ—ഇതു ബഹുവിശേഷമായിരിക്കുന്നു.

വേറൊരാൾ—നാം എന്തിനു് ഇങ്ങനെ അതുമിതും പറയുന്നു. കേസ് പോലീസുകാർ തെളിച്ചുകൊള്ളും. സത്യം അവസാനത്തിൽ വെളിപ്പെടും. നമുക്കു നമ്മുടെ കാര്യം നോക്കാം.

ആളുകൾ പലവഴിയായി പിരിഞ്ഞു:

കേസ് അനാമയവൈദ്യൻെറ മേൽ ഉറയ്ക്കുന്ന മട്ടാണു ആകെപ്പാടെ കണ്ടുതുടങ്ങിയതു്. അയാൾക്കു് ഒരു വിപരീത കക്ഷി എങ്ങനെയൊ വേഗത്തിൽ ഉണ്ടായി. വൈദ്യൻെറ അനുകൂല പക്ഷക്കാർ അയാളെ നിർദ്ദോഷിയാക്കാനും ശ്രമിച്ചു. മരുന്നിൽ വിഷം കലർന്നിരുന്നതു നിസ്തർക്കമാണെങ്കിലും അനാമയവൈദ്യൻ ഇതിനു് ഉത്തരവാദിയല്ലെന്നായിരുന്നു ഈ കൂട്ടരുടെ വാദം. മരുന്നു് എടുത്തപ്പോഴും കൊടുത്തയച്ചപ്പോഴും താൻ കൂടി ഉണ്ടായിരുന്നു എന്നും തൻെറ അച്ഛൻ അതിൽ യാതൊരു അബദ്ധവും പ്രവർത്തിച്ചിരുന്നില്ലെന്നും ജീവകാരുണ്യം ഓടിനടന്നു പറഞ്ഞുകൊണ്ടിരുന്നു. ഇതുകൊണ്ടു ഫലമെന്തു്? എതിരുകക്ഷികൾക്കു ചിരിക്കാൻ വകയായി എന്നുമാത്രമേയുള്ളു.

അനാ—കുട്ടാ, നീ ഭ്രമിക്കാതിരിക്കുക. സമാധാനത്തോടുകൂടി ഇരിക്കു. വാസ്തവം ക്രമേണ വെളിവാകും. അപ്പോൾ ബഹുജനങ്ങൾ ബോധിക്കും.

ജീ—അതു് ഉള്ളതുതന്നെ. എങ്കിലും അതിനിടയ്ക്കു കുഴപ്പം പററരുതല്ലൊ.

അച്ഛനെ കൊലക്കുററത്തിനു കമ്മിററു ചെയ്തു വിസ്തരിച്ചു കുററം ചുമത്തി ശിക്ഷിച്ചെങ്കിലോ എന്നായിരുന്നു ജീവകാരുണ്യത്തിൻെറ പരിഭ്രമം.

# പത്താമദ്ധ്യായം

സ്നേഹലതയുടെ മരണം ചിരുതയെ തപിപ്പിച്ചിടത്തോളം മററാരെയും തപിപ്പിച്ചില്ല. രാത്രിയിൽ അവൾ തലവേദന സഹിക്കവഹിയാതെയാണല്ലോ സ്നേഹലതാമ്മയുടെ അടുക്കൽ നിന്നു പിരിഞ്ഞതു്. സുഖക്കേടുനിമിത്തം വളരെ നേരത്തേക്കു് അവൾക്കു ഉറക്കം വന്നില്ല. പിന്നീടു് ഉറങ്ങിയശേഷം നേരം പുലരുന്നതു വരെ അവൾ ഉണർന്നുമില്ല. അടുത്ത ദിവസം ഒൻപതു മണിയോടുകൂടി ചിരുത ഉണർന്നെഴുന്നേററു് അടുക്കളയിലേക്കു ചെന്നപ്പോൾ അവളുടെ സഖി അവിടെ ഇരിക്കുന്നുണ്ടായിരുന്നു.

സഖി—ചിരുതേ, നിങ്ങളുടെ തലവേദന കുറവുണ്ടോ? കണ്ടിട്ടു് അല്പം കുറവുണ്ടെന്നു തോന്നുന്നു.

ചി—അതെ. വളരെ ഭേദമുണ്ടു്. നേരം വളരെ അധികമായിട്ടും എന്നെ നിങ്ങൾ വിളിക്കാതിരുന്നതു ശരിയായില്ല. ഇന്നു സ്നേഹലതക്കൊച്ചമ്മക്കു് എങ്ങിനെ ഇരിക്കുന്നു എന്നു വല്ലതും കേട്ടോ?

സഖി—ഇന്നു നല്ല സുഖമില്ലെന്നാണു തോന്നുന്നതു്. ചിരുതെ! നിങ്ങൾ കുറെ ചൂടുള്ള കഞ്ഞി കുടിക്കുക. തലവേദനക്കു വളരെ കുറവുണ്ടാകും.

ചി—ഇന്നു സുഖമില്ലെന്നോ? എന്താ, പനി രണ്ടാമ
തും വന്നായിരിക്കുമോ?

സഖി—അതല്ല. പനിയല്ലെന്നാണു കേട്ടതു്. മരുന്നു
തെററിക്കൊടുത്തു എന്നോ മറേറാ പറയുന്നതു കേട്ടു.

ചി—അയ്യൊ! മരുന്നു തെററിക്കൊടുത്തു എന്നോ?

സഖി—എന്തോ അതിൻെറ സൂക്ഷ്മം ഒന്നും എനി
ക്കറിഞ്ഞുകൂടാ. ഒരു പക്ഷെ മരിച്ചു പോയേക്കുമെന്നാണു
കേട്ടതു്.

ചിരുത രണ്ടു പ്ലാവില കഞ്ഞി കോരി കുടിച്ചു
കൊണ്ടു ബദ്ധപ്പാടോടുകൂടി പോകാൻ ഭാവിച്ചു.

സഖി—അരുതെ, പോകരുതെ. നിങ്ങളെക്കൊണ്ടു
പ്രയോജനമൊന്നും ഉണ്ടാകയില്ല. പോകാതിരിക്കുകയാണു്,
നല്ലതു്:

ചി—അങ്ങനെയല്ല. ഞാൻ പോകുന്നു. എനിക്കു
പോകണം. അവിടെ രണ്ടു പെണ്ണുങ്ങൾ ഉള്ളവരെക്കൊണ്ടു
ഒരു ചുക്കിനും കൊള്ളുകയില്ല. കൊച്ചമ്മയ്ക്കു സുഖക്കേടു
കൂടുതലാണെങ്കിൽ അതു് സ്വല്പം സാവകാശമായതിനു
മേലേ ഞാൻ ഇങ്ങോട്ടേയ്ക്കു വരികയുള്ളൂ. പ്രിയ സഖി
നിങ്ങൾ എന്നെ തടസ്സപ്പെടുത്താതെ മാറി നിൽക്കുക. ഞാൻ
പോകട്ടെ.

സഖി കതകടച്ചു കളയാൻ ശ്രമിച്ചു.

അവൾ—ചിരുതെ, ക്ഷണനേരം ഇവിടെ ഇരുന്നു
ഞാൻ പറയുന്നതു മുഴുവൻ കേൾക്കുക. നിങ്ങൾ ചെല്ലുന്ന
തുകൊണ്ടു ഫലമില്ല. ഇപ്പോൾ കാര്യം മനസ്സിലായോ?
അതോ ഞാൻ കുറേക്കൂടി തെളിവു പറയണോ?

ചിരുത തൻെറ സഖിയുടെ നിർബന്ധവാക്കുകളെ
ധിക്കരിച്ചിറങ്ങിപ്പോകുന്നതു മര്യാദയല്ലെന്നു കരുതി

അവിടെ ഇരുന്നു. അവൾക്കു കാര്യത്തിൻെറ വാസ്തവാവസ്ഥ തീരെ മനസ്സിലായില്ല.

സഖി—ചിരുതെ, സംഗതി മുഴുവൻ തീൎന്നു കഴിഞ്ഞു; ഇന്നലെ രാത്രി പത്തുമണിക്കായിരുന്നു കഥ നടന്നതു്. പാവം മരിച്ചു പോയി.

ചിരുത സ്തബ്ധയായി മിഴിച്ചുനോക്കി. സഖിയുടെ വാക്കുകളുടെ അൎത്ഥം അവൾ യഥായോഗ്യം ഗ്രഹിച്ചില്ലായിരിക്കുമോ?

സഖി—ഇന്നലെ രാത്രിയിൽ ഉറങ്ങുന്നതിനുവേണ്ടി അനാമയവൈദ്യൻ ഒരു മരുന്നു കൊടുത്തയച്ചു. അതിൽ അദ്ദേഹം എന്തോ അബദ്ധം പ്രവൎത്തിച്ചു എന്നാണു കേട്ടതു്. മരുന്നിൽ വിഷമുണ്ടായിരുന്നു. അതു സേവിച്ച ഉടൻ പ്രാണൻ പോയി.

ചിരുതയുടെ മുഖം ശവശരീരത്തിൻെറ മുഖം പോലെ വിളറി. അവളുടെ കണ്ണുകൾ നിശ്ചലങ്ങളായി ഭവിച്ചു. എന്തെന്നില്ലാത്തവണ്ണം ഒരു ഘോരഭീതി അവൾ പ്രദർശിപ്പിച്ചു. ചിരുത നിലവിളിച്ചും കൊണ്ടു മുഖം മറച്ചു.

സഖി—നിങ്ങൾ ഇങ്ങനെയെല്ലാം തുടങ്ങുമെന്നു എനിക്കറിയാമായിരുന്നു. അതല്ലേ ഞാൻ പരമാൎത്ഥം ആദ്യം പറയാൻ മടിച്ചതു്. കാര്യം വാസ്തവമാണു്. ഏതായാലും ഇതിലധികം ഭയങ്കരമായ ഒരു സംഗതി ഉണ്ടാകാനില്ല. യാതൊരു ബന്ധവുമില്ലാത്ത നമ്മെപ്പോലും ഈ സംഭവം അളവില്ലാതെ ദുഃഖിപ്പിക്കുന്നു.

ചിരുത കിടുകിടുത്തു തുടങ്ങി. അവൾ മുഖം ഉയൎത്തി ഇങ്ങനെ ചോദിച്ചു. "അനാമയവൈദ്യൻ വിഷം കൊടുത്തു എന്നാണൊ നിങ്ങൾ പറയുന്നതു്".

സഖി—ആളുകൾ അങ്ങനെ പറയുന്നു. അദ്ദേഹം അങ്ങനെ ചെയ്തു എങ്കിൽ അതു് അത്യത്ഭുതമാണ്. മരിച്ചു എന്നുള്ളതിനു സന്ദേഹമില്ല.

ചി—അദ്ദേഹം ഒരിക്കലും വിഷമരുന്നു അയയ്ക്കുകയില്ല. സഖി, ഞാൻ അദ്ദേഹത്തെ നല്ലവണ്ണം അറിയും. എപ്പോളായിരുന്നു മരിച്ചതു്?

സഖി—ഇന്നലെ രാത്രി പത്തു മണിക്കു് അല്പം മുമ്പായിരുന്നു. അനാമയവൈദ്യന്റെ മരുന്നു കൊണ്ടു ചെന്നപ്പോൾ നരഹരവൈദ്യൻ അവിടെ ഉണ്ടായിരുന്നു എന്നും കുപ്പിയിൽ വിഷത്തിന്റെ കലർപ്പുള്ളതായി അദ്ദേഹം അപ്പോൾ തന്നെ സംശയിച്ചു പറഞ്ഞിരുന്നതായും കേട്ടു. മരുന്നിൽ പിശകുകൾ ഒന്നുമില്ലയോ എന്നു ചോദിച്ചറിയാനായി നരഹരവൈദ്യൻ അനാമയവൈദ്യന്റെ അടുക്കലേക്കു് ഉടൻ തന്നെ പോയിരുന്നു. എന്നാൽ അദ്ദേഹം മടങ്ങിയെത്തിയതിനു മുമ്പു മരണം നടന്നു പോയി.

ചിരുത അത്യന്തം പരിഭ്രമിച്ചു തന്റെ സഖിയെ വീണ്ടും വീണ്ടും മിഴിച്ചു നോക്കി. അവൾക്കു് ഒന്നുംതന്നെ വിശ്വസിക്കാൻ കഴിഞ്ഞില്ല.

ചി—മരുന്നിൽ വിഷം ഉള്ളതായി നരഹരവൈദ്യനു സംശയം തോന്നിയെങ്കിൽ അതു സേവിക്കരുതെന്നു അദ്ദേഹം വിലക്കാഞ്ഞതെന്തു്?

സഖി—അദ്ദേഹം വിലക്കിയിരുന്നു എന്നു ലക്ഷ്മിയമ്മ പറഞ്ഞതായി ഞാൻ ഓർമ്മിക്കുന്നു. എന്തോ നല്ല നിശ്ചയം പറയുന്നില്ല. അവർ ഇന്നു കാലത്തു് ഇവിടെ വന്നിരുന്നു. അവൾക്കു് ഈ കാര്യത്തിൽ പേടിക്കാനൊന്നുമില്ലല്ലോ.

ചിരുത എഴുന്നേററു—സഖീ, ഞാൻ അവിടെച്ചെന്നു വിവരം മുഴവൻ മനസ്സിലാക്കട്ടെ.

സഖി—ഇനി പോകുന്നതിനു വിരോധമില്ല. കഥ മനസ്സിലായല്ലോ. അതിനു മുമ്പ് അയയ്ക്കരുതെന്നേ എനിക്കു നിർബന്ധമുണ്ടായിരുന്നുള്ളു.

ചിരുത അങ്ങേതിലേക്കു ചെന്നപ്പോൾ ലക്ഷ്മിയമ്മയും സൂതികർമ്മിണിയും അടുക്കളയിൽ ഉണ്ടായിരുന്നു. ചിരുത പതുക്കെ ചെന്നു വാതിൽ തുറന്നു.

രണ്ടുപേരും നിലവിളിച്ചു; ചിരുതയും നിലവിളിച്ചു. പിന്നീടു മൂന്നു പേരും കൂടി സംഗതികളെല്ലാം വിസ്തരിച്ചു.

ചി—അനാമയവൈദ്യൻെറ പക്കൽനിന്നു ഇങ്ങനെ ഒരു തെറ്റു പറ്റുമെന്നുള്ളതു സംഭവിക്കത്തക്കതല്ല ഞാൻ ഈ ജന്മം ഇതു വിശ്വസിക്കുകയില്ല.

പ്രേതമുറിയിൽ പോലീസുകാർ കാവൽ ഇട്ടിരുന്നു. എങ്കിലും ചിരുതയ്ക്കു് അവിടെ പോകാൻ വിരോധമുണ്ടായിരുന്നില്ല. ശവം കണ്ടപ്പോൾ ചിരുത വീണ്ടും നിലവിളിച്ചു.

മരിച്ച സ്ത്രീ ഏതെന്നു ഗ്രഹിക്കാൻ പോലീസുകാർ ചെയ്ത ശ്രമത്തിൽ നരഹരവൈദ്യൻ കഴിയുന്ന ഒത്താശകളെല്ലാം ചെയ്തു. ലാടപുരത്തിൽ പലരുടെ പേർക്കും അയാൾ എഴുത്തുകൾ അയച്ചു് ഈ സ്ത്രീയുടെ വിവരങ്ങളെപ്പററി തിരക്കി. സൂതികർമ്മിണി ഈ വിഷയത്തിൽ കുറെ ഉദാസീനത ഭാവിച്ചിരുന്നതായി നരഹരവൈദ്യനു ബലമായ സംശയവും അതു നിമിത്തം ആ സ്ത്രീയോടു അയാൾക്കു കുറെ നീരസവും ഉണ്ടായിരുന്നു. സൂതികർമ്മിണിക്ക് അപ്പോൾ സ്വബോധം നല്ലവണ്ണം ഉണ്ടായിരുന്നിരിക്കയില്ലെന്നാണ് വൈദ്യൻ സംശയിച്ചതു്.

"സൂതികർമ്മിണീ, ഞാൻ ആ സ്ത്രീയോടു മരുന്നു സേവിക്കരുതെന്നു പ്രത്യേകം ചട്ടംകെട്ടിയിരുന്നിട്ടും അവർ

ആ കാര്യം നിങ്ങളെ അറിയിക്കാതിരുന്നതു വളരെ ആശ്ച ര്യകരമായിരുന്നു. അവർ നിങ്ങളോടു പറഞ്ഞില്ലെന്നു നിങ്ങൾ പറയുന്നതു ഞാൻ തീരെ വിശ്വസിക്കുന്നില്ല. അവർ വേണ്ടന്നു പറഞ്ഞ ശേഷവുംനിങ്ങൾ മരുന്നു കൊടു ത്തതു വലിയ തെററാണ്" എന്നിങ്ങനെ നരഹരവൈദ്യൻ സൂതികർമ്മിണിയെ ഭത്സിച്ചു.

നര—നടന്ന കാര്യങ്ങളെല്ലാം നിങ്ങൾക്കു വിശദമായി ഓർമ്മിക്കാൻ കഴിയുമോ?

സൂ—മററെല്ലാവക്കും ഓർമ്മിക്കാവുന്നതുപോലെ എ നിക്കും കഴിയും. വിശേഷിച്ച് അന്നു രാത്രിയിൽ എനിക്കു യാതൊരു തരപ്പിഴയും ഉണ്ടായിരുന്നുമില്ല.

നര—ഏതായാലും ആ സ്ത്രീ മരുന്നു സേവിച്ചതിനെ പ്പററി ഞാൻ അത്ഭുതപ്പെടുന്നു.

അന്നുതന്നെ ചിരുത ജീവകാരുണ്യത്തിനെ വഴിയിൽ വെച്ചു കണ്ടു.

ജീ—ചിരുതേച്ചി, നിങ്ങൾ വർത്തമാനമെല്ലാം അറി ഞ്ഞിരിക്കുമല്ലോ. എന്താണ് നിങ്ങളുടെ അഭിപ്രായം?

ചി—എൻെറ കൊച്ചങ്ങുന്ന എനിക്ക് ഒരഭിപ്രായ വും ഉണ്ടാകുന്നില്ല. ഇതുപോലെ എൻെറ ജന്മദശയിൽ ഞാൻ ഒരു സങ്കടം അനുഭവിച്ചിട്ടില്ല.

ജീ—എൻെറ അച്ഛനെ നിങ്ങൾ നല്ലവണ്ണം അറിയുമല്ലോ. അദ്ദേഹം അശ്രദ്ധ നിമിത്തം ഉറക്കമരു ന്നിൽ പാഷാണം ചേർത്തിരിക്കുമെന്നുള്ളതു സംഭവ്യമാ ണെന്നു നിങ്ങൾക്കു തോന്നുന്നുണ്ടോ?

ചി—കൊച്ചങ്ങുന്നേ, ആ കാര്യം ഞാൻ വിശ്വസി ക്കുന്നില്ല.

ജീ—ഇതാ കാര്യം മുഴുവൻ കേൾക്കുക. മരുന്നു തയ്യാ റാക്കിയപ്പോൾ ഞാൻ കൂടി അടുത്തുണ്ടായിരുന്നു. എല്ലാം

ശരിയായിരുന്നു എന്നുള്ളതിനു ഞാൻ സാക്ഷിയാണ്. മരുന്ന് എന്റെ വീട്ടിൽനിന്നു കൊടുത്തയച്ചപ്പോൾ അതിനു യാതൊരു ദോഷവും ഉണ്ടായിരുന്നില്ല. സ്നേഹലതാമ്മയുടെ വീട്ടിൽ ചെന്നു ചേൎന്നപ്പോൾ അതു വിഷമുള്ളതായിത്തീൎന്നതിനാൽ അതു കുടിച്ച ഉടനെ ആ സ്ത്രീ മരിക്കാനിടയായി. ഇതിലേക്ക് ആരു സമാധാനം പറയും? ആരാണ് ഉത്തരവാദി?

ചിരുത മറുപടി ഒന്നും പറയാതെ വിഷണ്ണയായി നിന്നു.

ജീ—എന്റെ അച്ഛനെയാണു ജനങ്ങൾ കുററപ്പെടുത്തുന്നതു്. ആഹാ! ഓരോരുത്തർ എന്തെല്ലാം പറയുന്നു. അതൊന്നും ഞാൻ ഇപ്പോൾ വിവരിക്കുന്നില്ല. അദ്ദേഹം ഇതിൽ നിർദ്ദോഷിയാണെന്നു സമ്മതിക്കുന്ന ചിലരും ഇല്ലാതില്ല.

ചി—ആ കൂട്ടത്തിൽ ഒരാൾ ഞാൻതന്നെ.

ജീ—ചിരുതേച്ചീ ഞാൻ ...

യുവാവു ശേഷം ചിരുതയുടെ ചെവിയിൽ രഹസ്യമായിട്ടാണു പറഞ്ഞതു്.

ചി—എന്റെ കൊച്ചങ്ങുന്നെ, മിണ്ടാതെയിരിക്കുക; മിണ്ടാതെയിരിക്കുക.

ജീ—എനിക്കൊരു പേടിയുമില്ല. ഞാൻ വിളിച്ചു പറയാം. വേണൊ, കേൾക്കണൊ?

ചി—എന്നോട്ടു് ഇക്കാര്യം പറയേണ്ടിയില്ലായിരുന്നു; ഉറക്കെ പറഞ്ഞിരുന്നെങ്കിലും വേണ്ടില്ലായിരുന്നു.

ജീവകാരുണ്യം ഉറക്കെ പറയാൻ ഭാവിക്കയാണെന്നു കണ്ടു ചിരുത. ആ പ്രമേയത്തെ ഉടൻ ഇങ്ങനെ തടഞ്ഞു.

ചി—കേസുവിചാരണയിൽ വരാതിരിക്കയില്ലല്ലൊ.

ജീ—സംശയമുണ്ടോ? ഇതിനേക്കാൾ വലുതായ കേസ്സ് ഉണ്ടോ? എന്റെ അച്ഛന്റെ മേൽ കേസ്സ് ഉണ്ടാകുകയാണെങ്കിൽ അയതു് എന്റെ തെററു നിമിത്തമാണ്.

പാഷാണക്കുപ്പിയിലും അടപ്പിലും പൊതിഞ്ഞു പിടിച്ചിരുന്ന ചിലന്തിവല കാര്യമറിയാതെ താൻ തുത്തുകളഞ്ഞതും അതുകൊണ്ടു് ഒരു ഒന്നാന്തരം തെളിവു നശിച്ചുപോയതും എല്ലാം അയാൾ ചിരുതയോടും പറഞ്ഞു കേൾപ്പിച്ചു.

ജീ—ഇതൊന്നുമല്ല അത്ഭുതം. ഈ സ്ത്രീ ഏതാണെന്നും അവരുടെ പൂർവകഥകൾ എന്തെല്ലാമാണെന്നും ആർക്കും അറിഞ്ഞുകൂടാ. നിങ്ങൾ അവരുടെ വക ഒരെഴുത്തു തപാലിൽ ഇട്ടതായി അച്ചൻ പറയുന്നതു കേട്ടു.

ചി—അതെ, അതു വാസ്തവംതന്നെ. ആ കാര്യത്തെപ്പററി പോലീസുകാർ എന്നോടു ചോദിക്കയും ചെയ്തു. ലാടപുരത്തേക്കായിരുന്ന എഴുത്തയച്ചതെന്നല്ലാതെ മററു വിവരം ഒന്നും എനിക്കറിഞ്ഞുകൂടാ. ഇവിടെ വന്ന കുട്ടിയെ കൊണ്ടുപോയ ഒരു ഭഗവതിഅമ്മയുടെ പേർക്കായിരുന്നു എന്നും അറിയാം.

ജീ—ആ സ്ത്രീ ഏതെന്നാണ് അവർ അന്വേഷിക്കുന്നതു്. നിവൃത്തിയുണ്ടെങ്കിൽ അവരെ തിരക്കിപ്പിടിക്കേണ്ടതു് അത്യാവശ്യമെന്നാണു നരഹരവൈദ്യൻെറയും അഭിപ്രായം. എന്തുകൊണ്ടെന്നാൽ അവർ മുഖേന സ്നേഹലതാമ്മയെപ്പററി വല്ല തുമ്പും കിട്ടിയേക്കാൻ മതിയല്ലോ. ഈ ഭഗവതിഅമ്മയുടെ നിറവും തരവും എല്ലാം പോലീസുകാർ ചോദിച്ചറിഞ്ഞുകഴിഞ്ഞു. നരഹരവൈദ്യൻ അവരെ റെയിൽവേ സ്റ്റേഷനിൽ വെച്ചു കണ്ടിരുന്നു. അദ്ദേഹമാണു ഭഗവതിഅമ്മയെപ്പററി പോലീസുകാരോടു പറഞ്ഞിട്ടുള്ളതു്. ഞാൻ പോകട്ടെ. ഇനിയും താമസിച്ചാൽ അച്ചൻ വഴക്കു പിടിക്കും.

ജീവകാരുണ്യം ഓടിപ്പോയി. ചിരുത ചിന്താഗ്രസ്തയായി കുറച്ചുനേരം അവിടത്തന്നെ നിന്നശേഷം അവരുടെ വഴിക്കുപോയി.

# പതിനൊന്നാം അദ്ധ്യായം

വ്യാഴാഴ്ചദിവസം തെക്കെവഴിഗ്രാമത്തിലെ സത്രത്തിന്റെ പടിക്കൽ ആളുകൾ വളരെപ്പേർ കൂടിയിരിക്കുന്നു. മഴയും തിരുതകൃതിയായി പെയ്യുന്നുണ്ടു്. ഡിസ്ട്രിക്ട് പോലീസുസൂപ്രണ്ടും ഒന്നു രണ്ടു് ഇൻസ്പെക്ടറന്മാരും പരിവാരങ്ങളും നേരത്തെതന്നെ എത്തിയിരുന്നു. കേസ്സിന്റെ ഊർജ്ജിതമായ നടപടികൾ അന്നാണു് ആരംഭിക്കുക. സൂപ്രണ്ടു് ഒരു നിയമവിദഗ്ദ്ധനാണു്. അധികം കിളരമില്ലാതെ കറുത്തു തടിച്ച ഒരാളായ ആ ഉദ്യോഗസ്ഥന്റെ മുഖഭാവം അത്രതന്നെ ക്രൌര്യസൂചകമായിരുന്നില്ല. സൂപ്രണ്ടും ഇൻസ്പെക്ടറന്മാരും യഥായോഗ്യങ്ങളായ ആസനങ്ങളിൽ ഇരുന്നു. കേസിന്റെ പ്രഥമവിചാരണമുറക്കു് ആരംഭിച്ചു. ആദ്യമായി എല്ലാവരും ശവപരിശോധനക്കും സ്ഥലപരിശോധനക്കും ആണു പുറപ്പെട്ടതു്. ആളുകൾ എല്ലാവരും ഒരുപോലെ നനയേണ്ടതായിട്ടാണു വന്നുകൂടിയതു്. കാററിന്റെ കാഠിന്യം നിമിത്തം കുട ശരിയായി നിവർത്തുപിടിക്കാൻ ആർക്കും സൌകര്യം കിട്ടിയില്ല. ബാലന്മാരും യുവജനങ്ങളും വൃദ്ധന്മാരും കൃഷിക്കാരും കച്ചവടക്കാരും ആയി ഒട്ടധികം കാഴ്ചക്കാർ കൂടീട്ടുണ്ടു്.

സ്ഥലപരിശോധന സംബന്ധിച്ച ചടങ്ങുകൾ നിർവിഘ്നം അനുഷ്ഠിച്ച ശേഷം എല്ലാവരും സത്രത്തിലേക്കു മടങ്ങി തെളിവു ശേഖരിക്കാൻ ആരംഭിച്ചു. ഒന്നു രണ്ടു സാക്ഷികളുടെ മൊഴികൾ നമുക്കു കൂടി ഗ്രഹിക്കാം.

മരിച്ച സ്ത്രീയുടെ ഇരട്ടപ്പേരു പോലും ആർക്കും അറിഞ്ഞുകൂടായിരുന്നല്ലോ. ഈ കാരണത്താൽ പ്രാരംഭംതന്നെ ഒരു വിധം വിഘ്നമായിട്ടാണു വന്നുകൂടിയതു്.

മുണ്ടുകളിൽ മാർക്കിങ്ങുമഷികൊണ്ടു "സ്നേ" എന്നു സാമാന്യം വലുതായി എഴുതിയിരുന്നതിനെ ആളുകൾ ശ്രദ്ധിച്ചു. ഇതു സ്നേഹലത എന്ന പേരിന്റെ ആദ്യക്ഷരം മാത്രമെ ആയിരുന്നുള്ളല്ലോ. ഈ അക്ഷരം മരിച്ച സ്ത്രീയുടെ ഇരട്ടപ്പേരായ സ്നേഹരൂപിണി എന്നോ സ്നേഹവല്ലി എന്നോ ഉള്ള വാക്കുകളുടെ ആദ്യക്ഷരം ആയിരിക്കയില്ലയോ എന്നും ചിലർ വ്യാഖ്യാനിച്ചു. എന്നാൽ തീർച്ചയാക്കുന്നതിനു മാർഗ്ഗം ഉണ്ടായിരുന്നില്ല. പെട്ടികൾ രണ്ടും പോലീസുകാർ പരിശോധിച്ചു. സ്ത്രീ ഏതെന്നോ എവിടെനിന്നു വന്നു എന്നോ സൂചിപ്പിക്കുന്ന യാതൊരു ലക്ഷ്യവും അവയിൽ കണ്ടില്ല. സ്ത്രീ ഈ സ്ഥലത്തു് എത്തിയ സമയവിധങ്ങളേപ്പററിയും താൻ അവരെ ലക്ഷ്മിഅമ്മയുടെ ഗൃഹത്തിലേക്കു നിയോഗിച്ചതിനേക്കുറിച്ചും അമ്മിണി അമ്മാൾ പറഞ്ഞു കേൾപ്പിച്ചു. അന്നു രാത്രി തന്നെ അനാമയവൈദ്യൻ അവരുടെ ചികിൽസ തുടങ്ങിയതിനേയും സ്ത്രീയുടെ പ്രസവം നടത്തിയതിനേയും തിങ്കളാഴ്ച വൈകുന്നേരം വരെ അവർക്കു നല്ല സുഖമുണ്ടായിരുന്നതിനേയും പററി അയാളും അറിവുകൊടുത്തു. ശവപരിശോധന നടത്തിയവരായ അനുകൂലവൈദ്യനും ദീനപ്രസാദസിങ്ങ് എന്ന ഇംഗ്ളീഷു ഡോക്ടരും അഭിപ്രായപ്പെട്ടതു് ആ സ്ത്രീ

പാഷാണത്തിൻെറ ശക്തിയാൽ മരിക്കാൻ സംഗതിയായി എന്നായിരുന്നു.

അനാമയവൈദ്യൻെറ മൊഴിവാങ്ങിക്കേണ്ടതു യുക്തമല്ലെ എന്നു പോലീസ്സൂപ്രണ്ടു് അഭിപ്രായപ്പെട്ടതനുസരിച്ചു് അയാളോടു് അതിനേപ്പററിചോദിച്ചതിൽ തനിക്കു മൊഴി കൊടുക്കാൻ പൂർണ്ണസമ്മതമാണെന്നും വളരെ അഗ്രഹമാണുള്ളതെന്നും അയാൾ നിഷ്കളങ്കമായി മറുപടിപറഞ്ഞു.

സൂ—ഹേ വൈദ്യൻ, ഞാൻ നിങ്ങളെ അറിയും. നിങ്ങൾ യാതൊന്നുംശങ്കിച്ചിട്ടാവശ്യമില്ല. സാവകാശമായും ആലോചിച്ചുംമൊഴി കൊടുത്താൽ മതി. ഒരിക്കൽ കൊടുക്കുന്ന മൊഴിറിക്കാർട്ടിൽ ചേരുന്നതാണു്. പിന്നീടു് ഭേദപ്പെടുത്തിപ്പറയുന്നതിനും മററും സാധിക്കുകയില്ല; കേസിൽ മൊഴികൊടുക്കുന്നതു നല്ലപോലെ ആലോചിച്ചുമാത്രമെപാടുള്ളൂ.

അനാമയവൈദ്യൻ അല്പം മന്ദസ്മിതം ചെയ്തുകൊണ്ടു് ഇങ്ങനെ പറഞ്ഞു—

അന—അങ്ങുന്നെ, ഞാൻ അറിഞ്ഞിട്ടുള്ളവയും പ്രവൃത്തിച്ചിട്ടുള്ളവയും ആയ കാര്യങ്ങൾ മഹാജനങ്ങളുടെയും സർവസാക്ഷിയായ ഈശ്വരൻെറയും ഈ ന്യായസഭസ്സിൻെറയും സന്നിധിയിൽ തുറന്നു പറയാൻ എനിക്കു യാതൊരു മടിയും ഭയവും ഇല്ല. എൻെറ മൊഴി എനിക്കു ദോഷമായി പരിണമിക്കുന്നു എങ്കിൽ അതു് എൻെറ പ്രവൃത്തിക്കു് എനിക്കു ന്യായമായി കിട്ടേണ്ട ശിക്ഷയാണു്. മനുഷ്യനെയല്ലാതെ ദൈവത്തെ മറച്ചു യാതൊരുത്തനും യാതൊന്നും ചെയ്യാൻ കഴിയുന്നതല്ല. ഇന്നല്ലെങ്കിൽ നാളെ അല്ലെങ്കിൽ എപ്പോളെങ്കിലും ഒരിക്കൽ സർവശക്തൻ എല്ലാത്തിൻെറയും സത്യാവസ്ഥ പുറത്താക്കും എന്നു് എനിക്കു പൂർണ്ണബോധമുണ്ടു്.

അനന്തരം മരുന്നുണ്ടാക്കി കൊടുത്തയച്ച കാര്യങ്ങളെപ്പററിയും അതിലെ ചേരുവകളെപ്പററിയും അയാൾ വിവരമായി പറഞ്ഞു. ജീവകാരുണ്യവും ഈ കാര്യങ്ങളെപ്പററി മൊഴികൊടുത്തു. താൻ മരുന്നുകൊണ്ടുപോയി യാതൊരു വിശകും വരുത്താതെ അയയെ ഏൽപ്പിച്ചു എന്നു വേലക്കാരനും മൊഴി കൊടുത്തു.

സൂപ്ര—ആ സൂതികർമ്മിണി എവിടെ? അവരെ വിളിക്കുക.

സൂതികർമ്മിണി പരിഭ്രമം ഹേതുവായുണ്ടായ വിറയലോടുകൂടി ഹാജരായി.

സൂപ്ര—ഹേ സ്ത്രീയെ, നിങ്ങൾ എന്തിനു വിറയ്ക്കുന്നു? നിങ്ങളെ ആരും ഉപദ്രവിക്കുകയില്ല. ധൈര്യമായിരിക്കുക. നിങ്ങളുടെ പേരെന്തു്?

അയ—പേരു ചഞ്ചലാക്ഷി എന്നാണു്. ആളുകൾ വിളിക്കാറുള്ളതു് മുളകുപറമ്പി എന്നുമാണു്.

സൂപ്ര—ഇവിടെ ഏതുപേരാണു് എഴുതേണ്ടതു്?

അയ—മുളകുപറമ്പി എന്നായിക്കൊള്ളട്ടെ; അതാണു് എനിക്കു് അധികം പരിചയമുള്ള പേരു്. എല്ലാവരും അങ്ങനെയാണു എന്നെ വിളിക്കാറുള്ളതു്. മറെറാപ്പേരായിരിക്കാം എനിക്കു് അച്ഛനമ്മമാർ ഇട്ടിരുന്നതു്. ആ പേരു്—

സൂപ്ര—മതി: ആ ഭാഗം അത്രയും മതി. കഴിഞ്ഞ തിങ്കളാഴ്ച രാത്രിയിൽ നിങ്ങൾ സ്നേഹലതാമ്മയ്ക്കു്, അതായതു നിങ്ങൾ പരിചരിച്ചുകൊണ്ടിരുന്നിട്ടു് അന്നു രാത്രിയിൽ മരിച്ചുപോയ ആ സ്ത്രീക്കു—വല്ല മരുന്നും വാങ്ങിച്ചു കൊടുത്തോ?

അയ—ഉവ്വു് യജമാനനെ, ഉറങ്ങുന്നതിനായുള്ള ഒരു മരുന്നായിരുന്നു, അല്ലെങ്കിൽ അതിലേക്കുള്ള ഒരു മരുന്നു് ആയിരിക്കേണ്ടതായിരുന്നു,

സൂപ്ര—അപ്പോൾ സമയം എന്തായിരിക്കും

ആയ—യജമാനനെ, നേരം ഇരുട്ടിയതിൽപ്പിന്നെയായിരുന്നു. ഞാൻ അത്താഴം കഴിച്ചുകൊണ്ടിരുന്നപ്പോളായിരുന്നു മരുന്നു കൊണ്ടുവന്നതു്.

സൂപ്ര—മണി എത്രയായിരിക്കുമെന്നു പറയാൻ വയ്യെ?

ആയ—എട്ടുമണി കഴിഞ്ഞിരിക്കുമെന്നാണു തോന്നുന്നതു്. എന്തെന്നാൽ എനിക്കു വിശപ്പു സഹിക്കാൻ മേലാതായിട്ടാണു ഞാൻ അന്നു് അത്താഴംകഴിക്കാൻ പോയതു്. എൻെറ അത്താഴം എട്ടു മണിക്കാണു പതിവു്. അത്താഴം ഉണ്ടു കഴിയാറായപ്പോൾ വാതുക്കൽ ആരോ വിളിക്കുന്നതു കേട്ടു. ഞാൻ ചെന്നു നോക്കിയപ്പോൾ അനാമയവൈദ്യൻെറ വേലക്കാരൻ മരുന്നു കൊണ്ടുവന്നിരിക്കുകയായിരുന്നു. അവൻ കുട്ട തുറന്നു് ഒരു കൊച്ചു കുപ്പി എടുത്തു് എൻെറ പക്കൽ തന്നു. ആ ചെറുക്കൻ മഹാ അധികപ്രസംഗിയാണെ യജമാനനെ. മരുന്നു തന്നുംവെച്ചു് അവൻ എന്താണു പറഞ്ഞതെന്നു ഞാൻ ബോധിപ്പിക്കാം.

സൂപ്ര—കേസിൽ വല്ല സംബന്ധവും ഉള്ളതാണെങ്കിൽ പറയുക.

ആയ—അവൻ ഇങ്ങിനെയാണു പറഞ്ഞതു്. "മുളകുപറമ്പീ എന്തും, ഇന്നു നിങ്ങളുടെ കിളവച്ചാരെ വിട്ടുപിരിഞ്ഞതു്" യജമാനനെ, അവൻെറ ചെവിക്കു പിടിച്ചു നാല്ല കറക്കു കറക്കാൻ എനിക്കു മനസ്സുണ്ടായിരുന്നു. കൈ നീട്ടിയപ്പോഴേക്കു തെമ്മാടി ഓടിക്കളഞ്ഞു.

സൂപ്രണ്ടു മുതൽപേർ തന്നോടു സഹതാപം പ്രദർശിപ്പിക്കുമെന്നുള്ള പൂർണ്ണാശയോടുകൂടി ആയ അദ്ദേഹത്തിൻെറയും കൂട്ടരുടെയും മുഖങ്ങളിലേക്കു നോക്കി. മുറിയിൽ കൂടിയിരുന്നവരെല്ലാവരും പൊട്ടിച്ചിരിച്ചുപോയി.

ആയ—ആ കള്ളറാസ്കൽ മാറിക്കളഞ്ഞു. എനിക്ക് അവന്റെ പുറകെ ഓടിയെത്താൻ തക്ക കരുത്തില്ലായിരുന്നു. എന്നിട്ട് അവൻ വഴിയിൽ ഇറങ്ങി നിന്നുകൊണ്ട് എന്റെ നേക്ക കൊഞ്ഞനം കുത്തിക്കാണിച്ചു. അത്ര അകലെ വച്ചു ഞാൻ ഒന്നും ചെയ്കയില്ലെന്ന് അവന്ന് അറിയാമായിരുന്നല്ലൊ. കൊച്ചുപിള്ളേർക്ക് ഓടാൻ പ്രയാസമില്ല. എന്റെ തടിയും വലിച്ചിഴച്ചുകൊണ്ടു ഞാൻ അവന്റെ പിന്നാലെ എത്തുന്നതെങ്ങിനെ?

സൂപ്ര—കേസിൽ സംബന്ധമുള്ള കാൎയ്യം മാത്രമെ പറയേണ്ടു എന്നു ഞാൻ മുൻകൂട്ടി പറഞ്ഞില്ലെ? മരുന്നു നിങ്ങൾ എന്തു ചെയ്തു?

ആയ—ഞാൻ മരുന്നുകുപ്പീയുംകൊണ്ടു മുറിയിലേക്കു ചെന്നപ്പോൾ നരഹരവൈദ്യൻ മുറിയിൽനിന്നു പുറത്തേക്കു വരികയായിരുന്നു. എന്റെ പക്കൽ എന്താണുള്ളതെന്ന് അദ്ദേഹം ചോദിച്ചു. കൊച്ചമ്മയ്ക്കു് ഉറക്കത്തിനുള്ള മരുന്നാണെന്നു ഞാൻ പറഞ്ഞു. അദ്ദേഹം അതു വാങ്ങിച്ചു മണപ്പിച്ചുനോക്കിയുംവച്ചു ബദാംഎണ്ണ മണക്കുന്നതായി എന്നോടു പറഞ്ഞു.

സൂപ്ര—ബദാംഎണ്ണയെന്നൊ? അങ്ങിനെതന്നെയാണൊ വൈദ്യൻ അപ്പോൾ പറഞ്ഞതു്? ഓർമ്മിച്ചുനോക്കുക.

ആയ—അതെ, അതെ, ഞാൻ സ്വപ്നം കണ്ടതും മറ്റും അല്ല. അദ്ദേഹം കുപ്പി തുറന്നു മണപ്പിച്ചുംവെച്ചു് "എന്തിനാണു് അനാമയവൈദ്യൻ ഈ ബദാംഎണ്ണ കൊടുത്തയച്ചിരിക്കുന്നതു്" എന്നാണു് എന്നോടു ചോദിച്ചതു്.

സൂപ്ര—നിങ്ങൾ മണപ്പിച്ചുനോക്കിയൊ? അതിന്റെ മണം ഉണ്ടായിരുന്നൊ?

ആയ—അതു വളരെ ഉള്ളതായി എനിക്കു തോന്നിയില്ല. ആ കാൎയ്യം ഞാൻ വൈദ്യനോടു പറകയും ചെയ്തു.

സൂപ്ര—നിങ്ങൾക്കു മണം തോന്നാഞ്ഞതു് എന്തുകൊണ്ടാണു്.

മറുപടി പറയാതെ കഴിച്ചുകൂട്ടാൻ വേണ്ടി ആയ് അങ്ങോട്ടുമിങ്ങോട്ടും തിരിഞ്ഞുനോക്കുകയും കാൽകഴപ്പിന്റെ ഉപദ്രവം ഉള്ളതായി ഭാവിക്കുകയും ഒക്കെ ചെയ്തു.

സൂപ്ര—സൂതികർമ്മിണി! സത്യം ബോധിപ്പിക്കാനാണു നിങ്ങൾ ഇവിടെ നിൽക്കുന്നതു്. മരുന്നിനു് അത്ര വളരെ ഗന്ധമുണ്ടായിരുന്നെങ്കിൽ നിങ്ങൾ അറിയാതിരുന്നതിനുള്ള കാരണമെന്തു്?

സൂതി—യജമാനനെ, അങ്ങനെ നിർബന്ധം പിടിക്കുന്നതു സങ്കടമാണു്.

സൂപ്ര—നിർബന്ധമല്ല. പരമാർത്ഥം അറിയാൻ വേണ്ടിയാണു് പറയുക.

സൂതി—ഞാൻ അപ്പോൾ—എങ്ങനെയാണു പറയുക—കുറച്ചു ചാരായം കുടിച്ചിരുന്നു. അത്താഴം കഴിച്ചുകൊണ്ടിരുന്നപ്പോൾ ലക്ഷ്മിഅമ്മയുടെ സൽക്കാരമായിരുന്നു. ദാഹത്തിനു കൊള്ളാമെന്നു വിചാരിച്ചു കഴിച്ചുപോയി. എനിക്കു വയററിനു തീരെ സുഖമില്ലായിരുന്നു. അപ്പോ ഞാൻ വളരെ കുറച്ചേ കഴിച്ചുള്ളു. ഒരു ചിന്നിയിൽ കൊള്ളുമായിരുന്നില്ല.

സൂപ്ര—എന്നാൽ മണം അറിയാതിരുന്നതു് ആശ്ചര്യമല്ല.

ആളുകൾ ചിരിച്ചു.

സൂതി—യജമാനനെ, ഒരു ചിന്നിയിൽ കൊള്ളാനും മാത്രം ഇല്ലായിരുന്നു എന്നാണു് ഞാൻ പറഞ്ഞതു്. അത്ര കുറച്ചേ ഉണ്ടായിരുന്നുള്ളു. ഈ മഹാജനങ്ങളുടെ മുമ്പിൽ നിൽക്കുമ്പോൾ എന്റെ നാക്കു പിണങ്ങിപ്പോകുന്നതു് എന്റെ കുററമല്ല: ഇതു വായിൽ ഒഴിച്ചപ്പോളാണു് എന്നെ

ആ ചെറുക്കൻ വിളിച്ചതു്. ഞാൻ എഴുന്നേററുപോയ
പ്പോൾ അതു മുഴുവൻ വായിൽനിന്നു് ഇറങ്ങിക്കഴിഞ്ഞിരു
ന്നില്ല. അതിൻെറ ഘ്രാണമാണു് എനിക്ക തോന്നിയതു്.
അതുകൊണ്ടുതന്നെയാണു് മററു മണമൊന്നും അറിയാ
ഞ്ഞതും.

സൂപ്ര—ആരാണു് മരുന്നു സൂക്ഷിച്ചുവെച്ചതു്?

സൂതി—ഞാൻ തന്നെ ആയിരുന്നു. മൂലപ്പലകയിൽ
മററു കുപ്പികളുടെ അട്ടത്തു ഞാനാണു കൊണ്ടുവെച്ചതു്.

സൂപ്ര—മാറി എടുക്കാൻതക്കവണ്ണം അവിടെ മററു
കുപ്പികൾ ഇരുന്നിരുന്നൊ?

സൂതി—ഒററ എണ്ണം ഇല്ലായിരുന്നു. അവിടെ ഇരുന്ന
കുപ്പികളെല്ലാം ഇതിനേക്കാൾ വളരെ വലിയവയായിരുന്നു.
അവയിൽ ഒന്നും ഉണ്ടായിരുന്നുമില്ല. അവ ഇപ്പോഴും
അവിടത്തന്നെ ഇരിക്കുന്നുമുണ്ടു്.

സൂപ്ര—നിങ്ങൾമരുന്നു് അവിടെ വെച്ചതിൽപിന്നെ
വളരെ നേരം കഴിഞ്ഞാണല്ലൊ അതു് എടുത്തു് ആ സ്ത്രീക്ക
കൊടുത്തതു്? ഇതിനിടയ്ക്കു് ആരെങ്കിലും അതു മാററു
കയൊ തൊടുകയൊ ചെയ്തിരിക്കുമൊ?

സൂതി—അങ്ങിനെ ചെയ്യാൻ അവിടെ ആരും ഉണ്ടാ
യിരുന്നില്ല. മിക്കവാറും ഞാൻ ആ മുറിയിൽതന്നെ ഉണ്ടാ
യിരുന്നു. അവിടെ ആരും വന്നില്ല എന്നു തന്നെയുമല്ല
ഞാൻ കുപ്പി എടുക്കാനായി രണ്ടാമതു ചെന്നപ്പോൾ അതു
ഞാൻ വെച്ചിരുന്നിടത്തു തന്നെ ഇരിക്കുകയും ആയിരുന്നു.
ഒരു മൂലയിൽആണു് ഞാൻ വെച്ചിരുന്നതു്.

സൂപ്ര—നരഹരവൈദ്യൻ അപ്പോൾ പൊയ്ക്കഴി
ഞ്ഞിരുന്നൊ?

സൂതി—ഓഹോ, അദ്ദേഹം അതിനു വളരെ മുമ്പു
തന്നെ പോയി. അധികനേരം താമസിച്ചില്ല.

സൂപ്ര—സാക്ഷിക്കാരി, ഞാൻ ഒരു ചോദ്യം ചോദി ക്കാൻ ഭാവിക്കുകയാണ്. നല്ലവണ്ണം കരുതി മറുപടി പറ യണം. ആ മരുന്നു സ്ത്രീക്കു കൊടുക്കരുതെന്നു നരഹരവൈ ദ്യൻ നിങ്ങളോടു പറഞ്ഞിരുന്നതായി ഒരു കേൾവിയു ണ്ടല്ലോ. അതു വാസ്തവം തന്നെയൊ?

സൂതി—എൻെറ അങ്ങുന്നെ, യജമാനനെ, ഇങ്ങനെ ഒരക്ഷരം അദ്ദേഹം എന്നോടു മിണ്ടീട്ടില്ല. മരുന്നു കൊടുക്ക രുതെന്ന് ഒരിക്കൽപോലും അദ്ദേഹം എന്നോടു പറഞ്ഞി രുന്നില്ല. ഞാൻ എവിടെ വേണമെങ്കിലും സത്യംചെയ്യാം. അദ്ദേഹം മണപ്പിച്ചു നോക്കിയുംവെച്ച് ഒരുതുള്ളി നാക്കിൽ ഒഴിച്ചുനോക്കി. പിന്നീടാണ് ബദാം എണ്ണയുടെ മണം ഉണ്ടെന്ന് എന്നോടു പറഞ്ഞതു്. മരുന്ന് കൊടുക്കരുതെന്ന് എന്നോടു ചട്ടംകെട്ടിയിരുന്നു എന്നുള്ള മൊഴി വെറും കള്ള മാണ്, എൻെറ നിന്തിരുവടി, ഞാൻ സത്യമാണു ബോധിപ്പിക്കുന്നതു്. മരുന്നു സേവിക്കരുതെന്നു കൊച്ചമ്മ യോടു പറഞ്ഞിരുന്നതായി അദ്ദേഹം എന്നോടു പറഞ്ഞു. അല്ലാതെ ആ കാര്യം എന്നോടു മിണ്ടിയിരുന്നില്ല.

സൂപ്ര—നിങ്ങൾ തന്നെയല്ലെ മരുന്ന് എടുത്തുകൊടു ത്തതു്?

സൂതി—അതെ, അതു് എൻെറ ജോലിയാണല്ലോ. ലക്ഷ്മിഅമ്മ വിളക്കു കാണിച്ചുതന്നു. ഞാൻ മരുന്നെടുത്തു് ഒരു ഗ്ലാസിൽ ഒഴിച്ചു കൊച്ചമ്മയ്ക്കു കൊടുത്തു. അപ്പോൾ അതിന്നു വല്ലാത്ത കടുത്ത മണം ഉണ്ടായിരുന്നു. ലക്ഷ്മി അമ്മയ്ക്കും എനിക്കും ആ മണം നല്ലപോലെ ബോധപ്പെട്ടു.

സൂപ്ര—സ്ത്രീ വിരോധം പറഞ്ഞില്ലെ?

സൂതി—ഇല്ല. ആ പാവം ഞങ്ങൾ കൊടുക്കുന്ന ഒന്നിനും വിരോധം പറയാറില്ലായിരുന്നു. കയ്യിൽ വാങ്ങിച്ച ഉടനെ പാവം വല്ലാതൊന്നു ചിററിയുംവെച്ചു പുഞ്ചിരിയിട്ടു

"സൂതികർമ്മിണി! ഇതു് എന്തൊരു മരുന്നാണു്. വല്ലാതിരിക്കുന്നു" എന്നു പറഞ്ഞുകൊണ്ടു് കുടിക്കുകയും ചെയ്തു. പെട്ടെന്നു് ആ സാധുവിന്റെ മട്ടുമാറി. അയ്യൊ!എന്തൊരു കാലശക്തി. ഈ മഹാപാപം ചെയ്തവരെ എന്റെ കയ്യിൽ കിട്ടണം. കാണാം എന്നാൽ ഒരു കളി.

സൂര്യ—മരിച്ചുപോയി എന്നു നിങ്ങൾക്കു മനസ്സിലായൊ?

സൂതി—ഇല്ല. ആദ്യം അങ്ങിനെ തോന്നിയില്ല. ബോധക്കേടായിരിക്കാമെന്നാണു് ഞാൻ വിചാരിച്ചതു് "ആഹാ ഇതെന്തൊരു കൃത്താണു്. എന്താണിങ്ങനെ വരാൻ കാരണം എന്നു ലക്ഷ്മിഅമ്മയോടു പറഞ്ഞുകൊണ്ടു ഞാൻ കൊച്ചമ്മയുടെ തല പിടിച്ചുപൊക്കി. ഇവർ ചത്തുപോയി എന്നു ക്ഷണനേരം കഴിഞ്ഞപ്പോൾമനസ്സിലായി.

സൂര്യ—മരുന്നിൽ എങ്ങിനെ വിഷം ചേൎന്നു എന്നുള്ളതിനേപ്പററി നിങ്ങൾക്കു് ഒന്നും അറിഞ്ഞുകൂടാ. ആരെയും ഈ കാൎയ്യത്തിൽ സംശയവുമില്ല അല്ലേ?

സൂതി—എനിയ്ക്കു് അറിവും സംശയവുമില്ല. വല്ല വിവരവും അറിയാൻ ആഗ്രഹമുണ്ടു്. കുപ്പി എന്റെ പക്കൽ കൊണ്ടുവന്നതന്നു ആ തെമ്മാടി വേലക്കാരന്റെ ക്രിത്രിമമാണെന്നു തെളിഞ്ഞാൽ കൊള്ളാമെന്നു് എനിക്കു വലിയ ആഗ്രഹമുണ്ടു്. അവനെ തൂക്കിലിടുവാൻ വേണ്ടി ഏതു മരത്തിന്റെ കൊമ്പിലും കേറിയിരിക്കാൻ ഞാൻ തയ്യാറാണു്. പന്ത്രണ്ടു മണിക്കൂറു വേണമെങ്കിലും ഞാൻ ഒരേ നിലയിൽ നിൽക്കാം. കാൽ കഴച്ചു് ഒടിഞ്ഞാലും വേണ്ടില്ല. അവനാണു് ഇതു ചെയ്തതെന്നു തെളിഞ്ഞാൽ അവനെ തൂക്കാതിരിക്കയില്ലല്ലൊ.

സൂര്യ—ഇരിക്കട്ടെ, വഴിയിൽവെച്ചു് അവൻ മരുന്നിൽ വല്ല കൃത്രിമവും ചെയ്തിരുന്നൊ?

സൂതി—യാതൊന്നുമില്ല. അവൻ വല്ലതും ചെയ്യേണ്ടിയിരുന്നുവെന്നാണു ഞാൻ പറഞ്ഞതു്. എന്നാൽ ആ കുരങ്ങിനെ ഒന്നു കബളിപ്പിക്കാൻ സാധിക്കുമായിരുന്നുവല്ലോ. ഞാൻ ഇവിടെ സത്യത്തിന്മേൽ മൊഴി തരികയല്ലേ? കുപ്പി എൻ്റെ പക്കൽ തന്നപ്പോൾ അതിൽ യാതൊരു പകടവും പ്രവൃത്തിച്ചിട്ടുള്ളതായി എനിക്കു തോന്നിയില്ല. ഭദ്രമായി പൊതിഞ്ഞുകെട്ടിത്തന്നെയാണു് ഇരുന്നതു്. അനാമയ വൈദ്യൻ കൊടുത്തയയ്ക്കുന്ന എല്ലാ കുപ്പികളും ഒന്നുപോലെ ഇരിക്കുകയാണു പതിവു്. ഇതും അങ്ങനെതന്നെയാണു് ഇരുന്നതു്.

സൂതികർമ്മിണിയുടെ മൊഴി ഇങ്ങനെ അവസാനിച്ചു. അവർ വെളിയിൽ പോയി.

അടുത്ത സാക്ഷി നരഹരവൈദ്യനായിരുന്നു.

വൈ—കഴിഞ്ഞ ഞായറാഴ്ച രാത്രിയിൽ ഞാൻ ലാടപുരത്തുനിന്നു മടങ്ങിവന്നപ്പോൾ എൻ്റെ ഭൃത്യന്മാരിൽ ഒരുവൻ ഒരെഴുത്തു് എൻ്റെ പക്കൽ കൊണ്ടുവന്നു തന്നു. ആ എഴുത്തു് വെള്ളിയാഴ്ച രാത്രിയിൽ അവിടെ ഏല്പിച്ചിരുന്നതാണെന്നാണു് ഭൃത്യൻ പറഞ്ഞതു്. വൈദ്യസംബന്ധമായ ആവശ്യത്തിലേക്കായി എന്നെ കാണേണ്ടിയിരിക്കുന്നു എന്നു സ്നേഹലതാമ്മ എഴുതിയിരിക്കുകയായിരുന്നു. ഞാൻ അപ്പോൾത്തന്നെ അവിടേക്കു പോയി. സ്ത്രീ പ്രസവിച്ചു് ഒരു കുട്ടി ജനിച്ചിരുന്നു. ഞാൻ സ്ഥലത്തില്ലായിരുന്നതുകൊണ്ടു് അനാമയവൈദ്യനാണു് ആ സമയം അവർക്കു മരുന്നുകൾ കൊടുക്കാറുണ്ടായിരുന്നതു്.

സൂപ്ര—ആ എഴുത്തു് ഹാജരാക്കാമോ?

എഴുത്തു വൈദ്യൻ്റെ കൈവശം അപ്പോൾ ഇല്ലായിരുന്നു എന്നു മാത്രമല്ല, എവിടെ വെച്ചു എന്നു് അയാൾക്കും

ഓർമ്മയും ഇല്ലായിരുന്നു. ഞായറാഴ്ച രാത്രിയിൽ സ്നേഹലതയുടെ ഗൃഹത്തിലേക്കു പുറപ്പെടാൻ ഭാവിച്ചപ്പോൾ എഴുത്ത് അയാൾ അന്വേഷിക്കയും അത് അവിടെയെങ്ങും കാണാതിരുന്നതുകൊണ്ടു മററു എഴുത്തുകളോടുകൂടി തീയിലിട്ടുപോയിരിക്കുമെന്നു സമാധാനപ്പെടുകയും ചെയ്തതു നമുക്ക് ഓർമ്മയുണ്ടല്ലോ.

വൈ—എഴുത്തു സൂക്ഷിച്ചുവെച്ചതായി ഓർമ്മിക്കുന്നില്ല. ഇങ്ങനെയുള്ള എഴുത്തുകളൊന്നും ഞാൻ സൂക്ഷിക്കാറില്ല. മററു പല എഴുത്തുകളോടുകൂടി ഇതും തീയിലിട്ടിരിക്കുമെന്നാണ് ഓർമ്മ. ആ എഴുത്തു രണ്ടാമതൊരിക്കൽ ഞാൻതന്നെ അന്വേഷിച്ചപ്പോൾ കാണാനുണ്ടായിരുന്നില്ല. കേസു സംബന്ധമായി പ്രയോജനപ്പെടത്തക്ക യാതൊരു സംഗതിയും അതിൽ ഉണ്ടായിരുന്നില്ല. ഞാൻ അവിടെ ചെന്നു ദീനക്കാരിയെ കാണണമെന്ന് അപേക്ഷിക്കുന്നതായ നാലഞ്ചു വരികൾ മാത്രമെ ഉണ്ടായിരുന്നുള്ളു.

സൂപ്ര—ഇരട്ടപ്പേര് അതിൽ ഉണ്ടായിരുന്നോ?

വൈ—ആ സ്ത്രീയുടെയോ?

സൂപ്ര—അതെ, അത് അറിയാൻ ഇവിടെ യാതൊരു മാർഗ്ഗവുമില്ല. ആ എഴുത്തിൽ കാണുമായിരുന്നിരിക്കാം.

വൈ—ഇല്ല, ഇല്ല. എഴുത്തിൻെറ മട്ട് അങ്ങനെ ആയിരുന്നില്ല.

"സ്നേഹലതാമ്മ നരഹരവൈദ്യൻ അവർകളെ സവിനയം അറിയിച്ചുകൊള്ളുന്നതു" എന്നിങ്ങനെയായിരുന്നു ആരംഭം. ഒന്നുരണ്ടു മാസത്തിനിപ്പുറം പ്രസവമുണ്ടാകാൻ ഇടയില്ലെന്നാണു ഞാൻ എഴുത്തിൽനിന്ന് ഊഹിച്ചതു്.

സൂപ്ര—നിങ്ങൾ തമ്മിൽ കണ്ടപ്പോൾ സ്ത്രീയുടെ പൂർവ്വചരിത്രങ്ങൾ ഒന്നും അവർ പറഞ്ഞില്ലേ?

വൈ—ഇല്ല, ഒന്നും പറയാൻ ഇടയായില്ല. ഞാൻ ചെന്നപ്പോൾ നേരം കുറെ അധികം ഇരുട്ടിയിരുന്നതു കൊണ്ടു തൽക്കാലം ദീർഘമായി സംഭാഷണം ചെയ്തു് അവരെ ഉപദ്രവിക്കേണ്ടെന്നായിരുന്നു എന്റെ ആലോചന. ദേഹസ്ഥിതിയെപ്പററി മാത്രമെ അപ്പോൾ സംസാരമുണ്ടായുള്ളു. ആവശ്യപ്പെട്ട സമയം സ്ഥലത്തില്ലാതെ പോയതിനെപ്പററി എനിക്കു മനസ്സാപമുണ്ടെന്നും എങ്കിലും അനാമയവൈദ്യന്റെ ശുശ്രൂഷയിൽ സുഖമുള്ളതായിക്കാണുന്നതു വലിയ സന്തോഷം തന്നെയെന്നും മറുപടി പറഞ്ഞു.

ഞാൻ മടങ്ങിയെത്തിയ സ്ഥിതിക്കു് ഇനി എന്റെ ചികിത്സതന്നെ ആരംഭിക്കണമെന്നും ഏതോ ചില ബന്ധുക്കൾ മുഖേന എന്നെപ്പററി ഈ സ്ഥലത്തു വന്നുചേരുന്നതിനു് മുമ്പായിത്തന്നെ അവർ കേട്ടറിഞ്ഞിരുന്നു എന്നും ആണു സ്നേഹലതാമ്മ അപ്പോൾ പറഞ്ഞതു്.

സൂപ്ര—നിങ്ങളെ പരിചയപ്പെടുത്തിയതു് ആരെന്നറിയാമൊ?

വൈ—അറിഞ്ഞുകൂടാ. ആ കാര്യം അവർ വിശദമായി പറഞ്ഞു എന്നും തോന്നുന്നില്ല. അവർ ഞാൻ ചെന്നപ്പോൾ ഒരുവിധം മയക്കത്തിലായിരുന്നു കിടന്നിരുന്നതു്. അതുകൊണ്ടു സംസാരം അത്രതന്നെ വ്യക്തമായിരുന്നില്ല. കുറച്ചുകൂടി സുഖമായശേഷം അവരുടെ വിവരങ്ങളെല്ലാം ചോദിച്ചറിയാമെന്നായിരുന്നു എന്റെ ഉദ്ദേശം. എന്റെ ബന്ധുക്കളും സ്നേഹിതന്മാരും ആരുംതന്നെ ഇങ്ങനെ ഒരു സ്ത്രീയുടെ കാര്യത്തെപ്പററി എന്നോടു പറഞ്ഞിരുന്നില്ല.

സൂ—നിങ്ങളുടെ ചികിത്സ ആ സമയം മുതൽ തുടങ്ങിയൊ?

വൈ—അതെങ്ങനെ? അതു ന്യായമല്ലല്ലൊ. അനാമയവൈദ്യന്റെ അറിവും സമ്മതവും കൂടാതെ ഞാൻ

ഏർപ്പെടുന്നതു യുക്തമായിരുന്നില്ല. അടുത്തദിവസം അദ്ദേഹത്തെ ഞാൻ വഴിയിൽവെച്ചു കണ്ടു. അന്നും ഒരുപക്ഷേ അടുത്തദിവസം രാവിലെയും അദ്ദേഹംതന്നെ മരുന്നുകൊടുക്കുകയും അന്വേഷണം നടത്തുകയും ചെയ്യണമെന്നു് അദ്ദേഹത്തോടു് അപേക്ഷിച്ചിരുന്നു. കുറച്ചുദിവസങ്ങളായി ഞാൻ സ്ഥലത്തില്ലാതിരുന്നതിനാൽ മടങ്ങിയെത്തിയപ്പോൾ എന്റെ പഴയ ജോലികൾ അത്രമാത്രം കുടിശ്ശികയായി കിടന്നിരുന്നവ ഒരുവിധമെല്ലാം ശരിപ്പെടുത്തിയതിനുശേഷം പുതിയ കേസുകൾ എടുക്കുകയാണു ന്യായമെന്നു കരുതിയാണു് ഞാൻ അനാമയവൈദ്യനോടു് ഇപ്രകാരം അപേക്ഷിച്ചതു്. നിവൃത്തിയുള്ളപക്ഷം അന്നുരാത്രി ഏഴു മണിക്കോ അല്ലാത്തപക്ഷം അടുത്തദിവസം രാവിലെ പത്തു മണിക്കോ ഞാൻ സ്നേഹലതാമ്മയുടെ താമസസ്ഥലത്തു് എത്തിക്കൊള്ളാമെന്നും അപ്പോൾമുതൽ ചികിത്സ ഞാൻ വഹിച്ചുകൊള്ളാമെന്നും പറഞ്ഞിരുന്നു.

സൂപ്ര—ഏഴുമണിക്കു നിങ്ങൾ പോയിരുന്നോ?

വൈ—ഇല്ല, പോകാൻ സാധിച്ചില്ല. സമയത്തിനു് എത്തത്തക്കവണ്ണം തന്നെ ഞാൻ വീട്ടിൽ നിന്നിറങ്ങി. എന്നാൽ വഴിയിൽ അല്പം താമസം നേരിട്ടകയാൽ ഒരുമണിക്കൂറു കഴിഞ്ഞതിനുശേഷമേ അവിടെ എത്തിയുള്ളൂ. അനാമയവൈദ്യൻ അപ്പോഴേക്കു പൊയ്ക്കഴിഞ്ഞിരുന്നു. സ്നേഹലതാമ്മയ്ക്കു വളരെ നിസ്സാരമായ ഒരു പനിയല്ലാതെ അപ്പോൾ വേറെ സുഖക്കേടു യാതൊന്നും ഉണ്ടായിരുന്നില്ല. ധാരാളം ഉത്സാഹവും സന്തോഷവും അവർ പ്രദർശിപ്പിക്കുകയും ചെയ്തു. അടുത്തദിവസം പത്തുമണിമുതൽ എന്റെ ചികിത്സ ആരംഭിച്ചുകൊള്ളാമെന്നു ഞാൻ പറഞ്ഞു. തൽക്കാലം തന്നെ ഞാൻ ഭരമേൽക്കുന്നതാണു് സന്തോഷമെന്നു് അവർ പ്രസ്താവിച്ചതായി തോന്നുന്നുണ്ടു്. അനാമയവൈദ്യന്റെ

ചികിത്സയിൽ നല്ല തൃപ്തിയില്ലേ എന്നു ഞാൻ ചോദിച്ച തിനു വലിയ തൃപ്തിയാണുള്ളതെന്നും അദ്ദേഹം വളരെ കരു ണയുള്ള ഒരു വൈദ്യനാണെന്നും അവർ മറുപടി പറഞ്ഞു.

സൂപ്ര—നിങ്ങളെ പരിചയപ്പെടുത്തിയതു് ആരെന്നു നിങ്ങൾ അപ്പോൾ ചോദിച്ചില്ലേ?

വൈ—ഞാൻ ചോദിച്ചില്ല. അവർക്കു് ആ സമയ ത്തു് അല്പം അസ്വസ്ഥത ഉള്ളതായി എനിക്കു തോന്നി. അതുകൊണ്ടു ശരീരസ്ഥിതിക്കു പുറമെ യാതൊന്നും ഞാൻ ചോദിച്ചില്ല.

സൂപ്ര—നിങ്ങൾ അവിടെ ഉണ്ടായിരുന്നപ്പോഴാണോ മരുന്നു വന്നുചേർന്നതു്.

വൈ—അതെ, ഞാൻ ദീനക്കാരിയുമായി സംസാരി ച്ചുകൊണ്ടിരുന്നപ്പോൾ ആരോ വാതുക്കൽ വിളിക്കുന്നതുകേട്ടു. അനാമയവൈദ്യനായിരിക്കാമെന്നുദ്ദേശിച്ചു ഞാൻ അങ്ങോ ട്ടേയ്ക്കു ചെന്നു. അദ്ദേഹമല്ലായിരുന്നു വന്നതു്. ആയ ഒരു കുപ്പിയുംകൊണ്ടു മുറിയിലേയ്ക്കു വരികയായിരുന്നു. അതു അനാമയവൈദ്യൻ കൊടുത്തയച്ച ഉറക്കമരുന്നാണെന്നു ആ സ്ത്രീ പറഞ്ഞപ്പോൾ ഞാൻ അതു വാങ്ങിച്ചുനോക്കി.

സൂപ്ര—അപ്പോൾ വല്ല പ്രത്യേക മണവും അതിനുള്ള തായി നിങ്ങൾക്കുതോന്നിയോ?

വൈ—ഉവ്വ്. കൈയിൽ വാങ്ങിച്ചപ്പോൾതന്നെ മനസ്സിലായി. ബദാം എണ്ണയുടെ വാസനയാണെന്നാണു് ആദ്യം തോന്നിയതു്. പാഷാണത്തിൻെറ ഗന്ധമാണെന്നു പിന്നീടു് തീർച്ചയായി.

സൂപ്ര—പാഷാണഗന്ധം ഉണ്ടായിരുന്നു അല്ലേ?

വൈ—വളരെ വളരെ മണമുള്ളതായി തോന്നുന്നി ല്ലെന്നു ആയ പറഞ്ഞതു ഞാൻ വിശ്വസിച്ചില്ല. ഉറക്ക

മരുന്നിൽ പാഷാണം കലർത്തിയിരുന്നതു് എന്തു് ഉദ്ദേശത്തോടുകൂടിയായിരിക്കുമെന്നു ഞാൻ ആലോചിക്കാതിരുന്നില്ല. എന്നാൽ ഒരു വൈദ്യന്റെ ഔഷധം മറെറാരു വൈദ്യൻപെട്ടെന്നു ദൂഷിക്കുന്നതു ധർമ്മമല്ലല്ലൊ എന്നു കരുതി ആ കാര്യം പരസ്യമായി പ്രസ്താവിച്ചില്ല. കുപ്പി ആയയുടെ പക്കൽ തിരിച്ചുകൊടുത്തു.

സൂപ്ര—ജീവഹാനി നേരിടത്തക്കവണ്ണം വിഷം കലന്നിരുന്നതായി നിങ്ങൾക്കു തോന്നിയില്ലായിരിക്കാം. അല്ലേ?

നരഹരവൈദ്യൻ മിഴിച്ചുനോക്കിയും വെച്ചു ചിരിച്ചുകൊണ്ടു് ഇങ്ങനെ പറഞ്ഞു: "ആ ചോദ്യം അത്ര ആവശ്യമുള്ളതല്ലല്ലൊ. എന്തെന്നാൽ അങ്ങിനെ ഒരു സംശയം എനിക്കുണ്ടായിരുന്നെങ്കിൽ ആ മരുന്നു രോഗിക്കു കൊടുക്കാതിരിക്കാൻ ഞാൻ പ്രത്യേകം ചട്ടംകെട്ടുമായിരുന്നല്ലൊ. പാഷാണം ചില അവസരങ്ങളിൽ അല്പാല്പമായി രോഗികൾക്കു കൊടുക്കാറുണ്ടു്. അന്നത്തെ രോഗചിഹ്നങ്ങൾ ഒന്നും ഞാൻ കണ്ടറിഞ്ഞിരുന്നില്ല. അതുകൊണ്ടു് ഇതു കേവലം അനാവശ്യമാണെന്നു തീർച്ചപറയാൻ എനിക്കു് അവകാശമുണ്ടായിരുന്നില്ലെന്നു പറയേണ്ടതില്ലല്ലൊ. മരുന്നു് ആയയുടെ പക്കൽ കൊടുത്തുംവെച്ചു ദീനക്കാരിയുടെ അടുക്കൽ വീണ്ടും പോയതിൽപിന്നെയും വിഷഗന്ധം എന്റെ മൂക്കിൽനിന്നു വിട്ടുപോയില്ല. മരുന്നു് എടുത്തു കൊടുത്തയച്ചതിൽ വല്ല പിശകും വന്നുപോയിരിക്കുമൊ എന്നു് എനിക്കു സംശയമുണ്ടായി. അബദ്ധം എല്ലാവക്കും പററാവുന്നതല്ലെ? വളരെ ശ്രദ്ധയും പഴക്കവും ഇല്ലാത്ത പരികർമ്മികൾ മുഖേന പല തെററുകളും വൈദ്യന്മാരുടെ തലയിൽ വന്നുകയറാറുണ്ടു്. ഏതായാലും ആ മരുന്നു തൽക്കാലം സേവിക്കാതിരിക്കുകയാണു നല്ലതെന്നു് എനിക്കു് അപ്പോൾ

തോന്നിയതനുസരിച്ചു ഞാൻ അവരെ ആ വിവരം ഉടൻ തന്നെ ധരിപ്പിക്കുകയും ചെയ്തു. ഞാൻ പറഞ്ഞിരുന്നതു് —

സൂപ്ര—മരുന്നിൽ വിഷം കലൎന്നിരിക്കുന്നതായി സംശയമുണ്ടെന്നു നിങ്ങൾ അവരെ ഗ്രഹിപ്പിച്ചോ?

വൈദ്യൻ വീണ്ടും പുഞ്ചിരിയിട്ടു.

വൈ—അങ്ങുന്നേ, പരിഭവിക്കരുതു്. ഒരു കാര്യം പറയട്ടെ അങ്ങേയ്ക്കു ദീനക്കാരെ പരിചരിക്കേണ്ട വിധത്തെപ്പററി ഒന്നും അറിഞ്ഞുകൂടല്ലൊ. അതാണു് അങ്ങു് ഈ ചോദ്യം ഇപ്പോൾ ചോദിച്ചതു്. മരുന്നിൽ വിഷം കലൎന്നിരുന്നതായി സംശയമുണ്ടെന്നു ഞാൻ തുറന്നു പറഞ്ഞിരുന്നെങ്കിൽ അയതു് അവൎക്കു വല്യതായ ഭീതിക്കു കാരണമായിത്തീരുമായിരുന്നില്ലേ? പ്രസവിച്ചു കിടക്കുന്ന സ്ത്രീകളെയാണോ അങ്ങിനെ സംഭ്രമിപ്പിക്കുക? അനാമയവൈദ്യൻ കൊടുത്തയച്ചിരുന്ന മരുന്നു് എനിക്കു അത്ര സമ്മതമായിരുന്നില്ലെന്നും ഞാൻ ഉടൻ അദ്ദേഹത്തിൻെറ അടുക്കൽ പോയി വിവരം ധരിപ്പിച്ചു മറുപടി അവരെ ഗ്രഹിപ്പിക്കാമെന്നും അതിൽ പിന്നീടു് ഒരു മരുന്നു കുടിക്കേണ്ടു എന്നുമാണു് ഞാൻ പറഞ്ഞതു്.

സൂപ്ര—എന്നാൽ പിന്നെ അതിനുമുമ്പു് അവർ മരുന്നു സേവിച്ചതിനെപ്പററി നിങ്ങൾ എന്തു പറയുന്നു?

വൈ—അതിൻെറ കാരണം എനിക്കറിഞ്ഞുകൂടാ. ഞാൻ വ്യക്തമായിട്ടാണു പറഞ്ഞിരുന്നതു്. ഭ്രമിപ്പിക്കാതെയിരിക്കണമെന്നും കൂടി നമുക്കു താല്പൎയ്യമുണ്ടായിരുന്നു. അതുകൊണ്ടു് അവർ എൻെറ വാക്കു് അത്രവലരെ ഗൗരവമുള്ളതായി വിചാരിച്ചില്ലായിരിക്കാം. അതൊ ഒരു പക്ഷ മറന്നു പോയെയാം. എങ്ങിനെ തീൎച്ചപറയാം.

സൂപ്ര—സൂതികൎമ്മിണിയോടു നിങ്ങൾ മരുന്നിൻെറ ദോഷത്തെപ്പററി പറഞ്ഞിരുന്നൊ? മരുന്നു കൊടുക്കുന്നതു

നിങ്ങളുടെ ആൾ വന്നിട്ടു മതിയെന്നു അവരോടും പറഞ്ഞിരുന്നൊ?

വൈ—ഇല്ല. ദീനക്കാരിയോടു പറഞ്ഞതു മതിയാകുമെന്നായിരുന്നു എന്റെ വിചാരം. മടങ്ങിപ്പോകുമ്പോൾ ആയയെ ഞാൻ കണ്ടുമില്ല.

സ്തൃ—സംശയം തോന്നിയ സ്ഥിതിക്ക് ആ മരുന്നുകൂടി കൈവശം കൊണ്ടുപോകേണ്ടതായിരുന്നില്ലെ? അതല്ലായിരുന്നുവോ കുറേക്കൂടി രക്ഷ?

വൈ—വരാൻപോകുന്ന കാര്യങ്ങളെ മുൻകൂട്ടി ഗ്രഹിക്കാൻ കഴിയുമായിരുന്നെങ്കിൽ നമ്മുടെ എല്ലാവരുടേയും പ്രവൃത്തികൾ എത്രമാത്രം വ്യത്യാസപ്പെട്ടിരിക്കുമായിരുന്നു. ഇങ്ങനെയെല്ലാമാണു സംഭവിക്കാൻപോകുന്നതെന്ന് ആരറിഞ്ഞു? ഒരു കാര്യം സംഭവിച്ചു കഴിയുമ്പോൾ "ഇതു ഞാൻ മുമ്പിൽ അറിഞ്ഞിരുന്നെങ്കിൽ ഇന്ന ഇന്ന വിധമെല്ലാം ചെയ്തുകൊള്ളുമായിരുന്നു എന്നിങ്ങനെ സാമർത്ഥ്യംപറയാറുണ്ടു. സ്നേഹലതാമ്മ മരിച്ചുപോകത്തക്ക വിഷം ആ മരുന്നിൽ ഉണ്ടായിരുന്നതായി എനിക്കു സംശയമുണ്ടായിരുന്നെങ്കിൽ—എന്നുമാത്രമല്ല എന്റെ ഉപദേശത്തിനു പ്രതികൂലമായി അവർ അതു സേവിച്ചേക്കുമെന്ന് ഞാൻ ഊഹിച്ചിരുന്നെങ്കിൽ—നിശ്ചയമായി അതു ഞാൻ കൈവശം കൊണ്ടുപോകുമായിരുന്നു. അങ്ങനെ ചെയ്യാൻ ഇടയാകാത്തതിനെപ്പററി പിന്നീട്ടു പലപ്പോഴും ഞാൻ മനസ്താപപ്പെട്ടിട്ടുമുണ്ട്. എന്നാൽ പശ്ചാത്താപംകൊണ്ട് ഇവിടെ ഫലമെന്ത്? അത് അവരെ പുനർജ്ജീവിപ്പിക്കയില്ലല്ലൊ.

സ്തൃപ്ര—പറയണം, മുഴുവൻ പറയുക.

വൈ—ഞാൻ നേരെ വൈദ്യന്റെ വീട്ടിലേയ്ക്കു ചെന്നു. മരുന്നിന്റെ ഗന്ധത്തെപ്പററി അദ്ദേഹത്തോടു പറയാമെന്നായിരുന്നു എന്റെ കരുതൽ. എന്നാൽ എന്തു

ചെയ്യാം. വൈദ്യനെ കാണാൻ സംഗതിയായില്ല. അദ്ദേഹം അവിടെ ഇല്ലായിരുന്നു. പരികർമ്മിണിയെ കണ്ടാണു ഞാൻ ചോദിച്ചതു്. എന്നാൽ ഇനി എൻെറ വീട്ടിൽ ചെന്നു വേറൊരു ഉറക്കമരുന്നുണ്ടാക്കിക്കൊണ്ടു വരാമെന്നു കരുതി ഞാൻ ഗൃഹത്തിലേയ്ക്കു പോയി. മടങ്ങിയെത്താൻ കുറെ താമസം നേരിടുന്നതിനാണു സംഗതിയായതു്. ഇടയ്ക്കു് ഒരു രോഗിയെ അത്യാവശ്യമായി കാണേണ്ടിവന്നു.

സൂപ്ര—ഉറക്കമരുന്നു് ആവശ്യമുള്ളതായി നിങ്ങൾക്കു തോന്നിയോ?

വൈ—അനാമയവൈദ്യൻ അങ്ങനെ നിശ്ചയിച്ചിരുന്നല്ലൊ. ഞങ്ങൾ വൈദ്യന്മാർ ഇങ്ങനെയാണു ചെയ്യാറുള്ളതു് ഒരുവൻെറ അഭിപ്രായം ആ ആളുടെ അറിവുകൂടാതെ ഖണ്ഡിക്കാറില്ല. എന്നു തന്നെയുമല്ല അല്പം അസ്വാസ്ഥ്യത ദീനക്കാരിക്കുണ്ടായിരുന്നതായി ഞാൻ മുമ്പു പറഞ്ഞുവല്ലൊ. ഞാൻ വേറൊരു മരുന്നുണ്ടാക്കി അതുംകൊണ്ടു വരുമ്പോളായിരുന്നു ലക്ഷ്മിഅമ്മയെ വഴിയിൽവെച്ചു കണ്ടതു്. സ്നേഹലതാമ്മ മരിച്ചുപോയി എന്നു ആ സ്ത്രീയാണു് ആദ്യം എന്നോടു പറഞ്ഞതു്.

സൂപ്ര—മരിച്ചതിൽപിന്നെ നിങ്ങളാണൊ ആദ്യം ചെന്നതു്?

വൈ—അതെ. ആയ അവിടെ ഉണ്ടായിരുന്നല്ലൊ. ഞാൻ ചെന്നു് ഒരു മിനിററു കഴിഞ്ഞപ്പോൾ ഈ സ്ഥലത്തെ പുരോഹിതനും അവിടെ വന്നുചേർന്നു. സ്നേഹലതാമ്മ മരിച്ചുപോയതായി ഞങ്ങൾ രണ്ടാളുകളും തീർച്ചയാക്കി.

സൂപ്ര—കാരണം എന്തെന്നായിരുന്നു നിങ്ങളുടെ ഊഹം?

വൈ—വിഷം സേവിച്ചതുകൊണ്ടു മരിക്കാൻ ഇടയായി എന്നായിരുന്നു. ലക്ഷണംകൊണ്ടു ആ കാൎയ്യം ധാരാളം നിൎണ്ണയിക്കാമായിരുന്നല്ലൊ.

സൂപ്ര—ഇതാ ഈ കുപ്പി നോക്കുക. ആ വിഷമരുന്നിരുന്നിരുന്ന കുപ്പി ഇതുതന്നെയൊ?

വൈ—അതുപോലെയിരിക്കുന്നുണ്ടു്. പുറത്തെഴുത്തുമാറും അതുതന്നെ.

അയാൾ കുപ്പി തുറന്നു മണപ്പിച്ചു നോക്കി.

വൈ—അതെ, അതെ, സംശയമില്ല. കുപ്പി ഇതുതന്നെ മണം ഇപ്പോഴും ഉണ്ടല്ലൊ.

സൂപ്ര—സൂതികൎമ്മിണിയുടെ പക്കൽ നിങ്ങൾ കുപ്പി മടക്കികൊടുത്തശേഷം അവൾ അതു് എവിടെവച്ചു എന്നു നിങ്ങൾ കണ്ടൊ.

വൈ—എവിടെവച്ചു എന്നു ഞാൻ നോക്കിയില്ല.

സൂപ്ര—നിങ്ങൾ ആ കുപ്പി പിന്നീടു തൊട്ടേയില്ല അല്ലെ?

നരഹരവൈദ്യൻ വിരസഭാവത്തോടുകൂടി തിരിഞ്ഞു നോക്കി. ഇങ്ങനെ വിളിച്ചു ചോദിച്ചു "ആരാണു് എന്നെ വിളിച്ചതു്?"

അവിടെ കൂടിയിരുന്ന ജനങ്ങളുടെ ഇടയിൽ കുറച്ചു സമയമായി കുറേശ്ശ സംസാരം ഉണ്ടായിക്കൊണ്ടിരുന്നു. ആ കൂട്ടത്തിൽ നരഹരവൈദ്യൻ എന്ന പേരും ഉൾപ്പെടാതിരുന്നില്ല. എങ്കിലും വൈദ്യനെ അപ്പോൾ വിളിച്ചതായി ആരും ഏററു പറഞ്ഞില്ല. അയാൾ തിരിഞ്ഞു സൂപ്രണ്ടിൻെറ നേരെ നോക്കി വീണ്ടും മൊഴി തുടൎന്നു.

വൈ—അങ്ങുന്നെ, എന്നെ ആരൊ വിളിച്ചതായി ഞാൻ കേട്ടു. അതു് ആരായിരുന്നാലും ശരിയായില്ല. സ്ഥലവും സമയവും നോക്കി വേണ്ടെ ആളുകൾ ഓരോന്നു പ്രവ

ത്തിക്കേണ്ടതു്? ന്യായസദസ്സിനെ അവമാനിക്കയല്ലെ അ അൽ ചെയ്തതു്? ഇരിക്കട്ടെ ഞാൻ ആ വീട്ടിൽനിന്നു മട ങ്ങിപ്പോയതിനു മുമ്പു് ആ കുപ്പി പിന്നീടു തൊട്ടില്ലെ എന്ന ല്ലെ അങ്ങു ചോദിച്ചതു്? അതു തൊടുകയാകട്ടെ എവി ടെയാണെന്നു് അറിയുകയാവട്ടെ ഞാൻ ചെയ്തിരുന്നില്ലാ.

സൂപ്ര—ആരെങ്കിലും ഇനിമേൽ ഇപ്രകാരം നടപടി ക്കു വിഘ്നം വരുത്തുന്നതായാൽ എല്ലാവരെയും ഞാൻ പുറത്താക്കും സംസാരിക്കേണ്ടവർ ദൂരെപ്പോയി അപ്രകാരം ചെയ്തുകൊള്ളണം.

സ്വസ്ഥമായി ഇരിക്കാവുന്നവർ മാത്രമെ ഇവിടെ ഇരിക്കേണ്ടു.

സൂപ്രണ്ടു മൊഴി വായിച്ചുനോക്കി. മിക്കവാറും മതി യായി എന്നു് അദ്ദേഹത്തിനു തോന്നി എങ്കിലും ഇങ്ങനെ തുടർന്നു.

സൂപ്ര—ഒരു ചോദ്യം കൂടി ചോദിക്കാം. നിങ്ങൾ ക്കു് വല്ല ഊഹമുണ്ടോ? മരുന്നിൽ വിഷം ഏതുപ്രകാരം കലർന്നിരിക്കുമെന്നുള്ളതിനെപ്പററി നിങ്ങൾക്കു വല്ല സം ശയമുമുണ്ടോ?

വൈദ്യൻ മിണ്ടാതെ നിന്നു. താൻ അന്നു രാത്രിയിൽ ആ വീട്ടിൽവെച്ചു കണ്ടതായ ബീഭത്സമുഖത്തെപ്പററി പ്ര സ്താവിക്കുന്നതു് യുക്തമായിരിക്കുമൊ എന്നു് അയാൾ ചിന്തി ച്ചു. അപ്രകാരമുള്ള അന്ധവിശ്വാസങ്ങൾക്കു് താൻ അധീ നനാണെന്നു കേൾക്കുമ്പോൾ ആളുകൾ തന്നെ പരിഹസി ക്കയില്ലയോ എന്നു് അയാൾക്കു തോന്നി.

സൂപ്ര—എന്താണു് ഒന്നും മറുപടിപറയാത്തതു്?

വൈ—ആരേയും സംശയമുള്ളതായി പറയാൻ പാ ടില്ല. മരുന്നു ഉണ്ടാക്കിക്കൊടുത്തപ്പോളല്ലാതെ മററു വിധ ത്തിൽ അതിൽ വിഷം കലർന്നതായി ഊഹിക്കാനും മാർ

ഗ്ഗമില്ല. കൊണ്ടു വന്ന തന്നപ്പോൾ തന്നെ വിഷഗന്ധം ഉണ്ടായിരുന്നല്ലൊ.

സൂപ്ര—ശരി തന്നെ. ഇപ്പോൾ ഇത്രയുമേ നിങ്ങളോടു ചോദിക്കാനുള്ളു. നിങ്ങൾ പരമാൎത്ഥതയോടും സന്തോഷത്തോടും കൂടി ഇപ്രകാരം മൊഴിതന്നു ഞങ്ങളെ സഹായിച്ചതിലേക്ക വളരെ വന്ദനം. എന്നാൽ നിങ്ങൾക്ക പോകാം.

നരഹരവൈദ്യൻ യാത്ര പറഞ്ഞു പിൻവാങ്ങി. അപ്പോൾ ഗ്രാമസ്ഥൻ എന്തൊ ഒരു സംഗതി സൂപ്രണ്ടിന്റെ ചെവിയിൽ പറഞ്ഞു.

സൂപ്ര—ഓഹൊ, വൈദ്യൻ ഒരിക്കൽ കൂടി ഇങ്ങോട്ടേക്ക് വന്നിട്ടു പോകുക; ഒരു കാൎയ്യം കൂടി ചോദിക്കാനുണ്ട്.

വൈദ്യൻ മടങ്ങി വന്നു.

സൂപ്ര—മരിച്ചുപോയ സ്ത്രീയുടെ കുട്ടിയെ കൊണ്ടുപോയ ഭഗവതിഅമ്മ എന്നൊരാളെ നിങ്ങൾ റെയിൽവെ സ്റ്റേഷനിൽ വച്ചു കണ്ടില്ലേ?

വൈ—വളരെ ചെറിയ ഒരു കുട്ടിയെ വെച്ചുകൊണ്ടിരുന്ന ഒരു സ്ത്രീയെ ഞാൻ അവിടെവച്ചു കണ്ടു. കുട്ടി അതു തന്നെ ആയിരുന്നിരിക്കും.

സൂപ്ര—സ്ത്രീയും നിങ്ങളും തമ്മിൽ സംസാരിച്ചില്ലെ? മരിച്ച സ്ത്രീ ഏതെന്നുള്ള അറിവിലേക്ക് അവർ എന്തെങ്കിലും പറഞ്ഞൊ?

വൈ—അവർ ആ കാൎയ്യമൊന്നും എന്നോടു പറഞ്ഞില്ല. ഈ സംഗതി ഒന്നും അപ്പോൾ ഞാൻ അറിഞ്ഞിരുന്നില്ലല്ലൊ. കുട്ടി ഈ ഗ്രാമത്തിലുള്ള ഏതെങ്കിലും സ്ത്രീ പ്രസവിച്ചതായിരിക്കാമെന്നായിരുന്നു എന്റെ ഊഹം. കുട്ടിക്ക് യാത്രചെയ്യത്തക്ക ശരീരപുഷ്ടി ഉണ്ടായിരുന്നില്ലെന്നു ഞാൻ പറഞ്ഞപ്പോൾ "അവശ്യത്തിനു് ഔചിത്യമില്ല" എ

ന്ന് അവർ മറുപടി പറഞ്ഞു. ഞാനും അവരും തമ്മിൽ ഒന്നോ രണ്ടോ മിനിററു നേരമെ സംസാരിച്ചുള്ളൂ. അതിൽ അധികവും സ്ഥലത്തെ ജഡ്ക്കായെപ്പററി ആയിരുന്നു. അതിൻെറ ഉപദ്രവകരമായ പ്രയാണം നിമിത്തം അവരുടെ ശരീരം മുഴുവൻ തകൎന്നുപോയി എന്നാണ് അവർ പറഞ്ഞതു്.

സൂപ്ര—അവരെ കണ്ടാൽ നിങ്ങൾ ഇനിയും അറിയുമൊ?

വൈ—അറിയാമെന്നാണ് തോന്നുന്നതു്. എന്തൊ നല്ല നിശ്ചയം പറയാൻ പാടില്ല. മുഖം ഞാൻ നല്ലവണ്ണം കണ്ടിരുന്നില്ല. നേരം അല്പം ഇരുട്ടിത്തുടങ്ങിയിരുന്നു.

സൂപ്ര—എവിടേക്കാണു പോകുന്നതെന്ന് അവർ പറഞ്ഞൊ?

വൈ—ഇല്ല പറഞ്ഞില്ല

സൂപ്ര—മതി. ഇപ്പോൾ മതിയാക്കാം. നിങ്ങൾ പോകുക.

## പന്ത്രണ്ടാമദ്ധ്യായം

നരഹരവൈദ്യനെ അയച്ചശേഷം ഡിസ്ത്രിക്ട് സൂപ്ര ണ്ടും ഇൻസ്പെക്ടർമാരും ഒരുമിച്ചിരുന്ന് ഒരു കൂടി ആലോചന കഴിച്ചു. അതിൻെറ ഫലം മുളകുപറമ്പിയെ ഒരിക്കൽ കൂടി വിളിക്കുക എന്നുള്ളതായിരുന്നു.

സൂപ്ര.—സൂതികർമ്മിണി! മരിച്ചുപോയ സ്ത്രീ ആ ഉറക്കമരുന്നു കുടിക്കാൻ വിസമ്മതം ഭാവിച്ചില്ലെന്നു തന്നെയാണൊ നിങ്ങൾ വീണ്ടും പറയുന്നതു്?

ആയ—അവർ യാതൊരു മനസ്സുകേടും ഭാവിച്ചില്ല. സമ്മതമില്ലെങ്കിൽ കുടിക്കുമായിരുന്നൊ? അവർ കുഞ്ഞും മറ്റും അല്ലായിരുന്നല്ലൊ. വിസമ്മതം ഭാവിച്ചില്ലെന്നു തന്നെയല്ല, വേണമെന്നു നിർബന്ധിക്കുകകൂടി ചെയ്തു. കഞ്ഞി കുടിച്ചുകഴിഞ്ഞയുടനെ മരുന്നുകൂടി വേണമെന്നു പറഞ്ഞു. ആഹാരത്തിൻെറ മീതെ ആ മരുന്നു കുടിച്ചുകൂടെന്നു ഞാൻ നിർബന്ധിച്ചതുകൊണ്ടു് അല്പം താമസിക്കുകയായിരുന്നു.

സൂപ്ര—മരുന്നു കുടിക്കരുതെന്നുപദേശിച്ചിരുന്നതായി നരഹരവൈദ്യൻ പറയുന്നു. യാതൊരു വിസമ്മതവും ഭാവിച്ചില്ലെന്നു നിങ്ങളും പറയുന്നു.

അയ—പുസ്തകം എടുത്തു സത്യം ചെയ്യുംവെച്ചല്ലേ ഞാൻ പറയുന്നതു്? വേണമെങ്കിൽ ഇരുപതു തവണ ആണയിട്ടു പറയാം. നിന്തിരുവടികളം അങ്ങത്തമാർക്കും ഞാൻ പറയുന്നതു വിശ്വാസമില്ലെങ്കിൽ ആ ലക്ഷ്മിഅമ്മയെ വരുത്തി ചോദിക്കരുതതൊ? ഒമ്പതു മണി മുതൽ ദീനക്കാരി കഞ്ഞി കുടിച്ചതുവരെ അവർ മുറിയിൽ തന്നെ ഉണ്ടായിരുന്നു. നടന്ന സംഗതികളെല്ലാം അവരും അറിഞ്ഞിട്ടുള്ളതാണു്. പക്ഷെ അധികമൊന്നും അവരെക്കൊണ്ടു പറയിക്കാമെന്നു തോന്നുന്നില്ല. ഇങ്ങോട്ടു വിളിച്ചെങ്കിലൊ എന്നു വിചാരിച്ചു കിടുകിട വിറച്ചുകൊണ്ടു് അവർ ഇതാ അങ്ങേ മുറിയിൽ കുത്തിയിരിക്കുന്നു. ഇതു വലിയ കച്ചേരിയല്ലെ. അവരുടെ ഈ ജന്മത്തിൽ ഇതേവരെ അവർ കേറീട്ടില്ല പോലും. കേസെന്നു കേൾക്കുന്നതു് അവർക്കു വലിയ ഭയമാണു്. കൊള്ളാവുന്ന യജമാനന്മാരുടെ മുമ്പിൽ വന്നു നിന്നു പരസ്യമായി വർത്തമാനം പറയുന്നതിനു് അവർക്കു നാണമാണു്.

സൂപ്ര—സംബന്ധമില്ലാത്ത കാര്യങ്ങൾ ബോധിപ്പിക്കരുതെന്നു നിങ്ങളോടു ഞാൻ മുമ്പു തന്നെ പറഞ്ഞില്ലെ? ഇരിക്കട്ടെ നിങ്ങൾ പൊയ്ക്കൊൾക. ലക്ഷ്മിഅമ്മയെ വിളിച്ചുവരുത്തി അവരോടു ചോദിച്ചുനോക്കട്ടെ.

സൂതികർമ്മിണി പുറത്തേക്കു പോയി. ഒരു ശിപായി ചെന്നു ലക്ഷ്മിഅമ്മയെ വിളിച്ചു. ആ പാവം വിറച്ചു വിറച്ചു് എഴുന്നേററു. തൂക്കാൻ കൊണ്ടുപോകുകയാണെന്നായിരുന്നു അവരുടെ ഭയം. ആരെല്ലാമൊ എന്തൊക്കെയൊ സമാധാനം പറഞ്ഞിട്ടും ആ ഭീതി അവരുടെ മനസ്സിൽ നിന്നു നീങ്ങിയില്ല. കച്ചേരി എന്നതു തൂക്കു സ്ഥലം ആണെന്നാണു് ആ സാധുവിൻെറ ബോധം. സാക്ഷിക്കൂട് നിശ്ചയമായി കഴുകുമരംതന്നെ എന്നും അവർ വിശ്വസിച്ചിരിക്കു

കയായിരുന്നു. ഏതായാലും അവരെ സൂപ്രണ്ടവർകളുടെ മുമ്പിൽ ഹാജരാക്കി സത്യം ചെയ്യുക മുതലായ പ്രാരംഭ നടപടികളും വളരെ പണിപ്പെട്ടു് അവരെക്കൊണ്ടു നടത്തിച്ചു.

സൂപ്ര—അമ്മാ, നിങ്ങളുടെ പേരെന്താണു്?

ലക്ഷ്മി—ബഹുമാനപ്പെട്ട യജമാനന്മാരെ, അയ്യൊ എന്നെകൊല്ലരുതെ, ഞാൻ വെറും പാവമാണെ. ഒരുഅന്യായവും ഞാൻ ഇതുവരെ ചെയ്തിട്ടില്ല. എന്നെ അങ്ങുന്നന്മാർ രക്ഷിക്കണെ.

സൂപ്ര—നിങ്ങൾ ഇങ്ങനെ ഒന്നും ഭയപ്പെട്ടിട്ടാവശ്യമില്ല. നിങ്ങളെ ആരും ഒന്നും ഉപദ്രവിക്കുകയുമില്ല. ചില കാര്യങ്ങൾ നിങ്ങളോടു ചോദിക്കാനുണ്ടു്. അറിയാവുന്നിടത്തോളം സത്യം പറഞ്ഞുംവച്ചു നിങ്ങൾ പൊയ്ക്കൊള്ളുക. ആദ്യം തന്നെ നിങ്ങളുടെ പേരെന്തെന്നു പറയുക.

ലക്ഷ്മി— എന്നാണു് പേരു്. എന്നെ രക്ഷിക്കണെ.

സൂപ്ര— പറഞ്ഞില്ലെ, ഭയപ്പെടാതിരിക്കാൻ? പിന്നെയും അസംബന്ധം പറയുന്നതെന്തിനു്? നിങ്ങളെ ഇവിടെ ആരും വിഴുങ്ങികളയുകയില്ല. ചോദിക്കുന്നതിനു് ഉത്തരം ശരിയായി പറഞ്ഞാൽ മതി. ഭയപ്പെട്ടിട്ടു കാര്യമില്ല. ആരെങ്കിലും നിങ്ങളെ ഉപദ്രവിക്കാൻ വരുന്നൊ?

ലക്ഷ്മി—ഞാൻ യാതൊരുവിഴ്ച്ചയും ചെയ്യാതിരുന്നിട്ടുംഎന്നെ ഈ ത്രുക്കമരത്തിൽകയററിയില്ലെ? ഇതിനേക്കാൾ വല്ലിയ ഒരു കുററത്തിൽ എൻെറ കുടുംബത്തേക്കു വരാനുണ്ടോ?

സൂപ്ര—ഉത്തരം ശരിയായി ഉടൻ പറഞ്ഞില്ലെങ്കിൽ കുററിലിനു് ഇടവരും. നല്ലവണ്ണം ഓർമ്മിച്ചുകൊൾക. വയസ്സെത്രയായി?

ലക്ഷ്മി—കോടതിയിൽനിന്നു് ഇങ്ങനെയെല്ലാം ചോദിക്കുന്നതു് സങ്കടമാണു്. എൻെറ പ്രായംഇവിടെ എന്തിനാണറിയുന്നതു്?

സൂപ്ര—ഹേയ്. ഇതു് ഉപദ്രവമായല്ലോ. വയസ്സ് എത്രയെന്നു വേഗം പറയുക. ചോദ്യങ്ങൾക്ക് ഉത്തരം പറയുകയാണ് നിങ്ങളുടെ ഇവിടത്തെ ജോലി.

ലക്ഷ്മിഅമ്മ നിലവിളിച്ചുതുടങ്ങി.

സൂപ്ര—നിങ്ങൾ വൃഥാ എന്തിനു സങ്കടപ്പെടുന്നു? വയസ്സ് എത്രയായി എന്നു പറയുന്നതു് ഇത്ര വളരെ ആക്ഷേപമുള്ള കാര്യമാണോ?

ലക്ഷ്മി—പിന്നെ! കച്ചേരിയിൽനിന്നു് ഇങ്ങനെയെല്ലാം ഉത്തരവായി നിർബന്ധിക്കുന്നതു സങ്കടമല്ലേ? എൻെറവയസ്സ് അത്ര അധികമൊന്നുംആയിട്ടില്ല. നാൽപ്പത്തഞ്ചോനാൽപ്പത്തിരണ്ടോ ആയിക്കാണുമായിരിക്കും. നാൽപ്പത്തിരണ്ടെന്നു മതി.

ലക്ഷ്മിഅമ്മയുടെ നരയും ജരയും കണ്ടിട്ടു സൂപ്രണ്ടിനു് അത്ഭുതം തോന്നുകയാൽ അദ്ദേഹം വീണ്ടും അതിനെപ്പററി ഇങ്ങനെ പറഞ്ഞു.

സൂപ്ര— നാൽപ്പത്തിരണ്ടെന്നു തന്നെ എഴുതട്ടോ? സത്യം തന്നെയല്ലോ പറഞ്ഞിട്ടുള്ളതു്? ഇതു് ഒരു ന്യായസഭയാണെന്നുള്ളതു് ഓർമ്മയുണ്ടല്ലോ. നിങ്ങൾ ഭാഗവതപുരാണം തൊട്ടു സത്യം ചെയ്തിരിക്കുകയുമാണ്. കള്ളസാക്ഷി പറഞ്ഞു എന്നു തെളിഞ്ഞാൽ നിങ്ങളുടെ മേൽ വേറേ കേസുണ്ടാകും. അങ്ങിനെ ഒന്നും ഉണ്ടാക്കിവെയ്ക്കാതിരിക്കുകയാണു നല്ലതു്.

ലക്ഷ്മിഅമ്മ അത്യന്തം ഭയപ്പെട്ടു നിലവിളിച്ചു. അവൾക്കു പെട്ടെന്നു ബോധക്ഷയവും ഉണ്ടായി. അങ്ങിനെ സ്വല്പസമയം കിടന്നശേഷം വീണ്ടും എഴുന്നേററു.

സൂപ്ര—വയസ്സിൻെറ കാര്യം തീർച്ചയായി പറഞ്ഞില്ലല്ലോ. എത്രയെന്നാണു പറഞ്ഞതു്? ക്ലിപ്തമായി പറയുക.

ലക്ഷ്മി—അതു പറഞ്ഞേ കഴിയുവോ?

സൂപ്ര—നിശ്ചയമായി പറയണം. പറയാതിരിക്കാൻ പാടില്ല. ഇതാ, ഞാൻ അവസാനമായി വീണ്ടും പറയുന്നു. കച്ചേരിയുടെ സമയം ഇങ്ങനെ വൃഥാ കളയുന്നതു ന്യായമല്ല. വയസ്സെത്രയെന്നു വേഗം പറയുക.

ലക്ഷ്മി—അമ്പത്താറായി. സത്യം പറയണമെന്നു വന്നാൽപിന്നെ എന്തു ചെയ്യാം.

സൂപ്ര—നിങ്ങളുടെ വീട്ടിൽ വന്നു പാർത്തിരുന്ന ആ യുവതിയെപ്പററി നിങ്ങൾക്കു് എന്തറിയാം?

ലക്ഷ്മി—അവരെപ്പററി എനിക്കു് അധികമൊന്നും അറിഞ്ഞുകൂടാ. അവരുടെ വിരലിൽ പരിഷ്ക്കാരമട്ടിൽ ഉള്ളഒരു മോതിരം കിടന്നിരുന്നു.

സൂപ്ര—അക്കാര്യം ഇവിടെ അറിയേണ്ടതില്ല. അവർ എവിടെ നിന്നു വന്നു എന്നോ എന്തിനായി ഇവിടെ വന്നു എന്നോ അവരുടെ ബന്ധുക്കൾ ആരെല്ലാമെന്നോ നിങ്ങൾക്കറിയാമോ?

ലക്ഷ്മി—അമ്മിണിഅമ്മാൾപറഞ്ഞിട്ടാണു് എന്റെ വീട്ടിൽ വന്നതെന്നും ഭർത്താവു ദൂരെ എവിടെയോ പോയിരിക്കുകയാണെന്നും മാത്രമേ എന്നോടു പറഞ്ഞിരുന്നുള്ളു.

സൂപ്ര—ഭർത്താവു് ഏതു ദിക്കിലാണെന്നും ആ ആൾക്കു ജോലി എന്തെന്നും പറഞ്ഞില്ലേ?

ലക്ഷ്മി—ഇല്ല.

സൂപ്ര—അധിക കാലം ഈ ദിക്കിൽ താമസിക്കാൻ ഉദ്ദേശമുള്ളതായി പറഞ്ഞോ?

ലക്ഷ്മി—പ്രസവം എന്റെ വീട്ടിൽവച്ചു കഴിയുന്നമെന്നും.അതിനു് ഒന്നു രണ്ടു മാസം താമസംഉണ്ടാകാതിരിക്കയില്ലെന്നും ആണു് ആ കാര്യത്തെപ്പററി പറഞ്ഞതു്. ഈ സ്ഥലത്തുള്ള വൈദ്യന്മാർ ആരെല്ലാമെന്നു് അവർ ചോദി

ച്ചപ്പോൾ അനുകൂലവൈദ്യന്റെയും അനാമയ വൈദ്യ ന്റെയും പേരുകൾ ഞാൻ പറഞ്ഞിട്ട് അവരെക്കൂടാതെ വേറെ ആരാണുള്ളതെന്നു ചോദിച്ചു. നരഹര വൈദ്യൻ എന്ന പുതിയ ഒരു ആൽ ഉണ്ടെന്നു ഞാൻ പറഞ്ഞപ്പോൾ ആ വൈദ്യനെയാണ് അവക്കു വേണ്ടതെന്ന് അവർ താല്പ ര്യപ്പെട്ടു.

സൂപ്ര—ആ വൈദ്യനെ ആവശ്യപ്പെട്ടതിലേയ്ക്കു വല്ല പ്രത്യേക കാരണം പറയുകയുണ്ടായോ?

ല—അനുകൂലവൈദ്യനേയും അനാമയ വൈദ്യനേയും അവർക്ക് അത്രതന്നെ ബഹുമാനം ഇല്ലെന്നും അവർ അത്ര വളരെ മിടുക്കന്മാരല്ലെന്നാണ് കേട്ടിട്ടുള്ളതെന്നും നരഹര വൈദ്യന്റെ സാമർത്ഥ്യത്തെപ്പററി ആരോ അവരോടു വളരെയൊക്കെ പറഞ്ഞിരുന്നു എന്നും ആണ് കാരണം പറഞ്ഞതു്. അദ്ദേഹത്തിന്റെ സാററ്വണ്ടിയാണ് വാസ്തവത്തിൽ ആ സ്ത്രീയെ ഭ്രമിപ്പിച്ചതെന്ന് എനിക്കു തോന്നുന്നു.

സൂപ്ര—അതെന്തു്?

ലക്ഷ്മി—അനുകൂല വൈദ്യനും അനാമയനും ഒതു ങ്ങിയ മട്ടുകാരാണെന്നും, നരഹര വൈദ്യൻ വലിയ മോടി ക്കാരനാണെന്നും, അദ്ദേഹം കുതിരസാററിലാണ് സവാരി ചെയ്യുന്നതെന്നും ഞാൻ പറഞ്ഞുപോയി. അദ്ദേഹത്തിന്റെ ഈ പ്രതാപം തന്നേയാണ് സ്നേഹലതാമ്മയെ ഇളക്കിയ തെന്ന് എനിക്കു തോന്നുന്നു. അവർ ഒരെഴുത്തെഴുതി നര ഹര വൈദ്യന്റെ അടുക്കൽ കൊടുത്തയച്ചു. എന്നാൽ വൈദ്യൻ വീട്ടിലില്ലെന്ന് എഴുത്തു കൊണ്ടുപോയ ആൾ മടങ്ങിവന്നു പറഞ്ഞപ്പോൾ ആ പാവം നിലവിളിക്കുക യാണ് ചെയ്തതു്.

സൂപ്ര—നിലവിളിച്ചു എന്നോ? വാസ്തവമായിട്ടു്?

ലക്ഷ്മി—അതേ, അതേ, നിലവിളിക്കുകതന്നെയായിരുന്നു. നരഹര വൈദ്യൻെറ പേർക്ക് എഴുതി അയച്ചു പോയതുകൊണ്ടു് അദ്ദേഹത്തിനു ഫീസ്സ് കൊടുക്കേണ്ടിവരുമെന്നും വേറൊരാളെ വരുത്തുന്നപക്ഷം ആ ആൾക്കും പടി കൊടുക്കാതിരിക്കാൻ പാടില്ലെന്നും ഇങ്ങനെ രണ്ടുപേർക്കും ഫീസ്സ് കൊടുക്കുന്നതു് അന്യായമാണെന്നും അവർ പറഞ്ഞു. ഒരാൾ വന്നാൽ മതിയെന്നും ഫീസ്സ് ആ ആൾക്ക് മാത്രമേ കൊടുക്കേണ്ടിവരു എന്നും ഞാൻ പറഞ്ഞു. പിന്നീടാണ് മറെറ വൈദ്യന്മാരിൽ ഒരാളെ വരുത്താൻ അവർ സമ്മതിച്ചതു്. അദ്ദേഹത്തിൻെറ ചികിൽസ നടന്നുകൊണ്ടിരുന്നപ്പോൾ അവർ അദ്ദേഹത്തെപ്പററി വളരെ തൃപ്തിയും സന്തോഷവും ഭാവിച്ചു. അവരുടെ പക്കൽ പണം ഇല്ലായിരുന്നു എന്നുള്ളതാണ് ഉള്ളതിലേക്കും അത്ഭുതം!

സൂപ്ര—ഇല്ലായിരുന്നു എന്നു നിങ്ങൾക്ക് എങ്ങനെ അറിയാം.

ലക്ഷ്മി—എന്തുകൊണ്ടെന്നാൽ പണം ഒന്നും കണ്ടില്ല. അവരുടെ പക്കൽ പതിന്നാലര രൂപാ മാത്രമേ ഉണ്ടായിരുന്നുള്ളു. പോലീസുകാർ ഇത്രയുമേ എടുത്തിട്ടുള്ളു. ആ സ്ഥിതിക്കു വൈദ്യന്മാരുടെയും എൻെറയും ആയയുടെയും ചെലവുകൾ അവർ എങ്ങിനെ നടത്താൻ നിശ്ചയിച്ചിരുന്നു എന്നുള്ളതു് അവർക്കു മാത്രമേ അറിയുമായിരുന്നുള്ളു.

സൂപ്ര—അനാമയ വൈദ്യൻ കൊടുത്തയച്ചമരുന്നിൽ വിഷം കലർന്നിരുന്നതിനു നിങ്ങൾക്കു വല്ല കാരണവും അറിയാമോ? നിങ്ങളുടെ വീട്ടിൽവച്ചായിരിക്കുമോ വിഷം അതിൽ ചേർന്നതു്?

ലക്ഷ്മിഅമ്മ പരിഭ്രമിച്ചു കരഞ്ഞുതുടങ്ങി.

ലക്ഷ്മി—അയ്യോ, എന്റെ യജമാനനേ, ഞാൻ അതിൽവിഷം കൊണ്ടുചെന്നിട്ടു എന്നാണോ ഈ ചോദ്യത്തിന്റെ അൎത്ഥം?

സൂപ്ര—അതല്ല. നിങ്ങളുടെ വീട്ടിൽവച്ചു വല്ലവരും അങ്ങിനെ ചെയ്തിരിക്കാൻ ഇടയുണ്ടെന്നു നിങ്ങൾക്കു തോന്നുന്നോ? വല്ലവരേയും നിങ്ങൾക്കു സംശയമുണ്ടോ?

ലക്ഷ്മി—ഞാനും അയ്യയുംകൂടി ആ സ്ത്രീക്കു വിഷം കൊടുത്തു എന്നു വരുത്തിക്കൂട്ടാൻ യജമാനന്മാർ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ അതിനു് ഇത്രവളരെ വളപ്പു്ഒന്നും വേണ്ടല്ലോ. ഞങ്ങളെ വേഗം തൂക്കിലിട്ടുകളഞ്ഞാൽ പോരേ. ഞങ്ങൾ ആ കുപ്പി തൊട്ടിട്ടേ ഇല്ല. വീട്ടിൽ ഒരു താടിക്കാരൻ ഒളിച്ചിരുന്നതായി നരഹരവൈദ്യൻ ഞങ്ങളെ അറിയിച്ചിരുന്നതു കുറമല്ലല്ലോ.

സൂപ്ര—എന്തു്, അതെപ്പോൾ ആയിരുന്നു?

ലക്ഷ്മി—മരണം നടന്ന ദിവസം രാത്രിയിൽ ആയിരുന്നു. മരുന്നു വന്നുചേർന്നപ്പോൾ അദ്ദേഹം അവിടെ ഉണ്ടായിരുന്നു. പോകാനായി അദ്ദേഹംമുറിയിൽനിന്നിറങ്ങിയതു് അറിഞ്ഞുകൊണ്ടു കതകു തുറന്നു കൊടുക്കാനായി ഞാൻ ഓടിച്ചെന്നപ്പോൾ "ഇവിടെ ഒരാൾ ഒളിച്ചിരിക്കുന്നതു് ആരാണു്" എന്നു് അദ്ദേഹം എന്നോടു ചോദിച്ചു. "ആളോ" എന്നു ഞാൻ ചോദിച്ചു. "അതേ. ഒരാളെ മറയ്ക്കപ്പുറത്തായി കണ്ടതുപോലെതോന്നി" എന്നു് അദ്ദേഹം പറഞ്ഞു. "ഞങ്ങൾക്കു് ഇവിടെ താടിക്കാരാരും ഇല്ല" എന്നു ഞാൻ പറഞ്ഞു. "എന്നാൽ എനിക്കു വെറുതേ തോന്നിയതായിരിക്കാം. അതേ. അങ്ങനെതന്നെ. സംശയമില്ല. വല്ല തെമ്മാടികളും അകത്തു കടക്കാതിരിക്കട്ടെ എന്നു കരുതി ഞാൻ പറയുകയായിരുന്നു" എന്നു് അദ്ദേഹം ഒഴിഞ്ഞുപറഞ്ഞുകളഞ്ഞു. കൊള്ളാവുന്ന യജമാനന്മാർ പറയുക. മാന

മര്യാദയോടുകൂടി പാർക്കുന്ന ഞങ്ങൾ രണ്ടു പെണ്ണുങ്ങളോട് അദ്ദേഹം ഇങ്ങനെ അസഭ്യം പറഞ്ഞതു യോഗ്യതയായോ? ആയയും ഞാനും ഒരാളേയും ആവശ്യപ്പെട്ടിരുന്നില്ലെന്നു ഞങ്ങൾ രണ്ടുപേരും അന്യോന്യം തെളിയിച്ചുതരാം. സത്യം ചെയ്യാം. അദ്ദേഹം ഇങ്ങനെ ശങ്കിച്ചതു് ഒട്ടും മര്യാദയായില്ല.

അനന്തരം വേറെ ചില ചോദ്യങ്ങൾകൂടി ചോദിച്ചു് ഉത്തരം വാങ്ങിച്ചുകൊണ്ടു ലക്ഷ്മിയമ്മയെ പുറത്തേക്കയച്ചു. അവർ അടുത്ത മുറിയിൽ ചെന്നു ബോധംകെട്ടു വീണു.

നരഹരവൈദ്യനെ ഒന്നുകൂടി വിളിച്ചുവരുത്താൻ സൂപ്രണ്ടു് ആവശ്യപ്പെട്ടു. എന്നാൽ വൈദ്യൻ പൊയ്ക്കഴിഞ്ഞിരുന്നു. ഇതു കേസ്സിൻെറ നടപടിയിൽ അല്പം താമസം നേരിടുവിച്ചു.

വൈദ്യനെ വിളിച്ചുകൊണ്ടുവരുവാൻ ഒരാളെ അയച്ചു. അയാൾ ചെന്നപ്പോൾ വൈദ്യൻ ഒരു ദീനക്കാരനോടു സംസാരിച്ചുകൊണ്ടു വീട്ടിൽ തന്നെ ഇരുന്നിരുന്നു.

നര—എന്തിനായിട്ടാണു് എന്നെ രണ്ടാമതും വിളിക്കുന്നതു്?

ആൾ—എന്തോ എനിക്കു് അറിഞ്ഞുകൂടാ. അങ്ങേ കൂട്ടിക്കൊണ്ടു ചെല്ലാൻ സൂപ്രണ്ടങ്ങുന്നു് ഉത്തരവായി.

വൈദ്യൻ വേഗത്തിൽ രോഗിയെ യാത്രയാക്കിയും വെച്ചു സൂപ്രണ്ടിൻെറ മുമ്പിൽ എത്തി.

സൂപ്ര—നരഹരവൈദ്യൻ, നിങ്ങൾ ഇത്ര അറിവില്ലാത്ത മനുഷ്യനാണോ? വിചാരണ മുഴുവനും തീരുന്നതിനു മുമ്പു സാക്ഷികൾ പൊയ്ക്കളയുന്നതു ന്യായമല്ലല്ലോ. ഒരാളെത്തന്നെ പലതവണ വിസ്തരിക്കേണ്ടതായി വന്നേക്കാം.

നര—ഞാൻ മാപ്പു ചോദിച്ചു കൊള്ളുന്നു. പോകരുതെന്നു ഞാൻ അറിഞ്ഞിരുന്നില്ല. വീണ്ടും വിളിച്ചേക്കുമെന്നു ഞാൻ ഊഹിച്ചുമില്ല.

സൂപ്ര—ഹേ! വൈദ്യൻ, കൊലപാതകം അല്ലെങ്കിൽ മരണം നടന്ന രാത്രിയിൽ നിങ്ങൾ ഏതോ ഒരാളെ ആ വീട്ടിൽ മറയുടെ പിന്നിലായി കണ്ടു എന്നും മറ്റുമുള്ള കഥ എന്താണു്?

നരഹരവൈദ്യൻെറ മുഖം അല്പം ചുവന്നു. തൻെറ മൌഢ്യവിചാരം കോടതിയിൽ നിന്നു വെളിക്കാക്കാൻ ആരംഭിക്കയാണോ എന്നായിരുന്നു അയാളുടെ ലജ്ജ.

നര—ഞാൻ ആളെക്കണ്ടു എന്നു് ആരു പറയുന്നു?

സൂപ്ര—എൻെറ ചോദ്യത്തിനുത്തരം അതല്ല നിങ്ങൾ വല്ലവരേയും കണ്ടോ എന്നാണു ഞാൻ ചോദിച്ചതു്.

നര—ഇല്ല, ഞാൻ കണ്ടില്ല.

സൂപ്ര—നിങ്ങൾ കണ്ടു എന്നോ, കണ്ടതായി നിങ്ങൾക്കു തോന്നിയെന്നോ, നിങ്ങൾ പറഞ്ഞു എന്നോ ലക്ഷ്മി അമ്മഇവിടെ ബോധിപ്പിച്ചിരിക്കുന്നു.

നര—അതിൻെറ വാസ്തവം ഇങ്ങനെയാണു്. ഞാൻ ദീനക്കാരിയുടെ മുറിയിൽ നിന്നു പുറത്തേക്കിറങ്ങിയപ്പോൾ അവിടെ ചന്ദ്രിക ഒരുവിധം നല്ലവണ്ണം ഉണ്ടായിരുന്നു. ഒരാൾ മതിലിൽ ചാരി നിന്നിരുന്നതുപോലെ എനിക്കു തോന്നി. മുഖമാണു ഞാൻ പ്രത്യേകം കണ്ടതു്.

സൂപ്ര—എങ്ങിനെയുള്ള മുഖം ആയിരുന്നു? പുരുഷൻെറയോ സ്ത്രീയുടെയോ?

നര—പുരുഷൻെറ മുഖം എന്നുള്ളതിനു തർക്കമില്ല. ഒരു വിളറിയ മുഖമായിട്ടാണു കണ്ടതു്. മീശയും ഉണ്ടായി

രുന്നു. അതു വെറും ഭ്രമമായിരുന്നു എന്നാണ് എൻെറ ഇപ്പോഴത്തെ വിശ്വാസം. പെട്ടെന്ന് അങ്ങനെ തോന്നിയതേയുള്ളു. നിലാവിൽ ഇങ്ങനെയുള്ള തോന്നലുകൾ പലർക്കും ഉണ്ടാകാറുണ്ടല്ലോ. ഞാൻ വിളക്കെടുത്തു പോയി നോക്കിയതിൽ ആരേയും കണ്ടില്ല. എനിക്കു വൃഥാ ഇങ്ങനെ തോന്നിയതാണെന്നു ഞാൻ ഉടൻ തന്നെ തീർച്ചയാക്കി. എങ്കിലും അവിടെയാരാണ് ഒളിച്ചിരിക്കുന്നതെന്നു ലക്ഷ്മിഅമ്മയോടു ചോദിക്കാതിരുന്നില്ല എന്നുള്ളതു വാസ്തവം തന്നെ. "ആരും ഒളിച്ചിരിക്കുന്നില്ലെന്നു" അവർ മറുപടി പറഞ്ഞു. ഞാൻ ഇങ്ങനെ ചോദിച്ചതിനെപ്പററി അവർ വളരെ കോപിക്കുകയും ചെയ്തു. ആൾ ഒളിച്ചിരുന്നു എന്നുള്ളതു വാസ്തവമാണെങ്കിൽ പല ശങ്കകൾക്കും അതു കാരണമായിത്തീരുമെന്നുള്ളതിനു സംശയമില്ലല്ലോ. മരുന്ന് അതിനു സമീപമല്ലേ ഇരുന്നിരുന്നതു്. അവിടെ ആൾ ഉണ്ടായിരുന്നെങ്കിൽ ആ ആൾക്ക് അതു എടുക്കാൻ വിഷമമില്ലായിരുന്നു. മററുപുറത്തു നടക്കുന്ന സംഗതി ദീനക്കാരി അറിയാൻ മാർഗ്ഗമുണ്ടായിരുന്നില്ല. സ്ത്രീകൾ രണ്ടുപേരും അടുക്കളയിലും ആയിരുന്നു. കുപ്പിയുടെ അടപ്പ് ഊരിയും വെച്ച് അതിൽ ഏതാനും തുള്ളി വിഷം ഒഴിക്കുന്നതിന് ഒരു പ്രയാസവുമില്ലല്ലോ. ആ ഒളിച്ചിരുന്ന ആൾക്ക് ഇങ്ങനെ പ്രവർത്തിക്കാൻ ഇച്ഛയുണ്ടായിരുന്നെങ്കിൽ ഇതു് ഏററവും എളുപ്പത്തിൽ നടക്കത്തക്ക കാര്യമായിരുന്നു എന്നാണ് ഞാൻ പറയുന്നതു്.

സൂപ്ര--നിങ്ങൾക്കു നിശ്ചയമായി പറയാൻ പാടില്ലേ?

നര—ഓഹോ, നിശ്ചയമാണല്ലോ. മുഖം കണ്ടു എന്നു് എനിക്കു തോന്നിയതു വെറും ഭ്രമമായിരുന്നു എന്നുള്ളതിനു സംശയമൊന്നുമില്ല. വിളക്കുമായി നിന്നു ഞാൻ ഇരുട്ടിലേക്ക്

ഇറങ്ങുകയായിരുന്നല്ലോ. നിലാവുവെളിച്ചം കുറേ ഉണ്ടായിരുന്നതു വാസ്തവം തന്നെ.

സൂപ്ര—ആയയും ലക്ഷ്മി അമ്മയും പറഞ്ഞതു ദീനക്കാരിയുടെ മുറിയിൽ വിളക്കില്ലായിരുന്നു എന്നാണല്ലോ.

നര—ഓഹോ, അവർ അങ്ങിനെ പറഞ്ഞിട്ടുണ്ടോ? എന്നാൽ അതു ശരിതന്നെ. ഞാൻ മറന്നു പോയതാണ്. ശരിതന്നെ. എനിക്കിപ്പോൾ ഓർമ്മവരുന്നു. ഞാൻ വിളക്കെടുത്തു കൊണ്ടു പോയതു ദീനക്കാരിയുടെ മുറിയിൽ നിന്നല്ലായിരുന്നു.

സൂപ്ര—ഈ സംഗി നിങ്ങൾ മുമ്പു പറയാതിരുന്നതെന്തുകൊണ്ടാണ്?

നര—ഏതു സംഗതി? അവിടെ ഒരു മുഖം കണ്ടതായി എനിക്കു തോന്നിയെന്നും അതു വെറും തെറ്റായ ഒരു തോന്നൽ മാത്രം ആയിരുന്നു എന്നും ഉള്ള കാര്യമാണോ? കേസിനെ സംബന്ധിക്കുന്ന ഏതു സംഗതിയും പറയാൻ ഞാൻ തയാറാണ്. എന്നാൽ ഈ കാര്യം പുറത്തു പറഞ്ഞിരുന്നെങ്കിൽ എന്നെ എല്ലാവരും പരിഹസിക്കുമെന്നാണ് എനിക്കു തോന്നിയതു്.

സൂപ്ര—ഓഹോ, ഈ കാര്യയെപ്പററി നിങ്ങൾ യാതൊരു വിലയും വെക്കുന്നില്ലേ.

നര—ഞാൻ അതു് ഒട്ടും തന്നെ വിലയുള്ളതായി വിചാരിക്കുന്നില്ല. വാസ്തവത്തിൽ അതു് എൻെറ തെററായ ഭ്രമമാണെന്നാണ് എൻെറ ബോധം.

സൂപ്ര—ശരി. ഇപ്പോൾ ഇത്രയും മതി. നിങ്ങൾക്കു പോകാം.

പിന്നീടു വേറെ ഒന്നുരണ്ടു പേരേക്കൂടി വിസ്തരിച്ചു. ഇവരുടെ മൊഴികളിൽ വിശേഷവിധിയായി ഒന്നും ഉണ്ടാ-

യിരുന്നില്ല. അപ്പോൾ ജീവകാരുണ്യം സ്വയമായി മുമ്പോട്ടേയ്ക്കു മാറി നിന്ന് ഇങ്ങനെ ചോദിച്ചു.

ജീവ—എന്റെ മൊഴി കൂടി വാങ്ങിച്ചാൽ കൊള്ളാമെന്ന് എനിക്ക് അപേക്ഷയുണ്ട്.

സൂപ്ര—കേസിൽ സംബന്ധമുള്ളതാണെങ്കിൽ ആവാം.

ജീവ—അതെ, സംബന്ധമുള്ളതുതന്നെയാണ്. എന്റെ അച്ഛൻ ഗൌരവമുള്ള ഉദാസീനത പ്രദർശിപ്പിച്ചു എന്നു പലരും അദ്ദേഹത്തെ കുറ്റപ്പെടുത്തുന്നതായി എനിക്കറിയാം. ഈ അപവാദത്തെ ഖണ്ഡിക്കുന്നതിനു് ഒരു ഒന്നാന്തരം തെളിവ് ഉണ്ടായിരുന്നതു് ഞാനാണു നശിപ്പിച്ചുകളഞ്ഞതു്. ആ കാര്യത്തെപ്പററിയാണ് എനിക്കു പറയാനുള്ളതു്.

വിഷദ്രാവകം ഇരുന്ന കുപ്പിയിലെ ചിലന്തിവല അറിവില്ലാതെ തുത്തുകളയാൻ ഇടയായതിനെപ്പററി അയാൾ വിവരമായി പറഞ്ഞു കേൾപ്പിച്ചു.

സൂപ്ര—താൻ ഇങ്ങനെ പ്രവൎത്തിച്ചപ്പോൾ തന്റെ അച്ഛനെക്കൂടാതെ വേറെ ആരെങ്കിലും അവിടെ ഉണ്ടായിരുന്നോ?

ജീവ—ഞാൻ പറഞ്ഞുവല്ലോ. എന്റെ വലിയച്ഛൻകൂടി അവിടെ ഉണ്ടായിരുന്നു.

സൂപ്ര—അനുകൂലവൈദ്യനെ വിളിക്കട്ടെ.

അപ്പോൾ സൂപ്രണ്ടവർകൾ തന്റെ ചുററും ഉണ്ടായിരുന്നവരോട്ട് ഇങ്ങനെ പറഞ്ഞു. "അല്ലയോ മാന്യരെ, ഈ മൊഴികൾ സ്വീകരിക്കുന്നതിൽ ഞാൻ ശരിയായ നിയമസിദ്ധാന്തത്തെ കുറെ അതിലംഘിക്കാതിരിക്കുന്നില്ലെന്നു് എനിക്കു് അറിയാം. എന്നാൽ അനാമയവൈദ്യന്റെ മാന്യനിലയും സത്സ്വഭാവവും അറിഞ്ഞിട്ടുള്ളവർ ആരും ആ മനുഷ്യൻ ഇങ്ങനെ ഒരു സാഹസം പ്രവൎത്തിച്ചിരിക്കുമെന്നു ശങ്കിക്കയില്ലെന്നാണ് എന്റെ വിശ്വാസം. ആ

വൈദ്യൻ ഇങ്ങനെ ചെയ്തു എന്ന് ഒരിക്കലും വരികയി ല്ലെന്ന് ആദ്യമുതൽ തന്നെ ഞാൻ തീർച്ചയാക്കീട്ടുള്ളതാണ്. അതുകൊണ്ടു് ഈ ദോഷാരോപണത്തെ ഖണ്ഡിക്കത്തക്ക ഏതു തെളിവും സ്വീകരിക്കാൻ എനിക്ക സന്തോഷമുണ്ട്. വിശേഷിച്ചും ഏതോ ഒരു മുഖം കണ്ടതായി നരഹരവൈ ദ്യൻ പറയുകയുമുണ്ടായല്ലോ. ആ വൈദ്യൻ എന്തുതന്നെ പറഞ്ഞിരുന്നാലും അങ്ങിനെ ഒരു മുഖം അവിടെ കണ്ടു കൂടെന്നില്ലെന്നാണ ഞാൻ ബലമായി വിശ്വസിക്കുന്നതു്. ആ മുഖം മരിച്ചു പോയ സ്ത്രീയുടെ പരമശത്രുക്കളിൽ ആരു ടെയെങ്കിലും ആയിരുന്നിരിക്കാം. ആ ശത്രു തന്റെ ഇരയെ എവിടെവെച്ചെങ്കിലും അപായപ്പെടുത്തണമെന്നു കരുതി ഇവിടെയുംഅവരെ അനുധാവനം ചെയ്തിരിക്കും. ഇങ്ങിനെ ആ ആൾ പതുങ്ങിയിരുന്നു തന്റെ ഉദ്ദേശം സാധിച്ചും വെച്ചു് മാറിക്കളഞ്ഞു, എന്നു വരാവുന്നതാണല്ലോ.

ഒരു ഇൻസ്പെക്ടർ;—അങ്ങുന്നെ, ഒരു കാര്യം പറഞ്ഞു കൊള്ളട്ടെ. മരുന്നു ലക്ഷ്മിഅമ്മയുടെ വീട്ടിൽ എത്തിയ പ്പോൾ തന്നെ അതിൽ വിഷഗന്ധം ഉണ്ടായിരുന്നുഎന്നു നര ഹരവൈദ്യൻ സത്യത്തിന്മേൽ ഇവിടെ ബോധിപ്പിച്ചിട്ടുള്ള സ്ഥിതിക്ക് ഈ സംശയം ഇനിയും വേണോ? ആ ഭാഗം അററു തീർന്നില്ലേ.

സൂപ്ര—വാസ്തവം തന്നെ. എങ്കിലും ഇതിൽ വളരെ കുഴപ്പം കിടക്കുന്നുണ്ട്. അനുകൂലവൈദ്യൻ മുമ്പോട്ടേക്ക മാറിനിൽക്കുക. പാഷാണക്കുപ്പിയുടെ പുറത്തു നിന്നു ജീവകാരുണ്യം ചിലന്തിവല തുടച്ചുകളഞ്ഞപ്പോൾ നിങ്ങൾ അവിടെ ഉണ്ടായിരുന്നോ?

അനു—ഞാൻ അവിടെ ഉണ്ടായിരുന്നു. എന്റെ അനുജൻ ചവിട്ടുപടികൾ കൊണ്ടുവന്നിട്ടു് ആ കുപ്പി താഴ ത്തേക്ക് എടുത്തപ്പോൾ അതിന്റെ അടപ്പുമുതൽ അടി

വരെ പൊടിയും ചിലന്തിവലയും പൊതിഞ്ഞിരുന്നു. ആ കുപ്പി അയിടെ എങ്ങും തൊട്ടിരുന്നില്ലെന്നുള്ളതിലേയ്ക്ക് ഇതു മതിയായ ഒരു തെളിവായിരുന്നു.

സൂപ്ര—ഇതു മരണം നടന്നതിനുപിമ്പായിരുന്നില്ലേ?

അനു—അതെ. അതു മരണം കഴിഞ്ഞശേഷമായിരുന്നു. ശവം കണ്ടുംവച്ചു ഞങ്ങൾ വീട്ടിലെത്തിയിരുന്നപ്പോൾ ആയിരുന്നു. പാഷാണം അയാൾ തൊട്ടിട്ടില്ലെന്നുള്ളതിലേക്ക് അതു ഒരു തെളിവായിത്തീരുമെന്ന് അനുജൻ പറഞ്ഞു. അയാളും ഞാനും കൂടി ഇക്കാര്യത്തെപ്പററി സംസാരിച്ചുകൊണ്ടിരുന്നപ്പോൾ അയാളുടെ മകൻ ജീവകാരുണ്യം തൻെറ പ്രവൃത്തിയുടെ ദോഷഫലം ശങ്കിക്കാതെ ഒരു തുണിയെടുത്ത് ആ കുപ്പിയിലെ പൊടിയും ചിലന്തിവലയും തുടച്ചുകളഞ്ഞു കുപ്പി വൃത്തിയാക്കി. ഉടനെ ആ കാര്യം എനിക്കു മനസ്സിലായി. അവൻെറ പ്രവൃത്തിയുടെ അസത്യത്തെപ്പററി ഞാൻ അവനെ ശാസിച്ചു. അവൻ വളരെ പശ്ചാത്താപപ്പെട്ടുകയുംചെയ്തു. എന്നാൽ പ്രവൃത്തി നടന്നുപോയില്ലേ? പശ്ചാത്താപംകൊണ്ടു കാര്യം നേരെയാവുകയില്ലല്ലോ.

സൂപ്ര—ഇതല്ലാതെ വേറെ പാഷാണക്കുപ്പികൾ അവിടെ ഉണ്ടായിരുന്നില്ലേ?

അനു—ഇല്ലായിരുന്നു.

അനന്തരം സൂപ്രണ്ടു് ഇൻസ്പെക്ടറന്മാരോടായി ഇങ്ങിനെ പറഞ്ഞു. "ഈ മൊഴി സത്യമാണെങ്കിൽ ജീവകാരുണ്യം ഇങ്ങനെ തന്നെ പറഞ്ഞിട്ടുമുണ്ടു്. അനാമയവൈദ്യൻ വിഷം ചേർത്തിട്ടില്ലെന്നുള്ളതിലേക്ക് ഇതിലധികം നല്ല തെളിവ് വേണമെന്നില്ല. ആ ആൾ അങ്ങനെ ചെയ്തിരിക്കയില്ലെന്നു തന്നെയാണ് എൻെറ വിശ്വാസവും."

ഇൻ—അതേ, അങ്ങിനെ തന്നെ. ഈ മൊഴി വാസ്തവമാണെങ്കിൽ,...............

സൂപ്ര—അനുകൂലവൈദ്യൻ സത്യവാനും സദ്വൃത്തനും ആണെന്നും നമുക്കറിയാം. അയാൾ ദൈവസന്നിധിയിൽ സത്യം ചെയ്തു മൊഴി കൊടുക്കുകയുമായിരുന്നു.

സൂപ്രണ്ടു് ഇത്രയും പറഞ്ഞുകഴിഞ്ഞപ്പോൾ വെളിയിൽ ഒരു ബഹളം കേട്ടു. ആളുകൾ കൂട്ടം കൂടുന്നതുപോലെ തോന്നി. അതു് എന്തായിരിക്കുമോ! സൂപ്രണ്ടു നടപടികൾ നിറുത്തി, ബഹളം ശമിക്കട്ടെ എന്നു നിശ്ചയിച്ചു. എന്നാൽ ബഹളം ശമിക്കയല്ലാ ഉണ്ടായതു്; വർദ്ധിക്കുകയായിരുന്നു. അനവധി ജനങ്ങൾ സത്രത്തിലേക്കു് ഇരച്ചു കയറി. വിശേഷ വർത്തമാനം അറിയിക്കുന്നതിനു ഓരോരുത്തരും ബദ്ധപ്പെട്ടു.

ചില കൂടുതൽ തെളിവുകൾ കിട്ടി.

# പതിമൂന്നാം അദ്ധ്യായം

ആളുകൾ ഇറച്ചു കയറിവന്നപ്പോൾ ഉദ്യോഗസ്ഥന്മാരും കാഴ്ചക്കാരും എല്ലാവരും കൌതുകചിത്തരായിത്തീർന്നു. ഇവർ എന്തു വർത്തമാനമായിരിക്കാം കൊണ്ടുവന്നിട്ടുള്ളത്? പുത്തനായി വെളിപ്പെട്ട തെളിവു് എന്തായിരിക്കാം? കലാശം കണ്ടപ്പോൾ അതു് അത്ര വളരെ സാരമായ ഒന്നുമല്ലായിരുന്നു എന്നു ബോധപ്പെട്ടു.

എല്ലാവരും കൂടി ഒരു എഴുത്തുകീറാണു കൊണ്ടുവന്നതു്. മരിച്ചുപോയ സ്നേഹലതാമ്മ അവിടെ ആദ്യം വന്നുചേർന്ന വെള്ളിയാഴ്ച ഉപയോഗിച്ചിരുന്ന കവണിയുടെ കോണിൽ ഒരു കെട്ടു കണ്ടു് ആരോ അഴിച്ചു നോക്കിയപ്പോൾ അതു് ഒരു എഴുതിയ കടലാസു തുണ്ടാണെന്നു മനസ്സിലായി. ഈ മുണ്ടു പ്രസവമുറിയിൽ തന്നെ കിടന്നിരുന്നിട്ടു നരഹരവൈദ്യനും പോലീസുകാരും ഈ കഥ അറിയാതെ പോയതല്ലെ അൽഭുതം. വിഴുപ്പുമുണ്ടു് പരിശോധിച്ചിട്ടാവശ്യമെന്തെന്നു് ഇവർ വിചാരിച്ചിരുന്നിരിക്കാം. കടലാസുതുണ്ടു സൂപ്രണ്ടവർകൾ വാങ്ങിനിവർത്തു് മിനുസമാക്കി ഉറക്കെ വായിച്ചു. അതിൽ ഇപ്രകാരമാണു് എഴുതിയിരുന്നതു്

"13 കോവിൽഭാഗം തെക്കേ വഴിഗ്രാമം. വെള്ളിയാഴ്ച രാത്രി മാർച്ച് 10—
എന്റെ പ്രിയതമനായ ഭർത്താവെ,

എന്റെ യാത്രയേക്കുറിച്ചും ഞാൻ സുഖമായി ഇവിടെ വന്നുചേർന്നതിനെക്കുറിച്ചും കേൾക്കുമ്പോൾ അങ്ങ് ആശ്ചര്യപ്പെടാതിരിക്കയില്ല. അങ്ങ് കോപിക്കുമെന്ന് എനിക്കറിയാം. എന്നാൽ മററു നിർവ്വാഹം ഇല്ലായിരുന്നതുകൊണ്ടു ഞാൻ ഇങ്ങനെ ചെയ്തുപോയതാണ്. തമ്മിൽ കാണുമ്പോൾ കാര്യങ്ങളെല്ലാം വിവരമായി പറഞ്ഞുകൊള്ളാം. ഇവിടെ ഉള്ളവരോടു ഞാൻ ഒരു വൈദ്യനെ ആവശ്യപ്പെട്ടപ്പോൾ അവർ ജ്യേഷ്ഠാനുജന്മാരായ രണ്ടു വൈദ്യന്മാരുടെ പേരുകൾ പറഞ്ഞുതന്നു. എന്നാൽ എനിക്കു നരഹരവൈദ്യനെയാണു വേണ്ടതെന്ന് ഞാൻ പറഞ്ഞു. അങ്ങ് എന്തു പറയുന്നു. ഇന്നു രാത്രിയിൽ അദ്ദേഹം ഇവിടെ വന്ന് എന്നെ കാണണമെന്നു ഞാൻ എഴുതി അയച്ചിട്ടുണ്ട്. ജട്കാവണ്ടിയിലെ സവാരി എനിക്ക് അത്രമാത്രം ഉപദ്രവം ഉണ്ടാക്കീട്ടുണ്ട്. എനിക്കു—"

എഴുത്ത് ഇങ്ങനെ അപൂർണ്ണമായി അവസാനിക്കുകയാണു ചെയ്തിരുന്നത്. ഇതിന്റെ പിന്നാലെ മഷിവീണ ഒരു വലിയ കറപ്പും ഉണ്ടായിരുന്നു. മഷി വീണതുകൊണ്ട് എഴുത്തുമാറി എഴുതിയിരിക്കുമോ അതോ വല്ല തടസ്ഥവും നിമിത്തം എഴുത്തു മുഴുവനാക്കുന്നതിനു് ഇടയായില്ലയോ എന്നെങ്ങനെ നിശ്ചയിക്കാം. അന്വേഷിച്ചറിയാൻ ഇനി മാർഗ്ഗവും ഇല്ലല്ലൊ.

ഈ എഴുത്തു കണ്ടു കിട്ടിയപ്പോഴേക്കു് ആളുകളുടെ ഇടയിൽ വലിയ കലക്കവും ബഹളവും ഉണ്ടായി. എങ്കിലും ഇതുകൊണ്ടു പറയത്തക്ക പ്രയോജനം ഒന്നും ഉണ്ടാകാനില്ലായിരുന്നു. സ്ത്രീ ഏതെന്നോ, എന്തിനായി ഈ

സ്ഥലത്തു വന്നുചേർന്നു എന്നോ, അവർ മരിച്ചതു് എങ്ങനെ ആരുമൂലം എന്നോ ഇതു കൊണ്ടു വെളിവായില്ല. സൂപ്ര ണ്ടു് അൽപ്പനേരം വിചാരഗ്രസ്തനായി ഇരുന്നു. പിന്നീടു അദ്ദേഹം ഇങ്ങനെ പറഞ്ഞു:

സൂപ്ര—നരഹരവൈദ്യനെ വിളിക്കട്ടെ.

വൈദ്യൻ മററു ചിലരുമായി സംസാരിച്ചുകൊണ്ടു മുററത്തു നിൽക്കുന്നുണ്ടായിരുന്നു. ആദ്യത്തെ ശാസനനി മിത്തം അയാൾ മര്യാദക്കാരനായിത്തീർന്നിരുന്നു. ഇനിയും ഒരിക്കൽ കൂടി ശാസിക്കാൻ ഇടയാകരുതെന്നു കരുതി അ യാൾ വീട്ടിലേയ്ക്കു പോകാതെ സമീപത്തുതന്നെ നിൽക്കുന്ന തിനു തീർച്ചപ്പെടുത്തിയിരുന്നു.

ശിപായി—വൈദ്യനങ്ങുന്നേ. അതാ സൂപ്രണ്ടെജമാ നൻ വിളിക്കുന്നു.

നര—എന്നെ വീണ്ടും വിളിക്കുന്നോ? അദ്ദേഹത്തിനു് എന്നെക്കൊണ്ടുള്ള ആവശ്യം തീർന്നില്ലേ?

ശിപാ—എന്തോ പുതിയ ചില കാര്യങ്ങൾ ചോദിച്ച റിയാനുണ്ടായിരിക്കാം. ഇപ്പോൾ ഉണ്ടായ വലിയ ബഹളം അങ്ങു കേട്ടില്ലേ?

നര—എന്തായിരുന്നു അതിനുള്ള കാരണം?

ശിപാ—സംഗതി എന്തെന്നു് എനിക്കു നല്ലവണ്ണം അറി ഞ്ഞുകൂടാ. ആളുകൾ മുറിയിലേയ്ക്കു തള്ളിക്കയറുന്നതേ ഞാൻ കണ്ടുള്ളു.

വൈദ്യൻ സൂപ്രണ്ടിന്റെ മുമ്പിലേയ്ക്കു ചെന്നു.

സൂപ്ര—വൈദ്യൻ, ഇതാ ഇതു നിങ്ങൾ നോക്കുക. ഇതു മരിച്ച ആളുടെ കൈപ്പടയാണോ എന്നു നോക്കുക.

നരഹരവൈദ്യൻ എഴുത്തു വാങ്ങിച്ചുകൊണ്ടു ജനലി ന്റെ അടുക്കലേയ്ക്കു പോയി വെളിയിലേക്കു നോക്കിനിന്നു്

അതു വായിച്ചുനോക്കി. വീണ്ടും ഒരിക്കൽകൂടി വായിച്ചു. തിരിച്ചും മറിച്ചും പലതവണ നോക്കിയശേഷം സൂപ്രണ്ടി ന്റെ മുമ്പിലേക്കു മടങ്ങിവന്നു.

നര—ഇതു മരിച്ചുപോയ സ്ത്രീയുടെ എഴുത്താണോ എന്നു ഞാൻ എങ്ങിനെയാണു പറയുക.

സൂപ്ര—നിങ്ങൾക്ക് അവരുടെ ഒരെഴുത്തു കിട്ടിയി രുന്നില്ലെ? രണ്ടിലേയും കൈപ്പട ഒന്നുപോലെ ഇരിക്കുന്നു ണ്ടോ എന്ന് ഓർമ്മിക്കാൻ വയ്യെ?

നര—ആ എഴുത്തിലെ കൈപ്പട ഞാൻ നല്ലവണ്ണം സൂക്ഷിച്ചിരുന്നില്ല. രണ്ടും ഉണ്ടായിരുന്നെങ്കിൽ ഒത്തുനോ ക്കാമായിരുന്നു. ഞാൻ മുമ്പു വീട്ടിൽ പോയശേഷവും ആ എഴുത്ത് അവിടെയെല്ലാം തിരക്കി. എന്നാൽ കണ്ടു കിട്ടി യില്ല. തീയിൽ ഇട്ടുപോയി എന്നു തന്നെയാണ് തോന്നു ന്നതു്.

ഈ കാര്യം വാസ്തവമാണ്. അയാൾ മുക്കിലും മൂല യിലും ഉടുപ്പിലും പെട്ടിയിലും എല്ലാം തിരഞ്ഞു നോക്കി. എഴുത്തു തീയിലിട്ടോ എന്നു നല്ല നിശ്ചയമില്ലായിരുന്നതു കൊണ്ടു് അയാൾക്ക് അതിനെപ്പററി വലിയ കുണ്ഠി തം ഉണ്ടായിരുന്നു.

സൂപ്ര—കൈപ്പടയെപ്പററി നിങ്ങൾക്കു തീർച്ചപറ യാൻ വയ്യാ, അല്ലെ?

നര—നിശ്ചയിക്കാൻ പാടില്ല. എഴുത്തു രണ്ടും ഏക ദേശം ഒന്നുപോലെയിരിക്കുന്നു എന്നാണ് എന്റെ ഊഹം. എങ്കിലും തീർച്ച പറയുന്നില്ല. സ്ത്രീകളുടെ എഴുത്തു മിക്ക വാറും ഒന്നുപോലെ ഇരിക്കുന്നതായി നാം കണ്ടിട്ടുള്ളതാ ണല്ലൊ.

സൂര്യ—ഇത്ര മാത്രം ഭംഗിയായി സ്ത്രീകൾ എഴുതുന്നതു ഞാൻ കണ്ടിട്ടില്ല. നിങ്ങൾക്കു കാഴ്ചക്കുറവുണ്ടോ? എന്താണ് എഴുത്തു ജനാലിലേയ്ക്കു കൊണ്ടുപോയതു്.

നര—കാഴ്ചക്കുറവുണ്ടായിട്ടല്ല. മഴകൊണ്ട് ഇവിടെ അല്പം ഇരുളടഞ്ഞിരിക്കുകയല്ലേ? നേരം വൈകാറായും ഇരിക്കുന്നു. ഈ എഴുത്ത് ഒരു വില പിടിച്ച പ്രമാണമായിരിക്കുമെന്നും ഞാൻ വിചാരിച്ചു. ബഹളം കൂട്ടുന്നതു് കേട്ടപ്പോൾ കേസ്സിന്റെ തെളിവിലേയ്ക്കു സാരമേറിയ വല്ല തുമ്പും കിട്ടിയിരിക്കുമെന്നായിരുന്നു എന്റെ വിചാരം.

സൂര്യ—ഉള്ളതുതന്നെ. ബഹളം ഞങ്ങളേയും വളരെ ഭ്രമിപ്പിച്ചു എന്നുള്ളതു വാസ്തവം തന്നെ.

വേറെ തെളിവുകൾ ഒന്നും ശേഖരിക്കാനുണ്ടായിരുന്നില്ല. ആളുകൾ എല്ലാവരും പൊയ്ക്കൊള്ളുന്നതിനു പോലീസുകാർ വരുതികൊടുത്തു. ചിരുതയും അവിടെ ഹാജരുണ്ടായിരുന്നു. തന്റെ സ്നേഹബഹുമാനങ്ങൾക്കു സവിശേഷം പാത്രീഭവിച്ചിരുന്ന ആ നാരീരത്നത്തിന്റെ അകാലമരണത്തെ സംബന്ധിച്ച വല്ല തെളിവുകളും വെളിപ്പെടുന്നുണ്ടോ എന്ന് അറിയാൻവേണ്ടിയും തന്റെ മൊഴി ആരെങ്കിലും ആവശ്യപ്പെടുന്നു എങ്കിൽ അതു സന്തോഷപൂർവം കൊടുക്കാനായും ആണ് ചിരുത എത്തിയിരുന്നതു്. എന്നാൽ അവളുടെ മൊഴി ആവശ്യപ്പെടുകയുണ്ടായില്ലല്ലൊ. മരുന്നു സേവിച്ച അവസരത്തിലും ദീനക്കാരിയുടെ പ്രാണൻ പോയ സമയത്തും അവൾ അവിടെ ഇല്ലാതെയിരുന്നതിനാലായിരിക്കാം അവളുടെ മൊഴി വാങ്ങിക്കാൻ ആവശ്യമില്ലെന്നു പോലീസുകാർ തീരുമാനിച്ചതു്.

ആളുകൾ അഞ്ചു പത്തു് പേരു വീതം പുറത്തേക്കു പോയി. അനുകൂലാനാമയ വൈദ്യന്മാരും ഡോക്ടർ ദീനപ്രസാദും നരഹരവൈദ്യനും ഒരുമിച്ചു് ഒരുസ്ഥലത്തുകൂടി

നിന്നു സംസാരിച്ചുകൊണ്ടിരുന്നു. പോലീസിൻെറ അഭിപ്രായം എങ്ങിനെയെന്നു് അറിയാൻ എല്ലാവരും അക്ഷമന്മാരായിരുന്നു എന്നു പറയേണ്ടതല്ലൊ. കേസ്സു നരഹത്യ എന്നു തീർച്ചപ്പെടുത്തുകയും അയതിൻെറ ഉത്തരവാദി അനാമയ വൈദ്യൻ എന്നു സൂപ്രണ്ടു മുതലായവർ തീർച്ചപ്പെടുത്തുകയും ചെയ്യുമോ എന്നറിയുന്നതിനായിരുന്നു സകലരുടെയും ബദ്ധപ്പാടു്.

ചിരുത ഇതിന്നിടക്കു് അമ്മിണിഅമ്മാളുടെ വീട്ടിൽ എത്തി.

അമ്മിണി അമ്മാൾ—അല്ല ചിരുതയോ? എന്താ വിചാരണ മുഴുവൻ തീൎന്നൊ? എങ്ങിനെയാണ് തീരുമാനം?

ചിരു—തീരുമാനം പുറത്തായില്ല. അനാമയവൈദ്യൻെറമേൽ കുററം ഉറയ്ക്കുമെന്നു് എനിക്കു തോന്നുന്നില്ല.

അമ്മി—ആ ചിലന്തിവലയുടെ സംഗതി വെളിപ്പെട്ടുകൊണ്ടു് ഇനി വൈദ്യനു ഭയപ്പെടാനുണ്ടെന്നു് എനിക്കു തോന്നുന്നില്ല. ഈ വിഷം എങ്ങിനെ വന്നുചേൎന്നുവെന്നതു് ഏതായാലും രഹസ്യമായിരിക്കുന്നേ ഉള്ളല്ലൊ. ഇതു വളരെ അത്ഭുതമാണു്. ചിരുതെ, നരഹരവൈദ്യൻ അന്നു രാത്രിയിൽ അവിടെവച്ചു് ഒരു മുഖം കണ്ടു എന്നും മററും കേൾക്കുന്നതു് എന്തു കഥയാണു്.

ചിരു—എന്തൊ എനിക്കറിഞ്ഞുകൂടാ? അതു നരഹര വൈദ്യൻ സ്വപ്നം കണ്ടതായിരുന്നു എന്നാണു് അദ്ദേഹം ഇപ്പോൾ പറയുന്നതു്.

അമ്മി—ഇതിൽ ഏതോ രഹസ്യം ഉണ്ടെന്നാണു് എനിക്കു തോന്നുന്നതു്. ആ സ്ത്രീ എൻെറ ബന്ധു ആയിരുന്നെങ്കിൽ ഞാൻ ഈ കാര്യം വെറുതെ വിടുകയില്ലായിരുന്നു. എന്താ ചിരുതേ, നിനക്കു സുഖമില്ലെ? നീ വല്ലാതിരിക്കുന്നതെന്താണു്?

ചിരു—ആ സാധുവായ കൊച്ചമ്മയുടെ മരണം എന്നെ എന്തെന്നില്ലാതെ വ്യസനിപ്പിക്കുന്നുണ്ട്, അതുകൊണ്ടായി രിക്കാം വല്ലാതിരിക്കുന്നതു്. മനസ്സിനു സുഖമില്ലാഞ്ഞാൽ അങ്ങനെ വരാമല്ലോ. തലവേദനയും ഈ ക്ലേശവും കൂടി എന്നെ വളരെ വിഷമിപ്പിക്കുന്നു. ഞാൻ വെള്ളം കുടി ക്കുക പോലും ചെയ്തിട്ടു ദിവസം കുറെ ആയി.

അമ്മി—എന്നാ കുറെ കാപ്പി തരട്ടെ?

ചി—വേണ്ട, അമ്മ. എനിക്കു് ഒന്നിനും രുചിയില്ല.

അമ്മി—ഛെയ്. ഇതു മണ്ടത്തരമാണു്. നീ ദീനം വല്ലതും വരുത്തി വയ്ക്കാൻ തുടങ്ങുകയാണോ? കാര്യം വളരെ അക്രമമായിപ്പോയി എന്നു ഞാനും സമ്മതിക്കുന്നു. എങ്കിലും അവർ നമ്മുടെ സംബന്ധക്കാരും മററും ആയി രുന്നില്ലല്ലോ. പിന്നെ നാം എന്തിനാണു ഭക്ഷണം കഴിക്കാ തിരിക്കുന്നതു്.?

ചിരുത സംഭാഷണ വിഷയം മാററി.

ചിരു—അമ്മാ, എനിക്കു് ഒരു ജോലി കിട്ടിയാൽ കൊള്ളാമായിരുന്നു. നിർബന്ധമായ ജോലി ഉണ്ടെങ്കിൽ ഈ വിചാരം കുറെ മാറുമായിരുന്നു. എന്നുതന്നെയുമല്ല വെറുതെ ഒരാളുടെ ചോറു് എത്ര ദിവസമാണുണ്ണുക. വല്ല കൊള്ളാ വുന്ന സ്ഥലത്തു വേലയ്ക്കു് ആൾ വേണ്ടതായി അമ്മയ്ക്കു് അറി യാമൊ?

അമ്മി—കുന്നുംപുറത്തു വന്നു പാർക്കുന്ന ആ പുതിയ വീട്ടുകാർക്കു് ഒരാളെ ആവശ്യമുള്ളതായി ഞാൻ കേട്ടു. വേ ണ്ടില്ല. നിനക്കു യോജിക്കാതിരിക്കയില്ല.

അപ്പോൾ ആരോ വെളിയിൽ വിളിക്കുന്നതു കേട്ടു് "ഇതാ വരുന്നു വരുന്നു" എന്നു് അമ്മാൾ വിളിച്ചു പറഞ്ഞു.

ചിരു—ഏതു പുതിയ ആളുകൾ?

അമ്മി—ദൂരെ എവിടെയോ നിന്നു വന്ന ആ ആളു കൾ. ഇൻസ്പെക്ടർ എന്നോ മറേറാ ആണു പറയുന്നതു്.

ചെമ്പകശേരി വീട്ടിൽ പാർക്കുന്ന അവരേപ്പററി നീ കേട്ടി ട്ടില്ലേ? അവിടെ ഏർപ്പെട്ടാൽ—

ചിരു—എനിക്കു് ആ സ്ഥലം യോജിക്കുമെന്നാണു് തോന്നുന്നതു്. അവർ നല്ല ആളുകളാണെന്നു് എനിക്കു തോന്നീട്ടുണ്ടു്. ഞാൻ പോയി അന്വേഷിക്കട്ടെ.

ഉടനെ അവിടെ ഉച്ചത്തിൽ ഒരു സംസാരം ഉണ്ടായി. കാൎയ്യം എന്തെന്നു് അറിയാൻ വേണ്ടി ചിരുത അങ്ങോട്ടേയ്ക്കു ചെന്നു. പോലീസുകാർ തങ്ങളുടെ അഭിപ്രായം പുറത്താക്കിയിരിക്കുമോ? അതെ, അതു തന്നെയായിരുന്നു സംഗതി. ആളുകൾ വീണ്ടും സത്രത്തിൽ കൂട്ടം കൂടി. ഒന്നു രണ്ടു മിനിററു കഴിഞ്ഞപ്പോഴേയ്ക്കു പോലീസ്സഭിപ്രായം കാട്ടുതീപോലെ സർവത്ര പടർന്നു വ്യാപിച്ചു. അതു ഇപ്രകാരമായിരുന്നു.

"മരിച്ചുപോയ സ്നേഹലതാമ്മ—ഇരട്ടപ്പേരു് ഇന്നതെന്നറിഞ്ഞിട്ടില്ല—ഉറക്കമരുന്നിനോടു കൂടി വിഷം സേവിച്ചതിനാൽ മരിക്കുന്നതിനു സംഗതിയായിത്തീർന്നു എന്നു ഞങ്ങൾ രേഖപ്പെടുത്തുന്നു. എന്നാൽ ഈ വിഷം ആരാണു് മരുന്നിൽ കലർത്തിയതെന്നും ഇതു മനഃപൂർവമായോ യാദൃച്ഛികമായോ സംഭവിച്ചതെന്നും തീർച്ചപ്പെടുത്തുന്നതിൽ മതിയായ തെളിവുകൾ കിട്ടീട്ടില്ല."

ഇങ്ങനെ അനാമയവൈദ്യൻ തൽക്കാലം രക്ഷപ്പെട്ടു. അങ്ങനെ സ്നേഹിതന്മാർ അയാളെ അനുമോദിച്ചു. ജീവകാരുണ്യം സന്തോഷം കൊണ്ടു മതിമറന്നു ചെളിയിലും വെള്ളത്തിലും കൂടി തുള്ളിച്ചാടി വീട്ടിൽ എത്തി പൂരമുറിയിൽ കയറി കതകടച്ചു. തന്റെ അപാരമായ കൃതജ്ഞതാസൂചകമായി ദൈവപ്രീത്യൎത്ഥം പല പ്രാവശ്യം ദണ്ഡനമസ്കാരം ചെയ്തു

# പതിനാലാം അദ്ധ്യായം.

അന്നത്തെ പകൽ സമയം കാററും മഴയും കലശൽ കൂട്ടിക്കൊണ്ടിരുന്നു. എങ്കിലും അസ്തമനത്തിനു മുമ്പ് ആദിത്യദേവൻ തന്റെ ചെങ്കതിരുകൾ സന്തോഷപൂർവ്വം വ്യാപിപ്പിച്ചു ജനതതിയെ അനുഗ്രഹിക്കാതിരുന്നില്ല. ഈ കിരണങ്ങൾ കുന്നംപുറത്തെ ചെമ്പകശ്ശേരി വീട്ടിലും യഥേഷ്ടം വിലസി.

ഇൻസ്പെക്ടരുടെ പ്രഥമപുത്രിയായ വിശാലാക്ഷി ഒരു മേശയുടെ മുമ്പിൽ ഇരിക്കുകയായിരുന്നു. ഈ തരുണിക്കു് ഇക്കാലത്തു വയസ്സു മുപ്പതിൽ കുറയുമായിരുന്നില്ല. വിശാലാക്ഷി സൌമ്യശീലയും സുമുഖിയും ആയ ഒരു മാന്യയുവതിയാണു്. അവളുടെ മുമ്പിൽ മേശപ്പുറത്തു് ഏതാനും കടലാസുകൾ കിടന്നിരുന്നു. ഒരു നോട്ടുപുസ്തകം അടുക്കൽ ഉണ്ടു്. കടലാസുകൾ ഒരോ സാമാനങ്ങൾ വാങ്ങിച്ചിട്ടുള്ള വകയ്ക്കു കച്ചവടക്കാർ അപ്പഴപ്പോൾ അയച്ചിട്ടുള്ള വില വിവര ലിസ്റ്റുകളും നോട്ടുബുക്കു വീട്ടിലെ വരവുചെലവു കണക്കുമാണു്. വിശാലാക്ഷിയുടെ മുഖത്തു സഹനശക്തിയുടെയും ക്ഷീണത്തിന്റെയും ലക്ഷണങ്ങൾ കാണാമായിരുന്നതു് അവളുടെ മനോവികാരത്തെ വെളിപ്പെടുത്തുന്നതിനുതിയായ സൂചനകൾ ആയിരുന്നു.

അടുത്തുതന്നെ, മോഹനാംഗിയായ കാമവല്ലി പീയാനൊ വായിച്ചുകൊണ്ടും തന്റെ പേടമാൻകണ്ണുകളെ ഉയത്തി ഇടയ്ക്കിടെ മുമ്പോട്ടേയ്ക്കു നോക്കിക്കൊണ്ടും തന്റെ നവയൗവനത്തേയും രൂപലാവണ്യത്തേയും പററി സ്വയം അഭിമാനം നടിച്ചുകൊണ്ടും ഇരുന്നിരുന്നു. ഇവൾക്കു വാസ്തവത്തിൽ ഇരുപത്തിമൂന്നുവയസ്സു പ്രായമുണ്ടായിരുന്നു എങ്കിലും കാഴ്ചയിൽ അത്രയൊന്നും തോന്നുമായിരുന്നില്ല. കിളരം ക്രമത്തിലധികമൊ കുറവൊ ഇല്ലായിരുന്നു. അസാധാരണമായ യൗവ്വനപ്രൗഢി ഹേതുവായി കാമവല്ലി വളരെ ചെറുപ്പമായിട്ടാണു കാണപ്പെട്ടതു്. അവൾ അത്യന്തം ഡംഭുള്ള ഒരു തരുണിയാണു്. കന്യകകൾ മിക്കവരും പ്രായേണ കുറെ ഡംഭുള്ളവരായി ഇരിക്കാറുമുണ്ടു്, സൗന്ദൎയ്യമുള്ള പെൺകുട്ടികൾ വിശേഷിച്ചും ഇങ്ങനെതന്നെയാണു്. എന്നാൽ കാമവല്ലിയുടെ ഹൃദയത്തിൽ കുടികൊണ്ടിരുന്നിടത്തോളം വൻപത്തം മററു തരുണികളിൽ കാണുക അസാദ്ധ്യമാണു്. ഈ ഒരു ആത്മപൂജ്യത ഹേതുവായി മനഃശുദ്ധി അവളിൽ കുറെ കുറവുണ്ടായിരുന്നു. അവളുടെ ന്യൂനത ഇതു മാത്രവുമായിരുന്നില്ല. തന്നിഷ്ടം, ദുശ്ശാഠ്യം, അനുസരണമില്ലായ്ക ഇത്യാദി ദുർഗ്ഗുണങ്ങൾക്കും അവൾ ഏറെക്കുറെ അധീനയായിരുന്നു. ഈയിടെയായി വേറൊരു ചേതോവികാരവും അവളിൽ മുളച്ചുവളൎന്നിരുന്നു. ഇതു് അവളുടെ ആത്മാഭിമാനത്തെപ്പോലും അധഃകരിക്കുന്നതിനു ശക്തിയുള്ള ഒരു നൂതനവികാരമായിരുന്നു. അവളുടെ അകപ്പാടെയുള്ള പ്രകൃതിയെത്തന്നെ ഇതു മിക്കവാറും വ്യത്യാസപ്പെടുത്തിയിരുന്നു. ഈ നവ്യവികാരം അവൾക്കു നരഹരവൈദ്യനോടു തോന്നിയിരുന്ന അനുരാഗവായ്പല്ലാതെ മറെറാന്നും ആയിരുന്നില്ല. അവളുടെ കണ്ണുകൾ

ഈ ബാലാർക്ക പ്രകാശത്തെയാണു കാംക്ഷിച്ചതു്. അദ്ദേഹം ഇപ്പോൾ വരുമെന്നു് അവളുടെ ഹൃദയം മന്ത്രിക്കുന്നുമുണ്ടായിരുന്നു. ഒന്നാംതരം പച്ചസൂക്ഷ്മപടംകൊണ്ടുള്ള ഒരു റവുക്കയാണു് അവൾ ധരിച്ചിട്ടുള്ളതു്. അതിൽ വജ്റക്കുടുക്കുകളും ഘടിപ്പിച്ചിട്ടുണ്ടു്. പട്ടണം വളകൾ ഏറാവും പുതിയ ഭാഷയിൽ തീർത്തിട്ടുള്ളവ അവളുടെ ഇരു കൈത്തണ്ടുകളേയും അലങ്കരിച്ചിരുന്നു. കാതുകളിൽ കമ്മട്ടസമാനത്തിൽ തീർത്തിരുന്ന ചെറുതോടകൾ അവർ ധരിച്ചിരുന്നു. ആകപ്പാടെകൂടി ഒരു രാജകുമാരിയുടെ അന്തസ്സു മുഴുവൻ അനുഭവിക്കുന്നതിനു താൻ അർഹയാണെന്നാണു് അവളുടെ നാട്യം. ജ്യേഷ്ഠത്തിയൊ, നേരെമറിച്ചു, തനിക്കു ന്യായമായി പ്രദർശിപ്പിക്കാവുന്നിടത്തോളം പ്രാഭവം പോലും നടിച്ചില്ല. വിശാലാക്ഷി എത്രയൊ സാധാരണമട്ടിലുള്ള വസ്ത്രങ്ങളും ആഭരണങ്ങളും മാത്രമെ ഉപയോഗപ്പെടുത്താറുണ്ടായിരുന്നുള്ളു.

ഇവരുടെ ഇരുവരുടേയും ഇളയ സഹോദരിയായ ശ്രീമതിക്കുട്ടി ആ സമയത്തു ജനാലിന്റെ സമീപത്തു നിൽക്കുകയായിരുന്നു. ഇവൾ പാവാടയും ജാക്കറ്റുമാണു ധരിച്ചിട്ടുള്ളതു്. ഇവ അത്രവളരെ വിലപിടിച്ച തരങ്ങൾ ആയിരുന്നില്ല. ശ്രീമതി പതിനൊന്നു വയസ്സു പ്രായമുള്ള കോമളയായ ഒരു കന്യകയാണു്. ഇവൾ മിക്ക കാര്യങ്ങളിലും വലിയ ജ്യേഷ്ഠത്തിയെ അനുകരിക്കാറുണ്ടായിരുന്ന ഒരു സുശീലയായിരുന്നു.

ഇവരുടെ അച്ഛനും പെൻഷൻഡ് ഇൻസ്പെക്ടരും ആയ മദനദേവൻ ഇന്നു മുട്ടിനു വേദന സഹിക്കവഹിയാതെ കിടക്കയിൽ തന്നെ കഴിച്ചുകൂട്ടുകയാണു്. ഇദ്ദേഹത്തിന്റെ കോപശീലം അസാമാന്യമായി വർദ്ധിച്ചിരി

ക്കനും. വീട്ടിലെ കാലക്ഷേപം ദിവസംതോറും അധികമധികം ഞെരുക്കമുള്ളതായി തീൻകൊണ്ടിരുന്നു. ഇൻസ്പെക്ടർക്ക് അട്ടത്തുണല്ലാതെ മററു വരവുകൾ ഒന്നും ഉണ്ടായിരുന്നില്ല. കടം ധാരാളമായി വർദ്ധിച്ചിട്ടുമുണ്ട്. അതുകൊണ്ട ജീവിതസുഖം നന്നേ കുറഞ്ഞിരുന്നു. വാസ്തവം ആലോചിക്കുന്നതായാൽ ഇങ്ങനെ വരവു ചുരുങ്ങിയ മനുഷ്യന്മാക്ക കടം കൂടാതെ നിത്യത കഴിക്കുന്നതിനു വലിയ പ്രയാസമുണ്ടെന്നുള്ളതും സത്യംതന്നെ. താൻ മുൻപു പാർത്തിരുന്ന സ്ഥലത്തുനിന്നു് ഇദ്ദേഹം താമസം മാററിയതുതന്നെ അവിടെ കടക്കാരുടെ ശല്യം സഹിച്ചുകൂടാതായിത്തീർന്നതുകൊണ്ടായിരുന്നു. ഇവിടത്തെ അവസ്ഥയും അതേ വിധത്തിൽ കലാശിക്കാനുള്ള താളങ്ങൽ മുറുകിത്തുടങ്ങുകയായിരുന്നു.

ഇതിൻെറ ഭാരം മുഴുവൻ വിശാലാക്ഷിയാണ് സഹിക്കേണ്ടിവന്നതു്. വിശാലാക്ഷിക്ക തൻെറ അച്ഛനോടുണ്ടായിരുന്നതിനേക്കാൾ കൂടുതൽ സ്നേഹബഹുമാനവിശ്വാസാദരവുകൾ യാതൊരു മക്കൾക്കും തങ്ങളുടെ പിതാവിനോട്ട് ഉണ്ടായിരിക്കാൻ സാധിക്കുന്നതല്ല. പിതാവിൻെറ ഒററ മനോവ്യഥ ഇല്ലാതാക്കാൻ വേണ്ടി തൻെറ ജീവൻപോലും ഉപേക്ഷിക്കുന്നതിനും ഈ തരുണി സന്നദ്ധയായിരുന്നു. താൻ തീയിൽ ചാടിയാൽ അച്ഛൻെറ ദുഃഖത്തിനു ശമനം വരുമെന്നു് ഉറപ്പായി അറിയുന്നപക്ഷം അങ്ങിനെ ചെയ്യുന്നതിനു് അവൾക്കു് ഒട്ടും അധൈര്യം തോന്നിയിരുന്നില്ല. കടം ഹേതുവായുള്ള ജാള്യവും മനോവേദനയും ആ വീട്ടിലെ മററംഗങ്ങൾ അവളോളം അനുഭവിക്കാറുണ്ടായിരുന്നില്ല. നാഴികതോറും ഉണ്ടാകുന്ന വിഷമതകളും എന്നുമെന്നും കടക്കാരോട്ടു് അവധി പറയേണ്ടിവരുന്നതു കൊണ്ടുള്ള നാണക്കേടും മററുള്ളവർ ഇരുപതു രൂപാ

കൊണ്ടു സാധിക്കുന്ന കാര്യം താൻ നാല്പ ഉറുപ്പികകൊണ്ടു സാധിക്കാൻവേണ്ടി ചെയ്യുന്ന ശ്രമങ്ങളും തൽക്കാലാവസ്ഥയെപ്പററിയുള്ള മനഃകുണ്ഠിതവും ഭാവിയെക്കുറിച്ചുള്ള അന്ധകാരമിശ്രമായ ഖേദവും എല്ലാം വിശാലാക്ഷി ക്ഷമയോടും ശാന്തതയോടും കൂടി സഹിക്കുകയാണു് ചെയ്യാറുണ്ടായിരുന്നതു്. തന്റെ സഹനശക്തിക്കു് ഇതുമൂലം സാരമായ ഉടവു തട്ടുന്നുമുണ്ടായിരുന്നു.

വിശാലാക്ഷിയുടെ അപ്പോളത്തെ ജോലി കഴിഞ്ഞ ആഴ്ചയിലെ ചെലവുകണക്കുകൾ കൂട്ടി തുക വയ്ക്കുകയായിരുന്നു. ഇതു സംബന്ധമായ മനഃക്ലേശം മൂലം അവളുടെ തലയ്ക്കു ദുസ്സഹമായ വേദന ഉണ്ടായിട്ടുണ്ടു്. അവൾ കണക്കുവിഷയത്തിൽ അത്രതന്നെ സമർത്ഥയായിരുന്നില്ല. സ്ത്രീകൾ പ്രായേണ ഈ വിഷയത്തിൽ കുറെ പിന്നോക്കവും ആണല്ലോ. ഓരോ ഖണ്ഡവും തുക വയ്ക്കുന്നതിനു് ഒന്നിലധികം തവണ കൂട്ടേണ്ടതായി വന്നതു് ഇതുകൊണ്ടാണു്. ജോലി നിമിത്തം അവൾക്കു മുഷിവു തോന്നിയില്ല. തുക കണ്ടപ്പോൾ അവൾ ഭ്രമിച്ചു. ഇനിയും എത്രനാൾ ആരോടെല്ലാം വീണ്ടും വീണ്ടും അവധി പറഞ്ഞാൽ ഈ തുക കൊടുത്തുതീർക്കാൻ സാധിക്കുമെന്നു ആലോചിച്ചപ്പോളാണു് അവളുടെ മുഖം മങ്ങിയതു്. ഇതിനു മുമ്പുള്ള കടങ്ങൾ എത്ര എണ്ണം വീട്ടാൻ കുടിശ്ശികയായി കിടക്കുന്നുണ്ടായിരുന്നു. ഇവയ്ക്കെല്ലാം മുതൽ എവിടെ എന്നായിരുന്നു അവളുടെ ഭയം. നോട്ടുബുക്കു മേശപ്പുറത്തു വെച്ചുംവെച്ചു വിശാലാക്ഷി പുറകോട്ടുചാരി മനോരാജ്യമഗ്നയായി അവിടെ ഇരുന്നു.

വിശാ—കുഞ്ഞേ, ശ്രീമതി അങ്ങിനെ തുള്ളിച്ചാടാതിരിക്കുക; എനിക്കു മുഷിയുന്നു.

കുട്ടി ആശ്ചര്യപ്പെട്ടു.

ശ്രീമ—അക്കാ ഞാൻ ഒച്ച ഉണ്ടാക്കുന്നില്ലല്ലൊ.

വിശാ—ഒച്ച അത്രമതി. എന്റെ തല വേദനിക്കുന്നു.

ശ്രീമ—അക്കനു തലവേദന ഉണ്ടെന്നു ഞാൻ അറി ഞ്ഞില്ല.

വിശാ—തലവേദനയൊ എന്തോ? തലയ്ക്കു തീരെ സുഖ മില്ല.

കാമവല്ലി—അക്കാ! അക്കൻ ആ കണക്കുകൾ വെച്ചു കൊണ്ടു തല വെറുതെ പുണ്ണാക്കുകയാണ്. കാര്യങ്ങൾ നടക്കുന്നതുപോലെ നടക്കട്ടെ. ഞാനാണെങ്കിൽ ഇതൊന്നും വകവെയ്ക്കുകയില്ല. അക്കൻ എന്തിന് ഇത്രത്തോളം വിഷ മിക്കുന്നു.

വിശാ—നടക്കുന്നതുപോലെ നടക്കട്ടെ എന്നു വിട്ടുകള ഞ്ഞാൽ പോരല്ലൊ.

കാമ—അക്കൻ ക്ലേശിച്ചിട്ടു പ്രയോജനമെന്ത്?

വി—ആരെങ്കിലും ക്ലേശിക്കണമല്ലൊ. ഞാൻ വഹിച്ചില്ലെങ്കിൽ ഈ ഭാരമെല്ലാം ചുമക്കണ്ടെ?

കാമ—അക്കനേക്കാൾ അച്ഛനല്ലെ അതിനു ശേഷിയുള്ളതു്? ഈ കുഴപ്പങ്ങളെല്ലാം നേരിട്ടിട്ടുള്ളതു് അച്ഛന്റെ വിചാരഹീനതകൊണ്ടുമാണല്ലോ. മുൻ കാലങ്ങളിലെ പഴ് ചെലവുകൾകൊണ്ടല്ലായിരുന്നെങ്കിൽ ഇപ്പോൾ അടുത്തുണ്ടകൊണ്ടു മാത്രം ചെലവുകഴിക്കേണ്ടി വരുമായിരുന്നില്ല.

വിശാ—കാമവല്ലി! നീ മിണ്ടാതിരിക്കുക; അച്ഛനെ ഇപ്രകാരം ശാസിക്കാനും പഴിക്കാനും നിനക്കു് അധികാരമില്ല. ഇങ്ങിനെ പറയുന്നതിനു നിനക്കു ധൈര്യം തോന്നുന്നതു് അത്ഭുതംതന്നെ.

കോപംകൊണ്ടോ പശ്ചാത്താപംകൊണ്ടോ കാമവല്ലിയുടെ മുഖഭാവം മാറി. തങ്ങളുടെ കാലക്ഷേപരീതിയിൽ നേരിട്ടിരുന്ന ന്യൂനതകളെപ്പററി ഇവൾക്കാണ് എല്ലാവരെക്കാളും ഏററവും കൂട്ടതലായ വിഷാദം ഉണ്ടായിരുന്നതു്.

കാമ—അച്ഛനോടുള്ള സ്നേഹം നമുക്ക രണ്ടുപേർക്കും ഒന്നുപോലെയാണല്ലോ. എങ്കിലും ഞാൻ കല്ലും മരവും ഒന്നുമല്ല. നമ്മുടെ സ്ഥിതിയിലുള്ള മററു ചെറുപ്പക്കാരികൾ എത്ര മോടിയായി നടക്കുന്നു. നമ്മുടെ അവസ്ഥ അവരുടേതിൽനിന്ന് എത്രയോ വ്യത്യാസപ്പെട്ടാണിരിക്കുന്നതു്. നാം സദാ ക്ലേശിക്കയും ദാരിദ്ര്യം അനുഭവിക്കുകയും ചെയ്യുന്നു. നമ്മെപ്പോലെയുള്ള മററുള്ളവർ അത്യുത്സാഹത്തിലും ആഡംബരത്തിലും കാലം കഴിക്കുന്നു.

വിശാ—അനുജത്തീ! നീ അങ്ങനെ പറയരുതേ. അവരവരുടെ കഷ്ടപ്പാട് അവരവർ മാത്രമേ ശരിയായി അറിയുകയുള്ളു. അത്യാനന്ദം അനുഭവിക്കുന്നവരായി നാം വിചാരിക്കുന്ന ആളുകൾക്കും അവരുടെ സങ്കടങ്ങൾ ഇല്ലാതിരിക്കയില്ല.

കാമ—അക്കൻ പോയിൻറു വിട്ടാണു സംസാരിക്കുന്നതു്. ഞാൻ ചോദിക്കുന്നതിനു് ഉത്തരം പറയുക. ഏതൊരു ചെറുപ്പക്കാരിയാണ്—അതെ വിവാഹം കഴിയാതെ അച്ഛൻെറ വീട്ടിൽ പാർത്തുവരുന്ന ഏതു യുവതിയാണ്—അക്കനോളം ക്ലേശം അനുഭവിക്കുന്നതു്?

വിശാ—പലരുമുണ്ടായിരിക്കും എന്നാണ് എൻെറ ബോധം. എൻെറ പ്രിയപ്പെട്ട അച്ഛൻെറ ഖേദവും ചിന്തയും ഇല്ലാതാക്കുന്നതിനു് എനിക്ക കഴിവുണ്ടായാൽ ഞാൻ കൃതാർത്ഥയായി.

ഇതു വാസ്തവമാണ്. വിശാലാക്ഷിക്ക് ഈ ഒരു മോഹമാണ് സർവപ്രധാനമായി ഉണ്ടായിരുന്നതു്. അച്ഛനെ യാതൊന്നിലും ബന്ധപ്പെടുത്താതെ ഇരുത്തണമെന്നായിരുന്നു അവളുടെ താല്പര്യം. അച്ഛൻെറ വാതോപദ്രവം ചിലപ്പോൾ അധികമായിരിക്കയും ആ സന്ദർഭങ്ങളിൽ കടക്കാർ പണത്തിനു ഞെരുക്കുകയും ചെയ്യാറുള്ളപ്പോൾ രാജ്യചട്ടംതന്നെ ഒന്നു ഭേദപ്പെട്ടാൽ വേണ്ടില്ലായിരുന്നു എന്നു വിശാലാക്ഷി ആഗ്രഹിക്കാറുണ്ടു്. അച്ഛനുപകരം മകളെ തടവിൽ വെയ്ക്കുത്തക്കവണ്ണം നിയമമുണ്ടായാൽ കൊള്ളാമെന്നായിരുന്നു അവളുടെ മോഹം.

കാമ—നമ്മെപ്പോലെ സന്യാസിജീവിതം മറ്റാർക്കാണ് ഉള്ളതു്? സർവസംഗപരിത്യാഗമല്ലെ നാം അനുഷ്ഠിക്കാറുള്ളതു്? നമ്മെ ആരും വന്നു കണ്ടുകൂടാ. നാം എങ്ങും പോകയും അരുതു്. മറിച്ചു പ്രവൎത്തിക്കുന്നതായാൽ ചെലവു വർദ്ധിക്കുമെന്നല്ലേ ഇവിടുത്തെ മതം. കഷ്ടം! വലിയ നാണക്കേടുതന്നെ.

വിശാ—അനുജത്തീ,നീ മിണ്ടാതിരിക്കുക. ദുഃഖിച്ചു തുടങ്ങിയാൽ പിന്നെ അതിനല്ലാതെ അവസരം കാണുകയില്ല. ഇതു നമ്മുടെ കർമ്മഫലമാണ്. നാം അനുഭവിച്ചേ മതിയാവൂ. ക്ഷമയോടുകൂടി സഹിക്കുകയാണ് ഉത്തമം.

കാമവല്ലിക്ക് ഇതൊന്നും ക്ഷമാപൂർവം സഹിക്കാൻ അപ്പോൾ മനസ്സുണ്ടായിരുന്നില്ല. അവൾ കുറച്ചു സമയം കൂടി പിയാനൊ വായിച്ചു. ഇങ്ങനെ ചെയ്താൽ കോപം അല്പം ശമിക്കുമെന്നായിരുന്നു അവൾ കരുതിയതു്. ജ്യേഷ്ഠത്തികൾ രണ്ടുപേരുടെയും സംഭാഷണങ്ങൾ ശ്രദ്ധിച്ചുകൊണ്ടു ശ്രീമതിസ്വാസ്ഥയായിരിക്കുകയായിരുന്നു. അപ്പോൾ

ആരൊ വടി നിലത്തടിച്ച ശബ്ദംപുറപ്പെട്ടുവിക്കുന്നതായി അവർക്ക തോന്നി.

ശ്രീമ—അതാ, കൊച്ചക്കൻ ഉറക്കെ പിയാനൊ വായിച്ചിട്ടാണ് അച്ഛൻ കോപിക്കുന്നതു്. ഞാൻ മുമ്പ പഠിച്ചുകൊണ്ടിരുന്നപ്പോഴും അച്ഛൻ ഇതു പോലെ വടി എട്ടത്തടിച്ചു കോപിച്ചു.

കാമവല്ലി സംഗീതാഭ്യാസം മതിയാക്കിയുംവെച്ചു ജന്നലിൻെറ സമീപത്തേയ്ക്കു പോയി. അവൾ വെളിയിലേയ്ക്ക നോക്കിക്കൊണ്ടു് അവിടെ നിന്നിരുന്നപ്പോൾ അവളുടെ കറുത്തിരുണ്ട കേശഭാരം അസ്തമനസൂര്യൻെറ പ്രഭയിൽ നല്ലവണ്ണം പ്രകാശിച്ചു.

വടിയുടെ മുട്ടൽ വീണ്ടും വീണ്ടും ഉണ്ടായി.

വിശാലാക്ഷി ബദ്ധപ്പെട്ടെഴുന്നേററു്—"ഇതു പിയാനൊ വായനംകൊണ്ടല്ല; അച്ഛനു വല്ലതും അവശ്യമുണ്ടായിരിക്കാം."

അവൾ അങ്ങോട്ടേയ്ക്ക പുറപ്പെട്ടപ്പോൾ "കാമവല്ലീ, കാമവല്ലീ" എന്നു ഉഗ്രസ്വരത്തിൽ ഒന്നുരണ്ടു വിളികേട്ടു.

വിശാ—അനുജത്തി, അതാ അച്ഛൻ നിന്നെ വിളിക്കുന്നു, വേഗത്തിൽ ചെല്ലുക.

കാമവല്ലി അച്ഛൻെറ അട്ടുക്കലേക്ക പോകുംവഴി അറയിൽ കിടന്നിരുന്ന ഒരു മുഷിഞ്ഞ മുണ്ടെടുത്തു പുതച്ചു. ശ്രീമതി ഇതു കണ്ടു വിശാലാക്ഷിയോടു് ഇങ്ങനെ ചോദിച്ചു.

ശ്രീ—അക്കാ, കൊച്ചക്കൻ എന്തിനാണ് അച്ഛൻെറ അട്ടുക്കലേക്ക പോയപ്പോൾ ആ ഇരുണ്ട മുണ്ടെടുത്തു പുതച്ചതു്? അക്കൻെറ സൗന്ദര്യപടവുക്കയും മററും അച്ഛൻ കാണരുതെന്നു കരുതിയായിരിക്കാം അങ്ങനെ ചെ

യ്ത്തു്. നല്ല റവുക്കയും അമ്മയുടെ കാപ്പും ദിവസേന വൈകുന്നേരംകൊച്ചച്ചൻ ഉപയോഗിക്കുന്നതു് അച്ഛൻ കണ്ടുകൂടെന്നുണ്ടെങ്കിൽ പിന്നെ എന്തിനു് ഇതെല്ലാം അവർ ധരിക്കുന്നു?

ഈ ചോദ്യത്തിനു തക്കതായ ഉത്തരം വിശാലാക്ഷി ഈ കൊച്ചുകുട്ടിയോടു് എങ്ങിനെയാണു പറയുക.

വിശാ—കുഞ്ഞെ, കാമവല്ലിക്കു് അലങ്കാരത്തോടു വളരെ ഭ്രമമുണ്ടു്. അച്ഛനു് ഇതു രസിക്കയില്ലെന്നായിരിക്കും;അവളുടെ ശങ്ക.

ശ്രീമ—ഉള്ളതുതന്നെ. അച്ഛനു വലിയ വേഷമൊന്നും കണ്ടുകൂടാ. ഈയാണ്ടു മുഴുവൻ നാം ഈ പഴന്തുണികൾ തന്നെ ഉപയോഗിച്ചുകൊള്ളണമെന്നുപോലും അദ്ദേഹം പറഞ്ഞേക്കും.

വിശാ—കുഞ്ഞെ, വസ്ത്രച്ചെലവു് അധികമാക്കാൻ നമുക്കനിവൃത്തിയില്ലല്ലൊ.

ശ്രീമ—അതു് ഉള്ളതുതന്നെ എന്നു് എനിക്കും അറിയാം. പിന്നെ കൊച്ചച്ചൻ എന്തിനാണു് ഇതെല്ലാം ഈയിടെ ഉപയോഗിക്കുന്നതു്? ഇങ്ങനെ ഒന്നും ഞാൻ മുമ്പു കണ്ടിട്ടില്ലല്ലൊ.

ഇതേ ആലോചന വിശാലാക്ഷിയുടെ ഉള്ളിലും ഉണ്ടായിട്ടുള്ളതാണു്. കാമവല്ലി ഇങ്ങനെ അലംകൃതയാകുന്നതെന്തിനെന്നു വിശാലാക്ഷിയും ഒന്നിലധികം തവണ ചിന്തിച്ചിട്ടുണ്ടു്. ഇതിന്റെ കാരണത്തെപ്പററി—അതെ ആ കുടുംബത്തേക്കു വലുതായ ഉപദ്രവത്തേയും ക്ലേശത്തേയും താമസിയാതെ ഉണ്ടാക്കിത്തീക്കാൻ പോകുന്നതായ കാരണത്തെപ്പററി യാതൊരു സംശയവും മൂത്തമകളുടെ ഹൃദയത്തിൽ അന്നാൾവരെ കടന്നുകൂടിയിരുന്നില്ല.

ശ്രീമ—അക്കാ, എനിക്കു വേറൊരു കാര്യംകൂടെ ചോദിക്കാനുണ്ടു്. എത്രതന്നെ ഐശ്വൎയ്യത്തിൽ ഇരിക്കുന്നവൎക്കും ദുഃഖങ്ങൾ ഉണ്ടായിരിക്കുമെന്നും അതിൻെറ വാസ്തവം അവരവർ മാത്രമേ അറിയുകയുള്ളു എന്നും അക്കൻ മുമ്പു പറഞ്ഞുവല്ലൊ. ധാരാളം പണമുള്ളവൎക്കു് എന്തു ദുഃഖമാണുള്ളതു്?

വിശാ—കുഞ്ഞേ വന്നു് എൻെറ അടുക്കൽ ഇരിക്കുക. നമ്മുടെ അമ്മ ജീവിച്ചിരുന്നു എങ്കിൽ ഈ ചോദ്യത്തിൻെറ ഉത്തരം ഞാൻ നിനക്കു പറഞ്ഞുതരേണ്ടിവരികയില്ലായിരുന്നു. അവർ നിന്നെ ചെറുപ്പം മുതൽ തന്നെ നല്ലപോലെ പഠിപ്പിക്കുമായിരുന്നു. ഞാൻ പഠിപ്പിച്ചതിൻെറ കുറവുകൊണ്ടാണു് നിനക്കു് ഈ പ്രധാനപ്പെട്ട സംഗതിപോലും ഗ്രഹിക്കാൻ ഇടയാകാഞ്ഞതു്.

ശ്രീമ—അക്കൻ എനിക്കു് അമ്മതന്നെയാണെന്നാണു് എൻെറ വിശ്വാസം. അക്കൻ എന്നെ നല്ലവണ്ണം പഠിപ്പിക്കുന്നുമുണ്ടു്.

വിശാ—ശ്രീമതി, മനുഷ്യർ പലപല ദുഃഖങ്ങൾക്കു് അധീനരാണു്: ക്ളേശം എല്ലാവൎക്കും അനുഭവമുള്ളതാണു്. ദാരിദ്ര്യം, രോഗം, ബന്ധുവിരഹം, ദ്രവ്യനാശം, മാനഹാനി, അസംതൃപ്തി എന്നിങ്ങനെ സുഖവിരോധികൾ സംഖ്യയില്ലാതെയുണ്ടു്. ഇവയിൽ ഒന്നല്ലെങ്കിൽ വേറൊന്നു് അല്ലെങ്കിൽ വേറെ പല എണ്ണം ഏതു് അവസ്ഥയിൽ ഉള്ളവരേയും ബാധിക്കാതിരിക്കയില്ല.

ശ്രീമ—ഈ ലോകത്തിൽ ഉള്ള സകലരുടേയും സ്ഥിതി ഇങ്ങനെതന്നെയാണൊ?

വിശാ—സമസ്ത ജനങ്ങളും ദുഃഖത്തിനു് അധീനരാണു്. ദൈവകല്പിതം അങ്ങിനെയാണു്. മനഃക്ലേശം

അനുഭവിക്കാത്തവർ ഇല്ലെന്നാണു് എന്റെ ബോധം. നമ്മുടെ ക്ലേശം നമുക്കറിയാം. എന്നാൽ മറ്റുള്ളവരുടെ സങ്കടം ചിലപ്പോൾ അറിയാതെ ഇരുന്നേക്കാം. അഥവാ അറിഞ്ഞാലുംവിശ്വസിക്കാതെ ഇരുന്നേക്കാം. അവർക്കു് ഐശ്വര്യവും ബാഹ്യസുഖവും ധാരാളം ഉള്ളതായി നാം കാണുന്നു. ധനവും പ്രതാപവും ഇക്കൂട്ടർക്ക വേണ്ടുവോളം ഉണ്ടു്. അതുപോലെതന്നെ ആരോഗ്യവും ബലവും—ഇവയ്ക്കും ഒരു കുറവുമില്ല. കുടുംബൈക്യതയിലും ഇവർ ഭാഗ്യശാലികളായി കാണപ്പെടുന്നു. എന്നാൽ ഈ ആളുകൾ—പരമഭാഗ്യവാന്മാരും തൻമൂലം അന്യന്മാരുടെ അസൂയയ്ക്കു പാത്രവാന്മാരും ആയി കാണപ്പെടുന്ന ഇവർ—ഏതോ ചില രഹസ്യമനഃക്ലേശത്തിനു് അധീനരായി നിഷ്കളങ്കവും ശാശ്വതവും ആയ ആനന്ദം അനുഭവിക്കാതെ തങ്ങളുടെ ജീവിതയാത്രയെ തുടരുകയാണ ചെയ്യുന്നതു്. മനഃക്ലേശം പുറത്തറിയിക്കരുതെന്നുള്ള ശ്രമം ഹേതുവായി ഇവരുടെ സങ്കടാവസ്ഥ മിക്കപ്പോഴും മറ്റുള്ളവരുടേതിനേക്കാൾ അധികം ദുർഭരമായും തീരാറുണ്ടു്. വാസ്തുവത്തിൽ ദുസ്സഹവും ഇതുതന്നെയാണു്. ഞാൻ പറഞ്ഞതിന്റെ അർത്ഥം ഇപ്പോൾ കുഞ്ഞിനു കുറെയെങ്കിലും മനസ്സിലായിക്കാണുമല്ലോ.

ശ്രീമ—ഉവ്വ്. അക്കാ, ഈ മനഃക്ലേശം എന്തിനായിട്ടാണു് എല്ലാവർക്കും ഉണ്ടാകുന്നതു്.

വിശാ—കുഞ്ഞേ! അതു ഞാൻ പറഞ്ഞില്ലേ, ദൈവവിധിയാണെന്നു്. സ്വന്തപ്രവൃത്തിയാലും നടത്തയാലും ചിലപ്പോൾ നാം ഇതു വരുത്തിവെയ്ക്കുന്നു. അതിനേപ്പററി ഇപ്പോൾ ഞാൻ നിന്നോടു പറയുന്നില്ല. നീ കുഞ്ഞല്ലേ. മനഃക്ലേശത്തിന്റെ ആവശ്യം നിന്നെപ്പോലെയുള്ള കൊച്ചുകുട്ടികൾക്ക ഗ്രഹിക്കാൻ കഴിയുകയില്ല. ഇതുണ്ടാകുന്നതു

നമ്മെ ക്ഷണഭംഗുരമായ ഐഹികബന്ധത്തിൽനിന്നു വേഗം മോചിപ്പിക്കുന്നതിലേക്കായിട്ടാണു്.

ശ്രീമ—അക്കാ! നാം വൃദ്ധകളും വൃദ്ധന്മാരും ആകുന്നതുവരെ ജീവിക്കാറുണ്ടല്ലൊ.

വിശാലാക്ഷി മന്ദസ്മിതം ചെയ്തു. മനഃക്ലേശവും അതിന്റെ വിരസഫലവും ദുസ്സഹമായി അവളെ ബാധിച്ചു കഴിഞ്ഞിരുന്നു. അതിന്റെ അവസാനഫലം എത്രതന്നെ ശുഭദായകമായിരുന്നാലും അനുഭവം സങ്കടകരം തന്നെയാണു്. ഈ മനഃസുഖമില്ലായ്ക വിശാലാക്ഷിയെ തത്വജ്ഞാനത്തിലേക്കു നല്ലവണ്ണം ചായിച്ചിരുന്നു.

വിശാ—ശ്രീമതി, വലിയ വൃദ്ധതയിൽ ജീവിക്കുന്നു എന്നു നീ പറയുന്ന അവർപോലും എത്രമാത്രം അല്പായുസ്സുകൾ ആണെന്നു സ്വല്പം ആലോചിച്ചാൽ ബോധപ്പെടാതിരിക്കയില്ല. ഈ ലോകത്തിൽ എൺപതൊ നൂറൊ സംവത്സരം അല്ലെ ഇവർ ജീവിക്കുക? പരലോകത്തിൽ ചെന്നാൽ അവിടെ എത്രയായിരം സംവത്സരം കഴിച്ചുകൂട്ടേണ്ടിയിരിക്കുന്നു. നിത്യജീവിതമല്ലെ അവിടെ ഉള്ളതു്? ചിന്തയും ദുഃഖവും നമുക്കു് ഇവിടെ ഉണ്ടാകുന്നതു് ഈ അനിത്യവാസസ്ഥലത്തോടു നമുക്കുണ്ടാകുന്ന മമതയെ ഇല്ലായ്മചെയ്തു പരലോകവാസത്തിനെ കാംക്ഷിക്കാൻ നമുക്കു മനസ്സുണ്ടാകുന്നതിനും അതിലേക്കു നമ്മെ സന്നദ്ധരാക്കുന്നതിനും ആയിട്ടാണു്. നമുക്കു ക്ലേശം ഉണ്ടാകുന്നതു ദൈവവിധിയാണെന്നു ഞാൻ പറഞ്ഞുവല്ലൊ. പരമകാരുണികനായ സർവ്വശക്തൻ നമുക്കു നന്മയല്ലാതെ ഒരിക്കലും ചെയ്യുകയില്ല.

ശ്രീമ—ആളുകൾ അവരുടെ ക്ലേശത്തെ എന്തിനായി മറയ്ക്കുന്നു?

വിശാ—അതിമാത്രമായ ക്ലേശത്തേയും സന്തോഷത്തേയുംമറയ്ക്കുക എന്നതു മനുഷ്യസ്വഭാവമാണ്. സമസൃഷ്ടികൾഇവയുടെ പരമാൎത്ഥസ്ഥിതി ബോധിക്കരുതെന്നാണ് ആളുകളുടെ ഉദ്ദേശം. ഈശ്വരങ്കൽ സമർപ്പിച്ച് ഇവയെ ലോകവാസികളിൽനിന്നു മറയ്ക്കുകയാണു ചെയ്യാറുള്ളത്. കുഞ്ഞേ! നിന്റെ പ്രായക്കുറവുകൊണ്ടു നിനക്ക് ഇതൊന്നും വേണ്ടവണ്ണം മനസ്സിലാകയില്ല.

ശ്രീമ—അക്കാ!എങ്കിലും ഓരോരുത്തരുടെ അമിതമായ അഹ്ളാദവും ഐശ്വൎയ്യമദവും കാണുമ്പോൾ ഇവർക്ക് ഇവയ്ക്കുള്ളിലായി ചില ക്ലേശപ്രവാഹങ്ങൾ കൂടിയുണ്ടെന്നു ഞാൻ ഓർമ്മിച്ചുകൊള്ളാം.

വിശാ—പ്രത്യക്ഷമായിട്ടില്ലെങ്കിലുംഅദൃശ്യമായ ചില ദുഃഖാനുഭവങ്ങളെങ്കിലും എല്ലാവർക്കും കാണാതിരിക്കയില്ല. കുഞ്ഞേ! ഞാൻ പണ്ട് ഒരു സ്ത്രീയെ അറിയുമായിരുന്നു. അവർക്കു സുഖജീവിതത്തിനാവശ്യമുള്ള എല്ലാകാൎയ്യങ്ങളും പുറമെ പൂർണ്ണമായി ഉണ്ടായിരുന്നു. ആ സ്ത്രീയുമായി ധാരാളം പരിചയപ്പെട്ടതിൽപ്പിന്നെ ഒരു ദിവസം ഞാൻ അവരോട് ഇങ്ങനെ പറഞ്ഞു. "അമ്മാ, മനസ്സുഖമുള്ളവരായി ഈ ലോകത്തിൽ ആരെങ്കിലും ഉണ്ടെങ്കിൽ അതു നിങ്ങൾ തന്നെയാണ്." ആഹാ എന്റെ കുഞ്ഞേ, അവരുടെ അപ്പോഴത്തെ മറുപടിയും ദുഃഖപൂർണ്ണമായ മുഖഭാവവും ഞാൻ ഒരു കാലത്തും മറന്നുപോവുകയില്ല. അവർ ഇങ്ങിനെയാണു പറഞ്ഞത്. "എന്നെപ്പോലെ മനശ്ചിന്തയും, ക്ലേശവും അനുഭവിക്കുന്നവരായി അധികം ആളുകൾ ഉണ്ടായിരിക്കയില്ല. എല്ലാവിധത്തിലും എനിക്ക് ഇവയല്ലാതെ യാതൊരു ആനന്ദവും ഇല്ല. ദൈവകാരുണ്യം ഒന്നുകൊണ്ടുമാത്രമാണു ഞാൻ ഇവയെ സഹിച്ച് ജീവിക്കുന്നത്. വിശാലാക്ഷി! പുറമെ കാണുന്നതുമാത്രംകൊണ്ടു ഭവതി യാതൊരു സംഗതിയും തീർച്ചയാക്കരുത്" ഈ മറുപടി കേട്ടപ്പോൾ

എൻെറ മിത്ഥ്യാബോധം നിശ്ശേഷം നീങ്ങി. ഞാൻ അറിയാതെ എൻെറ കണ്ണുകൾ നനഞ്ഞു. അവർ കരയുന്നതുകണ്ടു ഞാനും കരഞ്ഞുപോയി.

ശ്രീമ—അക്കാ! ആ അമ്മയുടെ ദുഃഖത്തിനു കാരണമെന്തായിരുന്നു?

വിശാ—ഇന്നതെന്നു് അവർ പറഞ്ഞില്ല. അവരുടെ അപ്പോഴത്തെ സങ്കടാവസ്ഥ കണ്ടു മനസ്സു ഭ്രമിച്ചു ഞാൻ മറെറാന്നും അവരോടു ചോദിക്കാൻ ഒരുമ്പെട്ടില്ല. ലോകദൃഷ്ടിയിൽ അവർ പരമഭാഗ്യവതി എന്നല്ലാതെ തോന്നുമായിരുന്നില്ല. ഭത്താവും മക്കളും സഹോദരീസഹോദരന്മാരും എല്ലാവരും അവക്കുണ്ടായിരുന്നു. എന്നിട്ടും ക്ലേശം ഉള്ളിൽ ധാരാളം ഇല്ലാതെയിരുന്നില്ല.

ശ്രീമ—എനിക്കു് അതു വരുന്നുഎങ്കിൽ ഞാൻ എന്താണു് ചെയ്യേണ്ടതു്? മരിച്ചുകളയണോ?

വിശാ—കുഞ്ഞേ, അതു വരുന്നതു് അങ്ങിനെ മനുഷ്യരെ കൊണ്ടുപൊയ്ക്കളയുന്നതിനല്ല. നേരെമറിച്ചു മനുഷ്യർ ഏതുപ്രകാരമാണു് ജീവിക്കേണ്ടതെന്നു് അവരെ പഠിപ്പിക്കാനാണു്. ഞാൻ ഒരു ഗുണദോഷവാക്യം പറഞ്ഞുതരാം. നീ അതു മനസ്സിൽ സംഗ്രഹിച്ചു സദാ ഓർമ്മിച്ചുകൊള്ളണം. കഷ്ടകാലം അതായതു ചിന്തയും ക്ലേശവും മനുഷ്യഹൃദയത്തെ ഒന്നുകിൽ അലിവില്ലാത്തതാക്കിത്തീർക്കുന്നു അല്ലെങ്കിൽ സ്വർഗ്ഗദർശനത്തിനു് ഒരുക്കുന്നു. എൻെറ പ്രിയ സഹോദരീ, നിനക്കു് ഇതു് എപ്പോഴെങ്കിലും ഉണ്ടാകുന്നെങ്കിൽ അതിൻെറ പ്രയോജനം ഈ ഒടുവിൽ പറഞ്ഞതായിരിക്കട്ടെ.

ശ്രീമ—അക്കാ, ഈ നീതിവാക്യം വളരെ നല്ലതുതന്നെ. ഞാൻ ഇതു ഉരുവിട്ടുപഠിച്ചു് എപ്പോഴും ഓർമ്മിച്ചുകൊള്ളാം.

# പതിനഞ്ചാം അദ്ധ്യായം

അച്ഛൻ വിളിക്കുന്നതുകേട്ടു കാമവല്ലി അങ്ങോട്ടേയ്ക്കുചെന്നു. ഇൻസ്പെക്ടർ ഒരു ചാരുകസേരയിൽ കിടന്നുകൊണ്ടു കാലുകൾ ഒരു സ്റ്റൂളിൽ എടുത്തുവച്ചിരിക്കുകയായിരുന്നു. അവയിൽ വച്ചുകെട്ടുകൾ പല സ്ഥലങ്ങളിൽ കാണാനുണ്ട്. കാലുകളെ സംബന്ധിച്ചിടത്തോളം അയാൾ നിസ്സഹായൻ തന്നെ. എന്നാൽ നാക്കും കൈകളും നേരെ മറിച്ചുമായിരുന്നു. കൈകൾ എപ്പോഴും വടി ഇടിച്ചു ശബ്ദമുണ്ടാക്കുന്ന ജോലി യഥേഷ്ടം അനുഷ്ഠിക്കുന്നുണ്ടായിരുന്നു. നാക്ക് അതിന്റെ കൃത്യം വീട്ടിലുള്ള സകലർക്കും ഉപദ്രവം തോന്നത്തക്കവണ്ണവും ചെയ്തുവന്നു. അയാൾ കാമവല്ലിയെ അസന്തോഷത്തോടുകൂടി നോക്കി.

ഇൻ—നീയാണൊ അവിടെ ഉച്ചത്തിൽ പാടിക്കൊണ്ടിരുന്നതു്?

കാമ—അതെ അച്ഛാ!

ഇൻ—ശ്രീമതിയല്ലായിരുന്നു അല്ലെ?

കാമ—അവൾക്കു് എന്നോളം പരിചയമില്ലെന്നു് അച്ഛനു് അറിഞ്ഞുകൂടെ?

ഇൻ—അതു് അവൾക്കു് ഒരു വലിയ ഭാഗ്യം തന്നെ. എന്തെന്നാൽ അവൾക്കു നല്ല അടി അഞ്ചാറു കൊടുത്തും വെച്ചുവേണം മററു കാൎയ്യങ്ങൾ നടത്താൻ എന്നാണു് ഞാൻ വിചാരിച്ചിരുന്നതു്. കാമവല്ലീ, ആ പിയാനൊ ഇത്ര വളരെ ഉച്ചത്തിൽ വായിച്ചു് ഇങ്ങനെ ശബ്ദമുണ്ടാക്കി എന്നെ അസഹ്യപ്പെടുത്താൻ നിനക്കു ധൈൎയ്യമുണ്ടായതെങ്ങിനെ? നോക്കിക്കോ. അതു ഞാൻ വിററുകളയുന്നുണ്ടു്.

ഇൻസ്പെക്ടർ ദിവസേന ഇങ്ങനെ പറഞ്ഞു ഭയപ്പെടുത്തുക പതിവായിരുന്നതുകൊണ്ടു കാമവല്ലി അതിനെ ഒട്ടും തന്നെ ഗണ്യമാക്കിയില്ല.

ഇൻ—വിശാലാക്ഷി എവിടെ?

കാമ—അക്കൻ അതാ ആ ഒരിക്കലും തീരാത്ത ചെലവു കണക്കുംകൊണ്ടു് അവിടെ ഇരിക്കുന്നു.

ഇൻ—ഛേ, അതെല്ലാം എടുത്തു തീയിലിടുവാൻ പറയുക.

കാമ—എനിക്കും അതിനുത്സാഹം തോന്നുന്നുണ്ടു്.

ഇതു കേട്ടു് ഇൻസ്പെക്ടർക്കു കോപം ജ്വലിച്ചു. അയാൾ അഞ്ചു മിനിററു മകളെ അനവരതമായി ശകാരിച്ചുകൊണ്ടിരുന്നു.

ഇൻ—ആ കേസന്വേഷണം തീർന്നോ?

കാമ—അച്ഛാ! എനിക്കു് അതിനെപ്പററി ഒന്നും അറിഞ്ഞുകൂടാ.

ഇൻ—നരഹരവൈദ്യൻ ഇങ്ങോട്ടെങ്ങും വന്നില്ലേ?

കാമ—ഇല്ല.

അവളുടെ മുഖത്തു പെട്ടെന്നുണ്ടായ ലജ്ജാസ്ഫുരണം മറയ്ക്കുന്നതിനായി അവൾ വേഗത്തിൽ കുനിഞ്ഞു് അച്ഛൻെറ കാലുകൾ വെച്ചിരുന്ന തലയിണയെ അടിച്ചൊതുക്കാൻ ശ്രമിച്ചു. ഇങ്ങനെ ചെയ്ക കൂട്ടത്തിൽ നീക്കേട്ടു്

അധികമായുണ്ടായിരുന്ന സ്ഥലത്തു് അവളുടെ കൈകൾ അറിയാതെ കൊള്ളുന്നതിനും തൻമൂലം ഇൻസ്പെക്ടർക്കു പെട്ടെന്നു് ഒരു വലിയ വേദന ഉണ്ടാകുന്നതിനും ഇടയായി. അയാൾ അത്യുച്ചത്തിൽ ഗർജ്ജിച്ചുകൊണ്ടു വടി നിലത്തിട്ടടിച്ചു.

കാമ—അച്ഛാ, അറിയാതെ എന്റെ കൈ അവിടെ കൊണ്ടുപോയതു ക്ഷമിക്കണേ. ഞാൻ വളരെ വ്യസനിക്കുന്നു.

ഇൻ—അസത്തെ അറിയാതെയൊ അറിഞ്ഞോ ആയാലും വേദന ഒന്നുപോലെയല്ലേ? നിനക്കു വാതനീരു വന്നിട്ടില്ല. അതുകൊണ്ടാണു് ഇങ്ങിനെ പറയുന്നതു്.

കാമ—എനിക്കു വാതം ഉണ്ടായിട്ടില്ല.

ഇൻ—അതുകൊണ്ടാണല്ലോ സൂക്ഷിക്കാത്തതു്. വേദന അറിഞ്ഞിട്ടുള്ളവളാണെങ്കിൽ ഇങ്ങനെ അലക്ഷ്യമായി എന്നെ സങ്കടപ്പെടുത്തുകയില്ലായിരുന്നു. നീ ഇവിടെ എന്തിനു നില്ക്കുന്നു? വേണ്ട, പുറത്തുപോയി വിശാലാക്ഷിയെ ഇവിടേയ്ക്കു പറഞ്ഞയയ്ക്കുക.

കാമ—അച്ഛൻ എന്നെ വിളിച്ചതു് എന്തിനായിരുന്നു?

ഇൻ—ആ ശനിപിടിച്ചപിയാനോയെപ്പററി പറയാനാണു്. നാളെ ആരെയെങ്കിലും വിളിച്ചുവരുത്തി അതു ഞാൻ വില്ക്കുന്നുണ്ടു്. നരഹരവൈദ്യൻ വരാത്തതെന്തു്? അയാൾ ഈയിട വലിയ അന്തസ്സുകാരൻ ആയിത്തീർന്നിരിക്കയാണു്. ഇന്നു് ആ ദ്രോഹിയെ ഇങ്ങോട്ടേക്കു കണ്ടേയില്ലല്ലോ. അയാളെ ഉപേക്ഷിച്ചുംവെച്ചു മററു വൈദ്യന്മാരിൽ ഒരുവനെ വിളിച്ചാൽ എന്തെന്നാണു് എന്റെ ആലോചന. ആദ്യംതന്നെ അതു മതിയായിരുന്നു. അവർ നല്ല വകതിരിവും ശ്രദ്ധയും ഉള്ളവരാണു്. എന്റെ പടി

ക്കകത്തു് ഇനിമേൽ കാൽവെക്കരുതെന്നു് അയാളുടെ പേർക്കു് ഇപ്പോൾത്തന്നെ ഒരെഴുത്തെഴുതി അയയ്ക്കുക.

കാമവല്ലിയുടെ മനസ്സിടിഞ്ഞു. അച്ഛൻ ഇങ്ങനെ ചെയ്യുകളഞ്ഞെങ്കിലൊ എന്നായിരുന്നു അവളുടെ ഭയം.

കാമ—നാം കൊടുക്കാനുള്ള പീസു കൊടുക്കാതെ വേണ്ടെന്നു വയ്ക്കുന്നതു ന്യായമല്ലല്ലൊ.

ഇൻസ്പെക്ടർ ഗർജ്ജിച്ചു.

ഇൻ—ആകട്ടെ. ചിന്നപ്പൻ മടങ്ങിവന്നില്ലേ?

കാമ—ഇല്ല. വരാൻ സമയമായില്ലല്ലൊ.

ഇൻ—സമയമായി എന്നു് എനിക്കല്ലെ അറിയാവുന്നതു്? അവൻ കേസുവിചാരണകേട്ടുകൊണ്ടു നിൽക്കുകയാണു്. ഒരു മണ്ടൻ മറ്റെത്രപേരെ മണ്ടന്മാരാക്കുന്നു! വരട്ടെ, അവൻ ഇവിടെ വരട്ടെ. ഞാനും ഒന്നു വിസ്തരിക്കാം. വടി എന്റെ പക്കൽ ഉണ്ടല്ലൊ. അവൻ കേസുവിസ്താരം ശ്രദ്ധിക്കയല്ലേ ചെയ്യുന്നതു്? അടിശിക്ഷ ഞാനും നടത്താം.

ഇങ്ങനെ പറഞ്ഞുകൊണ്ടു് അയാൾ ഊർജ്ജിതമായി വടി മേശപ്പുറത്തടിച്ചു. അതിന്റെ പുറത്തു വെച്ചിരുന്ന പിഞ്ഞാണവും പലഹാരവും ദൂരെ തെറിച്ചുപോയി. കാമവല്ലി വേഗത്തിൽചെന്നു് അതെടുത്തുകൊണ്ടുവന്നു് അച്ഛന്റെ അടുക്കൽവെച്ചു. അയാൾ കുറെ അപ്പം മുറിച്ചെടുത്തു വായിലിട്ടു.

ഇൻ—ആരാണിതുണ്ടാക്കിയതു്?

കാമ—അക്കനായിരിക്കും.

ഇൻ—എന്താണു് ഇതിൽ ചേർത്തിരിക്കുന്നതു്? ദോശയ്ക്കു് ആരെങ്കിലും തുവരപ്പരിപ്പു ചേർക്കുമോ? ഉഴുന്നില്ലെങ്കിൽ ദോശ ഉണ്ടാക്കാതിരുന്നാൽ പോരെ? തുവരദോശ എനിക്കു് വേണ്ടെന്നു് എത്രയോ പ്രാവശ്യം ഞാൻ പറ

ഞ്ഞിട്ടുണ്ടു്. ഈ നാറിയ പലഹാരം ആരു തിന്നും? എനിക്കു വേണ്ട.

ഇൻസ്പെക്ടർ ഇത്രയുമൊക്കെ പറഞ്ഞപ്പോഴേക്കു് പലഹാരം മിക്കവാറും തീർന്നു.

കാമ—അച്ഛാ! അക്കൻ ഇന്നലെ ഉഴുന്നു വാങ്ങിച്ചില്ലെ; ഇതു തുവര ചേർത്തുണ്ടാക്കിയതല്ല. അച്ഛനു തെററിപ്പോയതാണു്. വേദനകൊണ്ടു് ഒന്നിനും രുചി തോന്നിയില്ലായിരിക്കാം.

ഇൻ—സ്നേഹമയി എന്താണു് പറഞ്ഞിട്ടുള്ളതു്?

കാമ—സ്നേഹമയിയോ?

അച്ഛൻ ഈ പേരു പറയുന്നതുകേട്ടു് അവൾ അത്യന്തം വിസ്മിതയായിത്തീർന്നു.

ഇൻ—അതെ.അവൾ എന്താണു് പറഞ്ഞിരിക്കുന്നതു്?

കാമ—എപ്പോൾ അച്ഛാ?

ഇൻ—എപ്പോൾ എന്നോ? വിശാലാക്ഷിക്കു് ഇന്നാൾ ഒരെഴുത്തു കിട്ടിയില്ലെ? ചൊവ്വാഴ്ചയോ മറേറാ അല്ലായിരുന്നോ?

കാമ—അച്ഛാ, അക്കനു് എഴുത്തൊന്നും കിട്ടിയില്ലല്ലൊ.

ഇൻ—അങ്ങിനെയല്ല.എഴുത്തു കിട്ടിയിട്ടുണ്ടു് എന്നു അവൾ എന്നോടു പറഞ്ഞുവല്ലൊ. ആഹ! ഈ കാര്യം എന്നെ അറിയിച്ചുകൂടെന്നാണോ നിന്റെ ആലോചന?

കാമ—അച്ഛാ, വാസ്തവത്തിൽ എഴുത്തൊന്നും കിട്ടീട്ടില്ല. എനിക്കു നിശ്ചയമായി അറിയാം. ഉണ്ടായിരുന്നെങ്കിൽ അക്കൻ എന്നെ അറിയിക്കാതിരിക്കയില്ലായിരുന്നു.

ഇൻ—ദ്രോഹി!അച്ഛനെവഞ്ചിക്കാനാണോ നിന്റെ ആരംഭം? വിശാലാക്ഷി ഇല്ലായിരുന്നെങ്കിൽ ഞാൻ

നിന്റെ കയ്യിൽ പാവക്കൂത്തു കളിക്കയേ ഉള്ളായിരുന്നു. മതി മതി. നീ പൊയ്ക്കൊള്ളുക.

കാമവല്ലി പതുക്കെ പുറത്തേക്ക പോയി. പോകാൻ അനുവാദം കിട്ടിയതു വലിയ കാൎയ്യമായി. അവൾ സന്തോഷിച്ചു.

കാമ—അക്കാ, അച്ഛനു് ഇന്നു കോപം വളരെ അധികമാണു്. തൊട്ടതിനും പിടിച്ചതിനുമെല്ലാം അദ്ദേഹം വഴക്ക പറയുന്നു.

വിശാ—സുഖക്കേടുള്ളവരുടെ സ്വഭാവമാണതു്. എന്നു തന്നെയുമല്ല അച്ഛൻ വലിയ അധികാരം വഹിച്ചിരുന്ന ഒരു ഉദ്യോഗസ്ഥനുമല്ലെ? എന്തു് ആജ്ഞാശക്തിയാണു് അച്ഛനുണ്ടായിരുന്നതു്.

കാമ—അയ്യൊ ശിപായിമാരും പാവപ്പെട്ട ജനങ്ങളും അക്കാലത്തു വളരെ വിഷമിച്ചിരുന്നിരിക്കാം, സംശമില്ല. അതിരിക്കട്ടെ, അക്കാ, ഇന്നു ദോശയുണ്ടാക്കിയിരുന്നതു് എന്തു ചേൎത്തായിരുന്നു? ഉഴുന്നോ തുവരപ്പരിപ്പോ?

വിശാ—തുവരപ്പരിപ്പു ചേൎത്തുണ്ടാക്കുകയായിരുന്നു.

കാമ—അച്ഛൻ കുററം പറഞ്ഞതു വെറുതെ അല്ലല്ലൊ. അതു് അച്ഛൻ അറിയുകയില്ലെന്നാണോ അക്കൻ വിചാരിച്ചതു്?

വിശാ—ചിലചേരുവകളെല്ലാം ചേൎത്തുണ്ടാക്കിയാൽ തുവരപ്പരിപ്പുദോശ, വളരെ സ്വാദുള്ളതായിരിക്കും.

കാമ—ഏതായാലും അച്ഛനു രസിച്ചില്ല. ഉള്ളിയോ ഉലുവായൊ എന്തൊക്കെയോ നാറുന്നു എന്നാണു് അച്ഛൻ പറഞ്ഞതു്. ഉഴുന്നാണെന്നു ഞാൻ വാദിച്ചു.

വിശാ—ഉഴുന്നു് ഇന്നില്ലായിരുന്നു. വാങ്ങിക്കണമെങ്കിൽ അതിനു പണം കൊടുക്കേണ്ടേ? തുവര ഇവിടെ കുറെ

ഇരിപ്പുണ്ടായിരുന്നു. ഇങ്ങനെ ഇന്നു കഴിയട്ടേ എന്നാണു് ഞാൻ കരുതിയതു്. ഇവിടത്തെ ചെലവിന്റെ കുഴപ്പമൊന്നും അച്ഛൻ അറിയുന്നില്ല.

കാമ—അക്കനല്ലേ അച്ഛൻ ഇതൊന്നും അറിയരുതെന്നു നിർബന്ധമുള്ളതു്? വേറെ ആരായിരുന്നാലും അച്ഛനെ അറിയിക്കാതിരിക്കയില്ല. അക്കാ, ഈയിടെ എങ്ങാനും സ്നേഹമയിയുടെ എഴുത്തു കിട്ടിയോ?

വിശാലാക്ഷി അത്ഭുതഭാവത്തിൽ തല ഉയർത്തി നോക്കി.

വിശാ—ഞാൻ അവളുടെ വിവരംഅറിഞ്ഞിരുന്നുവെങ്കിൽ നിന്നെ ഉടൻ അറിയിക്കാതിരിക്കുമായിരുന്നോ? നീ എന്താണു് ഇങ്ങനെ ചോദിച്ചതു്?

കാമ—ചൊവ്വാഴ്ച അക്കനു് അവളുടെ ഒരെഴുത്തു കിട്ടിയതായി അക്കൻ അച്ഛനോടു പറഞ്ഞു എന്നു് അച്ഛൻ ഇപ്പോൾ എന്നോടു പറഞ്ഞു. അങ്ങിനെ ഉണ്ടായില്ലെന്നു ഞാൻ പറഞ്ഞപ്പോൾ അച്ഛൻ എന്നെ കള്ളി എന്നു വിളിച്ചു ശകാരിച്ചു.

വിശാ—സ്നേഹമയിയുടെ എഴുത്തു കിട്ടിയതായി ഞാൻ പറഞ്ഞു എന്നാണോ അച്ഛൻ നിന്നോടു പറഞ്ഞതു്?

കാമ—അതേ. കഴിഞ്ഞ ചൊവ്വാഴ്ച എഴുത്തു കിട്ടിയതായിട്ടാണു് അച്ഛൻ പറഞ്ഞതു്.

വിശാ—എന്തു് ഉദ്ദേശിച്ചായിരിക്കാം അച്ഛൻ ഇങ്ങനെ പറഞ്ഞതെന്നു് എനിക്കു മനസ്സിലാകുന്നില്ല. വരട്ടെ, ഞാൻ ഓർമ്മിക്കുന്നു. എനിക്കു മനസ്സിലായി. ശരിതന്നെ. ഞാൻ അച്ഛന്റെ അടുക്കൽ സ്നേഹമയിയുടെ പേരു പറയുകയുണ്ടായി. അതു് അച്ഛൻ അവളെപ്പററി എന്തെങ്കിലും പറയട്ടെ എന്നു വെച്ചായിരുന്നു. അവളുടെ എഴുത്തു്

ഈയിടെ കിട്ടാതെയിരിക്കയില്ലെന്നാണ് ഞാൻ പറഞ്ഞതു്. അതു ചൊവ്വാഴ്ച ആയിരുന്നു. ഉള്ളതുതന്നെ.

കാമ—അവളുടെ എഴുത്തു് ഈയിടെ കിട്ടുമെന്നു് അക്കൻ വിചാരിക്കുന്നതെന്തുകൊണ്ടാണ്.

വിശാ—എനിക്കു തിങ്കളാഴ്ച ഒരു വിശേഷപ്പെട്ട സ്വപ്നം ഉണ്ടായി. അവളേപ്പററി ഈയിടെ നാം കേൾക്കാതിരിക്കയില്ല.

കാമവല്ലി പൊട്ടിച്ചിരിച്ചു.

കാമ—അക്കാ, ഇതെന്തു നേരം പോക്കാണ്? നിങ്ങളുടെ സ്വപ്നം സത്യമാണെന്നു ബുദ്ധിയുള്ളവർ ആരെങ്കിലും വിശ്വസിക്കുമോ? എന്തായിരുന്നു സ്വപ്നം കേൾക്കട്ടെ.

വിശാ—നീ എന്നെ പരിഹസിക്കും.

ശ്രീമ—അക്കാ, ഞാൻ അക്കനെ പരിഹസിക്കയില്ലല്ലോ. പറയുക സ്വപ്നം എന്തായിരുന്നു എന്നു കേൾക്കട്ടെ. അതു കേൾക്കാൻ എനിക്കു വലിയ രസമുണ്ടു്.

വിശാ—ഇല്ല, ശ്രീമതി. ഞാൻ പറയുകയില്ല. പറയുന്നതിനു തക്കവണ്ണം രസമുള്ളതല്ല. ആ സ്വപ്നം നിമിത്തം ചൊവ്വാഴ്ച ഞാൻ അവളേപ്പററി വളരെ ഓർമ്മിച്ചു. അച്ഛന്റെ അടുക്കൽ അതുകൊണ്ടുതന്നെയാണ് അവളുടെ പേരു ഞാൻ പറഞ്ഞതു്. ഇങ്ങനെയാണ് അച്ഛനു സംശയമുണ്ടായതു്. ഇപ്പോൾ കാര്യം മനസ്സിലായി.

കാമ—സ്വപ്നം അവളെ സംബന്ധിച്ചതായിരുന്നോ?

വിശാ—അതേ എന്നാൽ അതു പുറത്തുപറയുന്നതിനു് എനിക്കു വളരെ വ്യസനമുണ്ടു്. അത്രമാത്രം ഭയങ്കരമായ ഒരു സ്വപ്നമായിരുന്നു.

അപ്പോൾ ഒരു വേലക്കാരി വന്നു്, ഇങ്ങിനെ വിശാലാക്ഷിയോടു പറഞ്ഞു—"കൊച്ചമ്മാ അതാ ആ വണ്ടിക്കാ

രൻ പിന്നെയും വന്നിരിക്കുന്നു. വലിയ യജമാനനെ കാണ ണമെന്നാണ് അയാൾ നിർബന്ധിക്കുന്നതു്."

കാമ—ഇൻസ്പെക്ടരദ്ദേഹത്തിനു സുഖമില്ല. ഇപ്പോൾ ആരെയും കാണാൻ അദ്ദേഹത്തിനു സൌകര്യമില്ല. നീ ചെന്നു് അയാളോടു് ഇങ്ങനെ പറയുക.

വേല—ഞാൻ പറയുന്നതുകൊണ്ടു പ്രയോജനമുണ്ടെ ന്നു തോന്നുന്നില്ല. ഒന്നുകിൽ വലിയദ്ദേഹത്തിനെയോ അല്ലാത്തപക്ഷം നിങ്ങളിൽ ഒരാളെയോ കാണാതെപോവു കയില്ലെന്നാണ് അയാളുടെ ശാഠ്യം. ഞാൻ പറയുന്നതു കൊണ്ടു് അയാൾക്കു തൃപ്തിയാകുന്നില്ല.

വിശാ—എന്നാൽ ഞാൻ ചെല്ലാം. കഷ്ടം! ഇതെല്ലാം എത്രമാത്രം സങ്കടമാണ്. വല്ലവിധേനയും ചത്തെങ്കിൽ മതിയായിരുന്നു. എത്ര പേരോടാണ് അവധി പറയേണ്ട തു്. കടം തീർക്കാൻ ഒരു വഴി കാണുന്നുമില്ല.

ആ സമയത്തു് ഇൻസ്പെക്ടർ വടി തട്ടിക്കൊണ്ടു വിശാലാക്ഷിയെ ഉറക്കെ വിളിച്ചു. താമസിച്ചു ചെല്ലുന്ന തു് അയാൾക്ക് ഒട്ടും രസമല്ലായിരുന്നു എന്നു മകൾക്കു നല്ല വണ്ണം അറിയാമായിരുന്നു.

വിശാ—കാമവല്ലി, അച്ഛൻ എന്നെ അധികനേരം താമസിപ്പിക്കുമായിരിക്കും. എന്തിനാണ് വിളിക്കുന്നതെ ന്നറിഞ്ഞുകൂടല്ലൊ. അതുകൊണ്ടു അനുജത്തി നീ ആ വ ണ്ടിക്കാരന്റെ അടുക്കൽചെന്നു് അയാളെ സമാധാനപ്പെ ടുത്തി അയയ്ക്കുക.

കാമ—പോയേ മതിയാവൂ എങ്കിൽ പോകാം. എന്നാൽ പോകാതിരിക്കുകയാണ് എനിക്കു സന്തോഷം. ഇങ്ങ നെയുള്ള ബുദ്ധിമുട്ടുകൾ അക്കനോളം തന്നെ ഞാനും അ നുഭവിക്കേണ്ടവളാണല്ലൊ.

വിശാ—നിനക്ക് ഇവയൊന്നും സഹിക്കത്തക്ക ക്ഷമയുണ്ടെന്നു തോന്നുന്നില്ല. ക്ഷണത്തിൽ കോപം വന്നേയ്ക്കും. ഏതായാലും വേഗം ചെന്ന് അയാളെ പറഞ്ഞയയ്ക്കുക.

"ഇതാവരുന്നു. വന്നുകഴിഞ്ഞു" എന്ന് ഉച്ചത്തിൽ വിളിച്ചുപറഞ്ഞുകൊണ്ടു വിശാലാക്ഷി അച്ഛന്റെ അടുക്കലേയ്ക്കുചെന്നു.

കാമവല്ലി എഴുന്നേറ്റു തോട്ടത്തിലേക്കുചെന്നു ഗേറ്റിൽ കൂടി പുറത്തേക്കു നോക്കി. അവിടെ ഒരു വണ്ടിയുടമസ്ഥൻ നില്ക്കുന്നുണ്ടായിരുന്നു. ഈ മനുഷ്യന്റെ വണ്ടിയാണ് ഇൻസ്പെക്ടർ മിക്ക സവാരികൾക്കും ഉപയോഗിക്കാറുണ്ടായിരുന്നതു്. കൂലി അപ്പഴപ്പോൾ കൊടുക്കുക എന്നൊരു പതിവ് അയാൾ വെച്ചിരുന്നുമില്ല. പണച്ചുരുക്കത്തിനു പുറമെ ഇതിനു് അയാളുടെ അലസതയും ഒരു കാരണമായിരുന്നു. ആവശ്യമുള്ളപ്പോഴും ഇല്ലാത്തപ്പോഴും ഇൻസ്പെക്ടർ അന്തസ്സിനുവേണ്ടി വണ്ടി ഉപയോഗപ്പെടുത്തുകയാണു ചെയ്തുവന്നിരുന്നതു്. കൂലി തൊക്കം കൊടുക്കുന്നില്ലെങ്കിലും എല്ലാം കൂടി കണക്കുകൂട്ടി ഒന്നിച്ച് ഒരിക്കൽ കൊടുക്കേണ്ടിവരുമെന്നുള്ള വിവേചകപൂർവമായ ആലോചന അയാളുടെ മനസ്സിൽ കടന്നു കൂടിയിരുന്നില്ല. പല സവാരികളുടെ കൂലി കുടിശ്ശികകിടന്നതു് അനവധിതവണ ആവശ്യപ്പെട്ടിട്ടും കൊടുത്തുതീർക്കാതിരുന്നതിനാൽ ഇത്തവണ വണ്ടിയുടമസ്ഥൻ കുറെ മുഷിച്ചിലോടുകൂടി വന്നിരിക്കയാണു്.

കാമ—ഇൻസ്പെക്ടരെജമാനൻ സുഖമില്ലാതെ കിടക്കുകയാണു്. നിങ്ങൾ ഇത്തവണ പോകുക. അദ്ദേഹത്തെ ഇപ്പോൾ കാണാൻ തരപ്പെടുകയില്ല.

വണ്ടി—അമ്മാ, ഞാൻ പല അവധികൾ കേട്ടു. പലതവണ വരികയും വൃഥാ പോകുകയും ചെയ്തു. "യജമാ

നൻ ഇവിടെ ഇല്ല. യജമാനനു സുഖക്കേടാണ്" എന്നിങ്ങനെ ഓരോരിക്കൽ മറുപടി പറഞ്ഞു കടക്കാരെ ഉന്തിത്തള്ളി അയക്കുകയാണ് ഇവിടത്തെ പതിവ്. എനിക്കു വേറെ ജോലിയുണ്ട്. ഇതിനു മിനക്കെട്ടാൽ പോരാ. ഏർപ്പാട്ട് ഇപ്പോൾ എങ്ങിനെയെങ്കിലും തീർക്കണം.

കാമ—അതിനു നിങ്ങൾക്ക് എന്തുവേണം?

വ—എന്തു വേണമെന്നോ? എനിക്കു എൻെറ പണം കിട്ടണം. ഞാൻ വലിയ സ്വത്തുകാരനല്ല. ഈ വരുമാനം കൊണ്ടാണ് ഞാൻ ചെലവു കഴിക്കേണ്ടതു്. തരാനുള്ളവർ തന്നില്ലെങ്കിൽ എൻെറ വീട്ടിലുള്ളവർ പട്ടിണിയായിപ്പോകുമല്ലോ. എനിക്ക് ഇന്നു പണം കിട്ടിയെ മതിയാവൂ. എന്നിട്ടെ ഞാൻ പോകയുള്ളൂ.

വണ്ടിയുടമസ്ഥനു വലിയ നിർബന്ധമാണുണ്ടായിരുന്നതു്. അയാളുടെ ഇടപാടു തീർക്കാൻ തൻെറ പക്കൽ പണം ഇല്ലല്ലോ എന്നു കാമവല്ലി വ്യാകുലപ്പെട്ടു.

വ—നിങ്ങൾ അച്ഛനും കുഞ്ഞുങ്ങളും എല്ലാവരും ആവശ്യപ്പെട്ടപ്പോളൊക്കെ ഞാൻ വണ്ടി അയക്കണം. കൂലിക്കു വരുമ്പോൾ ചുമതലക്കാരായി ആരുമില്ല. മററാളുകൾ എന്നെ ഇങ്ങനെ ബുദ്ധിമുട്ടിക്കാറില്ല. ഇതു വലിയ അക്രമമാണ്. നിങ്ങൾ കൊള്ളാവുന്ന ആളുകളാകയാൽ എനിക്ക് ഒന്നും പറയാറാം വയ്യ. ഞാൻ വിഷമിച്ചു.

കാമ—പണം അധികമുണ്ടോ?

വ—അറുപതു രൂപയ്ക്കുമേൽ വരാനുണ്ടു്. കൊച്ചമ്മ തന്നെ തന്നാലും വേണ്ടില്ല.

തുക കേട്ടപ്പോൾ കാമവല്ലി അന്ധാളിച്ചു.

കാമ—നിങ്ങളുടെ ഏർപ്പാടു തീർക്കാൻ എനിക്കു സന്തോഷമുണ്ടു്. എന്നാൽ എന്തു ചെയ്യാം? കയ്യിൽ പണമില്ലല്ലോ.

വ—എന്നാൽ ഞാൻ അകത്തേക്ക ചെന്ന യജമാനനെ കണ്ടു കൊള്ളട്ടെ.

കാമ—അദ്ദേഹത്തിന്ന തീരെ സുഖമില്ല. നിങ്ങളെ കാണാൻ ഇപ്പോൾ നിവൃത്തിയില്ല. പരമാർത്ഥമാണ ഞാൻ പറയുന്നതു്. അച്ഛന്ന സ്വല്പം സുഖമുണ്ടായി കൊള്ളട്ടെ. അപ്പോൾ വരിക.

വ—ഇതെന്തു കഠിനമാണു്? പണം നിങ്ങളാരും തരികയുമില്ല, അദ്ദേഹത്തിൻെറ അടുക്കലേക്ക ചെല്ലാൻ എന്നെ അനുവദിക്കയുമില്ല. എന്നാൽ ഇത്രയെങ്കിലും അവിടെച്ചെന്ന പറയുക. ആ ഞങ്ങളെ—അതെ, മാന്യന്മാരെ—അലട്ടുന്നതിന്നു് എനിക്ക വളരെ മനസ്താപമുണ്ടു്. എന്നാൽ നിവൃത്തിയില്ലാഞ്ഞാൽ എന്തു ചെയ്യും. ഇതാ ഇന്ന വ്യാഴാഴ്ചയാണല്ലോ, ശനിയാഴ്ച പത്തു മണിക്ക മുമ്പ് എൻെറ പണം തരാത്തപക്ഷം ഞാൻ നിനക്കെതിരായി നമ്പരുപതിക്കും. ഒരു തർക്കവുമില്ല. പിന്നീടു് എന്നോടു് പരിഭവിക്കരുതു് എന്നു് യജമാനനോടു പറയണം.

വണ്ടിയുടമസ്ഥൻ പോകാനായി തിരിഞ്ഞു നടന്നു. കാമവല്ലി കലുഷിതഹൃദയയായി ഗേററിൽ ചാരി നിന്നു. ഇങ്ങനെയുള്ള വിഷമതകൾ ഒന്നും അവൾ സാധാരണയായി അറിയാറില്ല. എല്ലാ ക്ലേശവും സഹിക്കുന്നതു വിശാലാക്ഷിയാണല്ലോ. കാമവല്ലിയുടെ പ്രകൃതിക്കു് ഇത്തരം സങ്കടങ്ങൾ ഏറെക്കാലമനുഭവിക്കുന്നതിന്ന ശക്തിയുമില്ല. ഇപ്രകാരമുള്ള സങ്കടാവസ്ഥയിൽ അച്ഛനോടുകൂടി താമസിക്കുന്നതിനേക്കാൾ അധികം നല്ലതു് അരണ്യവാസം തന്നെയാണെന്ന അവൾക്ക തോന്നി.

കാമവല്ലി—പെട്ടന്ന തല ഉയർത്തി. എന്തെന്നാൽ കുറച്ചു കാലമായി തൻെറ പ്രാണപ്രിയനായി തീർന്നിരിക്കുന്ന ആ ആൾ അടുത്തു വരികയായിരുന്നു. അവളുടെ മുഖം

ച്ചുവന്നു. കവിൾത്തടങ്ങൾ തുടിച്ചു. കരചരണങ്ങൾ വിറച്ചു. നരഹരവൈദ്യൻ സാവധാനത്തിൽ വന്നുതന്റെ കാമിനിയുടെ കൈക്കു പിടിച്ചു.

നര—പ്രിയേ ഭവതി എനിക്കുവേണ്ടി ഇവിടെ കാത്തുനിൽക്കുകയാണോ?

അവൾ അതേയെന്നോ അല്ലായെന്നോ പറഞ്ഞില്ല. അയാളുടെ ദർശനാനന്ദവും കരസമ്പർക്കവും അവളെ കൃതാർത്ഥയാക്കിത്തീർത്തു. ഈ അത്യാനന്ദലഹരിയാൽ അവൾ ശരിയായ ഉത്തരം പറയുന്നതിനു് അശക്തയായിത്തീർന്നു.

നരഹരവൈദ്യനു് അവളോടു വാസ്തമായ പ്രേമം തോന്നിയിട്ടുണ്ടോ? ഉണ്ടു്. അങ്ങിനെയാണു് പറയപ്പെട്ടിട്ടുള്ളതു്. അയാൾക്കു് അവളോടു ശക്തിമത്തായ പ്രണയം ഉണ്ടെന്നാണു് അയാൾ പറയാറുള്ളതു്. നരഹരവൈദ്യൻ അത്രതന്നെ സുസ്ഥിരനാണെന്നു പറയാൻ പാടില്ല. മാനസിക വികാരങ്ങളെ സംബന്ധിച്ചിടത്തോളം അയാൾ ഒരു വിധം ചപലനാണു. അയാളുടെ പൂർവചരിത്രം അയാൾ പോലും അത്ര തൃപ്തിയോടും സന്തോഷത്തോടും കൂടി ഓർമ്മിക്കാറില്ലായിരുന്നു. കാമവല്ലി തന്റെ ദൃഷ്ടിപഥത്തിൽ എത്തിയതുവരെ നിഷ്കന്മഷമായ അനുരാഗം ഇന്നവിധത്തിലുള്ള ഒരു മനോവികാരമാണെന്നു് അയാൾ അറിഞ്ഞിരുന്നില്ല. അവളെ തന്റെ പ്രിയപത്നിയാക്കുന്നതിനു കുറച്ചുനാളായി അയാൾ മോഹിക്കാറുണ്ടു്. നരഹരവൈദ്യൻ എന്തെങ്കിലും ഒന്നു നിശ്ചയിച്ചാൽ അതു ചെയ്യുമെന്നുള്ളതും തീർച്ചയാണു്. അതാണു് അയാളുടെ സ്വഭാവം. അച്ഛന്റെയും കുടുംബത്തിന്റെയും അനുമതി ലഭിക്കുന്ന വിഷയത്തിൽ കാമവല്ലിക്കു വലിയ സംശയമുണ്ടായിരുന്നു. നരഹരവൈദ്യൻ ഈ വക തടസ്സങ്ങൾ തൃണസമാനങ്ങളായിട്ടാണു് ഗണിച്ചിട്ടുള്ളതു്.

കാമ—പ്രിയ, അങ്ങേ കാണുന്നതിനു് അച്ഛനു വലിയ ബദ്ധപ്പാടായിരിക്കുന്നു.

നര—എന്താ, അദ്ദേഹത്തിനു് ഇന്നു് സുഖക്കേടു കൂടുതലാണോ?

കാമ—ഹെയ്‌ അതൊന്നുമില്ല. എങ്കിലും കോപം അല്പം കൂടുതലായുണ്ടു്.

നര—ഇപ്പോൾ അങ്ങോട്ടേയ്ക്കു വരണമെന്നു ഞാൻ വിചാരിച്ചിരുന്നില്ല. എനിക്കു വേറൊരിടത്തു പോകേണ്ട അത്യാവശ്യമുണ്ടു്. മടങ്ങിവരുമ്പോൾ ഇവിടെ കയറാമെന്നായിരുന്നു വിചാരിച്ചിരുന്നതു്. അപ്പോളായാൽ അധികനേരം താമസിക്കാൻ സൌകര്യമുണ്ടായിരിക്കും.

കാമ—അങ്ങനെയല്ല. അല്പനേരമായാലും മതി. അച്ഛനെ ഇപ്പോൾ കാണുകയാണു നല്ലതു്. സൌകര്യമുണ്ടെങ്കിൽ മടങ്ങിവരുമ്പോഴും കയറാമല്ലോ.

നരഹരവൈദ്യൻ അകത്തേക്കു കടന്നു. അയാൾ അവളെ അകത്തേക്കു കൂട്ടിക്കൊണ്ടു പോകുന്നതിനായി കൈനീട്ടി.

കാമ—വേണ്ട, ജ്യേഷ്ഠത്തി അതാ നില്ക്കുന്നു.

നര—അത്രയും നല്ലതു തന്നെയല്ലോ. പ്രിയെ, ഞാൻ ഭവതിയുടെ കൈക്കുപിടിച്ചുകൊണ്ടുതന്നെ അകത്തേക്കു പോകും. അതുകൊണ്ടു യാതൊരു വൈഷമ്യവും വരാനില്ല. ഞാൻ ഈ കാര്യത്തെപ്പററി ഭവതിയുടെ അച്ഛനോടു പെട്ടെന്നു പറയുന്നതിനേക്കാൾ ഭേദം അവർ ക്രമേണ കാര്യം മനസ്സിലാക്കുന്നതാണു്. ഭവതിയുടെ അഭിപ്രായവും അതല്ലെ പ്രിയെ! ഒരു കാര്യം ഞാൻ പറയുന്നു. ഇനി അധികനാൾ താമസിയാതെ ഭവതിയുടെ അച്ഛനോടു ഞാൻ ഈ കാര്യത്തെപ്പററി സംസാരിക്കും.

നരഹരവൈദ്യന്റെ കൈക്കു പിടിച്ചുകൊണ്ടു കാമവല്ലി അകത്തേക്കു വന്നപ്പോൾ വിശാലാക്ഷി ശ്രീമതിയോടൊരുമിച്ചു ജന്നൽ വാതുക്കൽ നിൽക്കുകയായിരുന്നു.

വിശാലാക്ഷിയുടെ മുഖഭാവം മാറി. അവൾക്ക് ഈ കാഴ്ച ഒട്ടും തന്നെ ഹിതകരമായിരുന്നില്ല. ശ്രീമതിക്കുട്ടി പോലും വല്ലാതെ മിഴിച്ചു നോക്കി. സ്വകുടുംബത്തിന്റെ മാന്യാവസ്ഥയ്ക്കു ഇതു കേവലം അനുചിതമായിട്ടാണു് അവളും ധരിച്ചതു്.

ശ്രീ—അക്കാ, കൊച്ചുക്കനെ കണ്ടോ?

വി—കുഞ്ഞേ, അവൾ വിചാരഹീനയാണു്. തന്നെ താൻ മറന്നു പോകുന്നു.

നരഹരവൈദ്യൻ നേരെ ഇൻസ്പെക്ടരുടെ മുറിയിലേക്കു ചെന്നു. അവിടെ അധികനേരം താമസിച്ചില്ല. പെട്ടെന്നു മടങ്ങി പുറപ്പെട്ടു. വരാന്തയിൽ വെച്ചു് അയാൾ വിശാലാക്ഷിയെ കണ്ടു് ഉപചാരം ഭാവിച്ചു.

വി—നിങ്ങൾ അച്ഛനെ ഒന്നു നോക്കിയിട്ടു പോകാൻ വന്നതായിരിക്കാം അല്ലേ?

നര—എനിക്കു വേറൊരു സ്ഥലത്തു പോകാനുണ്ടു്. അതു കഴിഞ്ഞു മടങ്ങിവരുമ്പോൾ വീണ്ടും ഇവിടെ കയറാം.

വി—കേസു വിചാരണ കഴിഞ്ഞോ? നിങ്ങൾ ആ കാര്യത്തെപ്പറ്റി വല്ലതും കേട്ടോ?

നര—ഇതാ ഇപ്പോൾ തീർന്നതേയുള്ളു. അതുകൊണ്ടാണല്ലോ ഞാൻ ഇന്നു താമസിച്ചുപോയതു്. ഞാൻ രണ്ടുമൂന്നു തവണ കച്ചേരിയിൽ പോകേണ്ടിവന്നു.

കാമ—കേസിന്റെ തീരുമാനം എങ്ങനെയായിരുന്നു.

നര—തൃപ്തികരമാണെന്നു പറയാൻ പാടില്ല. മരണത്തിന്റെ ഹേതു വിഷപാനമാണെന്നു് അവർ തീർച്ച

യാക്കി. അതു മരുന്നിൽ കലർന്നിരുന്നതുമാണ്. എന്നാൽ മരുന്നിൽ വിഷം എങ്ങിനെ കലർന്നിരുന്നു എന്നുള്ളതിനു തൃപ്തികരമായ യാതൊരു തെളിവും കിട്ടീട്ടില്ല.

വി—എങ്ങിനെആയാൽ തൃപ്തികരമായ തീർച്ച എന്നു പറയാമെന്നാണു നിങ്ങളുടെ അഭിപ്രായം.

വൈദ്യൻ ചിരിച്ചു.

നര—സംഗതി ഇനിയും കുഴപ്പത്തിൽ കിടക്കുന്നതേ ഉള്ളല്ലോ. കാര്യം തീരുമാനമായില്ലല്ലോ. അതാണു തൃപ്തി കരമായില്ലെന്നു ഞാൻ പറഞ്ഞതു്.

വി—നിങ്ങൾ ആരേയെങ്കിലും സംശയിക്കുന്നുണ്ടോ?

നര—മനഃപൂർവമായി മരണം സംഭവിപ്പിച്ചിട്ടുള്ള തായി ഞാൻആരേയും സംശയിക്കുന്നില്ല.എന്നാൽ എനിക്കു ഈ വിഷയത്തിൽ എന്റെ സ്വന്ത അഭിപ്രായം ഇല്ലാതെയുമില്ല.

വി— അനാമയ വൈദ്യന്റെ അശ്രദ്ധ കൊണ്ടു് ഇങ്ങനെ സംഭവിക്കാൻ ഇടയായി എന്നായിരിക്കാം അല്ലേ?

വൈദ്യൻ തല കുലുക്കി.

നര—ഏതെങ്കിലും തെററുകൊണ്ടുതന്നേ എന്നുള്ളതിനു തർക്കമില്ല, അതു് ഇന്നാരുടെ എന്നു തീർച്ചയായി പറയാനും പാടില്ല. അത്രയൊന്നും പരസ്യമായി പറഞ്ഞു കൂടാ. ഒരു വൈദ്യൻ മറെറാരു വൈദ്യനെ ദൂഷിക്കുന്നതു ധർമ്മമല്ല.

വി--ഈ വിഷയത്തിൽ സംശയത്തിനു യാതൊരു മാർഗ്ഗവുമില്ലെന്നാണു് എനിക്കു തോന്നുന്നതു്. അനാമയ വൈദ്യന്റെ വീട്ടിൽനിന്നു മരുന്നു ദീനക്കാരിയുടെ വീട്ടി ലേക്കു നേരേ കൊണ്ടുപോയി. ആ സ്ഥിതിക്കു മററു് ഏതു

പ്രകാരത്തിലാണ് അതിൽ വിഷം കലരുന്നതു്. മരുന്നു വന്നുചേർന്ന ഉടൻ അതിൽ വിഷമണം ഉള്ളതായി നിങ്ങൾ പ്രസ്താവിക്കയും ചെയ്തു. അതിനാൽ വൈദ്യശാലയിൽവച്ചല്ലാതെ വിഷം കലർന്നിരിക്കാൻ ഇടയില്ല. ആ സ്ത്രീയുടെ ബന്ധുത്വത്തെപ്പററി വല്ല തുമ്പും കിട്ടിയോ?

നര--ഒന്നും അറിവായിട്ടില്ല. ഇരട്ടപ്പേരു പോലും ആക്കും അറിഞ്ഞുകൂടാ.

വി--നിങ്ങളെ ശുപാർശ ചെയ്തു കൊടുത്തതു് ആരെന്നും അറിഞ്ഞില്ലേ?

നര--അതും അറിഞ്ഞുകൂടാ. ഞാൻ ലാടപുരിയിൽ പലർക്കും എഴുതിഅയച്ചു. സ്നേഹലത എന്നൊരുയുവതിയെ ഈ രത്തിൽ അവർ ഒരുത്തരും അറിയുകയില്ല.

കാമ--മരിച്ച സ്ത്രീ വലിയ സുന്ദരിയായിരുന്നു എന്നു കേട്ടതു വാസ്തവംതന്നെയോ?

നര—ആരോഗ്യാവസ്ഥയിൽ നല്ല വസ്ത്രങ്ങളും ആഭരണങ്ങളും എല്ലാം ധരിച്ചിരുന്നെങ്കിൽ അങ്ങനെതന്നെ പറയാമായിരുന്നു. ഞാൻ ആ അവസ്ഥയിൽ അല്ലല്ലോ കണ്ടതു്.

നരഹരവൈദ്യൻ ഇപ്രകാരംപറഞ്ഞിട്ടു വേഗത്തിൽ പോയി.

# പതിനാറാം അദ്ധ്യായം

വർദ്ധിച്ചു വന്നുകൊണ്ടിരുന്ന സന്ധ്യാമയക്കത്തിൽ തോട്ടത്തിലെ ഈരടിപ്പാതയിൽക്കൂടി നരഹരവൈദ്യൻ ബദ്ധപ്പെട്ടു മടങ്ങിപ്പോകുന്നതു സൃക്ഷിച്ചു നോക്കിക്കൊണ്ടു കാമവല്ലി ജന്നൽവാതിൽക്കൽ നിന്നിരുന്നു. ക്ഷണനേരത്തിനകം അയാൾ മടങ്ങിഎത്തുമെന്നായിരുന്നല്ലോ അയാൾ പ്രതിജ്ഞ ചെയ്തിരുന്നതു്. തന്റെ കാമുകന്റെ ദർശനാനന്ദം ഉടൻതന്നെ വീണ്ടും ലഭിക്കുമല്ലോ എന്നുള്ള വിചാരം കാമവല്ലിയെ ഉത്സാഹഭരിതയാക്കിത്തീർത്തു. തന്മൂലം അവൾ സങ്കല്പിതസൗഭാഗ്യത്തിൽ മുഴുകി നിശ്ശബ്ദയായി അവിടെ നിന്നിരുന്നപ്പോൾ വിശാലാക്ഷി അവിടേക്കു വന്നു് ഇപ്രകാരം ശാസനാരൂപമായി അവളോടു പറഞ്ഞു.

വി--കാമവല്ലീ, നരഹരവൈദ്യനും നീയും ഒരുമിച്ചു കൈക്കു കൈ പിടിച്ചുകൊണ്ടു് അല്പം മുമ്പു തോട്ടത്തിൽ കൂടി നടന്നുവരുന്നതായി ഞാൻ കണ്ടതു വാസ്തവംതന്നെയല്ലേ?

കാമവല്ലിയുടെ മുഖത്തു പെട്ടെന്നുണ്ടായ ലജ്ജാഭാവം മറയ്ക്കുന്നതിനായി അവൾ മുഖം തിരിച്ചുകളഞ്ഞു.

വി—അനുജത്തി, അതു് അത്ര നന്നായില്ല. അയാൾ ഒരു വെറും വൈദ്യൻ മാത്രമാണല്ലോ. എന്തു കുടുംബശ്രേഷ്ഠതയാണു് അയാൾക്കുള്ളതു്. നമുക്കു് അയാളുടെ ബന്ധുക്കളെപ്പററി യാതൊന്നും അറിഞ്ഞുകൂടാ. നീ ഒരു മാന്യ കുടുംബത്തിൽ ജനിച്ചവളല്ലേ.

കാമ—എന്നു മാത്രമല്ല, വലിയ അന്തസ്സുകാരായ ബന്ധുക്കളുമല്ലേ നമുക്കുള്ളതു്. എന്നാൽ ഇവരെക്കൊണ്ടു്, എനിക്കു് എന്തു പ്രയോജനമാണു് ഉണ്ടാകുന്നതെന്നു ഞാൻ അറിയുന്നില്ല.

വി—കാമവല്ലി, പ്രിയേ, നാം ഉൽകൃഷ്ടകുടുംബക്കാരും വിശേഷിച്ചു പഴയ തറവാട്ടുകാരും ആണു്. നമ്മുടെ ജാത്യാഭിമാനം നാം കളഞ്ഞുകൂടാ. നാം യജമാനന്മാരെന്ന സ്ഥാനമുള്ള കുടുംബക്കാരാണു്.

കാമ—ജാതിശ്രേഷ്ഠത നമുക്കു് എന്നേ പൊയ്ക്കഴിഞ്ഞിരിക്കുന്നു. ഈ നിസ്സാര കടങ്ങൾ കൊടുത്തു തീർക്കാൻ ശതിയില്ലാതെ എന്നുമെന്നും അവധി പറകയും കണ്ട പിച്ചക്കച്ചവടക്കാരുടെ ശാസനകളും അധിക്ഷേപങ്ങളും കേൾക്കുകയും കടക്കാരെ ഭയപ്പെട്ടു് ഒളിച്ചു നടക്കുകയും നിൽക്കാൻ നിവൃത്തിയില്ലാതെ വരുമ്പോൾ സ്ഥലം വിട്ടു പൊയ്ക്കളയുകയും ചെയ്യുന്ന നമുക്കു കുലശ്രേഷ്ഠതയും തറവാട്ടുവലിപ്പവും ഒക്കെ എന്തിനാണു്. നമ്മെ ആരു പൂജിക്കും. വെളുത്തേടനും വണ്ടിക്കാരനും മോരുകാരിയും എണ്ണക്കാരനും ശകാരിക്കുന്നതു കേട്ടുകൊണ്ടു മൌനമായിരിക്കുന്ന നമുക്കാണോ സ്ഥാനമാനം? മതി, മതി.

വി—കാമവല്ലി, നീ തെററിദ്ധരിച്ചിരിക്കുകയാണു്. എൻെറ വാദത്തിനു് എതിരുവാദമായിട്ടാണു് നീ ഇങ്ങനെ പറയുന്നതെങ്കിൽ കാര്യം ശരിയായി നിനക്കു മനസ്സിലാ

യിട്ടില്ലെന്നു പറയേണ്ടിയിരിക്കുന്നു. കടമുണ്ടെന്നുള്ളതു് അപമാനകരമായ അവസ്ഥതന്നേ എന്നു ഞാനും സമ്മതിക്കുന്നു. എന്നു വരികിലും ഇതു നമ്മുടെ പദവികളേയും സ്ഥാനമാനത്തേയും കുടുംബശ്രേഷ്ഠതയേയും ജാതിവലിപ്പത്തേയും ഒരുവിധത്തിലും ധ്വംസിക്കുന്നില്ല. നമ്മുടെ ഉൽകൃഷ്ട ജനനത്തിനു് ഇതുകൊണ്ടു് ഒരു കറയും ക്ലാപവും ഉണ്ടാകുകയില്ല. അനുജത്തീ, നീ ഇനി മേലെങ്കിലും ആ വൈദ്യനുമായി സംസർഗ്ഗത്തിനു് ഇച്ഛരിക്കുകയോ അയാളെ സമനിലയിൽ സ്വീകരിക്കുകയോ ചെയ്യരുതേ. പണം ഉണ്ടാകുമ്പോൾ കടം തീൎന്നുപോകും. താണനിലയിലുള്ള ബന്ധുത്വം ഒരിക്കലും അങ്ങനെയല്ല. അതു കുടുംബത്തിനു ഹാനിയാണു്.

താൻ ദൃഢമായും നിസ്തുല്യമായും സ്നേഹിക്കുന്ന കാമുകനെപ്പററി ജ്യേഷ്ഠത്തി ഇപ്രകാരം അധിക്ഷേപസൂചകമായി സംസാരിച്ചതു കാമവല്ലിക്കു് ഒട്ടുംതന്നെ രസിച്ചില്ല. വിചാരശൂന്യമായ പ്രണയാധിക്യം ഹേതുവായി അവൾ മിക്കവാറും അന്ധപ്രായയായിത്തീൎന്നിരുന്നു. എങ്കിലും ജ്യേഷ്ഠത്തിയെ നേരിട്ടു ധിക്കരിക്കുന്നതിനു് അവൾക്കു മനസ്സുണ്ടായില്ല. തന്റെ ശാസന വേണ്ടുവോളം മതിയായി എന്നു കരുതി വിശാലാക്ഷിയും ആ ഭാഗം അവസാനിപ്പിച്ചു.

വി—വണ്ടിക്കാരൻ എന്താണു പറഞ്ഞതു്?

കാമ ശനിയാഴ്ച പന്ത്രണ്ടു മണിക്കു മുമ്പു പണം കൊടുത്തില്ലെങ്കിൽ അയാൾ നിശ്ചയമായി നമ്പരു പതിക്കുമെന്നാണു് പറഞ്ഞിരിക്കുന്നതു്. അയാൾ അങ്ങിനെ ചെയ്യാതിരിക്കയുമില്ല. മൎയ്യാദകേടായോ കോപത്തോടുകൂടിയോ ഒരക്ഷരം പോലും അയാൾ സംസാരിച്ചില്ല.

കാര്യം കാര്യംപോലെ നടത്തുന്നതിനേ താൻ നിശ്ചയിച്ചിട്ടുള്ളൂ എന്നായിരുന്നു അയാൾ പറഞ്ഞവസാനിപ്പിച്ചതു്.

വി—ജഗദീശാ, എന്താണു് മാർഗ്ഗം? ഈ പണം അമ്മാത്തേക്കു് എവിടെനിന്നുണ്ടാകും? എന്നെ വിററെങ്കിലും ഇയ്യാളുടെ പണം കൊടുത്തു തീർക്കേണ്ടതാണു്. അച്ഛൻ ഈ ശല്യമൊന്നും അറിയാതിരിക്കേണ്ടതും അത്യാവശ്യം.

കാമ—അങ്ങിനെഅല്ല. അച്ഛൻ അറിയുകതന്നെയാണു് വേണ്ടതു്. അദ്ദേഹത്തിനു് അതിനേക്കാൾ കാര്യക്ഷമത കൂടുതൽ ഇല്ലേ.

വി—അതെല്ലാം ശരിതന്നെ. എങ്കിലും അദ്ദേഹം ഈ സങ്കടം അനുഭവിക്കാൻ ഇപ്പോൾ ശക്തനല്ല. മററു സുഖക്കേടുകൾ തന്നെ വേണ്ടുവോളം ഉണ്ടു്. അദ്ദേഹം എൻെറ പ്രിയപ്പെട്ട അച്ഛനല്ലേ. മക്കളുടെ ധർമ്മം അച്ഛൻെറ സങ്കടങ്ങൾക്കു് അല്പമെങ്കിലും ശമനം വരുത്തുകയുമാണല്ലോ. എൻെറ ഏക ജീവിതോദ്ദേശ്യം ഇതുമാത്രമാണു്.

കാമ—അക്കനു് ഇതല്ലാതെ മററു യാതൊരു ജീവിതേച്ഛയുമില്ലേ.

വി—ഇതിനേക്കാൾ വലുതായി മറെറാന്നുമില്ല. എന്തെല്ലാം ചില്ലറ ഉപദ്രവങ്ങളാണു് നമുക്കുണ്ടായിക്കൊണ്ടിരിക്കുന്നതു്. ഇതാ, നമ്മുടെ വേലക്കാരി പോകാൻ പോകുന്നു. അവൾക്കു് ഇവിടെത്താമസിക്കാൻ കഴിയുകയില്ലപോലും.

കാമ—അതെന്താണു്.

വി—അവളുടെ സ്ഥിതി കുറേക്കൂടി നന്നാക്കുന്നതിനെന്നാണു് അവൾ പറയുന്നതു്. വാസ്തവത്തിൽ ഇവിടുത്തെ ജോലിക്കൂടുതൽ കൊണ്ടുള്ള മുഷിവായിരിക്കാം അവൾക്കു

ള്ളതു്. എന്നുതന്നെയുമല്ല, കടക്കാർ വന്നു് ഇങ്ങനെ ശല്യപ്പെടുത്തുന്ന വീട്ടിൽ പാക്കുന്നതു് അവൾക്കിഷ്ടവുമല്ലെന്നുകൂടി അവൾ ഒരു ദിവസം എന്നോടു പറയുകയുണ്ടായി. വേറൊരു വേലക്കാരിയെ കിട്ടിയാൽ, ഉടനെ അവളെ അയച്ചേക്കാമെന്നാണു് ഞാൻ പറഞ്ഞിട്ടുള്ളതു്. മനസ്സില്ലാത്തവരെ വീട്ടിൽ താമസിപ്പിക്കുന്നതു് യോഗ്യമല്ലല്ലൊ.

അപ്പോൾ ശ്രീമതി വെളിയിൽനിന്നു് ഓടി വന്നു.

വി—എന്താ കുഞ്ഞേ, നിനക്കു് എന്തുവേണം?

ശ്രീ—അക്കാ, അതാ അക്കനെ കാണാനായി ഏതോ ഒരു ചെറുപ്പക്കാരി വന്നു നിൽക്കുന്നു.

വേറൊരു കടക്കാരിയായിരിക്കുമെന്നു ശങ്കിച്ചു് വിശാലാക്ഷി മുഖം ചുളുക്കിക്കൊണ്ടു് ഇങ്ങനെ ചോദിച്ചു—പഴക്കടയിലെ കച്ചവടക്കാരിയല്ലെ?

ശ്രീ—ഹേയ് അവരല്ല; ഇതു് ഇവിടെ ജോലിക്കായ അപേക്ഷിക്കാൻ വന്നിട്ടുള്ള ഒരുത്തിയാണെന്നാണു് നമ്മുടെ വേലക്കാരി പറഞ്ഞതു്. അവർ രണ്ടുപേരും കൂടി അതാ അടുക്കളയിൽ ഇരുന്നു സംസാരിക്കുന്നു.

വി—അതിനു മുമ്പു് അവൾ വന്നിരിക്കുന്നോ? മറവൾ പോകണമെന്നു് ഇപ്പോളല്ലെ പറഞ്ഞതു്? നമ്മുടെ പഴേ വേലക്കാരിയെ ഇങ്ങോട്ടേക്കു വിളിക്കുക.

ശ്രീമതി പോയി അവളെ വിളിച്ചു കൊണ്ടുവന്നു.

വി—എന്താ, നിനക്കു നിർബന്ധമാണോ? പോയേ മതിയാകുവോ?

വേ—അതെ, ഞാൻ കുറച്ചുനാളായി ആലോചിച്ചുവരുന്ന കാര്യമാണു്. ചിലരോടെല്ലാം ഇതിനു മുമ്പുതന്നെ പറഞ്ഞിട്ടുമുണ്ടു്. അമ്മിണിഅമ്മ പറഞ്ഞയച്ച ഒരു സ്ത്രീയാണു് ഇപ്പോൾ വന്നിട്ടുള്ളതു്.

വി—എന്നാൽ ആ സ്ത്രീയെ തളത്തിലേക്ക് പറഞ്ഞയ്ക്കൂക. വിശാലാക്ഷി തളത്തിലേക്കു ചെന്നു. ചിരുതയും അവിടെ എത്തി. ചിരുതയുടെ മുഖഭാവവും മര്യാദയും വേഷവൃത്തിയും ആകെപ്പാടെ കൂടി കണ്ടിട്ട് വിശാലാക്ഷിക്കു പ്രഥമദർശനത്തിൽ തന്നെ അവളെപ്പററി വളരെ നല്ല ഒരു അഭിപ്രായമാണുണ്ടായത്.

താൻ ഇന്ന ആളാണെന്നും ഇതിനു മുമ്പ് ഇന്നയിന്ന സ്ഥലങ്ങളിൽ വേലയ്ക്കു നിന്നിരുന്നു എന്നും അവിടങ്ങളിൽ നിന്ന് ഇന്നയിന്ന കാരണങ്ങളാൽ പിരിഞ്ഞിരുന്നു എന്നും അമ്മിണിഅമ്മാളുടെ അഭിപ്രായപ്രകാരമാണ് വന്നിട്ടുള്ളതെന്നും മററും അവൾ വിശദമായി വിശാലാക്ഷിയെ ഗ്രഹിപ്പിച്ചു.

വി—ഇവിടെ ഒരു അരിവെയ്പുകാരിയെയാണ് ആവശ്യം. ചില സമയങ്ങളിൽ മററു ജോലികൾ കൂടി വഹിക്കേണ്ടിയും വന്നേക്കാം. രണ്ടുവിധത്തിലും പരിചയപ്പെട്ടിട്ടുള്ള ഓരാളായാൽ വളരെ നന്ന്. ഞങ്ങൾ സ്ഥാനമാനികളും പഴയ തറവാട്ടുകാരുമാണ്. എങ്കിലും എന്റെ അച്ഛൻ ഇൻസ്പെക്ടരദ്ദേഹത്തിന് ഇപ്പോൾ അംഗിത്തൂണ്ടായിപ്പോയതുകൊണ്ട് വരുമാനം നന്നെ കുറവാകയാൽ ഞങ്ങൾ വേലക്കാരേയും മററും വളരെ കുറച്ചിരിക്കുകയാണ്. നിങ്ങൾക്ക് ഇങ്ങനെയുള്ള സ്ഥലത്തു ജോലിയിൽ ഏർപ്പെടാൻ വിരോധമുണ്ടോ?

ചി—കൊച്ചമ്മാ, ഞാൻ മാത്രമേ ഇവിടെ വേലക്കുണ്ടായിരിക്കയുള്ളോ?

വി—സ്ത്രീയായി നിങ്ങൾ മാത്രമേ ഉണ്ടായിരിക്കൂ. ഞങ്ങൾക്ക് ഒരു വേലക്കാരനുംകൂടിയുണ്ട്. അയാൾ അച്ഛനെ പരിചരിക്കുക, വിറകുകീറുക, വെള്ളം കോരുക, കട

യിൽ പോകുക മുതലായ പ്രവൃത്തികൾ ചെയ്യും. ചില പ്പോൾ അടുക്കളയിലെ ജോലികും സഹായിച്ചുതരാതിരിക്കുകയില്ല. നിങ്ങൾക്കു ജോലി വളരെ കൂടുതലായി ഉണ്ടായിരിക്കും എന്നുള്ള ഭയം വേണ്ട.

ചി—ഇവിടെ താമസിക്കാമെന്നാണ് എന്റെ ആലോചന. ഒരിക്കൽ ഞാൻമാത്രമാണ് ഒരു മാന്യകുടുംബത്തിലെ സകല ജോലികളും നടത്തിവന്നിരുന്നതു്. കൊള്ളാവുന്ന സ്ഥലങ്ങളിലല്ലാതെ ഞാൻ ഇതേവരെ താമസിച്ചിട്ടില്ല.

വി—അങ്ങനെയുള്ളവരെയല്ലാതെ ഞങ്ങൾ ഏർപ്പെടുത്തുകയുമില്ല. നിങ്ങൾ ഇപ്പോൾ എവിടെയാണ് താമസിക്കുന്നതു്?

ചി—കോവിൽഭാഗത്തു് പതിന്നാലാം നമ്പർ വീട്ടിൽ ആണ്.

വി—അതു് ഈയിടെ ഒരു വിശേഷം നടന്ന വീടിന്റെ സമീപമല്ലേ?

ചി—അയൽ വീടാണ്. അതു് പതിമ്മൂന്നാം നമ്പർ വീട്ടിലായിരുന്നു. ഞാൻ പതിന്നാലാം നമ്പർ വീട്ടിൽ പാർക്കുന്നു.

വി—ഓഹോ നിങ്ങൾ അയൽക്കാരാണോ? ആ ചെറുപ്പക്കാരിയെ നിങ്ങൾ കണ്ടിട്ടുണ്ടോ?

ചി—ഓഹോ, പല തവണ കണ്ടിട്ടുണ്ടു്. അവിടെ കൂടി ഞാൻ താമസിച്ചിരിക്കുകയുമായിരുന്നു. അനാമയ വൈദ്യൻ ആയിരുന്നല്ലോ ആ അമ്മയുടെ പ്രസവം നടത്തിയതു്. അദ്ദേഹത്തിനു ബോധിച്ച ഒരു ആയയെ അപ്പോൾ കിട്ടിയിരുന്നില്ല. ഞാൻ കൂടി അവിടെ താമസിക്കുന്നതു് വലിയ കാര്യമായിരിക്കുമെന്നു് അദ്ദേഹം പറ

ഞ്ഞു. അതിനു മുമ്പ് പാർത്തിരുന്ന വീട്ടിൽവെച്ച് എനിക്കു അദ്ദേഹവുമായി വലിയ പരിചയമുണ്ടായിരുന്നു.

വി— ആ സംഭവം വളരെ ഭയങ്കരമായിപ്പോയി.

ചി—വളരെ കഷ്ടംതന്നെ. ആരുചെയ്തുതോ? ഈശ്വരനറിയാം.

വി—കുററക്കാരൻ അനാമയവൈദ്യൻ എന്നല്ലാതെ വരുമോ? അങ്ങിനെയല്ലേ കാഴ്ത്തിന്റെ പോക്ക്?

ചി—സംശയമാണ്. പോലീസുകാരുടെ അഭിപ്രായം മറിച്ചാണല്ലൊ.

വി—അവരുടെ അഭിപ്രായത്തിൻ ഹേതുവായ സംഗതിയെന്തെന്നെനിക്കറിയാം. സുപ്രണ്ടദ്ദേഹം സ്വദേശിയല്ലെ? ഈ സ്ഥലത്തെ ഒരാളുടെ മേൽ ഇത്രത്തോളം നീചമായ ഒരുകുററം സ്ഥാപിക്കേണ്ടെന്ന് അദ്ദേഹം വിചാരിക്കും. അനാമയവൈദ്യനോട്ട് നാട്ടുകാർക്കും വലിയ ഭക്തിയാണുള്ളതെന്നും കേട്ടിട്ടുണ്ട്. ഞങ്ങൾ അന്യനാട്ടുകാരാണ്. പരമാർത്ഥം ഒന്നും ഞങ്ങൾക്ക് അറിഞ്ഞുകൂടാ.

ചി—കേസ് ആകപ്പാടെ വലിയ കുഴപ്പത്തിൽ കിടക്കയാണ്. ഒരു തുമ്പുംശരിയായി ഇതുവരെ കിട്ടിയിട്ടില്ല. എപ്പോളെങ്കിലും സത്യം പുറത്താകാതിരിക്കയുമില്ല. അത് എനിക്കുറപ്പുതന്നെ. അനാമയവൈദ്യൻ നിരപരാധിയാണെന്ന് അക്കാലത്തു എല്ലാവർക്കും ബോധപ്പെടും.

വി—മരുന്നുണ്ടാക്കിക്കൊടുത്തതിൽ തെററില്ലെന്നാണൊ നിങ്ങളുടെ ബോധം?

ചി—അങ്ങനെയാണ് എന്റെ വിശ്വാസം. വൈദ്യശാലയിൽനിന്ന് യാതൊരു കളങ്കവുമില്ലാതെതന്നെ കൊടുത്തയച്ചിരിക്കും. ആ സാധുവായ കൊച്ചമ്മയെ ഏററവും കഠിനമായി ഏതോ മഹാപാപി കൊല ചെയ്തതാണെന്നാണ് എന്റെ പൂർണ്ണ വിശ്വാസം.

വി—ആരായിരിക്കാം ഇങ്ങനെ ചെയ്തതു്?

ചി—അവിടെയല്ലെ കുഴപ്പമെല്ലാം കിടക്കുന്നതു്? ആർക്കും കണ്ടുപിടിക്കാൻ സാധിക്കാത്ത കാൎയ്യം അതാണല്ലൊ.

ശ്രീമ—വിചാരണ കേട്ടുംവച്ചു മടങ്ങിപ്പോകുകയായിരുന്ന ചിലരെല്ലാം ഏതോ ഒരു വിശേഷ മുഖത്തെപ്പററി പറഞ്ഞുംകൊണ്ടു പോകുന്നതായി കേട്ടു എന്നു് ഇവിടുത്തെ വേലക്കാരൻ എന്നോടു പറഞ്ഞു. ആ ഒരു കാൎയ്യം ഇടയ്ക്കു വന്നുകൂടിയിരുന്നില്ലെങ്കിൽ അനാമയവൈദ്യന്റെ മേൽ കററം ഉറച്ചു പോകുകമായിരുന്നു എന്നാണു് ആളുകൾ അഭിപ്രായപ്പെട്ടുകൊണ്ടിരുന്നതു്.

വി—എന്താണു് മുഖത്തെപ്പററിയുള്ള സംസാരം? അതു ഞാൻ കേട്ടിരുന്നില്ലല്ലൊ.

ശ്രീമ—സ്ത്രീ മരിച്ചതിനു് അല്പം മുമ്പായി നരഹരവൈദ്യൻ അവിടെ വെച്ചു് ഒരു ഭയങ്കരമുഖം കാണുകയുണ്ടായി എന്നു ചിന്നപ്പൻ എന്നോടു പറഞ്ഞു.

വി—ശ്രീമതി, നീ ഇവിടെ നിൽക്കേണ്ട, അച്ഛന്റെ അടുക്കലേക്കു ചെല്ലുക. വേലക്കാരും മററും പറയുന്ന കള്ളക്കഥകൾ കേട്ടു പഠിക്കയാണൊ നിന്റെ ജോലി?

ശ്രീമതി പോയി. കഥയുടെ രസം നിമിത്തം അവിടെനിന്നു പോകാൻ അവൾക്കു മനസ്സുണ്ടായിരുന്നില്ല. എങ്കിലും അക്കന്റെ ആജ്ഞയെ ലംഘിക്കാൻ പാടില്ലെന്നുള്ള ഭയംകൊണ്ടാണു് അവൾ പൊയ്ക്കളഞ്ഞതു്.

വി—ചിരുതേ ആ കഥയെന്താണെന്നു വിവരമായി പറയുക.

ചി—കുഞ്ഞു പറഞ്ഞതാണു് വാസ്തവം. നരഹരവൈദ്യൻ അന്നു രാത്രിയിൽ അവിടെ വന്നുംവെച്ചു് പോകാൻ ഭാവിച്ചപ്പോൾ മറയ്ക്കപ്പുറത്തായി ഒരു ഭയങ്കര വേഷം

അദ്ദേഹം കണ്ടതുപോലും. എന്നാൽ അതു വെറും തോന്നൽ മാത്രമെ ആയിരുന്നുള്ളു എന്നാണ് അദ്ദേഹം ഇപ്പോൾ പറയുന്നതു്. എങ്കിലും സൂപ്രണ്ടെജമാനൻ ഈ സംഗതിയെ കുറെ അധികം സാരമായിഗണിച്ചിട്ടുണ്ട്. ഏതായാലും കേസു മുഴുവൻ തെളിയാഞ്ഞതു വലിയ കഷ്ടം തന്നെ.

വി—നിങ്ങൾ കച്ചേരിയിൽ പോയിരുന്നോ?

ചി—ഉവ്വ്. ഞാൻ ഇപ്പോൾ അവിടെ നിന്നു വരികയാണ്.

വി—ഇതു് അത്ഭുതം തന്നെ. വേലക്കാരും മറ്റും കേസുവിസ്താരം കേൾക്കാൻ വേണ്ടി കച്ചേരിയിൽ പോകാറുള്ളതായി ഞാൻ ഇതിനു മുമ്പ് കേട്ടിട്ടില്ല.

ചി—അതിൻെറ രസം കൊണ്ടല്ല ഞാൻ പോയതു്. എൻെറ വ്യസനം കൊണ്ടാണ്. ഒരു പക്ഷെ എന്നെ സാക്ഷിയായി വിളിക്കുമെന്നും ഞാൻ വിചാരിച്ചിരുന്നു. ആ കൊച്ചമ്മയെ മൂന്നു നാലു ദിവസമെ ഞാൻ കണ്ടിരുന്നുള്ളു. എങ്കിലും എനിക്ക് അവരോടു വളരെ സ്നേഹം തോന്നിയിരുന്നു. അവർ ചത്തുപോയി എന്നു കേട്ടതിൽ പിന്നെ ഞാൻ ഇതുവരെ പച്ചവെള്ളം പോലും കുടിച്ചിട്ടില്ല. വിചാരണ കേൾക്കാതിരിക്കാൻ എനിക്കു നിവൃത്തി ഇല്ലായിരുന്നു. കേൾക്കാൻ സംഗതിയായതിനെപ്പററി എനിക്കു വലിയ സന്തോഷമുണ്ട്. കൊച്ചമ്മാ, ഈ കേസു കേൾക്കാൻ പോയതുകൊണ്ടു ഞാൻ ഒട്ടും അധികപ്രസംഗിയായി തീരുകയില്ല.

വിശാലാക്ഷി ചിരിച്ചു.

വ—അതുകൊണ്ടു് ആ ദോഷം വരുമെന്നു ഞാൻ ശങ്കിച്ചുമില്ല.

വാലിയക്കാരുമായി വെടി പറയുന്ന സ്വഭാവം വിശാലാക്ഷിക്കു തീരെ ഇല്ലായിരുന്നതിനാൽ അവൾ ആ ഭാഗം

നിവൃത്തിയും വച്ച് ചിരുത വന്നുചേർന്നിട്ടുള്ള കാര്യത്തെപ്പററി വീണ്ടും സംഭാഷണം ആരംഭിച്ചു.

വി—നിങ്ങളുടെ നടപടികളെപ്പററി ഞാൻ ചില അന്വേഷണങ്ങൾ നടത്തിക്കൊള്ളട്ടെ. നിങ്ങൾ നാളെയൊ അതിനടുത്ത ദിവസമൊ ഇങ്ങോട്ടേക്ക് വരിക. അപ്പോൾ തീർച്ചയായ മറുപടി പറയാം.

അനന്തരം വിശാലാക്ഷി വിചാരഗ്രസ്തയായി തളത്തിലേക്ക ചെന്നു. അവളുടെ മനസ്സിൽ പെട്ടെന്ന് ഒരു വലിയ ഭയവും ഖേദവും ഉണ്ടായി. എന്തെന്നാൽ കാമവല്ലി നരഹരവൈദ്യൻെറ തോളിലേക്ക ചാരി അയാളുമായി രഹസ്യസംഭാഷണം ചെയ്തുകൊണ്ട് അവിടെ നിൽക്കുകയായിരുന്നു. താൻ ഇങ്ങനെയുള്ള ഒരു കാഴ്ച കണ്ടതായി സ്വപ്നം കാണുകയായിരിക്കാമെന്നും വാസ്തവത്തിൽ ഇങ്ങനെ ഒരു കാര്യം ഒരിക്കലും നടക്കുകയില്ലെന്നും വിശ്വസിക്കാൻ അവർ ശ്രമിച്ചു.

എന്നാൽ അതു സാധ്യമല്ലായിരുന്നു. നരഹരവൈദ്യൻ അവിടെ ഉണ്ടായിരുന്നു എന്നുള്ളതു വാസ്തവം തന്നെ. അയാൾ കാമവല്ലിയുമായി സ്വൈരസംഭാഷണം ചെയ്യുകയുമായിരുന്നു. കാമവല്ലിക്ക കുറഞ്ഞൊരു നാളായി അലങ്കരണങ്ങളോടും മററും പ്രത്യേക പ്രതിപത്തി തോന്നിയിരുന്നതിൻെറ യഥാർത്ഥകാരണം ഇപ്പോഴാണ് വിശാലാക്ഷിക്ക മനസ്സിലായതു്. അനുജത്തി ഈ വൈദ്യനെ സ്നേഹിക്കാൻ ആരംഭിക്കുക തന്നെയായിരിക്കുമൊ എന്ന് അവൾ ഭയാനപിതയായി ചിന്തിച്ചു.

വി—കാമവല്ലി, നീ ഈ ഇരുട്ടിൽ എന്തിനാണ് നിൽക്കുന്നതു്?

കാമ—ചിന്നപ്പൻ വിളക്ക കൊണ്ടുവരാത്തതുകൊണ്ടാണെന്നു ഊഹിച്ചുകൂടെ?

വിശാലാക്ഷി തൻെറ കോപത്തെയും ഭയത്തെയും അടക്കി ശാന്തതയെ അവലംബിച്ചു കൊണ്ടു വൈദ്യനോടായി ഇങ്ങനെ പറഞ്ഞു

വി—നിങ്ങൾ മടങ്ങിയെത്തിയതായി ഞാൻ അറിഞ്ഞില്ല. വന്നിട്ടു വളരെ നേരമായോ?

വൈ—ഓഹോ! പ്രിയപ്പെട്ട കാമവല്ലിയുമായി രഹസ്യം പറയുന്നതിനു ധാരാളം സമയം കിട്ടി. ഇതാ ഇനി ഇപ്പോൾ ഇൻസ്പെക്ടരദ്ദേഹത്തിൻെറ അട്ടക്കലേക്ക് പോകാൻ ഭാവിക്കയുമാണ്.

അപ്പോൾ ചിന്നപ്പൻ വിളക്കുകൊണ്ട് അവിടെയെത്തി. വൈദ്യൻ ദീനക്കാരൻെറ അട്ടക്കലേക്ക പോയി.

വി—എടോ, വിളക്ക് അവിടെ വെച്ചുംവെച്ച് പൊയ്ക്കോൾക.

അയാൾ വിളക്ക കൊണ്ടുചെന്നു പതിവുസ്ഥാനത്തു വെച്ചും വെച്ചു പുറത്തേക്ക പോയി.

വി—കാമവല്ലി, ഇതെല്ലാമെന്താണ്?

കാ—ഏത്. എന്താണ്?

വി—നരഹരവൈദ്യൻ നിന്നോടു രഹസ്യസംഭാഷണം ചെയ്തുകൊണ്ടിരുന്നതായി പറഞ്ഞതിൻെറ അത്ഥമെന്ത്?

കാമ—അദ്ദേഹം ഒണ്ടത്തരം പറയുകയായിരുന്നു.

വി—പ്രിയപ്പെട്ട കാമവല്ലി എന്ന് അയാൾ പറയാൻ കാരണമെന്ത്?

കാമ—അങ്ങിനെ പറഞ്ഞോ?

വി—അഹാ, അങ്ങിനെ പറഞ്ഞോ എന്നോ? നീ കേട്ടില്ലേ? നീ അയാളുടെ തോളിൽ തല ചാരി നിന്നിരുന്നതു ഞാൻ കണ്ടല്ലോ.

കാമ—ജ്യേഷ്ഠത്തിക്കു വെറുതെ ഇങ്ങനെയെല്ലാം തോന്നുകയാണു്.

ഇതു് ഒഴിഞ്ഞുകളയാൻ വേണ്ടികാമവല്ലി പ്രയോഗിക്കുന്ന കൗശലമാണെന്നു വിശാലാക്ഷി ഭയപ്പെട്ടു.

വി—കാമവല്ലീ, ചില യുവതികൾ ഇപ്രകാരം പുരുഷന്മാരുമായി സഖ്യത ഭാവിക്കുകയും വിവേകഹീനകളായി അവരെ പൂജ്യരെന്നു ധരിക്കുകയും കാലക്രമേണ അവരോടു് അനുരാഗിണികളായിത്തീരുകയും ചെയ്യാറുള്ളതായി ഞാൻ കേട്ടിട്ടുണ്ടു്. നരഹരവൈദ്യനും നീയും തമ്മിൽ ഈ വിധമായ വേഴ്ചകൾ ഒന്നും ഉണ്ടാകുന്നില്ലല്ലൊ. അനുജത്തി നിനക്കു് അയാളോടു് അനുരാഗമുണ്ടോ? സംഗതി നല്ലവണ്ണം ഓർമ്മിച്ചുകൊള്ളുക. നിങ്ങൾ തമ്മിൽ ഒരിക്കലും വിവാഹം നടക്കുകയില്ല. അയാളുടെ ബാന്ധവം നമുക്കു് ഒരിക്കലും യോഗ്യമല്ല.

കാമ—എനിക്കു നരഹരവൈദ്യനോടു് അനുരാഗമുണ്ടെന്നു ഞാൻ പറഞ്ഞില്ലല്ലൊ. അതിരിക്കട്ടെ, എന്തുകൊണ്ടാണു് വിവാഹം നടന്നുകൂടാത്തതു്?

വി—അയാളുമായി വിവാഹം നടക്കുകയോ? നീ ഇൻസ്പെക്ടരുടെ—എന്നുമാത്രമല്ല,—ഒരു സ്ഥാനമാനിയുടെ പുത്രി, വെറും ഒരു വൈദ്യൻെറ ഭാൎയ്യയായിത്തീരുകയോ? നിൻെറ കുടുംബശ്രേഷ്ഠതകൾ വേറെയും എന്തെല്ലാമുണ്ടു്.

കാമ—അക്കാ, മതി. എന്തിനു വിസ്തരിക്കുന്നു?

വി—വിസ്തരിക്കേണ്ടെന്നു് എനിക്കുകൂടി തോന്നേണ്ടേ? നീ ഒരു കുഞ്ഞമ്മ—അതെ, പ്രഭുകുടുംബത്തിൽ ജനിച്ചിട്ടുള്ള കന്യകയാണെന്നു് ഓർമ്മിച്ചുകൊള്ളുക.

കാ—അക്കാ. ഇതൊന്നും എനിക്കു കേൾക്കണമെന്നില്ല. നാം ആരാണെന്നും എങ്ങിനെ ഉള്ളവരാണെന്നും കേട്ടുകേട്ടു് എനിക്കു തൃപ്തിയായി. മുഷിയുന്നു. മിണ്ടാതിരി

ക്കുക, നമുക്കു വലിയ മിത്രങ്ങൾ ഉള്ളതുകൊണ്ടു് എന്തു പ്രയോജനമാണു് അവരിൽനിന്നു ലഭിക്കാറുള്ളതു്? നമ്മുടെ വീട്ടിലെ ദാരിദ്ര്യത്തിനു് ഇവർ വല്ല കുറവും വരുത്തുന്നുണ്ടോ? നമ്മുടെ ആനന്ദത്തിനും സുഖജീവിതത്തിനും ഇവരെക്കൊണ്ടു് വല്ല സഹായവും നമുക്കുണ്ടാകാറുണ്ടോ? അക്കാ, ഇതെല്ലാം എന്നെ വളരെ മുഷിപ്പിച്ചുകഴിഞ്ഞിരിക്കുന്നു. സ്നേഹമയിയെ അനുകരിക്കാൻ എനിക്കു ചിലപ്പോഴെല്ലാം തോന്നാറുണ്ടു്.

അനന്തരം അധികനേരത്തേക്കു് ഇരുകക്ഷികളും മൗനം അവലംബിച്ചു. മനസ്താപം ഹേതുവായി ഉണ്ടായ മൗനം ആയിരുന്നു ഇതു്. എന്തെന്നാൽ തങ്ങളുടെ കുടുംബസംബന്ധമായി നടന്നിരുന്ന ഒരു വിരസസംഭവത്തെപ്പററിയായിരുന്നു കാമവല്ലി അപ്പോൾ സൂചിപ്പിച്ചതു്. ഒടുവിൽ വിശാലാക്ഷി ഇങ്ങനെ പറഞ്ഞു. "പ്രിയെ, സഹോദരി. നരഹരവൈദ്യനുമായുള്ള ബന്ധുതയേക്കാൾ അതുതന്നെയാണു് അധികം നല്ലതു്. കാമവല്ലി, ആ മനുഷ്യൻ നമ്മുടെ തുല്യനായിരുന്നെങ്കിൽ പോലും അയാൾ നിന്റെ ഭർത്താവായിത്തീരുന്നതിനു ഞാൻ സമ്മതിക്കയില്ലായിരുന്നു,

കാമ—അതെന്തുകൊണ്ടാണു്?

വി—നരഹരവൈദ്യനോടു് ഇത്രത്തോളം അനിഷ്ടം തോന്നാനുള്ള ഹേതു എന്തെന്നു് എനിക്കു തന്നെ വിശദമായി അറിഞ്ഞുകൂടാ. എന്തോ? അയാളെ എനിക്കു കണ്ടുകൂടാ. തീരെ രസിക്കുന്നില്ല. നീ അയാളുടെ ഭാര്യയായിരിക്കുന്നതു കാണാൻ സംഗതിയാകുന്നതിനേക്കാൾ നീ ശവക്കുഴിയിൽ കിടക്കുന്നതു കാണുന്നതിനാണു് എനിക്കു് അധികം ഇഷ്ടമുള്ളതു്.

കാമ—അതു് എന്തുകൊണ്ടാണെന്നല്ലേ ഞാൻ ചോദിക്കുന്നതു്?

വി—വിവരിച്ചുപറയാൻ എനിക്ക് നിവൃത്തിയില്ല. ഒരു കാരണമുണ്ട്. എന്നാൽ അതു ഞാൻ പറയുന്നില്ല. എനിക്കു കാരണം കൂടാതെ ദുരഭിപ്രായം ഉണ്ടാകാറുണ്ടെന്നു നീ അല്പം മുമ്പു പറഞ്ഞില്ലേ? നരഹരവൈദ്യനെ സംബന്ധിച്ചിടത്തോളം ഇങ്ങനെ ഒന്ന് എനിക്കുണ്ടായിട്ടുണ്ട്. അതു പോകട്ടെ. അയാൾ നമുക്ക് അനുരൂപനായ ആൾ അല്ലല്ലൊ. കുടുംബാവസ്ഥയല്ലേ ആദ്യമായി നോക്കേണ്ടതു്? അതില്ലാത്ത അയാളുടെ മററു കാര്യങ്ങൾ ചിന്തിക്കേണ്ടതാവശ്യമെന്തു്? ആ കാര്യം പോകട്ടെ, വിട്ടുകളയുക.

കാമ—ഏതോ ഒരു കാര്യം നരഹരവൈദ്യനെപ്പററി പറയാനുണ്ടെന്നും അതു പറയുകയില്ലെന്നും അക്കൻ പറഞ്ഞുവല്ലൊ. ആ കാര്യം എന്താണെന്നു ഞാൻ കൂടി കേൾക്കട്ടെ.

വി—പറയാതിരിക്കുകയാണ് ഭേദം.

കാമ—പറഞ്ഞാൽ വലിയ ഉപകാരം. പറയുക ഞാനും അറിഞ്ഞിരിക്കട്ടെ.

വി—ഓഹോ! എന്നാൽ പറയാം. പക്ഷേ ഞാൻ ബുദ്ധിഹീനയാണെന്നു നീ പറയും. ഇരിക്കട്ടെ, തിങ്കളാഴ്ച രാത്രി എനിക്കുണ്ടായതായി ഞാൻ പറഞ്ഞിട്ടുള്ള സ്വപ്നത്തിൽ ഈ നരഹരവൈദ്യൻ വളരെ നീചമായി സംബന്ധിച്ചിരുന്നു. ഭ്സ്നേഹമയിയെപ്പററി ഞാൻ സ്വപ്നം കണ്ടു എന്നു പറഞ്ഞിരുന്നല്ലൊ. ആ ഭയങ്കരസ്വപ്നം ഉണ്ടായതു മുതൽ നരഹരവൈദ്യനെ കാണുന്നതു് എനിക്കു സർവ്വത്ര ഭീതിയാണ്. പ്രിയെ, ഇതു ഞാൻ ശ്രമിച്ചാൽ മാററാവുന്ന കാര്യമല്ല. മൂഢത്വമാണെന്ന് എനിക്കുമറിയാം. എന്നാൽ ഇങ്ങനെയുള്ള സംഗതികൾക്കു ശരിയായ ഹേതുക്കൾ കണ്ടുപിടിക്കാൻ നാം എല്ലായ്പ്പോഴും ശക്തരായിത്തീരാറില്ല.

ജ്യേഷ്ഠത്തിയുടെ ബുദ്ധിഹീനതയെപ്പററി തനിക്ക് എത്രമാത്രം പരിഹാസം തോന്നിയെന്നുള്ളതു കാമവല്ലിയുടെ അപ്പോഴത്തെ മുഖഭാവം നല്ലപോലെ തെളിയിച്ചിരുന്നു. അവൾ ഇതിനു മറുപടി ഒന്നുംതന്നെ പറഞ്ഞില്ല. ഇതു വെറും മൂഢത്വമെന്നേ അവൾ കരുതിയുള്ളൂ.

ഇങ്ങനെ ഇവരുടെ സംഭാഷണം തൽക്കാലം അവസാനിച്ചശേഷം വിശാലാക്ഷി ഏതോ ചില ഗൃഹകൃത്യങ്ങളിൽ പ്രവേശിച്ച് അവിടെത്തന്നെയിരുന്നപ്പോൾ ശ്രീമതി അവിടേക്ക് ഓടിവന്നു.

ശ്രീ—അക്കാ, അക്കാ, ഒരു വർത്തമാനം അറിഞ്ഞോ? നമ്മുടെ അച്ഛൻെറ തറവാട്ടുമൂപ്പിലെ ഭാര്യ മരിച്ചു പോയി.

വി—മരിച്ചുപോയി എന്നോ? ഹ: കഠിനംതന്നെ. അവർ കഴിഞ്ഞ പ്രാവശ്യം എനിക്ക് എഴുത്തയച്ചപ്പോൾ അവർക്കു യാതൊരു സുഖക്കേടും ഉണ്ടായിരുന്നില്ല.

ശ്രീ—അക്കാ, നിങ്ങൾ തെററിയാണ് കാര്യം മനസ്സിലാക്കിയതു്. വലിയമ്മൂമ്മയല്ല മരിച്ചതു് ഇപ്പോഴത്തെ കാരണവപ്പാടിൻെറ ഭാര്യ കൊച്ചുവലിയ കുഞ്ഞമ്മയാണ്. ഒരു കുട്ടിയും അവരോടൊന്നിച്ചു മരിച്ചുപോയിപോലും.

അപ്പോൾ അച്ഛൻെറ മുറിയിൽ വടിയടിയുടെ ശബ്ദം കേട്ടു വിശാലാക്ഷി അങ്ങോട്ടേക്കു ബദ്ധപ്പെട്ടു ചെന്നു. മററുള്ളവർ അവളുടെ പിന്നാലെയും എത്തി. ഇൻസ്പെക്ടർ കട്ടിലിൽ എഴുന്നേററിരിക്കുകയായിരുന്നു. അടുക്കൽ നരഹരവൈദ്യനുമുണ്ട്. മേശപ്പുറത്തു ഒരു മെഴുകുതിരി വിളക്കു കത്തിക്കൊണ്ടിരുന്നു. ഇൻസ്പെക്ടർ ക്രമാതീതമായി വ്യാകുലനായിരിക്കുന്നതിൻെറ കാരണമെന്തായിരിക്കുമെന്നു വൈദ്യൻ അത്ഭുതപ്പെട്ടു. അയാൾ അല്പംമുമ്പു രോഗിയുമായി സംസാരിച്ചുകൊണ്ടിരുന്നപ്പോൾ ശ്രീമതി അവിടെ ഇരുന്നു.

"മംഗലവാർത്ത" എന്ന പത്രം വായിക്കുന്നതിനിടക്ക് അതിൽ കണ്ട ഒരു മരണവർത്തമാനം അവൾ ഉറക്കെ വായിച്ച് അച്ഛനെ കേൾപ്പിച്ചു. അപ്പോഴാണ് ഇൻസ്പെക്ടർ വടിയടി തുടങ്ങിയത്. അതു കേട്ട മക്കൾ മൂന്നു പേരും അയാളുടെ സന്നിധിയിൽ ഹാജരായി.

ഇൻസ്പെക്ടർ—വിശാലാക്ഷി, ആ പത്രം എടുത്തു നോക്കുക. ശ്രീമതി എന്തോ വായിക്കുന്നതു കേട്ടു. എനിക്കു കാര്യം ശരിയായി മനസ്സിലായില്ല. ആരോ മരിച്ചു എന്നുള്ള ഭാഗമാണ് കേൾക്കേണ്ടതു്.

വിശാലാക്ഷി പത്രമെടുത്തു് ആ സ്ഥലം കണ്ടുപിടിച്ചു ഇങ്ങനെ വായിച്ചു.

"ഈ മാസം 12-ാംനു തെക്കേ പുത്തൻതെരുവിലുള്ള സ്വഗൃഹത്തിൽവച്ചു പാലപ്പിള്ളി വലിയ യജമാനന്റെ പ്രിയ പത്നി ഒരു പെൺശിശുവിനെ പ്രസവിച്ചശേഷം പതിന്നാലാം തീയതി മാതാവും പുത്രിയും കാലധർമ്മം പ്രാപിച്ചു." അനന്തരം വിശാലാക്ഷി മൌനമായിനിന്നു. ഇൻസ്പെക്ടർ സന്താപചിഹ്നമായി വടി നിലത്തിട്ടടിച്ചുകൊണ്ടു് ഇങ്ങിനെ വിലപിച്ചു. "അഹാ! പൊയ്പോയല്ലോ, ആ കൊച്ചുകുഞ്ഞമ്മ തന്റെ അമ്മൂമ്മയേക്കാൾ മുമ്പു കഥ കഴിച്ചുകൂട്ടിയതു് കഠിനമായിപ്പോയി.

നര—അങ്ങു് ഇവരെ അറിയുമോ?

ഇ—അറിയുമൊ എന്നൊ. ഛേ! എന്തൊ ബുദ്ധികെട്ട ചോദ്യമാണിതു്. അവർ എന്റെ അടുത്ത മിത്രങ്ങളല്ലേ. ഞങ്ങൾ ശേഷക്കാരാണല്ലോ.

നര—ക്ഷമിക്കുക. ആ കഥ ഞാൻ മനസ്സിലാക്കിയിരുന്നില്ല.

ഇ—അതു ശരിയായിരിക്കാം. എങ്കിലും കാര്യത്തിന്റെ വാസ്തവം അങ്ങനെതന്നെയാണ്. ഞങ്ങൾക്കു്

ഈ സ്ഥാനമാനം മക്കൾവഴി തുടരത്തക്കവണ്ണമാണ് അദ്യമെ സിദ്ധിച്ചിട്ടുള്ളതു്. എന്റെ അച്ഛൻ ഒൻപതാമത്തെ വലിയ യജമാനന്റെ ദ്വിതീയപുത്രനും, പത്താമത്തെ വലിയ യജമാനന്റെ അനുജനുമായിരുന്നു. ഇപ്പോഴത്തെ വലിയ യജമാനന്റെ അച്ഛനായിരുന്ന പതിനൊന്നാമത്തെ വലിയ യജമാനൻ ആ മൂസ്സ് എന്റെ വലിയച്ഛന്റെ മകനായിരുന്നുവല്ലോ. ഞാൻ വലിയ യജമാനസ്ഥാനത്തിനു് ഇത്രത്തോളം അടുത്ത അവകാശിയായിരുന്നിട്ടും ഇങ്ങനെ കാശില്ലാത്തവനായിത്തീർന്നതു കഷ്ടംതന്നെ. ഈ ലോകത്തിൽ കുടുംബവലിപ്പവും കാര്യശേഷിയും അല്ല പ്രധാനമായി വേണ്ടതു്. കഴിഞ്ഞുപോയ ഞങ്ങളുടെ വലിയ യജമാനൻ വിചാരിച്ചിരുന്നെങ്കിൽ ഞാൻ ഇപ്പോൾ ഒരു സുഖപ്രണ്ടായിരിക്കുമായിരുന്നു. അതൊക്കെ കഴിഞ്ഞില്ലേ, ഇനിയും എന്തിനു് ആലോചിക്കുന്നു.

വി—അച്ഛാ, അവർ പ്രസവിക്കുന്നതു പെൺകുഞ്ഞാണെങ്കിൽ അതിനു സ്നേഹമയി എന്നു പേരിടണമെന്നായിരുന്നു അമ്മൂമ്മയുടെ താല്പര്യം.

ഇൻ—ആ പേരല്ലാതെ അവർകൊടുക്കുമായിരുന്നില്ല. എനിക്കു നിശ്ചയമായി അറിയാം. വൈദ്യൻ ആ വലിയ കുഞ്ഞമ്മയേയും അറിയുകയില്ലായിരിക്കാം അല്ലേ?

നര—ഇല്ല, ഞാൻ അവരിൽ ആരെയുംതന്നെ അറിയുകയില്ല.

ഇൻ—അവർ ഇപ്പോഴത്തെ വലിയ യജമാനന്റെ അമ്മൂമ്മയും എന്റെ വലിയച്ഛന്റെ ഭാര്യയുമാണു്. ഹൊ, അവരോളം നിർബന്ധവും സ്വാതന്ത്ര്യവും ഒരു പെണ്ണുങ്ങൾക്കും ഞാൻ കണ്ടിട്ടില്ല. എന്റെ വിശാലാക്ഷിയെ അവളുടെ അമ്മ പ്രസവിച്ചപ്പോൾതന്നെ കുട്ടിക്കു

സ്ലേഹമയി എന്ന പേരിടണമെന്ന് അവർ നിർബന്ധിക്കയുണ്ടായി. ഞാൻ സമ്മതിച്ചില്ല. എന്നിട്ടാണ് ഈ പേരിട്ടത്. രണ്ടാമത്തെ കുട്ടി ഉണ്ടായപ്പോഴും അവർ ഇതേ നിർബന്ധവുംകൊണ്ടു വന്നു. അതിനു ഞാൻ വഴിപ്പെട്ടില്ല. അതാണല്ലോ കാമവല്ലി എന്ന് ഇവൾക്കു പേരു കൊടുത്തിരിക്കുന്നത്. ഇത് എൻെറ ഒരു സഹോദരിയുടെ പേരാണ്. അവർ മരിച്ചുപോയി. അന്നുമുതൽ ഞങ്ങൾ തമ്മിൽ പിണക്കത്തിനാണിടയായത്. അവരുടെ പേരു സ്ലേഹമയി എന്നാണ്. അതുകൊണ്ടാണ് അവർക്ക് ഇത്ര വളരെ നിർബന്ധം ഉണ്ടായത്. ഏതായാലും ഞാൻ രണ്ടു തവണയും സമ്മതിക്കായ്കയാൽ അവർ പിണങ്ങിപ്പിരിഞ്ഞു എന്നു പറഞ്ഞാൽ മതിയല്ലോ.

നര — ഈ സ്ഥാനത്തിന് അവകാശികളായിഅധികം ആളുകൾ ഉണ്ടോ?

ഇൻ — എന്നെക്കാൾ അധികം അടുത്തവരായി ആരുമില്ല. ഇപ്പോഴത്തെ വലിയ യജമാനൻ സന്തതിയില്ലാതെ മരിക്കുന്നപക്ഷം ഞാനാണ് ആ സ്ഥാനത്തിന് അവകാശി. എന്നാൽ അദ്ദേഹം ചെറുപ്പമാകയാൽ ഇനിയും വിവാഹം ചെയ്യാതിരിക്കയില്ല. അപ്പോൾ അവകാശികൾ വേറെ ഉണ്ടാകുകയും ചെയ്യും.

നര — ഇത്രത്തോളം അടുത്ത ഒരു തരം കിട്ടിയാൽ ഞാനായിരുന്നെങ്കിൽ അതു കൈക്കലാക്കാൻ ശ്രമിക്കാതിരിക്കയില്ലായിരുന്നു.

ഇൻ — ഒടുവിൽ കുടുക്കിൽ ചാടുകയും ചെയ്യുമായിരുന്നു എന്നുകൂടി പറയുക. എന്നാലേ മിടുക്കു മുഴുവൻ ആകയുള്ളൂ. ഹെയ്, അതു് ഒരിക്കലും യോഗ്യമല്ല. മറെറാരുത്തനെ ദ്രോഹിക്കയോ ചതിക്കയോ ചെയ്തിട്ടു നാം

നന്നാകാൻ ശ്രമിക്കുന്നതു ദൈവത്തിനു രസിക്കയില്ല. ആ ദുരാഗ്രഹം എനിക്ക് ഇതുവരെ ഉണ്ടായിട്ടുമില്ല. വലിയ യജമാനൻ ആയിക്കൊള്ളാമെന്നുള്ള ആലോചന എന്റെയുള്ളിൽ സ്വപ്നത്തിൽപോലും തോന്നീട്ടില്ല. വിശാലാക്ഷീ, നാം ഇതു സംബന്ധമായി ദുഃഖാചരണം ചെയ്യേണ്ടതു് അത്യാവശ്യമാണ്. പട്ടിണികഞ്ഞി എന്നും മറ്റും ചില ഏർപ്പാടുകൾ ഉണ്ടു്. എല്ലാം മുറപ്പോലെ നടത്തണം.

വി—അച്ഛാ, അതെല്ലാം കൂടിയേ തീരുവോ? ചെലവല്ലേ?

ഇൻ—കൊള്ളാം, നന്നായി. ചെലവുണ്ടെന്നു വിചാരിച്ചു് ആവശ്യം നടത്താതിരിക്കയോ? ഇത്ര ചെറുപ്പക്കാരിയായ ആ കുഞ്ഞമ്മയുടെ മരണത്തിൽ നാം ഒരിക്കലും സഹതാപം പ്രദർശിപ്പിക്കാതിരുന്നുകൂടാ. എന്താണ് വിശാലാക്ഷീ നിനക്കു് ഇത്രത്തോളം ബുദ്ധിയില്ലാതെ പോയതു്?

നരഹരവൈദ്യൻ പോകാനായി എഴുനേററു. പോകുംവഴി അയാൾ തരം നോക്കി കാമവല്ലിയോടു് ഇങ്ങനെ മന്ത്രിച്ചു— "പ്രിയേ, സമാധാനത്തോടുകൂടെ ഇരിക്കുക. ഭവതി എന്റേതുതന്നെ. ഇവർ വിസമ്മതിക്കുകയാണെങ്കിൽ നാം പുരാണ കഥാപാത്രങ്ങളെ അനുകരിക്കും, അത്രതന്നെ. കൃഷ്ണനും രുഗ്മിണിയും എന്നപോലെ കാര്യം മുറപ്പോലും നടക്കും."

ഈ സമയത്തു ശ്രീമതിയും വിശാലാക്ഷിയും അച്ഛനെ പരിചരിക്കുന്നതിൽ ബദ്ധശ്രദ്ധകളായിരുന്നതിനാൽ സഹോദരിയുടെയും കാമുകന്റെയും സ്വകാര്യസംഭാഷണം ഗ്രഹിക്കുന്നതിനു് അവർക്കു് ഇടയായില്ല.

# പതിനേഴാം അദ്ധ്യായം

കുറേക്കാലം അതായതു് ഒന്നോ രണ്ടോ ആഴ്ചകഴിഞ്ഞു സ്നേഹലതയുടെ അപമൃത്യുവിനെ സംബന്ധിച്ചുണ്ടായിരുന്ന കലക്കം ജനങ്ങളുടെ മനസ്സിൽനിന്നും മിക്കവാറും നീങ്ങി. അവൾ ആരായിരുന്നു എന്നോ എവിടെനിന്നു് എന്തിനായി വന്നു എന്നോ ഉള്ള അവസ്ഥകളെപ്പററി യാതൊരു തുമ്പും ഒരുത്തർക്കും കിട്ടിയില്ല. അവളുടെ മരണം സംഭവിച്ചതിനു സാക്ഷാൽ ഹേതുഭൂതൻ ആരെന്നുള്ളതും വെളിവായില്ല. പോലീസുകാർ ഈ വിഷയത്തിൽ വേണ്ടത്തക്ക ഔർജ്ജിത്യം പ്രദർശിപ്പിച്ചതായി പറയാൻ പാടില്ല. ഇവരെ ഇതിലേക്കു പ്രേരിപ്പിക്കുന്നതിനു സങ്കടകക്ഷികളായി ആരും ഉണ്ടായിരുന്നില്ലല്ലോ. കേസ് തെളിയിക്കുന്നവർക്കും ഇന്ന ഇനാം കൊടുക്കുന്നതാണെന്നു പറയുന്നതിനും ആരും ഉണ്ടായിരുന്നില്ല. ഈ കാരണങ്ങളാൽ ആ സാധു സ്ത്രീ വിസ്മൃതയായി ഉപേക്ഷിക്കപ്പെടുന്നതിനേ മാർഗ്ഗമുണ്ടായിരുന്നുള്ളു.

ഇൻസ്പെക്ടറുടെ ഗൃഹത്തിൽ കാര്യാദികൾ മുറുകിവരികയായിരുന്നു. ഈ മുറുക്കത്തിന്റെ യഥാർത്ഥാവസ്ഥ അവിടെ ഉള്ളവരിൽ അധികംപേരും അറിഞ്ഞിരുന്നു

മില്ല. ഇൻസ്പെക്ടറുടെ സുഖക്കേടിനു വിശേഷിച്ചൊരു ഗുണം ഒന്നും കണ്ടുതുടങ്ങിയിരുന്നില്ല. അയാൾ മുറിയിൽ തന്നെ കഴിച്ചുകൂട്ടിവന്നതേ ഉള്ളു. പഴയ വേലക്കാരി അവിടെനിന്നു വേല വിട്ടുപോകയും ചിരുത ആ സ്ഥാനം കയ്യേൾക്കുകയും ചെയ്തിരുന്നു. ഇവ ഒരുവിധത്തിൽ എല്ലാം കഴിഞ്ഞുവരവേ വേറെ ചില കാര്യങ്ങൾകൂടി അവിടെ നടക്കാതിരുന്നില്ല. ഇൻസ്പെക്ടറുടെ സുഖക്കേടു വർദ്ധിച്ചതോടുകൂടി നരഹരവൈദ്യൻെറ പോക്കുവരവുകളും അധികമായിത്തീൻ. വൈദ്യൻെറ ശ്രദ്ധയേയും താല്പൎയ്യത്തെയും പററി ദിനക്കാരനു വലിയ സന്തോഷവും തോന്നാതിരുന്നില്ല. ദിവസം തോറും രണ്ടു തവണ വീതം വൈദ്യൻ മുടങ്ങാതെ വന്നുകൊണ്ടിരുന്നതു് അയാളുടെ കൃത്യനിഷ്ഠ ഹേതുവായിത്തന്നെ ആയിരിക്കുമോ എന്നു വിശാലാക്ഷിക്കു് അല്പം സംശയം ഉണ്ടായി. എങ്കിലും അയാളും തൻെറ അനുജത്തിയും പണ്ടേക്കാൾ കൂടുതലായ അടുപ്പങ്ങൾ ഒന്നും പരസ്പരം പ്രദർശിപ്പിക്കാറില്ലായിരുന്നതിനാൽ കാര്യങ്ങൾ ശുഭമായിട്ടേ അവസാനിക്കുകയുണ്ടാവൂ എന്നു് അവൾ സമാധാനപ്പെട്ടു.

എന്നാൽ വിശാലാക്ഷിയെ ഗ്രഹിപ്പിക്കാതെ വൈദ്യനും കാമവല്ലിയും തങ്ങളുടെ രഹസ്യ കൂടിക്കാഴ്ചകൾ ഇടയ്ക്കിടെ നടത്തുന്നുണ്ടായിരുന്നു. ഇൻസ്പെക്ടരോടു തങ്ങളുടെ ഇംഗിതത്തെപ്പററി പറയാൻ ഇനിയും അമാന്തിച്ചുകൂടെന്നു് ഒരിക്കൽ ഇവർ തീർച്ചയാക്കി. നരഹരവൈദ്യൻെറ അച്ഛൻ മുമ്പു് അയാളുടെ വിവാഹത്തിനു വലിയ വിരോധിയായിരുന്നതു പോയിട്ടു് ഇപ്പോൾ രോഗബാധിതനായിത്തീർന്നതോടുകൂടി മകനെ വലിയ കാര്യമായി ഗണിക്കാൻ തുടങ്ങുകയും അയാളുടെ വിവാഹം നടന്നു കാണുന്നതിനു വളരെ ആഗ്രഹിക്കുകയും ചെയ്തു.

ണ്ടായിരുന്നു. മകൻെറ യാതൊരു ഗുണദോഷങ്ങളേയും അന്വേഷിക്കാതിരുന്ന ആ മനുഷ്യൻ ഈയിട മകൻെറ പേർക്കു കമ്പിയടിച്ചു് അയാളെ വരുത്തിയിരുന്നുവല്ലോ. അയാളുടെ തൽക്കാല ദീനം അല്പം ശമിക്കുകയുണ്ടായി എങ്കിലും താൻ ഇനിമേൽ ഏറിയകാലം സുഖമായി ജീവിക്കുന്നതു് അസാദ്ധ്യമാണെന്നു് അയാൾക്കു ബലമായി തോന്നിയിരുന്നു. അതിനാൽ തൻെറ മരണത്തിനു മുമ്പു മകൻ ഭാര്യാസമേതനായി താമസിക്കുന്നതു കാണുന്നതിനുള്ള ആഗ്രഹത്തോടു കൂടി അയാൾ നല്ലതായ ഒരു തുക വിവാഹച്ചെലവിനായും മററും മകനു സമ്മാനിക്കയും ചെയ്തിരുന്നു. ഏതായാലും പണം കിട്ടിയതു നരഹരവൈദ്യനു വലിയ കാര്യമായി. തൻെറ ഞെരുക്കങ്ങൾ എത്രമാത്രമുണ്ടെന്നുള്ളതു അയാൾക്കു മാത്രമേ അറിയാമായിരുന്നുള്ളു. കിട്ടിയ തുകയിൽ ഏതാനും ഭാഗം കൊണ്ടു് അയാൾ ചില മുൻകടങ്ങളെല്ലാം തീർത്തു. ശേഷം പണം വീടു് അലങ്കരിക്കുന്നതിനും മററുമായി ഉപയോഗപ്പെടുത്തുകയും ചെയ്തു. തൻെറ പ്രിയപത്നിയെ സബഹുമാനം സ്വീകരിക്കുന്നതിനു ഗൃഹവും യോഗ്യമായ നിലയിൽ വരുത്തേണ്ടതു് ആവശ്യമാണെന്നായിരുന്നു വൈദ്യൻെറ ബോധം.

കാമവല്ലിയെ അവളുടെ സ്വജനങ്ങൾ തനിക്കു നൽകാതിരിക്കയില്ലെന്നും അവൾ നിശ്ചയമായി തൻെറ ഭാര്യയായിത്തീരുമെന്നും അയാൾ ഉറച്ചിരുന്നു. കാമവല്ലിയുടെ അച്ഛനും മററും ഈ കാര്യത്തിൽ ആദ്യം കുറേ വിരസത ഭാവിച്ചേക്കുമെങ്കിലും ഒടുവിൽ അവർ വിവാഹത്തിനു സമ്മതിക്കാതിരിക്കയില്ലെന്നായിരുന്നു വൈദ്യൻെറ പ്രതീക്ഷ. ജാത്യാഭിമാനം എന്നുള്ളതു് ഒട്ടും തന്നെ ഇല്ലാതിരുന്ന അയാൾക്കു് അതിൻെറ ഉഗ്രശക്തി മനസ്സിലാക്കുന്ന

തിനു മാർഗ്ഗം ഉണ്ടായിരുന്നില്ലല്ലോ. കാമവല്ലിക്കു ജാതി ശ്രേഷ്ഠതയും കുടുംബാവസ്ഥയും ഉണ്ടെങ്കിൽ തനിക്ക് ഇവസ്സു പകരം ഒരു നല്ല വീടും ആദായകരമായ ഒരു തൊഴിലും അച്ഛന്റെ കാലശേഷം ധാരാളം ധനവും ഉണ്ടെന്നായിരുന്നു അയാൾ കരുതിയതു്.

നരഹരവൈദ്യന്റെ സ്വഭാവം അത്യന്തം നിർബന്ധത്തോടു കൂടിയ ഒന്നായിരുന്നതിനാൽ താൻ എന്തെങ്കിലും ചെയ്യാൻ നിശ്ചയിച്ചാൽ അതു കഴിയുന്നതും വേഗത്തിൽ ചെയ്യാതെ അയാൾ മടങ്ങുമായിരുന്നില്ല. കാലത്തെയും സൌകര്യത്തെയും കാത്തു ക്ഷമിച്ചിരിക്കുന്നതിനു് അയാൾക്കു മനസ്സുണ്ടായിരുന്നില്ല. വേണമെന്നു തോന്നുന്നതു് അയാൾക്കു ഉടൻ കിട്ടണം. ഈ ദുശ്ശീലം അല്ലെങ്കിൽ അവിവേകം അയാളെ ഇതിനു മുമ്പ് ചില അപകടങ്ങളിൽ ചാടിച്ചിരുന്നു. ഇനിമേലും ഇങ്ങനെ തന്നെ സംഭവിക്കുകയും ചെയ്യേക്കാം.

അയാൾ നിശ്ചയിച്ചതുപോലെതന്നെ ചെയ്തു. കാമവല്ലിയെ താൻ വിവാഹം കഴിച്ചുകൊള്ളട്ടെ എന്നു് അയാൾ ധൈര്യസമേതം അവളുടെ അച്ഛനോടു ചോദിച്ചു. ഇൻസ്പെക്ടർ ഈ അപേക്ഷയെ എങ്ങിനെ സ്വീകരിച്ചു എന്നു് അറിയുവാൻ നിങ്ങൾക്കു കൌതുകമുണ്ടായിരിക്കുമല്ലോ.

വിശാലാക്ഷിയും കാമവല്ലിയും പുറത്തെവിടെയോ പോയിരുന്നപ്പോളാണു് വൈദ്യൻ ഈ വിഷയത്തെപ്പറ്റി ഇൻസ്പെക്ടരോടു പ്രസംഗിക്കാൻ ഒരുങ്ങിയതു്. വിശാലാക്ഷിക്കു ഈ കാര്യം ഒട്ടും തന്നെ ഹിതമാകയില്ലെന്നു നരഹരവൈദ്യനു് അറിയാമായിരുന്നു. അയാളുടെ ഈ അഭിപ്രായത്തെ കാമവല്ലി പ്രബലപ്പെടുത്തിയുമിരുന്നു. അതുകൊണ്ടാണു് വിശാലാക്ഷി അടുത്തില്ലാത്ത അവസരം

നോക്കി വൈദ്യൻ ഈ സംഗതി ഇൻസ്പെക്ടരേ ഗ്രഹിപ്പിക്കാൻ നിശ്ചയിച്ചതു്. അച്ഛൻെറ അനുമതി ലഭിച്ചു കഴിഞ്ഞാൽ പിന്നെ വിശാലാക്ഷിയോടു "ചക്ക കുത്തിക്കാണിക്കാ"മല്ലൊ എന്നായിരുന്നു അയാളുടെ ഉദ്ദേശം. നരഹര വൈദ്യൻ വീട്ടിലേക്കു ചെന്നപ്പോൾ ശ്രീമതി അവിടെ ഇരുന്നു് എന്തൊ എഴുതുകയായിരുന്നു.

വൈ—ശ്രീമതിക്കുട്ടീ, ഭവതി ചിത്രം വരയ്ക്കുകയാണോ?

ശ്രീ—അതെ. പടമെഴുത്തിൽ എനിക്കു വലിയ ഉത്സാഹമുണ്ടു്. വലിയക്കനാണു് എന്നെ പഠിപ്പിക്കുന്നതു്. കൊച്ചക്കനു സംഗീതത്തോടാണിഷ്ടം. ഈ മരങ്ങളെല്ലാം വരച്ചു തീർക്കേണ്ടിയിരിക്കുന്നു. നോക്കുക, അക്കൻ വരുന്നതിനു മുമ്പായി ചെയ്തുവെയ്ക്കേണ്ട ജോലിയാണിതു്. അവർ ഒരു മണിക്കൂറിനകം വരും.

വൈ—ഇതിൽ പാതിപോലും ഒരു മണിക്കൂറിൽ തീരുകയില്ലല്ലോ. എന്നുതന്നെയുമല്ല, ഭവതി അഞ്ചുമിനിററു കഴിയുന്നതിനു മുമ്പു് എഴുന്നേററു് ഓടുകയും ചെയ്യുമല്ലൊ. പിന്നെ ജോലി തീരുന്നതെങ്ങനെയാണു്?

ശ്രീ—അതു ശരിതന്നെ. എന്നാൽ ഇന്നു് ഓടാനും മററും നേരമില്ല. അക്കൻ വരുമ്പോൾ ജോലി തീർന്നിട്ടില്ലെങ്കിൽ അവർ ദേഷ്യപ്പെടും. അതുതന്നെയുമല്ല, അവരവരുടെ ജോലി ചെയ്യേണ്ടതു് ആവശ്യവുമല്ലേ?

വൈ—ഹ ഹ! ഭവതി എല്ലായ്പോഴും വലിയ കൃത്യശ്രദ്ധയുള്ളവളാണോ?

ശ്രീ—എല്ലായ്പോഴും അങ്ങനെയാണെന്നു ഞാൻ പറയുന്നില്ല. എങ്കിലും അപ്രകാരം ശീലിക്കണമെന്നാണു്

എൻെറ അനുഗ്രഹം. വൈദ്യൻജ്യേഷ്ഠാ, എനിക്കു നിങ്ങ ളോട്ട് ഒരു കാൎയ്യം ചോദിക്കാനുണ്ട്.

വൈ.—ചോദിച്ചുകൊള്ളുക.

ശ്രീ—ഈയിടെ, മരിച്ചുപോയ ആ പാവപ്പെട്ട സ്ത്രീയെ വിഷം കൊടുത്തു കൊല്ലുകയായിരുന്നു എന്നു കേൾക്കുന്നതു വാസ്തവമാണോ? ഏതോ തെമ്മാടി മനഃപൂർവ മായി മരുന്നിൽ പാഷാണം ചേർത്തു വെച്ചിരുന്നു എന്നാണ് കേൾവി.

നരഹരവൈദ്യൻെറ മട്ട് എങ്ങനെ മാറിപ്പോയി! ഈ ചോദ്യം അയാളുടെ കോപാഗ്നിയെ പ്രജ്വലിപ്പിച്ചു. അയാൾ അസഭ്യമായ ഏതോ വാക്കുകൾ പുറപ്പെടുവിച്ചു.

ശ്രീ—അഹ! ഞാൻ ഇപ്പോൾ എന്തു ചെയ്തു? ഈ ചോദ്യം ചോദിക്കരുതായിരുന്നോ?

വൈ—പ്രിയെ, ഞാൻ മാപ്പുചോദിച്ചു കൊള്ളുന്നു. വിചാരണ കഴിഞ്ഞതിൽപ്പിന്നെ എനിക്കു സ്വാസ്ഥതയുണ്ടായിട്ടില്ല. തെക്കേവഴിഗ്രാമം മുഴുവൻ ഇങ്ങിനെയുള്ള ദുശ്ശബ്ദങ്ങൾകൊണ്ട് എൻെറ ചെവിക്കല്ലു പൊട്ടിക്കുകയാണ് ചെയ്യുന്നതു്. എന്നെത്തന്നെ ഇവർ പാഷാണമാക്കിക്കളയുകയില്ലയോ എന്നു പോലും ഞാൻ ശങ്കിക്കാറുണ്ട്.

ശ്രീ—അതു മനഃപൂർവമായി വല്ലവരും ചെയ്തതായിരുന്നുവോ?

വൈ—ഈ ചോദ്യം അനാമയവൈദ്യനോടു ചോദിക്കുകയാണു ചെയ്യേണ്ടതു്. അദ്ദേഹം ഉത്തരം പറയാൻ ശക്തനായിരുന്നേക്കാം. അതും മനഃപൂർവമായി ചെയ്തതാണെന്ന് എനിക്കു വിചാരമില്ല.

ശ്രീ—അവിടെ ആരുടെ ഭയങ്കരമുഖമാണു കണ്ടതെന്നു കണ്ടുപിടിച്ചോ?

വൈദ്യന്റെ മുഖത്ത് ഒരു ഭാവവ്യത്യാസമുണ്ടായതു ശ്രീമതി കണ്ടു. അയാൾ അപ്പോഴും ഭയപ്പെടുന്നതായി ട്ടാണ് അവൾക്കു തോന്നിയതു്.

വൈ—ഹെയ് അതെല്ലാം വെറും അസംബന്ധമായിരുന്നു. അവിടെ മുഖ്യമില്ലായിരുന്നു ആളുമില്ലായിരുന്നു.

ചിന്നപ്പൻ ആ സമയത്ത് അവിടെ വന്നു.

ചിന്ന——അങ്ങുന്ന് അകത്തേക്കു ചെല്ലാൻ യജമാനൻ ഉത്തരവാകുന്നു.

ഇതുകേട്ടു വൈദ്യൻ അകത്തേക്കു ചെന്നു.

ഇൻസ്പെക്ടർ തടവുപുള്ളിയെപ്പോലെ മുറിക്കകത്തു സ്വാതന്ത്ര്യമില്ലാതെ അപ്പോഴും കഴിച്ചുകൂട്ടുകയായിരുന്നു. അയാളുടെ കട്ടിലിനടുത്ത് ഒരു മേശയും അതിന്റെ പുറത്തു രോഗിയുടെ ഓരോ ആവശ്യങ്ങൾക്കായുള്ള പല സാമാനങ്ങളും ഉണ്ടായിരുന്നു.

ഇൻ—എന്താണ് വൈദ്യൻ ഉടനെ വീണ്ടും വന്നതു്?

വൈ.—എനിക്ക് അങ്ങെത്തെ അടുക്കൽ ഒരു അപേക്ഷ ബോധിപ്പിക്കാനുണ്ടു്.

നരഹരവൈദ്യനു തന്റെ ജീവിതകാലത്തിൽ ഇതിനു മുമ്പൊരിക്കലും ഉണ്ടായിട്ടില്ലാത്ത ഒരു രോമഞ്ചവും സഭാകമ്പവും അപ്പോൾ ഉണ്ടായി.

വൈ—വളരെ നാളായി അങ്ങയോടു് ഈ കാര്യം പറയണമെന്നു ഞാൻ ആഗ്രഹിച്ചു വരികയാണ്. ഇനിയും കാലം ദീർഘിപ്പിക്കുന്നതു് അനുചിതമാണെന്ന് കണ്ടിട്ട് ഇപ്പോൾ അതിനെപ്പററി പറയാമെന്നു തന്നെ നിശ്ചയിച്ചു. പറയാനുള്ള കാര്യം ഇന്നതെന്നു പ്രസ്താവിക്കുന്നതിനു മുമ്പായി എന്റെ സ്ഥിതികൾ ഇന്നവിധമെല്ലാമാണെന്ന് ഇവിടെ ധരിപ്പിച്ചു കൊള്ളട്ടെ. എന്റെ അച്ഛൻ ലാടപുരത്തു ധാരാളം നടപ്പുള്ള ഒരു വൈദ്യനാണ്.

അദ്ദേഹത്തിനു വേറെ കുട്ടികൾ ആരുമില്ല. ശേഷക്കാരുമില്ല. അദ്ദേഹം മരിക്കുമ്പോൾ എനിക്കുതന്നെ അദ്ദേഹത്തിൻെറ സമ്പാദ്യം മുഴുവൻ ലഭിക്കും. അച്ഛൻ ഇപ്പോൾ സുഖമില്ലാതെ കിടക്കുകയാണെന്നു ഞാൻ ഇവിടെ പറഞ്ഞിട്ടുണ്ടല്ലോ. അദ്ദേഹം ഇനിയും അധികനാൾ ജീവിക്കുമെന്നും തോന്നുന്നില്ല. അച്ഛൻെറ മരണശേഷം ഞാൻ ഒരു ദ്രവ്യസ്ഥൻ ആയി തീരുമെന്നുള്ളതിനു തർക്കമില്ല.

ഇൻ—ഈ കാര്യങ്ങളെല്ലാം എന്നെ എന്തിനായി കേൾപ്പിക്കുന്നു. നിങ്ങളുടെ അച്ഛൻ വലിയ ഖജനാവിലെ സ്രാപ്പായിരിക്കുകയും രാജ്യത്തെ സ്വത്തു മുഴുവൻ നിങ്ങൾക്കു തരികയും ചെയ്താലും എനിക്കു എന്തു്? ഞാൻ ഈ കഥ അറിയുന്നതു് എന്തിനു്?

വൈ—ക്ഷമിക്കുക. എൻെറ ചരിത്രം മുഴുവൻപറഞ്ഞുകൊള്ളട്ടെ. എനിക്കു ഈ സ്ഥലത്തു വേണ്ടുവോളം ജോലിയുണ്ടു്. ഞാൻ വന്നതിൽപ്പിന്നെ മററെ രണ്ടു വൈദ്യന്മാരുടേയും പേരിൽ ജനങ്ങൾക്കുള്ള വിശ്വാസം കുറഞ്ഞുവരികയാണു്. ഈയിടെ സംഭവിച്ച ആ ആപത്തിനുശേഷം സകലരും അവരെ ഭയപ്പെട്ടു തുടങ്ങുകയും ചെയ്തിരിക്കുന്നു. താമസിയാതെ എനിക്കു് ആണ്ടിൽ രണ്ടായിരത്തിൽ കുറയാതെ വരുമാനം കിട്ടുമെന്നുള്ളതു തീർച്ചയാണു്.

ഇൻ—അതുകൊണ്ടു് എനിക്കു കാര്യമെന്തു്? നിങ്ങൾക്കു് അത്രയുമോ അതിലധികമോ കിട്ടട്ടെ.

വൈ—ഇതു മാത്രമെ വരവുള്ളു. എന്നിരുന്നാൽത്തന്നെയും അതു് ഒട്ടും കുറവല്ല. അങ്ങിനെയിരിക്കെ, അച്ഛൻെറ സമ്പാദ്യം കൂടി ആകുമ്പോൾ ഞാൻ സ്ഥലത്തെ പ്രധാന സമ്പത്തുകാരൻ ആയിത്തീരും. അങ്ങുന്നേ,

ഈ ഐശ്വര്യമെല്ലാം പങ്കുകൊള്ളുന്നതിന്ന് എനിക്ക് ഒരാൾ വേണ്ടിയിരിക്കുന്നു, അങ്ങ് ആ യുവതിയെ എനിക്കു തരണം. അങ്ങയുടെ മകളെ.

ഇൻസ്പെക്ടർ മറുപടി പറയാതെ മിഴിച്ചു നോക്കി.

അയാൾ കേട്ടിരിക്കുകയില്ലായിരിക്കുമോ എന്നു വൈദ്യനു സംശയം ഉണ്ടായി. സ്വഭാകമ്പം ഹേതുവായി അയാൾ വളരെ പതുക്കെയും അവ്യക്തമായുമാണ് കാര്യം പറഞ്ഞത്.

വൈ—അങ്ങയുടെ മകൾ കാമവല്ലിയെപ്പററിയാണ് ഞാൻ പറയുന്നത്. അങ്ങുന്നെ, അവളെ ഞാൻ വിവാഹം ചെയ്തുകൊള്ളട്ടെ? ഞാൻ ആ യുവതിയെ പരമഭാഗ്യവതിയാക്കിക്കൊള്ളാം. അവൾ യാതൊന്നിനും ബുദ്ധിമുട്ടേണ്ടിവരികയില്ല.

തനിക്കോ വൈദ്യനോ രണ്ടിലൊരാൾക്ക് നിശ്ചയമായി ഭ്രാന്തുപിടിച്ചിരിക്കുന്നതായി ഇൻസ്പെക്ടർക്കു തോന്നി. വലിയ യജമാനസ്ഥാനമാനികളായ തങ്ങളുടെ കുടുംബത്തിലെ ഒരു പെണ്ണിനെ ഒരു വെറും നാടൻ വൈദ്യൻ വിവാഹത്തിന് മോഹിക്കുക എന്നുള്ളതു കേവലം അസംഭവ്യമായ ഒരു ലോകകാര്യമായിട്ടാണ് അയാൾക്കു തോന്നിയത്. താൻ ഒരു രാജകുമാരിയെ കാംക്ഷിക്കുന്നതായാൽ അതു് ഈ വൈദ്യൻെറ ധിക്കാരത്തെക്കാൾ എത്രയോ അധികം ക്ഷന്തവ്യമായിരിക്കുമെന്നും അയാൾ വിചാരിച്ചു. ഇൻസ്പെക്ടരുടെ വടി ഭയങ്കരമാകുംവണ്ണം വിറച്ചു. അതു താഴേയ്ക്കു വന്നുകഴിഞ്ഞില്ല. അയാൾ പല്ലുകടിച്ചുകൊണ്ടു് ഇങ്ങിനെ ഗർജ്ജിച്ചു.

"താൻ എന്താണു പറഞ്ഞതു്?

വൈ—എനിക്ക് അങ്ങയുടെ മകൾ കാമവല്ലിയോടു്

അനുരാഗമുണ്ടു്. ഞാൻ ഇതിനുമുമ്പ് ആരെയും ഇത്രത്തോളം സ്നേഹിച്ചിട്ടില്ല. ഇനിമേൽ വേറെ ആരെയും ഇത്രയും സ്നേഹിക്കയുമില്ല. ആ യുവതിയെ എൻെറ ഭാൎയ്യയാക്കി കൊള്ളുന്നതിനു് അങ്ങു് എന്നെ അനുവദിക്കുമോ?

ഇടിനാദംപോലെയുള്ള രൂക്ഷശബ്ദത്തോടുകൂടി ഇൻസ്പെക്ടരുടെ വടി താഴത്തേയ്ക്കു വന്നു. അയാൾ ചിന്നപ്പനെ അത്യുച്ചത്തിൽ വിളിച്ചു. ആ വേലക്കാരൻ ഭയങ്കരമായ വിളികേട്ടു പാഞ്ഞെത്തി.

ചിന്ന—യജമാനനു മുട്ടിനു വേദനവന്നേച്ചോ? അയ്യോ, എന്താ?

ഇൻ—മുട്ടിനു വേദനയുമില്ല, മണ്ണാങ്കട്ടയുമില്ല. എടാ ചിന്നപ്പാ! ഇതാ ഇയാൾക്കു ഭ്രാന്താണു്. കണ്ടില്ലെ ഇളിച്ചുനോക്കുന്നതു്? ഭ്രാന്തനോടുകൂടെ എന്നെ ഇവിടെ വിട്ടും വെച്ചു താൻ പൊയ്ക്കളഞ്ഞതു മൎയ്യാദയായിരുന്നില്ല. എങ്ങിനെയെങ്കിലും ഈ ഭ്രാന്തനെ ഇപ്പോൾ, അതെ തൽക്ഷണം വെളിക്കാക്കണം. ഉം. ആകട്ടെ. തള്ളു പുറത്തേയ്ക്കു്.

ചിന്നപ്പൻ വിസ്മിതനായി നിന്നു. യജമാനൻെറ കോപശീലവും നിർബന്ധപ്രകൃതിയും അയാൾക്കു നല്ലവണ്ണം അറിയാമായിരുന്നതുകൊണ്ടു് അയാൾ അല്പം പരിഭ്രമിച്ചു. നരഹരവൈദ്യനെ സൂക്ഷിച്ചുനോക്കിയതിൽ അയാൾ അത്യന്തം ശാന്തനായും അക്ഷോഭ്യനായും ഇരുന്നതിനെ കണ്ടു് അയാളെപ്പററി യാതൊരു ദുശ്ശങ്കയും ഭൃത്യനു് ഉണ്ടായില്ല. അതുകൊണ്ടു് അയാളോടു് ഭ്രാന്തനെന്നവണ്ണം പെരുമാറുന്നതിനു ചിന്നപ്പൻ ധൈൎയ്യപ്പെട്ടില്ല.

വൈദ്യൻ എഴുന്നേററു ഗൗരവഭാവത്തോടു് ഇങ്ങനെ പറഞ്ഞു: "ഞാൻ ഒരു മാന്യനാണു്, എൻെറ അപേക്ഷയ്ക്കു മര്യാദയോടുകൂടിയ ഒരു മറുപടി എങ്കിലും നിങ്ങൾ പറ

മെണ്ടതാണ്. കാര്യം മനസ്സിലാകത്തക്കവണ്ണം ഒരു മറുപടി പറയാൻ ദയവുണ്ടായാൽ കൊള്ളാം.

ഇൻ—എന്നെ വെടിവച്ചാലും ഈ മറുപടി അല്ലാതെ ഞാൻ പറയുകയില്ല. നിനക്കു ഭ്രാന്താണ്. താൻ ഇപ്പോൾ പറഞ്ഞ വാക്കുകൾ ഒരു വിഡ്ഢിയോ ഭ്രാന്തനോ അല്ലാതെ പറയുകയില്ല. എന്റെ മകൾ ഒരു യജമാനന്റെ പുത്രിയാണെന്നുള്ള വിവരം തനിക്കറിഞ്ഞുകൂടേ.

വൈ—ഞാൻ ഒരു ഒന്നാന്തരം വൈദ്യനാണെന്നും അറിഞ്ഞിട്ടില്ലായിരിക്കും. കോപം എല്ലാവർക്കും ഉണ്ട്. അതും ഓർമ്മയിലിരിക്കട്ടെ.

ഇൻ—താൻ ഈ ലോകത്തിലുള്ള സകല വൈദ്യന്മാരും കൂടിച്ചേർന്ന ഒരാളായാൽ പോലും തനിക്കു സ്വല്പമെങ്കിലും വകതിരിവോ മാന്യതയോ ഇല്ലെന്നു ഞാൻ തീർച്ചയായി പറയുന്നു. അതുകൊണ്ടാണ് ഞാൻ മതിമറന്ന് ഇങ്ങനെ എന്നോട്ട് ആവശ്യപ്പെട്ടത്. എന്റെ പുത്രിയുടെ നേരെ നോക്കാൻപോലും തനിക്കു അന്തസ്സില്ലല്ലൊ. എടാ, ചിന്നപ്പാ, ഈ വൈദ്യവഴ്ശനെ—അതെ, ഈ അങ്ങുന്നിനെ,—പിടലിക്കു പിടിച്ചു പുറത്താക്ക്. ക്ഷണം വേണം.

ചിന്ന—ഇതാ, അങ്ങത്തെ! കതകു തുറന്നിരിക്കുന്നു. പുറത്തയ്ക്കു പോകുക.

വൈദ്യൻ അവന്റെ നേരെ കയ്യോങ്ങി. അവൻ മാറിനിന്നു.

വൈ—ഹേ, ഇൻസ്പെക്ടരങ്ങുന്നെ, നിങ്ങളുടെ മകളോട്ട് എനിക്കു വലിയ അനുരാഗം ഉണ്ടെന്നു ഞാൻ പറഞ്ഞുകഴിഞ്ഞു. ആ കുട്ടിയെ മാനമായി സംരക്ഷിക്കാൻ എനിക്കു ശക്തിയുണ്ടെന്നുള്ളതു ഞാൻ കാര്യകാരണസഹിതം ബോധ്യപ്പെടുത്തുകയും ചെയ്തു. ഞാൻ ഇതാ ഒരിക്കൽകൂടി

ചോദിക്കുന്നു. അങ്ങ് ആ യുവതിയെ എനിക്കു തരുമോ ഇല്ലയോ?

ഇൻ—ഇല്ല ഈശ്വരനാണെ തരികയില്ല. താൻ ചത്തു എന്നു കേൾക്കുന്നതിനാണ് എനിക്കു അതിനേക്കാൾ താല്പര്യം. തന്നോടു ചേരുന്നതുകൊണ്ടുള്ള അപമാനം അനുഭവിക്കുന്നതിനേക്കാൾ അവളുടെ പ്രാണൻ പോകുന്നതാണ് നല്ലതു്. താൻ കാമവല്ലിക്കുഞ്ഞമ്മയെ വിവാഹം ചെയ്കയൊ? ഇല്ല ഈ ജന്മമില്ല. ഒരിക്കലും നടക്കുന്നതല്ല.

വൈ.—ആ കന്യക എന്നെ കാംക്ഷിക്കുകയും എൻെറ ഭാര്യയായി ജീവിക്കാമെന്നു വിശ്വസിക്കുകയും ചെയ്യുന്നുണ്ടെങ്കിലൊ?

ഇൻ—താൻ ഒരു തെമ്മാടിയും പോക്കിറിയും ആണെന്നു ഞാൻ പറയുന്നതായാലൊ? ദ്രോഹീ, ദുർബുദ്ധി തന്നെ എൻെറ വീട്ടിൽ ചികിൽസയ്ക്കായി വിളിച്ചതു താൻ എൻെറ വീട്ടിലുള്ളവരെ വശീകരിച്ചു കൈവശപ്പെടുത്താനാണൊ? ഇതാണൊ മാന്യത? ഇതാണൊ ആണത്വം? കൊള്ളാവുന്ന പുരുഷന്മാരുടെ തൊഴിൽ ഇങ്ങനെ ആണൊ? എടാ, ചിന്നപ്പാ. സ്വാമിദ്രോഹീ കഴുതെ, നിന്നോടു ഞാൻ എന്താണ് പറഞ്ഞതു്? ഇയാളെ പുറത്തയയ്ക്കാൻ ഞാൻ എത്ര പ്രാവശ്യമായി നിന്നോടു പറയുന്നു?

നരഹരവൈദ്യൻ അത്യന്തം ക്ഷോഭിച്ച മുഖഭാവത്തോടുകൂടി അവിടെത്തന്നെ നിന്നു് ഇങ്ങനെ പറഞ്ഞു. "സ്ത്രീകൾക്കു ദൈവം ഭർത്താവാണെന്നാണ് വേദവിധി. അവർ മാതാപിതാക്കന്മാരെ ഉപേക്ഷിച്ചും ഭർത്താവിനെ അനുകൂലിക്കണമെന്നാണ് ഇതിഹാസപുരാണാദികളിൽ ഘോഷിക്കുന്നതു്. ഞാൻ ഒരു കാര്യം ചോദിച്ചുകൊള്ളട്ടെ. പെൺകുട്ടിക്കു സമ്മതവും എനിക്കു സ്വത്തും ഉണ്ടെങ്കിൽ പിന്നെ

ഏതു ന്യായം അനുസരിച്ചാണ് നിങ്ങൾ എന്റെ അപേക്ഷയെ തടയുന്നതു്?

ഇൻ—അധികാരശക്തിയും സ്ഥാനമാനവും അനുസരിച്ചാണ്. നിങ്ങളുടെ ചോദ്യത്തിനുത്തരം ഞാൻപറഞ്ഞ സ്ഥിതിക്ക് എന്റെ ചോദ്യത്തിനുത്തരം നിങ്ങളും പറയുമല്ലൊ. ഏതു ന്യായത്തെ അടിസ്ഥാനപ്പെടുത്തിയാണ് നിങ്ങൾ എന്റെ മകളുടെ പ്രീതി സമ്പാദിച്ചതു്? നിങ്ങൾ ഒരു കാര്യത്തിനായി എന്റെ വീട്ടിൽവന്നു നീചമായും രഹസ്യമായും അനർഹമായ വേറൊരു കാര്യം നടത്തിയിരിക്കുന്നു. ഇങ്ങനെ പ്രവർത്തിക്കാൻ നിങ്ങൾക്ക് അവകാശമുണ്ടായിരുന്നില്ല. നിങ്ങൾ ഒരു ഭീരുവും വഞ്ചകനുംആണെന്നു ഞാൻ വീണ്ടും പറയുന്നു. ഹെ, വൈദ്യൻ ഇറങ്ങിപ്പോകുക. വീട്ടിൽചെന്നു ബിൽ അയയ്ക്കുക. നിങ്ങൾക്ക് എന്തെങ്കിലും വരാനുണ്ടെങ്കിൽ ഉടൻ അവിടെ എത്തിക്കാം. ഇനിമേൽ എന്റെ പടിക്കകത്തു കാൽ വെച്ചുപോകരുതു്. എന്റെ മകളെ സ്മരിക്കുകയും അരുതു്.

നരഹരവൈദ്യൻ പോകാനായി തിരിഞ്ഞു് ഇങ്ങനെ പറഞ്ഞു. "ഇങ്ങനെ എല്ലാം പറയുന്നതിനു് എളുപ്പമുണ്ടു്."

ഇൻ—എടാ ദ്രോഹീ. ചിന്നപ്പാ, കതകു തുറന്നു് കൊടുക്ക്. എനിക്ക് എഴുനേൽക്കാൻ പാടില്ലാത്തതു നിങ്ങൾ രണ്ടുപേരുടേയും നല്ലകാലമെന്നേ പറയുന്നുള്ളു. അല്ലെങ്കിൽ ഉഗ്രനായ ഒരു ഇൻസ്പെക്ടരോട്ട് എതിർക്കുന്നതിന്റെ ഫലം നിങ്ങളുടെ മുതുകുകൾ ഉടൻ അനുഭവിക്കാതിരിക്കയില്ലായിരുന്നു.

ഈ സമയത്തു വൈദ്യനും ചിന്നപ്പനും പുറത്തിറങ്ങിക്കഴിഞ്ഞിരുന്നതു് അവരുടെ ഭാഗ്യംതന്നെ. എന്തെന്നാൽ ഇൻസ്പെക്ടരുടെ വടി മൂളിക്കൊണ്ടു അവരുടെ പിന്നാലെ

വായുവിൽക്കൂടി പാഞ്ഞുചെന്ന കതകിന്റെ ഒരു കോണ് അടിച്ചിളക്കി ദൂരെത്തെറിപ്പിച്ചു.

ശ്രീമതി കിടകിടെ വിറച്ചുകൊണ്ടു് അല്പം അകലെ മതിലിൽ ചാരിനിൽക്കുകയായിരുന്നു. അച്ഛന്റെ മുറിയിലെ അലർച്ചയും ലഹളയും കേട്ടു് അവൾ ഓടിയെത്തി നോക്കിയപ്പോൾ അകത്തേക്കു ചെല്ലാൻ ഭയപ്പെട്ടിട്ടു് അവിടെത്തന്നെ നിൽക്കുകയാണു് ചെയ്തിരുന്നതു്.

നരഹരവൈദ്യൻ മടങ്ങി പോകുംവഴി അവൾ അയാളുടെ കൈയ്ക്കു തൊട്ടു.

ശ്രീ—വൈദ്യൻ ജ്യേഷ്ഠാ, അവിടെ എന്താണ് നടന്നതു്? കൊച്ചുകുന്റെ പേരു പറയുന്നതു കേട്ടല്ലോ. അവൻ എന്തു തെറ്റാണു ചെയ്തതു്.

വൈദ്യൻ വിചാരമഗ്നനായി കൈ തട്ടിയുംവെച്ചു മുമ്പോട്ടേക്കു നടന്നു. കുറച്ചുദൂരം പോയ ശേഷം കന്യകയുടെ അടുക്കലേക്കു മടങ്ങിവന്നു് ഇങ്ങനെ പറഞ്ഞു. "പ്രിയെ ഭയപ്പെടാതിരിക്കുക. ഞാൻ ഭവതിയുടെ അച്ഛനോടു് ഒരു കാര്യം അപേക്ഷിച്ചു. അദ്ദേഹം മര്യാദകേടായി അതിനു മറുപടി പറയുകയായിരുന്നു. കാര്യം നേരെ ആയിക്കൊള്ളും. കണ്ടുകൊള്ളുക. കാമവല്ലിയോടും ഇങ്ങനെതന്നെ പറഞ്ഞേക്കണം! ഞാൻ ഭവതിയുടെ കൈ തട്ടിയുംവെച്ചു കടന്നുപോയതിനെ ഭവതി ക്ഷമിക്കുക. അപ്പോൾ ഞാൻ ക്ഷോഭിച്ചിരിക്കയായിരുന്നു.

അയാൾ വീണ്ടും പുറപ്പെട്ടു പടിക്കുവെളിയിലെത്തി. അപ്പോൾ വിശാലാക്ഷിയും കാമവല്ലിയും മടങ്ങി വരികയായിരുന്നു.

വൈ—കാമവല്ലീ, ഞാൻ ഭവതിയോടു രഹസ്യമായി ഒരു വാക്കു പറഞ്ഞുകൊള്ളട്ടെ?

അവൾക്കു് അതിലേക്കു വിസമ്മതം ഉണ്ടായിരുന്നില്ല.

എന്നാൽ വിശാലാക്ഷി ഇപ്രകാരം വൈദ്യനെ എതിർത്തു.

വി—നിങ്ങൾക്ക പരസ്യമായി പറയാൻ പാടി ല്ലാത്ത യാതൊരു കാൎയ്യവും അവളോട്ട പറയാനുള്ളതായി ഞാൻ വിചാരിക്കുന്നില്ല. കാമവല്ലീ, നീ അങ്ങോട്ടേക്ക പോകേണ്ട.

ജ്യേഷ്ഠത്തിയുടെ വാക്കിനെ പരസ്യമായി ധിക്കരിച്ചും വെച്ചു വൈദ്യൻെറ അട്ടക്കലേക്ക ചെല്ലുന്നതിന്ന കാമ വല്ലി അപ്പോൾ തുനിഞ്ഞില്ല. ഈ വിഷമം വൈദ്യൻ മനസ്സിലാക്കിക്കൊണ്ടു ഇങ്ങനെ തുടൎന്നുപറഞ്ഞു.

"പ്രിയേ! കാമവല്ലീ, ഭവതിയെ വിവാഹം കഴിക്കു ന്നതിന്ന എനിക്ക അനുവാദം തരണമെന്നു ഞാൻ ഭവതി യുടെ അച്ഛനോട്ട ഇപ്പോൾ അപേക്ഷിച്ചു. എന്നിട്ടു എൻെറ അപേക്ഷയെ അദ്ദേഹം ധിക്കരിക്കുകയാണു ചെ യ്തതു്. ഞാൻ ഇപ്രകാരം ആവശ്യപ്പെട്ടതു നിങ്ങളുടെ കുടുംബത്തിലേക്ക വലിയ ആക്ഷേപമായിപ്പോയി എന്നാ ണു് അദ്ദേഹത്തിൻെറ അഭിപ്രായം. അദ്ദേഹം എന്നെ വളരെ വളരെ ശകാരിച്ചു. പുരുഷവംശത്തിൽ ജനിച്ച ആരെയും ആളുകൾ ഇങ്ങനെ ശകാരിക്കുമെന്നു തോന്നുന്ന മില്ല. പ്രിയെ! ഇനി ഭവതിയുടെ ഇഷ്ടം മാത്രമെ ഈ വിഷയത്തിൽ എനിക്കാശ്രയമുള്ളു.

അവൾ ഭയപ്പെട്ടും വ്യസനിച്ചും ചിന്താക്രാന്തയായി അവിടെ നിന്നു.

വൈ - പഴയ്യെ തിന്നാൽ പനയും തിന്നാം. പ്രിയെ, ഭവതി ക്ഷമിച്ചിരിക്കുക. ഇൻസ്പെക്ടരദ്ദേഹം എന്നെ ഇത്ര യെല്ലാം ശകാരിച്ചിട്ടു ഞാൻ ഭവതിയെ വിചാരിച്ചു പ്ര ത്യുത്തരം ഒന്നും പറഞ്ഞില്ല. നമ്മുടെ അപേക്ഷയെ അ ദ്ദേഹം സന്തോഷപൂർവം സ്വീകരിക്കാനുള്ള കാലം താമസ

വരും. അദ്ദേഹത്തിന്റെ തടസ്ഥങ്ങളെ ദൂരീകരിക്കാൻ നാം നല്ലവണ്ണം ശ്രമിക്കുകതന്നെ.

വി—നിങ്ങൾ ഞങ്ങളുടെ വീട്ടിൽ കയറിക്കൂടെന്നു് അച്ഛൻ പറഞ്ഞിട്ടുണ്ടോ?

വൈ—ഉവ്വ്. എന്നാൽ അദ്ദേഹത്തിന്റെ വിപരീതാഭിപ്രായത്തെ ദൂരത്താക്കാൻ ഞാനും ഭവതിയുടെ സഹോദരിയും കഴിയുന്നത്ര ശ്രമിക്കാനാണു് ഭാവിച്ചിരിക്കുന്നതു്. വിശാലാക്ഷീ, ഭവതി ഞങ്ങളെ തടയരുതെ. കാമവല്ലിയെ ഉപേക്ഷിക്കാൻ ഞാൻ ശക്തനല്ല.

വി—"ഞങ്ങളെ" എന്നു നിങ്ങൾ പറയുന്നതുകേട്ടിട്ടു് എന്റെ സഹോദരി ഇതിനു മുമ്പുതന്നെ നിങ്ങളുമായി യോജിക്കുന്നതായി തോന്നിപ്പോകുന്നുവല്ലൊ. കാര്യം അങ്ങനെതന്നെയാണൊ?

വൈ—അതെ. അങ്ങിനെതന്നെ. പരസ്പരപ്രണയബന്ധത്താൽ ഞങ്ങൾ യോജിച്ചവരാണു്. വിശാലാക്ഷീ, ഭവതിയുടെ അനുജത്തിക്കും എനിക്കും തമ്മിലുള്ള സ്നേഹം അത്ര വേഗത്തിൽ തടഞ്ഞുകളയാവുന്ന ഒരു കുട്ടിക്കളിയല്ല. ഇൻസ്പെക്ടരദ്ദേഹം വിചാരിച്ചാൽ പോലും ഇതു ക്ഷണസാദ്ധ്യമാണെന്നു തോന്നുന്നില്ല. അദ്ദേഹത്തിന്റെ വിസമ്മതം മാററാൻ ഭവതികൂടി ഞങ്ങളെ സഹായിക്കുമോ?

വി—ഇല്ല. നിങ്ങളുടെ ഈ അഭിപ്രായം കേട്ടിട്ടു് എനിക്കു വലിയ വ്യസനവും മാനഹാനിയും തോന്നുന്നുണ്ടു്. നിങ്ങൾ ആലോചിക്കുന്നതു് നടക്കത്തക്ക കാര്യമല്ല.

വൈ—ഓഹൊ. ഇപ്പോൾ മനസ്സിലായി. ഭവതിക്കും അച്ഛനെപ്പോലെയുള്ള ദുരഭിമാനങ്ങളെല്ലാമാണുള്ളതു്. അല്ലേ? ഇവയെ ദൂരെ കളയുക. ഇവയെ ഇല്ലാതാക്കാൻ ഞാൻ കഴിയുന്നത്ര പരിശ്രമിക്കും. കാമവല്ലിയെ എന്റെ

സ്വന്തമാക്കാൻ ഏതു ചെയ്യുന്നതിനും ഞാൻ സന്നദ്ധനാണ്. അവൾ എൻെറ ഭാൎയ്യയായിത്തീരുക തന്നെചെയ്യും പ്രിയെ, കാമവല്ലി, ഭവതി ഇതിലേക്ക് അനുകൂലയാണെങ്കിൽ ഈ കാൎയ്യം നമുക്ക് ഏതുവിധേനയെങ്കിലും സാധിക്കാം. ഭവതി എന്നെ വിശ്വസിച്ചുകൊണ്ടാൽ മാത്രം മതി. എന്നെ ഇനിമേൽ നിങ്ങളുടെ വീട്ടിൽ കയറുക യില്ല. എങ്കിലും ഞാൻ ഇതുപോലെ വേറെ സ്ഥലങ്ങളിലുംവെച്ചു ഭവതിയെ കണ്ടുകൊള്ളാം. ഇപ്പോൾ നമുക്ക പിരിയാം. വിശാലാക്ഷി ഞാൻ പോകുന്നു.

അവർ പിരിഞ്ഞു. വരാൻപോകുന്ന വിഷമതകളെപ്പററി വിശാലാക്ഷി നല്ലവണ്ണം ചിന്തിച്ചു. എന്നാൽ ഈ വൈഷമ്യം എത്രത്തോളം ദുസ്സഹമായി പരിണമിക്കുമെന്നുള്ള ഊഹം അവൾക്ക്അപ്പോൾ ഉണ്ടായില്ല.

# പതിനെട്ടാം അദ്ധ്യായം

## മുഖം വീണ്ടും കാണുന്നു

കാമവല്ലിയുടെ ഹൃദയത്തിൽ ഒരു പോരാട്ടം ആരംഭിച്ചു. രണ്ടു വികാരങ്ങൾ അതെ, സ്വീകാരവും ദുർവികാരവും തമ്മിൽ അവിടെ വലിയ കലശൽക്കൂട്ടി. ജയം പ്രാപിക്കുന്നതിനുള്ള ഇച്ഛ ഓരോന്നിനും നല്ലവണ്ണം ഉണ്ടായിരുന്നു.

അനുസരിക്കുകയോ ധിക്കരിക്കുകയോ ചെയ്യേണ്ടതു്? കർത്തവ്യകർമ്മത്തിൽത്തന്നെ ചരിച്ചു പിതാവിൻെറ ഇച്ഛയെ അനുവർത്തിക്കുകയും നല്ലവൾ എന്ന പേരിന്നു് അർഹയായി ഭവിക്കുകയും ചെയ്കയോ, അതോ വേണ്ടപ്പെട്ട മിത്രങ്ങളെ ഉപേക്ഷിച്ചു് രഹസ്യമായും നീചമായും നരഹരവൈദ്യൻെറ പിന്നാലെ ഒളിച്ചോടി പോകുകയോ വേണ്ടതു്? ഈ വക്രഘട്ടത്തിലാണു് അവളുടെ മനഃസ്ഥിതി വന്നുകപ്പെട്ടതു്. മാന്യനിലയിൽ വളർത്തപ്പെട്ട ഒരു യുവതിക്കു് ഇപ്രകാരം ഒരു വൈഷമ്യം നേരിട്ടതു പരിതാപകരംതന്നെയെന്നേ പറയേണ്ടൂ.

കാമവല്ലിയെ താൻ വിവാഹം ചെയ്യുന്നതിന്നു് അനുവദിക്കണമെന്നു് നരഹരവൈദ്യൻ അപേക്ഷിച്ച ദിവസം വൈകുന്നേരം ഇൻസ്പെക്ടർ അവളെ തൻെറ മുമ്പിൽ വി

ളിച്ചുവരുത്തി അതിരില്ലാതെ ശകാരിച്ചു. കോപാന്ധനായ പിതാവു് പുത്രിയെ അത്യന്തം നിർദ്ദയമായി ശാസിച്ചു. മേലാൽ നരഹരവൈദ്യൻെറ ഓർമ്മപോലും അവളുടെ മനസ്സിൽ കടക്കാൻ ഇട കൊടുത്തുപോകരുതെന്നും അയാൾ നിഷ്ക്കർഷയായി അവളോടു ചട്ടംകെട്ടി. ഒരു മഹാപുരുഷനായി താൻ ഗണിച്ചിരിക്കുന്ന നരഹരവൈദ്യനെ അച്ഛൻ ഇപ്രകാരം അധിക്ഷേപിക്കുന്നതു കേട്ടിട്ടു കാമവല്ലിക്കു് ഒട്ടുംതന്നെ രസിച്ചില്ല. അവൾ കലഹിനിയായിച്ചമഞ്ഞു. വൈദ്യവിഷയത്തിൽ ഒഴികെ മററു കാൎയ്യങ്ങളിലെല്ലാം വൈദ്യൻ ഒരു ദുർബ്ബുദ്ധിയാണെന്നും അങ്ങനെയുള്ള ആളെ എന്തുതന്നെയായാലുംമേലാൽ തൻെറ ഗൃഹത്തിൽ കയററുകയില്ലെന്നും ഇൻസ്പെക്ടർ ഉറപ്പായി പറഞ്ഞു. കാമവല്ലി എതിർത്തൊന്നും പറയാതെ തൽക്കാലം പിൻവാങ്ങി. കാൎയ്യം അതോടുകൂടി തൻെറ അഭിപ്രായപ്രകാരം അവസാനിച്ചു എന്നു് ഇൻസ്പെക്ടർ ഊഹിക്കുകയും ചെയ്തു. കാമവല്ലി തനിയെ ആയിരുന്നെങ്കിൽ അവളുടെ നിഷേധബുദ്ധി ക്രമേണ ശമിച്ചു് അവൾ പിതാവിൻെറ വശംവദയായി തീരുമായിരുന്നോ എന്നുള്ളതുനാം എങ്ങിനെ നിശ്ചയിക്കും? എന്നാൽ അവൾ തനിയെ ആയിരുന്നില്ലല്ലൊ. നരഹരവൈദ്യൻെറ ദുരാലോചനകളിൽ അവൾ ഭാഗഭാക്കായിരുന്നില്ലെ? അവളുടെ ധിക്കാരേച്ഛയെ പ്രജ്വലിപ്പിക്കുന്നതിനു് അയാൾ ആകുംവണ്ണം ശ്രമിക്കാതിരുന്നില്ല.

അവസരം കിട്ടുന്നതിനു് അയാൾക്കു യാതൊരു പ്രയാസവും ഉണ്ടായിരുന്നില്ല. കാമവല്ലി അയാളെ പലപ്പോഴും രഹസ്യമായി കാണാറുണ്ടായിരുന്നു. കാവുകളിലും കുളവക്കുകളിലും മററും വെച്ചു് അവർ പ്രതിദിനമെന്നവണ്ണം സായാഹ്നസമയങ്ങളിൽ കണ്ടെത്താതിരുന്നില്ല. വിശ്രം

ലാക്ഷിയും അച്ഛനും ഈ രഹസ്യോദ്യമത്തെപ്പററി ശങ്കിച്ചുമില്ല.

എന്നാൽ സംഗതികൾ ഈ വിധത്തിൽ നടന്നാൽ പോരല്ലൊ. കാമവല്ലി വഞ്ചനയിലും ദുഷ്ടതയിലും കച്ച കെട്ടീട്ടുള്ള ഒരു യുവതി ആയിരുന്നില്ല. ആകയാൽ അവളുടെ തൽക്കാല നടപടികൾ അവളെ അത്യന്തം ലജ്ജിതയാക്കിത്തീർത്തിരുന്നു. തന്റെ ദുർബുദ്ധിത്വം കണ്ടുപിടിക്കപ്പെട്ടുപോകുമെന്നുള്ള ഭീതിയും അവളിൽ കടന്നുകൂടി. തങ്ങളുടെ രഹസ്യകൂടിക്കാഴ്ചകൾ നടക്കാറുണ്ടായിരുന്ന ഓരോ അവസരത്തിലും ഇതു് അവസാനത്തേതായിരിക്കണമേ എന്നു് അവൾ കരഞ്ഞുകൊണ്ടു വൈദ്യനോടപേക്ഷിക്കാതിരുന്നില്ല. ഇപ്രകാരം ശ്രദ്ധമായി പെരുമാറുന്നതിനു് അവൾ അശക്തയാണെന്നു പറയുമ്പോൾ "എന്നാൽ പിന്നെ നാം തമ്മിൽ അവസാനയാത്ര പറയുകയല്ലാതെ എന്താണു മററു നിവൃത്തി?" എന്നായിരുന്നു നരഹരവൈദ്യൻ ചോദിക്കാറുണ്ടായിരുന്നതു്.

അയാളുടെ കുടിലനയങ്ങളെ സാദരം ശ്രദ്ധിക്കുന്നതിനു അവൾ ക്രമേണ സന്നദ്ധയായിത്തീൎന്നു. തൽക്കാലസ്ഥിതിക്കു് അവരുടെ ഏകയോഗക്ഷേമത്തിനു് ഒരേ ഒരു മാർഗ്ഗമേ കാണുന്നുള്ളു എന്നായിരുന്നു വൈദ്യൻ അഭിപ്രായപ്പെട്ടതു്. അതായതു് അവൾ അയാളോടുകൂടി ഒളിച്ചോടിപ്പോകുക. ഈ അവിവേക ക്രിയയിൽ ആ യുവതിയെ ഉൾപ്പെടുത്തുന്നതിനു അയാൾക്കു അധിക ദിവസത്തെ ശ്രമം വേണ്ടിവന്നില്ല. അച്ഛൻ അനുവദിക്കുക എന്നുള്ള കഥ നടക്കുന്നതല്ലെന്നായിരുന്നു വൈദ്യന്റെ പൂർണ്ണബോധം. എന്നാൽ വിവാഹം നടന്നുപോയാൽ പിന്നീടു് അദ്ദേഹം സാവധാനത്തിൽ വശപ്പെടാതിരിക്കയില്ലെന്നും അയാൾ അവളോടു പറഞ്ഞുകേൾപ്പിച്ചു. അയാളുടെ വിശ്വാ

സവും ഇങ്ങനെ തന്നെ ആയിരുന്നു. ക്ഷിപ്രകോപിയായുള്ള ആൾ ക്ഷിപ്രപ്രസാദിയും ആയിരിക്കുമെന്നായിരുന്നു വൈദ്യൻ ആലോചിച്ചതു്.

എന്നാൽ എല്ലാ പൊതുനിയമങ്ങൾക്കും വ്യത്യസ്തങ്ങൾ ഉണ്ടായിരിക്കുക, അസാധാരണമാണല്ലോ- കാമവല്ലി അശ്രുപൂർണ്ണങ്ങളായ നേത്രങ്ങളോടും ഗൽഗദത്തോടും ആത്മശാസനകളോടുംകൂടി തന്റെ കാമുകന്റെ ദുരുപദേശത്തെ അനുവർത്തിക്കുന്നതിനു സമ്മതിച്ചു. നരഹരവൈദ്യൻ അതിലേക്കുള്ള നിവൃത്തിമാർഗ്ഗം യഥായോഗ്യം ആലോചിച്ചു നിശ്ചയിച്ചു് അവളെ അറിയിക്കുകയും ചെയ്തു. അയാൾ വീട്ടിൽ കേറിക്കൂടെന്നു് അച്ഛൻ വിലക്കിയിരുന്നില്ലെങ്കിൽ കാമവല്ലി ഈ സാഹസകൃത്യത്തിനു് ഒരിക്കലും വഴിപ്പെട്ടുവായിരുന്നില്ല. അയാളെ കാണുന്നതിനു വേണ്ടി കൂടെക്കൂടെ വീട്ടിൽ നിന്നു ആരും അറിയാതെ ചെല്ലുക എന്നുള്ളതു് അവൾക്കു ദുസ്സഹമായി തോന്നി. അയാളെ കാണാതെ ജീവിക്കുന്നതിനു അവൾക്കു് ഇഷ്ടവുമില്ലായിരുന്നു. തന്റെ അച്ഛനും കാമുകനും തമ്മിൽ വാഗ്വാദമുണ്ടായതിൽ പിന്നീടുള്ള ദിവസങ്ങൾ യുഗങ്ങളായിട്ടാണു് അവൾക്കു തോന്നിയിരുന്നതു്.

സ്നേഹലതാമ്മ മരിച്ചിട്ടു ഏകദേശം ഒരു മാസം ആകാറായി. ചന്ദ്രരശ്മികൾ രാത്രികാലത്തെ ധവളീകൃതമാക്കിത്തീർക്കുന്നുണ്ടായിരുന്നു. മേഘബാധ ഹേതുവായി ഈ കിരണങ്ങൾ അത്ര തന്നെ ശോഭായമാനങ്ങളായിരുന്നില്ല. ഇടയ്ക്കിടെ മഴച്ചാറലുകളും വലിയ മഴയ്ക്കുള്ള വട്ടങ്ങളും ഉണ്ടായിക്കൊണ്ടിരുന്നു.

കാമവല്ലി തന്റെ അച്ഛന്റെ വീട്ടിൽ നിന്നു ഗൂഢമാർഗ്ഗേണ ഇറങ്ങി കാമുകദർശനത്തിനായി പുറപ്പെട്ടു. അവൾ ഒരു മുഷിഞ്ഞ പുടവയുടുത്തു് ഒരു കറുത്ത

പുതപ്പുകൊണ്ടു ശരീരം മൂട്ടകയും ചെയ്തിരുന്നു. അതിവേഗത്തിൽ നടന്നു് അവൾ വീട്ടിനടുത്തുണ്ടായിരുന്ന കാവിൻെറ സമീപത്തിൽ എത്തി. മണി രാത്രിയിൽ എട്ടോ ഒമ്പതോ ആയിക്കാണുമായിരുന്നിരിക്കാം. മേഘച്ഛന്നമായ ചന്ദ്രിക ഇടയ്ക്കിടെ വിലസുന്നുണ്ടായിരുന്നു. അവൾ ഉദ്ദേശിച്ചിരുന്ന സമയം കുറെ കഴിഞ്ഞതിൽ പിന്നീടാണു് പുറപ്പെട്ടതു്. കുറേശ്ശയായി ചാറിക്കൊണ്ടിരുന്ന മഴയെ അവൾ ഗണ്യമാക്കിയില്ല. നരഹരവൈദ്യൻ ഒരു മരത്തിൽ ചാരി അവളെ കാത്തു അവിടെ നിൽക്കുന്നുണ്ടായിരുന്നു. കാമവല്ലി അത്ഭീതയായി അയാളുടെ അടുക്കലേക്കു പാഞ്ഞെത്തി.

കാ—ആഹാ പ്രിയാ, അങ്ങു പൊയ്ക്കളഞ്ഞിരിക്കുമൊ എന്നു ഞാൻ ഭയപ്പെട്ടു. ഇന്നു് ഇങ്ങോട്ടേക്കു വരാൻ സാധിക്കുമെന്നു് എനിക്കു തോന്നിയില്ല. അച്ഛനും അക്കനും കൂടി എന്നെ ഓരോ ജോലിക്കായി താമസിപ്പിച്ചു കളഞ്ഞു.

നാ—പ്രിയെ ഒരു രാത്രികൂടെ മതിയല്ലൊ: പിന്നെ ഇതൊന്നും വേണ്ടല്ലൊ.

തൻെറ അവിവേകപൂർവമായ പ്രവൃത്തിയുടെ ഭാവിഫലത്തെ വിചാരിച്ചു് അവൾ ഭയവിഹ്വലയായിത്തീർന്നു.

കാമ—പ്രിയാ, ഇതിലേക്കു ഞാൻ ശക്തയാണെന്നു തോന്നുന്നില്ല. എനിക്കു വലിയ ഭയം തോന്നുന്നുണ്ടു്. ഞാൻ വളരെ വ്യസനിക്കുന്നു.

നര—എന്തിനെപ്പററിയാണു് ഭയം?

കാമ—അച്ഛൻെറ വീട്ടിൽനിന്നു് ഒളിച്ചോടിപ്പോകുന്നതിനു് എനിക്കു വളരെ ഭയമുണ്ടു്. ഇങ്ങനെയുള്ള സംഭവങ്ങളെപ്പററി പുസ്തകങ്ങളിൽ വായിച്ചിട്ടുള്ളതല്ലാതെ ഇതുവരെ അപ്രകാരം ചെയ്തിട്ടുള്ള ആരെയും ഞാൻ കണ്ടറിഞ്ഞിട്ടില്ല. സമയം അടുത്തുവരുന്തോറും പിൻമാറാൻ

എനിക്ക് അഗ്രഹം വർദ്ധിച്ചുവരുന്നുണ്ട്. എത്രമാത്രം അനുസരണശീലത്തിലാണ് ഞങ്ങൾ വളർന്നിട്ടുള്ളതു്?

നര—പ്രിയെ; മിണ്ടാതിരിക്കുക. ഭവതി അനാവശ്യമായി ശങ്കിക്കുകയാണ് ചെയ്യുന്നതു്. ഇങ്ങനെ ഒന്നും ഭയപ്പെടേണ്ട ആവശ്യം ഇപ്പോൾ ഇല്ല.

അവൾ തന്റെ സാഹസത്തെപ്പററി മൌനമായി ചിന്തിച്ചു് അവളുടെ മനസ്സാക്ഷി ഇന്ന് ഏററവും ഉണർച്ചയോടുകൂടിയിരിക്കുകയാണ്. അവളുടെ ഭയപൂരിതമായ മുഖം നിലാവു വെളിച്ചത്തിൽ നരഹരവൈദ്യൻ കണ്ടിട്ട് ഇങ്ങനെ പറഞ്ഞു. "കാമവല്ലി ഞാൻ പറയുന്നതു കേൾക്കുക. എന്നെ വിശ്വസിക്കുക. ഒരു പിതാവു് അക്രമമായി സ്വാതന്ത്ര്യം ഭാവിക്കുകയും അധികാരം പ്രയോഗിക്കുകയും ചെയ്യുമ്പോൾ പുത്രി ഒഴിഞ്ഞു മാറുന്നതു ഒരിക്കലും അനീതിയാണെന്നു ആരും പറയുകയില്ല. ഭവതി ചഞ്ചലപ്പെടാതിരിക്കുക. കാമവല്ലി! കാമവല്ലി! നമ്മുടെ തന്ത്രങ്ങളെ ഭവതി വ്യർത്ഥമാക്കിത്തീർക്കരുതു്. ഈ അവസാന മണിക്കൂറിൽ ഭവതി എന്നെ ഇച്ഛാഭഗ്നൻ ആക്കിത്തീർക്കരുതെ."

അവൾ പൊട്ടിക്കരഞ്ഞു പറഞ്ഞു. "ഇല്ല. ഞാൻ പിന്മാറുകയില്ല. എന്നാൽ ഇതു് എങ്ങനെ സാധിക്കുമെന്ന് എനിക്കറിഞ്ഞുകൂടാ. സർവ്വവും ഇന്നു രാത്രി എനിക്കു ഭയപ്രദമായി തോന്നുന്നു. ഭാവിയെപ്പററിയാണെനിക്ക് അത്യന്തം ഭയമുണ്ടാകുന്നതു്."

അവളുടെ ചഞ്ചലഹൃദയത്തെ സ്ഥിരീകരിക്കുന്നതിനു വേണ്ടി വൈദ്യൻ ആകുംവണ്ണമെല്ലാം പരിശ്രമിച്ചു. സ്നേഹപൂർണ്ണങ്ങളായ പല സമാധാനങ്ങളും അയാൾ പറഞ്ഞു കേൾപ്പിച്ചു. അയാൾ അവളെ സർവ്വേശ്വരി എന്നും സർവ്വജ്ഞയെന്നും സ്തുതിച്ചു.

നര—പ്രിയെ, എനിക്കു ഭവതിയെക്കൂടാതെ ജീവിക്കാൻ നിവൃത്തിയല്ല. അതിലേക്കു ഞാൻ അശക്തനാണ്. ഭവതി പിന്മാറരുതെ.

അയാളെ പിരിഞ്ഞു പാർക്കുന്നതു് അവൾക്കും ദുസ്സഹമായി തോന്നിയിരിക്കാം. അവൾ ശാന്തതയെ അവലംബിച്ചു. തൃപ്തിപ്പെട്ടവണ്ണം നടിച്ചു. ക്രമേണ സകല സംശയങ്ങളും അവളിൽ നിന്നു നീങ്ങി. ആരും അറിയാതെയും ആരും പിന്തുടർന്നു ചെല്ലാതെയും ദിക്കുവിടുന്നതിനുള്ള തന്ത്രത്തെപ്പററി അവർ സവിസ്തരം ചിന്തിച്ചുറച്ചു. സമയം അടുത്തുമുറുകി. ഇനിയും വല്ലവിധേനയും ഒരു ഇരുപത്തിനാലു മണിക്കൂറുകൾ കൂടി കഴിച്ചുകൂട്ടിയാൽ തങ്ങൾ രക്ഷപെട്ടു എന്നായിരുന്നു അവരുടെ വിചാരം.

നേരം അധികം ഇരുട്ടുകയായിരുന്നല്ലൊ. നരഹരവൈദ്യനു പോകാൻ സമയമായി. കാമവല്ലിക്കും അപ്രകാരം തന്നെ. അവർ സ്നേഹപൂർവങ്ങളായ പല വാക്കുകൾ തമ്മിൽ പറഞ്ഞു തൽക്കാലം പിരിഞ്ഞു. വൈദ്യൻ അയാളുടെ വീട്ടിലേക്കു പുറപ്പെട്ടു. കാമവല്ലി അവളുടെ ഹൃദയക്ഷോഭത്തെ അടക്കുന്നതിനായി അല്പനേരം അവിടെ ത്തന്നെ നിന്നു. ഏതാനും മണിക്കൂറുകൾ കൂടിക്കഴിയുമ്പോൾ ഈ സങ്കടങ്ങൾ മുഴുവൻ അവസാനിച്ചു. താൻ സ്വാതന്ത്ര്യയാകുമല്ലൊ എന്നു് അവൾ സമാധാനപ്പെട്ടു.

ചുററും ഉണ്ടായിരുന്ന വേലികളുടെയും ചെടികളുടെയും മറവുകൊണ്ടു് തന്നെ ആരും കാണുകയില്ലെന്നുള്ള ഉറപ്പോടുകൂടി പുതപ്പു് അവൾ ഒരു ചെടിയിൽ ഇട്ടിരിക്കുകയായിരുന്നു. അതു് എവിടെ എന്നു നോക്കാനായി അവൾ ഭാവിച്ചപ്പോൾ ചന്ദ്രൻ മേഘപടലത്തിൽ നിന്നു മുക്തനായി അവളെ കടാക്ഷിച്ചു. നിലാവെളിച്ചം നാലുപാടും പൂർവാധികം വ്യാപിച്ചു. കാമവല്ലി പുതപ്പെടുത്തു ശരീരം മറച്ചു. അവൾ

പെട്ടെന്നു ഞെട്ടി നിലവിളിച്ചു. അനന്തരം ഒരു നിമിഷനേരത്തേക്കു് അവൾ നിശ്ചലയായിത്തീർന്നു. അവിടെ വൃക്ഷങ്ങൾക്കിടയിലായി തന്നെ സൂക്ഷിച്ചു നോക്കികൊണ്ടു ആരോ നിന്നിരുന്നു. മനുഷ്യാകൃതിയിലുള്ള ഒരു രൂപമായിരുന്നെങ്കിലും അതു് അസാധാരണ വേഷമായിട്ടാണു് അവൾക്കു തോന്നിയതു്. ആ സത്വം അടുത്തുവരികയുമായിരുന്നു. ഏതോ രഹസ്യം പറയാൻ എന്നവണ്ണം അതു് അടുത്തുവന്നു് ഇങ്ങനെ വളരെ പതുക്കെ പറഞ്ഞു "കാമവല്ലിയമ്മ! നിങ്ങൾക്കു നരഹരവൈദ്യനോടു യാതൊരു ബന്ധവും ഇല്ലാതിരിക്കുകയാണു നല്ലതു്."

അവൾ ഭയാധിക്യം നിമിത്തം സ്തബ്ധയായി നിന്നു.

രൂപ—വൈദ്യനോടു വേഴ്ചയ്ക്കു് ഒരുങ്ങേണ്ട, അതാണു് നല്ലതു്. ഭവതിയുടെ ശ്രേയസ്സിനേയും ജീവനേയും പററി ഭവതിയ്ക്കു് ആഗ്രഹമുണ്ടെങ്കിൽ അയാളുമായി ബന്ധം ഉണ്ടാകാതിരിക്കുക. സ്നേഹമായി അമ്മയോടു് അയാൾ എന്താണു് ചെയ്യുന്നതെന്നു ഭവതി അയാളോടു ചോദിക്കുക. അയാൾക്കു വിഷവ്യാപാരം ഉണ്ടോ എന്നും അയാളോടു ചോദിക്കുക.

അനന്തരം ആ രൂപം അനങ്ങാതെ അദൃശ്യമായിത്തീർന്നു. കാമവല്ലിയുടെ ഹൃദയവും ജീവനും പെട്ടെന്നു് അവളെ വിട്ടുപിരിയാൻ ഭാവിക്കുന്നതുപോലെ അവൾക്കു തോന്നി.

ഇതിനിടെ നരഹരവൈദ്യൻ അല്പം ദൂരെ ചെന്നശേഷം അയാൾ കാമവല്ലിയോടു് ഏതോ ഒരു കാര്യം പറയാൻ വിട്ടുപോയി എന്നു് ഓർമ്മിച്ചുകൊണ്ടു്, ആ കാര്യം കൂടി അവളെ ഗ്രഹിപ്പിക്കാൻ വേണ്ടി അവളുടെ അടുക്കലേക്കു മടങ്ങുകയായിരുന്നപ്പോൾ കാമവല്ലിയുടെ വീട്ടുവാതലിനു സമീപത്തു് ഒരു വശത്തേക്കു മാറി കറുത്ത

ഉടുപ്പോ കരിമ്പടമോ ധരിച്ചും തലയിൽ ഏതോ ചില കെട്ടുകൾ കെട്ടിയും കിളരം കുറഞ്ഞു ക്രൂരനായ ഒരാൾ നിന്നിരുന്നതു് അയാൾ കണ്ടു. വല്ല ആവശ്യത്തിനുമായി ഇൻസ്പെക്ടരുടെ വീട്ടിൽ പോയും വച്ചു മടങ്ങുന്ന ആൾ ആയിരിക്കാമെന്നാണു് വൈദ്യൻ വിചാരിച്ചതു്. എന്നാൽ ആ രൂപം പെട്ടെന്നു തലക്കെട്ടു മാററിയതോടുകൂടി താൻ പണ്ടു കണ്ടു് ഭയപ്പെട്ടിരുന്ന രൂപം അതുതന്നെയാണെന്നു വൈദ്യനു മനസ്സിലായി. അയാൾ സ്തംഭമാനസനായിത്തീർന്നു. സ്നേഹലതാമ്മ മരിച്ച രാത്രിയിൽ അയാൾ അവളുടെ വീട്ടിൽ വച്ചു കണ്ടിരുന്നതു് ഇതേമുഖം തന്നെയായിരുന്നു. അന്നത്തെ മീശയും ഭീഷണാകാരവും ഒക്കെ ഇപ്പോഴും കാണപ്പെട്ടു. അയാൾ കിടുകിടുത്തു. ഇതു് ഒരു മനുഷ്യരൂപമോ ദുഷ്ടഭൂതമോ എന്നായിരുന്നു അയാളുടെ ആലോചന. അയാൾ അല്പനേരം ചിന്താഗ്രസ്തനായി നിന്നശേഷം വീണ്ടും നോക്കിയപ്പോൾ ആ രൂപം അവിടെനിന്നു മറഞ്ഞു കഴിഞ്ഞിരുന്നു.

പോയതു എങ്ങോട്ടേക്കോ? നരഹരവൈദ്യൻ അറിഞ്ഞില്ല. തൻെറ സമീപത്തു കൂടി കടന്നുപോയില്ലെന്നുള്ളതു നിശ്ചയം തന്നെ. വീട്ടിലേക്കു പ്രവേശിച്ചില്ലെന്നുള്ളതിനും തർക്കമുണ്ടായിരുന്നില്ല. വൃക്ഷങ്ങളുടെ ഇടയിൽ ഒളിച്ചതായും അയാൾക്കു തോന്നിയില്ല. താൻ ഒരു ധീരപുരുഷനാണെന്നായിരുന്നു അയാളുടെ അതുവരെയുണ്ടായിരുന്ന ബോധം. എന്നാൽ അയതു് ഇപ്പോൾ അസ്ഥാനത്തിലായിട്ടാണു് പരിണമിച്ചതു്. മരണ രാത്രിയിലെ ഭയം അയാൾക്കു് ഇപ്പോഴും ഉണ്ടായി. അതിനെ ദൂരീകരിക്കാൻ അയാൾ ശക്തനായില്ല. ഭയം ഇന്നതെന്നു വിശദമായി പറയാനും അയാൾക്കു കഴിഞ്ഞില്ല. മാറവസരങ്ങളിൽ ഇപ്രകാരമുള്ള കാഴ്ചകളെപ്പററി ആരെങ്കിലും

പറഞ്ഞിരുന്നെങ്കിൽ അയാൾ നിശ്ചയമായി അവരെ പരിഹസിക്കുകയെ ചെയ്യുമായിരുന്നുള്ളൂ. എന്നാൽ തൽക്കാലാവസ്ഥ അയാളുടെ ചിത്തവൃത്തിയെ ഇളക്കിമറിക്കത്തക്കവണ്ണം ശക്തിയുള്ളതായിരുന്നുവെന്നുള്ളതിനു സംശയമില്ല. ഇതു ഒരു മനുഷ്യരൂപമായിരിക്കയില്ലെന്ന് അയാൾ മിക്കവാറും തീർച്ചയാക്കി.

താൻ കണ്ടപ്രകാരം പൈശാചികമായ മുഖഭാവത്തോടും ശാന്തമാക്കപ്പെടുത്താൻ ശ്രമിച്ചതിൽ സാധിക്കാതെ വിറച്ചുകൊണ്ടിരുന്ന നാഡികളോടും തന്റെ ശരീരം മുഴുവൻ വ്യാപിച്ചിരുന്ന ഭീതിയോടും നരഹരവൈദ്യൻ മരണസദൃശമായ നിശ്ചേഷ്ടയോടുകൂടി അവിടെ അല്പനേരം മതിമറന്നുനിന്നു. പിന്നീടു അയാൾ കാമവല്ലി നിന്നിരുന്ന സ്ഥലത്തേക്കു പോയി. അപ്പോഴത്തെ സംഭവത്തെപ്പറ്റി അവളോടു യാതൊന്നും പറയരുതെന്നായിരുന്നു അയാളുടെ ഹൃദ്യാലോചന. എന്നാൽ അയാളെ കണ്ട ക്ഷണത്തിൽ കാമവല്ലി അഭയലാഭത്തിനായി ഓടിച്ചെന്നു് അയാളുടെ കൈക്കു പിടിച്ചുകണ്ടപ്പോൾ അയാൾ അത്ഭുതവിവശനായിത്തീർന്നു. തന്റെ ഉള്ളിൽ ഉണ്ടായിരുന്നിടത്തോളമോ അതിലധികമോ ഭീതി കാമവല്ലിയും പ്രദർശിപ്പിക്കുന്നതായി കണ്ടു് അയാൾ അമ്പരന്നുപോയി. കാമവല്ലി വിങ്ങിക്കരയാൻ ആരംഭിച്ചു.

നര—എന്റെ പ്രാണോപമെ, എന്താണിതു്? എന്താണെന്നു പറയുക.

കാമ—അയ്യോ അങ്ങു് അതു കണ്ടോ? അങ്ങു് അതു കണ്ടോ? ഇവിടെ ഉണ്ടായിരുന്ന ആ ഭയങ്കരരൂപം അങ്ങു കണ്ടോ?

വൈദ്യന്റെ ഹൃദയം കുറെക്കൂടി ഉലർന്നു. എങ്കിലും അയാൾ തന്റെ പരമാർത്ഥസ്ഥിതി പുറത്താക്കിയില്ല.

നമ—ഏതുരൂപമാണ് കാമവല്ലി?

കാമ—എനിക്ക അറിഞ്ഞുകൂടാ. അതു് ആരെന്നൊ എന്തെന്നൊ എനിക്കൊന്നും അറിയാൻ പാടില്ല. എന്റെ പുറകിൽ മരങ്ങളുടെ ഇടയിൽ അതുണ്ടായിരുന്നു. പുതപ്പെട്ടുക്കാൻ തിരിഞ്ഞപ്പോഴാണ് ഞാൻ കണ്ടതു്. ഒരു സ്ത്രീയാണെന്നു എനിക്ക ആദ്യം തോന്നി. ശബ്ദം സ്ത്രീയുടേതുപോലെ ഇരുന്നു. എന്നാൽ അങ്ങനെയല്ല: പുരുഷൻതന്നെയാണെന്നു പിന്നീട്ട തോന്നി. ഏതൊ എന്തോ എനിക്ക ഒരു നിശ്ചയവുമില്ല.

നര—ശബ്ദമൊ? അതു സംസാരിക്കകയും ചെയ്തോ?

കാമ—ഓഹൊ, സംസാരിച്ചു. അതല്ലെ കുറെക്കൂടി കഠിനം. അങ്ങയെ വിശ്വസിക്കരുതെന്നായിരുന്നു അതു പറഞ്ഞതു്. ആഹാ, പ്രാണനാഥാ; അതു സത്യമല്ലായിരിക്കാം. അല്ലെ? ഏതായാലും എന്റെ ഹൃദയം തളരുന്നു. ഭയാധിക്യം ഹേതുവായി എനിക്ക നിൽക്കാൻ പോലും വയ്യാ.

തങ്ങളുടെ അപ്പോഴത്തെ കൂടിക്കാഴ്ച രഹസ്യമാണെന്നുള്ള കഥയെല്ലാം അവൾ ഭയാതിക്രമണം ഹേതുവായി മറന്നു പോയി. ഈ ബഹളം കേട്ടു വല്ലവരും ഓടിയെത്തിയെങ്കിലൊ എന്നായിരുന്നു വൈദ്യന്റെ ഭയം.

നര—പ്രിയെ, സമാധാനപ്പെട്ടുക. അടങ്ങുക. പതുക്കെ സംസാരിച്ചില്ലെങ്കിൽ നാം അകപ്പെട്ടുപോകുമെന്ന് ഓർമ്മയില്ലേ? ഏതു സത്യമല്ലായിരിക്കാം എന്നാണ് ഭവതി പറഞ്ഞതു്.

കാമ—അതു് എന്നോട്ടു ഇങ്ങനെയാണ പറഞ്ഞതു്. ആണൊ പെണ്ണൊ എന്നു് എനിക്ക നിശ്ചയമില്ലാത്തതുകൊണ്ടാണ് "അതു്" എന്നു ഞാൻ പറയുന്നതു്. അതെ അങ്ങയെ വിശ്വസിക്കരുതെന്നു അതു പറഞ്ഞു. എന്റെ

പ്രാണനെയും സുഖത്തേയും ഞാൻ കരുതുന്ന പക്ഷം നരഹരവൈദ്യനെ ഒരിക്കലും വിശ്വസിക്കരുതെന്നു ആ രൂപം എന്നോടു പറഞ്ഞു.

നര- അസൂയ നിറഞ്ഞവനായ ഏതോ വിഡ്ഢി നമ്മുടെ രഹസ്യം മനസ്സിലാക്കിക്കൊണ്ടു നമ്മെ ദ്രോഹിക്കാൻ പുറപ്പെട്ടിരിക്കുകയാണ്.

കാമ—ഞാൻ മുഴുവൻ പറഞ്ഞുകൊള്ളട്ടെ. എല്ലാം കേൾക്കുക. സ്നേഹമയിയോടു് അങ്ങു് എന്താണു പ്രവർത്തിച്ചതെന്നും അങ്ങേയ്ക്കു വിഷവ്യാപാരം ഉണ്ടോ എന്നും അങ്ങയുടെ അടുക്കൽ ചോദിക്കണമെന്നും അതു് എന്നോടു ഉപദേശിച്ചു.

നരഹരവൈദ്യൻ വെട്ടിനാട്ടിയ തൂണുപോലെ നിന്നു ചുളുങ്ങി. "ഏതു സ്നേഹമയ്? ആരാണു ഈ സ്നേഹമയി?" എന്നു് അയാൾ പരിഭ്രമത്തോടു കൂടി ചോദിച്ചു.

കാമ—എന്തോ എനിക്കറിഞ്ഞു കൂടാ. ആ പേരുള്ള ആരെയും അങ്ങു് അറിയുകയില്ലേ?

നര—ഈ ലോകത്തിൽ ഒരു സ്നേഹമയിയേയും ഞാൻ അറിയുകയില്ല.

കാമ—വിഷത്തിന്റെ കാൎയ്യമോ "അയാൾക്കു വിഷവ്യാപാരം ഉണ്ടോ എന്നും ചോദിക്കുക" എന്നാണല്ലൊ പറഞ്ഞതു്. അതിന്റെ അൎത്ഥമെന്തായിരിക്കാം.?

നര—ഔഷധവ്യാപാരം ഉണ്ടോ എന്നായിരിക്കാം അതിന്റെ താല്പൎയ്യമെന്നു് എനിക്കു തോന്നുന്നു. വൈദ്യനായാൽ അതുകൂടാതെ കഴിയുകയില്ലല്ലൊ. പ്രിയെ, അതു് ഒരു വിളറിയ മുഖം ആയിരുന്നൊ? മീശയും ഉണ്ടായിരുന്നൊ?

കാമ—എന്നു തന്നെ പറയാം. യഥാൎത്ഥത്തിൽ അങ്ങനെയായിരുന്നുവൊ. ചന്ദ്രികയിൽ അപ്രകാരം തോന്നു

കയായിരുന്നൊ എന്നു എനിക്കു നിശ്ചയമില്ല. എന്താണു് അങ്ങു് ആ രൂപം കണ്ടോ?

നര—ഞാൻ രണ്ടു പ്രാവശ്യം കണ്ടിട്ടുണ്ടു്. സ്നേഹലതാമ്മ മരിച്ച രാത്രിയിൽ ആദ്യമായി കണ്ടു. ഇപ്പോൾ ഞാൻ ഇങ്ങോട്ടേക്കു വരുന്ന വഴിക്കു രണ്ടാമതായും കണ്ടു.

കാമ–അന്നു് അങ്ങു് ആ മുറിയിൽവെച്ചു് ഒരു ഭയങ്കര മുഖംകണ്ടു എന്നും മററും പറയുകയുണ്ടായല്ലൊ. അതു് ഈ മുഖം തന്നെ ആയിരുന്നു എന്നാണൊ പറയുന്നതു്? ഹേയ് ഒരിക്കലും അതായിരിക്കയില്ല. ആ മുഖം ഇവിടെ പ്രത്യക്ഷപ്പെട്ടിട്ടു കാൎയ്യമെന്തു്?

നര—അതിൻെറ വാസ്തവം എനിക്കറിഞ്ഞുകൂടാ. ഇതു മനുഷ്യനൊ പിശാചൊ, ആണൊ പെണ്ണൊ, ഒന്നും എനിക്കു നിശ്ചയമില്ല.

കാമ—അങ്ങു് എവിടെവെച്ചാണു് കണ്ടതു്. എങ്ങോട്ടേക്കാണു് പോയതു്?

നര—ഞാൻ കണ്ടതു് ഗേററിനു അല്പം അകലെയായിട്ടാണു്. എങ്ങോട്ടേക്കു പോയി എന്നു് എനിക്കറിഞ്ഞുകൂടാ. പെട്ടെന്നു് അദൃശ്യമായി എന്നാണു് തോന്നുന്നതു്. അതു് ഇങ്ങനെ ആയിരിന്നിരിക്കുമൊ. അഥവാ വല്ല പോക്കിരികളും അനാവശ്യമായി ആളുകളെ ഭയപ്പെടുത്താൻ നടക്കുകയാണൊ? എങ്ങനെയാണു് നിശ്ചയിക്കുക? അവൻ ഇവിടെ എന്തിനായിവന്നു? ഭവതിയുടെ അച്ഛൻെറ വീട്ടുവളപ്പിൽ അവനു കാൎയ്യമെന്തു്? എന്നെ പിന്തുടരുകയായിരിക്കുമൊ? അതോ ഭവതിയുടെ വിരോധികൾ വല്ലവരും ആയിരിക്കുമൊ?

കാമ—അങ്ങു് അന്നു കണ്ട മുഖം ആരുടേതായിരുന്നു?

നര—അതു് അറിഞ്ഞുകൂടല്ലൊ. അതല്ലെ വിഷമത?

കാമ—അയാളാണ് മരുന്നിൽ വിഷം കലത്തിയതെന്ന് ഒരു കേൾവിയുണ്ടു്.

നമ്മുടെ നിഷ്കളങ്കസുഖത്തെ വിഷമിശ്രമാക്കിത്തീർക്കുന്നതുപോലെ അല്ലെ? ഭവതിയുടെ ചിത്തവൃത്തിയേയും അവൻ ദൂഷിപ്പിക്കുന്നതായിട്ട് എനിക്കു തോന്നുന്നു. പ്രിയെ, ഭവതി അവന്റെ ദുർവ്യാപാരങ്ങളെയൊ എന്റെ അനുരാഗത്തെയൊ ഏതെങ്കിലും ഒന്നിനെ മുറുകെ പിടിക്കണം.

കാമ—ഇങ്ങനെ എന്റെ പ്രാണനാഥൻ സംസാരിക്കരുതെ. ഈ ലോകം മുഴുവൻ ഒത്തൊരുമിച്ചു പ്രയത്നിച്ചാലും അങ്ങയോടുള്ള വിശ്വാസത്തെ എന്റെ മനസ്സിൽനിന്നുകളയാൻ സാധിക്കയില്ല. പ്രിയ, പ്രിയതമാ, അവൻ പറഞ്ഞ വാക്കുകൾ ഞാൻ പ്രസ്താവിച്ചതിനെപ്പററി അങ്ങു കോപിക്കരുതെ. ഇവയെ വെളിക്കു വിടാതിരുന്നാൽ എന്റെ മനസ്സുഖം അത്രമാത്രം കുറയുമായിരുന്നില്ലെ?

നര—എന്റെ പ്രിയതമയോടു ഞാൻ കോപിക്കുകയൊ! ഇല്ല, ഇല്ല. ഞാൻ ഒരിക്കലും ഭവതിയോടു കോപിക്കയില്ല. നമ്മെ വേർപിരിക്കാൻ ഉദ്യോഗിക്കുന്ന ആ ദുഷ്ടനോടാണ് എനിക്കു കോപം ഉണ്ടാകുന്നതു്. ഒരു രാത്രിയും പകലും കൂടി കഴിഞ്ഞാൽ എന്റെ പ്രാണപ്രിയെ, നമുക്ക് അവനെ എന്നു മാത്രമല്ല, ലോകത്തെപ്പോലും സധൈര്യം എതിർക്കാൻ കഴിവുണ്ടാകുമല്ലൊ.

കാമവല്ലി സ്വഗൃഹത്തിലേക്കു മടങ്ങി. നരഹരവൈദ്യൻ അവൾ അകത്ത് എത്തുന്നതുവരെ അവിടെ കാത്തുനിന്നുംവെച്ച് അയാളുടെ വീട്ടിലേക്കു പോയി. തോട്ടത്തിലോ വഴിയിലോ യാതൊരു ദുഷ്ടഭൂതത്തെയും അയാൾ കണ്ടില്ല. എങ്കിലും തന്റെ പിന്നാലെ ആരുണ്ടെന്നുള്ള ഭയം അയാളെ ഉപേക്ഷിച്ചിരുന്നില്ല. അയാൾ കൂടക്കൂടെ

തിരിഞ്ഞുനോക്കുകയും മുമ്പോട്ടേക്ക് എത്തിനോക്കുകയും ഇടയ്ക്കിടെ നിന്ന് ഇരുവശങ്ങളേയും പരിശോധിക്കയും ചെയ്തുകൊണ്ടാണ് നടന്നത്. വല്ല വേലിയിലൊ വഴിയോരങ്ങളിലൊ എന്തെങ്കിലും ഒരുകിരുകിരുപ്പു കേട്ടാൽ വൈദ്യൻ ഉടനെ പരിഭ്രമിച്ചു തിരിഞ്ഞുനിൽക്കുകയായി. അയാൾ അന്നു രാത്രി അത്രമാത്രം ഭീതിതനായിത്തീർന്നിരുന്നു.

കാമവല്ലി ആരും അറിയാതെ അകത്തേക്കു കടക്കാൻ ശ്രമിച്ചതിൽ അവളുടെ ആഗ്രഹം സാധിച്ചില്ല.

വിശാലാക്ഷി അത്താഴം കഴിച്ചുംവെച്ച് ഏതോ ഒരു സാമാനം വാങ്ങുന്നതിനായി കാമവല്ലിയുടെ മുറിയിലേക്കു ചെന്നപ്പോൾ അവൾ അവിടെ ഉണ്ടായിരുന്നില്ല. അടുത്ത തിണ്ണയിൽ ഒരു ശബ്ദം കേട്ട് അവൾ അങ്ങോട്ടേക്കു ചെന്നു. അനുജത്തിയെ അവിടെയും കണ്ടില്ല. ശബ്ദം ഉണ്ടാക്കിയതു ചിരുതയായിരുന്നു.

വി—ചിരുതേ, കാമവല്ലി എവിടേ?

ചി—കൊച്ചമ്മ അത്താഴത്തിനു പോയതിൽപിന്നെ ഇങ്ങോട്ടെങ്ങും വന്നില്ല.

വിശാലാക്ഷി അടുക്കളമുറിയിൽ പോയി അതിൻെറ തിണ്ണയിലും മററും നോക്കി. കാമവല്ലി അവിടെയും ഉണ്ടായിരുന്നില്ല.

വി—എടോ, ചിന്നപ്പൻ, കാമവല്ലി എവിടെയെന്നു തനിക്കറിയാമോ?

ചിന്നപ്പൻ ആവിടയുള്ള ചില കാര്യങ്ങൾ അറിയാറുണ്ടായിരുന്നു. എന്നാൽ ഗൃഹത്തിലെ വിശ്വസ്തഭൃത്യനായ അയാൾക്ക് ആരെപ്പററിയും ദൂഷ്യം പറയുന്നതിനു ഇഷ്ടമുണ്ടായിരുന്നില്ല. അതുകൊണ്ടു താൻ ഒന്നും തന്നെ അറിഞ്ഞിട്ടില്ലെന്നേ അയാൾ ഭാവിച്ചുവന്നിരുന്നുള്ളു.

എന്നാൽ ഗൃഹനായികയുടെ ചോദ്യത്തിനു വ്യാജമായി മറുപടി പറയുന്നതു് അയാൾക്കു തീരെ നിവൃത്തി

യില്ലാത്ത ഒരു കാൎയ്യമായിരുന്നതിനാൽ ചിന്നപ്പൻ മിഴിച്ചു നോക്കികൊണ്ടു് ഊമനെപ്പോലെ നിന്നു.

വി—എടോ ചിന്നപ്പൻ! കാമവല്ലി എവിടെയാണെന്നു് അറിയാമോ എന്നു തന്നോടല്ലെ ഞാൻ ചോദിക്കുന്നതു്. എന്താണു് താൻ മറുപടി പറയാത്തതു്?

ചി—അമ്മാ, കൊച്ചമ്മ അതാ അവിടെയാണെന്നു തോന്നുന്നു.

വി—അവിടെ എന്നു പറഞ്ഞാൽ ഞാൻ എങ്ങിനെ മനസ്സിലാക്കും? എവിടെ എന്നു തെളിച്ചു പറക.

ചി—തോട്ടത്തിലൊ മറ്റോ. പനിയും മറ്റും പിടിക്കയില്ല. വലിയ കരിമ്പടം എടുത്തു മൂടീട്ടുണ്ടു്.

വി—അവിടെ അവളോടുകൂടി വേറെ ആരാണുള്ളതു്? വേറെ ആരു്?

യഥായോഗ്യമായ ഗൗരവസ്വരത്തിൽ ഗൃഹനായിക ചോദിച്ച ഈ ചോദ്യത്തിനും താൻ അറിഞ്ഞിട്ടുള്ള മറുപടി പറയാതിരിപ്പാൻ ചിന്നപ്പനു ധൈൎയ്യമുണ്ടായില്ല.

ചി—വൈദ്യനദ്ദേഹം ആണെന്നു തോന്നുന്നു. അധികനേരം താമസിക്കാറില്ല. വേഗം വരികയാണു് പതിവു്.

വിശാലാക്ഷി ഇടിത്തീയേറ്റവണ്ണം അവിടെനിന്നു നീറിത്തുടങ്ങി. വീടും ആളുകളും എല്ലാം ഒരേ ഒരു ഇടിയേറ്റു ഭസ്മമാകുന്നതാണു് ഇതിലധികം സഹിക്കാവുന്നതെന്നു വിശാലാക്ഷി ആത്മാൎത്ഥമായി ഗ്രഹിച്ചു. അപ്പോൾ വീടിന്റെ വടക്കുവശത്തുകൂടി ഒരാൾ അകത്തു കടന്നു മുറിയിലേക്കു പോകുന്നതായി അവൾ കണ്ടു. അതു കാമവല്ലിയായിരുന്നു എന്നു പറയേണ്ടല്ലൊ.

"നരഹരവൈദ്യനുമായുള്ള കൂടിക്കാഴ്ച കഴിഞ്ഞു മടങ്ങിവരികയാണു്. കഷ്ടം! ഇതിലധികം അവമാനം മറെറന്താണിനി വരാനുള്ളതു്. ഇവളുടെ തോന്നിയവാസം എങ്ങനെയെല്ലാം അവസാനിക്കുമൊ" എന്നിങ്ങനെ പരിതപിച്ചുകൊണ്ടു വിശാലാക്ഷി പോയിക്കിടന്നു.

# പത്തൊൻപതാം അദ്ധ്യായം

അടുത്ത ദിവസം രാവിലെ വീട്ടിൽ നടന്ന ഒരു സംഭവം ഇൻസ്പെക്ടർ മുതലായവരെ കുറെ വിസ്മയിപ്പിച്ചു. ചിന്നപ്പൻ പതിവിൻപ്രകാരം തപാൽ എഴുത്തുകൾ വാങ്ങി വിശാലാക്ഷിയുടെ പക്കൽ കൊണ്ടുചെന്നു ഏൽപ്പിച്ചു. മൂന്നു എഴുത്തുകളാണ് അന്നുണ്ടായിരുന്നതു്. ഒന്നാമത്തേതു് ഇൻസ്പെക്ടരുടെ മേൽവിലാസത്തിലായിരുന്നതിനാൽ വിശാലാക്ഷി ഉടൻതന്നെ അതു് അച്ഛന്റെ കൈയിൽ കൊടുത്തു. രണ്ടാമത്തേതു് അവൾക്കു തന്നെ ആയിരുന്നു. മൂന്നാമത്തേതിന്റെ മേൽവിലാസം "ബഹുമാനപ്പെട്ട പാലപ്പള്ളി വലിയ യജമാനൻ ബോധിക്കുന്നതിനു്" എന്നുമായിരുന്നു.

അന്നത്തെ പ്രഭാതം അത്രതന്നെ ഉന്മേഷപ്രദമായിരുന്നില്ല. മഴ അല്പമായി പെയ്തുകൊണ്ടിരുന്നിരുന്നു. എഴുത്തു കൈയിൽ കിട്ടിയ ഉടൻതന്നെ ഇൻസ്പെക്ടർ അതു പൊട്ടിച്ചു വായിച്ചുതുടങ്ങി. വലിയയജമാനൻ എന്നു മേൽവിലാസം വെച്ചിരുന്ന എഴുത്തു സൂക്ഷിച്ചുനോക്കിക്കൊണ്ടു വിശാലാക്ഷി അവിടെ നിന്നിരുന്നു. അച്ഛൻ എഴുത്തു വായിച്ചുകഴിഞ്ഞ ഉടനെ അവളോടു ഇങ്ങനെ ചോദിച്ചു.

"വിശാലാക്ഷി, ആ രണ്ടു് എഴുത്തുകളും നിനക്കാണൊ"?

വി—അല്ലാ, രണ്ടും എനിക്കല്ല. ഒന്നിൽ "പാലപ്പള്ളി വലിയയജമാനനു്" എന്നു കാണുന്നു. ഇതാ നോക്കുക. അതു് ഇങ്ങോട്ടയച്ചതിന്റെ ഉദ്ദേശമെന്തെന്നു് എനിക്കു മനസ്സിലാകുന്നില്ല.

ഇൻസ്പെക്ടർ ആ എഴുത്തു് അങ്ങോട്ടുമിങ്ങോട്ടും മറിച്ചും തിരിച്ചും നോക്കി.

ഇൻ—അതെ, ഇതു് അദ്ദേഹത്തിനുതന്നെ സംശയമില്ല.

"ബഹുമാനപ്പെട്ട പാലപ്പള്ളി വലിയ
യജമാനൻ ബോധിക്കുന്നതിനു്,
ചെമ്പകശ്ശേരി.
കുന്നമ്പുറം.
തെക്കേവഴിഗ്രാമം."

എന്നല്ലേ മേൽവിലാസം എഴുതിയിരിക്കുന്നതു്. അദ്ദേഹം ഇവിടെ വരുന്നുണ്ടായിരിക്കാം.

വി—അതെ, അങ്ങനെ തന്നെ വിചാരിക്കേണ്ടിയിരിക്കുന്നു.

ഇൻ—അദ്ദേഹത്തിന്റെ ദയാധിക്യത്തെപ്പററി നാം നന്ദിയുള്ളവരായിരിക്കേണ്ടതാണു്. വളരെ വളരെ നാളായി അദ്ദേഹം ഇങ്ങനെ ഒരു ബഹുമാനം നമുക്കു നൽകാറില്ല. എന്തിനായി അദ്ദേഹം ഇവിടേക്കു വരുന്നോ എന്തൊ? സ്ഥലം മാറിത്താമസിക്കാനുള്ള താല്പര്യമായിരിക്കാം.

വിശാലാക്ഷി ഭീതയായിത്തീൎന്നു. അദ്ദേഹം കുറെനാൾ തങ്ങളോടൊരുമിച്ചു പാർക്കുകയാണെങ്കിൽ ചെലവു് എങ്ങിനെ നടത്തും എന്നായിരുന്നു അവൾ ആലോചിച്ചതു്.

വി—അച്ഛാ, അദ്ദേഹം ഇവിടെ പാക്കാൻ വരികയായിരിക്കയില്ല. അയ്യൊ! അങ്ങിനെയാണെങ്കിൽ നാം വിഷമിക്കുകയില്ലെ? അദ്ദേഹത്തെ സൽക്കരിക്കത്തക്കയാതൊരു വിഭവങ്ങളും നമുക്കില്ലല്ലൊ. സ്ഥലവും സാമാനങ്ങളും ഇവിടെ വളരെ കുറവല്ലെ? അദ്ദേഹം നമ്മോടു കൂടി പാർക്കാനായി വരികയായിരിക്കയില്ല.

ഇൻ—വരുന്നപക്ഷം ഉള്ളതുകൊണ്ടു തൃപ്തിപ്പെട്ടുകൊള്ളട്ടെ. ഞാൻ വിശേഷാൽ ഒരുക്കമൊന്നും ചെയ്യാൻ പോകുന്നില്ല. നീയും അതിനായി ആരംഭിക്കേണ്ട. നമുക്കു ത്രാണിയില്ലെന്നു ഞാൻ പറയും. പെൻഷൻഇൻസ്പെക്ടർ നിർദ്ധനനാണു്. നീ ഒരു ശുക്കമഞ്ചം എവിടെയെങ്കിലും തയാറാക്കിയാൽ മാത്രം മതി. അതിനു പ്രയാസമുണ്ടായിരിക്കയില്ലല്ലൊ. നമ്മുടെ നടുക്കത്തെ മുറിയല്ലേ ഒഴിഞ്ഞുകിടക്കുന്നതു്? അതിലെ സാമാനങ്ങളെല്ലാം മാററി വേറെ വെച്ചാൽ മതിയാകും. ശേഷം കാര്യമെല്ലാം ഉള്ളതുപോലെ ഒക്കെ നടക്കുകയും ചെയ്യട്ടെ.

വി—അദ്ദേഹം എന്തിനായിട്ടായിരിക്കാം വരുന്നതെന്നാണു് പിന്നെയും എന്റെ ആലോചന.

ശ്രീ—അദ്ദേഹം ലാടപുരത്താണൊ പാലപ്പള്ളിൽ ആണോ?

വി—പാലപ്പള്ളിൽ തന്നെയുണ്ടു്. ഒരു മാസമായി അവിടെത്തന്നെ താമസിക്കുന്നതായിട്ടാണു് കേട്ടതു്. ഭാര്യ മരിച്ചതിൽപ്പിന്നെ വീട്ടിൽനിന്നു് എങ്ങും പോകാറില്ല.

ഇൻ—ഓഹോ, കാര്യം മനസ്സിലായി. പാലപ്പള്ളിൽ നിന്നു് ഏതോ സർക്കാർകാര്യമായി വൻവഴിയിലേക്കു പോകുകയായിരിക്കാം. ഇടസ്ഥ് എന്നെയും കണ്ടുകളയാമെന്നു നിശ്ചയിച്ചതാണു്. ഏതായാലും വലിയ കാര്യം തന്നെ.

ശ്രീ—അച്ഛാ, ഈ വലിയ യജമാനനോട്ട് അച്ഛനു് ഇഷ്ടമാണോ?

ഇൻ—അതെ, ഇദ്ദേഹത്തോട്ട് എനിക്ക് ഇഷ്ടം തന്നെയാണു്. എന്നാൽ ഇദ്ദേഹത്തിൻെറ അച്ഛനും ഞാനും തമ്മിൽ വിരോധികളായിരുന്നു. വിശാലാക്ഷി, എഴുത്തിലെ തപാൽമുദ്ര ഏതു സ്ഥലത്തേതാണു്?

വി—"പുന്നപുരം" എന്നാണു് കാണുന്നതു്.

ഇതു പാലപ്പുള്ളി ദേശത്തിനടുത്തുള്ള തപാലാപ്പീസാണു്.

വി—അങ്ങനെയാണെങ്കിൽ അദ്ദേഹം അവിടെനിന്നു പുറപ്പെട്ടുകഴിഞ്ഞിരിക്കുമല്ലോ. പിന്നീടയച്ചിട്ടുള്ള എഴുത്താണു് ഇതു്.

ശ്രീ—അദ്ദേഹം നമ്മുടെ മേൽവിലാസം എങ്ങിനെ അറിഞ്ഞിരിക്കും?

ഇൻ—അദ്ദേഹം നമ്മുടെ മേൽവിലാസം അറിയുകയൊ? അതിനെന്തു പ്രയാസമാണു് അദ്ദേഹത്തിനുള്ളതു്? ഞാൻ കുടക്കയിൽ തലയിട്ടുകൊണ്ടു പാർക്കുകയാണൊ? നാം മുമ്പിലത്തെ സ്ഥലത്തുനിന്നു് ഇവിടെ എത്തിയപ്പോൾ തന്നെ ഞാൻ ആ വിവരം കുടുംബത്തിലും മററു വേണ്ടവർക്കും അറിവുകൊടുത്തില്ലെ? കുഞ്ഞമ്മയുടെ ശവസംസ്ക്കാരത്തിനു് എന്നെ ക്ഷണിച്ചിട്ടുമുണ്ടായിരുന്നല്ലോ. ശനിപിടിച്ച ആ വാതമല്ലെ എന്നെ എങ്ങോട്ടും വിടാത്തതു്.

വി—അച്ഛ, ശ്രീമതി കുഞ്ഞല്ലെ? അവൾ ആലോചനയില്ലാതെ സംസാരിക്കുകയാണു്.

ഇൻ—അങ്ങനെ വളർന്നുവന്നാൽ പോരല്ലോ. കാര്യമായിത്തന്നെ വളരണം.

ശ്രീ—അച്ഛ, ഇവിടെനിന്നും പാലപ്പള്ളിലേക്ക എന്തു ദൂരമുണ്ട്?

ഇൻ—മുപ്പതു മൈലിൽ കുറവല്ല.

ശ്രീ—അക്കാ, ഇന്ന് എനിക്ക അവധി തരണം. വലിയ യജമാനൻ വരുന്ന ദിവസമല്ലെ ഇന്ന്?

ഇൻ—അദ്ദേഹം വന്നുചേരട്ടെ. പിന്നീട്ടു മതിയല്ലൊ. യജമാനൻ കാററുപോലെ ചപലനാണ്. ഇന്നെന്നല്ല പത്തുദിവസത്തെയ്ക്കു വന്നില്ലെന്നും വരാം. വസ്തുക്കൾ സംബന്ധിച്ച വല്ലകാൎയ്യങ്ങളും ആലോചിക്കാനായിരിക്കാം അദ്ദേഹം വരുന്നതു്. അടുത്ത അവകാശി ഞാനാണല്ലൊ. എനിക്കു് ഈ ഭാഗ്യമനുഭവിക്കാൻ കാലമുണ്ടോ എന്തോ? അദ്ദേഹത്തിനു് ഇരുപത്തിയഞ്ചും എനിക്കു് അമ്പത്തൊമ്പതും അല്ലെ വയസ്സ്. കാമവല്ലീ, എന്താണ് വല്ലാതിരിക്കുന്നതു്. സുഖമില്ലെ.

കാമ—ഇല്ല അച്ഛ, ഇന്നു തലവേദനയില്ല.

ഇൻ—പിന്നെ എന്താണ് മിണ്ടാതെ ഉത്തിപ്പിടിച്ചിരിക്കുന്നതു്. വിശാലാക്ഷി, വലിയ യജമാനൻ വരുന്ന പക്ഷം മുട്ടയും ഇറച്ചിയും എല്ലാം വേണം. കേട്ടൊ.

അവൾ ദീർഘനിശ്വാസത്തോടുകൂടി മൂളി. ചെലവു വർദ്ധനയെപ്പററി സങ്കടപ്പെടുന്നതിനു് അവിടെ മററാരും ഉണ്ടായിരുന്നില്ലല്ലൊ.

രാവിലെ കഞ്ഞികുടി കഴിഞ്ഞശേഷം ഇൻസ്പെക്ടർ തോട്ടത്തിൽ ചുററി നടക്കാനായി ഇറങ്ങി. മഴ തൽക്കാലം മാറിയിരുന്നെങ്കിലും വീണ്ടും താമസിയാതെ കലശൽ കൂട്ടാതിരിക്കയില്ലെന്നു് അയാൾ ഊഹിച്ചു.

കാമവല്ലി അവളുടെ മുറിയിലേക്കു പോയി. വിശാലാക്ഷി വലിയ യജമാനന്റെ എഴുത്തു മേശപ്പുറത്തു സൂക്ഷിച്ചുവെച്ചു തന്റെ പേക്കണ്ടായിരുന്ന എഴുത്തുറ

ന്നു വായിച്ചു കൊണ്ടിരുന്നപ്പോൾ ഇൻസ്പെക്ടർ ഒരു ചരട്ടു എടുക്കാനായി അവിടെ വന്നു.

ഇൻ—എഴുത്തു് എവിടെ നിന്നാണു്.

വി—നാം മുമ്പു പാർത്തിരുന്ന സ്ഥലത്തുനിന്നാണു്.

"ആഹാ അത്രെ ഉള്ളൊ. സാരമില്ല" എന്നു പറഞ്ഞും വെച്ചു ചരടെടുത്തുകൊണ്ടു് അയാൾ വീണ്ടും തോട്ടത്തിലേക്കു പോയി. കൊടുക്കാനുള്ള പണം ഉടൻ കൊടുത്തു തീർക്കാത്തപക്ഷം നമ്പരു പതിക്കുന്ന കാര്യം തീർച്ചയാണെന്നു ഒരു കടക്കാരൻ എഴുതിയിരിക്കുന്ന എഴുത്താണു വിശാലാക്ഷിക്കു കിട്ടിയതു്.

അവൾ ശ്രീമതിക്കു ചില പാഠങ്ങൾ നിശ്ചയിച്ചും വെച്ചു് അനുജത്തിയുടെ മുറിയിലേക്കു ചെന്നു. കാമവല്ലി നെററി തടകിക്കൊണ്ടു് അവളുടെ കട്ടിലിൽ കിടക്കുകയായിരുന്നു. ഈ സഹോദരികളിൽ ആർക്കായിരുന്നു തലേരാത്രി അധികം ദുഃഖപ്രദമായിരുന്നെന്നു് എങ്ങിനെ നിർണ്ണയിക്കാം. വിശാലാക്ഷി തലേരാത്രിയിൽ കണ്ട കാഴ്ചയെപ്പററി കണക്കില്ലാതെ ഖേദിക്കയും ഭയപ്പെടുകയും ചെയ്തിരുന്നു. ഇതു് എങ്ങിനെ അവസാനിക്കുമെന്നുള്ള ചിന്ത ഹേതുവായി അവൾ ഒട്ടുംതന്നെ ഉറങ്ങിയിരുന്നില്ല. കാമവല്ലിയെ വിവേകിനിയാക്കിത്തീർക്കാൻ എന്താണു മാർഗ്ഗമെന്നും അവൾ ഗാഢമായി ആലോചിച്ചു. അനുജത്തി നരഹരവൈദ്യനെ രഹസ്യമായി സന്ദർശിക്കുന്നതും അയാളോടു വീണ്ടും ഇഷ്ടം ഭാവിക്കുന്നതും തന്റെ തറവാട്ടേക്കു അത്യന്തം അവമാനകരമാണെന്നായിരുന്നു അവൾ അപ്പോഴും വിചാരിച്ചതു്. താൻ പ്രവൃത്തിക്കാൻ തീർച്ചയാക്കിയിട്ടുള്ള കൃത്യം അത്യന്തം അനുചിതവും ആപൽക്കരവും ആണെന്നുള്ള ബോധവും ഭയവും കാമവല്ലിക്കും ഉണ്ടായിരുന്നു. ആ ദുഷ്കൃത്യത്തിൽനിന്നു് ഒഴിഞ്ഞു മാറുകയല്ലേ വേണ്ടതെന്നുള്ള

ചിന്തയോടുകൂടി അവളും തലേ രാത്രി നിർന്നിദ്രയായി ട്ടാണ കഴിച്ചുകൂട്ടിയിരുന്നതു്. ഇപ്പോളും ഈ പരിഭ്രമം അവളെ പൂർണ്ണമായി വിട്ടുപിരിഞ്ഞിരുന്നില്ല. അതിൻെറ അസഹ്യത ഹേതുവായി അവൾ അവശയായി കിടക്കുക യായിരുന്നു.

വി—കാമവല്ലീ, ഇതു മതിയാക്കണം. അവസാനിപ്പി ക്കണം.

അവൾ ഉരുണ്ടെഴുന്നേററു. "എനിക്കു് ഇന്നു തീരെ സുഖം തോന്നുന്നില്ല. ഇന്നലെ രാത്രിയിൽ ഞാൻ നല്ല വണ്ണം ഉറങ്ങിയില്ല" എന്നിങ്ങനെ അവൾ ഒഴികഴിവു പറഞ്ഞു.

വി—കാമവല്ലീ, ഇതു് അവസാനിപ്പിക്കണം. നരഹര വൈദ്യനെ നീ പിന്നെയും രഹസ്യമായി സന്ദർശിക്കാറു ണ്ടു്. നിനക്കു എന്താണു് ഈ ഭ്രാന്തു ഭേദപ്പെടാത്തതു്.

കാമവല്ലി അവളുടെ നെഞ്ചിടി മറയ്ക്കുന്നായി കൈ അവിടെ വച്ചു. അഹാ കണ്ടുപിടിച്ചുപോയൊ. നിഷേധി ക്കുകയല്ലാതെ ഗത്യന്തരം ഇല്ലെന്നു് അവൾ പരിഭ്രമ ത്തോടു കൂടി നിശ്ചയിച്ചു.

കാമ—ഞാൻ ഇങ്ങനെ ചെയ്യുന്നു എന്നു് ആരു പറ ഞ്ഞു. ഇനിയും അടുത്ത തവണ വേറെ എന്തു കുററമാണു് ചുമത്താൻ നിശ്ചയിച്ചിരിക്കുന്നതു്.

വി—കാമവല്ലീ മിണ്ടാതിരിക്കുക. കള്ളം പറയുന്നതു കൊണ്ടു് അബദ്ധം സുബദ്ധമാകുകയില്ല. ദുഷ്പ്രവർത്തി സൽപ്രവർത്തി ആകയുമില്ല. അയാളെ കാണുന്നതിനു വേ ണ്ടി നീ ദിവസംതോറും വൈകുന്നേരം വീട്ടിൽ നിന്നു പോകാറില്ലേ. ഇന്നലെ രാത്രി ഞാൻ നിന്നെ അന്വേഷി ച്ചപ്പോൾ നീ ഇവിടെ ഇല്ലായിരുന്നു. പുതപ്പു് ഇട്ടു മൂടി

കൊണ്ടു നീ അകത്തേയ്ക്കു വരുന്നതു ഞാൻ കണ്ടു. എൻെറ പ്രിയ സഹോദരി, ഞാൻ നിന്നെ ശാസിക്കാൻ ഭാവിക്കുന്നില്ല.... നമുക്കു സംഭവിക്കാൻ പോകുന്ന അവമാനം നീ ഓർമ്മിക്കേണ്ടതാണു്.

കണ്ടുപിടിച്ചു എന്നറിഞ്ഞപ്പോൾ കാമവല്ലിയുടെ മനസ്സു മുമ്പത്തേക്കാൾ കട്ടപ്പുമുള്ളതായിട്ടാണു തീർന്നതു്. നിമിഷം പ്രതി അവളുടെ പ്രകൃതി അധികമധികം ധിക്കാരമുള്ളതായിത്തീർന്നു.

വി—നിൻെറ ശ്രേയസ്സിനെക്കരുതിയാണു ഞാൻ പറയുന്നതു്. നരഹരവൈദ്യനുമായുള്ള പ്രണയം നീ ഈ ക്ഷണം മുതൽ അവസാനിപ്പിക്കുകയാണു ചെയ്യേണ്ടതു്. നിൻെറ ജീവിതം സുഖപ്രദമാക്കിത്തീർക്കുന്നതിനുള്ള ആളല്ല വൈദ്യൻ.

കാമ—അദ്ദേഹത്തിൻെറമേൽ അക്കനു് ഇത്ര വലിയ വിരോധം തോന്നിയിരിക്കുന്നതു് അത്ഭുതംതന്നെ.

വി—എനിക്കു മാത്രമല്ലല്ലൊ ഇങ്ങനെ തോന്നുന്നതു്. അച്ഛനും അയാളോടു നീരസമല്ലെ ഉള്ളതു്. അയാളുമായുള്ള ഈ സ്നേഹത്തിൻെറ അവസാനഫലം എന്തായിരിക്കാമെന്നാണു നിൻെറ ഉദ്ദേശം.

കാമ—വിവാഹം കഴിക്കുന്നതിനല്ലെ. അദ്ദേഹം ആലോചിക്കുന്നതു്. നിങ്ങളുടെ വിപരീതങ്ങളെല്ലാം ക്രമേണ നീങ്ങിപ്പോകുമെന്നും അപ്പോൾ വിവാഹത്തിനു നിങ്ങൾ സമ്മതിക്കാതെ ഇരിക്കയില്ലെന്നും അദ്ദേഹം ഉറപ്പായി പറയുന്നു.

വി—പ്രിയെ, ഈ ആഗ്രഹം വെച്ചുകൊണ്ടിരിക്കരുതെ. അങ്ങനെ ഒരു കാര്യം ഈ ജഗത്തിൽ നടക്കുമെന്നു നീ സ്വപ്നത്തിൽ പോലും ആശിക്കേണ്ട. നരഹരവൈ-

ദ്യനോട്ടു ഞങ്ങൾക്കു് ഈ ജന്മം അനുകൂലത ഉണ്ടാകുക യില്ല. അയാൾ നിന്നെ സുഖിപ്പിക്കുകയും ഇല്ല

കാമ—ആകട്ടെ നോക്കാമല്ലോ. കാര്യം എങ്ങനെ മുറുകി വരുന്നു എന്നറിയട്ടെ. നിങ്ങൾ എല്ലാവരും വാശിയോടുകൂടിത്തന്നെ ഇരിക്കുകയാണെങ്കിൽ ഞങ്ങളുടെ ആഗ്രഹസാദ്ധ്യത്തിനായി ഞങ്ങളും വാശിപിടിക്കും. അപ്പോൾ കാര്യം ശരിപ്പെടാതിരിക്കയില്ല

കാമവല്ലി അത്യന്തം സംഭ്രമത്തോടുകൂടിയാണു് ഈ വാക്കുകൾ പറഞ്ഞതു്. എന്നാൽ വിശാലാക്ഷിക്കുണ്ടായിടത്തോളം പരിഭ്രമവും ഖേദവും അനുജത്തിക്കുണ്ടായിരുന്നോ എന്നുള്ളതു സംശയമാണു്. ഇനി യാതൊന്നും സംശയിക്കേണ്ടല്ലോ. കാമവല്ലി വ്യക്തമായിത്തന്നെ അവളുടെ മനസ്സിലിരിപ്പു പുറത്താക്കിയില്ലേ.

വി—എന്റെ പ്രിയ സഹോദരി, നീ പറയുന്ന വാക്കുകളുടെ അർത്ഥഗൌരവത്തെപ്പററി നീ ആലോചിക്കുന്നില്ല. പ്രിയെ ഇങ്ങനെ വീണ്ടും പറയരുതെ. നിന്റെ വാക്കുകളുടെ അർത്ഥം നീ ആലോചിക്കുന്നപക്ഷം ഒരിക്കലും നീ ഇപ്രകാരം പറയുകയില്ല. എന്റെ ഓമനെ, നമ്മുടെ മരിച്ചുപോയ പ്രിയപ്പെട്ട അമ്മയുടെ സ്മരണ കൊണ്ടെങ്കിലും നീ ഇപ്രകാരം സഹവാസത്തിനു ഒരുമ്പെടാതിരിക്കുക. ഭാൎയ്യാസ്ഥാനം സമ്പാദിക്കുന്നതിനു വേണ്ടി അച്ഛന്റെ ഗൃഹത്തിൽനിന്നു് ഒളിച്ചുപൊയ്ക്കളയാമെന്നുള്ള ദുഷ്ടവിചാരം എന്റെ അനുജത്തിയുടെ മനസ്സിൽ ഉണ്ടായിട്ടുള്ളതു് ഈ നിമിഷത്തിൽ കളയണെ. അനുസരണമില്ലാതെയും രഹസ്യമായും നടത്തുന്ന വിവാഹം ഒരിക്കലും ശുഭപ്രദമായിത്തീരുകയില്ല. എന്റെ അനുജത്തീ, നിനക്കു മനസ്സുഖം ഇതുമൂലം ഈ ജന്മം സിദ്ധിക്കയില്ല.

കാമവല്ലി അശ്രുവർഷം ചെയ്തു. സത്തും അസത്തുംആയ

ള്ള യുദ്ധം ഇത്രത്തോളം കഠിനമായി അവളുടെ മനസ്സിൽ ഇതിനു മുമ്പൊരിക്കലും ഉണ്ടായിട്ടില്ലായിരുന്നു. എന്താണ് അവൾ ചെയ്യേണ്ടതു്. ഏതാണ് അവൾ ഉപേക്ഷിക്കേണ്ടതു്. അച്ഛനെയും മിത്രങ്ങളെയും കത്തവ്യകർമ്മത്തെയുമൊ? അതല്ല, തന്റെ ഹൃദയം പൂർണ്ണമായി കാമിക്കുന്ന ആ പുരുഷനെയോ.

വിശാലാക്ഷി അനുജത്തിയെ ചുംബനം ചെയ്യുന്നതിനായി കുനിഞ്ഞു.

വി—എന്റെ പ്രിയ സഹോദരി, ഇന്നു മുതൽ അതു അവസാനിക്കട്ടെ. രഹസ്യമയ കൂടിക്കാഴ്ചയ്ക്കായും മററും വീട്ടിൽനിന്നു് ഇനിമേലാൽ പോകാതിരിക്കുക. അതു് യോഗ്യമല്ല, ന്യായവുമല്ല, ശ്രേയസ്കരവുമല്ല.

ഇങ്ങനെ പറഞ്ഞുംവെച്ചു ജ്യേഷ്ഠത്തി ആ മുറിയിൽനിന്നു് പുറത്തേക്കു് പോയി. കാമവല്ലിയുടെ സംഭ്രമം തന്നെ ശമിക്കട്ടെ എന്നായിരുന്നു വിശാലാക്ഷി കരുതിയതു്. അവൾ തളത്തിലേക്കു ചെന്നപ്പോൾ അച്ഛൻ തോട്ടത്തിൽനിന്നു് മടങ്ങി വരികയായിരുന്നു. പെട്ടെന്നു് ഒരു ശബ്ദം കേട്ടു രണ്ടുപേരും നടുങ്ങി. ചിരുത അടുക്കളയിൽനിന്നു ഓടിയെത്തി. ചിന്നപ്പൻ അവന്റെ സ്ഥലത്തുനിന്നു പാഞ്ഞുവന്നു. എന്തായിരുന്നു ശബ്ദമെന്നറിയാതെ ഓരോരുത്തരും മിഴിച്ചുനിന്നു.

ഇൻ—എടാ കഴുതെ, തൂണുപോലെ നിൽക്കാതെ എന്താണ് അവിടെ വീണു തകർന്നതെന്നു് അന്വേഷിക്കുക! ശ്രീമതി ഏണിപ്പടിയിൽനിന്നു വീണതാണെന്നു് തോന്നുന്നു. അവൾ കാലൊ കൈയോ ഒടിച്ചായിരിക്കാം.

എല്ലാവരും അങ്ങോട്ടേക്കു് ഓടി. വാസ്തവംതന്നെ. കുട്ടി ജന്നലിൽനിന്നു വീണു നിലത്തു് കിടക്കുകയായിരുന്നു. അവളുടെ കൈവെള്ളയും മുട്ടും ചതഞ്ഞിരുന്നു. മുട്ടിൽന

ന്ന് രക്തം ഒലിക്കുന്നുമുണ്ടായിരുന്നു. അവളെ എടുത്ത് എല്ലാവരും കൂടി താങ്ങി ഇരുത്തി.

ചിരുത—രക്തനാഡികൾ വല്ലതും അററുപോയിരിക്കാം. അല്ലെങ്കിൽ ഇത്രവളരെ ചോര വരികയില്ലായിരുന്നുവല്ലൊ.

ഇൻ—ദ്രോഹി, മറയാ, അവിടെ നിൽക്കാതെ വല്ല സഹായവും ചെയ്യാൻ നോക്കുക.

ചിന്ന—നരഹരവൈദ്യനദ്ദേഹത്തെ വിളിച്ചുകൊണ്ടു വരട്ടോ?

ഇൻസ്പെക്ടരുടെ വടി ഭൃത്യൻെറ തലയ്ക്കുനേരെ ശക്തിയോടുകൂടി ചെന്നു. അവൻ തലമാററിക്കളഞ്ഞതു ഭാഗ്യംതന്നെ.

ഈ ബഹളം കേട്ടുകൊണ്ടു കാമവല്ലിയും അവിടെ എത്തി.

ഇൻ—സ്വാമിദ്രോഹി, ആ ഗജപോക്കിരി നരഹരവൈദ്യനെ വിളിച്ച് പടിക്കകത്ത് കയററുകയൊ? ഇല്ല വീടു മുഴുവൻ മരിക്കാൻ ഭാവിച്ചാലും അയാളെ വിളിക്കുകയില്ല. അനുകൂലവൈദ്യനെ കൊണ്ടുവരിക. മറെറ ആളു വേണ്ട കേട്ടോ.

ഭൃത്യൻ ഓടി. ഈശ്വരാധീനം ഹേതുവായി അനുകൂലവൈദ്യൻ ആ സമയത്ത് പടിക്കൽ കൂടി വണ്ടിയിൽ പോകുന്നുണ്ടായിരുന്നു. ചിരുത പുറത്തേക്ക് ഓടിചെന്ന് അദ്ദേഹത്തെ വിളിച്ചു. വിളികേട്ട് വണ്ടിക്കാരൻ വണ്ടി നിറുത്തി. ചിരുത അടുത്തു ചെന്നു കാര്യം പറഞ്ഞ ഉടനെ അനുകൂലവൈദ്യൻ അവളോടൊരുമിച്ചു വീട്ടിലേക്കു വന്നു. പത്തുമിനിട്ടിനകം മുറിവു തേച്ചു കഴുകി മരുന്നുവെച്ചുകെട്ടി. ശ്രീമതി അതിന്നിടെ വാവിട്ടു നിലവിളിച്ചു.

ശ്രീ—അയ്യോ ഞാൻ ചത്തുപോകുമൊ?

അനു—ഹേയ് ഇതുകൊണ്ടോ? ഒരിക്കലും ഇല്ല. എന്താണു കുഞ്ഞു് ഇങ്ങനെ സംശയിക്കുന്നതു്?

ശ്രീ—ചത്തുപോകുമെന്നൊ മറ്റൊ ഇവിടെ ആരോ പറയുന്നതുകേട്ടു. രക്തനാഡി മുറിഞ്ഞുപോയിട്ടുണ്ടെങ്കിൽ ജീവിക്കയില്ലെന്നാണു് ആരോ പറഞ്ഞതു്. അതുള്ളതാണൊ? എന്നാൽ ചത്തു പോകുമൊ?

അനു—എല്ലായ്പ്പോഴും അങ്ങനെ സംഭവിക്കാറില്ല. കയ്യ് അനക്കാതെ വെച്ചുകൊള്ളണം. ഒരു ധൈര്യമുള്ള പെൺകുട്ടിയായിരിക്കേണ്ടേ?

ശ്രീ—ഞാൻ ചത്തുപോകുകയില്ലെന്നു് അങ്ങേയ്ക്കു് നിശ്ചയമുണ്ടൊ?

അനു—ഉണ്ടു്. നല്ല നിശ്ചയം ഉണ്ടു്. ഒരാപത്തും വരികയില്ല, ഇതാ നോക്കുക. എന്റെ കയ്യേൽ കാണുന്ന ഈ തഴമ്പു നോക്കുക.

ശ്രീ—എന്താണതു്?

അനു—ഞാൻ കുഞ്ഞിനേക്കാൾ ചെറുപ്പമായിരുന്നപ്പോൾ ഇതുപോലെ വീണു ചതഞ്ഞുപോയ ഭാഗമാണിതു്. അന്നു രക്തനാഡിയ്ക്കു കേടു പററിയിരുന്നതിനാൽ എന്നെക്കുറിച്ചു് ആളുകൾക്കു് സംശയമായിരുന്നു. എന്നിട്ടും യാതൊരു അപകടവും വന്നില്ലല്ലൊ. കുട്ടീ, ആപത്തു് അധികമാകുന്നതിനനുസരിച്ചു് ഈശ്വരസഹായവും അധികമായി ലഭിക്കും. എന്റെ അച്ഛൻ ഒരു വലിയ വൈദ്യനായിരുന്നു. ഞാൻ അന്നു വീണപ്പോൾ അദ്ദേഹം അടുത്തുണ്ടായിരുന്നതിനാൽ ഉടൻതന്നെ വേണ്ട ചികിത്സകൾ ചെയ്യാൻ സാധിച്ചു. അതുകൊണ്ടു് ആപത്തു് ഉണ്ടായുമില്ല. ഈ മുറിവു് വെറും സാരമില്ലാത്തതാണു്. ഇതിനെക്കുറി

ച്ചു് അങ്ങിനെ ഒന്നും ഭയപ്പെടേണ്ട. രക്തനാഡി ഇവിടെ സംബന്ധി ച്ചിട്ടേയില്ല. മനസ്സിലായൊ?

ശ്രീ—ഉവ്വു്. ഉള്ളതായിരിക്കാം. ഞാൻ ഭയപ്പെട്ടക യില്ല. ഇനിയും വന്ന് എന്നെ അന്വേഷിക്കണെ.

അനു—അങ്ങിനെ തന്നെ. ഇന്ന് ഉച്ചയ്ക്കും വരാം. കെ ട്ടുകൾ മാറിപ്പോകാതെ സൂക്ഷിച്ചുകൊള്ളുക. ഞാൻ ഇപ്പോൾ പോകട്ടെ.

വി—ഇന്നു് ഇനി അവൾക്കു് ഒഴിവുകൊടുക്കുകതന്നെ വേണമായിരിക്കാം അല്ലെ?

അനു—അതെ, അതെ. ഇന്നു പഠിക്കേണ്ട. ചികി ത്സ മാത്രം മതി. പഠിത്തം നാളെ ആവാം.

വൈദ്യനെ ഇൻസ്പെക്ടർ ആദരപൂർവം പടിക്കൽ വരെ അനുഗമിച്ചു.

അനു—അങ്ങുന്നു മനസ്താപപ്പെടേണ്ട. കുട്ടിക്കു് യാ തൊരു അപകടവും വരികയില്ല. ഞാൻ ഇപ്പോൾ ഇവിടെ ക്കൂടി കടന്നുപോയതുതന്നെ ശുഭലക്ഷണമാണല്ലൊ.

ഇൻ—വളരെ വളരെ വന്ദനം. നിങ്ങൾ എത്രയോ മാന്യനായിരിക്കുന്നു. എനിക്കു് നിങ്ങളെപ്പററി വലിയ ബഹുമാനം തോന്നുന്നുണ്ടു്. ഒരു കാൎയ്യത്തെപ്പററിയാണു് ഞാൻ മനസ്താപപ്പെടുന്നതു്.

അനു—എന്താണതു്?

ഇൻ—ആ വിട്ടവിഡ്ഢിയായ നരഹരവൈദ്യനെ എൻെറ ചികിത്സക്കായി ഏർപ്പെടുത്തിയല്ലൊ എന്നുള്ള താണു്. അയാളോടു് എനിക്കു് തീരെ സ്നേഹം തോന്നു ന്നില്ല. എൻെറ പടിക്കകത്തു് അയാളെ ഇനിമേൽ കയ റുകയില്ല. അയാൾ ലവലേശം യോഗ്യതയുള്ള ആളല്ല. ജനരഞ്ജനയുടെ കാൎയ്യം പറയുകയാണെങ്കിൽ അയാൾ നിങ്ങളുടെ മെതിയടി ചുമക്കാൻ യോഗ്യനല്ലെന്നു ഞാൻ

തീർത്തു പറയാം. വൈദ്യവിഷയത്തിലും അങ്ങനെ തന്നെ.

അനുകൂലവൈദ്യൻ ചിരിച്ചു യാത്രപറഞ്ഞുകൊണ്ടു് വണ്ടിയിൽ കയറിപ്പോയി.

ക്രമേണ നേരം വൈകി. അപ്പോഴും വലിയയജമാനന്റെ മേൽവിലാസത്തിൽ ഒരു എഴുത്തുവരികയുണ്ടായി. വൈകുന്നേരം അഞ്ചുമണിക്കു് അത്താഴം കഴിച്ചുംവെച്ചു് ഇൻസ്പെക്ടർ പുറത്തേക്കിറങ്ങി. വലിയ യജമാനൻ വരുന്നുണ്ടോ എന്നു തിരക്കാനായിട്ടാണു് അയാൾ പുറപ്പെട്ടതു്: അയാൾ വീട്ടിൽനിന്നിറങ്ങിയ ശേഷമായിരുന്നു ഈ എഴുത്തു് വന്നുചേർന്നതു്. അതിന്റെ പുറത്തുള്ള തപാൽമുദ്ര ലാടപുരത്തേതായിരുന്നു എന്നു് വിശാലാക്ഷി നോക്കി അറിഞ്ഞു. അനുകൂലവൈദ്യൻ ഉച്ചക്കു വരാമെന്നു് പറഞ്ഞിരുന്നെങ്കിലും വൈകുന്നേരമേ വീണ്ടും വന്നുള്ളു. അയാൾ ശ്രീമതിയുടെ കാര്യത്തെപ്പററി വിശാലാക്ഷിയോടു സംസാരിച്ചുകൊണ്ടു് അവിടെ ഇരുന്നിരുന്നു. വലിയയജമാനന്റെ മേൽവിലാസത്തിൽ രണ്ടുരണ്ടു് എഴുത്തുകൾ മേശപ്പുറത്തു കിടക്കുന്നതായി കണ്ടു് ഇങ്ങനെ ചോദിച്ചു.

അനു—പാലപ്പള്ളി വലിയയജമാനനെ നിങ്ങൾ അറിയുമോ?

വി—ഉവ്വു്. ഞങ്ങൾ ബന്ധുക്കളാണു്.

അനു—എന്നാൽ അദ്ദേഹത്തിനു് ഇപ്പോൾ എങ്ങനെയിരിക്കുന്നു എന്നു് അറിയുമായിരിക്കുമല്ലൊ.

വി—സുഖക്കേടൊന്നുമുള്ളതായി തോന്നുന്നില്ല. ഇന്നു് ഇവിടെ വരുന്നുണ്ടെന്നു തോന്നുന്നു. ഞങ്ങൾ കാത്തിരിക്കുകയാണു്.

അനു—കാത്തിരിക്കുകയാണെന്നോ? ഞാൻ മാപ്പുചോദിച്ചുകൊള്ളട്ടെ. എനിക്കു് കാര്യം മനസ്സിലായില്ല.

വി—ഇന്നു കാലത്തു് അദ്ദേഹം ഇവിടെ എത്തുമെന്നായിരുന്നു ഞങ്ങൾ വിചാരിച്ചതു്. ഉറക്കത്തിനെങ്കിലും എത്താതിരിക്കയില്ലെന്നാണു് ഇപ്പോഴും വിചാരിക്കുന്നതു്. ഈ എഴുത്തുകൾ രണ്ടും അദ്ദേഹത്തിന്റെ പേർക്കുള്ളവയാണല്ലൊ.

അനു—നിങ്ങൾ കാൎയ്യം തെററിച്ചു മനസ്സിലാക്കിയിരിക്കുന്നു എന്നാണു് ഞാൻ ശങ്കിക്കുന്നതു്. വലിയയജമാനൻ അത്യാസന്നമായ ദീനത്തിൽ കിടക്കുകയല്ലെ? മരിക്കാറായി എന്നുതന്നെ പറയാം. രണ്ടുദിവസം മുൻപുതന്നെ വൈദ്യന്മാർ ഉപേക്ഷിച്ചു പറയുകയുണ്ടായല്ലൊ.

വി—ആഹാ ഈ കഥയൊന്നും ഇവിടെ അറിഞ്ഞില്ല. എന്താണു് ദീനം? അദ്ദേഹം പാലപ്പള്ളിൽ തന്നെ ഉണ്ടോ?

അനു—ഉണ്ടു്. അവിടെ ജ്വരമായി കിടക്കുകയാണു്. ഞാൻ ഇങ്ങനെയാണു് ഈ കാൎയ്യം അറിഞ്ഞതു്. മിനിഞ്ഞാന്നു പുന്നപുരത്തെ ഒരു വൈദ്യനെ കാണുന്നതിനായി ഇവിടെനിന്നു പതിനഞ്ചു മൈൽ അകലെ ഒരു സ്ഥലംവരെ പോയിരുന്നു. അദ്ദേഹം അവിടെ വന്നു ചേരുമെന്നായിരുന്നു എന്നെ അറിയിച്ചിരുന്നതു്. എന്നാൽ അങ്ങനെ ചെയ്തില്ല. വലിയയജമാനന്റെ സുഖക്കേടു കൂടുതലായിരിക്കുന്നുകൊണ്ടു തൽക്കാലം വരുന്നതിനു നിവൃത്തിയില്ലെന്നു പറഞ്ഞു് ഒരു ആൾപ്പേരിനെ അയയ്ക്കുകയാണു ചെയ്തതു്. ഏതാനും മണിക്കൂറിനകമായി തീർന്നു പോകുമെന്നാണു് വന്നയാൾ എന്നോടു് അപ്പോൾ പറഞ്ഞതു്.

വിശലാക്ഷി സ്തബ്ധയായി ഇരുന്നു. ശ്രീമതി ഇങ്ങനെ ചോദിച്ചു. "അദ്ദേഹം വരുന്നില്ലെങ്കിൽ പിന്നെ അദ്ദേഹത്തിനുള്ള എഴുത്തുകൾ ഇവിടെ വരാൻ കാരണമെന്തു്"?

വി—അതു തന്നെയാണ ഞാനും ആലോചിക്കുന്നതു്. എഴുത്തു് ഒന്നല്ല രണ്ടുണ്ടു്. ഒന്നു പുന്നപുരത്തുനിന്നും വേറൊന്നു ലാടപുരിയിൽനിന്നുമാണു്. യജമാനൻ ഇവിടെ വരുന്നില്ലെങ്കിൽ അദ്ദേഹത്തിൻെറ എഴുത്തുകൾ ഇങ്ങോട്ടേക്കയയ്ക്കാൻ കാരണമെന്തായിരിക്കാം?

അനു—വലിയ യജമാനൻ ഇപ്പോൾ ഇങ്ങോട്ടേക്കു വരികയില്ലെന്നുള്ളതിനു തർക്കമില്ല. ഇനിയത്തെ സ്ഥാനാവകാശി ആരായിരിക്കുമോ?

വി—അതു് അച്ഛനാണല്ലോ.

അനു—നമ്മുടെ ഇൻസ്പെക്ടരങ്ങുന്നൊ ഇനിയത്തെ വലിയ യജമാനൻ?

വി—അതേ.

അനു—ആഹാ, എന്നാൽ കാര്യം വെളിവായല്ലോ. യുവാവായ ആ വലിയ യജമാനൻ മരിച്ചുപോയി നിശ്ചയം തന്നെ. ഈ എഴുത്തുകൾ ഭവതിയുടെ അച്ഛൻെറ പേക്കു തന്നെ വന്നിട്ടുള്ളവയുമാണു്. അദ്ദേഹം ഇപ്പോൾ വലിയ യജമാനൻ ആണല്ലോ.

# ഇരുപതാം അദ്ധ്യായം

നേരം സന്ധ്യയായി. ഒട്ടുവളരെ ആലോചനയ്ക്കു വിഷയീഭവിച്ചിരുന്ന ആ രണ്ടെഴുത്തുകളും സൂക്ഷിച്ചു നോക്കിക്കൊണ്ടു വിശാലാക്ഷി അവിടെ ഇരിക്കുകയായിരുന്നു. അവയെ സംബന്ധിച്ച് അനുകൂലവൈദ്യൻ പറഞ്ഞ അഭിപ്രായമാണു ശരിയെന്ന് അവൾക്കു തോന്നി. എന്തെന്നാൽ വലിയ യജമാനൻ പാലപ്പള്ളിൽ ദീനമായിക്കിടക്കുകയാണെങ്കിൽ അദ്ദേഹത്തിനുള്ള എഴുത്തുകൾ ചെമ്പകശ്ശേരിയിൽ വരാൻ യാതൊരു കാരണവും ഉണ്ടായിരുന്നില്ലല്ലോ.

ശ്രീ—അക്കാ, നമ്മുടെ അച്ഛൻ പാലപ്പള്ളി വലിയ യജമാനൻ ആയിത്തീർന്നിരിക്കുന്നു എന്നുള്ളതു വാസ്തവമാണെന്ന് അക്കനു തോന്നുന്നുണ്ടോ?

വി—അതെ—എന്നു തന്നെ തോന്നുന്നു. കുഞ്ഞേ, ഈ എഴുത്തുകൾ ഇവിടെ വന്നിരിക്കുന്നത് അതുകൊണ്ടാണെന്നു തന്നെ വിചാരിക്കേണ്ടിയിരിക്കുന്നു.

ശ്രീ—അക്കാ, ഞാൻ പോയി ഈ കാര്യം കൊച്ചുകുഞ്ഞിനോടു പറയട്ടോ?

വി—വരട്ടെ, സത്യമാണെന്നു തീർച്ചയായതിനുശേഷമാകട്ടെ, എനിക്ക് ഇതു കേട്ടിട്ടു സന്തോഷമല്ല തോന്നുന്നത്.

വലിയയജമാനൻ എത്ര ചെറുപ്പക്കാരനായിരുന്നു, അദ്ദേഹം ഇത്ര വേഗത്തിൽ മരിച്ചു പോയി. അതു വലിയ കഠിനം തന്നെയാണു്.

അവൾ വീണ്ടും ചിന്താഗ്രസ്തയായി ഒന്നും മിണ്ടാതെയിരുന്നു. വിശാലാക്ഷിക്കു സ്വാർത്ഥത എന്നതു് ഒട്ടുംതന്നെ ഉണ്ടായിരുന്നില്ല. അവൾ വലിയ ന്യായസ്ഥയാണു്. അന്യരുടെ അവകാശങ്ങളെ പൂർണ്ണമായി സമ്മതിക്കുന്ന സ്വഭാവമാണു് അവൾക്കുള്ളതു്. ഈ കാരണങ്ങളാൽ ഈ കേൾവി സത്യമല്ലാതെ പരിണമിക്കുന്നതിനായിരുന്നു അവൾ അഗ്രഹിച്ചതു്.

യുവാവായ വലിയയജമാനൻ മരിച്ചു എന്നുള്ളതു വാസ്തവമാണെങ്കിൽ വിശാലാക്ഷിക്കുണ്ടാകുന്നിടത്തോളം ദുഃഖം ഈ സംഭവം നിമിത്തം മററാർക്കും ഉണ്ടാകുമായിരുന്നു എന്നു തോന്നുന്നില്ല. ഇങ്ങനെ ഒക്കെ ഇരുന്നിട്ടും അവളുടെ മനസ്സിൽ തത്സംബന്ധമായി ഉണ്ടായ ചില ചിന്തകളെ ഇല്ലാതാക്കുന്നതിനു് എത്രതന്നെ പ്രയത്നപ്പെട്ടിട്ടും അവൾ ശക്തയായില്ല. കഷ്ടപ്പാടുകളും അലച്ചിലുകളും ഞെരുക്കങ്ങളും ഒന്നും ഇനി വേണ്ടല്ലോ. തൻെറ രക്ഷിതാവായ അച്ഛൻ തടവിലിരിക്കേണ്ടിവരുമെന്നുള്ള വലുതായ ഭീതിയും ഇനി വേണ്ടല്ലോ. കടക്കാരുടെ ആക്ഷേപവചനങ്ങൾ കേട്ടു സഹിച്ചുകൊണ്ടു് അവരോടു നല്ല വാക്കു പറയേണ്ട ആവശ്യവും ഇനിമേൽ നേരിടുകയില്ലല്ലോ. ഏവംവിധങ്ങളായ ആലോചനകളെ മനസ്സിൽ നിന്നു ദൂരീകരിക്കുന്നതിനാണു് അവൾ ശ്രമിച്ചതു്. എന്നാൽ അവൾക്കു് അപ്രകാരം ചെയ്യുന്നതിനു കഴിവുണ്ടായില്ല. ഈ സ്വാർത്ഥതകൾ ഇത്രവേഗം തൻെറ ഹൃദയത്തിൽ സ്ഥലം പിടിച്ചതിനെപ്പററി അവൾ സ്വയം ശാസിക്കുകയും വെറുക്കുകയും ചെയ്തു.

കുറേനേരം ഇപ്രകാരം കഴിഞ്ഞു കൂടിയപ്പോൾ അച്ഛൻ മടങ്ങിയെത്തി.

ഇൻ—വിശാലാക്ഷി, ഇന്നത്തെ വണ്ടിയിൽ ഈ സ്ഥലത്തേക്കുള്ള യാത്രക്കാർ ആരും ഉണ്ടായിരുന്നില്ല. അതെന്താണു മകളെ. അല്ല, എഴുത്തു വേറെയും വന്നിരിക്കുന്നോ? അദ്ദേഹം വന്നു ചേരാത്തതു് ആശ്ചര്യമായിരിക്കുന്നു.

വി—അച്ഛാ, അദ്ദേഹം വരുമെന്നു നാം ആശിക്കുന്നതു വൃഥാ ആണെന്നു തോന്നുന്നു. നാം തെററിദ്ധരിച്ചിരിക്കുകയല്ലെ എന്നാണ് എന്റെ സംശയം. അച്ഛൻ സവാരിക്കു പോയിരുന്നപ്പോൾ അനുകൂലവൈദ്യൻ ഇവിടെ വന്നിരുന്നു. വലിയ യജമാനൻ അത്യാസന്നമായ ദീനത്തിൽ കിടക്കുകയാണെന്നാണ് അദ്ദേഹം പറഞ്ഞതു്.

വൈദ്യൻ ഈ വിവരം രണ്ടു ദിവസം മുമ്പാണ് അറിഞ്ഞതു്. അപ്പോൾ തന്നെ ഇനി അധികം താമസം ഉണ്ടാകുകയില്ലെന്നായിരുന്നു കേൾവി. ഈ എഴുത്തുകൾ രണ്ടും അച്ഛന്റെ പേർക്കുതന്നെ ആണെന്നു വൈദ്യൻ ഉറപ്പായി പറഞ്ഞു.

ഇൻ—എനിക്കോ?

വി—അതെ, വലിയ യജമാനൻ എന്നുള്ള സ്ഥാനത്തിൽ അങ്ങേയ്ക്കുള്ള എഴുത്തുകൾ ആയിരിക്കുമെന്നു വൈദ്യൻ പറഞ്ഞു.

ഇൻസ്പെക്ടർ മകളുടെ നേർക്കു മിഴിച്ചു നോക്കി. അനുകൂലവൈദ്യൻ പറഞ്ഞ കാര്യങ്ങളെല്ലാം വിശാലാക്ഷി വിവരമായി അച്ഛനെ ഗ്രഹിപ്പിച്ചു. ഇൻസ്പെക്ടർ വിഷണ്ണനായി ഭവിച്ചു. തന്റെ സ്വാർത്ഥപരതയില്ലാത്ത മനസ്സിൽ അപ്പോൾ മുന്നിട്ടു നിന്നതു യുവാവായ വലിയ യജമാനന്റെയും അദ്ദേഹത്തിന്റെ അനുരൂപിണിയായിരുന്ന പത്നിയുടെയും അകാല ദേഹവിയോഗങ്ങളെപ്പററിയുള്ള

കഠിനഖേദമായിരുന്നു. തൻമൂലം തനിക്കു സിദ്ധിച്ചിരുന്ന അളവില്ലാത്ത ഐശ്വര്യലാഭത്തെപ്പററിയുള്ള സ്മരണ ഇൻസ്പെക്ടരുടെ ഉള്ളിൽ അപ്പോൾ ഉദിച്ചില്ല.

ഇൻ—വിശാലാക്ഷി, വരുന്നതു വരട്ടെ. എന്തായാലും ഒരെഴുത്തു പൊട്ടിച്ചു നോക്കാം. കാര്യം ശരിയാണെങ്കിൽ ആ വിവരം അറിയേണ്ടതല്ലെ. എഴുത്തു പൊട്ടിച്ചതു പിശകായിത്തീരുന്നപക്ഷം ഞാൻ അദ്ദേഹത്തോടു മാപ്പു ചോദിച്ചു കൊള്ളാം. രാവിലെ വന്ന എഴുത്ത് ഇങ്ങോട്ടേക്കു തരിക.

വിശാലാക്ഷി ആ എഴുത്തെടുത്ത് അച്ഛന്റെ കൈയിൽ കൊടുത്തു. ഇൻസ്പെക്ടർ അതു തുറന്നു വായിച്ചും വെച്ചു വലിയ വിനയഭാവത്തോടുകൂടി മൌനിയായി അവിടെ ഇരുന്നു. പിന്നീടു മകളോട് ഇങ്ങനെ പറഞ്ഞു: "വിശാലാക്ഷീ, പരമാർത്ഥം തന്നെ, വൈദ്യന്റെ ഊഹം തെററിയില്ല. ആ പാവം പൊയ്പോയി. ഞാൻ പാലപ്പള്ളി മൂപ്പനും ആയി".

എഴുത്തു പാലപ്പള്ളി അകത്തിലെ വിചാരിപ്പുകാരൻ എഴുതിയിട്ടുള്ളതായിരുന്നു. വലിയ യജമാനൻ മരിച്ചുപോയി എന്നും ഇനിയത്തെ സ്ഥാനാവകാശിയായ ഇൻസ്പെക്ടരദ്ദേഹം ഉടൻ അവിടെ എത്തേണ്ടതു് എത്രയും ആവശ്യമാണെന്നും എഴുതിയിരിക്കുന്നു.

ഇനിമുതൽ ഇൻസ്പെക്ടരെ വലിയ യജമാനൻ എന്നു തന്നെ നമുക്കും അഭിധാനം ചെയ്യാം. അദ്ദേഹം തന്റെ സഹജമായ കോപശീലത്തോടു കൂടി എഴുത്തു മേശപ്പുറത്തിട്ടും വച്ചു് ഇങ്ങനെ പറഞ്ഞു:—എന്തൊരു മഠയനാണ് ഈ എഴുത്തയച്ച ആൾ? എന്റെ പതിവു മേൽവിലാസത്തിൽ എഴുത്തയച്ചിരുന്നെങ്കിൽ ഈ കുഴപ്പം വല്ലതും ഉണ്ടാകുമായിരുന്നുവോ? വിചാരിപ്പുകാരൻ ഒരു ബുദ്ധിഹീന

നാണ്. സംശയമില്ല. വിശാലാക്ഷീ മറെറ എഴുത്ത് എവിടെ?

അതു പാലപ്പുള്ളികുട്ടംബം വക പതിവു വക്കീലന്മാരിൽ നിന്നായിരുന്നു. ഇവർ പുതിയ വലിയ യജമാനന്റെയും സഹായം അപേക്ഷിച്ചുകൊണ്ടു് എഴുതിയിരിക്കുകയായിരുന്നു.

പുതിയ വലിയ യജമാനൻ ഒന്നാമതായി ചെയ്യേണ്ടതു് പാലപ്പുള്ളി അകത്തിലേയ്ക്കു പുറപ്പെടുകയാണല്ലൊ. തൽക്ഷണം പുറപ്പെടുന്നതിനാണ് അദ്ദേഹം തീർച്ചയാക്കിയതു്.

യജ.- വിശാലാക്ഷി, ഒട്ടും താമസിച്ചുകൂടാ. നീ എന്താണു പറയുന്നതു്? കാപ്പി കുടി കഴിച്ചിട്ടു പോകാമെന്നോ? പിന്നെ എന്തെല്ലാം ചവറുകാര്യങ്ങൾക്കായി താമസിക്കണം. വണ്ടി തെറെറാതിരിക്കേണ്ടെ? വേഗത്തിൽ പുറപ്പെട്ടെങ്കിലെ ആ കാര്യം സാധിക്കുകയുള്ളു. ആ പാവം മരിച്ചു പോയിരിക്കുന്നു. അവിടെ സ്വന്തമായി ആരും ഇല്ലെന്നു് അറിഞ്ഞുകൂടെ?

വി—ചെല്ലമൊ പിടിമൊന്തയൊ വല്ലതുമൊക്കെ കൂടെ കൊണ്ടുപോകേണ്ടെ?

യജ—യാതൊന്നും വേണ്ട. ഇപ്പോൾ ഒന്നും കൊണ്ടുപോകുന്നില്ല. അത്യാവശ്യമുള്ള സാമാനങ്ങളോടുകൂടി ചിന്നപ്പനെ നാളെക്കാലത്തു് അയയ്ക്കണം, അതു മതി. ഞാൻ പോകട്ടെ. കുഞ്ഞുങ്ങൾ എല്ലാവരും വരിക. ഓരോരുത്തർക്കും ഓരോ ഉമ്മ തന്നുകൊണ്ടു് അച്ഛൻ പുറപ്പെടട്ടെ. കാമവല്ലി എവിടെ? എനിക്കു് ഒരു മിനിട്ടു താമസിക്കാൻ സൗകര്യമില്ല.

കൊച്ചുക്കാ, കൊച്ചുക്കാ എന്നു വിളിച്ചുകൂട്ടിക്കൊണ്ടു ശ്രീമതി മുറിയിലേയ്ക്കു പോയി. വലിയ യജമാനനും

അവളുടെ പിന്നാലെ തന്നെ പുറത്തേയ്ക്കു നടന്നു. അദ്ദേഹം വലിയ ബദ്ധപ്പാടാണു പ്രദർശിപ്പിച്ചതു്.

യജ—അവൾ ഉറങ്ങിയിരിക്കാം. ഇപ്പോൾ അവളെ വിളിച്ചു് ഉപദ്രവിക്കേണ്ട. അച്ഛൻ വലിയ യജമാനൻ ആയിത്തീർന്നിരിക്കുന്നു എന്നും അങ്ങോട്ടേയ്ക്കു ബദ്ധപ്പെട്ടുപോയി എന്നും അവളോടു രാവിലെ പറയുക, അത്രമതി.

അദ്ദേഹം തോട്ടത്തിൽ എത്തിക്കഴിഞ്ഞു. പുതപ്പോ തലയിൽക്കെട്ടോ എല്ലാംകൂടി ഇരിക്കട്ടെ എന്നു വിശാലാക്ഷി പറഞ്ഞതുകൊണ്ടു യാതൊരു പ്രയോജനവും ഉണ്ടായില്ല. വീണ്ടും വീണ്ടും പറയുന്നതിന്റെ ഫലവും ഇപ്രകാരംതന്നെയെ ഇരിക്കു എന്നു് അവൾക്കു് അറിയാമായിരുന്നതിനാൽ അച്ഛന്റെ ബദ്ധപ്പാടുകണ്ടു അത്ഭുതപ്പെട്ടുകൊണ്ടു് അവൾ വരാന്തയിൽതന്നെ നിന്നു. വലിയ യജമാനൻ ചന്ദ്രികയുടെ സഹായത്തോടുകൂടി ഗേറ്റു കടന്നു അപ്രത്യക്ഷനായി.

ശ്രീമതി വീണ്ടും ജ്യേഷ്ഠത്തിയെ വിളിച്ചുകൊണ്ടു് അങ്ങും ഇങ്ങും നടന്നു. എന്നാൽ മറുപടി ഒന്നും ഉണ്ടായില്ല.

വി—അച്ഛൻ പറഞ്ഞതാണു് വാസ്തവമെന്നു തോന്നുന്നു. അവൾ ഉറങ്ങിയിരിക്കും. ഏതായാലും ഞാൻ ചെന്നു നോക്കട്ടെ. നീ അകത്തേയ്ക്കു പോകുക.

കാമവല്ലി പതിവിൻപ്രകാരം നരഹരവൈദ്യനെ കാണാൻ പോയിരിക്കയല്ലയൊ എന്നു വിശാലാക്ഷിക്കു സംശയമുണ്ടായി. കാമവല്ലി അവളുടെ മുറിയിൽ ഉണ്ടായിരുന്നില്ല

വി—(ആത്മഗതം) അതെ, അങ്ങനെ തന്നെ. സംശയം ഇല്ല. ഞാൻ പിന്നാലെ ചെല്ലാം. ഇതു് അനുവദിക്കത്തക്കതല്ലല്ലൊ.

അവൾ പതുക്കെ തോട്ടത്തിലേയ്ക്കു ചെന്നു. അനുജത്തി അവിടെയും ഉണ്ടായിരുന്നില്ല. വൈദ്യനോടൊരുമിച്ചു പുറത്തേയ്ക്കു സവാരിയായി പോയിരിക്കുമൊ എന്നു വിശാലാക്ഷി സംശയിച്ചു. ഗ്രാമവാസികൾ കാണത്തക്കവണ്ണം കാമവല്ലി ഇപ്രകാരം പ്രവൎത്തിക്കാൻ ഒരുമ്പെട്ടു എങ്കിൽ അയതു വലിയ ലജ്ജയില്ലായ്കതന്നെ. ജ്യേഷ്ഠത്തി തീരുമാനിച്ചു. അച്ഛൻ പോകും വഴി ഇവളെ കാണാൻ ഇടയാകണെ എന്നും അവൾ ആഗ്രഹിച്ചു. തന്റെ ഗുണദോഷവാക്യങ്ങളും ശാസനകളും കാമവല്ലിയെ ന്യായബോധമുള്ളവളാക്കിത്തീൎക്കുന്നതിനു് അശക്തങ്ങളാണെന്നുള്ള ഭയം വിശാലാക്ഷിക്കുണ്ടായതുകൊണ്ടാണു് അവളുടെ ദുരഭ്യാസങ്ങൾ അച്ഛന്റെ ദൃഷ്ടിയിൽപ്പെടുന്നതിനു്ഇടയാകണെ എന്നു വിശാലാക്ഷി പ്രാൎത്ഥിച്ചതു്-

അനന്തരം അവൾ അകത്തേയ്ക്കു മടങ്ങിവന്നു് ഒരു വിളക്കു എടുത്തുകൊണ്ടു കാമവല്ലിയുടെ മുറിയിലേയ്ക്കു വീണ്ടും ചെന്നു് അനുജത്തി പതിവായി ഉപയോഗിക്കാറുള്ള കമ്പിളിയും മററും അവിടെ ഉണ്ടോ എന്നു നോക്കി. അവ അവിടെ ഉണ്ടായിരുന്നില്ലെന്നു കണ്ടപ്പോൾ വിശാലാക്ഷിയുടെ ഊഹം ഒന്നുകൂടി പ്രബലപ്പെട്ടു. അവൾ വിചാരമഗ്നയായി അവിടെ നിന്നു. കാമവല്ലി തിരിച്ചു വരട്ടെ എന്നു് അവൾ സമാധാനപ്പെട്ടു. "തോട്ടത്തിൽവച്ചു നടത്തിക്കൊണ്ടിരുന്ന കൂടിക്കാഴ്ചകൾ ഞാൻ കണ്ടുപിടിച്ചതുകൊണ്ടാണു് ഇപ്പോൾ അവിടെ കാണാത്തതു്" എന്നിങ്ങനെ വിശാലാക്ഷി സ്വയം ശാസിച്ചു. രാത്രിയിൽ കിടക്കാനുള്ള നേരമായി.

ശ്രീ—അക്കാ, കൊച്ചുകുഞ്ഞൻ എവിടെ? അവരെക്കണ്ടില്ലല്ലൊ.

കുട്ടിയോടു വിശാലാക്ഷി എന്താണു് മറുപടി പറയേണ്ടതു്? കാമവല്ലി വീട്ടിൽ ഇല്ലെന്നുള്ള വിവരം കുട്ടിയെ അറിയിക്കാതിരുന്നാൽ കൊള്ളാമായിരുന്നു എന്നു് അവൾക്കു വളരെ മോഹം ഉണ്ടായിരുന്നു. അവൾ അതുകൊണ്ടു് ഇപ്രകാരം ഒഴിയാൻ ശ്രമിച്ചു.

വി—ശ്രീമതി, നീ ഇന്നു വായിച്ചുകൊണ്ടിരുന്ന പുസ്തകം മുഴുവൻ ആയില്ലല്ലൊ. ഇപ്പോൾ കുറെ വായിക്കുക.

ശ്രീ—ഇന്നു കാപ്പി കുടിക്കേണ്ടെ?

വി—വരട്ടെ; ബദ്ധപ്പാടു് എന്തു്? അച്ഛൻ ഇവിടെ ഇല്ലല്ലൊ. എനിക്കു് ഒരു ചെറിയ ജോലിയുണ്ടു്. അതു തീർന്നിട്ടു കാപ്പി കുടിക്കാം.

അപ്പോഴേയ്ക്കു കാമവല്ലി മടങ്ങിയെത്തുമെന്നായിരുന്നു വിശാലാക്ഷിയുടെ ഉദ്ദേശം. അവൾ ചെയ്തു തീർക്കാൻ നിശ്ചയിച്ച ജോലിയിൽ പ്രവേശിച്ചു. അതു് എളുപ്പത്തിൽ തീർന്നു. മണി ഒൻപതടിച്ചു. ശ്രീമതിയെ ഇനിയും ഉറക്കിളപ്പിച്ചുകൂടാ. അവൾക്കു കാപ്പി കൊടുത്തുമില്ല. കാമവല്ലി എവിടെ ആയിരിക്കാം.

വിശാലാക്ഷിക്കു പരിഭ്രമവും കോപവും ഉണ്ടായി. കാമവല്ലിയെ കൂടാതെ കാപ്പികുടിക്കാൻ ആരംഭിക്കുന്നപക്ഷം അവൾ അവിടെ ഇല്ലെന്നുള്ളകഥ വീട്ടിൽ എല്ലാവരും അറിഞ്ഞുപോകുമല്ലൊ എന്നു വിശാലാക്ഷി വിഷാദിച്ചു. ചിരുത അപ്പോൾ അവിടേയ്ക്കു വന്നു.

ചി—അമ്മാ, കുഞ്ഞമ്മ എവിടെ? മുറിയിൽ ഇല്ല. ഇതാ ഇതു് അവിടെ തറയിൽ കിടന്നിരുന്നു. അതു കൊച്ചമ്മയുടെ പക്കൽ ഏൽപ്പിക്കുന്നതിനു ഞാൻ ഇങ്ങോട്ടു വരികയായിരുന്നു.

ചിരുത കൊണ്ടുവന്നതു കാമവല്ലിയുടെ സ്വന്തം പണസഞ്ചിയാണ്. അതിൽ പണം ഒന്നും ഉണ്ടായിരുന്നില്ല.

ചി—കുഞ്ഞമ്മ പുറത്തെങ്ങാനും പോയിരിക്കുകയാണൊ?

ഈ ചോദ്യത്തെ എങ്ങിനെയാണു നിഷേധിക്കുക. വാസ്തവം മറയ്ക്കുന്നതിനു മാർഗ്ഗമുണ്ടായിരുന്നില്ല. വിശാലാക്ഷിയുടെ ഹൃദയം നീറി.

വി—വല്ല ചില്ലറ സാമാനങ്ങളും വാങ്ങിക്കാൻ വേണ്ടി ഷാപ്പിൽ പോയിരിക്കാം. ഒരു കത്രികയൊ മറ്റൊ പുത്തനായി വാങ്ങിക്കണമെന്നു നേരത്തെ പറയുന്നതുകേട്ടു. ഇപ്പോൾ മടങ്ങി എത്താതിരിക്കയില്ല, ഏതായാലും നമുക്കു കാപ്പി കുടി കഴിക്കാം. ശ്രീമതിക്കു് ഉറങ്ങണമല്ലൊ.

അവർ കാപ്പി കുടിച്ചു. കാമവല്ലിയെ പിന്നെയും കണ്ടില്ല. മണി പത്തായപ്പോഴേയ്ക്കു വിശാലാക്ഷിയുടെ ഭീതി കണക്കില്ലാതെ വർദ്ധിച്ചു. വാസ്തവസംഭവത്തെപ്പറ്റിയുള്ള ഊഹം അപ്പോഴും അവളുടെ മനസ്സിൽ കടന്നുകൂടിയില്ല.

അവൾ ഒരു പുതപ്പെടുത്തു പുതച്ചുകൊണ്ടു് ഒരു കുടയെടുത്തു വീണ്ടും തോട്ടത്തിലേയ്ക്കുപോയി. ഗേറ്റിന്റെ അടുക്കൽചെന്നു പുറത്തേയ്ക്കു സൂക്ഷിച്ചു നോക്കിക്കൊണ്ടു അവിടെ നിന്നു. ആരെയും കണ്ടില്ല. അവൾ വീട്ടിലേയ്ക്കു മടങ്ങി.

ചിരുത—കൊച്ചമ്മാ, ഞാൻ പുറത്തുപോയി എവിടെ എങ്കിലും അന്വേഷിക്കട്ടൊ?

വി—ഇന്നിടത്തെന്നു് ഊഹമുണ്ടായിരുന്നെങ്കിൽ ഞാൻ നിങ്ങളെ പറഞ്ഞയയ്ക്കുമായിരുന്നല്ലൊ. കാറ്റും മഴയും മാറട്ടെ എന്നു വിചാരിച്ചു് വല്ല സ്ഥലത്തും കയറി

ഇരിക്കുകയായിരിക്കാം. ഈ സ്ഥലത്തു് ആരെയും നാം അറിയുകയുമില്ല. അവൾ എവിടെ ഇറിക്കുന്നൊ എന്തൊ?

കാത്തിരിക്കയല്ലാതെ അവർ എന്തുചെയ്യും? പതിനൊന്നു മണിവരെ വിശാലാക്ഷി കാത്തിരുന്നു. അവളുടെ മനസ്സിൽ ഒരു ആലോചന ഉദിച്ചു. അതു അസംഭവ്യമാണെന്നു് ആദ്യം അവൾക്കു തോന്നി. എന്നാൽ ആ ആലോചന പ്രതിനിമിഷം ബലപ്പെട്ടുകയാണു് ഉണ്ടായതു്. കാമവല്ലി കാററും മഴയും പേടിച്ചു നരഹരവൈദ്യന്റെ വീട്ടിൽ കയറി ഇരിക്കുകയായിരിക്കാം എന്നായിരുന്നു വിശാലാക്ഷിയുടെ പുതിയ സംശയം.

ശ്രീമതി ഉറങ്ങാൻ കിടന്നു. എങ്കിലും ഉറക്കം വരാഞ്ഞതുകൊണ്ടു് വീണ്ടും എഴുന്നേററു് അക്കന്റെ അടുക്കൽ ഇരിക്കുകയായിരുന്നു. അവൾക്കു ഭയം അധികമായിത്തീർന്നു.

ശ്രീ—അക്കാ, കൊച്ചക്കൻ ഇതുവരെയായിട്ടു വന്നില്ലല്ലോ. കൊച്ചക്കനെ വല്ലവരും പിടിച്ചുകൊണ്ടുപോയിരിക്കുമൊ?

ചിരുതയുടെ മുഖം വല്ലാതെ വിത്തിരിക്കുന്നു. ചിന്നപ്പന്റെ കണ്ണുകളിൽ നിന്നു വെള്ളം ഇററു വീണുതുടങ്ങി. അവന്റെ ആ വീട്ടിലെ സർവീസിനിടയ്ക്കു് ഇങ്ങനെ ഒരു സംഭവം നടന്നിരുന്നില്ല. തന്റെ വാൽസല്യഭാജനമായ കുഞ്ഞമ്മയെ കാണാത്തതെന്തെന്നു് ആ സാധു വിസ്മയിച്ചു.

ചിരു—കൊച്ചമ്മാ, ഞാൻ പോയി അന്വേഷിക്കാം. കുഞ്ഞമ്മ കാററും മഴയും പേടിച്ചു നരഹരവൈദ്യന്റെ വീട്ടിൽ ഇരിക്കുകയായിരിക്കാം.

ഈ വാക്കുകൾ വിശാലാക്ഷിയെ വളരെ ആശ്വസി

ല്പിച്ചു. താനും ഇങ്ങനെതന്നെ ആയിരുന്നുവല്ലൊ ഊഹി ച്ചിരുന്നതു്.

വി—അവൾ അങ്ങനെ പ്രവർത്തിക്കുമെന്നു തോന്നു ന്നില്ല. എന്നാൽ അവളുടെ വിചാരബുദ്ധിയില്ലായ്കയെ പ്പററി ഓർമ്മിക്കുമ്പോൾ അങ്ങനെയും ശങ്കിക്കാം. നരഹര വൈദ്യൻെറ വീട്ടു വഴിയുടെ അടുക്കലും ആണല്ലൊ. അ വിടെവരെ ഒന്നുപോയി വന്നാൽ വേണ്ടില്ല.

ചിരുത ഒരു നിമിഷത്തിൽ പുറപ്പെട്ടുകഴിഞ്ഞു. മുറു കെ നടക്കാവുന്നവക്കു ചെമ്പശ്ശേരിൽനിന്നു് അഞ്ചുമിനി റവുകൊണ്ടു നരഹരവൈദ്യൻെറ വീട്ടിൽ എത്താമായിരു ന്നു. ചിരുതയ്ക്കു പുരുഷന്മാരോളം ബദ്ധപ്പെട്ടു നടക്കാമായി രുന്നില്ലല്ലൊ. ഏതായാലും പതിനൊന്നേകാൽ മണിയാ യപ്പോൾ അവൾ വൈദ്യൻെറ പടിക്കൽ എത്തി. അക ത്തു വിളക്കു കത്തുന്നുണ്ടായിരുന്നില്ല. എല്ലാവരും ഉറക്കമാ യിരിക്കുമെന്നു ചിരുത വിചാരിച്ചു. ആ സ്ഥിതിക്കു തൻെറ കുഞ്ഞമ്മ അവിടെ ഉണ്ടായിരിക്കയില്ലല്ലൊ. എങ്കിലും വിളിച്ചു ചോദിക്കേണ്ടതു് അത്യാവശ്യമാണെന്നു് അവൾക്കു തോന്നി. കാമവല്ലിക്കുഞ്ഞമ്മ ഇവിടെ ഉണ്ടോ എന്നു് ചോദിക്കുന്നതു കുറെ പോരായ്കയല്ലെ എന്നു് അവൾ ശ ങ്കിച്ചു. ഏതായാലും വിളിച്ചുനോക്കാമെന്നു നിശ്ചയിച്ചു കൊണ്ടു് അവൾ വിളികൂട്ടി. ആരും വിളി കേട്ടില്ല. പി ന്നെയും പിന്നെയും അവൾ വിളിച്ചു. ഒടുവിൽ ഒരു ജനൽ തുറക്കുന്ന ശബ്ദം കേട്ടു് അവൾ അവിടേക്കു ചെന്നു.

വേലക്കാരത്തി—എന്തിനാണു് ഇങ്ങനെ കിടന്നുനില വിളിക്കുന്നതു്? വൈദൻ ഇവിടെ ഇല്ലെന്നുള്ളതു് ആ മുറി യിൽ വിളക്കു് ഇല്ലാത്തതുകൊണ്ടു് ഊഹിച്ചുകൂടെ?

ചി—അദ്ദേഹം ഇവിടെ ഇല്ലെ?

വേല—ഇല്ല. ഇന്നു രാത്രിയിൽ പെട്ടെന്നു പോകുകയാണു ചെയ്തതു്. പെട്ടെന്നു പോകുകയായിരുന്നുവെന്നും ഞങ്ങൾക്കു തോന്നുകയായിരുന്നു എന്നും വരാം. അദ്ദേഹം മുൻകൂട്ടി ഞങ്ങളെ അറിയിച്ചിരുന്നില്ല. വണ്ടി പടിക്കൽ വന്നു തയാറായി. വൈദ്യനദ്ദേഹം കൈസഞ്ചിയും എടുത്തു പുറപ്പെടുന്നതും കണ്ടു. "ഞാൻ ഒരു സ്ഥലത്തേക്കു പോകുകയാണു്. ഇനി കുറെ ദിവസം കഴിഞ്ഞ ശേഷമെ മടങ്ങി വരികയുള്ളു" എന്നിങ്ങനെ മുറെത്തു ഇറങ്ങിക്കൊണ്ടു പറയുന്നതു കേട്ടു.

ചി—എനിക്കു വൈദ്യനെയല്ല കാണേണ്ടതു്. ഞങ്ങളുടെ കുഞ്ഞമ്മ മഴയത്തു് ഇവിടെ കയറീട്ടുണ്ടോ എന്നറിഞ്ഞാൽ മതി.

വേല—ഏതാണു് നിങ്ങളുടെ കുഞ്ഞമ്മ?

ചി—ചെമ്പകശ്ശേരിയിലെ രണ്ടാമത്തെ കുഞ്ഞമ്മ. അവൾ ഇന്നു സന്ധ്യക്കു ഷാപ്പിലേക്കു പോയി. ഇതേവരെ മടങ്ങി വന്നില്ല. മഴയും കാററും പേടിച്ചു് എവിടെയെങ്കിലും കയറി ഇരിക്കുകയായിരിക്കാമെന്നും ഒരു പക്ഷേ ഇവിടെ ഉണ്ടായിരിക്കുമെന്നും വിചാരിച്ചു് ആ കാര്യം തിരക്കാനായിട്ടാണു് ഞാൻ ഇങ്ങോട്ടു വന്നതു്.

വേല—ഇവിടെ ഒരു കുഞ്ഞമ്മയേയും കണ്ടില്ല. ഇവിടെ ആരും വന്നുമില്ല.

ചി—കുഞ്ഞമ്മ ഇവിടെ ഇല്ലാത്തപക്ഷം ഞാൻ പോകാം.

വേല—ഇല്ലെന്നല്ലെ പറഞ്ഞതു്. "വൈദ്യൻ പട്ടണത്തിൽ പോയിരിക്കയാണു്. ഇവിടെ ആരും അസമയത്തു വന്നു വിളികൂട്ടേണ്ട ആവശ്യമില്ല" എന്നു് ഒരു നോട്ടീസു നാളെ ഗേററിൽ പതിച്ചേ മതിയാവൂ.

ചിരു—ഞാൻ അസമയത്തു വന്നു വിളികൂട്ടിയതിലേക്കു മാപ്പു ചോദിച്ചുകൊള്ളുന്നു. നിവൃത്തിയില്ലാത്തതി

നാൽ അങ്ങിനെ ചെയ്യേണ്ടിവന്നതാണ്. ക്ഷമിക്കുക ഞാൻ പോകട്ടെ.

വേല—വേഗം പോകുക. കിടന്നുറങ്ങട്ടെ.

ഇനി എന്താണ് ചെയ്യേണ്ടതെന്ന് ആലോചിച്ചുകൊണ്ട് ചിരുത പടിക്കൽ കുറച്ചു നേരം നിന്നു. അപ്പോൾ അവളുടെ മനസ്സിൽ ഒരു ആലോചന തോന്നി. അതു ഒട്ടും തന്നെ രസകരമായിരുന്നില്ലെങ്കിലും വാസ്തവസംഭവം അങ്ങനെ തന്നെയല്ലാതെ പറയാൻ നിവൃത്തിയില്ലെന്ന് അവൾ തീർച്ചയാക്കി. നരഹരവൈദ്യൻ പെട്ടെന്നു പോകുകയാണു ചെയ്തതെന്നു കേട്ടപ്പോഴാണ് ചിരുതയ്ക്ക് ഈ ആലോചനയുണ്ടായത്.

അവൾ വിഷാദമഗ്നയായി വീട്ടിലേക്കു നടന്നു. ഈ ആലോചന അത്ര വളരെ ബദ്ധപ്പെട്ട് ആരായിച്ചിട്ടു ഫലമെന്ത്? ചിരുത വരുന്നുണ്ടോ എന്നു നോക്കിക്കൊണ്ടു വിശാലാക്ഷി പടിക്കൽതന്നെ ഹാജരുണ്ടായിരുന്നു. ഒരാൾ മാത്രം വരുന്നതായി കണ്ടപ്പോൾ അവളുടെ കണ്ണുകൾ മങ്ങി, മുഖം വിളറി, ദേഹം കിടുകിടുത്തു.

വി—ചിരുതെ, ചിരുതെ, അനുജത്തിയെ കണ്ടില്ലേ?

ചി—ഇല്ല, കൊച്ചമ്മാ, ഞാൻ—

വി—എന്ത്?

ചിരുത അവളുടെ പുതിയ ആലോചനയെപ്പറ്റി മന്ദമായും ഭയത്തോടുകൂടിയും വിശാലാക്ഷിയോടുപറയാൻ ആരംഭിച്ചു. കാമവല്ലിക്കുഞ്ഞമ്മ അച്ഛന്റെ വീടുവിട്ടു വൈദ്യനോടൊരുമിച്ചു പോയിരിക്കുമെന്നു ചിരുത ഊഹിച്ചതു മിക്കവാറും യഥാർത്ഥമായിരിക്കാമെന്നു തന്നെ വിശാലാക്ഷിക്കു തോന്നാതിരുന്നില്ല. എങ്കിലും ഈ കാര്യം അത്ര പെട്ടെന്നു വിശ്വസിക്കാൻ അവൾ സന്നദ്ധയായില്ല.

# ഇരുപത്തിയൊന്നാമദ്ധ്യായം

പിറേറദ്ദിവസം പ്രഭാതമായതോടുകൂടി തെക്കേവഴി ഗ്രാമം മുഴുവൻ ഇളകിവശായി. കോവിൽഭാഗത്തു താമസിച്ചിരുന്ന ഭാഗ്യഹീനയായ ആ സ്ത്രീയുടെ മരണം നടന്നതിൽപിന്നെ ഇത്രത്തോളം രസകരമായ ഒരു സംഭവം അവിടെ ഉണ്ടായിട്ടില്ലായിരുന്നു. രണ്ടു പ്രമേയങ്ങളാണു് ഇപ്പോൾ പ്രത്യക്ഷീഭവിച്ചിട്ടുള്ളതു്. പാലപ്പള്ളി വലിയ യജമാനസ്ഥാനത്തിനു മദനദേവൻ ഇൻസ്പെക്ടർ അർഹനായിത്തീർന്നു. അദ്ദേഹത്തിന്റെ ഒരു പുത്രി നരഹരവൈദ്യനോടുകൂടി ഒളിച്ചുപോകുകയും ചെയ്തിരുന്നു. ഒളിച്ചോടിപ്പോയതു വളരെ തന്ത്രത്തോടും സാമർത്ഥ്യത്തോടും കൂടിയായിരുന്നു. ഈ ദമ്പതികൾ അഥവാ ദമ്പതികളാകാൻ പോകുന്ന ഇവർ തങ്ങളുടെ രാത്രിയാത്രയിൽ നേരിട്ട ചില തടസ്ഥങ്ങളെ കൂട്ടാക്കാതെ യാത്ര തുടരുക തന്നെ ചെയ്തു.

നരഹരവൈദ്യൻ വലിയ തന്ത്രജ്ഞനായിരുന്നതിനാൽ രക്ഷയ്ക്കുള്ള മാർഗ്ഗങ്ങളെല്ലാം വേണ്ടവണ്ണം ആലോചിച്ചു നിശ്ചയിച്ചിരുന്നു. കുന്നുമ്പുറത്തുനിന്നുള്ള ഒരു ഇടവഴിയിൽ വൈദ്യൻ വണ്ടി കൊണ്ടുചെല്ലാമെന്നും കാമ

വല്ലി അവിടെ എത്തി വൈദ്യനോടു ചേൻകൊള്ളണമെന്നമായിരുന്ന ഒന്നാമത്തെ വ്യവസ്ഥ. പൊള്ളാച്ചിറോഡ് എന്നു പേരോടുകൂടിയ ഈ വഴിയെ പോകുന്നതായാൽ അട്ടക്കടവു് എന്ന തീവണ്ടിസ്റ്റേഷനിൽ എത്താൻ കഴിയുന്നതാണു്. തെക്കെ വഴി ഗ്രാമത്തിൽനിന്നു് അവിടെ എത്തുന്നതിലേക്കുള്ള ഏഴുമൈൽ വലിയ പ്രയാസംകൂടാതെ കടക്കാമെന്നു് വൈദ്യൻ വിചാരിച്ചിരുന്നു. "വൻവഴി" റെയിൽവേസ്റ്റേഷനിൽ കാമവല്ലിയോടുകൂടി ചെല്ലുന്നതു് അത്ര ഭംഗിയായിരിക്കയില്ലെന്നായിരുന്നു അയാളുടെ ആലോചന. രണ്ടു പേരെയും അറിയുന്നവരായി അവിടെ പലരും ഉണ്ടായിരിക്കുമെന്നു് അയാൾ ഭയപ്പെട്ടു.

ഈ ആലോചനകളെല്ലാം വളരെ രഹസ്യമായി വെച്ചുകൊള്ളാൻ അയാൾക്കു വൈഷമ്യം ഉണ്ടായില്ല. അന്നു പകൽ അയാൾ പതിവിൻപ്രകാരം രോഗികളുടെ വീടുകളിൽ മുറയ്ക്കു പോയിരുന്നു. എന്നാൽ കാൽനടയായിട്ടായിരുന്നു അന്നത്തെ ചുററിനടപ്പു്. എന്തെന്നാൽ കുതിര രാത്രിയിലെ ആവശ്യത്തിനു ക്ഷീണിക്കാതെതിരിക്കേണ്ടിയിരുന്നല്ലോ. താൻ പോകാൻ ഭാവിക്കുന്നു എന്നുള്ള കഥ ആരോടും വൈദ്യൻ പറഞ്ഞില്ല. പതിവുപോലെ ഊണു കഴിഞ്ഞു മുറിയിലേക്കു പോയി. നേരം നല്ലവണ്ണം ഇരുട്ടിയപ്പോൾ വണ്ടികെട്ടി പടിക്കൽ കൊണ്ടുവന്നു നിറുത്തുന്നതിനായി വണ്ടിക്കാരനോടാജ്ഞാപിച്ചു. വണ്ടി വന്നുടൻ അയാൾ കൈസഞ്ചിയോടുകൂടി മുററത്തേക്കിറങ്ങി. വേലക്കാരത്തി നോക്കിനിന്നിരുന്നതു കണ്ടു താൻ ഒരു സ്ഥലത്തേക്കു പോകയാണെന്നും ഏതാനും ദിവസം കഴിഞ്ഞേ മടങ്ങി വരികയുള്ളു എന്നും അവളോടായി പറഞ്ഞു.

പെട്ടെന്നുള്ള ഈ യാത്ര കണ്ടു വിസ്മിതയായിത്തീർന്ന വേലക്കാരി ഒരു ചോദ്യവും ചോദിച്ചില്ല.

വൈ — എടോ, വണ്ടിക്കാരൻ! ഇന്നു രാത്രിയിൽ താൻ വ്ണ്ടി അടിക്കേണ്ട. പണ്ടത്തെ രാത്രിയിൽ സമ്മാനിച്ചതു മതി.

ഇങ്ങനെ പറഞ്ഞുകൊണ്ടു കുതിരയുടെ വാറു കയ്യിൽ വാങ്ങിച്ചു.

തന്നെ ഉപദ്രവിക്കാത്തതു വലിയ കാൎയ്യം തന്നെ എന്നു വണ്ടിക്കാരൻ സന്തോഷിച്ചു. വൈദ്യൻ സുഖമായി വണ്ടിയിൽ കയറി ഇരുന്നു.

വൈ — എടോ, താൻ എനിക്കുവേണ്ടി കാത്തിരിക്കേണ്ട.

വണ്ടിക്കാരൻ — കുതിരയെ പിന്നെ എന്തു ചെയ്യും?

വൈ — കുതിര രാത്രിയിൽ മടങ്ങി എത്തുകയില്ല.

നരഹരവൈദ്യൻ വണ്ടി വിട്ടു. വല്ല രോഗിയേയും നോക്കാൻ അടിയന്തിരമായി പോകുകയാണെന്നേ വണ്ടിക്കാരൻ അപ്പോൾ വിചാരിച്ചുള്ളു. അയാൾ വീട്ടിലേക്കു മടങ്ങി.

വേലക്കാരി — വണ്ടിക്കാരൻ ചേട്ടാ, അങ്ങുന്നു് എവിടെ പോകുകയായിരുന്നു.

വ — ആൎക്കറിയാം. കുതിരയെ കെട്ടാനായി കാത്തിരിക്കേണ്ടെന്നു് എന്നോടു പറഞ്ഞിട്ടുണ്ടു്. ഇന്നു മടങ്ങിവരികയില്ലെന്നു് അതുകൊണ്ടു ഊഹിക്കാമല്ലൊ.

വേ — ഇന്നു രാത്രിയിലൊ? കൊള്ളാം. അതറിഞ്ഞില്ലെ? ഈയിടെ എങ്ങും മടങ്ങി വരികയില്ലെന്നു് അദ്ദേഹം എന്നോടു പറഞ്ഞല്ലൊ. നാളെ അവധി വാങ്ങിക്കൊണ്ടു വീട്ടിലേക്കു പോകണമെന്നു ഞാൻ വിചാരിച്ചിരിക്കുകയായിരുന്നു. ഇപ്പോൾ ആ കാൎയ്യം നടക്കുകയില്ലെന്നു തീൎച്ചയായല്ലൊ.

നരഹരവൈദ്യൻ രഹസ്യവഴിയിലേക്കു തിരിയുന്നതിനു അൽപം മുമ്പായി അനുകൂലവൈദ്യനെ മാൎഗ്ഗമദ്ധ്യേ വച്ചു കണ്ടു.

അനു—വന്ദനം. വളരെ ഉപദ്രവമുള്ള രാത്രിതന്നെ.

നര—വളരെ വളരെ ഉപദ്രവമായിരിക്കുന്നു. നിങ്ങൾ ദൂരെ എങ്ങാനും പോയി വരികയായിരിക്കുമോ?

അനു—ഇല്ലയില്ല. ഇൻസ്പെക്ടരദ്ദേഹത്തിൻെറ വീടുവരെ പോയിരുന്നു.

നര—ഇൻസ്പെക്ടരദ്ദേഹത്തിൻെറ വീട്ടിലൊ! എന്താണു അവിടെ വല്ലവക്കും സുഖക്കേടാണൊ? ഇൻസ്പെക്ടരദ്ദേഹത്തിനല്ലെന്നറിയാം. അദ്ദേഹം ഞങ്ങളുടെ വീട്ടിൻെറ പടിക്കൽക്കൂടി അരമണിക്കൂർ മുമ്പു കടന്നുപോകുന്നതു് ഞാൻ കണ്ടു.

അനു—ശ്രീമതിക്കുട്ടിയുടെ ആവശ്യത്തിനാണു് ഞാൻ പോയിരുന്നതു്. ആ പെൺകുട്ടി ജനലിൽ നിന്നു വീണു ഇന്നു രാവിലെ കയ്യൊടിച്ചു വച്ചിരിക്കയാണു്. പാലപ്പള്ളി വലിയ യജമാനൻ മരിച്ചുപോയി എന്നു നിങ്ങൾ കേട്ടൊ?

നരഹരവൈദ്യൻ ഈ കഥ ഒന്നും അറിഞ്ഞിരുന്നില്ല.

നര—നിങ്ങൾ എന്താണു് ഈ കാൎയ്യം ചോദിച്ചതു്?

അനു—മരിച്ച കാൎയ്യം ഞാൻ കേട്ടില്ല. എങ്കിലും കാൎയ്യം നടന്നിരിക്കുമെന്നു തോന്നുന്നു. രണ്ടു ദിവസംമുമ്പു് അദ്ദേഹം അങ്ങെ അററം പററി കിടക്കുകയായിരുന്നു എന്നു് എനിക്കറിയാം. ഇന്നു് ഇൻസ്പെക്ടരദ്ദേഹത്തിൻെറ വീട്ടിൽ പാലപ്പള്ളി വലിയ യജമാനൻ എന്ന മേൽവിലാസത്തിൽ ചില എഴുത്തുകൾ വന്നിരിക്കുന്നതുകൊണ്ടു മററെ അദ്ദേഹം മരിച്ചുപോയി ഇന്നു ഞാൻ ഊഹിക്കയാണു്. നിങ്ങൾ ഈ വൎത്തമാനം കേട്ടിരിക്കുമെന്നായിരുന്നു എൻെറ വിചാരം.

പാലപ്പള്ളി വലിയ യജമാനൻ എന്ന മേൽവിലാസത്തിൽ ഇൻസ്പെക്ടരുടെ വീട്ടിൽ എഴുത്തുകൾ വരുന്ന

തിന്റെ കാര്യകാരണങ്ങൾ എന്തെന്നു നരഹരവൈദ്യനു മനസ്സിലായില്ല. അയാൾ അതേപ്പററി ചോദിച്ചു.

അനു—ഇൻസ്പെക്ടരദ്ദേഹമല്ലേ പിന്നത്തെ അവകാശി? എഴുത്തുകൾ അദ്ദേഹത്തിനു തന്നെ വന്നവയായിരിക്കും. ഇങ്ങനെയാണ് ഞാൻ വിശാലാക്ഷിയോടു പറഞ്ഞതു്.

ഇൻസ്പെക്ടരദ്ദേഹം വലിയ യജമാനൻ ആയിത്തീർന്നിരിക്കുകയൊ. മററാരെങ്കിലും ഈ കഥ കേട്ടിരുന്നെങ്കിൽ നിശ്ചയമായി ആശ്ചര്യപ്പെടാതിരിക്കുകയില്ലായിരുന്നു. നരഹരവൈദ്യൻ അത്ര വലിയ അത്ഭുതരസമൊന്നും പ്രകടിപ്പിച്ചില്ല.

നര—അപ്പോൾ അദ്ദേഹത്തിന്റെ കുട്ടികൾ വലിയ അവസ്ഥക്കാരായിത്തീരുമല്ലൊ. ഇതെല്ലാം നിങ്ങളുടെ ഊഹം മാത്രമാണല്ലൊ.

അനു—അല്ലല്ല തീർച്ചയാണ്. ഞാൻ പോകട്ടെ. വന്ദനം.

നര—വന്ദനം നേരം അധികമാകുന്നു. ഇനിക്കും പോകാൻ വൈകി.

അനന്തരം അനുകൂലവൈദ്യൻ പോയി. നരഹരവൈദ്യൻ നാലുവശത്തേക്കും നോക്കിയും വെച്ച് ഇടവഴിയിലേക്കു കയറി അവിടെ കാത്തുനിന്നു.

ഒളിച്ചോടാനുള്ള ഒരുക്കത്തിൽ അവരെ രണ്ടുപേരെയും അനുകൂലവൈദ്യൻ അന്നു രാത്രിയിൽ കണ്ടുമുട്ടിയതു് ആശ്ചര്യം തന്നെ. ആരും അറിയാതെ വീടിനുവെളിയിൽ കടക്കണമെന്ന് താല്പര്യപ്പെട്ടുകൊണ്ടിരുന്ന കാമവല്ലി അനുകൂലവൈദ്യൻ വിശാലാക്ഷിയോടു് സംസാരിച്ചുകൊണ്ടിരുന്ന അവസരം നോക്കിയായിരുന്നു പുറത്തിറങ്ങിയതു്.

എന്നാൽ ഒന്നുരണ്ടു സംഭ്രമങ്ങൾക്കിടയാകാതെ തെററിമാറാൻ അവൾക്കു കഴിഞ്ഞില്ല.

അവൾ അടുക്കളയിൽ കൂടി വെളിക്കിറങ്ങി തോട്ടത്തിലേക്കു നടന്നപ്പോൾ ചിരുത ഒരു വെളിച്ചം കയ്യിൽ വെച്ചുകൊണ്ടു് അകലെ നിന്നു വീട്ടിലേക്കു വരികയായിരുന്നു. കാമവല്ലി ക്ഷണനേരം ഒളിച്ചുനിന്നു. ചിരുത കടന്നുപോയി. അവൾ വീണ്ടും പുറപ്പെട്ടു ഗേററിൻെറ അടുക്കൽ എത്താറായപ്പോൾ അനുകൂലവൈദ്യൻ പോകാനായി പുറപ്പെട്ടു് അവിടെ എത്തി. കാമവല്ലി വിഷമിച്ചു.

അനു—അല്ലാ, ഇതാരു്? കുഞ്ഞമ്മയോ? എവിടേയ്ക്കാണു ഈ ഇരുട്ടിൽ?

കാമ—ഇല്ല. ഇല്ല. ഞാൻ മഴക്കാറുണ്ടോ എന്നു നോക്കാനായി വെളിയിലേക്കു വരികയായിരുന്നു.

അനു—ഓഹൊ, വേണ്ടുവോളം ഉണ്ടു്. വേഗം മാറുമായിരിക്കാം. എന്നാൽ പിന്നെയും ഉണ്ടാകാതിരിക്കുകയില്ല. രാത്രിയിൽ വലിയ ലഹള കൂട്ടുമെന്നാണു് തോന്നുന്നതു്. മതി. നിൽക്കുക. ഇനി നടന്നാൽ മുങ്ങിപ്പോകും.

അവൾ തിരിഞ്ഞു. എങ്കിലും നേരെ വീട്ടിലേക്കു മടങ്ങാതെ വൃക്ഷങ്ങൾക്കിടയിൽ മറഞ്ഞു നിൽക്കുകയാണു് ചെയ്തതു്. അനുകൂലവൈദ്യൻ അകലെ ആകുന്നതുവരെ അവിടെ മറഞ്ഞുനിന്നു. അവളുടെ ഹൃദയം കലശലായി തുടിച്ചുതുടങ്ങി. "വേണ്ട, മടങ്ങിക്കൊൾക" എന്നിങ്ങനെ അവളുടെ അന്തഃകരണം അപ്പോഴും ഉപദേശിച്ചു. സംഭ്രമം ഹേതുവായി അവൾ ഒരു വലിയ കുടപോലും എടുത്തിരുന്നില്ല. മഴയിലും രാത്രിയിലും ഉള്ള സഞ്ചാരത്തിനു ഉപയുക്തമായ യാതൊരു സാധനവും അവൾ ശരിയായി

ക്കരുതിയിരുന്നില്ല. വസ്തുക്കളും പതിവുപോലെ ഉള്ളവ മാത്രമായിരുന്നു. അനുകൂലവൈദ്യൻ ദൂരെയായി എന്നു കണ്ടപ്പോൾ അവൾ ഒളിവിൽ നിന്നു പുറപ്പെട്ടു ചളിയിലും വെള്ളത്തിലും കൂടി പൊള്ളാച്ചിറോഡിലേക്കു നടന്നു. അവിടെ എത്തുന്നതിന്നു് അഞ്ചുമിനിററിലധികം വേണ്ടിയിരുന്നില്ല. നരഹരവൈദ്യൻ അവിടെ കാത്തുനിൽക്കുന്നുണ്ടല്ലൊ.

അയാൾ അവിടെ എത്തി അധികനേരം കാത്തുനിൽക്കുന്നതിന്നു മുമ്പു കാമവല്ലി ഭയംകൊണ്ടും പരിഭ്രമംകൊണ്ടും ഉണ്ടായ കിതപ്പോടുകൂടി അയാളുടെ പാർശ്വത്തിൽ എത്തി. മഴ അപ്പോൾ തകൎത്തുകൊണ്ടിരുന്നു. നരഹരവൈദ്യൻ വേഗം ചെന്നു തന്റെ പ്രേമസർവസ്വത്തെ ആശ്ലേഷിച്ചു. കാമവല്ലി അത്യന്തം ദുഃഖിതയായി കരഞ്ഞുകൊണ്ടിരുന്നതുകൊണ്ടു് അയാൾ അവളെ എടുത്തു വേഗം വണ്ടിയിൽ ആക്കി.

കാമ—പ്രിയാ, ഇപ്രകാരം ഒരിക്കൽകൂടി ചെയ്യാൻ ഞാൻ ശക്തയല്ലെ. അനുകൂലവൈദ്യൻ എന്നെ മിക്കവാറും തടഞ്ഞു കളഞ്ഞു.

അവർ പുറപ്പെട്ടു. കഴിയുന്നത്ര വേഗത്തിൽ നരഹരവൈദ്യൻ വണ്ടി വിട്ടു. കാമവല്ലിക്കു ക്രമേണ ആശ്വാസം ഉണ്ടായി. എങ്കിലും ഭാവിഫലത്തെപ്പററിയുള്ള ഭയം അവളുടെ മനസ്സിൽ നിന്നു വിട്ടുമാറിയില്ല. എന്നു മാത്രമല്ല ആരെങ്കിലും പിന്നാലെ എത്തുന്നുണ്ടൊ എന്നും അവൾ ഭയപ്പെട്ടു. യാദൃശ്ചികമായി ഉണ്ടായ ഓരോ ശബ്ദവും അവളെ അത്യന്തം ചലിപ്പിച്ചു.

എഴുത്തുകളൊന്നും വലിയ യജമാനസ്ഥാനമെന്നും മററും കേട്ടതു് എന്തായിരുന്നു എന്നു നരഹരവൈദ്യൻ

ചോദിച്ചതിന്ന് അവൾ ഉത്തരം പറഞ്ഞതുതന്നെ വളരെ പ്രയാസത്തോടുകൂടിയായിരുന്നു.

പാലപ്പള്ളി വലിയയജമാനൻ എന്റെ അച്ഛന്റെ മിത്രമാണ്. അദ്ദേഹം വീട്ടിൽ വരുമെന്നു ഞങ്ങൾ ആശിച്ചിരുന്നു. ഞാൻ പുറപ്പെട്ടതുവരെ വന്നില്ല. അദ്ദേഹത്തിന്റെ മേൽവിലാസത്തിൽ രണ്ടു് എഴുത്തുകൾ വന്നിരുന്നു. അതുകൊണ്ടു് അദ്ദേഹം ഞങ്ങളുടെ വീട്ടിൽ വരുമെന്നുള്ളതു നിശ്ചയംതന്നെ. അദ്ദേഹത്തിന്റെ ഉപയോഗത്തിലേക്ക് ഒരു മുറി ഇന്നു രാവിലെ അക്കൻ അന്വേഷിച്ചുകൊണ്ടിരുന്നപ്പോൾ എന്റെ മുറി ഉപയോഗപ്പെടുത്താമല്ലോ എന്നു് അക്കനോടു് പറയാൻ എനിക്കു ഉത്സാഹം തോന്നി. എങ്കിലും ഞാൻ അപ്പോൾ ഒന്നും പറഞ്ഞില്ല.

പാലപ്പള്ളി വലിയയജമാനനു ദീനമാണെന്നുള്ള കഥയും അതിന്റെ ശേഷവും കാമവല്ലി അറിഞ്ഞിട്ടില്ലെന്നു നരഹരവൈദ്യൻ അനുമാനിച്ചു. അവൾ ഈ വർത്തമാനം ഗ്രഹിക്കാനിടയാകാതിരുന്നതു വലിയ കാര്യം തന്നെ എന്നു അയാൾ സന്തോഷിച്ചു. അവളുടെ പുതിയ ഭാഗ്യാവസ്ഥയിൽ തന്റെ പിന്നാലെ ഒളിച്ചോടുന്നതിനു കാമവല്ലി തുനിയാതിരുന്നേക്കുമായിരുന്നു എന്നു വൈദ്യൻ ശങ്കിച്ചിരിക്കുമോ എന്തോ? അച്ഛനു വലിയയജമാനസ്ഥാനം ലഭിച്ചതോടുകൂടി അവളുടെയും സഹോദരികളുടെയും സകല കഷ്ടപ്പാടുകളും വേരററുപോകുമായിരുന്നല്ലോ. പിന്നീടു് ഈ അനീതി പ്രവർത്തിക്കാൻ അവൾ ഒരുമ്പെടുകയില്ലായിരുന്നിരിക്കാം. ഈ പ്രമേയം തെക്കേവഴി ഗ്രാമത്തിൽ ഏറിയനാളത്തേക്കു വാദപ്രതിവാദവിഷയമായിത്തീർന്നു എന്നുള്ളതിനു സംശയമില്ല.

അവർ അട്ടക്കടവു സ്റ്റേഷനിൽ നിന്നു ഒന്നരമൈൽ ഇപ്പുറത്തുവരെ എത്തി. വണ്ടി പക്ഷികണക്കേ പാക്കുക

യായിരുന്നു. അപ്പോൾ ഒരു തടസ്സം സംഭവിക്കാനാണിടയായി കുതിര പെട്ടെന്നു വീണുകളഞ്ഞു. പണ്ടും അതു ഇങ്ങനെ പ്രവർത്തിച്ചിട്ടുള്ളതാണല്ലൊ. വണ്ടി മറിഞ്ഞു് ഒരു ചക്രം ദൂരെ തെറിച്ചുപോയി. ആളപകടം നേരിടാതിരുന്നതു ഭാഗ്യമെന്നേ പറയേണ്ടു.

വൈദ്യനും പ്രിയതമയും എങ്ങിനെയോ പുറത്തിറങ്ങി. കുതിര കിടന്നു പിടച്ചുകൊണ്ടിരുന്നതുകണ്ടു വൈദ്യൻ അതിന്റെ വാറുകൾ വേഗത്തിൽ അറുത്തുവിട്ടു. സ്വാതന്ത്ര്യം കിട്ടിയതോടുകൂടി ആ മൃഗം അതിനു ബോധിച്ചവഴിയെ പാഞ്ഞുപോകുകയും ചെയ്തു.

കാര്യം വലിയ കുഴപ്പത്തിലായി എന്നു പറയേണ്ടതില്ലല്ലൊ. ഇങ്ങനെ തടസ്ഥങ്ങൾ നേരിടുന്നതു് അശുഭലക്ഷണങ്ങളാണെന്നു് ആദ്യത്തെ വണ്ടിയപകടദിവസം അയാളെ സഹായിക്കാൻ എത്തിയ സ്ത്രീ പറഞ്ഞിരുന്നതു ഇപ്പോൾ വൈദ്യൻ ഓർമ്മിക്കുന്നുണ്ടെങ്കിൽ കൊള്ളാമായിരുന്നു. ഓർമ്മിച്ചാലും ഇല്ലെങ്കിലും വൈദ്യൻ അങ്ങനെയൊന്നും എളുപ്പത്തിൽ ചലിക്കുന്ന മൂഢവിശ്വാസിയോ ഭീരുവോ ആയിരുന്നില്ല. ഒരിക്കൽ ചതിച്ചിരുന്ന ഈ ജന്തുവിനെ ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ വിശ്വസിച്ചുകൂടെന്നു തീരുമാനിക്കാതിരുന്നതു തന്റെ ബുദ്ധിഹീനത തന്നെയെന്നു് അയാൾ പശ്ചാത്താപപ്പെട്ടുകൊണ്ടു കുതിരയെ ശപിക്കുക മാത്രമേ ചെയ്തുള്ളു.

നരഹരവൈദ്യൻ നാലുപുറവും നോക്കി. മഴ അപ്പോൾ പെയ്യുന്നുണ്ടായിരുന്നില്ലെങ്കിലും കോളു വളരെ കൂടുതലായി കിടന്നിരുന്നതുകൊണ്ടു മഴ ഉടൻ ഉണ്ടാകാതിരിക്കയില്ലെന്നു് അയാൾക്കു തോന്നി. കാമവല്ലി കരയാൻപോലും ശക്തയാകാതെ കിടുകിടെ വിറച്ചുകൊണ്ടു് അവിടെ

നിന്നു. വണ്ടി പൊയ്പ്പോകുന്നതിനു മുമ്പു തീവണ്ടിസ്റ്റേഷനിൽ എത്തേണ്ടതു് അവക്കു് എത്രയുംആവശ്യമായിരുന്നു. താമസം ആപൽക്കരമാണെന്നു രണ്ടു പേരും ഒരുപോലെ ഭയപ്പെട്ടു. എന്നാൽ എങ്ങിനെയാണു് യാത്ര തുടരേണ്ടതെന്നു് അവർ ആലോചിച്ചതിൽ എളുപ്പമായ ഒരു മാർഗ്ഗവും ഉടനടി പ്രത്യക്ഷപ്പെട്ടില്ല. കേടു പററിയ വണ്ടി വഴിയിൽ ഇട്ടേക്കുന്നതു വിഹിതമായിരുന്നില്ലല്ലൊ. എങ്കിലും ഒരു വാഹനം ഇല്ലാതെ സ്റ്റേഷനിൽ എത്തുന്ന കാൎയ്യവും പ്രയാസമായിരുന്നു. ആ സ്ഥലം വൈദ്യനു തീരെ അപരിചിതവുമായിരുന്നു. വല്ല സഹായവും കിട്ടുമോ എന്നു എങ്ങിനെയാണു് അറിയുക? വൃക്ഷങ്ങളും വേലികളും അല്ലാതെ മനുഷ്യസംബന്ധമായ എന്തെങ്കിലും കാണുന്നുണ്ടോ എന്നു നാലു പുറവും സൂക്ഷിച്ചുനോക്കിയപ്പോൾ വഴിയുടെ ഒരു വശത്തായി ഇരുട്ടിൽ കൂടി അല്പമായ ഒരു പ്രകാശം വൈദ്യന്റെ ദൃഷ്ടിയിൽ പെട്ടു.

കാമ—പ്രിയാ, നമ്മുടെ അവസ്ഥ എങ്ങനെയെല്ലാം ആയിത്തീരുമോ? നാം എന്താണു ചെയ്യേണ്ടതു്? ഇറങ്ങി പുറപ്പെടേണ്ടിയില്ലായിരുന്നു എന്നു എനിക്കു് ഇപ്പോൾ തോന്നുന്നു.

വൈദ്യന്റെ മനസ്സിൽ ഇതിലധികം ഭീതിയുമാണുണ്ടായിട്ടുള്ളതു്. എങ്കിലും അതിനെ മറച്ചുകൊണ്ടു് അയാൾ പ്രിയതമയെ ആശ്വസിപ്പാൻ പരിശ്രമിച്ചു; എങ്കിലും രക്ഷയുണ്ടാക്കാമെന്നു സമാധാനം പറഞ്ഞുകൊണ്ടു അയാൾ വെളിച്ചം കണ്ട സ്ഥലത്തേക്കു പുറപ്പെട്ടു. അതു് ഒരു ചെറിയ വീട്ടിൽ കത്തിക്കൊണ്ടിരുന്ന മണ്ണെണ്ണ വിളക്കാണെന്നു തോന്നുകയാൽ അയാൾ ആ വീട്ടുകാരെ വിളിച്ചു. ആരും വിളി കേട്ടില്ല. അയാൾ അടുത്തു ചെന്നു കതകിനു തട്ടി. കതകു താനെ തുറന്നു. ആരും അകത്തുണ്ടായിരു

ന്നില്ല. നരഹരവൈദ്യൻ പിന്നെയും വിളിച്ചു. ഒരു കിഴവൻ ആ വീട്ടിൻെറ പിൻഭാഗത്തുനിന്ന് അവിടേക്കു വന്നു. അയാൾ ഒരു ചെകിടനും ദുർമ്മുഖനും ആയിരുന്നു. കിഴവി അയൽ ഗ്രാമത്തിൽ പോയിരുന്നിട്ട് ഇതേവരെ തിരിച്ചെത്തിയില്ലെന്നും അവൾ ഇരുട്ടിൽ വീടറിയാതെ വഴിതെററിപ്പോകാതിരിക്കാൻ വേണ്ടി വിളക്കു കൊളുത്തി വെച്ചിരിക്കയാണെന്നും ഒക്കെ കിഴവൻ പറഞ്ഞു കേൾപ്പിച്ചു. നരഹരവൈദ്യൻ അയാളുടെ ആപത്തിനെപ്പററി കിഴവനോടു പറയുകയും സമീപത്തെങ്ങാനും ഒരു വണ്ടി കിട്ടുമോ എന്നു ചോദിക്കയും ചെയ്തു.

കിഴ—ഇവിടെ സമീപത്തെങ്ങും വണ്ടിയില്ല. അട്ടക്കടവിൽ, കിട്ടുമായിരിക്കാം.

നര—അതിനു ഇപ്പുറത്തെങ്ങും കിട്ടുകയില്ലേ? ഇവിടങ്ങളിൽ വീടുകൾ വേറെയും ഉണ്ടോ?

കിഴ—വലിയ വീടുകൾ ഒന്നുമില്ല. ഉള്ളവ വളരെ അകലെയുമാണ്. പാവങ്ങൾ മാത്രമേ ഈ സ്ഥലത്തുള്ളു.

"ആരാണതു്? എന്തു വേണം? എന്നു ചോദിച്ചുകൊണ്ടു രണ്ടാളുകൾ അവിടേക്കു വന്നു. ഇവർ കൂലിവേലക്കാരാണ്. പകലത്തെ ജോലി കഴിഞ്ഞു തങ്ങളുടെ പാർപ്പിടങ്ങളിലേക്കു പോകുകയായിരുന്നപ്പോൾ വൈദ്യൻെറയും കിഴവൻെറയും സംസാരം കേട്ടിട്ടു കാര്യം എന്തെന്നറിയാനായി വരികയായിരുന്നു. നരഹരവൈദ്യൻ ഇവരെ ആത്തരക്ഷകന്മാരായ ദൈവദൂതന്മാരെന്നു തന്നെ എണ്ണി.

ഇവരും വൈദ്യനും കൂടി വണ്ടി വലിച്ചിഴച്ചു കിഴവൻെറ പുരയിടത്തിലാക്കി. സമീപത്തെങ്ങും വണ്ടി കിട്ടുകയില്ലെന്നു ഇവരും പറഞ്ഞു.

നര.—നിങ്ങൾ വന്നു ചേൎന്നതു് ഞങ്ങളുടെ പുണ്യം തന്നെ. നിങ്ങളിൽ ഒരാൾ പോയി അട്ടക്കടെവിൽനിന്നു് ഒരു വണ്ടി കൊണ്ടുവന്നാൽ വലിയ ഉപകാരം.

കാമ.—പ്രിയാ, അതു വേണ്ട. നമുക്കു നടന്നു പോകാം. കുതിര ഇനിയും വിരണ്ടേക്കും. എന്നു മാത്രമല്ല തീവണ്ടി പൊയ്പ്പോവുകയും ചെയ്യേക്കും.

നര.—പ്രിയേ, ഭവതിക്കു നടക്കാമെന്നു് എനിക്കു തോന്നുന്നില്ല. മഴയും ചെളിയും എല്ലാം ഉപദ്രവങ്ങളാണു്. വണ്ടി വന്നെത്തുന്നതുവരെ ഭവതി ഈ കിഴവന്റെ തിണ്ണയിൽ ഇരിക്കുക.

കാമവല്ലി ഉടൻതന്നെ യാത്രയാകാൻ നിർബന്ധം കൂട്ടി. ആളുകൾ എത്തി തടയുമെന്നുള്ള ഭയം അവൾക്കു നല്ലവണ്ണം ഉണ്ടായിരുന്നു. ഈ ഭ്രാന്തു കാണിച്ചുപോയ സ്ഥിതിക്കു് ഇനി അതു മുഴുവനാക്കുകതന്നെ വേണമെന്നായിരുന്നു അവളുടെ പ്രാശി. കണ്ടുപിടിക്കപ്പെട്ടു എന്നു വരുന്നതു് അത്രമാത്രം ആക്ഷേപകരമാണെന്നു് അവൾക്കു തോന്നി.

അവർ പുറപ്പെട്ടു. കൂലിവേലക്കാരിൽ ഒരുവൻ ഇവരുടെ സഞ്ചികളും റാന്തലും എടുത്തുകൊണ്ടു വഴി കാണിച്ചു കൊടുക്കാനായി ഇവരോടുകൂടി പോയി. മറേറ വേലക്കാരൻ വിരണ്ടോടിപ്പോയിട്ടുള്ള കുതിരയെ തിരക്കിയും പുറപ്പെട്ടു. റെയിൽവേസ്റ്റേഷനിൽ അടുക്കാറായപ്പോൾ കുഴൽ വിളി കേട്ടു കാമവല്ലി മുമ്പോട്ടേക്കു് ഓടി.

കാമ.—പ്രിയാ, ഓടുക. നാം താമസിച്ചുപോയേക്കും. വണ്ടി അതാ വരുന്നു.

അവർ ബദ്ധപ്പെട്ടു പ്ളാററുഫോറത്തിൽ എത്തി. കാമവല്ലി ഒരു മുറിയിൽ കയറിഇരുന്നു. വൈദ്യൻ ടിക്കററു വാങ്ങിക്കാനുംപോയി. ടിക്കററുമുറി അടച്ചിരിക്കുക

യായിരുന്നു. വൈദ്യൻ അക്ഷമനായി ജനലിൽ ഉറക്കെ തട്ടി. ആരും കതകു തുറന്നില്ല. വൈദ്യൻ വിളിച്ചു. അവിടെ ആരെയും അയാൾ കണ്ടില്ല. വേലക്കാരൻ സ ഞ്ചികൾ കയ്യിൽ വെച്ചുകൊണ്ടു പുറകിൽത്തന്നെ നിൽക്കു ന്നുണ്ടായിരുന്നു. കാമവല്ലി പോകാനുള്ള ബദ്ധപ്പാടുനിമി ത്തം ഇരിപ്പുറയ്ക്കാതെ എഴുന്നേററു പ്ളാററുഫാറത്തിലേക്കു വന്നു. അപ്പോൾ വണ്ടി വന്നുചേർന്നു. അതു പ്ളാററു ഫാറത്തിനടുക്കൽ നിൽക്കാതെ വേഗത്തിൽ കടന്നുപോകു കയാണു് ചെയ്തതു്. ഒന്നാം ക്ളാസുവണ്ടിയിൽ പ്രകാശ ത്തോടുകൂടി ജ്വലിച്ചുകൊണ്ടിരുന്ന ദീപത്തിൻെറ മുമ്പിലാ യി മദനദേവൻ ഇൻസ്പെക്ടർ ഇരുന്നിരുന്നതു കണ്ടു കാമ വല്ലി ഒരു ചെറിയ നിലവിളിയോടുകൂടി മതിലിലേക്കു ചാരിവീണു.

ഇൻസ്പെക്ടർ എന്തിനായി പുറപ്പെട്ടിരിക്കുകയാണെ ന്നു നമുക്കു് അറിയാമല്ലൊ. എന്നാൽ കാമവല്ലി തീർച്ച പ്പെടുത്തിയതു് അദ്ദേഹം അവളെ തിരക്കിത്തന്നെ പുറപ്പെ ട്ടു എന്നായിരുന്നു. ഇൻസ്പെക്ടർ മകളെ കണ്ടില്ല. അതു് അദ്ദേഹത്തിൻെറ മനഃസുഖത്തിനു നല്ലതുതന്നെ. കാമവല്ലി വണ്ടിയിലേക്കു നോക്കി സംഭ്രമിച്ചുകൊണ്ടു് അവിടെ നിന്നു.

ടിക്കററിനു അവശ്യപ്പെട്ടു വിളിച്ചതിൽ ആരെയും കാണായ്കയാൽ ആഫീസുകാരുടെ ഉദാസീനതയെപ്പററി കോപിച്ചുകൊണ്ടു നരഹരവൈദ്യൻ പ്ളാററുഫോറത്തിൽ എത്തി. കടന്നു പോന്ന വണ്ടിക്കൂട്ടത്തെ അയാളും സൂക്ഷിച്ചു നോക്കി. അവയെന്തുകൊണ്ടു് അവിടെ നിന്നില്ലെന്നു് അയാൾ ക്കും മനസ്സിലായില്ല. അപ്പോൾ ഒരു വലിയ റാന്തലും പിടിച്ചു കൊണ്ടു് ഒരു ഉടുപ്പുകാരൻ അവിടെ എത്തി. ഈ മനു

ഷ്യൻ റയിൽവെ ഉദ്യോഗസ്ഥനാണെന്നു വിചാരിച്ചു കൊണ്ടു് വൈദ്യൻ അയാളുടെ നേരെ എതിരിത്തു.

വൈ—ഇതു് എന്തു ക്രുത്താണു്? മഹാ അക്രമമല്ലെ? യാത്രക്കാർ കാത്തുനിൽക്കുന്നു. വണ്ടി വരാറായി. ടിക്കറു കൊടുക്കാൻ മനുഷ്യനില്ല. ഇതേപ്പററി കേൾവിയുണ്ടാകുമൊ എന്നു അന്വേഷിക്കുന്നുണ്ടു്; പത്രങ്ങളിൽ എഴുതാതെ വിടുകയില്ല.

അപ്പോൾപ്പോയ വണ്ടി അ സ്റ്റേഷനിൽ നിൽക്കുന്നതല്ലെന്നു് ഉദ്യോഗസ്ഥൻ ശാന്തമായി മറുപടി പറഞ്ഞു. അതിൽ കയറുന്നതിനു ടിക്കറു കൊടുക്കാറില്ലെന്നു കേട്ടു വൈദ്യൻ അല്പം അശാന്തനായി.

വൈ—ഇതു് ഇവിടെ നിൽക്കാറില്ലെ? പിന്നെ ഏകദേശം ഈ സമയത്തു ഇവിടെ ഒരു വണ്ടി നിൽക്കാറുണ്ടല്ലൊ. അതു് ഏതാണു്?

ഉ—അതു് ഇരുപതു മിനിററിനു മുമ്പു പൊയ്ക്കഴിഞ്ഞു.

വൈ—ഇനി ഇവിടെനിന്നു് എപ്പോൾ വണ്ടിവിടും?

ഉ—അർദ്ധരാത്രിയിൽ ഒരു വണ്ടിയുണ്ടു്. അതിനു പത്തു മിനിററുള്ളപ്പോൾ ടിക്കറു വാങ്ങിക്കൊള്ളണം.

വൈദ്യനും പ്രിയതമയും ഒരു സ്ഥലത്തു പോയി ഇരുന്നശേഷം കൂലിക്കാരനെ യാത്രയാക്കി. കാമവല്ലി ഭയം കൊണ്ടും ക്ഷീണംകൊണ്ടും തണുപ്പുകൊണ്ടും കിടുകിടുക്കുന്നുണ്ടായിരുന്നു.

നര—പ്രിയെ, ഞാൻ വളരെ വ്യസനിക്കുന്നു. എന്തു ചെയ്യാം? നമുക്കു് ഇങ്ങനെ ഒരു തടസ്ഥം നേരിടുമെന്നു് ആരും വിചാരിച്ചിരുന്നില്ലല്ലൊ. ഇവിടെ തനിച്ചിരിക്കാമെങ്കിൽ ഞാൻ പോയി വല്ല ഭക്ഷണസാധനങ്ങളും വാങ്ങിക്കൊണ്ടുവരാം. ഭവതിക്കു വിശപ്പു നന്നെയുണ്ടല്ലൊ.

കാമ—വിശപ്പു സാരമില്ല. അതുകൊണ്ടല്ല കുഴപ്പമുള്ളതു്. ഭക്ഷണസാധനം കൈവശം ഉണ്ടെങ്കിൽ

തന്നേയും ഞാൻ ഇപ്പോൾ തൊട്ടുകയില്ല. അങ്ങ് അദ്ദേഹത്തെ കണ്ടോ?

നര—ആരെ?

കാമ—അച്ഛനെ.

വൈദ്യൻ വിസ്മിതനായിത്തീൎന്നു.

കാമ—ഇപ്പോൾ പോയ വണ്ടിയിൽ അദ്ദേഹം ഒരു ഒന്നാംക്ലാസ്സു വണ്ടിയിൽ ഇരിക്കുന്നുണ്ടായിരുന്നു.

കാമവല്ലി പിച്ചു പറയുകയാണെന്നു വൈദ്യൻ വിചാരിച്ചുള്ളു.

കാമ—പ്രിയാ, അദ്ദേഹം അതിൽ ഉണ്ടായിരുന്നു. ഞാൻ കണ്ടതാണ്. വേറൊരാളുമായി സംസാരിച്ചുകൊണ്ടിരിക്കുകയുമായിരുന്നു. വെളിച്ചത്തിന്റെ മുമ്പിലാണ് അദ്ദേഹം ഇരുന്നിരുന്നതു്. എന്റെ അച്ഛനെ കണ്ടാൽ എനിക്കറിഞ്ഞുകൂടെ.

കാര്യം അബദ്ധമായല്ലോ എന്നു് അയാൾ വിഷമിച്ചു. ഇൻസ്പെക്ടർ മകളെ അന്വേഷിച്ചു പുറപ്പെട്ടിരിക്കുകയാണെന്നുതന്നെ അയാളും തീർച്ചയാക്കി. അയാൾ ഉടൻ തന്നെ ഇറങ്ങി ഒരു വേലക്കാരനെ കണ്ടുപിടിച്ചു് അപ്പോൾ പോയ വണ്ടിയുടെ ഗതിയേയും മറ്റും ചോദിച്ചറിഞ്ഞു. ആ വണ്ടി പോകുന്നതു് വൈദ്യനും പ്രിയതമയും പോകുന്ന പാതയിൽ കൂടിയല്ലെന്നു കേട്ടപ്പോൾ അയാൾക്കു വലിയ സമാധാനം ഉണ്ടായി. അയാൾ കാമവല്ലിയുടെ അടുക്കലേക്കു മടങ്ങിവന്നു.

വൈ—പ്രിയെ, മുമ്പത്തെ വണ്ടിപോയ വഴിയേയല്ല നാം പോകാൻ ഭാവിക്കുന്നതു്. അതുകൊണ്ടു ഭയപ്പെടാതിരിക്കുക. എന്നുതന്നെയുമല്ല അദ്ദേഹം അത്രവേഗത്തിൽ നമ്മെത്തിരക്കി പുറപ്പെട്ടിരിക്കുമെന്നും ഞാൻ വിചാരിക്കു

ന്നില്ല. ഭവതിക്കു തെററിപ്പോയതാണെന്നു എനിക്കു പിന്നെയും തോന്നുന്നു.

കാമ — അങ്ങു് ഇങ്ങനെ പറയരുതു്, എന്റെ കണ്ണു് എന്റെ അച്ഛനെ തെററിദ്ധരിക്കമൊ? ഞാൻ അച്ഛനെ കണ്ടു എന്നുള്ളതിനു യാതൊരു സംശയവു മില്ല.

അവർ അത്യന്തം ദുഃഖത്തോടുകൂടി അർദ്ധരാത്രി വണ്ടി കാത്തു് അവിടെ ഇരുന്നു. ദുഷ്കൃത്യഫലം ഉടനടി തന്നെ അനുഭവപ്പെട്ടുതുടങ്ങിയതല്ലെ അത്ഭുതം.

# ഇരുപത്തിരണ്ടാം അദ്ധ്യായം

വിശാലാക്ഷിയുടെ സ്ഥിതി അത്യന്തം ദയനീയമായി തീർന്നു. ഇനി താൻ എന്താണു് പ്രവർത്തിക്കേണ്ടതെന്നുള്ള പരിഭ്രമവും സഹോദരി കൈവിട്ടു പൊയ്ക്കളഞ്ഞല്ലൊ എന്നുള്ള വിഷാദഭീതിയും അവളെ അത്യധികം കുഴക്കി. സഹോദരിയുടെ ദുഷ്കൃത്യത്തെ തടയുന്നതിനു അവൾക്കു ശക്തിയുണ്ടായില്ലല്ലൊ. മറ്റാളുകളും ഇതിനു ശക്തിഹീനരായിത്തന്നെ ഇരുന്നിരുന്നു. രാത്രിയിൽ പതിനൊന്നുമണി കഴിഞ്ഞാൽ പിന്നെ കേട്ട വർത്തമാനത്തെ അടിസ്ഥാനപ്പെടുത്തി താൻ എന്താണു് പ്രവർത്തിക്കുക. കാമവല്ലിയും നരഹരവൈദ്യനും എത്രയൊ മണിക്കൂറു മുമ്പുതന്നെ ഒളിച്ചുപോയിരിക്കും.

ഇല്ല, തടയുന്നതിനു യാതൊരു മാർഗ്ഗവുമില്ല. ആലോചന ദുഷ്കരമാണെന്നു തള്ളപ്പെട്ടു എന്നു തന്നെയുമല്ല എങ്ങോട്ടെന്നു വിചാരിച്ചാണു് പിന്നാലെ പുറപ്പെടുക. ഇന്ന സ്ഥലത്തേക്കു പോയിരിക്കുമെന്നുള്ളതിനെപ്പറ്റി യാതൊരു തുമ്പും ഉണ്ടായിരുന്നില്ലല്ലൊ. കഴിയുന്നത്ര മനസ്താപപ്പെടുത്താതെ ഈ വസ്തുത അച്ഛനെ ഗ്രഹിപ്പിക്ക

ന്നതെങ്ങിനെയെന്നായിരുന്നു വിശാലാക്ഷി സർവ്വോപരി യായി ചിന്തിച്ചതു്.

കുതിരയെ തിരിക്കിപ്പിടിക്കാനായി നരഹരവൈദ്യൻ ചുമതലപ്പെടുത്തിയിരുന്ന കൂലിവേലക്കാരൻ നേരം വെളി ച്ചമായതിനോടുകൂടി വൈദ്യൻെറ താമസസ്ഥലത്തെത്തി. അയാൾ കുതിരയെ തിരക്കിപ്പിടിച്ചുകൊണ്ടു വന്നിട്ടുണ്ടായി രുന്നു. നരഹരവൈദ്യൻെറ സ്വന്ത വേലക്കാർ തങ്ങ ളുടെ യജമാനൻെറ കുതിരയുടെ വരവു കണ്ടു പരി ഭ്രമിച്ചു. തലേ ദിവസം രാത്രിയിൽ നടന്ന കഥയിൽ താൻ അറിഞ്ഞിരുന്നെടത്തോളം ഭാഗം കൂലിവേലക്കാരൻ വിവ രിച്ചു. വണ്ടി ഇന്ന സ്ഥലത്തു കിടക്കുന്നുണ്ടെന്നും അയാൾ അവരെ ഗ്രഹിപ്പിച്ചു. ഈ മുഖേനയൊ എന്തൊ ഗ്രാമവാ സികൾ മിക്കവരും നരഹരവൈദ്യൻെറയും കാമവല്ലി യുടെയും രഹസ്യയാത്രയെപ്പററി നേരം വെളിച്ചമായപ്പോ ഴേക്കു് അറിഞ്ഞുകഴിഞ്ഞു. വിശാലാക്ഷിയോടു ഈ കഥ നേരിട്ടു പറഞ്ഞതു് അനുകൂലവൈദ്യൻ ആയിരുന്നു.

അയാൾ എട്ടുമണിക്കു് അവിടെയെത്തി. അന്നു ദൂരെ ഒരു സ്ഥലത്തു പോകേണ്ടിയിരുന്നതിനാൽ അവിടേക്കു പുറ പ്പെടുന്നതിനു മുമ്പായി ശ്രീമതിയുടെ സ്ഥിതി എങ്ങിനെ യിരിക്കുന്നു എന്നു് അറിയാനായിട്ടാണു് അയാൾ വന്നതു്. രാവിലെ ചെല്ലാമെന്നു തലേദിവസം അയാൾ പറഞ്ഞിട്ടുമു ണ്ടായിരുന്നു. വൈദ്യൻ ചെന്നപ്പോൾ ശ്രീമതി എഴുനേ ററിരുന്നുമില്ല. വിശാലാക്ഷിയുടെ വിഷാദമഗ്നമായ മുഖ ഭാവം കണ്ടു വൈദ്യൻ വാസ്തവമായ സഹതാപം പ്രദർ ശിപ്പിച്ചു.

അനു—ഈ ഭാഗ്യഹീനമായ സംഭവം ഭവതിയുടെ ശരീരസുഖത്തെ ബാധിക്കാതിരിക്കാൻ ഭവതി ശ്രമിക്കേ

ണ്ടതു് ഏററവും ആവശ്യമാണു്. ഭവതിയെ കണ്ടിട്ടു തീരെ സുഖമില്ലെന്നു് എനിക്കു തോന്നുന്നു.

വിശാലാക്ഷി നടുങ്ങി. ആഹാ, ഇത്ര വേഗത്തിൽ എല്ലാവരും അറിഞ്ഞുകഴിഞ്ഞോ? എന്നാൽ അനുകൂലവൈദ്യന്റെ ആർദ്രമായ മുഖഭാവവും വ്യസനസൂചകമായ സ്വരവും അവളിൽ വളര വിശ്വാസത്തെ ജനിപ്പിച്ചു. ഏററവും അടുത്ത ഒരു പഴയ ബന്ധുവിനുപോലും ഇത്രത്തോളം പരമാർത്ഥമായ സഹതാപം ഉണ്ടായിരിക്കയില്ലെന്നു വൈദ്യന്റെ ഭാവനകൾ അവളെ പൂർണ്ണമായി ബോധിപ്പിച്ചു.

വി—ഇതു് അറിഞ്ഞുകഴിഞ്ഞോ?

അനു—അറിഞ്ഞുകഴിഞ്ഞു. ദിക്കുമുഴുവൻ ഈ പ്രസംഗമല്ലെ നടക്കുന്നതു്?

വിശാലാക്ഷി കൈകൾ രണ്ടും തലയിൽ വച്ചതല്ലാതെ സംഭ്രമം ഒന്നും കാണിച്ചില്ല.

വി—ഇതു സത്യം തന്നെയായിരിക്കാം. എങ്കിലും അങ്ങനെയല്ലാതെ തീരുന്നതിനു ഞാൻ ആഗ്രഹിക്കുന്നുണ്ടു്. അതു വെറുതെയുള്ള മോഹം ആണെന്നും ഞാൻ വിചാരിക്കാതിരിക്കുന്നില്ല. എങ്കിലും ആശയില്ലാതില്ല. സംഗതി ഇങ്ങനെയല്ല നടന്നിട്ടുള്ളതെന്നു വന്നുകൂടിയാൽ ആഹാ! എനിക്കു് എത്രമാത്രം ആശ്വാസം ഉണ്ടാകുന്നതാണു്. ഈ വർത്തമാനവും ഇടിത്തീയും എനിക്കു് ഒന്നുപോലെയാണു്. അവളെ ഈ വിധത്തിലല്ല അച്ഛനും ഞാനും വളർത്തിയതു്. എന്റെ സഹോദരി കാററും മഴയും ഭയപ്പെട്ടു രാത്രിയിൽ ഒരു വീട്ടിൽ അഭയം പ്രാപിച്ചിരുന്നു എന്നും അടുത്തദിവസം രാവിലെ വീട്ടിൽ മടങ്ങിയെത്തിയെന്നും കേൾക്കുന്നതു് എനിക്കു വാസ്തവമായ കർണ്ണാമൃതം ആയിരിക്കും.

അനു—അതെ, അതിനു സംശയമില്ല. കുഞ്ഞമ്മ മററു വിധം പ്രവർത്തിച്ചിട്ടുണ്ടെങ്കിൽ അതു വലിയ അപരാധം തന്നെയാണ്.

വി—ഇതെങ്ങിനെയാണ് പുറത്തറിഞ്ഞതു്?

അനു—എനിക്കു നിശ്ചയമില്ല. നരഹരവൈദ്യൻെറ കുതിരയെ ഇന്നു രാവിലെ തിരിയെ കൊണ്ടുവന്നതായി പറയുന്നതു കേട്ടു.

വി—അയാളുടെ കുതിരയോ?

അനു—അവർ അട്ടക്കടവു സ്റ്റേഷനിൽ ചെന്നാണ് വണ്ടി കയറിയതെന്നു തോന്നുന്നു. ഞാൻ ഇന്നലെ ഇവിടെ നിന്നു പോയ വഴിക്ക് അയാളെ കണ്ടു. അപ്പോൾ അസ്ഥലത്തും ഏതു രോഗിയെ കാണാനാണു പോകുന്നതെന്ന് എനിക്ക് ആശ്ചര്യം തോന്നി. ഈ സാഹസമൊന്നും ഞാൻ ഊഹിച്ചിരുന്നില്ലല്ലൊ. കുഞ്ഞമ്മയേയും ഞാൻ കാണാതിരുന്നില്ല. ഇവിട്ടത്തെ, പടിക്കൽവച്ചാണു കണ്ടതു്. മഴയത്തു നിൽക്കേണ്ടെന്നു പറഞ്ഞുംവച്ചു ഞാൻ വീട്ടിലേക്കു പോയി. വണ്ടിക്കും കുതിരയ്ക്കും എന്തോ അപകടം പിണഞ്ഞതായി ഒരു കേൾവിയുണ്ടു്. വൈദ്യനും കുഞ്ഞമ്മയും പിന്നീടു നടന്നുപോകയായിരുന്നു എന്നാണുകേട്ടതു്. ആളുകൾ ഇങ്ങനെയെല്ലാം പറയുന്നുഎന്നല്ലാതെ വാസ്തവം നമുക്ക് അറിഞ്ഞുകൂടല്ലോ.

വി—കഷ്ടം! അവളെ തിരികെ വിളിക്കാൻ ഒരു മാർഗ്ഗവുമില്ല.

അനു—ഒരു വഴിയും കാണുന്നില്ല. ഇപ്പോൾ എവിടെയോ എന്തോ എങ്ങനെ അറിയാം.

വി—ഇരിക്കട്ടെ, ഈ കാര്യം അച്ഛനെ അറിയിക്കുന്നതെങ്ങനെയെന്നു പറഞ്ഞുതരിക.

അനു—അദ്ദേഹം അതിരില്ലാതെ ദുഃഖിക്കുമെന്നുള്ളതു തീർച്ചയാണ്. എന്റെ മൂത്ത കുട്ടിക്ക് ഇപ്പോൾ എട്ടു വയസ്സു പ്രായമേ ഉള്ളു. എങ്കിലും ഇങ്ങനെയുള്ള സംഭവങ്ങൾ ഒരു പിതാവിനെ എത്രമാത്രം ക്ലേശിപ്പിക്കും എന്ന് എനിക്കു നല്ലവണ്ണം അറിയാം. എനിക്ക് ഒന്നു തോന്നുന്നു.

വി—എന്താണത്?

അനു—ഈ സന്ദർഭത്തിൽ ഭവതിയോട് അക്കാര്യം പറയുന്നതിനു് എനിക്കു മടിയുണ്ട്. "വല്ലാത്ത ബാലപ്രഭവത്തിനെക്കാൾ ഇല്ലാത്ത ബാലപ്രഭവം സുഖംപോൽ" എന്നു നാം കേട്ടിട്ടുള്ളതു യഥാർത്ഥം തന്നെയാണ്. ഒരു പുത്രിയുടെ മരണം തത്വജ്ഞാനംകൊണ്ടെങ്കിലും സഹിക്കാം. അവൾ ഇപ്രകാരം ദുര്യശസ്സിനും ദുഃഖത്തിനും കാരണമാകുന്നതു് ഒരുപ്രകാരവും സഹിക്കത്തക്കതല്ല. നരഹരവൈദ്യനു കുഞ്ഞമ്മയുമായി വിശേഷവിധിയായ പരിചയം വല്ലതും ഉണ്ടായിരുന്നോ? അവർ തമ്മിൽ രഹസ്യമായി സംഭാഷണം നടത്തുന്നതിനു് ഇവിടെ സൗകര്യമുണ്ടായിരുന്നിരിക്കുമോ?

വി—അവൾക്ക് അങ്ങനെ ചില ശ്രമങ്ങളെല്ലാം ഉണ്ടായിരുന്നു. എന്നാൽ എന്റെ അച്ഛൻ കഠിനമായി ആ കാര്യം വിലക്കാതിരുന്നിട്ടില്ല. ഇതു ഹേതുവായിട്ടാണല്ലോ അയാളുടെ ചികിത്സ ഇവിടെ വേണ്ടെന്നു വച്ചതു്. കാമവല്ലിക്കല്ലാതെ മററാർക്കും ഇവിടെ അയാളെ രസിച്ചിരുന്നുമില്ല.

വിശാലാക്ഷിയെ ഈ അവസരത്തിൽ ആശ്വസിപ്പിക്കാൻ ശ്രമിക്കുന്നതു നിഷ്ഫലമാകുകയേ ഉള്ളു എന്ന് അനുകൂലവൈദ്യനു തോന്നി. ഇതു സമാധാനവാക്കുകൾകൊണ്ടും മററും ശരിപ്പെടുന്ന കാര്യമായിരുന്നില്ലല്ലോ. ആകയാൽ അനുകൂലവൈദ്യൻ ആ വിഷയം വിട്ടുംവച്ചു

ശ്രീമതിയെ കാണാൻ അവശ്യപ്പെട്ടു. വിശാലാക്ഷി അയാളോടുകൂടി കുട്ടിയുടെ മുറിയിലേക്കു ചെന്നു. ശ്രീമതിയുടെ കൈക്കു യാതൊരു അപകടവും ഉണ്ടായിരുന്നില്ല. അവളെ മുറിയിൽ അടയ്ക്കേണ്ട ആവശ്യം ഇല്ലെന്നു വൈദ്യൻ ഉറപ്പായി പറഞ്ഞു.

അനു—ഞാൻ പോകട്ടെ. എന്നെക്കൊണ്ടു വല്ല ആവശ്യവും സാധിക്കാനുണ്ടെങ്കിൽ ഞാൻ അതിന്നു സന്നദ്ധനാണ്.

വി—വളരെ വന്ദനം. അങ്ങു വളരെ ദയയുള്ള ആൾ തന്നെയാണ്. പുന്നാപുരത്തേക്കു പോകേണ്ടതിന്നു് ഏററവും നല്ല വഴി ഏതാണ്?

അനു—അങ്ങോട്ടേക്കു പോകുന്നുണ്ടോ?.

വി—പോയാൽ കൊള്ളാമെന്നുണ്ട്, പോകണം. അച്ഛൻ ഇന്നലെ പാലപ്പള്ളിലേക്കു പോയിരിക്കുകയാണ്. അങ്ങു പറഞ്ഞതു വാസ്തവമായിരുന്നു. വലിയ യജമാനൻ മരിച്ചുപോയി എന്നായിരുന്നു എഴുത്ത്.

അനു—എനിക്കറിയാം. അദ്ദേഹത്തിന്റെ ദീനം അത്രമാത്രം അപകടസ്ഥിതിയിലായിരുന്നു.

വി—അച്ഛൻ ഉടനെ പോയി. അദ്ദേഹം ഇവിടെ ഈ സന്ദർഭത്തിൽ ഇല്ലാതിരിക്കുന്നതാണ് കുറേക്കൂടി വിഷമം. അതുകൊണ്ടു ഞാൻ അങ്ങോട്ടേക്കു പോകാം. അന്യന്മാർ പറഞ്ഞറിയുന്നതിന്നു മുമ്പു ഞാൻതന്നെ ഈ കാര്യം അച്ഛനോടു പറയുന്നതാണ് അധികം നല്ലത്. ഞാൻ സമാധാനപ്പെടുത്തുന്നിടത്തോളം മററാരും ചെയ്കയില്ലല്ലോ.

ആഹാ, വിശാലാക്ഷീ, നിന്റെ പിതൃഭക്തി അനുകരണീയം തന്നെ. അച്ഛനെ താൻ സ്നേഹിക്കുന്നിടത്തോളം വേറെ ആരും സ്നേഹിക്കയില്ലെന്നായിരുന്നു ഈ

യുവതിയുടെ ഉത്തമ വിശ്വാസം. ഭാവി ഇവളെ എന്തെല്ലാം അനുഭവപ്പെടുത്താൻ പോകുന്നു? ആ ആലോചന സ്വപ്നത്തിൽപ്പോലും അവൾക്കുണ്ടായിട്ടില്ല.

അച്ഛന്റെ ആധിശമിപ്പിക്കുന്നതിനു തന്നത്താൻ കഴിയുംവണ്ണം ശ്രമിക്കുന്നതിലേക്കായി പുന്നപുരത്തേക്കു പോകാൻ അവൾ തീർച്ചയാക്കി.

ചിരുതയേയും ശ്രീമതിയേയും വീട്ടിൽ താമസിപ്പിച്ചുംവച്ചു ചിന്നപ്പനും വിശാലാക്ഷിയും ഒരുമിച്ചു വണ്ടി കയറി. അന്നുതന്നെ മടങ്ങി എത്താനെന്നായിരുന്നു അവളുടെ കരുതൽ. അച്ഛനെ ആശ്വസിപ്പിക്കുന്ന വിഷയത്തിൽ തന്നെക്കൊണ്ടു വല്ല പ്രയോജനവും ഉണ്ടാകുമെങ്കിൽ വഴിയാത്രയുടെ ക്ഷീണവും മററും അവൾ ഒട്ടും തന്നെ വകവയ്ക്കുമായിരുന്നില്ല. ജട്കായിലുള്ള യാത്രയും അതോടുകൂടി മുപ്പതു മൈൽ തീവണ്ടിയാത്രയും ഉണ്ടായിരുന്നു.

ജട്കാവണ്ടിയുടെ കുടുക്കം അവൾ അറിഞ്ഞോ എന്നുള്ളതു തന്നെ സംശയമായിരുന്നു.

അവൾ പുന്നപുരത്തു് എത്തി പിന്നീടു് എന്താണു വേണ്ടതെന്നു് ആലോചിച്ചു. നേരെ പാലപ്പള്ളിലേക്കു പോകാൻ അവൾക്കിഷ്ടമില്ലായിരുന്നു. പുതിയ സ്വത്തുക്കൾ കൈവശപ്പെടുത്തുന്നതിനുള്ള ദുരാഗ്രഹം വളരെ കൂടുതൽതന്നെ എന്നും, അതുകൊണ്ടാണു് ഇത്ര വേഗത്തിൽ പുറപ്പെട്ടു ചെന്നിട്ടുള്ളതെന്നും ആളുകൾ അപവാദം പറയുമല്ലോ എന്നായിരുന്നു അവളുടെ ശങ്ക. അത്രമാത്രവുമല്ല, അവിടെ ഉണ്ടായിരിക്കാവുന്ന പഴയ വലിയ കുഞ്ഞമ്മയോടു തന്റെ അനുജത്തിയെപ്പററിയുള്ള അപമാനകരമായ കഥ പറയുന്നതിനു് അവൾക്കു് ഇഷ്ടമുണ്ടായിരുന്നുമില്ല.

ഏതായാലും ഒരു ഭക്ഷണശാലയിൽ ചെന്നിരുന്നു കൊണ്ടു് ചിന്നപ്പനെ അച്ചന്റെ അടുക്കലേക്കയച്ചു താൻ വന്നിട്ടുള്ള വിവരം ഗ്രഹിപ്പിക്കാമെന്നു് അവൾ നിശ്ചയിച്ചു.

വി—ചിന്നപ്പാ, താൻ അച്ചന്റെ അടുക്കൽ ചെന്നു ഞാൻ ഇവിടെ ഇരിക്കുന്നതായി പറയണം. അത്യാവശ്യമായ ഒരു സംഗതിയെപ്പററി മുഖദാവിൽ പറയുന്നതിനുവേണ്ടിയാണു് ഞാൻ ഇത്ര ദൂരം വന്നിട്ടുള്ളതെന്നു പറയുക. അദ്ദേഹത്തെ മാത്രം കേൾപ്പിക്കാനുള്ളതും ദുഃഖകരമായതുമായ ഒരു രഹസ്യമാണു്. കാര്യം താൻ പറഞ്ഞുപോകയുമരുതു്. ഓർമ്മിച്ചുകൊൾക.

ചിന്നപ്പൻ മിഴിച്ചുനോക്കി. കടിച്ചു തിന്നാൻ ചെല്ലുന്ന യജമാനനോടു് ഈ കഥ താൻ പറയുകയോ? അയ്യോ! ഈ ജന്മം നടക്കുന്ന കാര്യമല്ലല്ലോ അതു്, എന്നു് അയാൾ വിചാരിച്ചു.

ചി—എന്റെ അമ്മച്ചീ, ഞാൻ ഒരക്ഷരവും മിണ്ടുകയില്ല.

പുന്നപുരത്തുനിന്നു പാലപ്പള്ളിലേക്കു് ഒരു മൈൽ ദൂരമാണുള്ളതു്. ഇടയ്ക്കുള്ള സകല വസ്തുക്കളും ഈ അകം വകയുമാണു്. അച്ചൻകൂടി ഇങ്ങോട്ടേക്കുണ്ടെങ്കിൽ സൗകര്യമായിരിക്കട്ടെ എന്നു കരുതി ചിന്നപ്പനെ ഒരു വണ്ടിയിലാണു് വിശാലാക്ഷി അയച്ചതു്. അതിന്റെ ശേഷം അവൾ ക്ളബ്ബിലെ ഒരു മുറിയിൽ പോയി സ്വസ്ഥയായിരുന്നു. മനസ്സിനു സ്വസ്ഥത ലേശംപോലും ഉണ്ടായിരുന്നില്ലെന്നു വിശേഷിച്ചു പറയണമെന്നില്ലല്ലോ. അവൾ വണ്ടി മടങ്ങിവരുന്നുണ്ടോ എന്നുതന്നെ നോക്കിക്കൊണ്ടിരിക്കയായിരുന്നു. അല്പനേരം കഴിഞ്ഞപ്പോൾ വണ്ടി അകലെനിന്നു വരുന്നതു കണ്ടു. അവളുടെ ഹൃദയം

ത്തുടിച്ചു. വിശാലാക്ഷി വിറച്ചുതുടങ്ങി. എങ്ങനെയാണു് അച്ഛനോടു് ഈ കാര്യത്തെപ്പററി പറയുക എന്നു് അവൾ അത്യധികം ഖേദിച്ചു. എന്നാൽ വണ്ടി കുറേക്കൂടി അടുത്തെത്തിയപ്പോൾ അതിനകത്തു് ആരെയും കാണാതിരുന്നതിനാൽ അവൾക്കു് അല്പം ആശ്വാസത്തിനു വകകിട്ടി. അച്ഛൻ നടന്നുവരികയായിരിക്കുമെന്നു് ഊഹിച്ചുകൊണ്ടു് അദ്ദേഹത്തെ എതിരേൽക്കാനായി വെളിക്കിറങ്ങിനിന്നു.

എന്നാൽ ഫലമുണ്ടായില്ല. എന്തെന്നാൽ ആരും നടന്നു വരുന്നുണ്ടായിരുന്നില്ല. വണ്ടി ഭക്ഷണശാലയുടെ പടിക്കൽ നിൽക്കാതെ കടന്നുപോകുകയുമാണുണ്ടായതു്. ഇതെന്തൊരു പുതിയ ആപത്താണെന്നു ഭയപ്പെട്ടുകൊണ്ടു് അവൾ അവിടെത്തന്നെ നിന്നിരുന്നപ്പോൾ ഒന്നാന്തരത്തിലുളള ഒരു സാർട്ടുവണ്ടി, ഇരട്ടക്കുതിരകൾ പൂട്ടിയിട്ടുളളതു് ഭക്ഷണശാലയുടെ പടിക്കൽ എത്തി. ഉടൻതന്നെ അതിൻെറ പിന്നിൽ നിന്നിരുന്ന ഒരു ഭൃത്യൻ താഴെയിറങ്ങി അകത്തേക്കു വന്നു് ഒരു കടലാസുതുണ്ടു് വിശാലാക്ഷിയുടെ പക്കൽ നീട്ടി.

വി—എനിക്കോ?

ഭൃ—ഉത്തരവു്. കുഞ്ഞമ്മയമ്മച്ചിയ്ക്കുതന്നെ.

വിശാലാക്ഷി വിസ്മയിച്ചു. കുഞ്ഞമ്മയമ്മച്ചിയൊ! അതെ അവൾ വലിയ യജമാനൻെറ പുത്രിയല്ലെ? അപ്പോൾ ആ പേരിനു് അർഹയാണല്ലൊ. എങ്കിലും നൂതനസംബോധന അവൾക്കു് അപ്പോൾ സന്തോഷത്തെക്കാൾ സന്താപത്തെയാണു് ഉണ്ടാക്കിയതു്.

ഭൃത്യൻ നീട്ടിയ എഴുത്തു വാങ്ങിച്ചു തുറന്നുനോക്കിയപ്പോൾ അതിൽ പെൻസിൽകൊണ്ടു് ഇങ്ങനെ എഴുതിയിട്ടുളളതായിട്ടാണു് അവൾ കണ്ടതു്.

"വിശാലാക്ഷീ, നീ എന്തിനായി വന്നിരിക്കുന്നു എന്നു എനിക്കു മനസ്സിലാകുന്നില്ല. നിനക്കു ഇവിടെ വന്നുവിവരം പറയാമല്ലൊ. ചിന്നപ്പൻ മടക്കുഴുതയാണു്."

ചിന്നപ്പൻ പരമാർത്ഥം വെളിക്കു പറയാതെ കഴിച്ചുകൂട്ടാൻ ചെയ്ത ശ്രമത്തിന്റെ ഫലമായിട്ടാണു് ഈ ശകാരത്തിനു് അർഹനായിട്ടുള്ളതെന്നു മനസ്സിലായതു്. സാറെട്ടു വണ്ടി അയച്ചിട്ടുള്ളതു താൻ അതിൽ കയറിച്ചെല്ലുന്നതിലേക്കായിട്ടാണെന്നും അവൾ തീർച്ചയാക്കി.

വി—എടൊ, വണ്ടി എനിക്കായിട്ടായിരിക്കുമൊ കൊണ്ടുവന്നിട്ടുള്ളതു്?

ഭൃ—ഉത്തരവു്. അമ്മച്ചി വേഗത്തിൽ അങ്ങോട്ടേക്കു ചെല്ലണമെന്നു് വലിയ യജമാനൻ കല്പിച്ചയച്ചിരിക്കുന്നു.

മരിച്ചുപോയ വലിയ യജമാനനെ ബാധിച്ചിരുന്ന ജ്വരരോഗത്തിന്റെ വിഷബീജങ്ങൾ ആ ഗൃഹത്തിൽ ഉണ്ടായിരിക്കയില്ലയൊ എന്നും അങ്ങനെയുണ്ടെങ്കിൽ താൻ അവിടെ ചെന്നുംവെച്ചു മടങ്ങി ചെമ്പകശ്ശേരിയിൽ പോകുന്നതു് അപ്പോൾ തന്നെ അല്പം സുഖക്കേടിൽ ഇരുന്നിരുന്ന ശ്രീമതിയുടെ ആരോഗ്യത്തിനു് ഹാനികരമായിത്തീരുകയില്ലയൊ എന്നും വിശാലാക്ഷി ശങ്കിച്ചു.

വി—പാലപ്പള്ളിൽ വരുന്നതു് അപകടകരമാണെന്നു് എനിക്കു തോന്നുന്നു. വീട്ടിൽ എന്റെ അനുജത്തിക്കു് നല്ല സുഖമില്ല. ഞാൻ അവിടെ വന്നുംവെച്ചു വീട്ടിലേക്കു് ചെല്ലുന്നതു് അവൾക്കു് ദോഷമല്ലെ എന്നാണു് എന്റെ ഭയം. പനിപിടിച്ചല്ലെ വലിയ യജമാനൻ മരിച്ചതു്.

ഭൃ—അവിടെ വരുന്നതുകൊണ്ടു് അപത്തുണ്ടെന്നു് എനിക്കു തോന്നുന്നില്ല. ഇപ്പോഴത്തെ വലിയ യജമാനൻ താമസിക്കുന്ന മേടയിൽ വെച്ചല്ല മുൻപിലത്തെ തിരുമേനിക്കു

ശീലായ്മ ഉണ്ടായതു്. അവിടെ വേറെ ആർക്കും ഇതുവരെ ദീനമുണ്ടായിട്ടുമില്ല.

വിശാലാക്ഷിയുടെ സംശയം തീൎന്നു. അവൾ പോകാനായി ഇറങ്ങി.

സത്രക്കാരി—ഹൊ, ശിപായി അണ്ണാ, ഈ അമ്മ ഏതാണു്?

ഭൃ—പുതിയ വലിയ യജമാനന്റെ മകളല്ലെ?

വിശാലാക്ഷി വണ്ടിയിൽ കയറി പാലപ്പള്ളിലേക്കു് പുറപ്പെട്ടു.

ആ വീടിന്റെ പടിക്കൽ ഉടുത്തൊരുങ്ങിയ ഒരുദ്യോഗസ്ഥൻ കാത്തുനിൽക്കുന്നുണ്ടായിരുന്നു. ഇതു് അകത്തിലെ മാനേജർ ആയിരുന്നു. അയാൾ വലിയ ഉപചാരഭാവത്തോടുകൂടി കുഞ്ഞമ്മയെ എതിരേററു് മേടയിലെ താഴത്തെ ഒരു മുറിയിലേക്കു കൂട്ടിക്കൊണ്ടുപോയി. വലിയയജമാനൻ അവിടെ ഒരു കസേരയിൽ ഇരുന്നിരുന്നു. അദ്ദേഹത്തിന്റെ മേശപ്പുറത്തു് അനവധി കണക്കുപുസ്തകങ്ങൾ കിടക്കുന്നുണ്ടു്. വിചാരിപ്പുകാർ സമീപത്തുനിൽക്കുന്നുമുണ്ടായിരുന്നു. വലിയ യജമാനൻ കണക്കു പരിശോധനയിൽ ഏർപ്പെട്ടിരുന്നപ്പോളാണു് വിശാലാക്ഷി മുറിക്കകത്തേക്കു ചെന്നതു്.

യജ—വിശാലാക്ഷി, നീയൊ, എന്താണു് ഇപ്പോൾ ഇങ്ങോട്ടേക്കു പുറപ്പെട്ടതു്? ശ്രീമതിയുടെ സുഖക്കേടുനിമിത്തമല്ല വന്നിട്ടുള്ളതെന്നു് ആ മറയൻ പറയുന്നു. ശേഷം ഒന്നും അവൻ പറയുകയില്ല. അവനെ ഈ ക്ഷണത്തിൽ ഞാൻ തുലയ്ക്കുന്നുണ്ടു്. ഇത്രത്തോളം ബുദ്ധികെട്ട വേലക്കാർ എന്തിനു്?

ഇതെല്ലാം വെറും മിരട്ടുകളാണെന്നു് വിശാലാക്ഷിക്കു അറിയാമായിരുന്നു. പലപ്പോഴും അദ്ദേഹം ഇങ്ങനെയും

ഇതിലധികവും പറയാറുണ്ടായിരുന്നു. എന്നാൽ കഠിനക്കൈ ഒരിക്കലും അച്ഛൻ പ്രവർത്തിക്കുകയില്ലെന്നു് ദീർഘകാലത്തെ പരിചയം മകളെ ധൈര്യപ്പെടുത്തീട്ടുള്ളതുകൊണ്ടു് അവൾ അപ്പോൾ ആ കാര്യത്തെപ്പററി ഭയപ്പെട്ടില്ല.

യജ—നിന്റെ ബുദ്ധിശക്തിയും വിശേഷം തന്നെ. അയൽഗൃഹത്തിൽ വന്നിരുന്നുകൊണ്ടു് എന്റെ അടുക്കൽ ആളയയ്ക്കുക! കൊള്ളാം, നന്നായിരിക്കുന്നു. ഇത്ര ദൂരം വന്നിട്ടു് വീട്ടിൽ കയറാതെ പോകാമെന്നോ? ഇതു് എന്റെ വീടല്ലെ? അപ്പോൾ നിന്റേതുമല്ലെ? നിനക്കു് എല്ലാം പ്രത്യേകമട്ടാണല്ലൊ.

വി—വലിയ അമ്മൂമ്മ ഇവിടെ ഉണ്ടായിരിക്കുമെന്നാണു് ഞാൻ വിചാരിച്ചതു്. ഈ സന്ദർഭത്തിൽ അവരെ കാണുന്നതിനു് എനിക്കു് ധൈര്യം തോന്നിയില്ല. ഞാൻ ഒരു ദുഃഖവർത്തമാനം കൊണ്ടുവന്നിരിക്കുകയാണു്. അതു തന്നെയുമല്ല ജ്വരത്തെപ്പററിയുള്ള ഭയവും ഉണ്ടായിരുന്നു.

യജ—ആ കാര്യത്തെപ്പററി ഒട്ടും ഭയപ്പെടേണ്ട. ആ സാധു മരിച്ചതു് ഈ കെട്ടിടത്തിൽവെച്ചായിരുന്നില്ല. അഥവാ അങ്ങിനെ ആയിരുന്നാൽ തന്നെ എന്തു്? അതു് അസംബന്ധമല്ലെ? ഇരിക്കട്ടെ, എന്തു വർത്തമാനമാണു് വിശേഷിച്ചു് എന്നോടു പറയാനുള്ളതു്, വീട്ടു തീ പിടിച്ചു പോയൊ?

വിശാലാക്ഷി വിചാരിപ്പുകാരുടെ മുഖത്തേക്കു് നോക്കി. അയാൾക്കു കാര്യം മനസ്സിലായി. താൻ അവിടെ അപ്പോൾ ഉണ്ടായിരിക്കേണ്ടെന്നാണു് കുഞ്ഞമ്മയുടെ താല്പര്യം എന്നു് അയാൾ ഗ്രഹിച്ചു.

വിചാ—യജമാനനേ, ഞാൻ കുറെ താമസിച്ചു് ഇങ്ങോട്ടു വന്നാൽ പോരെ?

വലിയ യജമാനൻ ശിരഃകമ്പനം ചെയ്തു. വിചാരിപ്പുകാർ പതുക്കെ പുറത്തേക്ക പോയി.

യജ—വിശാലാക്ഷീ, ഇനി പറയുക. കാര്യം എന്താണ്?

വി—എങ്ങിനെയാണ് പറയേണ്ടതെന്ന് എനിക്കറിഞ്ഞുകൂടാ. വേറെയാരും പറയുന്നതിനു മുമ്പ് ഞാൻതന്നെ അച്ഛനെ അറിയിക്കണമെന്ന് എനിക്ക വലിയ അഗ്രഹവുമുണ്ട്. അതുകൊണ്ടാണ് ഞാൻ ഇത്രത്തോളം ബദ്ധപ്പെട്ടു പുറപ്പെട്ടതു്. ഇപ്പോൾ ഇവിടെ എത്തിയതിൽ പിന്നെ ആ കാൎയ്യത്തെപ്പറ്റി അച്ഛനോട്ട് പറയാൻ എനിക്ക നാക്ക് ഇളകുന്നില്ല. അച്ഛാ നമുക്ക് ഒരു അത്യാപത്തു് നേരിട്ടിരിക്കയാണ്.

വലിയ യജമാനൻ നോട്ടത്തിലും ഭാവത്തിലും എല്ലാം എത്രതന്നെ ക്രൂരനായിരുന്നാലും അദ്ദേഹത്തിനു് മക്കളോട്ട അളവററ സ്നേഹമാണുള്ളതു്. ശ്രീമതിയുടെ കൈയ്ക്ക സാരമായ കുഴപ്പം പററിയിരിക്കമെന്ന് അദ്ദേഹം ഊഹിച്ചു. വിശാലാക്ഷിയുടെ ഭയം ചില്ലറയായിരുന്നില്ലെന്ന് അദ്ദേഹത്തിനു് ബോധപ്പെട്ടു.

യജ—ആ ധിക്കാരി, സ്വാമിദ്രോഹി, എന്നോട്ട പറഞ്ഞില്ലല്ലൊ; ഞാൻ എത്രപ്രാവശ്യം അവനോട്ട വീണ്ടും വീണ്ടും ചോദിച്ചു. കുഞ്ഞിൻെറ കയ്യ് എങ്ങിനെയിരിക്കുന്നു എന്ന്? എന്നിട്ട് വളരെ സുഖമുണ്ട്; സുഖമായി, എന്നല്ലെ ആ പരമദ്രോഹി എന്നോട്ട് ധൈൎയ്യപൂർവം പറഞ്ഞതു്. വിശാലാക്ഷീ, നിൻെറയും പുറപ്പാട്ട് ഏകദേശം അങ്ങനെതന്നെയല്ലൊ. നീയും കാര്യം പറയാതെ പടർപ്പിലും മുള്ളിലും പിടിക്കുകയല്ലെ ചെയ്യുന്നതു്? എൻെറ കുഞ്ഞു് മരിച്ചുപോയൊ? പറയുക, സത്യം പറയുക. എനിക്ക് കേൾക്കാൻ വൈകി.

വി— ഇല്ല. അച്ഛാ, അവളുടെ കാര്യമല്ല. അവളുടെ കൈക്കു് അപകടം ഒന്നുമില്ല. വളരെ സുഖമുണ്ടു്. എനിക്കു് പറയാൻ വയ്യാ അച്ഛാ, ഞാൻ പറയാൻ ഭാവിക്കുന്നതു് നമ്മുടെ കാമവല്ലിയെപ്പററിയാണു്.

വലിയ യജമാനൻ മിഴിച്ചുനോക്കി—അവളും വീണു് കഴുത്തു് ഒടിച്ചോ?

വി—അതിനേക്കാൾ കഠിനമാണു് അച്ഛാ.

യജ—ഓ! അതിനേക്കാൾ കഠിനം! ദൈവമേ! പറയരുതോ. പുറത്തുപറയുക. വിഷമിപ്പിക്കാതെ ഇരുന്നാൽ എന്തു്?

വി—കാമവല്ലി ഒളിച്ചോടി പൊയ്ക്കളഞ്ഞു.

യജ—ഒളിച്ചോടി പൊയ്ക്കളഞ്ഞോ!

വി—അവൾ ഇന്നലെ രാത്രിയിൽ പോയി. അച്ഛൻ ഇങ്ങോട്ടു് പുറപ്പെട്ടപ്പോൾ അവൾ വീട്ടിൽ ഉണ്ടായിരുന്നില്ലല്ലോ. അച്ഛൻ വിളിച്ചപ്പോൾ അവൾ വരാതിരുന്നതു് ഓർമ്മിക്കുന്നില്ലേ? അവൾ പൊയ്ക്കളഞ്ഞ കഥ എനിക്കു് അപ്പോളൊന്നുംമനസ്സിലായില്ല. ഒടുവിൽ ആണു് ഞാൻ അറിഞ്ഞതു്.

വിശാലാക്ഷിക്കു പറയാനുണ്ടായിരിക്കുന്നതു് ഇങ്ങനെ ഒരു സംഗതിയായിരിക്കുമെന്നു വലിയ യജമാനൻ സ്വപ്നത്തിൽ പോലും വിചാരിച്ചിരുന്നില്ല. അദ്ദേഹം ചുളുങ്ങിത്തുടങ്ങി. വിശാലാക്ഷിയും വല്ലാതെ ഖിന്നയായിത്തീൎന്നു. താൻ ആദ്യം ശങ്കിച്ചിരുന്ന പ്രകാരം ശ്രീമതിയുടെ മരണവാർത്തയെപ്പററി വിശാലാക്ഷി പറഞ്ഞിരുന്നുവെങ്കിൽ തന്നെയും വലിയ യജമാനൻ ഇത്രത്തോളം വിഷമിക്കുമായിരുന്നുവൊ എന്നുള്ളതു സംശയാധീനമാണു്

യജ—ഞാൻ അവളെ ഓടിച്ചേക്കാം; എന്തിനാണു് അവൾ ഓടിയതു് എവിടേക്കാണു്അവൾ ഓടിയതു്.

വി—അച്ഛ, അവൾ തനിച്ചല്ല പോയിട്ടുള്ളത് നരഹരവൈദ്യൻ കൂടെയുണ്ട്.

യജ—എന്ത് എന്തുപറഞ്ഞു? അവർ വിവാഹത്തിനു പോയിരിക്കും. സംശയമില്ല എനിക്കു അങ്ങിനെ തന്നെ തോന്നുന്നു.

അനന്തരം വലിയ യജമാനൻ പ്രദർശിപ്പിച്ച കോപതാപാദികൾ അത്യന്തം ഭയങ്കരങ്ങളും ദയനീയങ്ങളുമായിരുന്നു. അദ്ദേഹം തൻെറ ശകാരവർഷത്താൽ കാമവല്ലിയേയും വൈദ്യനേയും സംഹരിക്കാൻ ഒരുമ്പെട്ടതുപോലെ തോന്നി അദ്ദേഹത്തിൻെറ അപ്പോഴത്തെ കോപവേളയിൽ പുത്രിയും, സഖാവും അടുത്തെങ്ങും ഇല്ലാതിരുന്നതു് ആരുടെയെങ്കിലും വലിയ ഭാഗ്യം തന്നെ. വിശാലാക്ഷി പൊട്ടിക്കരഞ്ഞു.

വി—അയ്യൊ! അച്ഛാ, എനിക്കു മാപ്പുതരണേ ഞാൻ ഇത്രവേഗത്തിൽ ഈ കാര്യം അച്ഛനോടു പറയരുതാത്തതായിരുന്നു. അങ്ങനെയാണു ഞാൻ വിചാരിച്ചിരുന്നതും എന്നാൽ എങ്ങനെയൊ എന്തൊ ഞാൻ അതിനു ശക്തയായില്ല. അച്ഛനെ ഇപ്രകാരം പീഡിപ്പിക്കുന്നതിനു ഇടയായതിൽ വെച്ചു് എനിക്കു വളരെ വളരെ മനസ്താപമുണ്ടു്.

അതെ, വാസ്തവം തന്നെ. മഹാ സൌന്ദര്യവതിയെന്നു് അദ്ദേഹം അഭിമാനിച്ചുകൊണ്ടിരുന്ന മകൾ ഇപ്രകാരം പുറപ്പെട്ടു പൊയ്ക്കളഞ്ഞതു് അത്യന്തം പരിതാപകരമായ ഒരു സംഭവമാണല്ലൊ. ഇതു കേട്ടമാത്രയിൽ പെട്ടെന്നുണ്ടായ കോപക്ഷോഭം തെല്ല ശമിച്ചപ്പോൾ അദ്ദേഹം രണ്ടു കൈകളുംകൊണ്ടു മുഖം പൊത്തി കമ്പിട്ടിരുന്നു് അനർഗ്ഗളമായി അശ്രുപ്രവാഹം തുടങ്ങി. പിന്നീടു വലിയ യജമാനൻ മനോധൈര്യം അവലംബിച്ചു തല ഉയർത്തി നോക്കി.

യജ്ഞ—വിശാലാക്ഷി, ഇതു രണ്ടാമത്തേതാണല്ലൊ; മററവളെപ്പോലെ ഇവളും തുലയട്ടെ. അവളുടെ പേരു ഞാൻ കേൾക്കെ പറഞ്ഞുപോകരുതെന്നു ചട്ടം കെട്ടിയിട്ടുള്ളതുപോലെ ഇവളെ സംബന്ധിച്ചും ഇതാ ഇപ്പോൾ പറയുന്നു എനിക്കു ഇനിമേലാൽ ഇവളുടെ പേരു കേൾക്കുകയേ വേണ്ടാ.

അച്ഛന്റെ ഘോരശപഥം വിശാലാക്ഷി അത്യന്തം മനസ്താപത്തോടും ഭീതിയോടും കൂടി കേട്ടു നടുങ്ങി ഈ പ്രതിജ്ഞ അലംഘ്യമാണെന്നു അവൾക്കു നല്ലവണ്ണം അറിയാമായിരുന്നു.

അനന്തരം ഊണുകഴിച്ചുഎന്നും ഇല്ലെന്നും വരുത്തി കൊണ്ടു വിശാലാക്ഷി പുന്നപുരത്തേക്കു മടങ്ങി. അവിടെ നിന്നു യഥാകാലം സ്വഗൃഹത്തിലും എത്തി. തന്റെ യാത്ര വിഫലമായിപ്പോയി എന്നു് അവൾ വിചാരിച്ചു.

---

# ഇരുപത്തിമൂന്നാം അദ്ധ്യായം

കാലാവസ്ഥ കഠോരമായിത്തീർന്നു; മഴയും, കാററും ഇടിയും മിന്നലും ലഹളകൂട്ടിത്തുടങ്ങി. കാമവല്ലിയും നരഹരവൈദ്യനും ഒളിച്ചോടിയതു് ഒരു ബുധനാഴ്ച രാത്രിയിലായിരുന്നു. അടുത്ത ആ്ചയിൽ അതേദിവസം തന്നെ വലിയ മഴയും കാററും സഹിച്ചുകൊണ്ടു് അവർ തെക്കേവഴി ഗ്രാമത്തിൽ മടങ്ങിയെത്തുകയും ചെയ്തു. നരഹരവൈദ്യൻെറ ഒരു ബന്ധുഗൃഹത്തിൽ പോയി അവിടെവച്ചു കൃത്രിമമായി പരസ്പരവിവാഹം കഴിച്ചുകൊണ്ടാണ് അവർ മടങ്ങി എത്തീട്ടുള്ളതു്.

വിവാഹം കഴിഞ്ഞശേഷം നരഹരവൈദ്യൻെറ ഭൃത്യജനങ്ങളുടെ പേർക്കു് അയാൾ ആ വിവരത്തിനു് എഴുതി അയച്ചിരുന്നു: താൻ ഭാര്യാസമേതനായി ഇന്നപ്പോൾ എത്തുമെന്നും വീട്ടിൽ വേണ്ട ഒരുക്കങ്ങളെല്ലാം മുൻകൂട്ടി ചെയ്തുകൊള്ളണമെന്നും ആയിരുന്നു അയാൾ എഴുതിയിരുന്നതു്. അതിൻപ്രകാരമെല്ലാം വട്ടം കൂട്ടിക്കൊണ്ടു വേലക്കാർ തങ്ങളുടെ യജമാനനേയും കൊച്ചമ്മയേയും കാത്തിരുന്നു. വൻവഴി തീവണ്ടിസ്റ്റേഷനിൽ ഒന്നാംതരം ഒരു കുതിരവണ്ടി കാലേക്കൂട്ടി തന്നെ തയാർ ചെയ്തിട്ടുണ്ടു്.

ബംധനാഴ്ച ഏഴരമണിയായപ്പോഴേക്ക വേലക്കാരുടെ ഉത്സാഹം വർദ്ധിച്ചു. പുതിയ കൊച്ചമ്മയെ സൽക്കരിക്കുന്നതിനുള്ള ബദ്ധപ്പാട്ട് അവരിൽ ഓരോരുത്തർക്കും അധികമായിത്തീർന്നു. വിനാഴികകൾ മുപ്പതു കഴിഞ്ഞുകൂടി. ദമ്പതികളുടെ വരവുണ്ടായില്ല. മണി എട്ടടിച്ചു, എട്ടരയായി. ആരേയും കണ്ടില്ല. താമസത്തിനുള്ള കാരണമറിയാതെ വേലക്കാർ പരസ്പരം മിഴിച്ചുനോക്കി. വൈദ്യശാലയിലെ പ്രത്യേക ശിഷ്യനായ കൊച്ചൻ പടിക്കൽ ചെന്നു ഇരുമ്പഴികളിൽ കയറി ഇരുന്നുകൊണ്ടു വാതിൽ തുറക്കുകയും അടയ്ക്കുകയും ചെയ്തു വിനോദിച്ചുകൊണ്ടിരുന്നു. അവന്റെ തോന്ന്യാസത്തിനു ശാസിക്കുന്നതിനും ചെവിക്കു പിടിച്ചു അവനെ ദൂരെ എറിയുന്നതിനും അപ്പോൾ അവിടെ ആരും ഉണ്ടായിരുന്നില്ലല്ലൊ. അതുകൊണ്ടു ചൂളത്തിൽ ഒരു രാഗവിസ്താരം കഴിച്ചുകൊണ്ടു കണ്ണടയ്ക്കാതെ റോഡിലേക്ക് അക്ഷമനായി നോക്കിക്കൊണ്ടും അവൻ ബഹുനേരം അവിടെ കുതിരപ്പുറത്തെന്നവണ്ണം ഇരുന്നു.

ആ വഴിയായി അപ്പോൾ കടന്നുപോയ ഒരു മിഠായിക്കച്ചവടക്കാരനായ ബാലനോടു അവൻ ഇങ്ങനെ ചോദിച്ചു:— "എടാ ക്രൂവെ, ഇതെന്താണു വണ്ടി വരാൻ ഇത്ര വലിയ താമസം"

ബാ—ഏതു വണ്ടി?

കൊച്ചൻ—ഏഴുമണിവണ്ടി. വൻവഴിസ്റ്റേഷനിൽ വരാറുള്ളതു്.

ബാ—അതു വന്നുകഴിഞ്ഞല്ലൊ.

കൊ—ഹേയ് വന്നില്ല. ആരു പറഞ്ഞു വന്നു എന്ന്?

ബാ—ഞാനല്ലെ പറഞ്ഞതു്. അതിൽപിന്നെ തപാൽ വണ്ടി ഇവിടെ വന്നതു ഞാൻ കണ്ടതല്ലൊ. അതു മാത്രമൊ?

തപാൽ വണ്ടി ആളുകളേയുംകൊണ്ടു് ഇപ്പോൾ തിരിയെ പോകുന്നതും ഞാൻ കണ്ടു.

കൊച്ചൻ ചാടിയിറങ്ങി വീട്ടിലേക്കോടി.

കൊ—ആഹാ, തീവണ്ടി വന്നുകഴിഞ്ഞല്ലൊ. എത്ര നേരമായി വന്നിട്ടു്.

വേലക്കാരി—ഇല്ല

കൊ—എന്റെ അട്ടക്കൽ മിറായിക്കാരനല്ലെ പറഞ്ഞതു്? ജട്കാവണ്ടി തിരിയെ പോകുന്നതാണല്ലൊ അവർ കണ്ടതു്.

വേലക്കാരി—എന്നാൽ അവർ എന്തൊ പുറപ്പെട്ടില്ലായിരിക്കും. ഇന്നു് ഇനി വരുമെന്നു തോന്നുന്നില്ല.

വേറൊരുത്തി—എന്നാൽ സുഖമായി ഒരു ദിവസം കൂടി ഉൽസാഹമായിരിക്കാമല്ലൊ. നമുക്കു അത്താഴം ഉണ്ണാം.

കൊ—ഹേയ് ഇനി ഒരു വണ്ടി കൂടി ഇന്നു വരാനുണ്ടു്. അതിലേക്കു വേണ്ടിയാണല്ലൊ ജട്കാ ഇപ്പോൾ പോയതു്.

ഒന്നാം വേലക്കാരി—മറയാ, അതു് അവർ വരുന്നിടത്തുനിന്നു വരുന്നതല്ലല്ലൊ. ഹാ കഷ്ടം! ഞാൻ ഇന്നു് എത്ര പ്രയാസപ്പെട്ടാണു പുളിശ്ശേരിയും തോവലും എല്ലാം ഉണ്ടാക്കിയതു് വെറുതെയായല്ലൊ.

അനന്തരം എല്ലാവരും ഉൽസാഹത്തോടു കൂടി വെടിപറഞ്ഞു കൊണ്ടു മൃഷ്ടാന്നമായി ഉണ്ണാൻ ആരംഭിച്ചു.

അടുക്കളക്കാരി—ആഹാ, അതാ വരുന്നു അങ്ങുന്നുമററും. വണ്ടി വന്നുകഴിഞ്ഞു. ആരെങ്കിലും ഓടിപ്പോയി പടി തുറക്കുക; പന്നിയെപ്പോലെ എല്ലാവരും ഇവിടെ ഇരുന്നാൽ കാൎയ്യം തെററും.

വേലക്കാരൻ ഓടിച്ചെന്നു കതകു തുറന്നു. ഒരു സ്ത്രീ ഒരു ചുമടുമായി അകത്തേക്കു വന്നു. ഭാണ്ഡം കുറെ വലുതാ

യിരുന്നു. അതുകൊണ്ടു വന്ന ആൾ അചിരുതയായിരുന്നു. അവൾ അകത്തേക്കു കടന്നു ചുമട്ട് ഒരു കസേരയിൽ ഇറക്കിവെച്ചു.

വേലക്കാരൻ—ഇതു് എന്തൊന്നാണ്,നിങ്ങൾ ആരു്?

ചിരു—വൈദ്യനാഥനദ്ദേഹത്തിൻെറ ഭാര്യ കാമവല്ലികൊച്ചമ്മയോട്ട് ഒരു കാര്യം പറയാനുണ്ടു്. അവർ എവിടെയാണ്?

വേലക്കാരൻ ചിരുതയെ സൂക്ഷിച്ചുനോക്കി. അടുക്കളക്കാരിയും വന്നു അവളെ സൂക്ഷിച്ചുനോക്കി. വൈദ്യശാലയിലെ കൊച്ചനും അപ്രകാരംതന്നെ ചെയ്തു.

ചിരു—ഞാൻ ചെമ്പകശ്ശേരിയിൽനിന്നുവരികയാണ്. അവിടുത്തെ വിശാലാക്ഷിക്കുഞ്ഞമ്മ എന്നെ ഇങ്ങോട്ടേക്കു പറഞ്ഞയക്കുകയായിരുന്നു. ഇതാ കാമവല്ലിഅമ്മയുടെ ചില സമ്മാനങ്ങളാണ്. പെട്ടികളും മററും നാളെ കൊടുത്തയക്കാം.

കാമവല്ലിയുടെ വിവാഹം നടന്നുകഴിഞ്ഞ ഉടനെ അവൾ തൻെറ സാഹസകൃത്യത്തെപ്പററി ഖേദിച്ചുകൊണ്ടും അതിലേക്കായി മാപ്പപേക്ഷിച്ചുകൊണ്ടും വിശാലാക്ഷിയുടെ പേൎക്ക് ഒരു എഴുത്തയച്ചിരുന്നു. അച്ഛൻെറ പേൎക്കും അത്യന്തം മനസ്താപസൂചകമായ ഒരു എഴുത്ത് ഇതിൽ അടക്കം ചെയ്തിട്ടുണ്ടായിരുന്നു.

"രാജശ്രീ എൻെറ പ്രിയപ്പെട്ട അച്ഛൻ
പെൻഷൻഡ് ഇൻസ്പെക്ടർ
അവർകൾക്ക് ചെമ്പകശ്ശേരി."

എന്ന് ഈ ഉള്ളടക്കത്തിനും

"സൌഭാഗ്യവതി വിശാലാക്ഷിഅമ്മ
ബോധിക്കുന്നതിനു്, ചെമ്പകശ്ശേരി
കുന്നംപുറം—തെക്കെവഴി"

എന്നു വിശാലാക്ഷിയുടെ പേർക്കുള്ള എഴുത്തിന്നും മേൽവിലാസം വെച്ചിരുന്നതുകൊണ്ടു് ആയിടെ അവർക്കുണ്ടായിട്ടുള്ള സ്ഥാനമാനലാഭത്തെപ്പററി കാമവല്ലി അറിഞ്ഞിരുന്നില്ലെന്നു തീർച്ചയാണല്ലോ. അച്ഛന്റെ പേർക്കുള്ള എഴുത്തു വിശാലാക്ഷി പാലപ്പുള്ളിലേക്കു് അയച്ചുകൊടുത്തതിൽ അദ്ദേഹം അതു തുറന്നു വായിക്കാതെ തീയിലിടുകയാണു ചെയ്തതു്. വിശാലാക്ഷി അച്ഛന്റെ അപ്രീതിയെ ശങ്കിച്ചു് അവളുടെ എഴുത്തിന്നു മറുപടി അയയ്ക്കുന്നതിന്നു തുനിഞ്ഞില്ല. ചൊവ്വാഴ്ച ദിവസം വലിയ യജമാനൻ ചെമ്പകശ്ശേരിയിൽ മടങ്ങി എത്തിയിരുന്നു. അടുത്ത ദിവസം വൈകുന്നേരം താനും ഭർത്താവും തെക്കേവഴിഗ്രാമത്തിൽ എത്തുമെന്നും തന്റെ വകയായ സാമാനങ്ങളെല്ലാം അപ്പോഴേക്കു വൈദ്യന്റെ വീട്ടിൽ എത്തിച്ചിരിക്കണമെന്നും കാണിച്ചു കാമവല്ലി വീണ്ടും അയച്ചിരുന്ന എഴുത്തു വിശാലാക്ഷിക്കു ബുധനാഴ്ച കാലത്തുകിട്ടി. ഒരു നൂലെഴപോലും കൊടുത്തയച്ചുപോകരുതെന്നായിരുന്നു വലിയ യജമാനൻ ഈ വിവരം അറിഞ്ഞു വിശാലാക്ഷിയോടു ചട്ടം കെട്ടിയതു്.

വി—അവൾക്കു് അത്യാവശ്യമുള്ള പല സാമാനങ്ങളും ഇവിടെഇരിക്കുകയാണല്ലോ. കസവുപുടവകളും സൂക്ഷ്മപടവുക്കുകളും എല്ലാം ഇവിടെ ഇരിക്കുന്നതേയുള്ളൂ. ഒന്നും അവൾ കൊണ്ടുപോയിരുന്നില്ല.

യജ—അത്രയും ലാഭമായി. ആ ദ്രോഹി ഉടുക്കാതെ നടക്കട്ടെ. നിനക്കതുകൊണ്ടെന്തു നഷ്ടം?

വിശാലാക്ഷി എന്തൊക്കെയായിട്ടും സഹോദരിയോടുള്ള വാൽസല്യം ഉപേക്ഷിക്കാതെവീണ്ടും വീണ്ടും അച്ഛനോടു് അനുവാദം ചോദിച്ചുകൊണ്ടിരുന്നു. ഒടുവിൽ നേരം വൈകാറായപ്പോൾ വലിയ യജമാനൻ മൌനാനു

വാദമെങ്കിലും നൽകി. പിന്നീട് സാമാനങ്ങളെല്ലാം ബദ്ധപ്പെട്ടു എടുത്തുകെട്ടി ചുരുക്കി അവൾ ചിരുതയുടെ പക്കൽ കൊടുത്തയച്ചതിനാലാണ് ചിരുത അ സമയത്തു അവിടെ വന്നുചേർന്നതു്.

അടുക്കളക്കാരി—അവരാരും വന്നുചേർന്നില്ല.

ചിരു—വന്നില്ലെ? ഏഴുമണിക്കുള്ള വണ്ടിയിൽ എത്തുമെന്നാണല്ലൊ എൻെറ കുഞ്ഞമ്മഅമ്മച്ചി പറഞ്ഞതു്.

അടുക്കളക്കാരി—അങ്ങനെ തന്നെ ഞങ്ങളും കരുതിയിരുന്നു. അത്താഴം തയാറാക്കിയിട്ടുമുണ്ടു്. വണ്ടി വന്നിട്ടു വളരെ നേരമായി. അവർ ഇതു വരെ ഇങ്ങോട്ടുവന്നില്ല.

ചിരു—സാമാനങ്ങളിൽ ചിലതെല്ലാമെ വന്നിട്ടുള്ളു എന്നും ശേഷമുള്ളവ നാളെ ഇവിടെ എത്തിക്കാമെന്നും കാമവല്ലി അമ്മയോടു പറഞ്ഞാൽ വേണ്ടില്ല. അവരെ കാണാൻ ഇടയാകാത്തതിനെപ്പററി എനിക്കു മനസ്താപമുണ്ടു്. ഒരു രഹസ്യവർത്തമാനം ഇവിടെ വന്നുപറയുന്നതിനു വിശാലാക്ഷികുഞ്ഞമ്മ എന്നോടു പറഞ്ഞിട്ടുണ്ടായിരുന്നു.

അടുക്കളക്കാരി—അതിനെന്തു്? ഞാൻ പറഞ്ഞേക്കാമല്ലൊ. എന്താണു് രഹസ്യവർത്തമാനം?

അവർ പെട്ടെന്നു് ഒരു ഇരപ്പുകേട്ടു. വണ്ടിപാഞ്ഞെത്തുന്നഒച്ചയായിരുന്നു അതു്. വേലക്കാരൻ ഓടിച്ചെന്നു കതകുതുറന്നു.

നരഹരവൈദ്യനും അയാളുടെ നവോഢയായ പ്രിയപത്നിയും കൈക്കുകൈ പിടിച്ചുകൊണ്ടു് അകത്തേക്കു കടന്നു പുതുപ്രണയമോടിയിൽ നരഹരവൈദ്യൻ ഒട്ടും തന്നെ ലോഭിയായിരുന്നില്ല. വൈദ്യശാലയിലെ കൊച്ചൻ പറഞ്ഞതു് തെററായിരുന്നു. ജട്ക്കാവണ്ടി വന്നതും പോയതും ഒക്കെ ശരിതന്നെ. എന്നാൽ ഏഴുമണിക്കുള്ള

തീവണ്ടി അന്നു യാദൃച്ഛികമായുണ്ടായ ഒരു ചെറിയ അപകടം നിമിത്തം ക്ലിപ്തമണിക്കൂറിൽ വന്നെത്താതെ കുറെയധികം താമസിച്ച ശേഷമെ വന്നുചേൎന്നുള്ളു. വൈദ്യനും ഭാൎയ്യയും ഗൃഹത്തിൽ എത്തുന്നതിനു താമസിച്ചുപോയതിൻെറയും കാരണം ഇതുതന്നെ ആയിരുന്നു.

കാമവല്ലി സോൽസാഹയായിട്ടു തന്നെ മുറിയിലേക്കു പ്രവേശിച്ചു. അവിടെ ഹാജരായിനിന്നിരുന്ന ഭൃത്യസംഘത്തെ അവൾ സസ്നേഹം വീക്ഷിച്ചു. ചിരുത അല്പം പുറകിലായി നിന്നിരുന്നതു കണ്ടു കാമവല്ലി അങ്ങോട്ടേക്കു നോക്കി.

കാമ—അല്ല, ഇതാരു്? ചിരുതയല്ലെ?

ചിരുത ബഹുമാനപുരസ്സരം മുമ്പോട്ടേക്കു മാറിനിന്നു.

ചി—എനിക്കു കൊച്ചമ്മയോടു ഒരു കാൎയ്യം പറഞ്ഞാൽ 'കൊള്ളാമായിരുന്നു. വിശാലാക്ഷിക്കുഞ്ഞമ്മയമ്മച്ചി പറഞ്ഞയച്ചിട്ടുള്ളതാണു്.

കാമവല്ലി ഭൎത്താവിൻെറ കൈക്കുനിന്നു പിടി വിട്ടുവെച്ചു ചിരുതയുടെ നേൎക്കു സൂക്ഷിച്ചുനോക്കി. "കുഞ്ഞമ്മയമ്മച്ചി" എന്നും മറ്റുമുള്ള പുതിയ ബഹുമാനപ്പേരുകൾകേട്ടപ്പോൾ കാമവല്ലിക്കു് അതിൻെറ കാരണം മനസ്സിലായില്ല. "ഇതെന്തു്! ലോകം മറിഞ്ഞുപോയൊ" എന്നു് അവൾ വിസ്മയിച്ചു.

മരിച്ചുപോയ വലിയ യജമാനൻെറ ദീനക്കാൎയ്യത്തെപ്പററി പോലും അവൾ അറിഞ്ഞിരുന്നില്ലല്ലൊ. നരഹരവൈദ്യൻ അറിഞ്ഞിരുന്നു എങ്കിലും അയാൾ തൽസംബന്ധമായി യാതൊന്നും അവളെ ഗ്രഹിപ്പിച്ചിരുന്നില്ല.

കാമ—ചിരുതെ, നീ എങ്ങിനെയാണു നിൻെറ കൊച്ചമ്മയെ വിളിക്കുന്നതു്? കുഞ്ഞമ്മയമ്മച്ചി എന്നൊ?

എന്തു്! എന്താണിതു്? എപ്പോൾ മുതൽ ഇതു തുടങ്ങി? എ ൻെറ ജ്യേഷ്ഠത്തിയുടെ കാര്യമല്ലെ നീ പറയുന്നതു്.

ചി—അതെ, കൊച്ചുകുഞ്ഞമ്മയമ്മച്ചി, അങ്ങിനെ തന്നെ.

തനിക്ക പരമാൎത്ഥം മനസ്സിലായിട്ടില്ലെന്നുള്ള വാസ്ത വം മററു വേലക്കാരെ ഗ്രഹിപ്പിക്കുന്നതു പോരായ്മയാ ണെന്നു ആലോചിച്ചുകൊണ്ടു കാമവല്ലി ഉടൻതന്നെ ചി രുതയെ കൂട്ടിക്കൊണ്ടു വേറൊരു മുറിയിലേക്ക പോയി. അപ്പോൾ നരഹരവൈദ്യൻ വണ്ടിയിൽനിന്നു സാമാന ങ്ങൾ എടുപ്പിച്ചുകൊണ്ടു പടിക്കൽ നിൽക്കുകയായിരുന്നു.

കാമ—ചിരുതെ, ഈ പുതിയ സ്ഥാനമാനത്തിനു കാരണമെന്തു്? വലിയയജമാനനു വല്ലതും പററിയൊ?

അവിടെ നടന്നിരുന്ന കഥ കാമവല്ലി ഗ്രഹിച്ചിരി ക്കുകയില്ലെന്നു ചിരുത തീരെ വിചാരിച്ചിരുന്നില്ല. ആ കാര്യം അവൾ ഇപ്പോഴേ അറിഞ്ഞൊള്ളു.

ചി—അദ്ദേഹം മരിച്ചുപോയല്ലൊ. ഇപ്പോൾ നമ്മു ടെ അങ്ങുന്നല്ലെ വലിയയജമാനൻ?

കാമ—ഞാൻ ഈ വിവരം ഇപ്പോൾ അറിയുകയാ ണു്. മററെ അദ്ദേഹം എന്നാണു മരിച്ചതു്? നിങ്ങൾ ആ കാര്യം എന്നറിഞ്ഞു.

ചി—അദ്ദേഹം ഇന്നലെയല്ല, അതിനു മുമ്പിലത്തെ ചൊവ്വാഴ്ചയാണു മരിച്ചതു്. ജ്വരമായിരുന്നു കാരണം. ബുധനാഴ്ച കാലത്തു വന്ന എഴുത്തു് അദ്ദേഹത്തിൻെറ പേ ൎക്കായിരുന്നു. പുതിയ വലിയയജമാനനു വന്നിട്ടുള്ളതാ യിരുന്നു.

കാമ—അച്ഛൻെറപേൎക്കായിരുന്നു എന്നു് എപ്പോൾ മനസ്സിലായി.

ചി—ഏകദേശം കുഞ്ഞമ്മ ഇറങ്ങിപ്പോയ സമയത്താണു അറിഞ്ഞതെന്നു് തോന്നുന്നു, മുമ്പിലത്തെ വലിയയജമാനനു ദീനമായിരുന്നതായി കേട്ടിരുന്നു എന്നും മറ്റുമുള്ള സംഗതികൾ അനുകൂല വൈദ്യനദ്ദേഹമാണു വീട്ടിൽ പറഞ്ഞതു്.

കാമ—(ആത്മഗതം) ആ സ്ഥിതിക്കു് എന്റെ ഭർത്താവു ഈ കഥ മുൻകൂട്ടി അറിഞ്ഞിരിക്കുമല്ലൊ. അദ്ദേഹം അനുകൂലവൈദ്യനുമായി വഴിക്കുവെച്ചു സംസാരിച്ചു എന്നാണല്ലൊ എന്നോടു പറഞ്ഞതു്. ഒരുപക്ഷേ ഈ കാര്യം അനുകൂലവൈദ്യൻ പ്രസ്താവിച്ചില്ലായിരിക്കാം. അറിഞ്ഞിരുന്നെങ്കിൽ അദ്ദേഹം എന്നോടു പറയാതിരിക്കുകയില്ലായിരുന്നു. നിശ്ചയംതന്നെ.

ചിരുതെ, അന്നു രാത്രിയിൽ അച്ഛൻ എന്നെ വളരെ ശകാരിച്ചു. ഇല്ലെ?

ചി—കുഞ്ഞമ്മ വീട്ടിൽ ഇല്ലെന്നു അറിഞ്ഞതിനു മുമ്പാണല്ലൊ അദ്ദേഹം പാലപ്പള്ളിലേക്കു പോയതു്. പിറ്റേദിവസം ഇക്കാര്യം പറയുന്നതിനായി കുഞ്ഞമ്മയമ്മച്ചി അവിടേക്കു ചെന്നിരുന്നു.

കാമ—ആകട്ടെ, അച്ഛൻ തിരിയെ വന്നിട്ടും എന്നോടു വളരെ കോപിച്ചിരിക്കയാണൊ?

ചി—അതെയെന്നാണു് എനിക്കു തോന്നുന്നതു്.

കാമ—നിങ്ങൾ ഈ രാത്രിയിൽ ഇവിടെ എന്തിനായിട്ടാണു വന്നതു്.

ചിരുത വിവരം പറഞ്ഞുകേൾപ്പിച്ചു. കാമവല്ലി ആയിടെഎങ്ങും വീട്ടിൽ പോവുകയോ എന്നോടു യാതൊരു വിധത്തിലും ഇടപെടുകയും ചെയ്യരുതെന്നായിരുന്നു വിശാലാക്ഷി പറഞ്ഞയച്ചിരുന്ന രഹസ്യം. ഇതും ചിരുതു സ്വകാര്യമായി അറിയിച്ചു.

കാമവല്ലിക്ക് ഇതു് ഒട്ടുംതന്നെ രസിച്ചില്ല.

കാമ—ഇതു് എൻെറ ജ്യേഷ്ഠത്തിയുടെ സ്വന്തം ആലോചനയാണൊ?

ചി—അല്ലെന്നു തോന്നുന്നു. വലിയയജമാനൻെറ കല്പനയ്ക്കു വിപരീതമായി അമ്മച്ചിക്ക് ഒന്നും ചെയ്യുക്രൂടല്ലൊ.

കാമ—അവരുടെ സ്വഭാവം അങ്ങിനെതന്നെയാണു്. ഇതു ഞാൻ ഒരിക്കലും വിചാരിച്ചിരുന്നകാര്യമല്ലെന്നു എൻെറ ആളുകൾ എന്നു പറയുന്ന ഇവർ എന്നോടു ഇങ്ങനെ പ്രവൎത്തിച്ചിരിക്കുന്നതു് അധൎമ്മമാണെന്നും അതിൻെറ അനുഭവം താമസിയാതെ അവൎക്കുണ്ടാകാതിരിക്കയില്ലെന്നും ഞാൻ പറഞ്ഞതായി ജ്യേഷ്ഠത്തിയോടു പറയുക.

ചി—ശ്രീമതിക്കുട്ടിക്കുഞ്ഞമ്മയും "അക്കനു സൌഖ്യം തന്നെയൊ" എന്നു ചോദിച്ചുകൊണ്ടു ചെല്ലണമെന്നു പറഞ്ഞയച്ചിട്ടുണ്ടു്.

കാമ—ഓഹൊ, അവൾക്കെങ്കിലും ഇത്രയും കരുണ തോന്നിയല്ലൊ. അവൾ ആ പച്ചവെള്ളംപോലെ തണുത്ത അക്കംനല്പോലെയല്ല.

അനന്തരം ചിരുത യാത്ര പറഞ്ഞു പുറപ്പെട്ടു. നരഹരവൈദ്യൻ അയാളുടെ ജോലികൾ തീൎത്തു ഭാൎയ്യാസമീപത്തെത്തി.

നര—പ്രിയെ, നമുക്ക് അത്താഴത്തിനു ഭാവിക്കരുതൊ?

കാമ—ഉവ്വ്. അങ്ങിനെതന്നെ. ഞാൻ വേഷം ഒന്നു മാറിക്കൊള്ളട്ടെ. ഈ വീട്ടിലെ വഴികളൊന്നും എനിക്കു പരിചയമായില്ലല്ലൊ. അതുകൊണ്ടു് അങ്ങുക്രൂടി വരിക.

നരഹരവൈദ്യൻെറ വീടു ചെമ്പകശ്ശേരിയെക്കാൾ വളരെ അധികം വലുതും ഭംഗിയുള്ളതും ആണു്. സാമാ

ങ്ങൾക്കും അവിടെ യാതൊരു കുറവും ഉണ്ടായിരുന്നില്ല. രണ്ടു നിലയായ ഒരു മേടയിലാണു വൈദ്യൻ താമസമായിട്ടുള്ളതു്. അയാളും ഭാര്യയും കൂടി രണ്ടാമത്തെ നിലയിലേക്കു പോയി. അവിടെയുള്ള മുറികളും ഒരുക്കങ്ങളും എല്ലാം കണ്ടു.

നര—പ്രിയെ, ഇവയിൽ എന്തെങ്കിലും ഭേദഗതികൾ ചെയ്യണമെന്നു തോന്നുന്നുണ്ടെങ്കിൽ പറയുക.

അപ്പോൾ പെട്ടെന്നു ആരൊ താഴെ വന്നു വാതലിൽ തട്ടുന്നതായി കേട്ടു. വൈദ്യൻ ഇങ്ങനെ പറഞ്ഞു; "ഛെ! എന്തൊരു നാശമാണിതു്. വന്നിട്ടു് ഒരു വിനാഴികയായില്ല. അതിനു മുമ്പു് ആൾ വന്നുകഴിഞ്ഞു. ഇപ്പോൾ ചെല്ലണം കൂടെ—അത്യാസന്നമാണു് എന്നല്ലാതെ പറയുകയില്ല. ഇല്ല, ഞാൻ പോകുകയില്ല"

നര—എടോ വേലക്കാരൻ, ഇന്നു രാത്രിയിൽ രോഗികളെ നോക്കാൻ എനിക്കു സൗകര്യമില്ലെന്നു താഴെച്ചെന്നു പറയൂ.

അവൻ വേഗത്തിൽ താഴെ പോയുംവെച്ചു് ഉടൻ തന്നെ വീണ്ടും മുറിയിലേക്കു വന്നു.

വേല—ദീനക്കാരല്ല അങ്ങുന്നെ, ഒരു പോലീസുകാരനാണു്. ഇന്നു് ആരെയും കാണാൻ സൌകര്യമില്ലെന്നു ഞാൻ പറഞ്ഞിട്ടു് "അതല്ല കണ്ടേ തീരൂ" എന്നു പറഞ്ഞുകൊണ്ടു് അദ്ദേഹം അവിടെ നിൽക്കുന്നു.

ഒരു പോലീസുകാരൻ എന്നുള്ള വാക്കു കേട്ടു നരഹര വൈദ്യൻ പരിഭ്രമിച്ചു.

വേല—അദ്ദേഹം ഇന്നലെയും ഇന്നു കാലത്തും ഇവിടെ വന്നിരുന്നു. എന്തിനാണു് യജമാനനെ അന്വേഷിക്കുന്നതെന്നു് അടുക്കളക്കാരി വീണ്ടും വീണ്ടും ചോദിച്ചിട്ടും അദ്ദേഹം പറഞ്ഞില്ല. കോവിൽഭാഗത്തുവച്ചു മരിച്ച

സ്ത്രീയെ സംബന്ധിച്ച ഏതോ ഒരു സംഗതിക്കാണെന്നു മാത്രം പറഞ്ഞു.

കാമ—പ്രിയാ അതു് എന്തായിരിക്കാം?

നരഹരവൈദ്യൻ ഇത്രത്തോളം ചാപല്യം മുമ്പു് ഒരിക്കലും കാണിച്ചിരുന്നില്ല. അയാൾ ഒരു മെഴുകുതിരി കത്തിച്ചുകൊണ്ടു വാതിൽക്കൽ വരെ പോയിട്ടും വെച്ചു മടങ്ങി വന്നു് അതു് ഒരു ദിക്കിൽ വെച്ചു. വെളിച്ചംകൂടാതെ വീണ്ടും മുമ്പോട്ടുകുറ നടന്നു. വീണ്ടും മടങ്ങി.

നര—എടൊ വേലക്കാരൻ! പോലീസുകാരൻ എവിടെനിൽക്കുന്നു.

വേല—അദ്ദേഹം താഴെ തളത്തിൽ നില്ക്കുന്നു.

നര—ആളുകൾ സമയവും സൌകര്യവും നോക്കാതെ ഇങ്ങനെ വന്നു കയറുന്നതാണു് ആശ്ചര്യം. എന്തു വകതിരുവില്ലായ്കയാണിതു്.

അയാൾ മെഴുകുതിരിവിളക്കോടുകൂടി താഴെക്കിറങ്ങാൻ ഭാവിച്ചു.

നര—ഇപ്പോൾ കാണാൻ അവസരമില്ലെന്നു പറയാൻ എനിക്കു് ആഗ്രഹം തോന്നുന്നുണ്ടു്. വരട്ടെ ഒന്നുകൂടി. അങ്ങനെയാണു് ഇക്കൂട്ടരോടു ചെയ്യേണ്ടതു്.

വൈദ്യൻ താഴെ എത്തി പോലീസുകാരനെ കണ്ടു.

പണ്ടത്തെ ദുർമ്മരണക്കേസിൽ വളരെയെല്ലാം ശ്രമം ചെയ്തിരുന്നതു് ഈ പോലീസുകാരനാണെന്നു വൈദ്യനു് ഓർമ്മയുണ്ടായി.

പോ—അങ്ങയെ ഈ സമയത്തു് ഉപദ്രവിക്കേണ്ടി വന്നതിനെപ്പററി ഞാൻ വളരെ മനസ്സാപപ്പെടുന്നു. നിവൃത്തിയില്ലാത്തതുകൊണ്ടു് ഇങ്ങനെ ചെയ്യുന്നതാണു്. പഴയ കേസിന്റെ അന്വേഷണം വലിയ ഊർജ്ജിതത്തിൽ നടക്കുന്നുണ്ടു്. സ്റ്റേഷനിൽ വലിയ വാശിയും ബഹളവുമാണു്.

നര—എന്തിനെപ്പററി? എന്താണു ബഹളം?

പോ—ഞങ്ങൾക്ക് ഒരു പുതിയ ഇൻസ്പെക്ടരങ്ങുന്നു വന്നിട്ടുണ്ട്. ആ ദുർമ്മരണക്കേസു ഞങ്ങൾ കണ്ടമാനമാക്കിക്കളഞ്ഞു എന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. അതു തെളിയാതെപോയതു ഡിപ്പാർട്ടുമെന്റിനു വലിയ ആക്ഷേപമാണെന്നും മററും അദ്ദേഹം പറഞ്ഞുതുടങ്ങിയിരിക്കുന്നു. അങ്ങു് അന്നേദിവസം ഒളിവിൽക്കണ്ട ആളെ സംബന്ധിച്ച് എന്തൊക്കെയോ അദ്ദേഹത്തിനു് അങ്ങയുടെ അടുക്കൽ ചോദിക്കേണ്ടിയിരിക്കുന്നു.

നര—ഇന്നു രാത്രിയിൽത്തന്നെ വേണമായിരിക്കുമോ?

പോ—അതു വേണമെന്നില്ല. രാവിലെ മതിയാകും. അതു കഴിച്ചല്ലാതെ മറെറങ്ങോട്ടും തിരിയരുതെന്നു പറയാനായിട്ടാണ് ഞാൻ ഇവിടെ കയറിയതു്.

നര— ഓഹൊ, അതിനെന്തു്? ഒരു വിരോധവുമില്ല. എപ്പോൾ വേണമെങ്കിലും ഞാൻ തയാറാണ്. പുതിയ ഇൻസ്പെക്ടർ കുറെ അധികം ഊർജ്ജിതക്കാരനാണെന്നു തോന്നുന്നല്ലോ.

പോ—അതെ, അതെ, വലിയ കണിശക്കാരൻതന്നെ. ചുണയാണ് കൂടുതൽ. അക്രമികളെ കയ്യിൽ കിട്ടിയാൽ ഭസ്മമാക്കാതെ വിടുകയില്ല. മുഖം കണ്ടാൽ മതി സാമാന്യക്കാർ കിടുങ്ങിപ്പോകും.

നര—കൊള്ളാം. നല്ലതുതന്നെ. ഞാൻ നാളെ വരാം. എന്തൊക്കെ വേണമെങ്കിൽ ചോദിച്ചുകൊള്ളട്ടെ. അറിവുള്ളതെല്ലാം പറഞ്ഞുകൊടുക്കാം. നമുക്ക് എന്തു വിരോധം?

പോ—വല്ലതും ഫലിച്ചാൽ കൊള്ളാം. വേണ്ടില്ലായിരുന്നു. ഞങ്ങൾ ഉദാസീനതയുള്ളവരാണെന്ന് അദ്ദേഹംപറയുന്നതിന്റെ തത്വം അങ്ങിനെയാണ് ബോധപ്പെടുത്തേണ്ടതു്, ഓഹോ നടക്കട്ടെ, മുറസ്സു നടക്കട്ടെ. ഞാൻപോകുന്നു.

നര—വന്ദനം ഞാനും അകത്തേക്കു ചെല്ലട്ടെ.

# ഇരുപത്തിനാലാം അദ്ധ്യായം

ദൂരെ ഏതോ ദിക്കിൽ വെച്ചു നടത്തിയ വിവാഹം തങ്ങളുടെ സ്ഥിരതാമസസ്ഥലത്തേക്കു വിശ്വാസയോഗ്യമായിരിക്കുകയില്ലെന്നോ തങ്ങളുടെ അന്തസ്സിനു് അതുകൊണ്ടു മാത്രം പോരെന്നോ പിന്നെ എന്തെല്ലാമൊക്കെയോ കരുതി വൈദ്യനും ഭാൎയ്യയും കൂടി ഒരുമിച്ചു് ഒരു പരസ്യമായ ക്ഷേത്രദർശനവും ചെറുതായ രീതിയിലെങ്കിലും സമീപസ്ഥരായ ആളുകൾക്കു് എല്ലാവർക്കും ഒരു ഭക്ഷണസൽക്കാരവും നടത്തേണ്ടതിനു തീർച്ചയാക്കി. അടുത്ത ദിവസം രാവിലെ തന്നെ ഇവ രണ്ടും കഴിച്ചുവെക്കുന്നതിനും അവർ ഉദ്യമിച്ചു. നേരം പ്രഭാതമായപ്പോൾ തന്നെ നരഹരവൈദ്യൻ അയാളുടെ പ്രധാന സ്നേഹിതന്മാർക്കും അയൽവാസികൾക്കും ക്ഷണക്കത്തുകൾ അയച്ചു. ക്ഷേത്രദർശനത്തിനു് എല്ലാവരും ഒരുമിച്ചുപോയി മടങ്ങി വീട്ടിൽ എത്തി ഭക്ഷണം കഴിച്ചു പിരിയണമെന്നായിരുന്നു ക്ഷണക്കത്തിൽ പ്രസ്താവിച്ചിരുന്നതു്. അതിൻപ്രകാരം പലരും വന്നുചേർന്നു. അവർ പുതിയ ദമ്പതികളെ അനുമോദിക്കുകയും എല്ലാവരുമായി ക്ഷേത്രത്തിലേക്കു ആഘോഷപൂർവ്വം പുറപ്പെട്ടു് അവിടെ എത്തി സ്വാമിദർശനവും വഴിപാടുകളും നട

ത്തിയശേഷം യഥാവസരം വൈദ്യൻെറയും ഭാൎയ്യയുടെയും സന്താനസമ്പൽസമൃദ്ധിക്കായി ആശിസ്സുകൾ നൽകിയും വെച്ചു പിരിഞ്ഞുപോകയും ചെയ്തു.

ഇതിനിടെ അൽപമായ ഒരു വിശേഷസംഭവം നടക്കുന്നതിനിടയായതു കൂടി പ്രസ്താവിച്ചുകൊള്ളട്ടെ. ഇവർ ക്ഷേത്രത്തിൽനിന്നു് ആഘോഷപൂർവ്വം മടങ്ങി വരികയായിരുന്നപ്പോൾ പാലപ്പുള്ളി വലിയ യജമാനൻ ചെമ്പകശ്ശേരിയിൽനിന്നു പാലപ്പുള്ളിലേക്കു് ഒരു സാററുവണ്ടിയിൽ കയറി പുറപ്പെട്ടിരിക്കുകയായിരുന്നു. എന്തു ഘോഷയാത്രയാണു് നടക്കുന്നതെന്നു വലിയ യജമാനൻ സൂക്ഷിച്ചുനോക്കിയപ്പോൾ തൻെറ ദുസ്സാമത്ഥ്യക്കാരിയായ പുത്രിയേയും തൻെറ ജന്മശത്രുവായിത്തീർന്നിരിക്കുന്ന നരഹരവൈദ്യനേയും ആൾക്കൂട്ടത്തിൻെറ മദ്ധ്യത്തിൽ വിശേഷാലങ്കാരങ്ങളോടു കൂടി കണ്ടു് അദ്ദേഹം പല്ലു കടിക്കുകയും വടിഎടുത്തു വണ്ടിയുടെ വശത്തു അടിക്കുകയും ശക്തിയോടും വെറുപ്പോടും കൂടി കാൽകൊണ്ടു വണ്ടിയെ തൊഴിക്കുകയും ചെയ്തു. ഈ ചാപല്യങ്ങൾ കണ്ടു വൈദ്യൻ ജയഭാവം നടിക്കുകയും പ്രിയതമയുടെ മുഖത്തേക്കു സഗർവം നോക്കുകയും ചെയ്തപ്പോൾ കാമവല്ലി യഥാത്ഥമായ കണ്ണിതവും ഭയവുമാണു്. പ്രദർശിപ്പിച്ചതു്.

കാമ—പ്രിയപ്പെട്ട ഭത്താവെ, ഞാൻ എന്തൊക്കെ തോന്ന്യാസം പ്രവർത്തിച്ചാലും അച്ഛൻെറ ദർശനമാത്രയിൽ ഭയപ്പെടാതിരിക്കുന്നില്ല. അദ്ദേഹത്തിൻെറ ഈ വികൃതചേഷ്ടകളെല്ലാം കാണുമ്പോൾ എനിക്കു മനസ്താപം തോന്നുന്നുമുണ്ടു്. ഞാൻ വാസ്തവമായും യാതൊരപരാധകൃത്യവും പ്രവർത്തിച്ചിട്ടില്ലല്ലൊ എന്നുള്ള സമാധാനമാണു് എനിക്കുള്ളതു്. നിരർത്ഥകമായ സാമുദായികാചാരത്തെ അല്പം ലംഘിച്ചു പ്രവർത്തിച്ചു എന്നുള്ളതു മാത്രമാ

ണല്ലൊ എന്റെ ദുഷ്കൃത്യം. ഇതുകൊണ്ടു മാത്രമെ ഞാൻ എന്റെ മിത്രങ്ങളുടെ ദൃഷ്ടിയിൽ അപരാധിനിയായിത്തീൎന്നിട്ടുമുള്ളു. ഇതു കാലചക്രമേണ നീങ്ങിപ്പോകുന്ന ഒരു അവമതിയാണെന്നു് എനിക്കു പൂൎണ്ണമായി അറിയാം. അപ്പോൾ എന്റെ അച്ഛന്റെ പരിഭവവും അവസാനിച്ചുകൊള്ളും.

നര—പ്രിയെ, ഭവതി ഇത്രവളരെ പശ്ചാത്താപപ്പെടത്തക്ക കൃത്യം ഒന്നും ചെയ്തിട്ടില്ലല്ലൊ. മൗനമായി കാലക്ഷേപം കഴിച്ചുവന്നിരുന്ന ആൾ, അപ്രകാരം തന്നെ മേലും കഴിച്ചുകൊണ്ടിരിക്കാൻ തക്ക പ്രവൃത്തി മാത്രമെ ഭവതി ചെയ്തിട്ടുള്ളു. എല്ലാ പരിഭവങ്ങളും യഥാകാലം നീങ്ങി ഭവതിയുടെ സ്വജനങ്ങൾ നമ്മെ അനുമോദിക്കാതിരിക്കയില്ല. ഭവതി ഉത്സാഹത്തോടുകൂടി ഇരിക്കുക.

ഇങ്ങനെ ഒരു സംഭാഷണത്തിനും പരിഭ്രമത്തിനും കൂടി വിവാഹാഘോഷവേളയിൽ കാരണം ഉണ്ടായിട്ടുണ്ടായിരുന്നു.

ക്ഷണിക്കപ്പെട്ടിരുന്നവരെല്ലാവരും പിരിഞ്ഞുപോയശേഷം നരഹരവൈദ്യൻ രോഗികളെ നോക്കാനായി പുറത്തേക്കു് ഇറങ്ങി. ഒരാഴ്ചയോളം വൈദ്യൻ അവിടെ ഇല്ലായിരുന്നതുകൊണ്ടു പതിവുചികിത്സയിൽ ഉൾപ്പെട്ടിരുന്നവൎക്കെല്ലാം അയാളെ കാണുന്നതിനു വലിയ ക്ഷമക്കേടുണ്ടായിരുന്നു. വഴിമദ്ധ്യേ അയാൾക്കു പോലീസ്സ്റ്റേഷന്റെ പടിക്കൽ കൂടെയാണു് പോകേണ്ടിയിരുന്നതു്. വൈദ്യൻ അവിടെ എത്തിയപ്പോൾ മദ്ധ്യവയസ്കനും ഉഗ്രനേത്രനും ആയ ഒരു പുരുഷൻ സ്റ്റേഷന്റെ പടിക്കൽ നില്ക്കുന്നുണ്ടായിരുന്നു. അതാണു് പുതിയ ഇൻസ്പെക്ടർ. ആ ആളെ കണ്ടു വൈദ്യൻ തിരിഞ്ഞുനിന്നു.

നര—എനിക്കു് ഇൻസ്പെക്ടരദ്ദേഹത്തെ കാണാമൊ?

ഇ—നിങ്ങൾ കാണുന്നതു് ആ ആളെത്തന്നെയാണു്. അതു ഞാൻ തന്നെ.

നര—അങ്ങു് എന്നെ ആവശ്യപ്പെടുന്നതായി കേട്ടു; നരഹരവൈദ്യനെ.

ഇ—ഓഹോ, ശരിതന്നെ. വരണം അകത്തേക്കു പോകാം.

രണ്ടുപേരും കൂടി ഒരു ചെറിയ മുറിയിൽ പോയി. അവിടെ ഇരുന്നു.

നര—ഇന്നലെ രാത്രിയിൽ ഒരു കാൺസ്റ്റബിൾ വീട്ടിൽ വന്നിരുന്നു. ഏതാനും ദിവസം മുമ്പു് ഈ സ്ഥലത്തു നടന്ന ആ ദുർമ്മരണക്കേസിനെപ്പററി അങ്ങേയ്ക്കു എന്നോടു എന്തോ ആലോചിക്കാനുണ്ടെന്നാണു് അയാൾ പറഞ്ഞതു്. മുമ്പിലത്തേക്കാൾ കൂടുതലായി യാതൊന്നും എനിക്കറിഞ്ഞുകൂടാ. അറിഞ്ഞിടത്തോളം കാര്യങ്ങൾ ആ അവസരത്തിൽ തന്നെപഴയ ഇൻസ്പെക്ടരോടു ഞാൻ പറഞ്ഞിട്ടുണ്ടായിരുന്നു.

ഇ—ശരിതന്നെ അതിനെപ്പററിയല്ല. നിങ്ങൾ കൂടുതൽ വിവരം ഗ്രഹിച്ചിരിക്കുമെന്നു ഞാൻ ശങ്കിച്ചുമില്ല. എനിക്കു് ഇപ്പോൾ ആവശ്യമുള്ളതു നിങ്ങൾക്കറിയാവുന്നിടത്തോളം സംഗതികൾ നിങ്ങൾതന്നെ സാവധാനമായി എന്നോടു പറയുകയാണു്. ആ കേസു വളരെ കുഴപ്പത്തിൽ അകപ്പെട്ടുകളഞ്ഞു എന്നാണു ഞാൻ വിചാരിക്കുന്നതു്.

നര—അഹാ, നിങ്ങളുടെ അഭിപ്രായം അങ്ങിനെയാണോ?

ഇ—അതെ, അതെ, സംശയമില്ല. ശരിയായഅന്വേഷണം അന്നു നടത്തിയിരുന്നു എങ്കിൽ കേസ് ഒരിക്കലും തെളിയാതെ പോകുകയില്ലായിരുന്നു എന്നു തന്നെയാണു് എന്റെ ബലമായ അഭിപ്രായം.

നര—ഏതോ എനിക്ക് ആ അഭിപ്രായമില്ല. അന്വേഷണം നടത്തിയതിൽ ക്രൂരതലായി എന്തെങ്കിലും സാധിക്കുമെന്ന് എനിക്ക തോന്നുന്നില്ല.

ഇ—ഇവിടെ വന്ന കുട്ടിയെ കൊണ്ടുപോയ ആ ഭഗവതി ആരെന്നുപോലും അവർ ഇതുവരെ അന്വേഷിച്ചറിഞ്ഞിട്ടില്ലല്ലോ. ഇങ്ങനെയാണോ വേണ്ടതു്?

നര—ആ ഭാഗം വാസ്തവംതന്നെ. എന്നാൽ ഒരുകാൎയ്യം എനിക്കറിയാം. ആയിരം ഭഗവതിഅമ്മമാരെ കണ്ടു് അവർ അന്വേഷണം നടത്തി. പക്ഷെ, വാസ്തവത്തിൽ കിട്ടേണ്ടതായ ആളെ കിട്ടുകയില്ലെന്നേഉള്ളു. അതുകൊണ്ടു് ഇവിടെ വന്ന കുട്ടിയെ കൊണ്ടുപോയ സ്ത്രീയുടെ പേരു ഭഗവതിയമ്മ എന്നായിരിക്കണമെന്നാണു് ഒടുവിൽ അവർ തീർച്ചപ്പെടുത്തിയതു്.

ഇ—ദീനക്കാരി എഴുതിഅയച്ചിരുന്നതു് ഈ മേൽവിലാസത്തിൽ ആയിരുന്നല്ലോ.

നര—അതും കൃത്രിമത്തിൽ ഒരു ഭാഗമായിരുന്നിരിക്കാം. ഒരു കാൎയ്യം തീർച്ചതന്നെ. അതായതു് ആ സ്ത്രീ ആളറിയിക്കാതെ കഴിച്ചുകൂട്ടാനാണ നിശ്ചയിച്ചിരുന്നതു്. എനിക്കു് ഇങ്ങനെകൂടി തോന്നുന്നുണ്ടു്. രണ്ടു സ്ത്രീകളും ലാടപുരത്തുനിന്നല്ല വന്നിട്ടുള്ളതും. അവരുടെ ഇവിടുത്തെ നടപടി മുഴുവൻ കൃത്രിമമായിരുന്നു എന്നു ഞാൻ ബലമായി അഭിപ്രായപ്പെടാം.

നരഹരവൈദ്യൻെറ മുഖത്തു കുറേശ്ശയായി വന്നുകൊണ്ടിരുന്ന ഭാവഭേദം ബുദ്ധിമാനും സൂക്ഷ്മദർശിയുമായ ഇൻസ്പെക്ടർ ഗൗനിക്കാതിരുന്നില്ല. വൈദ്യൻെറ മുഖം വിറയ്ക്കുന്നതായി ഇൻസ്പെക്ടർ കണ്ടു.

നര—ഏതായാലും ഇത്രത്തോളം ചീഞ്ഞു നാറിയ ഒരു കേസ് ഞാൻ കേട്ടിട്ടില്ല. ഇങ്ങനെ ഒന്നു് ഇനി ഉണ്ടാകുമെന്നു തോന്നുന്നുമില്ല. ചിലരെല്ലാം എന്നെക്കൂടി ഇതിൽ സംബന്ധിപ്പിച്ചു പറയാറുള്ളതായി എനിക്കറിയാം. അതിന്റെ കാരണം മറ്റൊന്നുമല്ല. ഞാൻ ഒരു നല്ല വൈദ്യനാണെന്നും എന്നെക്കൊണ്ടല്ലാതെ ചികിത്സിപ്പിക്കരുതെന്നും ആ സ്ത്രീയോടു് അവരുടെ പരിചയക്കാരിൽ ആരോ ചിലർ ഉപദേശിച്ചിരുന്നുപോലും.

ഇ—അങ്ങനെ അവരോടു പറഞ്ഞതു് ആരെന്നു നിങ്ങൾക്കു് അറിഞ്ഞുകൂടാ, അല്ലേ?

നര—അറിഞ്ഞുകൂടാ. ലാടപുരത്തുള്ള എല്ലാ സ്നേഹിതന്മാരോടും ഞാൻ എഴുത്തു മുഖേന തിരക്കയും ചെയ്തു. അവരിൽ ആരും ഇങ്ങനെ ഒരു സ്ത്രീയോടു് എന്നെപ്പററി പറഞ്ഞിട്ടുള്ളതായി പറയുന്നില്ല. സ്നേഹലതാമ്മയെന്നൊരു ചെറുപ്പക്കാരിയെ ഈ തരത്തിൽ അവരിൽ ആരുംതന്നെ അറിയുകയുമില്ല.

ഇ—സ്ത്രീയുടെ വാസ്തവമായ പേരു് ഇതുതന്നെയോ എന്നുള്ളതും സംശയമാണല്ലോ.

നര—അതും സത്യംതന്നെ. മറേറ സ്ത്രീയുടെ പേരു ഭഗവതിയമ്മയെന്നാണെന്നു പറഞ്ഞിട്ടുള്ളതുപോലെയായിരിക്കാമിതും. എങ്ങനെ നിശ്ചയിക്കാം. ആ സ്ത്രീ മരിച്ചു എന്നുള്ളതൊഴികെ മറെറല്ലാം അവരെ സംബന്ധിച്ചിടത്തോളം സംശയാസ്പദങ്ങളാണു്. കഷ്ടംതന്നെ. എന്താണു് നിവൃത്തി?

ഇ—നിങ്ങളുടെ അഭിപ്രായമെന്താണു്? നിങ്ങളുടെ സ്വന്ത അഭിപ്രായത്തെപ്പററിയാണു് ഞാൻ ചോദിക്കുന്നതു്.

നര—ഏതു സംഗതിയെപ്പററിയുള്ള എൻെറ അഭിപ്രായമാണ് അങ്ങേയ്ക്കു കേൾക്കേണ്ടതു്?

ഇ—മരണഹേതുവിനെപ്പററി—അതേ, ഉറക്കത്തിനായുള്ള മരുന്നു കുടിച്ചു മരിച്ചു എന്നുള്ളതു് എല്ലാവരും കേട്ടിട്ടുള്ളതാണ്. എന്നാൽ ആ വിഷദ്രവ്യം അതിൽ ചേർന്നതെങ്ങനെ? ആരു് അതു പ്രവത്തിച്ചിരിക്കും?

നര—എൻെറ അഭിപ്രായം—അതു തുറന്നു പറയുന്നതു് ഒട്ടും വിഹിതമല്ല—എങ്കിലും ഇങ്ങനെയാണെന്നു രഹസ്യമായി പറയാം. മരുന്നു് എടുത്തു കൊടുത്തയച്ചതിൽ അനാമയവൈദ്യനു പററിയ അബദ്ധമാണ് ഇതെന്നല്ലാതെ മററു വിധത്തിൽ ആയിരിക്കാൻ ഒരിക്കലും ഇടയില്ല. ഈ സംഗതിയിൽ രണ്ടഭിപ്രായത്തിനു ഞാൻഒരു വഴിയും കാണുന്നില്ല.

അനാമയവൈദ്യനിൽനിന്നു് ഇങ്ങനെ ഒരു ഗൗരവമേറിയ തെററു പുറപ്പെട്ടിരിക്കുമെന്നുള്ള ശങ്ക പുതിയ ഇൻസ്പെക്ടർക്കും ഒട്ടുംതന്നെ ഉണ്ടായിരുന്നില്ല.

ഇ—ഇരിക്കട്ടെ. ഞാൻ നിങ്ങളോടു പ്രത്യേകമായി ചോദിക്കാൻ വിചാരിച്ചിരുന്നതു നിങ്ങൾ അന്നു രാത്രിയിൽ ആ വീട്ടിനകത്തുവച്ചു കണ്ട ആൾരൂപത്തെപ്പററിയാണ്. അന്വേഷിച്ചറിയേണ്ടിയിരുന്നതു് ആ ഭാഗമാണ്. അതു് ഈ കേസിൻെറ നട്ടെല്ലാണെന്നാണ് എൻെറ അഭിപ്രായം.

നര—ഹേയ്, ഞാൻ ഒരു മനുഷ്യനേയും അവിടെ കണ്ടിരുന്നില്ല. ഒരു മുഖം കണ്ടതുപോലെ എനിക്കു തോന്നിയെന്നുള്ളതു വാസ്തവം തന്നെ. എന്നാൽ അതു വെറും മനസ്സംഭ്രാന്തിയായിരുന്നെന്നു ഞാൻ പിന്നീടു തീർച്ചപ്പെടുത്തി. ചന്ദ്രികയിൽ എനിക്കു യദൃച്ഛയാ ഉണ്ടായ ഒരു മിഥ്യാഭ്രമം മാത്രമെ ആയിരുന്നുള്ളു.

ഇ—ആൾ അവിടെ ഉണ്ടായിരുന്നില്ലെന്നു നിങ്ങൾ സത്യം ചെയ്യുമോ?

നര—ഇല്ല. അതിനു് എനിക്കു് ഇഷ്ടമില്ല. എങ്കിലും എന്റെ ദൃഢമായ വിശ്വാസം ആളോ മുഖമോ അവിടെ ഉണ്ടായിരുന്നില്ലെന്നു തന്നെയാണു്. എന്റെ കണ്ണുകൾ എന്നെ തെററിദ്ധരിപ്പിച്ചതായിരുന്നു.

ഇ—ഹേ, വൈദ്യൻ, അങ്ങിനെയല്ല. അവിടെ അപ്പോൾ ഒരാൾ ഉണ്ടായിരുന്നു എന്നുള്ളതിനും ആ ആളാണു് ഇങ്ങനെ പ്രവൎത്തിച്ചതെന്നുള്ളതിനും യാതൊരു തക്കവുമില്ല. മരുന്നു വന്നുചേൎന്നപ്പോൾതന്നെ വിഷഗന്ധം അതിനുണ്ടായിരുന്നു എന്നു നിങ്ങൾ ഇപ്പോൾ എതിരുവാദം ചെയ്യുമെന്നു് എനിക്കു് അറിയാം. ആ ഭാഗം ഞാൻ വകവെയ്ക്കുന്നില്ല. അതു് ഒരു വലിയ കുഴപ്പമായ സംഗതിയാണെന്നു് ആദ്യം തോന്നിയേക്കാം. എന്നാൽ കേസു മുഴുവൻ ഞാൻ തിരിച്ചും മറിച്ചും പഠിച്ചിരിക്കുന്നതിനാൽ ആ പോയിന്റു ഖണ്ഡിക്കുന്നതിനു് ഞാൻ മാൎഗ്ഗം കണ്ടിട്ടുണ്ടു്. ആ വാദത്തെ ഞാൻ ലേശംപോലും ആദരിക്കുന്നില്ല.

നര—ഇല്ലാത്ത കാര്യം ഞാൻ മനഃപൂർവമായി പറഞ്ഞുണ്ടാക്കി എന്നാണോ അങ്ങയുടെ അഭിപ്രായം.

ഇ—എന്താണിങ്ങനെ ശങ്കിക്കുന്നതു്? ഞാൻ്ഒരിക്കലും അനാവശ്യമായി അങ്ങനെ വിചാരിക്കുകയില്ല. ഈ കേസ്സ് തെളിവിൽ വരുത്തുന്നതിനു നിങ്ങൾഞങ്ങളോളം തന്നെ മനഃപൂർവമായി ഉത്സാഹിക്കുന്ന ഒരാളാണെന്നാണ് എന്റെ വിശ്വാസം. വിഷഗന്ധം ഉള്ളതായി നിങ്ങൾക്കു തോന്നിയിരിക്കാം. എന്നാൽ വാസ്തവത്തിൽ വിഷഘ്റാണം ഉണ്ടായിരുന്നിരിക്കയില്ല. എന്തെന്നാൽ വിഷം അതിൽ ഉണ്ടായിരുന്നില്ലല്ലോ. മനുഷ്യന്റെ മൂക്കു് എത്ര

മാത്രം ചതിവു ചെയ്യുന്ന ഒരു അവയവമാണെന്നു് എനിക്കറിയാം. വിഷമണം ഉണ്ടായിരുന്നില്ലെന്നല്ലേ അന്നു് അവിടെ ഉണ്ടായിരുന്ന സൂതികർമ്മിണിക്കു് അപ്പോൾ തോന്നിയതു്. അവരെ ഞാൻ ഇവിടെ വരുത്തിയിരുന്നു. അന്നു് അവർ സ്വല്പം കുടിച്ചിരുന്നതായി അവർ തന്നെ സമ്മതിക്കുന്നുണ്ടു്. എങ്കിലും അതുകൊണ്ടു മണങ്ങൾ അറിയാതെപോകാൻ കാരണമില്ല. അവരുടെ ഘ്റാണേന്ദ്രിയത്തിനു നിങ്ങളുടേതിനേക്കാൾ യാതൊരു ബലഹീനതയും ഇല്ലെന്നുള്ളതും തീർച്ചയാണു്.

നര—അതു് അസംബന്ധമാണു്. ഞാൻ ഒരു വൈദ്യനല്ലേ. ഔഷധഗന്ധം എന്നോളം സൂക്ഷ്മമായി അറിയുന്നതിനു് അവൾക്കു കഴിവുണ്ടാകുന്നതെങ്ങനെയാണെന്നു ഞാൻ അറിയുന്നില്ല.

ഇ—അതു തന്നെയാണു് എന്റെയും വാദം. ഔഷധങ്ങളുമായി സദാ ഇടപെട്ടുകൊണ്ടിരിക്കുന്ന നിങ്ങൾക്കു ചിലപ്പോൾ ഇങ്ങനെ ഇല്ലാത്ത മണം ഉള്ളതായും തോന്നിയേക്കാം. ഈ വിഷയത്തിൽ കേവലം പരിചയമില്ലാത്ത ഒരാൾക്കു് ആ അബദ്ധം അത്രതന്നെ പററുകയില്ല. നിങ്ങൾ എപ്പോഴും ഓരോരോ മരുന്നുകളുംവിഷങ്ങളും എല്ലാം എടുക്കുകയും വെയ്ക്കുകയും ചെയ്യുന്ന ആളല്ലേ. അങ്ങനെയുള്ള ആൾക്കു് ഈ തോന്നൽ ആദ്യമെ ഉണ്ടായതല്ലേ എന്നാണു് എന്റെ സംശയം. മരുന്നു് അവിടെ കൊണ്ടുവന്നപ്പോൾ അതിനു വിശേഷവിധിയായ മണം ഒന്നുമുണ്ടായിരുന്നില്ല, നിശ്ചയംതന്നെ.

നര—അല്ല, ഉണ്ടായിരുന്നു. ഞാനല്ലേ മണപ്പിച്ചു നോക്കിയതു്.

ഇ—അതിനു സമാധാനം ഞാൻ പറഞ്ഞുകഴിഞ്ഞതല്ലോ. മണം ഇല്ലായിരുന്നു. നിശ്ചയമായി ഇല്ലായിരുന്നു.

നിങ്ങൾ അന്ന് അവിടെ കണ്ട ആൾ നിങ്ങൾ പോയ തിൽ പിന്നെ വിഷം കലത്തിയതാണ്, തർക്കമില്ല.

ഇൻസ്പെക്ടരുടെ വിശ്വാസത്തെ ചലിപ്പിക്കുന്നതു ദുഷ്കരമായ കാൎയ്യമാണെന്നു നരഹരവൈദ്യനു തോന്നുക യാൽ അയാൾ പിന്നീടൊന്നും വാദിച്ചില്ല. താൻ രണ്ടാമതൊ രിക്കലും ആ രൂപം കാണുകയുണ്ടായല്ലോ എന്നുള്ള ഓൎമ്മ വൈദ്യ ന്റെ ഉള്ളിൽ അപ്പോൾ കടന്നു കൂടിയിരിക്കുമോ എന്നും സംശയിക്കേണ്ടിയിരിക്കുന്നു. ആ സ്ഥിതിക്ക് ആളെ കണ്ടിട്ടില്ലാ യിരുന്നു എന്ന് അയാൾ എങ്ങനെയാണ് വീണ്ടും വാദി ക്കുക? ഏതെങ്കിലും ഇങ്ങനെ ഒരാൾ ഉണ്ടാകാതിരുന്നെ ങ്കിൽ മതിയായിരുന്നു എന്ന് അയാൾ ആത്മാൎത്ഥമായി താൽ പൎയ്യപ്പെട്ടു.

നര—നിങ്ങൾക്ക് ഇത്രമാത്രമെ എന്നോടു ചോദിക്കാ നുള്ളോ? എനിക്ക് ഇന്നു വളരെ ബദ്ധപ്പാടുണ്ട്. ഇന്നത്തെ എന്റെ സമയം എനിക്കുള്ളതല്ല.

ഇ—എനിക്കു ഇതു മാത്രമല്ല ചോദിക്കാനുള്ളതു്. ആ കേസ്സിനെപ്പററി നിങ്ങൾ അറിഞ്ഞിട്ടുള്ളതെല്ലാം എന്റെ അടുക്കൽ വിശദമായി പറയുകകൂടി ചെയ്യണം. അനാമയ വൈദ്യനോടും മററു ചിലരോടും ഞാൻ ചോദിച്ചു കഴിഞ്ഞു. നിങ്ങൾ കണ്ടിട്ടുള്ളതു കൂടി കേൾക്കട്ടെ. പല രിൽ നിന്നു കിട്ടുന്ന പല വാക്കുകൾകൊണ്ടു ചില കുഴഞ്ഞ കേസ്സുകൾ പെട്ടെന്നു തെളിവിൽ വരാറുണ്ടെന്നു നിങ്ങൾ കേട്ടിരിക്കുമല്ലോ. നിങ്ങൾ ആ സ്ത്രീയെ ആദ്യം കണ്ടതു് ഞായറാഴ്ച രാത്രിയിലായിരുന്നു അല്ലെ? അവർ എഴുതി അയച്ച എഴുത്തു നിങ്ങൾ സൂക്ഷിക്കാതെയിരുന്നതു വലിയ സങ്കടം തന്നെ.

നര—അതു പിന്നൊരിക്കൽ ഉപയോഗപ്പെട്ടേക്കു മെന്ന് ആരു വിചാരിച്ചു? എന്നു മാത്രമല്ലാ ഉണ്ടായിരുന്നെ

ങ്കിൽ തന്നെയും അതുകൊണ്ടു വല്ല പ്രയോജനവും ഉണ്ടാകും മായിരുന്നു എന്ന് എനിക്ക് തോന്നുന്നുമില്ല.

ഇ—അറിയാവുന്നവെൻറ പക്കൽ കിട്ടുന്ന ഓരോ കട ലാസ്സു തുണ്ടും വിലയുള്ളതാണ്. നിങ്ങൾ ശേഷം കാര്യങ്ങൾ പറയുക.

താൻ അറിഞ്ഞിരുന്നതെല്ലാം നരഹരവൈദ്യൻ വിശദമായി പറഞ്ഞു കേൾപ്പിച്ചു. ഇൻസ്പെക്ടർ അത്യന്തം ശ്രദ്ധയോടു കൂടി അതു മുഴുവൻ കേൾക്കുകയും ഇടയ്ക്ക് ഒന്നു രണ്ടു തവണ കടലാസ്സിൽ എന്തോ കുറിച്ചെ ടുക്കുകയും ചെയ്തു.

ഇ—നിങ്ങൾക്ക് ഇത്രയുമെല്ലാമെ അറിയാവോ?

നര—എനിക്ക് ഇതിൽ കൂടുതലായി ഒന്നും ഇതിനെ സംബന്ധിച്ച് അറിഞ്ഞു കൂടാ.

ഇ—വിപരീതങ്ങളായ രണ്ടു സംഗതികൾ ഇതിൽ സംബന്ധിക്കുന്നില്ലായിരുന്നെങ്കിൽ ഈ കേസ്സ് തീരെ സാരമില്ലാത്ത ഒന്നായി ഗണിക്കപ്പെടാമായിരുന്നു. അനാമയ വൈദ്യൻ മരുന്നെടുത്തുകൊണ്ടു കൊടുത്തയച്ചതിൽ തെററു പ്രവത്തിച്ചിരിക്കുമെന്നുള്ള സംശയമാണ് ഒരു സംഗതി നിങ്ങൾ അവിടെ കണ്ട മുഖത്തിൻെറ കാര്യമാണ് വേറൊന്ന് ഇവ രണ്ടും ദുർഗ്രഹങ്ങളായിട്ടാണിരിക്കുന്നതു്.

നര—മുഖം ഉണ്ടായിരുന്നില്ലന്നു ഞാൻ ഉറപ്പായി പറയുന്നുവല്ലോ

ഇ—നിങ്ങൾ ഇപ്പോൾ അങ്ങിനെ വിശ്വസിക്കുന്നു എന്നുള്ളതു വാസ്തവം തന്നെ. എന്നാൽ അപ്പോഴത്തെ ബോധം ഇതല്ലായിരുന്നല്ലോ. അതിനാലല്ലെ ആ കാര്യത്തെ പ്പററി നിങ്ങൾ ലക്ഷ്മിഅമ്മയോട് അപ്പോൾ ചോദി ച്ചതു്? ഈ കാര്യം ഊർജ്ജിതമായി ഒന്ന് അന്വേഷിക്കുന്ന തിനാണ് ഞാൻ തീർച്ചയാക്കിയിട്ടുള്ളതു്. അവിടെ അൽ

ഉണ്ടായിരുന്നു എന്നുള്ളതിനു ഞാൻ എന്തു പന്തയവും കെട്ടാൻ തയാറാണ്.

നര—നിങ്ങളുടെ ഇഷ്ടം പോലെ ആകട്ടെ. എന്നെക്കൊണ്ടുള്ള ആവശ്യം തീർന്നിരിക്കുമോ?

ഇ—ഉവ്വ്. തീർന്നു. വളരെ വന്ദനം. എന്തെങ്കിലും അറിയുന്ന പക്ഷം ഉടൻ നിങ്ങളെക്കൂടി ഗ്രഹിപ്പിക്കാം. എന്നാൽ ഇപ്പോൾ പിരിയാം.

അയാൾ അതിവേഗത്തിൽ നടന്നു വൻവഴി പട്ടണത്തിലേക്കുള്ള റോഡിലേക്കു തിരിഞ്ഞു. ആ സമയത്ത് അവിടെക്കൂടി കടന്നുപോയ ഒരു വണ്ടിയുമായി കണ്ടുമുട്ടാതിരിക്കാൻ വേണ്ടി അയാൾ സ്വല്പം ബദ്ധപ്പെടേണ്ടി വന്നു. അതിൽ ഒരു തടിച്ച സ്ത്രീയാണ് ഇരുന്നിരുന്നത്. സാമാന്യം അന്തസ്സുള്ള ഒരാളായി കാണപ്പെട്ട ആ പുരുഷൻ എന്തുദ്ദേശത്തിനായി അപ്രകാരം ഒഴിഞ്ഞു മാറി എന്ന് ആ സ്ത്രീ വിസ്മയിച്ചു. ഈ പുരുഷൻ തനിക്കു കർണ്ണശൂലമായ പേരോടുകൂടിയ നരഹരവൈദ്യൻ ആണെന്നുള്ള അറിവു അവൾക്കപ്പോൾ ഉണ്ടായില്ല.

വണ്ടിയേയും അതിനകത്തുണ്ടായിരുന്ന ആളേയും പററി പിന്നെ ഒന്നും ഓർമ്മിക്കാതെ വൈദ്യൻ നടന്നു പോയി, അയാൾ ഒരു രോഗിയെ കാണാൻ വേണ്ടി പോകുകയായിരുന്നു. വഴിമദ്ധ്യേ വെച്ച് അയാൾ കണ്ട വണ്ടിയും ആളും അവിടെ നിന്നു. വീണ്ടും യാത്ര തുടർന്ന് അമ്മിണിഅമ്മാളുടെ പടിക്കൽ എത്തി, അമ്മാൾ അവിടെ നില്ക്കുന്നുണ്ടായിരുന്നു.

സ്ത്രീ—അമ്മാ, ചെമ്പകശ്ശേരി വീട്ടിലേക്കുള്ള വഴി ഏതാണ്?

അമ്മിണിഅമ്മാൾ ആദരവോടുകൂടി വഴി പറഞ്ഞു കൊടുത്തതനുസരിച്ചു വണ്ടി പിന്നെയും പുറപ്പെട്ടു. എങ്കിലും

കറെ ദൂരം ചെന്നപ്പോൾ അതിലെ ആളുകൾക്കു ചെമ്പകശ്ശേരിവീടിനെപ്പററി വീണ്ടും സംശയമുണ്ടായി. അവർ അപ്പോൾ എത്തിയിരുന്ന സ്ഥലത്തു റോഡിൻെറ അരികിലായി ഒരു നല്ല മേട കണ്ടു് അതു തങ്ങൾ അന്വേഷിച്ചു പോകുന്ന വീടായിരിക്കാമെന്നുസംശയിച്ചു് ആ വീടിൻെറ പടിക്കൽ വണ്ടി നിത്തി. അപ്പോൾ ആ വീട്ടിലെ നായിക ജന്നലിൽ കൂടി റോഡിലേക്കു നോക്കുകയും പടിക്കൽ നിന്നിരുന്ന വണ്ടി കാണുകയും ചെയ്തു. അകത്തു നിന്നു നോക്കിയ സ്ത്രീ കാമവല്ലിയായിരുന്നു. വീട്ടു് അവളുടെ ഭർത്താവിൻെറ താമസസ്ഥലമാണെന്നു് ഇനി വിശേഷിച്ചു പറയണമെന്നില്ലല്ലോ. വണ്ടിയിൽ ഇരുന്നിരുന്നതു് ഇന്നാരാണെന്നു് അവൾക്കു് പെട്ടെന്നു മനസ്സിലായി. ആ ആൾ അവളെയും അപ്രകാരം തന്നെ പെട്ടെന്നു മനസ്സിലാക്കി. വണ്ടിയിലെ സ്ത്രീ കോപഭാവം പ്രദർശിപ്പിക്കുകയും ഉടൻ തന്നെ വിടാൻ കോച്ചുമാനോടു് ആജ്ഞാപിക്കുകയും ചെയ്തു.

# ഇരുപത്തിയഞ്ചാം അദ്ധ്യായം.

വലിയജമാനൻ ചെമ്പകശ്ശേരിയിൽ മടങ്ങിവന്നിട്ടു വളരെ കുറച്ചു ദിവസമെ അവിടെ താമസിച്ചുള്ളു. മേലാൽ കാൎയ്യാദികൾ എങ്ങനെയെല്ലാം നടത്തണമെന്നു വിശാലാക്ഷിയുമായി ആലോചിക്കാനായിട്ടായിരുന്നു അദ്ദേഹം വന്നതു്. പാലപ്പള്ളി വീട്ടു് ആൎക്കെങ്കിലും വാടകയ്ക്കു കൊടുക്കാനെ അദ്ദേഹത്തിനു തരമുണ്ടായിരുന്നുള്ളു. അദ്ദേഹത്തിനു യജമാനസ്ഥാനം ലഭിച്ചുവെന്നുള്ളതുവാസ്തവംതന്നെ. എന്നാൽ തൽസംബന്ധമായി അനവധിവസ്തുവകകൾഉണ്ടായിരുന്നവയുടെ അവകാശം അദ്ദേഹത്തിനു ലഭിച്ചില്ല. ഏതാനും വസ്തുക്കളുടെ കൈവശം അദ്ദേഹത്തിനു് ഉടനടി കിട്ടാതിരുന്നുമില്ല. ഇവയിൽനിന്നുള്ള ആദായം അദ്ദേഹത്തെ സാമാന്യം നല്ല ഒരു സ്വത്തുകാരനാക്കിത്തീൎക്കുന്നതിനു മതിയായുമിരുന്നു. തന്റെ മുമ്പിലത്തെ സ്ഥിതിയെപ്പററി ചിന്തിക്കുന്നതായാൽ ഇപ്പോൾ കിട്ടിയിരിക്കുന്ന സ്വത്തു് ഒരു വലിയ നിധിതന്നെയാണെന്നുള്ളതിനു തൎക്കമില്ല. മരിച്ചുപോയ യജമാനനു സ്വാൎജ്ജിതമായി ഒട്ടധികം മുതൽ ഉണ്ടായിരുന്നു. ഇതൊന്നും സ്ഥാനലബ്ധിയോടുകൂടി പുതിയ യജാമനനു ലഭിച്ചില്ല. ഇതു കിട്ടിയിരുന്നാൽ തന്നെയും

അദ്ദേഹം വലിയ യജമാനൻ എന്ന ഉന്നതപദവിക്കു് അനുസരണമായ ഒരു ധനികൻ ആയിത്തീരുമായിരുന്നില്ല. പാലപ്പള്ളി വീട്ടു വാടകയ്ക്കു കൊടുക്കുക തന്നെയാണു വേണ്ടതെന്നു് അദ്ദേഹം മകളോടു് അഭിപ്രായപ്പെട്ടു. അത്ര വലിയ ഒരു ഗൃഹത്തിൽ താമസിക്കുകയും അതനുസരണമായി ഭൃത്യരേയും മററും ഏർപ്പെടുത്തുകയും ചെയ്യുന്ന പക്ഷം ചെലവിനു മതിയാകാതെ വന്നേക്കുമെന്നു വലിയ യജമാനനു ശങ്കയുണ്ടായതുകൊണ്ടു് ആ സ്ഥലം വാടകയ്ക്കു കൊടുത്തും വെച്ചു ലാടപുരത്തു താമസമാക്കിക്കൊള്ളാമെന്നായിരുന്നു അദ്ദേഹത്തിൻെറ ആലോചന. വിശാലാക്ഷിയുടെ അപ്പോഴത്തെ മനഃസ്ഥിതി അച്ഛൻ എങ്ങിനെ നിശ്ചയിക്കുന്നോ അങ്ങനെ താൻ സമ്മതിക്കുക എന്നെ ആയിരുന്നുള്ളു. കാമവല്ലിയുടെ ദുഷ്കൃത്യം ഹേതുവായി അവൾക്കു് അത്രമാത്രം മനസ്സിടിവു പററിയിരുന്നു. ഈ കാരണത്താൽ പുതിയ സ്ഥാനമാനവും സ്വത്തും ഒന്നും അവളെ ഉൽസാഹമുള്ളവളാക്കിത്തീർത്തില്ല. അവരുടെ കുടുംബത്തോടു കറെ നാളായി ഒരു കളങ്കം സംബന്ധിച്ചിട്ടുണ്ടായിരുന്നു. എന്നാൽ പുതിയ ഐശ്വര്യലാഭത്തോടു കൂടി ഇതു പൂർണ്ണമായി മാറിപ്പോകുമെന്നു് അവൾ ആഗ്രഹിച്ചു. അച്ഛൻെറ ഒററ വാക്കു് ആ കളങ്കത്തെ നിശ്ശേഷം ഹനിക്കുമെന്നായിരുന്നു അവളുടെ നിശ്ചയം. പോയ ആളെ തിരിയെ വരുത്തുന്നതിനു് അച്ഛൻെറ സമ്മതമല്ലാതെ മറെറാന്നും വേണ്ടിയിരുന്നില്ലെന്നു് അവൾ തീർച്ചയാക്കിരുന്നു. എങ്കിലും ആ വാക്കു കിട്ടുവാൻ വേണ്ടി അച്ഛനോടു അപേക്ഷിക്കുവാൻ അവൾക്കു ധൈര്യമുണ്ടായില്ല. ആ കാര്യം ഏററവും വിരസമായ ഒന്നായിരുന്നു. തന്നോടു് ഒരിക്കലും അതിനെപ്പററി സൂചിപ്പിക്കുകപോലും ചെയ്യുപോകരുതെന്നായിരുന്നു പണ്ടേ തന്നെ അച്

ഛൻ അവളോട്ട നിർബന്ധപൂർവം ചട്ടംകെട്ടിയിരുന്നു. ഇതു ഹേതുവായി അച്ഛനു തന്നോട് അല്പം പരിഭവം ഇല്ലേ എന്നു കൂടി വിശാലാക്ഷി ഭയപ്പെടാറുണ്ടായിരുന്നു. എന്നാൽ ഇപ്പോൾ അവർക്ക് അപ്രതീക്ഷിതമായ വലിയ ഭാഗ്യം സിദ്ധിച്ചിരിക്കുന്ന ശുഭകാലമാകയാൽ അച്ഛന്റെ പൂർവനിദേശത്തെ അതിലംഘിച്ച് ആ കാര്യത്തെപ്പററി അദ്ദേഹത്തോട് യഥാവസരം പ്രസ്താവിക്കണമെന്നും അവൾ ആഗ്രഹിക്കാതിരുന്നില്ല. പാലപ്പുള്ളിൽ പോയിരുന്നപ്പോൾ അച്ഛനോട്ട ഈ കാര്യം പറയുന്നതിനു് അവൾക്ക് സൗകര്യമുണ്ടായിരുന്നില്ലല്ലോ. എന്നാൽ അവൾ ഒരു സഹോദരിയുടെ ദുഷ്കൃത്യത്തെപ്പററി പറയാനല്ലല്ലൊ ചെന്നിട്ടുള്ളതു്? അപ്പോൾ വേറൊരു സഹോദരിയുടെ അപരാധത്തിനും മാപ്പുകൊടുക്കണമെന്നു് എങ്ങിനെയാണു് പ്രാർത്ഥിക്കേണ്ടതു്. അതു് അത്യന്തം അനുചിതമായിട്ടാണു് അവൾക്കു് അപ്പോൾ തോന്നിയതു്. എന്നാൽ അദ്ദേഹം അടുത്ത ചൊവ്വാഴ്ച ചെമ്പകശ്ശേരിൽ മടങ്ങിയെത്തിയ സമയം ഈ സംഗതിയെപ്പററി അദ്ദേഹത്തോടു് ഒന്നു പറഞ്ഞുനോക്കാൻ അവൾ ഒരുങ്ങാതിരുന്നില്ല. ലജ്ജയും ഭീതിയും ഖേദവും അവളെ തടഞ്ഞപ്പെടുത്തിയതുകൊണ്ടു് "നാളെയാകട്ടെ" എന്നു് അവർ അദ്യ ദിവസം അവധി മാററിവച്ചു. അടുത്ത ദിവസമാണു കാമവല്ലി അവളുടെ സാമാനങ്ങൾ ആവശ്യപ്പെട്ടുകൊണ്ടു് എഴുത്തയച്ചതു്. ആ വിവരം ഗ്രഹിച്ചതോടുകൂടി അച്ഛന്റെ കോപം അപരിമിതമായി വർദ്ധിക്കകയാൽ അന്നും ഈ കാര്യം അദ്ദേഹത്തോട്ട പറയുന്നതിനു് അവൾക്ക നല്ല തൃപ്തി ഇല്ലായിരുന്നുവെങ്കിലും ഇനിയും അവധി മാററിവയ്ക്കുന്നപക്ഷം ഇതിനേക്കാൾ വലിയ അസൌകര്യമെന്തെങ്കിലും നേരിടുകയും തൻമൂലം

തന്റെ അഗ്രഹം സാധിക്കാൻ തീരെ തരമില്ലാതാവുകയും ചെയ്യുമെന്നുള്ള ശങ്ക ഹേതുവായി പിന്നീടാകട്ടെ എന്നു നീട്ടിവയ്ക്കാതെ ഉടനടി കാര്യംപറയുന്നതിനു തന്നെഅവൾ തീർച്ചയാക്കുകയാണു ചെയ്തതു്. എന്നു വരികിലും വ്യാഴാഴ്ച അദ്ദേഹം പുറപ്പെടാറായപ്പോഴെ അവൾക്കു് അപ്രകാരം ചെയ്യുന്നതിനു് ഇടയായുള്ളു. അവർ അച്ഛനും മകളും തമ്മിൽ അതു സംബന്ധമായി ഇങ്ങനെ ഒരു സംവാദം നടന്നു.

വി—അച്ഛാ, അങ്ങു വിരോധിച്ചിട്ടുള്ള ഒരു വിഷയത്തെപ്പററി എനിയ്ക്കു ഒരു വാക്കു പറഞ്ഞുകൊള്ളുന്നതിനു് അങ്ങു് എന്നെ അനുവദിക്കണേ. നമ്മുടെ സ്നേഹമയിയെ അന്വേഷിക്കാൻ ഇനിയെങ്കിലും അച്ഛൻ അനുവദിപ്പാറാകണം.

യജ—എന്തു്, എന്താണു പറയുന്നതു്.

അച്ഛന്റെ ശബ്ദവും മുഖഭാവവും അത്യന്തം ഭീതിപ്രദമായിരുന്നതിനാൽ വിശാലാക്ഷിയുടെ ധൈര്യം നിശ്ശേഷം അസ്തമിച്ചു് അവർ അസംശയാധീനയായിത്തീൎന്നു; ഭീരുത്വം പ്രദർശിപ്പിച്ചു തുടങ്ങി.

വി—നമ്മുടെ സേ്നഹമയി, അതെ, അവളെ അന്വേഷിപ്പാൻ ഞാൻ ഒരാളെ അയച്ചുകൊള്ളട്ടെ?

യജ—വേണ്ട, വേണ്ടെന്നു ഞാനല്ലെ പറഞ്ഞതു്. അവൾക്കു് ആളയയ്ക്കുകയൊ! തന്നത്താൻ അവൾക്കു സുബോധം ഉണ്ടാകട്ടെ. അവൾ മര്യാദ പഠിക്കട്ടെ.

ഇത്രയും പറഞ്ഞുംവച്ചു വലിയയജമാനൻ വണ്ടിയിൽ കയറി ഉടൻ പുറപ്പെട്ടുകളഞ്ഞതിനാൽ വീണ്ടും അർത്ഥിക്കുന്നതിനു വിശാലാക്ഷിയ്ക്കു തരപ്പെട്ടില്ല. ഈ മാത്രയിൽ ആണല്ലോ കാമവല്ലിയും ഭർത്താവും ക്ഷേത്രത്തിൽ

നിന്നു മടങ്ങിപ്പോകുന്നതു കാണാൻ അദ്ദേഹത്തിനു് ഇടയായതു്.

ഇവിടെ പൂർവകഥാപ്രസംഗം അല്പം ആവശ്യമാണെന്നുതോന്നുന്നതിനാൽ അതിലേക്കായി ഉദ്യോഗിച്ചുകൊള്ളട്ടെ.

മദനദേവൻ ഇൻസ്പെക്ടർക്കു മൂന്നു മക്കൾ ഉള്ളതായി മാത്രമേ മുമ്പു പ്രസ്താവിച്ചിട്ടുള്ളു എങ്കിലും യഥാർത്ഥത്തിൽ നാലുമക്കളാണു് അദ്ദേഹത്തിനുണ്ടായിരുന്നതു് ഇവരിൽ മൂന്നു ആളുകൾ നിങ്ങൾക്കുപരിചിതരാണു്. ഒരു മകൾ കൂടി ഉണ്ടെന്നുപറയുന്നതു കാമവല്ലിയുടെ അനുജത്തിയായും ശ്രീമതിയുടെ അടുത്ത ജ്യേഷ്ഠത്തിയായും ജനിച്ചുവളർന്നിട്ടുള്ള സ്നേഹമയി എന്നൊരു പെൺകുട്ടിയാണു്. കാമവല്ലിക്കും സ്നേഹമയിക്കും തമ്മിൽ ഒരു വയസ്സു പ്രായഭേദമേ ഉണ്ടായിരുന്നുള്ളു. കുട്ടികൾ നാലുപേരും അച്ഛനോടൊന്നിച്ചു് താമസിച്ചു വരികയായിരുന്നപ്പോൾ മുമ്പിലത്തെ വലിയയജമാനന്റെ അമ്മയ്ക്കു തന്റെ ബന്ധുവായ ഇൻസ്പെക്ടരുടെ കുട്ടികളോടുവാൽസല്യം തോന്നുകയാൽ ആ മാന്യസ്ത്രീ ഇവരിൽ രണ്ടുകുട്ടികളെ പട്ടണത്തിൽ അയച്ചു പഠിപ്പിക്കാൻ നിശ്ചയിച്ചിരിക്കുന്നു എന്നു് ഇൻസ്പെക്ടരോടു പറകയും അദ്ദേഹം അതിനു് അനുവദിക്കുകയും അതിൻപ്രകാരം കാമവല്ലിയും സ്നേഹമയിയും വിദ്യാഭ്യാസാർത്ഥം പട്ടണത്തിൽ പോയി താമസിക്കുകയും മൂന്നുവർഷം ഇങ്ങനെ വിദേശവാസം കഴിച്ചശേഷം സ്വഗൃഹത്തിൽ മടങ്ങി എത്തുകയും ചെയ്തു.

പട്ടണത്തിലെ താമസകാലത്തിൽ ലഭിച്ചുകൊണ്ടിരുന്ന യാതൊരു സുഖാനുഭോഗത്തിനും വീട്ടിൽ ഇവർക്കു സൗകര്യമുണ്ടായിരുന്നില്ല. മദനദേവൻ ഇൻസ്പെക്ടരു

ടെ പെൻഷൻ മാത്രംകൊണ്ടുള്ള കാലക്ഷേപത്തിന് അത്രവലിയ സുഖം ഉണ്ടായിരിക്കാൻ മാർഗ്ഗമില്ലല്ലൊ. വീട്ടിൽ സദാ കടക്കാർ വന്ന് അസഹ്യപ്പെടുത്തുകയും വില പിടിച്ച വസ്തുക്കളുടെയും പുതിയ രീതിയിലുള്ള ആഭരണങ്ങളുടെയും അഭാവം ഹേതുവായി തങ്ങൾക്ക യഥേഷ്ടം പുറത്തിറങ്ങി സഞ്ചരിക്കാൻ മടിതോന്നുകയും വലിയ സുഖാനുഭവങ്ങൾക്ക് സ്വത്തില്ലാതെതീരുകയും ചെയ്തതുകൊണ്ട് ഈ തരുണികൾക്ക് രണ്ടുപേർക്കും ഗൃഹവാസം വളരെ മുഷിച്ചിലുള്ളതായിത്തീർന്നു.

വിശാലാക്ഷി പിതൃഭക്തി നിമിത്തം ഈ ദൈന്യങ്ങൾ എല്ലാം പുറത്തറിയിക്കാതെ സഹിച്ചുവന്നു. ശ്രീമതി പ്രായക്കാവുകൊണ്ട് ഇവ ഒന്നും അത്രത്തന്നെ അറിഞ്ഞില്ല. എന്നാൽ മറ്റു രണ്ടുപേരുടെയും മനസ്സിനെ ഈ അവസ്ഥ വളരെ വളരെ ക്ലേശിപ്പിക്കുകയാണ് ചെയ്തത്.

ഒന്നാമതായി വിരസത പ്രദർശിപ്പിച്ചതു സ്നേഹമയിയായിരുന്നു. രണ്ടുവർഷം അവർ ഒരു വിധമെല്ലാം ഒതുങ്ങി കഴിച്ചുകൂട്ടി. അതല്ലാതെ വേറെ മാർഗ്ഗവും ഉണ്ടായിരുന്നില്ലല്ലൊ. ഇരുപതാമത്തെ വയസ്സിൽ പ്രവേശിച്ചപ്പോൾ മുതൽ തനിക്ക് എവിടെയെങ്കിലും ഒരു ജോലി കിട്ടിയിരുന്നെങ്കിൽ വേണ്ടില്ലായിരുന്നു എന്ന് അവൾക്ക് തോന്നിത്തുടങ്ങി. ഈ ആലോചനഗൃഹത്തിലെ മററംഗങ്ങൾക്ക് അത്യന്തം അതൃപ്തികരമായിട്ടാണ് തോന്നിയതു് അവളോട് ഗുണദോഷവിവേചനം ചെയ്യുന്നതിനുപോലും ഇൻസ്പെക്ടർ തുനിഞ്ഞില്ല. "അരുതു്, പോകരുതു്" എന്ന് നിഷ്കർഷമായി ആജ്ഞാപിക്കുക മാത്രമെ അയാൾ ചെയ്തുള്ളു. കാമവല്ലി അന്തർജ്ജനത്തിയുടെ ആലോചന കേട്ട് അവളെ പരിഹസിച്ചു. ഇങ്ങനെയെല്ലാമായിട്ടും സ്നേഹമയിയുടെ നിശ്ചയത്തിന് യാതൊരു ഇളക്കവും ഉണ്ടാ

യില്ല. അവൾ വലിയ തന്റേടക്കാരിയാണെന്ന് ഈ വാദം തീർച്ചയായി തെളിയിച്ചു. അച്ഛന്റെ നിർബന്ധശീലം മുഴുവൻ ഈ മകളാണ് അനുകരിച്ചിരുന്നതു്. തങ്ങളുടെ തറവാട്ടുമഹിമയ്ക്കും അന്തസ്സിനും ഇത്രത്തോളം ഹാനികരമായ മറെറന്താണുള്ളതെന്നായിരുന്നു ശേഷം കുടുംബാംഗങ്ങളുടെ ഏകകണ്ഠമായ അഭിപ്രായം. സർക്കാർജോലി മാന്യകുടുംബത്തിലെ സ്ത്രീകൾ കൈയേൽക്കുക എന്നതു് സ്വപ്നത്തിൽപോലും വിചാരിച്ചുകൂടാത്ത ഒരു പാപകർമ്മമാണെന്ന് സ്നേഹമയിയുടെ ബന്ധുക്കൾ എല്ലാവരും അവളോട് ഉപദേശിച്ചു. ആ കാര്യത്തിൽ അവൾക്കും വലിയമോഹം തോന്നിയിരുന്നില്ല. ഏതെങ്കിലും ഒരു നല്ല കുടുംബത്തിലെ പെൺകുട്ടികളുടെ ഗൃഹോപാദ്ധ്യായയായി ഏർപ്പെടണമെന്നായിരുന്നു അവളുടെ താല്പര്യം. ഇതും കുടുംബയോഗ്യതയ്ക്ക് അടുത്തതല്ലെന്ന് അച്ഛൻ ആദിയായവർ അവളോടു പലപ്രാവശ്യം എതിർത്തു പറഞ്ഞു. തന്റെ ഉദ്യമം ഏററവും ന്യായാനുസൃതവും വീട്ടിലെ ഭാരം കുറയ്ക്കുന്നതിന് ഒരു ഉത്തമമാർഗ്ഗവും ആണെന്നു സ്നേഹമയി വദിച്ചു. ഒരാൾ വീട്ടിൽനിന്നു പിരിഞ്ഞാൽ വീട്ടിലെ ഞെരുക്കത്തിന് അത്രയും കുറവുണ്ടാകുന്നതുകൂടാതെ ആ ആൾ സ്വന്തപരിശ്രമംകൊണ്ടു് സ്വന്ത ചെലവുകഴിച്ച് ബാക്കി വല്ലതും ഉണ്ടാക്കി അതു് വീട്ടിലേക്ക് അയച്ചുകൊടുക്കുന്നതായാൽ അങ്ങനെയും ഗൃഹം നന്നാകുമല്ലോ എന്നായിരുന്നു അവളുടെ അഭിപ്രായം. ഇതു് അവളുടെ യഥാർത്ഥമായ വിശ്വാസം ആയിരുന്നു എന്നുള്ളതും സംശയമില്ലാത്തതാണ്. പക്ഷെ ഈ വിഷയത്തിൽ സ്വാർത്ഥതയല്ലേ അവളെ കുറെകൂടി പ്രേരിപ്പിക്കുന്നതെന്നു മർമ്മജ്ഞന്മാർ ശങ്കിക്കാതിരിക്കയില്ല. മറെറവിടെയെങ്കിലും താമസിക്കുന്നതായാൽ തന്റെ സുഖാനുഭോഗത്തിന് ആയതു ഒരു സൗകര്യമായി

ത്തീരാതെ ഇരിക്കയില്ലെന്നു് അവൾ പ്രധാനമായികരുതിയിരിക്കാം. അതു് എങ്ങിനെയും ഇരിക്കട്ടെ. ഏതായാലും അവൾ തന്റെ മിത്രങ്ങളുടെ ഉപദേശങ്ങളെ ഗണ്യമാക്കാതെയും അവരുടെ മനസ്സിനു വിപരീതമായും സ്വഗൃഹം വിട്ടു പോയി.

വലിയ കുഞ്ഞമ്മ ഈ കാര്യത്തിൽ പിന്നീട്ടു് ഇടപെടാതിരുന്നെങ്കിൽ ഒരുവേള അത്ര വലിയ കുഴപ്പം കൂടാതെ സംഗതി പക്ഷെ വീണ്ടും ശരിപ്പെട്ടമായിരുന്നിരിക്കാം. നല്ലവാക്കുകൾ സ്നേഹമയിയോടു് ഏറെക്കുറെ ഫലപ്പെടാതിരിക്കയില്ലായിരുന്നു. കോപം അവൾ തീരെ വകയാക്കുന്നവളല്ല. വലിയ കുഞ്ഞമ്മ ഈ ആയുധം അതിരുകവിഞ്ഞു പ്രയോഗിക്കുകയും ചെയ്തു. തന്റെ കോപം നിഷ്ഫലമാണെന്നു് മനസ്സിലായശേഷം ആ മഹതി ഒടുവിൽ സ്നേഹമയിയോടു് ഇണക്കത്തിൽ കൂടാൻ ശ്രമിച്ചു. അവൾ തന്നോടുകൂടിപാർത്തുകൊള്ളട്ടേയെന്നു വലിയ കുഞ്ഞമ്മ സമ്മതിച്ചു. എന്നാൽ ആ വിവരം സ്നേഹമയിക്കറിവു കിട്ടിയതു് വളരെ താമസിച്ചായിരുന്നതിനാൽ അവൾ ധിക്കാരപൂർവമായ ഒരു മറുപടിയോടുകൂടി ആ അഭിപ്രായത്തെതള്ളിക്കളയുകയാണു് ചെയ്തതു്. അവൾ സ്വഗൃഹം വിട്ടുപിരിയുന്നതിനു് മുമ്പായി അച്ഛനോടും മററും ഇങ്ങനെ പറഞ്ഞിരുന്നു. "ഞാൻ നിങ്ങളുടെ തറവാടിനു യാതൊരു അപകീർത്തിയും വരുത്തുകയില്ല. ദൂരെയെങ്ങാനും പോയി വേലചെയ്തു് എന്റെ കാലക്ഷേപം സുഖമായി കഴിച്ചുകൊള്ളാം. ഈ വീട്ടിലെ ആൾ ആണെന്നു് ആരും അറിയാതിരിക്കാൻ വേണ്ടി ഞാൻ എന്റെ സ്വന്തപേരു് വെളിപ്പെടുത്തു് പറയാതെ വേറെ ഏതെങ്കിലും ഒരു കൃത്രിമപ്പേരു സ്വീകരിച്ചു് ആ പേരു മാത്രമെ പുറത്തു പറയുകയുള്ളു. ഇങ്ങനെ ആയാൽ കുടുംബത്തിനു ദുഷ്കേൾവി ഉണ്ടാകയില്ല.

ല്ലൊ." ആ കാര്യം ഇപ്രകാരം തന്നെ അനുഷ്ഠിക്കുന്നതിന്ന് അവൾ തീർച്ചയാക്കുകയും ചെയ്തുകൊണ്ടാണ് വീട്ടിൽനിന്നു പിരിഞ്ഞതും. പുറപ്പെട്ടു പോകാൻ സ്നേഹമയിയെ അനുവദിച്ചതു വലിയ പിടിപ്പില്ലായ്കയാണെന്നും മററും വലിയ കുഞ്ഞമ്മ മദനദേവൻ ഇൻസ്പെക്ടരെ ഒട്ടധികം ശകാരിച്ചു. എന്നാൽ വാസ്തവത്തിൽ അയാൾ അനുവദിച്ചിട്ടല്ലായിരുന്നുവല്ലൊ അവൾ പുറപ്പെട്ടുപോയതു്.

എല്ലാവരുടെയും തടസ്ഥങ്ങൾ ഇങ്ങനെ അവസാനിച്ചു. വലിയ കുഞ്ഞമ്മ സ്നേഹമയിയുടെ കാര്യത്തെപ്പററി പിന്നീട്ടു് ഒന്നും അന്വേഷിക്കാൻ ഒരുങ്ങിയില്ല. ഇൻസ്പെക്ടരും മിക്കവാറും അങ്ങിനെതന്നെ ചെയ്തു. അവളുടെ പേരു് താൻ കേൾക്കെ ആരും പറഞ്ഞുപോകരുതെന്നുപോലും അയാൾ വീട്ടിൽ ചട്ടംകെട്ടി. അനുജത്തിയെ അന്വേഷിക്കാൻ ആളയയ്ക്കണമെന്നു വിശാലാക്ഷിക്കു വലിയമോഹം ഉണ്ടായിരുന്നു എങ്കിലും അതുകൊണ്ടു് ഒരു ഫലവും ഉണ്ടായില്ല. ഈ കാര്യത്തിൽ അവളുടെ അച്ഛൻ പരമശത്രുവായിരുന്നു. വിശാലാക്ഷിയുംഅച്ഛനുംതമ്മിൽ ഈ സംഗതിയെ സംബന്ധിച്ച് അല്പം നീരസംഉണ്ടായില്ലെ എന്നു കൂടി സംശയിക്കാൻ വകയുണ്ടു്.

നിരുപയോഗമായ കുടുംബാവസ്ഥ എന്ന ദുർഗ്ഗവം ഇവർ കുറെ ഉപേക്ഷിക്കാൻ മനസ്സുള്ളവരായിരുന്നെങ്കിൽ സ്നേഹമയി അത്ര വലിയ അപരാധിയാണെന്നു തോന്നാൻ തക്കവണ്ണം അവൾ യാതൊന്നും പ്രവൎത്തിച്ചിട്ടുള്ളതായി ഇവൎക്കു് തോന്നുമായിരുന്നില്ല. അവൾ വീടുവിട്ടുപോയി കുറെ ദിവസം കഴിഞ്ഞപ്പോൾ തൻെറ സഞ്ചാരങ്ങളെപ്പററി അവൾ വിശാലാക്ഷിക്കു് ഒരു എഴുത്തയച്ചിരുന്നു. താൻ ഒരു മാന്യകുടുംബത്തിൽ ഗൃഹോപാദ്ധ്യായയായി താമസിക്കുകയാണെന്നും അവൾ ആ എഴുത്തിൽ പ്രസ്താവിച്ചിരുന്നു.

പേരുമാററം ചെയ്തുകൊണ്ടു് മാത്രമെ സഞ്ചരിക്കുകയുള്ളു എന്നു് മുൻകൂട്ടി പ്രതിജ്ഞ ചെയ്തിരുന്നതും അവൾ ശരിയായി അനുഷ്ഠിക്കാതിരുന്നില്ല. പുതിയ പേരു് ഇന്നതെന്നു വീട്ടുകാരെ അറിയിച്ചിട്ടാവശ്യമില്ലെന്നും അവൾ നിശ്ചയിച്ചു. അവൾ ഇങ്ങനെ എഴുതിയാണു് എഴുത്തു് അവസാനിപ്പിച്ചതു്. "എന്നെ എല്ലാവിധത്തിലും അച്ഛൻ വിശ്വസിച്ചുകൊള്ളട്ടെ. എന്റെയും അദ്ദേഹത്തിന്റെയും പേരു ഞാൻ ഈ ജന്മം മലിനപ്പെടുത്തുകയില്ല. ഞാൻ ചെയ്തിട്ടുള്ള കൃത്യം സ്നേഹപൂർവമായും സദുദ്ദേശത്തോടുകൂടിയും പ്രവർത്തിച്ചിട്ടുള്ളതാണു്. അദ്ദേഹം എന്നെ കുറെക്കൂടി ദയാപൂർവം വിധിക്കുന്നതിനുള്ള കാലം നിശ്ചയമായി വരാതിരിക്കയില്ല."

ഈ എഴുത്തു് വിശാലാക്ഷി അച്ഛനെ കാണിച്ചപ്പോൾ അയാൾ അത്യന്തം കോപത്തോടുകൂടി തുള്ളിച്ചാടുകയാണു് ചെയ്തതു്. അവൾ മേലാൽ തന്റെ വീട്ടിൽ കടന്നുപോകരുതെന്നു് അയാൾ വീണ്ടും അവളെ തെര്യപ്പെടുത്തി. ഇങ്ങനെ മറുപടിയയ്ക്കുന്നതിനു് വിശാലാക്ഷിക്കു അതിയായ മനസ്താപം ഉണ്ടായിരുന്നു. എങ്കിലും അച്ഛന്റെ ആജ്ഞയെ അനുസരിക്കാതിരിക്കാൻ അവൾക്കു് ശക്തിയുണ്ടായിരുന്നില്ല. അന്നാൾ മുതൽ സ്നേഹമയിയുടെ പേരു് അയാൾ കേട്ടുമില്ല.

എന്നാൽ ഇപ്പോൾ തങ്ങളുടെ ഭാഗ്യാവസ്ഥ തുലോം വർദ്ധിച്ചിരിക്കുന്നതിനാൽ ഇനിയുമെങ്കിലും അച്ഛനു് അനുജത്തിയോടു സ്വല്പം ആർദ്രതയുണ്ടാകാതിരിക്കയില്ലെന്നു് വിശാലാക്ഷി ആശിച്ചു. അവൾ വലിയ യജമാനന്റെ പുത്രിയായിത്തീർന്നിരിക്കുകയല്ലെ? ഈ ഉന്നതനിലയിൽ പ്രവേശിച്ചിരിക്കുന്ന അയാളുടെ മകൾ വേറൊരു

വീട്ടിൽ ഉപാദ്ധ്യായിനിയായി താമസിക്കുക എന്നതു വാസ്തവത്തിൽ കുറെ പോരായ്കയാണല്ലൊ.

"ഇല്ല; അവൾക്ക് സുബോധം ഉണ്ടാകട്ടെ, അവൾ മൎയ്യാദ പഠിക്കട്ടെ" എന്ന തന്റെ അപേക്ഷക്കു മറുപടിയായി വലിയ യജമാനൻ അത്യന്തം ക്രൂരഹൃദയത്തോടുകൂടി ഈ ഭാഗ്യാവസ്ഥയിൽപോലും പറഞ്ഞതു കേട്ടപ്പോൾ വിശാലാക്ഷി അളവില്ലാതെ ഖേദിച്ചു. വലിയ തന്റേടക്കാരിയും ശാഠ്യശീലയുമായ സ്നേഹമയി സ്വയമായി വീട്ടിലേക്കു മടങ്ങിവരികയെന്നതു സംഭവിക്കത്തക്ക കാൎയ്യമല്ലെന്നു വിശാലാക്ഷിക്കു പൂൎണ്ണമായി അറിയാമായിരുന്നു. ആളയയ്ക്കുന്നതിനു് അവൾ ആഗ്രഹിച്ചതു് ഇതുകൊണ്ടുതന്നെയാണു്.

അവളുടെ ഈ ആഗ്രഹം വിഫലമായിപ്പോവുകയാണല്ലൊ ചെയ്തതു്. ഇച്ഛാഭംഗത്തെപ്പററി വിലപിച്ചുകൊണ്ടിരിക്കാൻ അവൾക്കു് ഇപ്പോൾ സൌകൎയ്യമില്ലാതെയും തീൎന്നിരുന്നു. ഒരാഴ്ചക്കകം അവളും ശ്രീമതിയും പാലപ്പള്ളിയിൽ ചെന്നു ചേൎന്നുകൊള്ളണമെന്നു വലിയ യജമാനൻ ആജ്ഞാപിച്ചിരിക്കുകയാണു്. ഇതിലേക്കു പല കാൎയ്യങ്ങൾ മുൻകൂട്ടി ഒരുക്കം ചെയ്യേണ്ടിയുമിരുന്നു. നാളതുവരെയുള്ള എല്ലാ കടങ്ങളും കൊടുത്തുതീൎക്കുന്നതിലേക്കു വേണ്ട പണം അച്ഛൻ കൊണ്ടുവന്നു മകളുടെ പക്കൽ ഏല്പിച്ചിട്ടുണ്ടു്. ഇതു് അവളുടെ മനസ്സിനു് അസാമാന്യമായ ആശ്വാസത്തെ നൽകിയിരുന്നു എന്നു് പറയേണ്ടല്ലൊ. തങ്ങളുടെ സ്ഥാനലാഭം അവളുടെ ദൃഷ്ടിയിൽ അത്രവളരെ വലുതായി തോന്നിയില്ല. എന്നാൽ കടക്കാരുടെ അവകാശങ്ങളെ സാധിക്കാൻ മാൎഗ്ഗം ലഭിച്ചതു് അവൾക്കു അത്യന്തം ആനന്ദകരമായിത്തീൎന്നു.

ഇൻസ്പെക്ടർ വലിയയജമാനൻ ആയി തീൎന്നുവെന്നു കേട്ടതിൽപിന്നെ കടക്കാർ ആരും അദ്ദേഹത്തി

ന്റെ വീട്ടിൽ വന്നു ഞെരുക്കാറുണ്ടായിരുന്നില്ല. മേലാൽ എപ്പോഴെങ്കിലും തങ്ങൾക്കു കിട്ടാനുള്ളതു കിട്ടുമെന്നുള്ള ഉറപ്പ് എല്ലാവർക്കും ഉണ്ടായി. വിശാലാക്ഷി ചിരുത യെക്കൊണ്ടു സാമാനങ്ങളെല്ലാം എടുത്തു കെട്ടിവയ്പിച്ചു കൊണ്ടിരുന്നപ്പോൾ അവളോട് ഇങ്ങനെ പറഞ്ഞു. "ചി രുതെ, ഈ പഴയമുണ്ടുകളും റവുക്കകളും ഒന്നും വേണ്ട. ഇവ കാമവല്ലിയുടെ വകയാണ്. അവൾ ഇനി ഇവ ഉപ യോഗപ്പെടുത്തുമെന്നു എനിക്കു തോന്നുന്നില്ല."

ചിരുത ആ സമയത്തു കിളിവാതിലിൽകൂടി റോഡി ലേക്കു നോക്കി നിൽക്കുകയായിരുന്നതിനാൽ തന്റെ നാ യിക പറഞ്ഞതു കേട്ടില്ല.

വി—ചിരുതെ,

ചി—അമ്മച്ചി, എന്താണ് വേണ്ടതു്? ഞാൻ റോഡി ലേക്കു നോക്കിനിൽക്കുകയായിരുന്നു. അവിടെ ഒരു വണ്ടി വന്നതു് ആരുടേതായിരിക്കുമോ? അതിൽ പ്രായസ്സുചെന്ന ഒരു വലിയ അമ്മച്ചി ഇരിക്കുന്നുണ്ടു്.

വിശാലാക്ഷി പുറത്തേക്കു നോക്കി. നരഹരവൈദ്യ ന്റെ പുറത്തു മുട്ടാൻ ഭാവിക്കുകയും ചെമ്പകശ്ശേരി വീട്ട് ഏതെന്നു് അമ്മിണിഅമ്മാളോട്ട് അന്വേഷിക്കുകയും ചെയ്ത വണ്ടി ഇതുതന്നെയാണ്. വണ്ടിയിലേക്ക് ഒന്നു നോക്കി യതോടുകൂടി വിശാലാക്ഷി ഭയവിവശയായി ചമഞ്ഞു. അവൾക്ക് ആശ്ചര്യവും തോന്നാതിരുന്നില്ല.

വി—ചിരുതെ, വേഗം ചെല്ലുക. ഓടിച്ചെല്ലുക- മു മ്പിലത്തെ വലിയയജമാനന്റെ അമ്മൂമ്മയാണ് വന്നിരി ക്കുന്നതു്.

ചിരുത ഉടനെ പടിക്കലേക്ക് ഓടിച്ചെന്നു. വിശാ ലാക്ഷി മുററത്തു ചെന്നപ്പോഴേയ്ക്കു് വലിയ കുഞ്ഞമ്മ അ

വിടെ എത്തിയിരുന്നു. അവർ ഒരുമിച്ചു തളത്തിലേക്കു വന്നു. എഴുപതു വയസ്സും പ്രായമുള്ള ഈ മാന്യസ്ത്രീയ്ക്കു കാഴ്ചയിൽ ഒരറുപതിലധികം വയസ്സ് ആരും മതിക്കുമായിരുന്നില്ല.

വലിയ കുഞ്ഞമ്മ—വിശാലാക്ഷീ, നിന്റെ അച്ഛൻ എവിടെ?

ഈ ചോദ്യത്തിന്റെ സ്വരം കേട്ടപ്പോൾ വിശാലാക്ഷിക്കു വല്ലാതെ തോന്നി. ഏതൊ കാരണവശാൽ വലിയ കുഞ്ഞമ്മ കോപിച്ചിരിക്കയാണെന്ന് അവൾക്കു മനസ്സിലായി.

വി—അമ്മാ, അച്ഛൻ ഇന്നുകാലത്തു പാലപ്പള്ളിയിലേക്കു പോയി.

വലിയ—ഈ വേലക്കാരത്തി അങ്ങനെ എന്നോടുപറഞ്ഞു. അയാൾ ഇങ്ങനെ അങ്ങോട്ടുമിങ്ങോട്ടും ഓടിനടക്കുന്നതു് എന്തിനായിട്ടാണെന്ന് എനിക്കു അറിയേണ്ടിയിരിക്കുന്നു. ഇത്രവേഗത്തിൽ അയാൾ മടങ്ങിപ്പോയതു് എന്തിനായിട്ടാണ്? പറയുക.

വി—ഞാൻ ഇന്ന വിധത്തിലെല്ലാം പ്രവർത്തിക്കണമെന്നു പറയുന്നതിനായി അദ്ദേഹം ഇങ്ങോട്ടേക്കു വരികയായിരുന്നു. രണ്ടു ദിവസമെ ഇവിടെ താമസിച്ചുള്ളു.

വലിയ—ഹേയ് ഇതു മഹാകുഴപ്പം തന്നെ. പാലപ്പള്ളിയിലേക്കു പോകാനായി ഞാൻ ഇന്നലെ വൻവഴിയെ യിൽവേസ്റ്റേഷനിൽ എത്തി അവിടെനിന്ന് ഒരു കമ്പിയടിച്ചു് അന്വേഷിച്ചപ്പോൾ അയാൾ ചെമ്പകശ്ശേരിയിലാണെന്നു മറുപടി കിട്ടുകയാൽ ഇങ്ങോട്ടേക്കു പുറപ്പെടുകയായിരുന്നു. ഞാൻ ഇവിടെ എത്തിയപ്പോൾ അയാൾ അവിടേക്കു പോയിരിക്കുന്നു. ഇങ്ങനെ അയാൾ വലിയ ഉപദ്രവമാണല്ലൊ.

വി—അമ്മ ഇന്നലെ വന്നിരുന്നെങ്കിൽ വേണ്ടില്ലായിരുന്നു. അച്ഛൻ ഇവിടെ ഉണ്ടായിരുന്നു.

വലിയ—എനിക്ക് അയാളെ കാണേണ്ടതു് അത്യാവശ്യമാണു്. പാലപ്പള്ളിൽ ചില മാററങ്ങളെല്ലാം വരുത്താനുണ്ടു്. അവ ഇന്നതെല്ലാമാണെന്നു് അയാളോടു് പറയേണ്ടിയിരിക്കുന്നു. എടൊ വണ്ടിക്കാരൻ, എൻെറ വണ്ടി എവിടെ?

വണ്ടി—പടിക്കൽ ഉണ്ടു്.

വലിയ—അവിടെ നിൽക്കട്ടെ. കുതിരയെ അഴിയ്ക്കേണ്ട. വിശാലാക്ഷീ, വേഗത്തിൽ സാധിക്കുമെങ്കിൽ കുറെ കാപ്പിയും പലഹാരവും തരിക. അതു കഴിച്ചുകൊണ്ടു ഞാൻ പാലപ്പള്ളിലേക്കു പോകട്ടെ.

കാപ്പി ക്ഷണത്തിൽ തയ്യാറായി. പലഹാരം അവിടെ ഉണ്ടായിരുന്നു. വലിയകുഞ്ഞമ്മ കാപ്പി കുടിക്കാൻ ആരംഭിച്ചു.

വി—മുമ്പിലത്തെ വലിയയജമാനൻെറയും ഭാര്യയുടെയും മരണം കേട്ടു ഞങ്ങളെല്ലാവരും വളരെ വ്യസനിച്ചുപോയി. കഷ്ടംതന്നെ. ഇത്രത്തോളം ചെറുപ്പത്തിൽ—

വലിയ—മതി, എന്തിനു പറയുന്നു. അയാൾ എൻെറ പൌത്രനായിരുന്നുവല്ലോ. ഞാൻ ഇതാ ഇപ്പോഴും ജീവിച്ചിരിക്കുന്നു. അയാൾ പോയി. ഇനിയും പറഞ്ഞിട്ടു ഫലമെന്തു്? ആ സംഗതി ഓർമ്മിക്കാതിരിക്കുകയാണു വേണ്ടതു്. നിൻെറ അച്ഛൻ എങ്ങനെയെല്ലാമാണു നിശ്ചയിച്ചിരിക്കുന്നതു്. പാലപ്പള്ളിൽ താമസിക്കാൻ തക്ക സ്വത്തു അയാൾക്കുണ്ടെന്നു തോന്നുന്നില്ല.

വി—വാടകയ്ക്കോ പാട്ടത്തിനൊ കൊടുക്കുന്നതിനാണു് ആലോചന.

വലിയ—വാടകക്കു കൊടുക്കുകയോ? ഒരിക്കലും പാടില്ല.

വി—അല്ലാതെ പിന്നെ എന്താണു ചെയ്യേണ്ടതു്? അവിടെ താമസിക്കാൻ തക്ക സ്ഥിതി അച്ഛനു് ഇല്ലെന്നു അമ്മതന്നെ സമ്മതിക്കുന്നു. വീടു വെറുതെ കിടന്നാൽ നാശമായിപ്പോകുകയില്ലെ?

വലിയ—നിന്റെ അച്ഛൻ ഈ സ്ഥാനത്തിനു് അവകാശിയായിത്തീർന്നതു വലിയ അത്ഭുതംതന്നെ. ഇങ്ങനെ സംഭവിക്കുമെന്നു ഞാൻ സ്വപ്നത്തിൽപോലും വിചാരിച്ചിരുന്നില്ല. അയാൾ ഇൻസ്പെക്ടർ വേലയുടെ പെൻഷൻപററി കുറേക്കാലം കഴിച്ചുകൂട്ടിയുംവെച്ചു മരിക്കുമെന്നേ ഞാൻ വിചാരിച്ചിരുന്നുള്ളു.

വി—ഞങ്ങളും ഈ കാര്യം വിചാരിച്ചിരുന്നില്ല.

വലിയ—ഇരിക്കട്ടെ, ഇനി എന്തെല്ലാമാണു ഭാവം? നിങ്ങൾ അധികകാലം ഇവിടെ താമസിക്കുകയില്ലായിരിക്കുമല്ലൊ.

വി—ഞങ്ങൾ ഒരാഴ്ചയ്ക്കകം ഇവിടെനിന്നു പാലപ്പുള്ളിലേക്കു പോകുന്നുണ്ടു്. അവിടെ ചെന്ന ശേഷം ലാടപുരത്തു പോയി ആ സ്ഥലത്തു സ്ഥിരമായി താമസിക്കുന്നതിനാണു നിശ്ചയിച്ചിട്ടുള്ളതു്.

വലിയ—അതു നല്ലതുതന്നെ. പാലപ്പുള്ളിവീടു് വാടകക്കു കൊടുത്തുകൂടാ. ഇവിടെയുള്ള വീട്ടുസാമാനങ്ങളെല്ലാം എന്തു ചെയ്വാനാണു നിങ്ങൾ വിചാരിച്ചിട്ടുള്ളതു്? ഇനി ഈ ചെറുസാമാനങ്ങൾ ഒന്നും പോരല്ലൊ. അപ്പോഴപ്പോഴത്തെ സ്ഥിതിക്കനുസരണമായി പാർക്കേണ്ടതു് അവശ്യമല്ലെ?

വി—ഈ സ്ഥലം ഞങ്ങൾ മൂന്നു വർഷത്തേക്കുകൂടി കൈവശം വച്ചുകൊണ്ടിരിക്കേണ്ടിയിരിക്കുന്നു. അദ്ദ്യത്തെ

ഏർപ്പാട്ട് അങ്ങനെയാണു്. ആകയാൽ സാമാനങ്ങളോട്ടു കൂടി ആക്കേണ്ടിയില്ലും വാടകയ്ക്കു കൊടുക്കണമെന്നാണു് ആലോചന.

വലിയ—കാമവല്ലിയുടെ കാർയ്യത്തിനു് ഇനി എന്താണു് നിവൃത്തി.

വിശാലാക്ഷിയുടെ ഹൃദയം തുടിച്ചു. കൺപോളകൾ അടഞ്ഞു. കാമവല്ലിയുടെ കാര്യത്തെപ്പററി അച്ഛനോട്ടു പറയേണ്ടിവന്നതിനേക്കാൾ അധികം സങ്കടകരമാണു് ഇവരോട്ടു പറയേണ്ടിയിരിക്കുന്നതെന്നായിരുന്നു അവളുടെ ഭയം.

വി—അവളുടെ കാര്യം പറയുന്നതിനു് എനിക്കു വലിയവ്യസനമുണ്ടു്.

വലിയ—അവൾക്കു ഭ്രാന്തായിരുന്നൊ?

വി—അവൾ വലിയ മണ്ടത്തരം പ്രവൎത്തിച്ചുകളഞ്ഞു

വലിയ—ഇതാണൊ മണ്ടത്തരം? നന്നായി. വിശാലാക്ഷീ, എവിടെ നിന്നാണു് സദാചാരംപഠിച്ചതു്? ഇങ്ങനെയുള്ള ദുഷ്പ്രവൃത്തിക്കു മണ്ടത്തരം എന്നാണൊ പേരു കൊടുക്കേണ്ടതു്? ആ നരഹരവൈദ്യൻ എങ്ങനെയുള്ള മനുഷ്യനാണു്? വലിയ തെമ്മാടിയാണൊ?

വി—കാഴ്ചയിൽ അങ്ങനെയൊന്നും തോന്നുകയില്ല. അയാളോട്ടു് എനിക്കു ഇഷ്ടമുണ്ടായിരുന്നില്ല. ഇതിനു മുമ്പും അങ്ങനെ തന്നെയായിരുന്നു. അവർ ഇന്നലെ രാത്രിയിൽ മടങ്ങിയെത്തി. ഇന്നു് അവരുടെ വീട്ടിൽ വിവാഹാഘോഷം സംബന്ധിച്ച വലിയ സദ്യയും മററും ഉണ്ടായിരുന്നു എന്നു കേട്ടു. കാമവല്ലി അവളുടെ ദുഷ്കർമ്മത്തിൻെറ ഫലം അനുഭവിക്കാതിരിക്കയില്ലെന്നാണു് എനിക്കു തോന്നുന്നതു്.

വലിയ—അങ്ങനെയാണല്ലൊ വിചാരിക്കേണ്ടതു്. അവളെ ഞാൻ ഇപ്പോൾ കണ്ടു.

വി.—അമ്മ അവളെ കണ്ടു എന്നൊ?

വലിയ—ഉവ്വ്. അവൾ എന്നേയും കണ്ടു. അവളുടെ പടിക്കൽ കൂടിയാണല്ലൊ ഞാൻ കടന്നു വന്നതു്. അവൾ ജന്നലിൽ കൂടി എന്നെ നോക്കുന്നുണ്ടായിരുന്നു. വിശാലാക്ഷി അവൾ ഇതിനെപ്പററി പശ്ചാത്തപിക്കാതിരിക്കയില്ല. ഇങ്ങനെയുള്ള താന്തോന്നിത്തരങ്ങൾ ഒരു കാലത്തും ശുഭപ്രദങ്ങളായി അവസാനിക്കാറില്ല. സ്നേഹമയി എവിടെയാണു്.

വി—അവൾ മുമ്പ് താമസിച്ചിരുന്നിടത്തു തന്നെ ആയിരിക്കും.

വലിയ—അതു് എവിടെയാണു്? അവളുടെ കാൎയ്യം ഒന്നും ഞാൻ അറിയാറില്ല. നിനക്കു അറിയാവുന്നതു മുഴുവൻ പറയുക.

വി—മുഴുവൻ എന്നു പറയുന്നതിനു അധികമൊന്നും ഇല്ല. അവൾ ധൎമ്മവനത്തിൽ ഒരു മാന്യഗൃഹത്തിൽ ഉപാദ്ധ്യായിയായി താമസിക്കുകയാണെന്നു് എഴുതി അയച്ചിരുന്ന വിവരം അമ്മ അറിഞ്ഞിരിക്കുമല്ലൊ.

വലിയ—പേരും മാററിയിരുന്നു എന്നുള്ളതു് ഞാൻ കേട്ടിട്ടുണ്ടു്.

വി—പിന്നീട്ട് ഞാൻ എഴുത്തുകൾ അയച്ചുകൊണ്ടിരിക്കുകയായിരുന്നു. അവൾ മറുപടി അയയ്ക്കാറുമുണ്ടായിരുന്നു.

വലിയ—എന്താണു് മറുപടി?

വി—സുഖമായിരിക്കുന്നു, വിശേഷമൊന്നുമില്ല. എന്നിങ്ങനെ ചുരുക്കത്തിൽ മറുപടി അയയ്ക്കുമെന്നല്ലാതെ വിസ്തു

രിച്ചു യാതൊന്നും എഴുതാറുണ്ടായിരുന്നില്ല. ഈയിടെ കുറച്ചു നാളായി ഒരു വിവരവും അറിയാറില്ല. അവൾ മറുപടി അയയ്ക്കുന്നില്ല.

വലിയ—എന്നാൽ വീട്ടിലേക്കു മടങ്ങാൻ ഭാവിക്കുകയായിരിക്കാം. അങ്ങനെയാണു എനിക്കു തോന്നുന്നതു്.

വി—അങ്ങനെ ആയാൽ എത്ര നന്നായിരിക്കുമായിരുന്നു. എന്നാൽ അവൾ അങ്ങനെ ചെയ്യുമെന്നു എനിക്കു തോന്നുന്നില്ല. ഇവിടെ നിന്നു ആളയയ്ക്കാതെ അവൾ പുറപ്പെടുന്നവളല്ല.

വലിയ—അതിനുള്ള മോഹം വൃഥാവാണു്. അതിനു ഇവിടെ ആൾ ഉണ്ടാകുമെന്നു് തോന്നുന്നില്ല. അവിടെത്തന്നെ താമസിച്ചു മര്യാദ പഠിക്കട്ടെ. പിന്നീടു് തിരിച്ചു വന്നാൽ മതി.

അവളുടെ അച്ഛനും ഇങ്ങനെ തന്നെയാണല്ലോ അഭിപ്രായപ്പെട്ടിട്ടുള്ളതു്. അമ്മൂമ്മയുടെയും അഭിപ്രായം ഇതുതന്നെ.

അനന്തരം വലിയ കുഞ്ഞമ്മ പോയി.

---

# ഇരുപത്താറാം അദ്ധ്യായം

ഇടവമാസം മുഴുവനും വലിയയജമാനനും മകളും പാലപ്പുള്ളിൽ താമസിച്ച ശേഷം മിഥുനം ആരംഭത്തിൽ തന്നെ അവർ ലാടപുരത്തേക്കു പോയി. അവിടെ മൂന്നു മാസത്തേക്കു് ഒരു ബംഗ്ളാവു വാടകയ്ക്കെടുത്തു് അതിൽ പാർപ്പാക്കി. പാലപ്പുള്ളി വീട്ടു വാടകയ്ക്കു കൊടുക്കാനായും അവർ തീർച്ചപ്പെടുത്തിയിരുന്നു. ഇതു കുടുംബത്തിന്നു അവമാനമാണെന്നും മററും വലിയ കുഞ്ഞമ്മ കൊണ്ടുപിടിച്ചു വഴക്കു പറയാതിരുന്നില്ല. എങ്കിലും അതൊന്നും കൂട്ടാക്കാതെ ഒടുവിൽ ഇങ്ങനെ തന്നെ നിശ്ചയിക്കാനുണ്ടായതു്. അതോടുകൂടി വൃദ്ധനായ കുഞ്ഞമ്മ പരിഭവപ്പെട്ടു പിരിയുകയും ചെയ്തു. അവർ അനാവശ്യമായി ഉപദ്രവിക്കാൻ വരാതെ പിൻമാറിയതിനെപ്പററി വലിയയജമാനനു യഥാർത്ഥമായ ചാരിതാർത്ഥ്യം അല്ലാതെ തോന്നിയുമില്ല പാലപ്പുള്ളി വീട്ടു വാടകയ്ക്കെടുക്കുന്നതിന്നായി ഒരാൾ ആവശ്യപ്പെട്ടു വന്നു. തുകയും മററും നിശ്ചയിക്കുന്ന വിഷയത്തിൽ അച്ഛനും മകളും തമ്മിൽ ആലോചന നടന്നു തുടങ്ങി. വലിയയജമാനൻ പണമേർപ്പാടു സംബന്ധിച്ചു അത്ര വലിയ പിശുക്കൻ ആയിരുന്നില്ല. അദ്ദേഹം ആ കാര്യത്തെ സംബന്ധിച്ചിടത്തോളം ഉദാരശീലനായ ഒരു നല്ല

മനുഷ്യനാണ്. വീട്ടു വാടകക്കു വേണമെന്നു ആവശ്യപ്പെട്ടിരുന്ന ആളും അദ്ദേഹത്തിൻെറ ഭാൎയ്യയും കൂടി വലിയ യജമാനനേയും വിശാലാക്ഷിയേയും കാണാനായി ഒരു ദിവസം അവരുടെ ഇപ്പോഴത്തെ താമസസ്ഥലമായ മല്ലികത്തോട്ടത്തിൽ വന്നിരുന്നു. അന്നത്തെ ഒരു ദിവസത്തെ പരിചയംകൊണ്ടു തന്നെ വിശാലാക്ഷിക്കു ആ സ്ത്രീയോടു അസാമാന്യമായ സന്തോഷം തോന്നുകയാൽ അവർ തമ്മിൽ അപ്പോൾ മുതൽ പ്രാണസ്നേഹിതകളായി ഭവിക്കുന്നതിനിടയായി. ശ്രീമതിയെ വീട്ടിൽവെച്ചു പഠിപ്പിക്കുന്നതിനു തക്കതായ ഒരാളെ ഏർപ്പെടുത്തിക്കൊടുത്താൽ കൊള്ളാമായിരുന്നു എന്നു വിശാലാക്ഷി തൻെറ പുതിയ സ്നേഹിതയോടു ആവശ്യപ്പെട്ടതനുസരിച്ച് ആ സ്ത്രീ ഒരു യുവതിയെ അടുത്ത ദിവസം തന്നെ വിശാലാക്ഷിയുടെ അടുക്കലേക്ക് പറഞ്ഞയച്ചു. പ്രഭാവതി എന്നു പേരോടുകൂടിയ ഈ യുവതി മല്ലികത്തോട്ടത്തിൽ എത്തി വിശാലാക്ഷിയെ കണ്ടു.

വി—നിങ്ങൾ ഇപ്പോഴത്തെ സ്ഥലത്തു നിന്നു മാറുന്നതെന്തുകൊണ്ടാണ്?

പ്രഭാ—അവിടെ ജോലി വളരെ കൂടുതലായിരിക്കുന്നു. അവിടെ അഞ്ചു കുട്ടികൾ ഉണ്ടു്. അവരെ എല്ലാവരേയും ഞാൻ തന്നെ പഠിപ്പിക്കേണ്ടിയിരിക്കുന്നു. അത്ര വളരെ ബുദ്ധിമുട്ടേണ്ടതായ ആവശ്യം എനിക്കില്ല.

വി – ശമ്പളം അധികം വല്ലതും വേണ്ടിയിരിക്കുമൊ?

പ്രഭാ—ഇവിടെ അത്ര വളരെ ഒന്നും കൊടുക്കാൻ തൽക്കാലം തരമാവുകയില്ലെന്ന് എന്നെ ഇവിടേക്കു പറഞ്ഞയച്ച ഭാനുമതി അമ്മ എന്നോടു പറഞ്ഞിട്ടുണ്ടു്. ആണ്ടിൽ നൂററമ്പതു രൂപയാണ് പഴയ സ്ഥലത്തു എനിക്കു കിട്ടിക്കൊണ്ടിരുന്നതു്. എന്നാൽ ഇവിടെ ഒരു കുട്ടി മാത്രമുള്ള

ത്തുകൊണ്ടു് അതിൽ കുറെ കുറയ്ക്കുന്നതിനു വിരോധമില്ല. മുമ്പിലത്തെ സ്ഥലത്തു ചിലപ്പോൾ രാത്രിയിൽ പന്ത്രണ്ടു മണിവരെ ഞാൻ ഉറക്കിളച്ചിരിക്കേണ്ടതായുണ്ടായിരുന്നു. എന്നാൽ മാത്രമെ അന്നത്തെ നോട്ടുകളും മററും മുടക്കം കൂടാതെ തീരുമായിരുന്നുള്ളു. ഇവിടെ അതൊന്നും വേണ്ടി വരികയില്ലല്ലൊ.

വി—ജോലി ഇവിടെ വളരെ കുറവായെ ഉണ്ടായിരിക്കയുള്ളൂ. എൻെറ അനുജത്തിയേയാണു് പഠിപ്പിക്കേണ്ടതു് അവൾ ഇപ്പോൾ തന്നെ ഒരു വിധമെല്ലാം പഠിച്ചിട്ടുണ്ടു്. തയ്യൽ, ചിത്രമെഴുത്തു്, സംഗീതം ഇവ മൂന്നുമാണു പ്രധാനമായി പഠിപ്പിക്കേണ്ടതു്. ശമ്പളം നൂറു രൂപയിൽ കുറയാതെ തരാമെന്നേ ഞാൻ ഇപ്പോൾ കരാറു ചെയ്യുന്നുള്ളൂ.

പ്രഭാ—ശമ്പളത്തെപ്പററി ഞാൻ ആദ്യം തന്നെ പറഞ്ഞുവല്ലൊ. അതുകൊണ്ടു് ആ കാര്യത്തെക്കുറിച്ചു് എനിക്കു തർക്കമില്ല.

വി—എന്നാൽ ഒന്നുകൂടി നിങ്ങളെപ്പററി അന്വേഷണം ചെയ്തുകൊണ്ടു ഞാൻ അറിയിക്കാം. അപ്പോൾ വന്നു ചേർന്നാൽ മതി.

അന്നു ഉച്ച തിരിഞ്ഞു ഭാനുമതിയമ്മ അവിടെ വന്നു ചേർന്നു. പ്രഭാവതിയോടു് ഈ കാര്യം ചട്ടംകെട്ടിയിട്ടുണ്ടെന്നും ഒരു പക്ഷെ അവർ വിവരം അന്വേഷിക്കാനായി അവിടെ വന്നേക്കുമെന്നും വിശാലാക്ഷിയെ ഗ്രഹിപ്പിക്കാനായിട്ടാണു് ഭാനുമതി അമ്മ അപ്പോൾ വന്നതു്.

വി—ഇവിടെ വന്നിരുന്നല്ലൊ. ഇന്നു പത്തുമണിക്കാണു് ഇവിടെ വന്നിരുന്നതു്. കണ്ടേടത്തോളം തരക്കേടില്ല. എല്ലാ കാര്യങ്ങൾക്കും നല്ല സാമർത്ഥ്യമുള്ളതായിട്ടു തോന്നി. നിങ്ങളുടെകുട്ടികളെ പഠിപ്പിക്കുന്നതിനു് ഇവരെ

ഏർപ്പെട്ടത്തോണ്ടതായിരുന്നു. എന്താണ് അങ്ങനെ ചെയ്യാതിരുന്നതു്?

ഭാനു—എൻെറ വീട്ടിൽ കുറെക്കാലമായി ഒരാളുണ്ടു്. അവരും ഇതുപോലെ സാമർത്ഥ്യവും വിനയവും ഉള്ള ഒരു മാന്യയാണ്. എങ്കിലും അവരുടെ പൂർവവൃത്താന്തത്തെപ്പററി അവർ അധികമായി ഒന്നും പറയാറില്ല. പറയുന്നിടത്തോളം ഭാഗം വാസ്തവമാണൊ എന്നു് എനിക്കു സംശയവുമാണ്. കുട്ടികളെ ശരിയായി പഠിപ്പിക്കാറുള്ളതുകൊണ്ടു ഞാൻ ആ കാര്യത്തെപ്പററി അത്ര വളരെ കിഴിഞ്ഞു അന്വേഷിക്കാറില്ല. വിശേഷകർ വല്ലതും ഉണ്ടെങ്കിൽ നോക്കിക്കൊള്ളാമെന്നാണ് ഞാൻ വെച്ചിരിക്കുന്നതു്. പേരു സ്നേഹരൂപിണി എന്നാണ്. സംഗീതത്തിൽ പ്രഭാവതിയമ്മയോളം സമർത്ഥയല്ല. മററു വിഷയങ്ങൾ നല്ലവണ്ണം പഠിപ്പിക്കും.

ഇത്രയും കേട്ടപ്പോൾ ആ ആൾ തൻെറ സഹോദരിയായ സ്നേഹമയി ആയിരിക്കുമോ എന്നുള്ള സംശയം വിശാലാക്ഷിയുടെ മനസ്സിൽ ബലമായി ഉണ്ടായി. സ്നേഹമയി ഇന്ന കുടുംബത്തിൽ ഉള്ളവളാണെന്നു പുറത്തറിയിക്കയില്ലെന്നും, ഊരും പേരും മാററിയല്ലാതെ എവിടെയും താമസിക്കയില്ലെന്നും വീണ്ടും വീണ്ടും പറഞ്ഞിട്ടുണ്ടായിരുന്നല്ലോ.

വി—സ്നേഹരൂപിണി ചെറുപ്പക്കാരിയാണോ?

ഭാനു—വളരെ ചെറുപ്പമാണ്. നല്ല സുന്ദരിയുമാണ്. വീട്ടിൽ പാർപ്പിക്കുന്നതു കുറേ വൈഷമ്യമല്ലേ എന്നു സംശയമുണ്ടാകത്തക്കവണ്ണം സൗന്ദര്യം ഉള്ള ഒരു യുവതിയാണ്.

വി—നിങ്ങളോടുകൂടി താമസിക്കാൻ തുടങ്ങിയതു് എപ്പോളായിരുന്നു?

ഭാനു—ഏകദേശം രണ്ടു കൊല്ലമായി. എന്താണ് ഇതെല്ലാം അന്വേഷിക്കുന്നതു്?

ഭാനുമതിയമ്മയുടെ ഓരോ ഉത്തരവും വിശാലാക്ഷിയുടെ സംശയത്തെ ഉറപ്പിക്കത്തക്കതായിരുന്നു. സ്നേഹമയി പിരിഞ്ഞുപോയിരുന്നതു് ഏകദേശം രണ്ടു കൊല്ലം മുമ്പായിരുന്നു.

വി—അവരുടെ സ്വജനങ്ങൾ ആരെന്നുംമററും അറിയാമോ?

ഭാനു—നിങ്ങൾ ഇങ്ങനെയെല്ലാം ചോദിക്കുന്നതു് എന്തിനായിട്ടാണു്, വല്ല പ്രത്യേക ആവശ്യവും ഉണ്ടോ?

വി—ഉവ്വ്, രണ്ടാണ്ടു മുമ്പ് ഇങ്ങനെ താമസിക്കാനായി പോയ ഒരു ചെറുപ്പക്കാരിയെ ഞാൻ അറിയും. അവരാണോ എന്നു് എനിക്കു സംശയമുണ്ടു്.

ഭാനു—പേരു സ്നേഹരൂപിണി എന്നായിരുന്നോ?

വി—അല്ല, ഒരു പക്ഷേ വാസ്തവമായ പേരു മറച്ചു പറഞ്ഞിരിക്കുകയായിരിക്കാം. ഇന്ന ആളെന്നു സൂക്ഷ്മമായി അറിയിരിക്കേണ്ടെന്നായിരിക്കാം അവരുടെ കരുതൽ. ആ സ്ത്രീയെ എനിക്കു് ഒരിക്കൽ കണ്ടാൽ കൊള്ളാമായിരുന്നു.

ഭാനു—അതിനെന്തു വിരോധം? ഇതാ ഇപ്പോൾ തന്നെ ആകാമല്ലോ. വണ്ടി പടിക്കൽതയ്യാറുണ്ടു്. നമുക്കു് ഒരുമിച്ചു വീട്ടിലേക്കു പോകാം.

വിശാലാക്ഷിക്കു വേറെ ക്ഷണം വേണ്ടിയിരുന്നില്ല. അവൾ ഉടൻതന്നെ ഉടുത്തൊരുങ്ങി പോകാൻ തയ്യാറായി. സ്നേഹമയിയെ അന്വേഷിക്കാൻ ആരംഭിക്കുമെന്നു പ്രത്യേകം വിലക്കീട്ടുള്ള അച്ഛന്റെ തൻെറ പ്രവൃത്തി രസിക്കയില്ലായിരിക്കുമോ എന്നുള്ള ശങ്ക അവളുടെ മനസ്സിൽ കടന്നുകൂടി. എങ്കിലും അവൾ പിന്മാറി

യില്ല. അച്ഛന്റെ കോപത്തിന്ന് ഒരിക്കൽ പാത്രമാ യാലും തരക്കേടില്ലെന്ന് അവൾ തീർച്ചപ്പെടുത്തി.

ഭാനുമതിഅമ്മയും വിശാലാക്ഷിയും ഒരുമിച്ചു വണ്ടി യിൽ കയറി പുറപ്പെട്ടു. ഭാനുമതിയമ്മയുടെ താമസസ്ഥ ലത്തു വന്നുചേൎന്നു. അപ്പോൾ ഉപാദ്ധ്യായിനി കുട്ടികളെ പഠിപ്പിച്ചുകൊണ്ടു തളത്തിൽത്തന്നെ ഇരിക്കുന്നുണ്ടായി രുന്നു.

ഭാനു—സഖീ, ഇതാ, ഇതു ഞങ്ങളുടെ കുട്ടികളെ പഠിപ്പിക്കുന്ന ഉപാദ്ധ്യായിനിയാണു്.

വിശാലാക്ഷി ആ സ്ത്രീയെ കണ്ടു് ഇച്ഛാഭംഗ പ്പെട്ടു. അതു സ്നേഹമയി ആയിരുന്നില്ല.

വി—എന്റെ പരിചയക്കാരി ഈ സ്ത്രീയല്ല.

ഭാനു—ഓഹോ, അങ്ങനെയാണോ കലാശിച്ചതു്?

വി—യാത്ര വൃഥാവായില്ലേയെന്നു തന്നെ പറയാം.

ഭാനു—അതിനെന്തു്? എന്റെ വീട്ടിൽ വരുന്നതിന്നു ഇടയായല്ലോ.

അനന്തരം സ്നേഹരൂപിണിയുടെ വീണവായനയും മറ്റും കേട്ടുകൊണ്ടു വിശാലാക്ഷി വളരെ നേരം അവിടെ താമസിച്ചു. ഭാനുമതിയമ്മയുടെ സൽക്കാരങ്ങളും യഥാ യോഗ്യം ഉണ്ടായിരുന്നു. നേരം വൈകാറായപ്പോൾ വിശാ ലാക്ഷി സ്വഗൃഹത്തിലേക്കു മടങ്ങി.

....(0)....

# ഇരുപത്തേഴാം അദ്ധ്യായം

നരഹരവൈദ്യൻ നിയമേനയുള്ള അപരാഹ്ന സന്ദർശനങ്ങൾ കഴിച്ചു വീട്ടിൽ മടങ്ങി എത്തി. മാളിക പ്പുറത്തേക്കു കയറിച്ചെന്നു. ഭാര്യ അവിടെ ഉണ്ടായിരിക്കു മെന്നുള്ള ആലോചനയോടുകൂടിയാണ് അയാൾ ചെന്നതു്. എന്നാൽ കാമവല്ലി അപ്പോൾ അവിടെ ഉണ്ടായിരുന്നില്ല. രു വേലക്കാരി അവിടെ നിന്നിരുന്നു.

വൈദ്യൻ—നിന്റെ കൊച്ചമ്മ ഇവിടെയില്ലേ?

വേ—ഇല്ല, മൂന്നു മണിക്കു പുറത്തെവിടെയോ പോ യി. ചില വീടുകളിൽ പോകാനുണ്ടെന്നാണു പറഞ്ഞതു്.

വൈ—നടന്നാണോ പോയിട്ടുള്ളതു്?

വേ—അല്ല. വാടകയ്ക്കു് ഒരു വണ്ടി പിടിച്ചു.

പിന്നീടു ചോദ്യങ്ങൾ പുറപ്പെടുന്നില്ലെന്നു കണ്ടു വേലക്കാരി താഴത്തേക്കു പോയി. വൈദ്യൻ ജന്നലിൽ കൂടി വെളിയിലേക്കു നോക്കിക്കൊണ്ടു് അവിടെത്തന്നെ നിന്നു. അയാൾ കുപ്പായക്കീശയിൽ കൈയിട്ടുകൊണ്ടു് ഒരു ചെറിയ മൂളിപ്പാട്ടും പാടിയാണു് അപ്പോൾ നിന്നിരു ന്നതു്. മനസ്സിൽ എന്തെങ്കിലും ചിന്താഭാരം ഉള്ളപ്പോ ഴെല്ലാം വൈദ്യൻ ഈ മട്ടിലാണു് നിൽക്കാറുള്ളതു്.

ഏതാനും ദിവസങ്ങളായി ഒരു ആലോചന അയാളുടെ ഉള്ളിൽ കടന്നുകൂടിയിരിക്കുന്നുണ്ട്. ഭാൎയ്യയും താനും കുറേ പ്രത്യേകം കരുതിയില്ലെങ്കിൽ തങ്ങളുടെ ചെലവു വരവിലധികമായിത്തീരുകയില്ലേ എന്നായിരുന്നു അയാളുടെ വിചാരം. വാസ്തവത്തിൽ പണം സംബന്ധിച്ച കാൎയ്യങ്ങളിൽ കാമവല്ലി അച്ഛനെപ്പോലെ വിചാരഹീനയാണെന്നുതന്നെ പറയാം. അനാവശ്യമായി പണം ചെലവഴിക്കുന്നതിനു് അവൾക്കു യാതൊരു വൈമനസ്യവും ഉണ്ടായിരുന്നില്ല. ഇതാ ഇപ്പോൾതന്നെ അയൽപക്കങ്ങളിൽ പോയി വരുന്നതിനു് വാടക കൊടുത്തു വണ്ടി പിടിക്കേണ്ടതായ ആവശ്യം എന്തെങ്കിലും ഉണ്ടോ? വേണമെങ്കിൽ നടന്നു പോയാൽ പോരേ. മൂക്കോളം കടത്തിൽ മുങ്ങിയിരുന്ന ഇൻസ്പെക്ടരുടെ പുത്രിയെന്നുള്ള നിലയിൽ മാത്രമെ ഇരുന്നിരുന്നുള്ളു എങ്കിൽ കാമവല്ലിയെ ആരും തന്നെ കാൎയ്യസ്ഥയായി ഗണിക്കുമായിരുന്നു എന്നു തോന്നുന്നില്ല. ഇപ്പോൾ ആ താഴ്ന്ന നിലയെല്ലാം പോയിട്ടു് അവൾ കുഞ്ഞമ്മസ്ഥാനം ഏററിരിക്കുകയല്ലേ. അതുകൊണ്ടു സമീപവാസികളെല്ലാവരും അവളെ മാനിക്കുക തന്നെ ചെയ്യുമെന്നാണു് നാം വിചാരിക്കേണ്ടതു്. ഈ കാരണത്താൽ അയൽവാസികളായ പലരും അവളെ കൂടക്കൂടെ വന്നു കാണാറുണ്ടായിരുന്നു. ഭാൎയ്യയുടെ സ്ഥാന ഗൌരവം ഹേതുവായി വൈദ്യനേയും ആളുകൾ മുമ്പത്തേക്കാൾ ആദരിക്കാതിരുന്നില്ല. കാമവല്ലിയുടെ ഔന്നത്യപ്രാപ്തിയോടു കൂടി അവളുടെ സാഹസപ്രവൃത്തിയെപ്പററി പൊതുജനങ്ങൾക്കുണ്ടായിരുന്ന ദുരഭിപ്രായമെല്ലാം നീങ്ങിമിക്കവാറും ജനങ്ങളുടെ ദൃഷ്ടിയിൽ അവൾ മാന്യയായിത്തീൎന്നിരുന്നു. എന്നാൽ ഈ മാന്യത പരിപാലിച്ചുപോകുന്നതിനു കുറേ പണം കൂടാതെ കഴിയുകയില്ലല്ലോ. വിശേഷ

വസ്ത്രങ്ങൾ, സവാരിവണ്ടി മുതലായവ ചെലവു കൂടാതെ എങ്ങനെ സാധിക്കും? കാമവല്ലി ഈ വിഷയത്തിൽ എത്രത്തോളം ചെലവു ചെയ്യുന്നതിനു മടിയുള്ളവളായിരുന്നില്ല. നരഹരവൈദ്യനു വീട്ടുചെലവിനെപ്പററി കുറേശ്ശ ഭയം തോന്നിത്തുടങ്ങിയതു ഭാര്യയുടെ ഈ അമിതവ്യയം ഹേതുവായിട്ടു തന്നെയാണ്. തൻെറ പ്രിയതമയെ ക്ലേശിപ്പിക്കുന്ന വിഷയത്തിൽ അയാൾക്കു വലിയ വൈമനസ്യം തോന്നാതിരുന്നില്ല. പണത്തിൽ അല്പം കൂടി നോട്ടവും പിടിത്തവും ഉണ്ടായിരിക്കേണ്ടതാണെന്നു ഭാര്യയോട് ഉപദേശിക്കാൻ അയാൾ പേടിച്ചു. അച്ഛൻെറ പക്കൽനിന്നു വല്ല സഹായവും ലഭിക്കുമോ എന്നു പരീക്ഷിക്കാനായി അയാൾ എഴുതിഅയച്ചു ചോദിച്ചതിൽ അനുകൂലമായ മറുപടിയോ പണമോ ഒന്നുംതന്നെ അയാൾക്കു കിട്ടിയില്ല. അയാൾ വീണ്ടും വീണ്ടും എഴുതി ചോദിച്ചുകൊണ്ടിരുന്നു. ഒടുവിൽ അച്ഛൻെറ ഒരു മറുപടി വന്നുചേൻ്നു. അതു ഭാര്യയെ നോക്കിക്കൊണ്ടു് അയാൾ ജനൽവാതിൽക്കൽ നിന്നിരുന്ന ആ അവസരത്തിൽ ആയിരുന്നു. തപാൽശിപായി എഴുത്തു് അയാളുടെ പക്കൽ കൊടുത്തുംവച്ചു പുറത്തേക്കു പോയ ഉടനെ ഒരു വണ്ടിയുടെ ശബ്ദം കേട്ടു വൈദ്യൻ അതു് ഏതെന്നു നോക്കാനായി പുറത്തേക്കു വന്നു. ഭാര്യ മടങ്ങി വരികയായിരിക്കാമെന്നായിരുന്നു അയാളുടെ ഊഹം. എന്നാൽ അങ്ങനെയായിരുന്നില്ല. ആ വണ്ടിയിൽ വേറെ ആരോ കടന്നുപോകുകയായിരുന്നു. അയാൾ ഇച്ഛാഭംഗത്തോടു കൂടി പിൻതിരിയാൻ ഭാവിച്ച ക്ഷണത്തിൽ പോലീസ് ഇൻസ്പെക്ടർ ആ വഴിയായി കടന്നുവന്നു. ഈ ഉദ്യോഗസ്ഥൻെറ അപ്പോഴത്തെ ബദ്ധപ്പെട്ടിട്ടുള്ള നടപ്പു കണ്ടാൽ ഏതോ തടവുപുള്ളി കൈവിട്ടുപോയവനെ

പിടികൂടാൻ വേണ്ടി ബദ്ധപ്പെട്ടുവരികയല്ലേ എന്ന ല്ലാതെ തോന്നുമായിരുന്നില്ല. അയാൾ വൈദ്യനോട്ട് അവിടെ നിൽക്കാൻ ആംഗ്യം കാണിച്ചുകൊണ്ടു മുരുകെ നടന്നു.

വൈ—(ആത്മഗതം)ഈനാശംഅവസാനിച്ചില്ലേ? ഇനിയും എന്നോട്ട് ഇവക്ക് എന്താണ് ചോദിക്കാനുള്ളതു്? എത്ര പ്രാവശ്യം ഞെക്കിപ്പിഴിഞ്ഞു കഴിഞ്ഞു.

കോവിൽ ഭാഗത്തു നടന്ന കൊലക്കേസ്സിനേപ്പററിയാണ് വൈദ്യൻ തന്നത്താൻ പറഞ്ഞതു്. പുതിയ ഇൻസ്സെക്ടർക്കും ഇതു സംബന്ധമായി യാതൊരു കൂടുതൽ തെളിവും ശേഖരിക്കാൻ കഴിഞ്ഞില്ല. വല്ല കഴുവും ആകട്ടെ, ചത്തവൾ ചത്തു നാം എന്തിനു് ഇത്ര വളരെ കഷ്ടപ്പെട്ടുന്നുവെന്നു പുതിയ ഇൻസ്പെക്ടർക്കും തോന്നിത്തുടങ്ങിയിരുന്നു.

ഇ—നിങ്ങളെ കാണുന്നതിനായി ഞാൻ ഒരു കാൺസ്റ്റബിളിനെ അയച്ചിരുന്നു. അയാൾ ഇവിടെ വന്നോ?

വൈ—ഞാൻ ആരേയും ഇന്നു കണ്ടില്ല. എന്താണ് കാര്യം?

ഇൻ—അയാൾ വന്നില്ലെങ്കിൽ വേണ്ട. ഞാൻതന്നെ കണ്ടുവല്ലോ.

ഇവിടെ സമീപത്തു് ഒരു സ്ത്രീ ഭ്രാന്തു പിടിച്ചു നടന്നു വലിയ ഉപദ്രവം ചെയ്യുന്നു. അവൾക്കു ഭ്രാന്തു തന്നെയാണെന്നുള്ളതിലേക്ക് ഒരു സർട്ടിഫിക്കേററു വേണ്ടിയിരിക്കുന്നതു നിങ്ങളും അനുകൂലംവൈദ്യനും കൂടി തന്നാൽ കൊള്ളാം. അവളെ ഒന്നു പരിശോധിച്ചു ഞങ്ങൾക്ക് ഈ സഹായം ചെയ്യുതരണം. ഹോ! എന്തൊരു വെയിലാണ് ഇന്നു്?

വൈ—വെയിലെന്നോ? അല്ലല്ല തീയെന്നുതന്നെ പറയാം.

ഇ—ഹേ വൈദ്യൻ! ആ സംഗതി ഇപ്പോഴും വലിയ കുഴപ്പത്തിൽ കിടക്കുന്നതേയുള്ളൂ. ഒരു തുമ്പും കിട്ടുന്നില്ല.

വൈ—ഏതു സംഗതി?

ഇ—സ്നേഹലതാമ്മയെ സംബന്ധിച്ച ആ കാര്യം. അതു് ഒരിക്കലും തെളിയാത്ത ഒരു കേസായിത്തീരുകയെ ഉള്ളൂ എന്നാണു് തോന്നുന്നതു്. ആരംഭത്തിൽ തന്നെ വേണ്ട നടപടികൾ നടന്നിട്ടില്ലാത്ത കേസുകളിൽ പിന്നീടു പ്രവേശിക്കുന്നതു വെറുതെയാണു്. യാതൊരു ഫലവും ഉണ്ടാകയില്ല. ഇതു് എനിക്കു് അനുഭവപ്പെട്ടിട്ടുള്ള സംഗതിയാണു്.

വൈ—അതുകൊണ്ടു് ഈ കേസു നിങ്ങൾ ഉപേക്ഷിച്ചു കഴിഞ്ഞോ?

ഇ—ഓഹൊ. ഏകദേശം അങ്ങിനെതന്നെയെന്നു പറയാം. എന്തിനായി ഫയലിൽ വച്ചുകൊണ്ടിരിക്കുന്നു? എന്നുവെച്ചു്, ഇങ്ങനെയുള്ള കേസുകൾ ഒരിക്കലും നശിച്ചു പോകുകയില്ല. എപ്പോഴെങ്കിലും യാദൃച്ഛികമായ വല്ല തെളിവും കിട്ടുന്നപക്ഷം ഉടൻ ഞങ്ങൾ അതിൽ വീണ്ടും പ്രവേശിക്കുക തന്നെ ചെയ്യും. എന്നെങ്കിലും പുറത്തുവരാതെ ഇരിക്കയില്ല. നിശ്ചയം തന്നെ.

ഇങ്ങനെ പറഞ്ഞവസാനിപ്പിച്ചുംവെച്ചു് ഇൻസ്പെക്ടർ പോയി

നരഹരവൈദ്യൻ വീട്ടിലേയ്ക്കു ചെന്നു് എഴുത്തു് എടുത്തു വായിക്കാൻ ആരംഭിച്ചു. അതിൽ ഇപ്രകാരമാണു് എഴുതിയിട്ടുണ്ടായിരുന്നതു്.

"പ്രിയപ്പെട്ട നരഹരാ,

ഇങ്ങനെ യാചിച്ചുള്ള എഴുത്തുകൾ ഇനിയുമെങ്കിലും അയയ്ക്കാതിരിക്കുക. എനിക്ക് ഇതു് ഇഷ്ടമല്ലെന്നു് അനുഭവം കൊണ്ടു നിനക്കു ബോധ്യപ്പെട്ടിട്ടില്ലേ. നീ ഒരു ഭാര്യയെ സ്വീകരിക്കണമെന്നു ഞാൻ നിന്നോടുപദേശിച്ചതായി പറയുന്നതു സത്യം തന്നെ. എന്നാൽ ഇങ്ങനെ യജമാനന്മാരുടെ കുടുംബത്തിലും മററും സംബന്ധം ഉണ്ടാക്കണമെന്നു ഞാൻ ആവശ്യപ്പെട്ടിരുന്നില്ല. നീ ഇങ്ങനെ പ്രവൃത്തിക്കത്തക്കവണ്ണം ബുദ്ധിഹീനനാണെന്നു് എനിക്കു തോന്നിയിരുന്നുമില്ല. സമാനങ്ങളല്ലാത്ത രണ്ടു കുടുംബങ്ങൾ തമ്മിൽ സംബന്ധിക്കുന്നതു് എല്ലായ്പോഴും ഭാവിക്ലേശത്തിനു് അടിസ്ഥാനമിട്ടുകയാണു്. ഈ വരുംഫലം ഞാൻ ഇപ്പോൾ എന്തിനു സൂചിപ്പിക്കുന്നു. അതിൻെറ ഗുണദോഷങ്ങൾ നിങ്ങൾ ഭർത്താവും ഭാര്യയുമല്ലേ അന്വേഷിക്കുകയും അനുഭവിക്കുകയും ചെയ്യേണ്ടതു്. ഞാൻ ഇനിയും നിനക്കു പണം തരാൻ നിശ്ചയിച്ചിട്ടില്ല. എൻെറ മരണശേഷം നിൻെറ അനുഭവത്തിനായി വല്ലതും ഞാൻ കരുതിവെച്ചുവോ എന്നുള്ള ഭാഗം ഇപ്പോൾ തീർച്ചയാക്കുന്നില്ല. അതു നിൻെറ മേൽനടപടിയെ ആശ്രയിച്ചിരിക്കുന്നതാണു്. എനിക്കു് ഇപ്പോൾ വളരെ സുഖമുണ്ടു്.

എന്നു്,

നിൻെറ പ്രിയപ്പെട്ട അച്ഛൻ"

നരഹരവൈദ്യൻ ഈ എഴുത്തു ചുരുട്ടിമടക്കി ഞെരിച്ചു. അതു വായിച്ചപ്പോൾ അയാൾക്കു് അത്രമാത്രം കോപമുണ്ടായി.

ഇനിയും പണം ചോദിക്കുന്നപക്ഷം തൻെറ ഭാവിശ്രേയസ്സിനു അച്ഛൻ എന്തെങ്കിലും ദോഷം ചെയ്യാതിരിക്കയില്ലെന്നു് അയാൾ തീർച്ചയാക്കി.

"ഇത്രത്തോളം ദുഷ്ടബുദ്ധിയായ ഒരു പിതാവിനെ എനിക്കു കിട്ടിയല്ലൊ. അമ്പൊ അദ്ദേഹത്തിന്റെ നിർദ്ദയത്വം കഠിനംതന്നെ." എന്നിങ്ങനെ അയാൾ തന്നെത്താൻ വിളിച്ചുപറഞ്ഞു.

അപ്പോൾ ഭാര്യയുടെ വണ്ടി പടിക്കൽ വന്നുചേർന്നതു കണ്ടു് അയാൾ എഴുത്തു ചെപ്പിൽ ഇട്ടുകൊണ്ടു വേഗത്തിൽ അങ്ങോട്ടേയ്ക്കു ചെന്നു.

വൈ—(ആത്മഗതം) കഴിയുന്നിടത്തോളം ചെലവു ചുരുക്കാൻ നോക്കുക തന്നെ വേണം. എന്നുവെച്ചു ഭാര്യയെ ദുശ്ശിപ്പിക്കുന്നതിനു് ഒരിക്കലും ഇടയാക്കുകയും അരുതു്.

അനന്തരം അയാൾ കാമവല്ലിയോടു് ഇങ്ങനെ സരസമായി പറഞ്ഞു—"പ്രിയെ, ഭവതി ഒളിച്ചോടിപ്പോയിരിക്കുമോ എന്നു ഞാൻ ശങ്കിക്കാതിരുന്നില്ല."

കാമ—ഞാൻ എവിടെ പോയിരിക്കുമെന്നാണു് അങ്ങു വിചാരിക്കുന്നതു്?

വൈ—എവിടെയൊക്കെയോ പോയിരിക്കും.

കാമ—അതു വാസ്തവം തന്നെ. എങ്കിലും ഒരു പ്രത്യേകസ്ഥലത്തെ ഉദ്ദേശിച്ചാണു് ഞാൻ ചോദിച്ചതു്. വയ്യ; അങ്ങേയ്ക്കു് ഊഹിക്കാൻ വയ്യ. നമ്മുടെ പഴയ വീട്ടിൽ, അതെ, ചെമ്പകശ്ശേരിൽത്തന്നെയാണു് ഞാൻ പോയിരുന്നതു്. കുന്നംപുറത്തു ചില ദുരയെല്ലാം കാണാനായിട്ടു പോയിരുന്നപ്പോൾ വീട്ടിലും ഒന്നു കയറിക്കളയാമെന്നു് എനിക്കു തോന്നി. അവിടെ ഒരു സ്ത്രീ താമസിക്കുന്നുണ്ടു്. അവർ എന്നെ അറിയുകയില്ല. വീടു് ആവശ്യപ്പെട്ടു ചെന്ന ആൾ ആയിരിക്കാം ഞാൻ എന്നു് അവർ ആദ്യം ഊഹിച്ചു. ഞാൻ അവിടെനിന്നു പിരിഞ്ഞതിൽ പിന്നെ വന്നുചേന്ന ആളാകകൊണ്ടു് എനിക്കും അവരെ അറിഞ്ഞുകൂടാ. വീട്ടുടമസ്ഥനായ വലിയയജമാനന്റെ മേൽവിലാസം അവർ

എനിക്കു കുറിച്ചുതന്നു. സ്ഥലം ആരെങ്കിലും പ്രാടകസ്ഥെട്ടുക്കുന്നതുവരെ അവർ അവിടെ താമസിക്കുന്നതിനാണു് എന്റെ അക്കൻ അവരോടു ചട്ടംകെട്ടിയിട്ടുള്ളതു്.

ഈ സമയമെല്ലാം കാമവല്ലി സോത്സാഹം ചിരിച്ചുകൊണ്ടിരിക്കുകയായിരുന്നു. വൈദ്യനും അപ്രകാരംതന്നെ സന്തോഷം പ്രദർശിപ്പിച്ചതേയുള്ളു. അച്ഛന്റെ എഴുത്തു കിട്ടിയതിനാലുള്ള കുണ്ഠിതം അയാൾ ഒട്ടുംതന്നെ പുറത്തു കാണിച്ചില്ല. മനഃസ്ഥിതിയെ മുഖത്തു പ്രതിബിംബിപ്പിക്കാതിരിക്കുന്ന വിഷയത്തിൽ നരഹരവൈദ്യനു് ഒരു പ്രത്യേക പാണ്ഡിത്യമാണുള്ളതു്.

കാമ— ഇതുകൂടാതെ ഞാൻ വേറെ എന്തുകൂടി പ്രവർത്തിച്ചിരിക്കുമെന്നു് അങ്ങു് അറിഞ്ഞില്ലല്ലൊ. ഇന്നു രാത്രിയിൽ ഒരു കൈകൊട്ടിക്കളി കാണാൻ ചെല്ലാമെന്നും ഏററിട്ടാണു് മടങ്ങീട്ടുള്ളതു്.

വൈ—അതു് എവിടെയാണു്?

കാമ—നമ്മുടെ കുഞ്ഞിക്കാവമ്മയുടെ വീട്ടിൽ. അവിടേക്കു് അങ്ങുകൂടി വരുന്നുണ്ടോ?

വൈ—ഞാൻ ഭവതിയെ അവിടേക്കു കൊണ്ടുപോകാം. പിന്നീടു വന്നു കൊണ്ടുപോരികയും ചെയ്യാം. അതിനിടക്കു് എനിക്കു ചില രോഗികളെ അന്വേഷിക്കാനുണ്ടു്. അതുകൊണ്ടു് കളി കാണാൻ ഞാൻ താമസിക്കയില്ല.

ഈ മറുപടി നല്ലവണ്ണം കേൾക്കുന്നതിനു മുമ്പുതന്നെ കാമവല്ലി പെട്ടി തുറന്നു പുടവയും റൌക്കയും മററും പരിശോധിച്ചുതുടങ്ങി. അന്നു രാത്രിയിൽ വലിയ അലങ്കാരങ്ങളോടുകൂടി അവൾക്കു പോകേണ്ടിയിരുന്നല്ലൊ.

കാമ—(ആത്മഗതം) പച്ച സൂക്ഷ്മപടത്തിലുള്ള റൌക്കയാണു് രാത്രിക്കു നല്ലതു്. അതെവിടെ? കാണുന്നില്ലല്ലൊ.

അവൾ പെട്ടിയും അലമാരിയും മുഴുവൻ പരിശോധിച്ചിട്ടും ആ റൌക്ക കണ്ടില്ല.

കാമവല്ലി ഇപ്രകാരം തന്നത്താൻ ഉറക്കെ പറഞ്ഞു—"ഈ വേലക്കാരികളുടെ ഉപദ്രവം വളരെ അസഹ്യമായിരിക്കുന്നു. അവർക്ക് ഒന്നിലും ശ്രദ്ധയില്ല. എന്റെ ആ റൌക്ക കാണുന്നില്ല. അതു പൊയ്പോയെങ്കിൽ—"

അവൾ കോപാക്രാന്തയായി വേലക്കാരിയെ ഉറക്കെ വിളിച്ചു. വേലക്കാരി ഓടിയെത്തിയപ്പോൾ മുണ്ടുകളും നേര്യതുകളുമെല്ലാം വാരിവലിച്ചു കാമവല്ലി പുറമുറിയിൽ എറിഞ്ഞിരിക്കുകയായിരുന്നു.

കാമ—എന്റെ പച്ച റൌക്ക എവിടെ?

വേല—പച്ച റൌക്കയൊ?

കാമ—അതെ, കഴിഞ്ഞയാണ്ടിൽ തയ്പിച്ച സൂര്യപടം റൌക്ക. നീ ഇതൊന്നും കണ്ടില്ലെ? എന്താണു നിനക്ക് ഇവിടെ വേറെ ജോലി? അതു പ്രത്യേകം സൂക്ഷിച്ചുവയ്ക്കണമെന്നു ഞാൻ പലപ്പോഴും പറയാറുണ്ടായിരുന്നില്ലെ. ഇപ്പോൾ ഓർമ്മിക്കുന്നൊ.

വേല—ഉവ്വ്, ഓർമ്മിക്കുന്നുണ്ട്. ഞാൻ അതു് അലമാരിയുടെ മുകൾത്തട്ടിൽ ഒരു തുണിയിൽ പൊതിഞ്ഞു വെച്ചിരുന്നല്ലൊ. അവിടെ കാണും. വേറെ എങ്ങും ഞാൻ മാററിവെച്ചില്ല.

കാമ—എന്നാൽ അവിടെ നിന്നു് ഇപ്പോൾ എടുക്കു്.

വേലക്കാരി അലമാരിയുടെ തട്ടിൽ ഒന്നൊന്നായി സാവധാനത്തിൽ പരിശോധിച്ചു തുടങ്ങി.

കാമ—മാറിനിൽക്കു്. ഇന്നു് അർദ്ധരാത്രിവരെ തിരഞ്ഞാലും നിന്റെ ജോലി അവസാനിക്കയില്ല.

ഇങ്ങനെ പറഞ്ഞുകൊണ്ടു് അവൾ അലമാരിയിലെ സാമാനങ്ങൾ എല്ലാം വാരി നിലത്തെറിഞ്ഞു. അതിന്റെ

പലകയിൽ ഇട്ടിരുന്ന കടലാസ്സുപോലും അവൾ ദൂരെ എടുത്തെറിഞ്ഞു കളഞ്ഞു.

കാമ—എല്ലാം എടുത്തു് അകത്തു് അടുക്കിവെയ്ക്കണം. റവുക്ക ഇപ്പോൾ എടുത്തുതരികയും വേണം.

വേലക്കാരി സാമാനങ്ങൾ ഒന്നൊന്നായി എടുത്തു് അലമാരിയിൽ വെച്ചു. കോപം അവൾക്കും ഉണ്ടാകാതിരുന്നില്ല. എന്നാൽ ജോലി വേണമെങ്കിൽ കോപം അടക്കുകയേ അവൾക്കു നിവൃത്തി ഉണ്ടായിരുന്നുള്ളു. അതുകൊണ്ടു് അവൾ പല്ലു കടിച്ചു കൊണ്ടാണു സാമാനങ്ങൾ അടുക്കി വെച്ചതു്.

കാമ—റവുക്ക അതിൽ ഇല്ലേ? എന്താ തരാത്തതു്? ഉണ്ടെന്നാണല്ലൊ നിൻെറ വാദം. എന്നാൽ വേഗം എടുത്തുതരിക.

വേല—കൊച്ചമ്മയാണെ ഞാൻ അതു വേറെയെങ്ങും മാററിവെച്ചില്ല. ഇത്ര മാത്രമെ ഞാൻ പറയുന്നുള്ളു. ഇപ്പോൾ ഇതിലെങ്ങും കാണുന്നില്ല. അങ്ങിനെ ഒന്നു് ഉണ്ടായിരുന്നതായി എനിക്കും ഓർമ്മയുണ്ടു്. എവിടെ പ്പോയി എന്നു് എങ്ങിനെ അറിയാം.

കാമ—ഞാൻ എടുത്തുകളഞ്ഞിരിക്കുമെന്നാണൊ നീ പറയുന്നതു്.

വേലക്കാരിക്കും വളരെയൊക്കെ മറുപടി പറയാൻ തോന്നി. എങ്കിലും അവൾ അപ്പോൾ ഒന്നും പറഞ്ഞില്ല. സാമാനങ്ങൾ മിക്കവാറും അലമാരിയിൽ ആയപ്പോൾ താഴെ ഒരു എഴുത്തുകഷണം കിടക്കുന്നതായി കാമവല്ലി കണ്ടു. അതിലെ കയ്പട അവളെ അത്യധികം വിസ്മയിപ്പിച്ചതിനാൽ അവൾ വേഗത്തിൽ അതെടുത്തു. അതോടുകൂടി റവുക്കയുടെ കാൎയ്യവും കോപവും തത്സംബന്ധമായ ബദ്ധപ്പാടും എല്ലാം പെട്ടെന്നു് അവസാനിച്ചു.

അവൾ എഴുത്തു് കൈയിൽ വെച്ചുകൊണ്ടു് ഒരു കസേരയിൽ ഇരുന്നു. അതു വിശാലാക്ഷിയുടെ പേൎക്കു് എഴുതീയിരുന്ന ഒരു എഴുത്തിൻെറ ആദ്യഭാഗമായിരുന്നു. അവസാനവും ആദ്യവും ഒഴികെ എഴുത്തിൻെറ ശേഷം ഭാഗം കീറിപ്പോയതിനാൽ മുഴുവൻ വായിക്കാമായിരുന്നില്ല. കയ്യ്പട ഇന്നാരുടേതു് എന്നു് കാമവല്ലിക്കു് ഉടൻ മനസ്സിലായി. തൻെറ ഇളയസഹോദരിയായ സ്നേഹമയിയുടെ കയ്യ്പട അവൾക്കു തിരിച്ചറിയാൻ വൈഷമ്യം ഉണ്ടായീരുന്നില്ല.

കാമ—(ആത്മഗതം) ആഹാ! ജ്യേഷ്ഠൻ ഇത്രത്തോളം കൌശലക്കാരിയാണെന്നു ഞാൻ വിചാരിച്ചിരുന്നില്ല. ഈയിടെയെങ്ങും അവളുടെ എഴുത്തു വരാറില്ലെന്നല്ലെ എന്നോട്ടു് അക്കൻ ഉറപ്പായി പറഞ്ഞിരുന്നതു്. അവർ ഇങ്ങനെ മറച്ചുവെച്ചതിൻെറ കാരണം എന്തായിരിക്കും? ഈ എഴുത്തു കിട്ടിയ കഥ എന്നെ അറിയിച്ചിരുന്നില്ലല്ലൊ. അതിൻെറ ഉദ്ദേശ്യം എന്തൊ? അതെന്തെങ്കിലും ആവട്ടെ, ആളുകളെ കണ്ടുപിടിക്കുകയില്ലെന്നും. അവർ വിചാരിക്കുന്നതല്ലെ അത്ഭുതം. എൻെറ സാമാനങ്ങൾ കെട്ടിയയച്ചപ്പോൾ അവയുടെ കൂട്ടത്തിൽ ഈ പ്രമാണം കൂടി ഉൾപ്പെട്ടിരിക്കുമെന്നു് അക്കൻ ഒട്ടും തന്നെ ഊഹിച്ചിരിക്കയില്ല. അവരുടെ കപടവിദ്യ ബോധപ്പെടുത്തുന്നതിനു വേണ്ടി ഇതു ഞാൻ സൂക്ഷിച്ചുവെയ്ക്കാം.

അവൾ എഴുത്തു കീറു കൈപ്പെട്ടിയിൽ വെയ്ക്കാനായി തിരിഞ്ഞപ്പോൾ വേലക്കാരി റവുക്കയും കൊണ്ടുവന്നുചേൎന്നു.

വേല—കൊച്ചമ്മാ, ഇതു കട്ടിലിൻെറ കീഴിൽ ഒരു പെട്ടിയിൽ ഇരുന്നിരുന്നു.

കാമ—ഞാൻ അവിടെ വച്ചില്ലല്ലൊ.

അല്പം ഓർമ്മിച്ചപ്പോൾ അവൾ തന്നെ ഒരു ദിവസം അതു് ആ പെട്ടിയിൽ വെച്ചതായി ബോധപ്പെടുകയും ആ കാര്യം കാമവല്ലി സമ്മതിക്കുകയും ചെയ്തു. വേലക്കാരി വലിയ ചാരിതാർത്ഥ്യത്തോടുകൂടി മടങ്ങിപ്പോയ ഉടനെ നരഹരവൈദ്യൻ വരുന്ന കാലൊച്ച കേട്ടു ഭാര്യ എഴുത്തു കീറു് എളുപ്പത്തിൽ പെട്ടിയിലാക്കി സൂക്ഷിച്ചു. എന്നാൽ വൈദ്യൻ അപ്പോൾ അവളുടെ അടുക്കലേക്കു വരികയല്ലായിരുന്നു. അയാൾ മറ്റൊരു മുറിയിലേയ്ക്കു പോയി. സ്നേഹമയിയെപ്പറ്റി കാമവല്ലി ആത്മാഭിമാനത്തിന്റെ തള്ളൽ ഹേതുവായി അതുവരെ ഒരക്ഷരം പോലും ഭർത്താവിനോടു പറഞ്ഞിട്ടുണ്ടായിരുന്നില്ല. ഉപാധ്യായിനിയായി അലഞ്ഞു നടക്കുന്ന ഒരു സഹോദരി തനിക്കുണ്ടെന്നു ഭർത്താവിനെ ഗ്രഹിപ്പിക്കാൻ കുടുംബഡംഭ് അവളെ സമ്മതിച്ചില്ല. തന്റെ ഭാര്യയ്ക്കു് ഈ പേരോടുകൂടി ഒരു സഹോദരിയുണ്ടെന്നുള്ള യാതൊരു ഊഹവും നരഹരവൈദ്യനു് ഉണ്ടായിരുന്നുമില്ല. സ്നേഹമയി അച്ഛനോടുകൂടി ചെന്നു ചേർന്നിരിക്കുമെന്നായിരുന്നു കാമവല്ലിയുടെ അപ്പോഴത്തെ വിശ്വാസം.

അവൾ കൈകൊട്ടിക്കളി കാണാൻ പോകാനുള്ള ഒരുക്കങ്ങൾ ചെയ്യാൻ ആരംഭിച്ചു. തല ചീകി കെട്ടുക, അതിൽ റോസാപ്പൂ തിരുകി വെയ്ക്കുക, പിച്ചകമാല വളച്ചുകെട്ടുക, ആഭരണങ്ങൾ ധരിക്കുക, റവുക്ക-അതെ, വളരെ നേരം കാണാതെ പോയിട്ടു വേലക്കാരി നോക്കി എടുത്തുകൊണ്ടു വന്ന പച്ച സൂര്യപട റവുക്ക-മെയ്യിൽ ഇടുക, ആദിയായ അലങ്കാരങ്ങളെല്ലാം പൂർത്തിയാക്കിയപ്പോൾ കാമവല്ലി കാമ്യവല്ലിയായിത്തന്നെ കാണപ്പെട്ടു. അനന്തരം അവൾ വളരെനേരം കണ്ണാടിയുടെ മുമ്പിൽനിന്നു, തന്നെത്താൻ നോക്കി രസിച്ചുംവച്ചു ഭക്ഷണം കഴിക്കുന്നതിനായി പുറപ്പെ

ട്ടപ്പോൾ വൈദ്യൻ ഏതോ ഒരാളുമായി സംസാരിച്ചുകൊണ്ടു കോവണിയുടെ താഴെ നിൽക്കുകയായിരുന്നു. അവരുടെ സംഭാഷണത്തിൽ ഏതാനും ഭാഗം കാമവല്ലി കേൾക്കുന്നതിനു സംഗതിയായി. അവൾ കേട്ടതു് ഇപ്രകാരമായിരുന്നു.

ആൾ—അനുകൂലവൈദ്യനു സൗകര്യം തീരെയില്ല മറെറ ആളെ വിളിക്കാൻ എൻെറ ഭാര്യയ്ക്കു മനസ്സുമില്ല. അവൾക്കു് അയാളുടെ പേരു കേൾക്കുന്നതുതന്നെ ഭയങ്കരമായിരിക്കുന്നു. അങ്ങയെത്തന്നെ വിളിക്കണമെന്നാണു് അവളുടെ നിർബന്ധം. അങ്ങു വന്നാൽ വലിയ ഉപകാരം.

വൈ—ശരി; ഞാൻ അരമണിക്കൂറിനകമായി അവിടെ എത്തും. തൻെറ ഭാര്യയുടെ അഭിപ്രായം ന്യായമാണു്. ഇത്രത്തോളം അപകടകരമായ അബദ്ധം പ്രവർത്തിച്ചിട്ടുള്ള ആളെക്കൊണ്ടു ചികിൽസിപ്പിക്കുന്നതു് ഒരിക്കലും നന്നല്ല. അങ്ങനെയുള്ള തെററു മേലും വരാവുന്നതല്ലേ?

അനാമയ വൈദ്യനെപ്പററിയാണു് ഈ പ്രസംഗം നടത്തുന്നതെന്നു കാമവല്ലിക്കു മനസ്സിലായി.

# ഇരുപത്തെട്ടാം അദ്ധ്യായം

ലാട പുരത്തു മല്ലികത്തോട്ടത്തിലെ തളത്തിൽ വലിയ യജമാനനും മകൾ വിശാലാക്ഷിയും ഇരിക്കുകയായിരുന്നു. വിശാലാക്ഷി അച്ഛനുവേണ്ടി ഒരു കൈലേസ്സിന്റെ വിളമ്പു തൈയ്ച്ചുകൊണ്ടിരുന്നു. അവളുടെ മനസ്സിൽ പല ആലോചനകൾ കടന്നുകൂടിയിരുന്നവയെ അവൾ യഥായോഗ്യം പരിഗണനം ചെയ്തുകൊണ്ടു് അങ്ങനെ ഇരുന്നപ്പോൾ ശ്രീമതിയുടെ പുതിയ ഉപാദ്ധ്യായിനിയെക്കുറിച്ചും അവൾ ആലോചിച്ചു. ഈ സ്ത്രീ തങ്ങളോടുകൂടി താമസിക്കത്തക്ക ഒരാൾ തന്നെയാണോ എന്നായിരുന്നു വിശാലാക്ഷിയുടെ ആലോചന. സ്നേഹമയിയെപ്പററി അച്ഛനോടു് ഒരിക്കൽക്കൂടി പറയണമെന്നു വേറൊരു ആലോചനയും അവളുടെ മനസ്സിൽ ബലമായി ഉണ്ടായിരുന്നു. വലിയ യജമാനൻ ഒരുവർത്തമാനപ്പത്രം വായിച്ചുരസിച്ചുകൊണ്ടിരുന്ന ആ അവസരത്തിൽ അദ്ദേഹത്തോടായി വിശാലാക്ഷി ഇങ്ങനെ ചോദിച്ചു. "അച്ഛാ, പ്രഭാവതിഅമ്മ ശ്രീമതിയുടെ ഉപാദ്ധ്യായിനിയായിതാമസിക്കാൻ തക്ക ആൾ തന്നെ എന്നു് അച്ഛനു തോന്നുന്നുണ്ടോ?"

യജ—തക്ക ആളാണെന്നു് എനിക്കു തോന്നുന്നുണ്ടു്. എന്തുകൊണ്ടു ചേരുകയില്ല?

വി—അവർക്കു് ഈ ജോലിക്കു തക്ക പ്രാഭവമല്ല ഉള്ളതെന്നു ഞാൻ സംശയിക്കുന്നു. അഹംഭാവം കുറെ അധികമല്ലെ എന്നാണു് എന്റെ ശങ്ക.

യജ—അഹംഭാവം അധികമാണെന്നോ? ഈ ജോലി അവർക്കു് കുറവാണെന്നൊ? അതിനു കാരണമെന്തു്?

വി—അവരുടെനടപടികളുംഭാവനയുംകൊണ്ടു് എനിക്കു് അങ്ങിനെ തോന്നുന്നു. എന്തൊ എനിക്കു് അവരോടു സന്തോഷം തോന്നുന്നില്ല. മാന്യനിലയിൽ സ്വീകരിക്കേണ്ടതു ധർമ്മമാണല്ലൊ എന്നുള്ള വിചാരം നിമിത്തം ഞാൻ അവരെ വേറൊരാളെന്നു കണക്കു കൂട്ടിയിരുന്നില്ല. എന്നാൽ അവർ അതിരു കവിഞ്ഞ സ്വാതന്ത്ര്യം എടുക്കുന്നതായി എനിക്കു തോന്നുന്നു. പത്തു ദിവസത്തെ പരിചയംകൊണ്ടു് ഇത്രത്തോളം സ്വാതന്ത്ര്യം ഭാവിക്കുന്നതു് ഒരു മാന്യസ്ത്രീക്കു് അടുത്തതല്ലെന്നാണു് എന്റെ അഭിപ്രായം. ഇവിടെ നമ്മെ കാണാൻ ആരെങ്കിലും വന്നാൽ പ്രഭാവതി അമ്മ അവരോടു സമത്വം ഭാവിക്കുന്നതു ശരിയല്ലല്ലൊ. ഞങ്ങളിൽ ഒരാളെപ്പോലെയാണു് അപ്പോൾ അവരും ഭാവിക്കാറുള്ളതു്. എന്നെപ്പോലും ചിലപ്പോൾ അവർ പിന്നിലാക്കുകയാണു് ചെയ്യുന്നതു്. ഇതു് ഒട്ടും ന്യായമല്ല.

യജ—നീ അവരെ പിറകിലേയ്ക്കു തള്ളിക്കളയണം.

വി—അങ്ങനെ പറയാൻ എളുപ്പമുണ്ടെന്നല്ലാതെ പ്രവൃത്തിക്കാൻ അത്രത്തോളം എളുപ്പമുള്ളതായി ഞാൻ വിചാരിക്കുന്നില്ല. ഒരു ഉപാദ്ധ്യായിനിക്കു് ഇത്രത്തോളം അഹംഭാവവും സ്വാതന്ത്ര്യവും നന്നല്ലെന്നാണു് എന്റെ പക്ഷം.

യജ—വിശാലാക്ഷി, ഈ അസൂയ നിനക്കും നന്നല്ല

നീ ഇത്രത്തോളം അല്പത്വം ഉള്ളവളാണെന്നു ഞാൻ വിചാരിച്ചില്ല.

വി—അച്ഛാ, ഉപാദ്ധ്യായിനി അഹങ്കാരക്കാരിയാണെന്നേ ഞാൻ പറഞ്ഞുള്ളല്ലൊ. ഈ വീട്ടിൽ അവർക്കുള്ള സംബന്ധം ഇത്രത്തോളമേ ഉള്ളു എന്ന് അവർ ഓർക്കേണ്ടതല്ലെ? അച്ഛൻ അവരുടെ നടപടികൾ സൂക്ഷിക്കാത്തതുകൊണ്ടു് പരമാർത്ഥം അറിഞ്ഞിട്ടില്ല.

യജ—അങ്ങനെയാണെങ്കിൽ നിനക്ക് ആ കാര്യം അവരോടു പറയരുതോ?

വി—എനിക്ക് അതിനു് ഇഷ്ടമില്ല. അവർക്ക് ഇവിടെ ഇന്നതെല്ലാമേ ചെയ്യാനുള്ളു എന്ന് അവർ മനസ്സിലാക്കാത്തതിനേപ്പററിയാണ് ഞാൻ മനസ്സാപപ്പെടുന്നതു്.

യജ—അവരുടെ നടത്തയിൽ ഞാൻ ഒരു പിശകും കാണുന്നില്ല. അങ്ങനെ എന്തെങ്കിലും കാണുന്നപക്ഷം ശ്രീമതിയുടെ ഉപാദ്ധ്യായിനിയായി അവർ ഇവിടെ ദീർഘകാലം താമസിക്കയില്ല.

വി—നടത്തയിൽ അതിനുതക്ക കുററം കണ്ടെന്നല്ല ഞാൻ പറഞ്ഞതു്. അവർ മാന്യയാണെന്നുള്ളതിനു സംശയമില്ല. മാന്യത കുറെയധികം നടിക്കുന്നില്ലേ എന്നുമാത്രമെയുള്ളു. ഈ വീട്ടിലെ ഒരാളെന്നോ ഇവിടുത്തെ പ്രധാനിയെന്നോ ഒക്കെ ഭാവിക്കുന്നതു് അവർക്കു യോഗ്യമല്ലെന്നാണ് ഞാൻ പറയുന്നതു്. ആരെങ്കിലും വന്നു കണ്ടാൽ അച്ഛന്റെ മൂത്തമകൾ അവരാണെന്നല്ലാതെ പറയുകയില്ല. നാമെല്ലാവരും തനിച്ചിരിക്കുമ്പോൾ അവർ അച്ഛനോടുതന്നെ എത്രമാത്രം പരിചയവും സ്വാതന്ത്ര്യവും നടിക്കുന്നുണ്ടു്. അച്ഛന്റെ മുൻപിൽവെച്ചു് അവർ എങ്ങനെയെല്ലാം ചിരിക്കുകയും രസിക്കുകയും ചെയ്യുന്നു. അതു് അച്ഛൻ കണ്ടിട്ടുള്ളതാണല്ലൊ.

യജ—അവർ ഒരു വലിയ രസികയാണ്. ഭംഗിയായും സരസമായും സംസാരിക്കുകയും ചെയ്യുന്നു.

വി—അച്ഛാ, എനിക്ക് അവരോട് ഇഷ്ടം തോന്നുന്നില്ല.

യജ—എന്നാൽ ഇവിടെ താമസിപ്പിക്കേണ്ട. എന്നാൽ അവർ അവരുടെ ജോലിക്കു യോജിച്ചവരാണൊ എന്നുള്ളതു് നീ നിശ്ചയിച്ചാൽ മതി.

വി—വേലക്കു വളരെ യോഗ്യതയുള്ള ആളാണു്. ഇതിലധികം സാമർത്ഥ്യമുള്ള ഉപാദ്ധ്യായിനിയെ കിട്ടാൻ പ്രയാസമുണ്ടു്. ശ്രീമതിയെ നല്ലവണ്ണം പഠിപ്പിക്കുന്നു എന്നുള്ളതു് ഞാൻ സമ്മതിക്കുന്നു.

യജ—എന്നാൽ ആ കാര്യമാണു് പ്രധാനം. അതിനു് വീഴ്ചയില്ലെങ്കിൽ അവർ താമസിക്കട്ടെ. അതാണു് നല്ലതു്. ഡംഭും പ്രാഭവവും ഒന്നുംനാം വകവയ്ക്കേണ്ട. എല്ലാഗുണങ്ങളും തികഞ്ഞ ആളുകളെ കിട്ടാൻ പ്രയാസമുണ്ടു്,

വിശാലാക്ഷി പിന്നീടു് ഒന്നും പറഞ്ഞില്ല. ശ്രീമതിയുടെ പഠിത്തം ഏററവും പ്രധാനപ്പെട്ട കാര്യമാണല്ലൊ. വലിയ യജമാനൻ വീണ്ടും പത്രവായന ആരംഭിച്ചു. കുറച്ചു നേരം വായിച്ചശേഷം അദ്ദേഹം ഇങ്ങനെ മകളോടു് ചോദിച്ചു.

യജ—വിശാലാക്ഷീ, സ്നേഹമയിയെ എപ്പോൾ അന്വേഷിക്കാനാണു് നീ ആലോചിച്ചിരിക്കുന്നതു്?

വിശാലാക്ഷി സന്തോഷാധിക്യത്താൽ പുളകിതയായിത്തീർന്നു. അവൾ ഈ വിഷയത്തെപ്പററി അച്ഛനോടു സംസാരിക്കാൻ ആഗ്രഹിച്ചുകൊണ്ടിരിക്കുകയായിരുന്നല്ലൊ. ഇപ്പോൾ അദ്ദേഹം അവളോടു് അതിനെപ്പററി പ്രസ്താവിക്കാൻ ഇടയായതു് അവൾക്കു് എത്രമാത്രം ആശ്വാസപ്രദമായകാര്യമാണു്.

വി—അച്ഛാ, ഞാൻ അവളെ അന്വേഷിച്ചുകൊണ്ടുള്ളട്ടൊ? അച്ഛനു സമ്മതം തന്നെയോ?

യജ—നിനക്കു കഴിയുകയില്ലെങ്കിൽ ഞാൻ തന്നെ അന്വേഷിക്കാം.

വി—ഇതു ഞാൻ വളരെക്കാലമായി ആഗ്രഹിക്കാറുള്ള കാര്യമാണു്. ഇതു് അച്ഛനോടു് ചോദിക്കണം എന്നു് എന്നേ ഞാൻ വിചാരിച്ചുവരുന്നുണ്ടു്. കഷ്ടം! ഇന്നു ചോദിച്ചില്ലല്ലൊ എന്നു് അനേകരാത്രികളിൽ ഞാൻ തന്നെ ത്താൻ ശാസിച്ചുവരികയുമാണു്. സ്നേഹമയി നമ്മുടെ വീട്ടിൽവന്നു് താമസിച്ചുകൊള്ളട്ടെ?

യജ—അവൾ ഇങ്ങനെ കണ്ട ദിക്കുകളിൽ അലഞ്ഞു നടക്കുന്നതിനേക്കാൾ അധികം നല്ലതു് ഇവിടെ വന്നു പാക്കുകയാണു്.

വി—പണ്ടേതന്നെ അവളുടെ ഈ വിധമായ ജീവിതം യോഗ്യമായിരുന്നില്ല. ഇപ്പോൾ വിശേഷിച്ചു് അച്ഛനു ഭാഗ്യം ലഭിച്ചിരിക്കുന്ന ഈ സന്ദർഭത്തിൽ അവൾ ഒരിക്കലും അങ്ങനെ ചെയ്തുകൂടാത്തതാണു്. മുമ്പൊരിക്കൽ ഞാൻ അവളുടെ കാര്യത്തെപ്പററി പ്രസ്താവിച്ചപ്പോൾ "വരട്ടെ, അവൾ തന്നത്താൻ വന്നുചേരട്ടെ. മര്യാദ പഠിക്കട്ടെ" എന്നു് അച്ഛൻ പറയുകയല്ലെ ചെയ്തതു്. അതിൽ പിന്നീടു് അച്ഛനോടു ചോദിക്കാൻ എനിക്കു ധൈര്യം ഉണ്ടായില്ല.

യജ— അവൾ തന്നത്താൻ പഠിക്കുന്നില്ലല്ലൊ. ദിവസങ്ങളും മാസങ്ങളും മുറയ്ക്കു കഴിഞ്ഞിട്ടും അവൾ പഠിക്കുന്നില്ലല്ലൊ. സ്നേഹമയി വലിയ ശാഠ്യക്കാരിയാണു്.

വി—അച്ഛാ, നമ്മുടെ ഇപ്പോഴത്തെ ഭാഗ്യാവസ്ഥയെപ്പററി അവൾ കേട്ടിട്ടില്ലായിരിക്കുമോ? അങ്ങനെ

വരാൻ ഇടയില്ല. എങ്കിലും എനിക്ക് അങ്ങനെയാണെന്ന് തോന്നുന്നത്.

യജ—ഛേയ്, അവൾ അറിയാതിരിക്കയില്ല. നിർബന്ധവും വാശിയുംകൊണ്ടു് അനങ്ങാതെ ഇരിക്കുകയാണ്. നാം വിളിക്കട്ടെ എന്നു വാശി പിടിച്ചു നിൽക്കുകയായിരിക്കാം.

വി—ഞാനും അങ്ങനെതന്നെയാണ് ആലോചിക്കുന്നതു്. അവൾ വലിയ താന്തോന്നിയാണല്ലോ. മററവളേപ്പോലെ—

യജ—മററവളേപ്പോലെ?—

വി—കാമവല്ലിയെപ്പോലെ എന്നു പറയാനാണ് ഞാൻ ഭാവിച്ചതു്.

യജ—വിശാലാക്ഷി, ആ പേരു് എൻെറ ചെവിയിൽ കേൾക്കരുതെന്നു ഞാൻ വിലക്കീട്ടില്ലെ? അവൾ എന്നെയും എൻെറ വീടിനേയും ഉപേക്ഷിച്ച് പോയവളല്ലെ? അവളുടെ സുഖം അവൾതന്നെ അന്വേഷിച്ചുകൊള്ളട്ടെ. സ്നേഹമയിയുടെ പ്രവൃത്തി ഇതിനേക്കാൾ എത്രയോ അധികം ലഘുവാണ്. അവൾക്ക് ഞാൻ മാപ്പുകൊടുക്കാം. അവൾ ഇപ്പോൾ എവിടെയാണെന്നു നിനക്ക് അറിയാമൊ?

വി—അറിഞ്ഞുകൂടാ.

യജ—അറിഞ്ഞുകൂടെന്നൊ? നീ അറിഞ്ഞിരിക്കുമെന്നല്ലെ ഞാൻ വിചാരിച്ചിരുന്നതു്. അവൾ നിൻെറ പേർക്ക് എഴുത്തയയ്ക്കാറുണ്ടായിരുന്നല്ലൊ.

വി—അവൾ ഇപ്പോൾ ഇന്ന സ്ഥലത്തുണ്ടെന്ന് എനിക്ക് നിശ്ചയമില്ല. ധർമ്മവനത്തെവിടെയൊ ഉണ്ടായിരിക്കും. കണ്ടുപിടിക്കാൻ ഇപ്പോൾ പ്രയാസമുണ്ടായിരിക്കയില്ല.

യജ—എന്നാൽ അന്വേഷിച്ച കണ്ടുപിടിക്കുക. ഇപ്പോൾ തന്നെ പുറപ്പെടണം.

വലിയ യജമാനൻ വണ്ടിക്കാരനെ വിളിച്ചുവരുത്തി വണ്ടി തയ്യാറാക്കാൻ ചട്ടംകെട്ടി.

വി—അച്ഛാ, വണ്ടിയിലും മററും പോകാതെ രഹസ്യമായിപോയി അന്വേഷിക്കാമെന്നാണ് എൻെറആഗ്രഹം.

യജ—വേണ്ട വണ്ടിയിൽതന്നെ പോകണം. എടോ! വേഗം ആകട്ടെ, വണ്ടി തയ്യാറാക്കുക.

വി—അച്ഛാ, ഈ സന്ദർഭത്തിൽ വലിയ അന്തസ്സ് ഭാവിക്കാതെ ശ്രദ്ധമായി നടന്നു തിരക്കുകയല്ലെ നല്ലതു്.

യജ—ഏതു സന്ദർഭമാണു്? സന്ദർഭത്തിനു് എന്താണ് തരക്കേട്?

വി—സ്നേഹമയിഇപ്പോഴത്തെ നമ്മുടെ അവസ്ഥയ്ക്ക് അനുരൂപമായവിധത്തിലല്ലല്ലൊ താമസിക്കുന്നതു്. അതു കൊണ്ടു രഹസ്യമായി അവളെ കണ്ടുപിടിച്ചുകൂട്ടിക്കൊണ്ടു വരികയാണു നല്ലതെന്നു് എനിക്കു തോന്നുന്നു.

യജ—അങ്ങനെഅല്ല. അന്തസ്സോടുകൂടിതന്നെ അവൾ തിരിച്ചു വരട്ടെ.

വി—അവൾക്ക് എന്നോടു കൂടി മടങ്ങി വരാൻ സാധിക്കുകയില്ലായിരിക്കും. അവധിവെച്ച് നോട്ടീസു കൊടുത്തു് ആ അവധിയ്ക്കു ശേഷമേ പിരിയുവാൻ പാടുള്ളല്ലൊ.

യജ—ഹോ, ഈ നിയമം ആരു പറഞ്ഞു തന്നു? നോട്ടീസ്, കൊടുക്കാഞ്ഞാൽ മടങ്ങാവു പോലും! എന്നാൽ ആ കാര്യം എനിക്കൊന്നറിയണം. സ്നേഹമയി ആരാണെന്നു് അവർ അറിയട്ടെ. അപ്പോൾ അവളെ ഉടൻ

പിരിച്ചയയ്ക്കും. ഞാൻ—അവളുടെ അച്ഛൻ ആരാണെന്ന് അവരോടു പറയുക. അവളെ ഞാൻ വിളിക്കുന്നു എന്നും പറയണം.

വി—അച്ഛാ, അങ്ങനെയെല്ലാം പറയുന്നതു നമുക്കു മര്യാദയല്ലല്ലൊ. വലിയ ആളുകൾക്കല്ലെ അധികം മര്യാദ വേണ്ടതു്? സ്നേഹമയി ഒരു ജോലിയിൽ ഏർപ്പെട്ടിരിക്കുകയല്ലേ? ആ ജോലി മുടക്കുന്നതു ന്യായമല്ലല്ലൊ. പകരം ആളെ ഏർപ്പെടുത്തിക്കൊണ്ടല്ലാതെ അവർ അവളെ അയയ്ക്കുമോ. ഒരു പക്ഷെ സൗജന്യം വിചാരിച്ചു് അവർ സമ്മതിച്ചേക്കും. എന്നല്ലാതെ ന്യായത്തിനു നാം ആവശ്യപ്പെട്ടുകൂടാത്തതാണു്.

യജ—എനിക്കു് എന്റെ മകളെ ഇപ്പോൾ കാണണം.

അദ്ദേഹം ഒരു കുഞ്ഞിനെപ്പോലെ ശാഠ്യം പിടിക്കാൻ ഭാവിച്ചു. വേണമെന്നു തോന്നിയാൽ ഉടൻ സാധിക്കണമെന്നുള്ളതു് അദ്ദേഹത്തിന്റെ സ്വഭാവമാണു്.

വി—അനുജത്തിയെ കഴിയുന്നത്ര വേഗത്തിൽ കൂട്ടിക്കൊണ്ടുവരുന്നതിനു് എനിക്കും ആഗ്രഹമുണ്ടു്. അതുകൊണ്ടു നിവൃത്തിയുള്ള പക്ഷം ഞാൻ അവളെ കൊണ്ടുപോരാൻ ശ്രമിക്കാം. അതു സാധിക്കാത്തപക്ഷം ഇത്ര ദിവസങ്ങൾ കഴിഞ്ഞാൽ വിട്ടുപോകുമെന്നു് അവളെക്കൊണ്ടു് ഏർപ്പാടുചെയ്യിച്ചു മടങ്ങിവരാം.

വിശാലാക്ഷി പുറപ്പെടാനായി ഉടുത്തൊരുങ്ങിയ ശേഷം ശ്രീമതിയും ഉപാദ്ധ്യായിയുമിരുന്ന മുറിയിലേക്കു ചെന്നു.

ശ്രീ—അല്ല, അക്കൻ പോവാൻ ഭാവിക്കുകയാണൊ? എന്നെ കാഴ്ചബംഗ്ളാവിൽ കൊണ്ടുപോകാമെന്നു പറഞ്ഞിരുന്നില്ലെ?

വി—ഉള്ളതുതന്നെ. ഞാൻ എൻെറ കുഞ്ഞിനെ മറക്കുകയില്ല.

പ്രഭാവതിഅമ്മ—ശ്രീമതിക്കുട്ടിയുടെ സവാരിസമയം ഒന്നു ഭേദപ്പെടുത്തിയാൽ വേണ്ടില്ലെന്നു കുഞ്ഞമ്മ പറഞ്ഞതായി കുട്ടി പറയുന്നല്ലൊ.

വി—അതേ, ഞാൻ പറഞ്ഞതുതന്നെയാണ്. ഇപ്പോൾ ഉഷ്ണകാലമാകയാൽ അങ്ങിനെ വേണ്ടതാണ്. അവൾക്ക് ഉഷ്ണം സഹിക്കാൻ വയ്യ.

അനന്തരം വിശാലാക്ഷി വണ്ടിയിൽ കയറി പുറപ്പെട്ടു. അവൾ വേഗത്തിൽ ധർമ്മവനത്തിൽ എത്തി. അവിടെ ഒരു വായനശാലയിൽ തിരക്കിയാൽ സ്നേഹമയിയുടെ വിവരം അറിയാമെന്നായിരുന്നു അവൾ ചില എഴുത്തുകളിൽ നിന്നും മനസ്സിലാക്കിയിരുന്നത്. ആ വായനശാല കണ്ടുപിടിക്കാൻ അവൾക്കു ശ്രമം ഉണ്ടായിരുന്നില്ല. എന്നാൽ ഏതു പേരിലാണ് അവിടെ അനുജത്തിയെ അന്വേഷിക്കേണ്ടതെന്ന് അറിയാതെ അവൾ കുറെ വിഷമിച്ചു. ഒടുവിൽ വിശാലാക്ഷി ഒരു പുസ്തകക്കടയിൽ കയറി. അതിൻെറ മാനേജർ എഴുന്നേററു ചെന്ന് അവളെ യഥായോഗ്യം സൽക്കരിച്ചു. വായനശാല അതുതന്നെയായിരുന്നു.

വി—ഇവിടെ ഒരു ചെറുപ്പക്കാരി ഉപാദ്ധ്യായിനിയായി താമസിക്കുന്നത് എവിടെയാണെന്നു നിങ്ങൾക്കറിയാമോ? പേരു സ്നേഹമയ എന്നാണ്.

വ്യാപാരി—എനിക്കു അറിഞ്ഞുകൂടാ.

വി—അവരുടെ പേർക്കു ചില എഴുത്തുകൾ ഇവിടെ വരാറുണ്ടായിരുന്നില്ലെ? അവ ആ യുവതിയാണല്ലോ വാങ്ങിക്കാറുണ്ടായിരുന്നത്.

വ്യാ—ബാലികാഭായി എന്നൊരു ചെറുപ്പക്കാരി ഇവിടെ ഉണ്ടായിരുന്നു. അവർക്കു ചിലപ്പോൾ എഴുത്തുകൾ വന്നുകൊണ്ടിരുന്നു.

സ്നേഹമയിയെ ചെറുപ്പത്തിൽ ബാലികയെന്നാണ് വീട്ടിൽ വിളിക്കാറുണ്ടായിരുന്നതു് എന്നുള്ള ഓർമ്മ അപ്പോളാണ് വിശാലാക്ഷിക്കുണ്ടായതു്.

വി—വളരെ വന്ദനം. ആ ബാലികാഭായി എവിടെയാണു പാർക്കുന്നതു് എന്നു പറഞ്ഞുതരിക.

വ്യാ—അവർ ഇപ്പോൾ എവിടെയുണ്ടെന്ന് എനിക്കു നിശ്ചയമില്ല. ഇവിടെ രണ്ടു വീടുകളിൽ അവർ പാർത്തിരുന്നു. രണ്ടിടത്തും അധികനാൾ പാർത്തു എന്നു തോന്നുന്നില്ല.

വി—നാം രണ്ടുകൂട്ടരും ഒരാളെപ്പററിത്തന്നെയായിരിക്കുമോ പറയുന്നതു്? നിങ്ങൾ അറിയുന്ന ആളെ ഒന്നു വിവരിക്കുക.

ബാലികാഭായിയുടെ ഒരു ശരിയായ ആകാരവർണ്ണന വ്യാപാരി നൽകിയതു കേട്ടപ്പോൾ അതു തന്റെ സഹോദരി തന്നെയെന്നു വിശാലാക്ഷിക്കു ബോധപ്പെട്ടു.

വ്യാ—ആ സ്ത്രീ പെട്ടെന്നു പൊയ്ക്കളയുകയാണു ചെയ്തതു്. ഇവിടെ അവരെ ഈയിടയെങ്ങും കാണാനില്ല. അവരുടെ പേർക്കു വന്നിട്ടുള്ള ഏതാനും എഴുത്തുകൾ ഇപ്പോഴും ഇവിടെ ഇരിക്കുന്നുണ്ടു്.

ഇവ താൻ അയച്ചിട്ടുള്ള എഴുത്തുകൾ ആയിരിക്കുമെന്നുള്ള ഉത്സാഹത്തോടുകൂടി വിശാലാക്ഷി ആ എഴുത്തുകൾ വാങ്ങിച്ചുനോക്കി. താൻ അയച്ചിരുന്ന മൂന്നെഴുത്തുകൾ അവതന്നെയെന്ന് അവൾക്കു മനസ്സിലായി.

വി—ഈ എഴുത്തുകൾ ഞാൻ കൊണ്ടുപൊയ്ക്കോട്ടെ?

വ്യാ—എനിക്കു കാര്യം മനസ്സിലാകാത്തതുകൊണ്ടു ഞാൻ ചോദിക്കുന്നതിനേപ്പററി പരിഭവിക്കരുതു്. ഈ എഴുത്തുകൾ കൊണ്ടുപോകുന്നതിനു നിങ്ങൾക്കെന്തവകാശമാണുള്ളതു്? മേൽവിലാസക്കാരി ഞങ്ങളോടു് ആവശ്യപ്പെട്ടെങ്കിലൊ?

വി—ഇവ ഞാൻ എഴുതീട്ടുള്ളവയാണു്. എന്റെ ഡയറിയിലും കാണിച്ചു ബോധ്യപ്പെടുത്താം. ഇങ്ങനെ എഴുതി അയച്ചിട്ടുള്ള വിവരം എന്റെ ഡയറിയിൽ എഴുതീട്ടുള്ളതും കാണിക്കാം.

വ്യാ—ഓഹോ, എന്നാൽ ഇഷ്ടംപോലെ ചെയ്തുകൊള്ളുക,

വി—ഒടുവിൽ അയച്ചിട്ടുള്ള എഴുത്തു ഇവിടെത്തന്നെയിരിക്കട്ടെ, ഞങ്ങളുടെ പുതിയ മേൽവിലാസം അതിൽ എഴുതിയേക്കാം. ഒരു പക്ഷെ ബാലികാഭായി വന്നു് ആവശ്യപ്പെട്ടെങ്കിൽ കൊടുക്കാമല്ലൊ.

അനന്തരം ബാലികാഭായി താമസിച്ചിരുന്ന രണ്ടു വീട്ടുകളുടേയും പേരുകൾ മനസ്സാലാക്കിക്കൊണ്ടു വിശാലാക്ഷി പുറപ്പെട്ടു് ഒന്നാമത്തെ വീട്ടിൽ എത്തി. അവിടുത്തെ പ്രധാന സ്ത്രീയെ കണ്ടു.

വി—ഇവിടെ ബാലികാഭായി എന്നൊരു ചെറുപ്പക്കാരി ഉപാദ്ധ്യായിനിയായി താമസിച്ചിരുന്നല്ലൊ. ആ സ്ത്രീ ഇപ്പോൾ എവിടെയാണെന്നു് പറഞ്ഞുതന്നാൽ വലിയ ഉപകാരം.

വീട്ടുകാരി—എനിക്കു് അറിഞ്ഞുകൂടാ. ആ സ്ത്രീ അത്ര നല്ലവളല്ലായിരുന്നു. അവൾ പോയതുതന്നെ വലിയ കാര്യം.

വി—സ്വഭാവം നന്നായിരുന്നില്ലെന്നൊ? .

വീട്ടു—ഇല്ല. ചില പിശകുകളെല്ലാം ഉണ്ടായിരുന്നു. പിണങ്ങിയാണ് ഇവിടെ നിന്നു പിരിഞ്ഞതു്. നിങ്ങൾ അവരെ അന്വേഷിച്ചുവരികയായിരിക്കാം. അല്ലേ?

വി—അതെ; ആ സ്ത്രീ എൻെറ അനുജത്തിയാണ്.

വീട്ടു—ആഹാ അങ്ങിനെയാണോ?

വീട്ടുകാരിക്കു വിശാലാക്ഷിയോട്ടും വളരെ മുഷിച്ചിൽ തോന്നി. അവരുടെ മുഖം കറുത്തു.

വി—ഞാൻ നിങ്ങളെ ഉപദ്രവിക്കുകയാണെന്നു് നിങ്ങൾക്കു തോന്നുന്നു. എന്തുചെയ്യാം. എൻെറ അനുജത്തിയെ അന്വേഷിച്ചു കണ്ടുപിടിക്കേണ്ട ചുമതല എനിക്കുണ്ടല്ലൊ. അവൾ എവിടെയുണ്ടെന്നു സൂക്ഷ്മമായി അറിഞ്ഞുകൂടാത്തതുകൊണ്ടു് ഇങ്ങനെ തിരക്കി നടക്കുകയല്ലാതെ ഞാൻ എന്തു ചെയ്യും? ഇവിടെ നിന്നു് എവിടേയ്ക്കാണ് അവൾ പോയതെന്നു പറഞ്ഞുതന്നാൽ വലിയ ഉപകാരം.

വീട്ടു—എനിക്കറിഞ്ഞുകൂടെന്നു് ഞാൻ പറഞ്ഞില്ലേ? ഇതിനു സമീപത്തു് ഒരു വീട്ടിലാണ് ആദ്യം പാർത്തതു്. അവിടെനിന്നും ഇറക്കിവിട്ടു എന്നുതന്നെ പറയാം. ആ സ്ത്രീ ഉപാദ്ധ്യായിനി ജോലിക്കു തക്കവൾ അല്ല. തോന്ന്യാസം അഹംഭാവവും കൂട്ടതലാണ്.

വി—ഉപാദ്ധ്യായിനിജോലിക്കു യോജിച്ചവളല്ലെന്നു് എനിക്കും സമ്മതമാണ്. അവൾ ഒരു മാന്യകുടുംബത്തിൽ ജനിച്ചുവളൎന്ന പെൺകുട്ടിയാകയാൽ അത്ര വലിയ സാധുത്വം പ്രദർശിപ്പിക്കുമെന്നു തോന്നുന്നില്ല. അതുകൊണ്ടു് ആളുകൾക്കു് അവളോടു രസം തോന്നാൻ പ്രയാസമുണ്ടു്. വാസ്തവം തന്നെ. ഞങ്ങൾ വളരെ അന്തസ്സുള്ള കുടുംബക്കാരാണ്. കാലക്ഷേപത്തിനു സ്വല്പം ഞെരുക്കമുണ്ടായിരുന്ന അക്കാലത്തു് അവൾ ഇങ്ങനെ ഒരു വേഷം കെട്ടി എന്നേയു

ള്ളൂ. വേലചെയ്തു പണം സമ്പാദിച്ചു ചെലവു കഴിക്കുന്നതു മാനമാണെന്നു് അവൾ നിശ്ചയിച്ചു.

വീട്ടു—അതെല്ലാം ശരിയായിരിക്കാം. ഉപാദ്ധ്യായിനിജോലിയിൽ പ്രവേശിക്കുന്ന സ്ത്രീകളിൽ പലരും ഇങ്ങനെ പറയാറുണ്ടു്. അവർ എല്ലാവരും മാന്യ കുടുംബക്കാരാണു്. സ്വപ്രയത്നംകൊണ്ടു ചെലവു നടത്തുകയാണു് മനുഷ്യധർമ്മം എന്നൊക്കെയാണു് ഇവരുടെ പ്രസംഗങ്ങൾ.

വി—ഞാൻ പോകുന്നു. എന്റെ അനുജത്തിയെ തിരക്കുകയാണു് എനിക്കുള്ള ജോലി. അവൾ എവിടെയുണ്ടെന്നു് നിങ്ങൾക്കു് അറിഞ്ഞുകൂടാത്തതുകൊണ്ടു ഞാൻ ഇവിടെ താമസിക്കുന്നില്ല. വന്ദനം.

വിശാലാക്ഷിയുടെ മര്യാദയേയും സൗമ്യശീലത്തേയും കണ്ടു വീട്ടുകാരിക്കു് അവളോടു് യഥാർത്ഥമായ ബഹുമാനം തോന്നാതിരുന്നില്ല. എങ്കിലും അവൾ തന്റെ വീട്ടിൽ താമസിച്ചിരുന്ന ഉപാദ്ധ്യായിനിയുടെസഹോദരിയാണെന്നു് അറിഞ്ഞതുകൊണ്ടു് അവർക്കു് ആ ബഹുമാനം പുറത്തു കാണിക്കാൻ മനസ്സുണ്ടായുമില്ല. ഇങ്ങനെ അവർ തമ്മിൽ പിരിഞ്ഞു.

# ഇരുപത്തൊൻപതാം അദ്ധ്യായം.

അനുജത്തി രണ്ടാമതു താമസിച്ചിരുന്ന വീട്ടിലേയ്ക്കാണു് വിശാലാക്ഷി പിന്നീടു പോയതു്. ഈ വീട്ടിലെ സ്ത്രീ മറ്റെ ഗൃഹനായികയേപ്പോലെ നിഷ്കൃപയും ഈർഷ്യാപൂർണ്ണയും ആയിരുന്നില്ല. താൻ ചെന്ന കാര്യം ഇന്നതെന്നു വിശാലാക്ഷി അവരോടു പറഞ്ഞു.

വീട്ടുകാരി—ഇവിടെ ബാലികാഭായി താമസിച്ചിരുന്നു. ഞങ്ങൾക്കെല്ലാവർക്കും അവരോടു വളരെ സന്തോഷമാണുണ്ടായിരുന്നതു്.

വി—ഇവിടെ വരുന്നതിനു മുമ്പു താമസിച്ചിരുന്ന വീട്ടിൽനിന്നു് ആ യുവതി പിരിയാൻ കാരണമെന്തായിരുന്നു?

വീട്ടു—അതു കുറെ ആഭാസമായ ഒരു കഥയാണു്. ആ വീട്ടിൽ ദുർമ്മാർഗ്ഗനിധിയായ ഒരു ചെറുപ്പക്കാരൻ ഉണ്ടു്. അതു തന്നെയാണു് ബാലികാഭായി അവിടെനിന്നു മാറിക്കളഞ്ഞതു്. വീട്ടുകാർ ആ യുവാവിന്റെ പക്ഷം പിടിച്ചുകൊണ്ടു കുറ്റങ്ങളെല്ലാം സാധുവായ ഉപാദ്ധ്യായിനിയുടെ മേൽ ചുമത്തി. എനിക്കു് അതിന്റെ വാസ്തവങ്ങൾ നല്ലവണ്ണം അറിയാം. ബാലികാഭായിക്കു

കൂടുതൽ ശമ്പളം കൊടുക്കാമെന്നും മററും പറഞ്ഞു് അവരെ സ്വാധീനപ്പെടുത്താൻ ആ വീട്ടുകാർ കഴിയുന്നത്ര ഉത്സാഹിച്ചു. എങ്കിലും അവർ വിട്ടുപോരികയാണു് ചെയ്തതു്.

വി—ഇവിടെ എത്ര കാലം താമസിച്ചു?

വീട്ടു—വളരെ കുറച്ചു കാലമെ താമസിച്ചുള്ളു. ആറു മാസമോ മറെറാ താമസിച്ചിരിക്കാം. അതിൽപിന്നെ പെട്ടെന്നു പോകണമെന്നു് നിർബന്ധം തുടങ്ങി. ഞങ്ങൾക്കെല്ലാവർക്കും വളരെ മനസ്സാപം തോന്നാതിരുന്നില്ല.

വി—വിട്ടുപോകാൻ കാരണമെന്തായിരുന്നു?

വീട്ടു—ഇന്നതെന്നു പറഞ്ഞില്ല. കുടുംബകാര്യങ്ങളെക്കുറിച്ചും മററും അവർ യാതൊന്നും ഞങ്ങളോടു പറയാറുണ്ടായിരുന്നില്ല. ഇവിടെ വല്ല അസുഖവും തോന്നിയതുകൊണ്ടു മാറുകയാണൊ എന്നു ഞാൻ വീണ്ടും വീണ്ടും ചോദിച്ചിട്ടും ഒന്നും പറഞ്ഞില്ല. ഇവിടുത്തെ താമസം വളരെ ഹിതകരമാണെന്നു സമ്മതിച്ചു എങ്കിലും, പോകേണ്ടതു് അത്യാവശ്യമാണെന്നായിരുന്നു അപേക്ഷ. ഒടുവിൽ ഒരു മാസം താമസിച്ചിട്ടു പോകാമെന്നു സമ്മതിച്ചു. അത്രയും കാലം കൂടി പാൎത്തശേഷമാണു് പിരിഞ്ഞതു്.

വി—എങ്ങോട്ടേയ്ക്കാണു പോയതു്?

വീട്ടു—അറിഞ്ഞുകൂടാ. ഇക്കൂട്ടർ തങ്ങൾ ഇന്ന സ്ഥലത്തേയ്ക്കു പോകുന്നു എന്നു പ്രായേണ പറയാറില്ല. എനിക്കു് ആ അനുഭവം മുമ്പും ഉണ്ടായിട്ടുണ്ടു്.

വി—വിവാഹം കഴിക്കുന്നതിനൊ മറെറാ ഉദ്ദേശിച്ചിരിക്കുമൊ?

വീട്ടു—അങ്ങനെ ഊഹിക്കത്തക്ക കാരണങ്ങൾ ഒന്നും ഞങ്ങളുടെ അറിവിൽ ഉണ്ടായിരുന്നില്ല. വീട്ടിലേയ്ക്കു പോകാൻ ഭാവിക്കുകയാണൊ എന്നു ഞങ്ങൾ ചോദിച്ചതി

ന് അവർ ചിരിച്ചുകൊണ്ട് ഇങ്ങനെയാണ മറുപടി പറഞ്ഞത്:—"അല്ല, ഞാൻ ഒരു പുതിയ രീതിയിൽ കാലക്ഷേപം കഴിക്കാൻ ഉദ്യമിക്കുകയാണ്."

വി—അത് ആശ്ചര്യംതന്നെ ഇരിക്കട്ടെ; ഇവിടെനിന്ന് എങ്ങോട്ടേക്കാണ് പോയതെന്ന് നിങ്ങൾക്കറിഞ്ഞുകൂടല്ലോ.

വീട്ടു—അറിയാമായിരുന്നെങ്കിൽ ഉടനെ പറയുമായിരുന്നില്ലേ? ഇവിടെനിന്നു സാമാനങ്ങളും കൊണ്ട് ഒരു വണ്ടിയിൽ കയറിപ്പോയി. ഇന്നിടത്തേക്ക് എന്ന് ആരോടും പറഞ്ഞില്ല.

വി—യാത്രാസമയത്തു വല്ല ബുദ്ധിക്ഷയവും ഉണ്ടായിരുന്നൊ?

വീട്ടു—വളരെ ഉത്സാഹമായിട്ടേ ഞങ്ങൾ കണ്ടുള്ളു. താമസിയാതെ വന്നു പിന്നീട്ടും കണ്ടുകൊള്ളാമെന്നും മററും വളരെ ഭംഗിയായി പറഞ്ഞിട്ടാണ് പോയത്. ഈ വർത്തമാനങ്ങൾ ഭവതിയെ വ്യാകുലപ്പെടുത്തുന്നതായി തോന്നുന്നത് എന്തുകൊണ്ടാണ്?

വി—വാസ്തവം തന്നെ. എനിക്ക് ഇതു കേട്ടിട്ട് മനസ്താപം ഉണ്ടാകുന്നുണ്ട്. ഇതു നടന്നിട്ട് ഇപ്പോൾ എത്ര കാലമായി?

വീട്ടു—ഒരു വർഷം തകഞ്ഞു എന്നു തന്നെ പറയാം.

വി—അതിൽ പിന്നെ നിങ്ങൾ അവരെ കാണുകയൊ അവരുടെ വർത്തമാനങ്ങൾ അറിയുകയൊ ചെയ്തിട്ടില്ലേ?

വീട്ടു—ഇല്ല. ഈ കാര്യത്തെപ്പററി ഞങ്ങൾ ആശ്ചര്യപ്പെടാറുണ്ട്.

വി—എനിക്ക് ആ യുവതിയെ അന്വേഷിച്ചു കാണേണ്ടിയിരിക്കുന്നു. വിവാഹം കഴിഞ്ഞുകാണുമെന്നു തോന്നു

ന്നില്ല. വീട്ടുകാരുടെ അറിവുകൂടാതെ അത്രത്തോളം ഗൗരവമുള്ള ഒരു കൃത്യം നടത്തുമെന്നു വിചാരിക്കാൻ ന്യായമില്ല. ഈ ബാലികാഭായി ആരാണെന്നു ഞാൻ പറയാം. എന്തിനു മറയ്ക്കുന്നു. എന്റെ അച്ഛൻ ഒരു നിർദ്ധനൻ ആയിരുന്നു. അദ്ദേഹത്തിനു ഞങ്ങൾ നാലു പെൺമക്കളാണുണ്ടായിരുന്നതു്. ഇവൾ മൂന്നാമത്തെ മകളായിരുന്നു.

വീട്ടു—ഓഹൊ, നിങ്ങൾ ബാലികാഭായിയുടെ ജ്യേഷ്ഠത്തിയാണൊ?

വി—അവളുടെ പേരു സ്നേഹമയിയെന്നാണു്. അവൾക്കു ഉപാദ്ധ്യായിനിയായി പോകാൻ ഒരു ഉത്സാഹം തോന്നി. അങ്ങിനെ പോകരുതെന്നു് അച്ഛനും ഞാനും നിർബന്ധിച്ചിട്ടു് അവൾ കേട്ടില്ല. പേരു മാററിക്കൊണ്ടു് എവിടെയെങ്കിലും പോയി വേല ചെയ്തു മാനമായി കാലക്ഷേപം ചെയ്തുകൊള്ളാമെന്നു പറഞ്ഞു് അവൾ പൊയ്ക്കളയുകയാണു് ചെയ്തതു്.

വീട്ടു—പേരു മാററിയാണു് പറഞ്ഞിട്ടുള്ളതെന്നു ഞങ്ങൾക്കു് അറിയാമായിരുന്നില്ല. ഇപ്പോൾ ഇന്ന സ്ഥലത്തുണ്ടെന്നു് അറിഞ്ഞുകൂടല്ലൊ. പിന്നെ എങ്ങിനെയാണു് തിരക്കി അറിയുക?

വി—ഇതിനു സമീപത്തു എവിടെയൊ ഉണ്ടായിരിക്കുമെന്നായിരുന്നു ഇതുവരെ ഞാൻ വിശ്വസിച്ചിരുന്നതു്: അച്ഛന്റെ വിരോധം നിമിത്തം ഇതുവരെ വന്നന്വേഷിച്ചില്ലെന്നേയുള്ളു. ഇപ്പോൾ അച്ഛൻ അനുവദിച്ചതുകൊണ്ടു ഞാൻ പുറപ്പെട്ടിരിക്കയാണു്.

വീട്ടു—ഇക്കാര്യത്തിൽ വല്ല സഹായവും ചെയ്വാൻ ഞങ്ങൾക്കു ശക്തിയുണ്ടായിരുന്നെങ്കിൽ കൊള്ളാമായിരുന്നു. എവിടെ ആയിരിക്കുമൊ എന്തൊ? നിങ്ങളുടെ ഭാഗ്യാവസ്ഥ ആ യുവതി അറിഞ്ഞിട്ടില്ലായിരിക്കാം.

വി—ഇല്ലെന്നാണു് ഞാനും ഊഹിക്കുന്നതു്.

വീട്ടു—പരദേശങ്ങളിൽ വല്ലേടത്തും പോയിരിക്കുമൊ എന്തോ?

വി—അങ്ങിനെ വന്നേക്കാൻ ഇടയുണ്ടു്. ഏതായാലും ഞാൻ ഒന്നുകൂടി അന്വേഷിക്കട്ടെ. നിങ്ങളും തിരക്കുക. വല്ല അറിവും കിട്ടുന്നപക്ഷം എന്നെ ഉടൻ തെരിയപ്പെടുത്തണമെന്നു് അപേക്ഷ.

വീട്ടു—അങ്ങിനെ തന്നെ. യാതൊരു സംശയവും വേണ്ട.

വിശാലാക്ഷി യാത്ര പറഞ്ഞു മടങ്ങി പുറപ്പെട്ടു. അവൾ സ്വഗൃഹത്തിൽ എത്തിയപ്പോൾ വലിയ അമ്മച്ചി അവിടെ വന്നുചേർന്നിരുന്നു. ആ മാന്യയും വലിയയജമാനനും തമ്മിൽ ഓരോ കാൎയ്യങ്ങളെപ്പററി വാദപ്രതിവാദങ്ങൾ നടന്നുകൊണ്ടിരുന്നപ്പോഴാണു് വിശാലാക്ഷി അവിടെ മടങ്ങിയെത്തിയതു്. ജ്യേഷ്ഠത്തിയെ കണ്ടു ശ്രീമതി ഓടിവന്നു.

ശ്രീ—അക്കാ, എന്നെക്കൊണ്ടുപോകാനാണൊ അക്കൻ വരുന്നതു്? നമുക്കു പുറപ്പെടാമൊ.

വി—കുഞ്ഞേ, ഞാൻ മനഃപൂൎവ്വമായി പ്രതിജ്ഞാലംഘനം ചെയ്കയില്ലെന്നു നിനക്കറിയാമല്ലൊ. എന്നാൽ ഇന്നു് എൻെറ വാക്കു തെററിക്കാനാണു് ഞാൻ ഭാവിക്കുന്നതു്. കാൎയ്യബംഗ്ലാവിൽ പോകുന്നതിനു് ഇന്നു സൌകര്യമുണ്ടെന്നു തോന്നുന്നില്ല. അച്ഛനോടു് ഒരു കാര്യം അവസരം നോക്കി പറയേണ്ടിയിരിക്കുന്നു. നമുക്കു് ഇനിയൊരു ദിവസം പോകാം. അതാണു് നല്ലതു്.

ശ്രീ—ഇത്ര വളരെ അത്യാവശ്യമുള്ള കാര്യം എന്താണു് അച്ഛനോടു പറയാനുള്ളതു്.

വി—അതു നിന്നോട്ട് ഇപ്പോൾ പറയുകയില്ല. അമ്മൂമ്മ വന്നിട്ട് എത്ര നേരമായി.

ശ്രീ—എപ്പോഴെ വന്നു. സ്നേഹമയി അക്കൻെറ കാര്യത്തെപ്പററി അച്ഛനും അവരുംകൂടി വഴക്ക പിടിക്കുകയാണു്.

വി—സ്നേഹമയിയുടെ കാര്യത്തെപ്പററി എന്തു വഴക്കാണു്.

ശ്രീ—അമ്മൂമ്മവന്നപ്പോൾ ഞാനും ഉപാദ്ധ്യായിനിയും അച്ഛൻെറ മുറിയിൽ ഇരിക്കുകയായിരുന്നു.

വി—നിങ്ങൾ രണ്ടുപേരും അവിടെ പോയതു് എന്തിനായിട്ടാണു്?

ശ്രീ—ഒന്നു രണ്ടു പടങ്ങൾ നോക്കാനായി അവിടെ പോയി. അപ്പോൾ അച്ഛൻ വർത്തമാനം പറഞ്ഞു ഞങ്ങളെ താമസിപ്പിച്ചു. പെട്ടെന്നു് അമ്മൂമ്മ വന്നുകയറി. കോപവും കൊണ്ടാണു് അവർ വന്നതു്. സ്നേഹമയി അക്കനെ ഇങ്ങനെ വല്ല ദിക്കിലും താമസിപ്പിച്ചിരിക്കുന്നതു് ഇനിയും മര്യാദയാണൊ എന്നായിരുന്ന അമ്മൂമ്മ ആദ്യമേതന്നെ ചോദിച്ചതു്. അവിടം മുതൽ അവർ തമ്മിൽ വഴക്ക മുറുകിത്തുടങ്ങിയതിനാൽ ഞാനും ഉപാദ്ധ്യായിനിയും പുറത്തേക്കു് ഇറങ്ങിക്കളഞ്ഞു.

ഇത്രയും കേട്ടുകൊണ്ടാണു് വിശാലാക്ഷി അച്ഛൻെറ അടുക്കലേക്ക ചെന്നതു്. അതോട്ടുകൂടി അദ്ദേഹം ഒച്ച താഴ്ത്തി. വലിയമ്മച്ചിയും കോപം കുറെ ശമിപ്പിച്ചു.

യജ—വിശാലാക്ഷി, അവൾ എവിടെ? കൂടെ വന്നിട്ടുണ്ടോ.

വി—ഇല്ല.

യജ—എന്നാൽ ഞാൻ ന്യായംപോലെ നോക്കും. ഇതാ വലിയമ്മച്ചി കയർത്തുകൊണ്ടു വന്നിരിക്കുന്നു. ഞാൻ

എൻെറ കാര്യങ്ങൾക്കു പിടിപ്പില്ലാത്തവനാണെന്നാണ് വന്നുകൂടിയിരിക്കുന്നതു്. എനിക്കു് ഉപദേശം തരികയായിരുന്നു ഇതുവരെ ഇവിടത്തെ ജോലി.

അമ്മച്ചി—ഞാൻ പറഞ്ഞതാണൊ കുററം? തന്നെക്കൊണ്ടു കൊള്ളാമായിരുന്നെങ്കിൽ ആ പെണ്ണു് ഇങ്ങനെ കണ്ടെടത്തു നടക്കുമൊ? അച്ചൻ ആകാൻ മാത്രം പഠിച്ചാൽ പോരാ. കുട്ടികളെ ശാസിച്ചു വളർത്തണം.

യജ—അവൾ എൻെറ മകളല്ലേ? മാനവും അവമാനവും ഞാനല്ലെ അനുഭവിക്കേണ്ടതു്.

അമ്മച്ചി—താൻ മാനമുള്ള ആളായിരുന്നെങ്കിൽ അവളെ തടഞ്ഞുനിറുത്തുമായിരുന്നല്ലൊ. അവൾ അച്ചൻെറ മകൾ ആയതുകൊണ്ടാണല്ലൊ തന്നത്താൻ വരാത്തതു്. എന്തിനു പറയുന്നു വലിയ കുഞ്ചിൽ തന്നെ.

വി—അമ്മൂമ്മേ, ഞാൻ അന്വേഷിച്ചുപോയിട്ടു സ്നേഹമയിയെ കണ്ടില്ല.

അമ്മച്ചി—ഇന്ന സ്ഥലത്തു് ഉണ്ടെന്നു നിനക്കു് അറിയാമെന്നല്ലെ ഇതുവരെ പറഞ്ഞുകൊണ്ടിരുന്നതു്? എന്നിട്ടിപ്പോൾ ഇങ്ങനെയാണൊ ഫലം?

വി—ഇന്നിടത്തുണ്ടെന്നു ഞാൻ അറിഞ്ഞിരുന്നു. എന്നാൽ ഇപ്പോൾ അവിടെനിന്നു അവൾ പൊയ്ക്കളഞ്ഞു. അതിനു ഞാൻ എന്തു ചെയ്യും. ഒരാണ്ടായി ഇന്ന സ്ഥലത്തുണ്ടെന്നു് അക്കം അറിഞ്ഞുകൂടാ.

വലിയയജമാനൻ അത്യന്തം വ്യാകുലഹൃദയനായിത്തീൎന്നു. തൻെറ മകൾ എവിടെയുണ്ടെന്നുപോലും അറിയാൻ മാർഗ്ഗമില്ലാതായതു് അദ്ദേഹത്തെ വളരെ ക്ലേശിപ്പിച്ചു.

അമ്മച്ചി—താൻ അവളെ ഇന്നു വിളിച്ചുവരുത്തും, ഇന്നു വിളിച്ചുവരുത്തും എന്നു് എത്ര നാളായി ഞാൻ സമാ

ധാനപ്പെട്ടകയായിരുന്നു. ഇത്ര വളരെ കാലമായിട്ടും അവൾ വന്നുചേരായ്കയാൽ ഇനിയും ഈ കാൎയ്യത്തെപ്പററി തന്നോട്ട ചോദിക്കകതന്നെ വേണമെന്നുകരുതിയാണു് ഞാൻ ഇപ്പോൾ പുറപ്പെട്ടതു്. നിങ്ങൾക്കു് അവളെപ്പററി ഒരു അറിവും ഇല്ലെന്നു് ഇപ്പോഴല്ലെ എനിക്ക മനസ്സിലായതു്. ഇനിയും ഒരു നിമിഷനേരം ഞാൻ ഇവിടെ താമസിക്കുകയില്ല. സ്നേഹമയിയെ എങ്ങനെയെങ്കിലും എവിടെനിന്നെങ്കിലും കൂട്ടിക്കൊണ്ടുവരേണ്ടതു് എത്രയും ആവശ്യമാണു്. അവൾ എൻെറ അട്ടക്കൽ താമസിച്ചുകൊള്ളട്ടെ.

വി—ഞാൻ അയച്ചിരുന്ന രണ്ടു മൂന്നു് എഴുത്തുകൾ പോലും അവൾ കൈയ്പററിയില്ലല്ലൊ.

അമ്മച്ചി—അങ്ങിനെയുമൊ?

വി—അതല്ലെ ഞാൻ അധികം വിഷമിക്കുന്നതു്.

അമ്മച്ചി—എന്തെല്ലാമൊ. എനിക്കു് ഒന്നും അറിഞ്ഞുകൂടാ. കാൎയ്യം മുഴുവൻ കേൾക്കട്ടെ. ആദ്യംമുതൽ പറയുക.

വി—ആദ്യം മുതൽ എന്തു്! പറയാനാണു്. അവൾ ഇവിടെനിന്നു പോയിട്ടു് ഇപ്പോൾ രണ്ടു വൎഷം തികയാറായി. ഒരു ജോലിയിൽ പ്രവേശിച്ചുവെന്നും സുഖമായിരിക്കുന്നുവെന്നും ഒരു മാസം കഴിഞ്ഞയുടനെ ആദ്യം ഒരെഴുത്തയച്ചു. ഇവിടെനിന്നു പോയപ്പോൾ പറഞ്ഞതുപോലെ ചെയ്തുകൊള്ളാമെന്നു് ആ എഴുത്തിൽ പ്രസ്താവിച്ചിരുന്നു.

അമ്മച്ചി—അതു് ഏതു കാൎയ്യമാണു്?

വി—സ്വന്തം പേരു പുറത്തു പറയുകയില്ലെന്നായിരുന്നു അവൾ പറഞ്ഞിരുന്നതു്. താൻ ഇന്ന ആളാണെന്നു് ഒരിടത്തും അറിയിക്കയില്ലെന്നു് അവൾ സത്യം ചെയ്തി

രുന്നു. ആ എഴുത്തിനു ഞാൻ മറുപടി അയച്ചു. ഇങ്ങനെ ക്രമേണ ഞങ്ങൾ പരസ്പരം എഴുത്തുകൾ അയച്ചുകൊണ്ടാണിരുന്നതു്. അങ്ങനെ ഇരിക്കെ കഴിഞ്ഞ മിഥുനത്തിൽ അവൾ എന്റെ പേക്കു് അയച്ച എഴുത്തിൽ മേലാൽ അവളുടെ എഴുത്തു കിട്ടുന്നതുവരെ ആ എഴുത്തിനു മറുപടി അയക്കേണ്ടെന്നു കാണിച്ചിരുന്നു. ആ ഇടയ്ക്കാണു് അവൾ ധർമ്മപഥത്തിൽനിന്നു പോയതെന്നു ഞാൻ ഇന്നു മനസ്സിലാക്കി. പിന്നീടു് ഈ മകരത്തിൽ ഒരെഴുത്തുവന്നിരുന്നു.

അമ്മച്ചി—വരട്ടെ, അവരുടെ സഞ്ചാരങ്ങളെപ്പററി ആ എഴുത്തിൽ ഒന്നും പറഞ്ഞിരുന്നില്ലേ?

വി—ഇല്ല. ഒന്നും പറഞ്ഞിരുന്നില്ല. ലാടപുരത്തെ തപാൽമുദ്രയാണു് അതിന്മേൽ ഉണ്ടായിരുന്നതു്. അവൾക്കു സുഖമാണെന്നും ഞങ്ങളുടെ ശരീരസ്ഥിതികളെപ്പററി അറിയിക്കണമെന്നും മാത്രമെ എഴുതിയിരുന്നുള്ളു. ശപഥം അന്നാൾ വരെ തെററിച്ചിട്ടില്ലെന്നും പ്രത്യേകം എഴുതിയിരുന്നു. ആ എഴുത്തു് ഞാൻ അച്ഛനെ കാണിച്ചു.

അമ്മച്ചി—എന്നിട്ടു മറുപടി അയയ്ക്കരുതെന്നു ചട്ടം കെട്ടിയായിരിക്കാം അല്ലേ.

വി—അതേ. അതുകൊണ്ടു ഞാൻ മറുപടി അയച്ചില്ല. എന്നാൽ കുറേ നാൾ കഴിഞ്ഞപ്പോൾ ഞാൻ ഒരെഴുത്തയച്ചു. എന്റെ ഒരു സ്വപ്നം ആയിരുന്നു അതിനുള്ള ഹേതു. എനിക്കു് അവളെപ്പററി എന്തോ ചില ഭയങ്ങൾ ഉണ്ടായി.

അമ്മച്ചി—എന്തായിരുന്നു ഹേതു? എന്താണു പറഞ്ഞതു്.

വി—ഞാൻ ബുദ്ധിഹീനയാണെന്നു് അമ്മൂമ്മ വിചാരിക്കുമായിരിക്കാം. എന്തായാലും ആ സ്വപ്നം എന്നെ

വളരെ ഭയപ്പെടുത്തി. അതു ഭയങ്കരവും അത്ഭുതകരവും അത്ഥഗർഭവും ആയ ഒരു വിശേഷ സ്വപ്നമായിരുന്നു. അവളുടെ മരണത്തെ സൂചിപ്പിക്കുന്ന ഒരു ഭയങ്കര സ്വപ്നമാണു ഞാൻ കണ്ടതു്. സ്വപ്നങ്ങളെപ്പററി എനിക്കു കുറേ മൂഢവിശ്വാസമുണ്ടു്. അതു് എന്റെ മനസ്സിൽനിന്നു വിട്ടുപോകുന്നില്ല. അതുകണ്ടപ്പോൾ അവളുടെ വത്തമാനം അറിയാനുള്ള അത്യാഗ്രഹം ഹേതുവായി ഞാൻ അവളുടെ പേക്കു് ഒരെഴുത്തയച്ചു. അതിനു മറുപടി കണ്ടില്ല. ഞാൻ വീണ്ടും ഒരെഴുത്തയച്ചു. മൂന്നാമതും എഴുതി. മറുപടി ഒന്നിനും കണ്ടില്ല. ഇതിനെപ്പററി ഞാൻ അത്ര കാൎയ്യമായി ഗണിച്ചില്ല. വല്ല ചില്ലറ പരിഭവം നിമിത്തം മറുപടി അയയ്ക്കാതിരിക്കുകയായിരിക്കാം എന്നേ വിചാരിച്ചുള്ളു. എന്നാൽ ആ മൂന്നു് എഴുത്തുകളും അവൾ കൈപ്പററിയില്ലെന്നു് ഇന്നാണു് എനിക്കു് അറിവു കിട്ടിയതു്.

അമ്മച്ചി—അവൾ താമസിച്ചിരുന്ന വീട്ടുകാർക്കു് അവളെപ്പററി യാതൊരു വിവരവും അറിഞ്ഞുകൂടാ, അല്ലേ?

വി—അവർക്കു് ഒരു വിവരവും അറിഞ്ഞുകൂടാ.

യജ—ഇതു നടന്നിട്ടു് ഒരാണ്ടാകാറായല്ലോ. പിന്നെ അവൾ അവളുടെ ഇപ്പോഴത്തെ കാര്യത്തെപ്പററി എങ്ങനെ അറിയും?

മൂന്നു പേരും വിഷണ്ണരായി പരസ്പരം മിഴിച്ചുനോക്കി. എന്താണു പറയുക, എന്താണു പ്രവൎത്തിക്കുക, എവിടെയാണു് തിരക്കേണ്ടതു്. എന്തെല്ലാമോ ദുസ്സംശയങ്ങളും ഭീതികളും ആപൽശങ്കകളും അവരുടെ ഉള്ളിൽ കടന്നുകൂടി. അവർ ചിന്താഗ്രസ്തരായി മൗനം അവലംബിച്ചു.

# മുപ്പതാം അദ്ധ്യായം

വലിയ യജമാനൻ തൻെറ വീട്ടിൽ ഒരു സദിരു നടത്തുന്നതിനു നിശ്ചയിച്ചു. അദ്ദേഹത്തിന്ന് ഇങ്ങനെയുള്ള കാര്യങ്ങളിൽ വലിയ വിമുഖതയാണുണ്ടായിരുന്നത്. എങ്കിലും പല മാന്യസുഹൃത്തുക്കളുടെയും നിർബന്ധംകൊണ്ട് അദ്ദേഹം ഇതിലേക്കു സന്നദ്ധനാകുകയാണ ചെയ്തത്. ചുരുക്കം ചില സ്നേഹിതന്മാരെ ക്ഷണിക്കുന്നതിനു മാത്രമെ അദ്ദേഹം നിശ്ചയിച്ചിരുന്നുള്ളു.

സ്നേഹമയിയെ തിരക്കുന്ന വിഷയത്തിൽ അദ്ദേഹവും വിശാലാക്ഷിയും തങ്ങളാൽ കഴിവുള്ളിടത്തോളമെല്ലാം പ്രയത്നം ചെയ്തുകഴിഞ്ഞിരുന്നു. അവർ പോലീസിൻെറ സഹായം ആവശ്യപ്പെട്ടുകപോലും കഴിച്ചുവച്ചിരിരിക്കുകയാണ്. വലിയകുഞ്ഞമ്മ കൂടെക്കൂടെ വന്നു സ്നേഹമയി വന്നൊ? സ്നേഹമയിയെ കണ്ടോ? എന്നിങ്ങനെ ഉപദ്രവിക്കാറുമുണ്ടായിരുന്നു. ബാലികാഭായി എന്നൊരു യുവതി പത്തുമാസംമുമ്പ് ഒരു ഗൃഹോപാദ്ധ്യായിനിയായി വിദേശത്ത് ഒരു സ്ഥലത്തേക്കു പോയതായി ആരോ പറഞ്ഞുകേട്ടതല്ലാതെ പറയത്തക്ക യാതൊരു വിവരവും സ്നേഹമയിയെ സംബന്ധിച്ചു പുറത്തായിരുന്നില്ല. അവളുടെ തരവും നിറ

വും കാഴ്ചപ്രാപ്തിയും ഒക്കെ കേട്ടതിൽ അതു സ്പഷ്ടമായി തന്നെ ആയിരിക്കുമെന്നു വിശാലാക്ഷി മുതൽപേർക്കു തോന്നി. ഏതായാലും ഈ കേൾവിയെ അടിസ്ഥാനമാക്കികൊണ്ടു വലിയ യജമാനൻ ആ വിഷയത്തിലുള്ള ശ്രമം അവസാനിപ്പിച്ചു.

ഈ ബാലികയായിട്ടുള്ള മേൽവിലാസം തിരക്കി അറിഞ്ഞുകൊണ്ടു വിശാലാക്ഷിയും വേറെ ചിലരും അവളുടെ പേർക്ക് എഴുത്തുകൾ അയച്ചു. മറുപടിക്കായി ഇവർ കാത്തിരുന്ന അവസരത്തിലാണു വലിയ യജമാനൻ സദിരു നടത്താൻ നിശ്ചയിച്ച് ആ വിവരം മകളോടു പറഞ്ഞത്.

സദിരു ദിവസം രാത്രിയിൽ ആളുകൾ നേരത്തെ വന്നുതുടങ്ങി. വിശാലാക്ഷി ഇവരെ യഥായോഗ്യം സൽക്കരിക്കുന്നതിനു സന്നദ്ധയായിരുന്നു എങ്കിലും ഈ മേളം വേഗത്തിൽ അവസാനിക്കുന്നതിനും അവൾ ഹൃദയപൂർവം അഗ്രഹിക്കാതിരുന്നില്ല. പിച്ചകമാലകളും ചൂടി ആഭരണങ്ങളും ധരിച്ചു വിശേഷവസ്ത്രങ്ങളും ഉടുത്തൊരുങ്ങി ഉത്സാഹപൂർവയായി നിന്നിരുന്ന ശ്രീമതിക്കു യഥാർത്ഥമായ സന്തോഷംതന്നെയാണ് അപ്പോൾ ഉണ്ടായിരുന്നതു്. അവളും പ്രഭാവതിയും വേറെ ചിലരുമാണ് സംഗീതക്കാർ. ശ്രീമതിയുടെ അത്യുൽസാഹം നിമിത്തം അവൾ പാട്ടിൽ ഒട്ടും ഉദാസീനത ഭാവിച്ചില്ല. "കുട്ടിയുടെ ശ്രമം കുറെ അധികംതന്നെ" എന്ന് ആരോ പറയുന്നതു വിശാലാക്ഷി കേട്ടു. ഏതു കുട്ടിയെപ്പററിയാണ് ആളുകൾ ഇങ്ങനെ അഭിപ്രായപ്പെട്ടതെന്നു വിശാലാക്ഷി സൂക്ഷിച്ചതിൽ വേറെ കുട്ടികളെ അവിടെ കാണാനില്ലാതിരുന്നതിനാൽ തൻെറ അനുജത്തിയെപ്പററിയാണ് ഈ അഭിപ്രായം പുറപ്പെട്ടതെന്നു മനസ്സിലാക്കികൊണ്ടു വിശാലാക്ഷി അവളുടെ അടുക്കലേയ്ക്കു ചെന്നു.

വി—കുഞ്ഞെ, നീ ഇത്രത്തോളം മുഷിയെണ്ട. ഉപാദ്ധ്യായിനി നിന്നെ അന്വേഷിക്കാതെ അങ്ങുമിങ്ങും പോയിഇരിക്കുന്നതു് ആശ്ചര്യം തന്നെ. അവർ എവിടെ?

ശ്രീ—എന്നെ ആരും അന്വേഷിക്കേണ്ടല്ലൊ. എനിക്കധാരാളം ഉൽസാഹം തോന്നുന്നതുകൊണ്ടു ഞാൻ മടികൂടാതെ പാടുകയാണു്.

വി—അധികം ശ്രമപ്പെടരുതു്. പ്രഭാവതിഅമ്മ എവിടെ?

ശ്രീ—ഞാൻ അവരെ കണ്ടിട്ടു വളരെ നേരമായി. അച്ഛന്റെ മുറിയിൽ ഉണ്ടായിരിക്കും.

വി—അച്ഛന്റെ മുറിയിലൊ?

ശ്രീ—അതെ, അവർ അച്ഛനു മുറുക്കാൻ എടുത്തുകൊടുത്തു കൊണ്ടു് അവിടെ ഇരിക്കുന്നതു ഞാൻ മുമ്പുകണ്ടു.

വി— ശ്രീമതി!

ശ്രീ—അതെ, സത്യമാണു്. അച്ഛനു് അപ്പോൾ വലിയ കോപം ഉണ്ടായിരുന്നു. ആളുകളുടെ ബഹളംകൊണ്ടു സുഖമായി ഒന്നു മുറുക്കാൻപോലും ഒക്കുന്നില്ലെന്നു് അച്ഛൻ പറഞ്ഞപ്പോൾ "അങ്ങു സ്വസ്ഥമായി ഇരുന്നു മുറുക്കുക. ആരും ഇങ്ങോട്ടേക്കു വരാതെ ഞാൻ സൂക്ഷിച്ചുകൊള്ളാം" എന്നിങ്ങനെ ഉപാദ്ധ്യായിനി പറയുന്നതുഞാൻ കേട്ടു. പിന്നീടു ഞാൻ അവിടെ നിന്നില്ല.

വി—നീയും പ്രഭാവതി അമ്മയും ഒരുമിച്ചാണോ അവിടേക്കു പോയതു്.

ശ്രീ—അല്ല, ഞാൻ ആ മുറിയുടെ വാതുക്കൽ കൂടി കടന്നു പോകയായിരുന്നു. അപ്പോഴാണു് ഉപാദ്ധ്യായിനിയെ ആവിടെ കണ്ടതു്. അക്കാ.ഇനിയും പാടേണ്ടതു ഞാനാണു്. അതുകൊണ്ടു ഞാൻ ചെല്ലട്ടെ.

പ്രഭാവതിയമ്മ വലിയയജമാനൻെറ മുറിയിൽ ഉണ്ടായിരുന്നു. അവർ അലങ്കരണങ്ങൾ ഒട്ടും തന്നെ കുറച്ചിരുന്നില്ല. കാഴ്ചയിൽ അവരോളം സൌന്ദൎയ്യമുള്ള സ്ത്രീകൾ അവിടെ ഉണ്ടായിരുന്നോ എന്നുള്ളതും സംശയമാണ്. ഇങ്ങനെ ഒരാൾക്കെങ്കിലും അഭിപ്രായമുണ്ടായിരുന്നു എന്നുള്ളതും നിശ്ചയം തന്നെ. വലിയയജമാനനു പ്രഭാവതി അമ്മയുടെ രൂപം അത്യന്തം കൌതുകപ്രദമായി തോന്നിയിരുന്നു. അദ്ദേഹം സുഖമായി വെററില മുറുക്കിക്കൊണ്ടു മുറിയിൽ ഇരിക്കുകയായിരുന്നു. പ്രഭാവതി അമ്മ വാതുക്കൽ കാവലും നിന്നിരുന്നു.

ഈ സ്ത്രീയുടെ അന്തർഗതങ്ങൾ എന്തെല്ലാമോ? തക്കം കണ്ടു കാൎയ്യലാഭം വരുത്തുന്നതിനു് അവർ ആദ്യം തന്നെ ഉദ്ദേശിച്ചിരുന്നിരിക്കുമോ എന്തോ? മാന്യയായ പ്രഭാവതി അമ്മ വലിയ യജമാനനെ സ്വാധീനപ്പെടുത്തുവാൻ ആദ്യകാലത്തു് ഉദ്ദേശിച്ചിരുന്നിരിക്കയില്ല. ഇപ്രകാരം മററാരെങ്കിലും ശ്രമിക്കുന്നുണ്ടായിരുന്നെങ്കിൽ ആ പ്രവൃത്തിയെപ്പററി പ്രഭാവതി അമ്മയ്ക്കു വലിയ ആക്ഷേപം തോന്നുമായിരുന്നു എന്നുള്ളതും തീർച്ചയാണു്. എന്നാൽ ഇന്നു് അവരുടെ ഉദ്ദേശം അതുതന്നെയല്ലേ എന്നു ശങ്കിക്കാൻ ധാരാളം മാർഗ്ഗമുണ്ടു്. നോക്കുകൊണ്ടോ വാക്കുകൊണ്ടോ അദ്ദേഹത്തെ വശീകരിക്കാൻ അവർ തുനിഞ്ഞതായി പറയാൻ പാടില്ല. എങ്കിലും വലിയയജമാനനു തൻെറ മേൽ ഏതൊ ഒരു നോട്ടം ഉണ്ടെന്നു അവർക്കു് തോന്നുകയാൽ അയതു് ഉറപ്പിക്കാൻ വേണ്ടിത്തന്നെയാണു് അവർ അപ്പോൾ ഈ കൌശലം പറഞ്ഞു് അവിടെ താമസിച്ചതെന്നു് ഊഹിക്കേണ്ടിയിരിക്കുന്നു. തൻെറ സാന്നിദ്ധ്യം അവിടെ ഹിതമാണെന്നു മനസ്സിലാക്കാതെയല്ല അവർ അവിടെ നിന്നിരുന്നതു്. ശ്രീമതിക്കും തനിക്കും അന്നു സദി

രുസംബന്ധിച്ചുള്ള ജോലികൾ ഉണ്ടായിരുന്നു എന്നു് അവക്കു് അറിയാമായിരുന്നു. തന്റെ മുറയ്ക്കുള്ള പാട്ടു കഴിഞ്ഞാൽ പിന്നെ ശ്രീമതിയെ സഹായിക്കുന്നതിലേയ്ക്കു കാത്തു നിൽക്കുകയാണു വേണ്ടതെന്നും അവർ മനസ്സിലാക്കാതിരുന്നിരിക്കയില്ല. ഇങ്ങനെയെല്ലാമായിരുന്നിട്ടും അവർ വലിയ യജമാനന്റെ സുഖത്തെ അന്വേഷിക്കുകയും ശ്രദ്ധിക്കുകയും ചെയ്തുകൊണ്ടു് അദ്ദേഹത്തിന്റെ മുറിയിൽ അല്ലേ നിന്നിരുന്നതു്?

യജ—നിങ്ങൾക്കു് ഈ ബഹളവും ആൾക്കൂട്ടവും എല്ലാം രസിക്കുന്നുണ്ടോ?

പ്രഭാ—ഇല്ല. എന്റെ തലയ്ക്കു് ഇതെല്ലാം കണ്ടും കേട്ടും തീരെ സുഖമില്ല.

യജ—ഇതൊന്നും ആവശ്യമില്ലെന്നായിരുന്നു എന്റെ അഭിപ്രായം. എന്നാൽ ആളുകൾ സമ്മതിക്കുകയില്ല. വിശാലാക്ഷിയും ആ ഭാഗം ചേർന്നു കളഞ്ഞു. അതുകൊണ്ടു വല്ലതുമാകട്ടെ എന്നു വെച്ചു ഞാൻ അനുവദിച്ചതാണു്.

പ്രഭാ—വീട്ടിൽ ഉള്ളവരുമായി മേളിക്കുകയാണു് ഏററവും വലിയ സുഖം. എന്നാൽ അതു് എല്ലാവർക്കും സാദ്ധ്യമല്ല. ചിലർക്കു് ഈ ഭാഗ്യം ലഭിക്കുന്നില്ല.

യജ—എനിക്കു് അതിനു ഭാഗ്യം ഉണ്ടായിട്ടുണ്ടല്ലോ. എന്റെ കുട്ടികൾ ഇല്ലെ?

പ്രഭാ—അതു ശരിതന്നെ. എന്നാൽ എന്റെ അവസ്ഥ നോക്കുക. എനിക്കു് ഇതേവരെ അതിനു ഭാഗ്യം ഉണ്ടായില്ല. ഇനി ഉണ്ടാകുമെന്നു തോന്നുന്നുമില്ല. ഈ സുഖം അനുഭവിക്കുന്നവരെക്കുറിച്ചു് അസൂയപ്പെട്ടുകൊണ്ടു് ജീവിക്കുകയേ എനിക്കു നിവൃത്തിയുള്ളു എന്നാണു തോന്നുന്നതു്.

യജ—നിങ്ങൾക്കു് ഈ ഭാഗ്യം എന്തുകൊണ്ടു് ഉണ്ടായിക്കൂടാ?

പ്രഭാവതിയമ്മ ചിരിച്ചുകൊണ്ടു് ഇങ്ങനെ പറഞ്ഞു. "ഒരാൾ മഹാരാജ്ഞിയായിരിക്കുന്നു. വേറൊരാൾ അടുക്കളക്കാരിയായി അലയുന്നു. ഇതിനെല്ലാം കാരണമെന്താണു്? അങ്ങു ചോദിച്ചാൽ ഉത്തരം പറയുന്നതെങ്ങനെ? നമ്മുടെ ഓരോരുത്തരുടേയും അനുഭവം ഓരോ മാതിരിയല്ലേ. അവരവരുടെ വിധിയോ കർമ്മമോ അവരവർ അനുഭവിച്ചുകൊള്ളുകയല്ലാതെ എന്തു ചെയ്യാം. ഈ ലോകത്തിൽ കഷ്ടപ്പാടും ദുഃഖവും എത്ര അധികം അനുഭവിക്കുന്നുവോ അത്രത്തോളം കൂടുതൽ സുഖം പരലോകത്തിൽ കിട്ടുമായിരിക്കുമെന്നു സമാധാനപ്പെട്ടുകൊള്ളാം. ഇങ്ങനെയാണു ഞാൻ കഴിച്ചുകൂട്ടുന്നതു്."

യജ—അനുകൂല്യങ്ങളും ഭാഗ്യങ്ങളും മനുഷ്യർക്കു് ഒന്നുപോലെ ഉണ്ടാകുന്നില്ലെന്നുള്ളതു വാസ്തവം തന്നെ.

പ്രഭാ—അങ്ങനെയാണു ലോകസ്ഥിതി. എന്നാൽ അവരവരുടെ വിധിയെ അല്പം പോലും മാറാൻ മനുഷ്യൻ ശക്തനാകാത്തതാണു് ആശ്ചര്യം. കൂട്ടിൽ അടച്ചിരിക്കുന്ന പക്ഷി വെളിക്കു പോകുന്നതിനുവേണ്ടി ചിറകിട്ടടിച്ചു ക്ഷീണിച്ചു നിരാശപ്പെടുന്നതുപോലെ മനുഷ്യനും തൻെറ വിധിഫലത്തെ ഒഴിക്കാൻ ശ്രമിച്ചു് ഇച്ഛാഭംഗപ്പെടുന്നതു കാണുമ്പോൾ നമുക്കു വല്ലതായ മനസ്സലിവു തോന്നുന്നുണ്ടല്ലോ. അടിമവൃത്തിയിൽ കാലം കഴിക്കുന്നതിനു തക്കവളല്ല ഞാൻ എന്നായിരുന്നു എൻെറ വളരെക്കാലത്തെ വിശ്വാസം. എൻെറ ബുദ്ധിയും സൌന്ദര്യവും കാര്യപ്രാപ്തിയും കൊണ്ടു ഞാൻ ഒരു വിധം സുഖമായി ജീവിക്കുമെന്നായിരുന്നു ആളുകൾ പറയാറുണ്ടായിരുന്നതു്. എല്ലായ്പോഴും എനിക്കു് ഇങ്ങനെ തോന്നാറുമുണ്ടു്. എന്നാൽ എൻെറ വിധി അപ്രകാരമല്ലായിരിക്കാം. പിന്നെ ഞാൻ ഈ സങ്കടാവസ്ഥ അനുഭവിക്കാതെ എന്തു ചെയ്യും? "അലം

ഏനീയാ കമലാസനാജ്ഞാ" എന്നു സമാധാനപ്പെട്ടുകയെ നിവൃത്തിയ്ക്കുള്ളൂ.

യജ—എൻെറ സുഖത്തിൽ പങ്കുകൊള്ളുന്നതിനു ഭവതിക്കു് ഇഷ്ടമുണ്ടോ?

പ്രഭാവതിഅമ്മ കണ്ണുകൾ ഉയർത്തി നോക്കി. തന്നെ അദ്ദേഹം പരിഹസിക്കുകയായിരിക്കുമോ എന്നു് അവർ ശങ്കിച്ചു. വലിയയജമാനൻ അടുത്തുവന്നു പ്രഭാവതിയമ്മയുടെ തോളിൽ പിടിച്ചു.

യജ—ഞാൻ അമ്പത്തൊമ്പതു വയസ്സുള്ള ഒരു പെൻഷൻഡ് ഉദ്യോഗസ്ഥനാണെങ്കിലും അത്രവലിയ വൃദ്ധനാണെന്നു് എനിക്കു തോന്നീട്ടില്ല. കൂടക്കൂടെ വാതപ്പനിയുണ്ടാകാറുണ്ടെന്നല്ലാതെ വേറെ ഒരു സുഖക്കേടും എനിക്കു് ഇതുവരെ ഉണ്ടായിട്ടുമില്ല. ഭവതിക്കു് എൻെറ വീട്ടുകാരിയായിരിക്കുന്നതിനു മനസ്സുംഉള്ള പക്ഷം ഞാൻ ഭവതിയെ സുഖിപ്പിക്കാൻ കഴിയുന്നത്ര പരിശ്രമിക്കാതിരിക്കയില്ല.

ഇതു് ഏററവും അത്ഭുതകരമായ ഒരു വിവാഹാലോചനയാണു്. വൃദ്ധതയെക്കുറിച്ചുള്ള ആലോചനയും വിവാഹാലോചനയും ഏകകാലത്തിൽ പ്രഭാവതിഅമ്മയുടെ മനസ്സിൽ കടന്നുചെന്നു.

യജ—ഭവതി എന്തു പറയുന്നു?

ആ സ്ത്രീ വലിയയജമാനൻെറ കയ്യു് മന്ദമായി തൻെറ തോളിൽ നിന്നു മാററിയും വച്ചു് അശ്രുപൂർണ്ണങ്ങളായ കണ്ണുകളോടു കൂടി അദ്ദേഹത്തിൻെറ മുഖത്തേക്കു നോക്കി. മനശ്ചാഞ്ചല്യം കൊണ്ടോ അപാരകൃപയെപ്പററിയുള്ള കൃതജ്ഞതകൊണ്ടോ അവൾ അശ്രുനേത്രയായിത്തീർന്നതെന്നു് എങ്ങിനെ അറിയാം?

പ്രഭാ—അങ്ങുന്നേ, ഇതു സംഭവ്യമല്ല.

യജ്ഞ—എന്തുകൊണ്ടു് അല്ല?

പ്രഭാ—അങ്ങയുടെ മകൾക്കു് ഇതു് ഒട്ടും രസിക്കയില്ല. ഞാൻ അങ്ങയുടെ ഭാര്യയായിത്തീരുന്നതിനു് അവർ ഈ ജന്മംസമ്മതിക്കയില്ല.

യജ്ഞ—ഭവതി എന്തറിഞ്ഞാണു് ഇങ്ങനെ സംസാരിക്കുന്നതു്? എന്റെ മകൾക്കു് ഈ കാര്യത്തിൽ അഭിപ്രായം പറയാൻ എന്തവകാശമാണുള്ളതു്?

പ്രഭാ—ഞാൻ വളരെ ചെറുപ്പമല്ലേ? അങ്ങയുടെ മൂത്ത മകൾ എന്നേക്കാൾ പ്രായക്കൂടുതൽ ഉള്ള ആളാണല്ലോ. യജ്ഞമാനനെ, അങ്ങു് എന്നെ ഭാര്യയായി സ്വീകരിക്കുന്ന പക്ഷം നിങ്ങൾ അച്ഛനും മക്കളും തമ്മിൽ കലഹിക്കാതിരിക്കയില്ല. വിശേഷിച്ചു് മൂത്ത കുഞ്ഞമ്മയ്ക്കു് അതു് ഒരിക്കലും ഹിതമായി വരികയുമില്ല.

യജ്ഞ—ഇതെന്തൊരു മനോരാജ്യമാണു്. ഈശ്വരാ, എന്റെ അഭിപ്രായം നടത്താൻ ഞാൻ ശക്തനല്ലന്നോ? അവർക്കു് ഈ സംഗതിയിൽ എന്തൊരു തടസ്ഥമാണുള്ളതു്? അവരുടെ അഭിപ്രായം ആർക്കറിയണം? അങ്ങനെയാണെങ്കിൽ എനിക്കതൊന്നു പരീക്ഷിക്കുക തന്നെ വേണം. കാമവല്ലി തന്നെത്താൻ ഭർത്താവിനെ സ്വീകരിച്ചു പോയി. സ്നേഹമയി എവിടെ എന്തിനു പോയി എന്നു് ആർക്കും അറിഞ്ഞുകൂടാ. വിശാലാക്ഷി– അവളോളം ബുദ്ധിഹീനയല്ലെന്നു് എനിക്കറിയാം.

ഉപാദ്ധ്യായിനി മറുപടി ഒന്നും പറഞ്ഞില്ല. അവരുടെ മനസ്സുംവല്ലാതെ ഇളകിയിരുന്നു.

യജ്ഞ—എനിക്കു് ഇപ്പോഴത്തെ സ്ഥാനം കിട്ടിയപ്പോൾ തന്നെ ഒരു വിവാഹംനടത്തണമെന്നു ഞാൻതീർച്ചയാക്കിയ

താണ്. വീട്ടുകാര്യങ്ങൾ ശരിയായി നടത്തുന്നതിനു് ഒരു സ്ത്രീയും ആവശ്യമാണല്ലൊ. എന്നു തന്നെയുമല്ല ഒരു ഭാര്യയുണ്ടാകേണ്ടതും അത്യാവശ്യമാണ്. ഭവതിയെ എനിക്കു വളരെ ബോധിച്ചിട്ടുണ്ട്. ഭവതിക്ക് എൻെറ ഭാൎയ്യയായിരിക്കാൻ സമ്മതമുണ്ടോയെന്നു പറയുക.

പ്രഭാവതിയമ്മ വിറച്ചു. താൻ പാർക്കുന്ന വീട്ടുകാരെ പരസ്പരം ഭിന്നിപ്പിക്കുന്നതിനു് അവൾക്കു മനസ്സുണ്ടായിരുന്നില്ല. എങ്കിലും പാലപ്പള്ളി വലിയയജമാനൻെറ ഭാൎയ്യ എന്നുള്ളസ്ഥാനം അവരെ ആകർഷിക്കാതെയും ഇരുന്നില്ല. ഇപ്രകാരമുള്ള പദവികൾ ആരുടെ മനസ്സിനെയാണ് വ്യാമോഹിപ്പിക്കാത്തതു്. പ്രഭാവതിഅമ്മ ഇതിൽനിന്നും വിരമിച്ചുവെങ്കിൽ അവർ കേവലം മനുഷ്യസ്ത്രീയല്ലെന്നുള്ളതു് ഉറപ്പായി പറയാം. ദ്രവ്യവും പദവിയും ഭർത്താവും ഒന്നിച്ചു ലഭിക്കുകയെന്നു വരുമ്പോൾ എത്രതന്നെ സൽസ്വഭാവമുള്ള സ്ത്രീകളും ആ ഭാഗ്യലാഭത്തിനു് അധീനകളായിത്തന്നെയെ ഭവിക്കുകയുള്ളു.

പ്രഭാ—യജമാനനെ അങ്ങു് ഇങ്ങനെ നിശ്ചയിക്കുന്നുവെങ്കിൽ ഞാൻ അതിനു പ്രതികൂലമായിരിക്കയില്ല. അങ്ങയുടെ ഹിതംപോലെ നടക്കട്ടെ. ഒരു ഉത്തമ കുടുംബിനിയായി വൎത്തിക്കാൻ ഞാൻ കഴിയുന്നത്ര പ്രയത്നിച്ചുകൊള്ളാം.

യജ—എന്നാൽ ഈ കാൎയ്യം തീർച്ചപ്പെട്ടുത്തിയിരിക്കുന്നു,

വലിയയജമാനൻ അടുത്തുവന്നു പ്രഭാവതിയമ്മയെ ആശ്ലേഷിക്കാൻ ഭാവിച്ചു. അപ്പോൾ പെട്ടെന്നു് ആ മുറിയുടെ വാതുക്കൽ ഒരാൾ വന്നുചേൎന്നു. അതു വിശാലാക്ഷിയായിരുന്നു. കോപംകൊണ്ടും താപംകൊണ്ടും അവ

ളുടെ ഹൃദയം വെന്തുനീറുകയായിരുന്നു. ശ്രീമതി പ്രസ്താവിച്ച സംഗതികൾ കേട്ടുകൊണ്ട് ഉപാദ്ധ്യായിനിയെ തിരക്കിഅവൾ വരികയായിരുന്നു. അച്ഛന്റെ ആശ്ലേഷത്തിനു വിശേഷവിധിയായ വല്ല ഉദ്ദേശവും ഉണ്ടായിരിക്കുമെന്നു വിശാലാക്ഷിക്ക് അപ്പോൾ തോന്നിയില്ല. തന്റെ അച്ഛൻ ഇനി വിവാഹം ചെയ്യുന്നതിന് ഇച്ഛിക്കുമെന്ന് അവൾ സ്വപ്നത്തിൽപോലും ശങ്കിച്ചിരുന്നില്ല. പിതൃഭക്തിനിറഞ്ഞിരുന്ന അവളുടെ ഹൃദയത്തിൽ മറ്റ് ആലോചനകൾക്കും യാതൊരു പഴുതും ഉണ്ടായിരുന്നില്ല. താൻ അപ്പോൾ കണ്ട കാഴ്ച മനുഷ്യസാധാരണമായ ഒരു നിരർത്ഥകചാപല്യം മാത്രമെ ആയിരിക്കുകയുള്ളുവെന്നായിരുന്നു വിശാലാക്ഷി വിചാരിച്ചിരുന്നതു്. എങ്കിലും തന്റെ ഗൃഹത്തിൽ ഇങ്ങനെ ഒരു സംഗതി നടക്കുന്നതു് ഒരു വിധേനയും യോഗ്യമല്ലെന്നു അവർക്കു തോന്നാതെയിരുന്നുമില്ല. ഏതായാലും ഉപാദ്ധ്യായിനിയുടെ സ്വഭാവം അത്യന്തം നിന്ദ്യമായുള്ളതാണെന്നു വിശാലാക്ഷി തീർച്ചയാക്കി. തന്റെ സാന്നിദ്ധ്യം ആ സന്ദർഭത്തിൽ വളരെ അനുചിതമാണെന്നുള്ള ബോധം നിമിത്തം അവർ പെട്ടെന്നു മാറിക്കളഞ്ഞു. എങ്കിലും കാലൊച്ചകേട്ടു അവിടെ ആരോ വന്നതായി വലിയയജമാനനും സംശയമുണ്ടാകാതിരുന്നില്ല. പക്ഷെ ഇന്നാരെന്ന് അദ്ദേഹം കണ്ടില്ല. ഏതായാലും ഇനി സദിരിനു പോകാതിരിക്കുന്നതു യോഗ്യമല്ലെന്നു കരുതി അദ്ദേഹം ഉടൻതന്നെ അങ്ങോട്ടേയ്ക്കു ചെന്നു. അതു കണ്ടു വിശാലാക്ഷി പ്രഭാവതി അമ്മയുടെ അടുക്കലേയ്ക്കും ചെന്നു.

വി—അല്ലല്ല, നിങ്ങൾ ഇവിടെ ഇരിക്കുകയാണോ? ഞാൻ നിങ്ങളെ എവിടെയെല്ലാം തിരക്കി. ശ്രീമതിയുടെ കാര്യം നിങ്ങൾ ഇങ്ങനെ അന്വേഷിച്ചാൽ മതിയെന്ന് എനിക്കു തോന്നുന്നില്ല. അവർ സഭയിൽവെച്ച് അവളുടെ

സംഗീതസാമർത്ഥ്യം പ്രദർശിപ്പിക്കുന്ന സമയം നിങ്ങൾ അടുക്കൽ ഇരുന്ന് അവൾക്കു വേണ്ട ഉപദേശങ്ങൾ കൊടുക്കാത്തതു മര്യാദയല്ല.

വിശാലാക്ഷിയുടെ ആജ്ഞാരൂപമായ വാക്കുകൾ കേട്ടുകൊണ്ടു പ്രഭാവതി അമ്മ മിണ്ടാതെ എഴുന്നേററു ശ്രീമതിയുടെ അടുക്കലേയ്ക്കു പോയി.

വി—(ആത്മഗതം) ഈ കാര്യത്തിൽ അച്ഛനോ ഉപാദ്ധ്യായിനിയോ തെററുചെയ്തിട്ടുള്ളതെന്ന് എനിക്കും നിശ്ചയമില്ല. ഏതായാലും ഇനിമേൽ ഇപ്രകാരമുള്ള രഹസ്യസന്ദർശനങ്ങൾക്കു ഞാൻ ഇടം കൊടുക്കുകയില്ല. നിശ്ചയം തന്നെ. ഇതോടുകൂടി ഇതു് അവസാനിക്കണം. നാളെ ഉച്ചയ്ക്കു മുൻപ് ഇവരെ ഇവിടെനിന്നു പിരിച്ചുവിടുന്നുണ്ട്.

അനന്തരം വിശാലാക്ഷി സഭയിൽ വന്നുചേർന്നുവെങ്കിലും അവളുടെ സന്തോഷം മുഴുവൻ പൊയ്പോയിരുന്നു. അവൾ അപ്രസന്നമുഖിയായി അങ്ങുമിങ്ങും നടന്നതേയുള്ളു. അങ്ങിനെയിരിക്കെ ആ സദസ്സിൽ ഒരു ഭാഗത്തു നടന്ന ഒരു സംഭാഷണം അവളുടെ ശ്രദ്ധയെ സവിശേഷം ആകർഷിക്കത്തക്കതായിരുന്നതിനാൽ അവൾ അങ്ങോട്ടേയ്ക്കു തിരിഞ്ഞു. അവിടെ നടന്ന സംഭാഷണം ഇങ്ങനെയായിരുന്നു.

ഒരുവൻ—ആ സ്ത്രീയുടെ പേരു ബാലികാഭായി, എന്നാണ്. ഞങ്ങൾക്ക് ഒരു ഉപാദ്ധ്യായിനി വേണ്ടിയിരുന്നു. അമ്മ എഴുതിയയച്ച് അവരെ വരുത്തിയതാണ്. നാട്ടുഭാഷ പഠിപ്പിക്കുന്നതിനു ഞങ്ങളുടെ ഇപ്പോഴത്തെ താമസസ്ഥലത്തു് ആളെ കിട്ടുകയില്ലല്ലൊ.

ഒരു സ്ത്രീ—ഉപാദ്ധ്യായിനി വളരെ സാമർത്ഥ്യമുള്ള ആളാണോ?

ആദ്യത്തെ ആൾ—അതെ. അതെ നല്ല സാമത്ഥ്യമുള്ള സ്ത്രീയാണ്. ഇങ്ങനെ ഒരാളെ കിട്ടിയതു വലിയ കാൎയ്യമായിയെന്നു അമ്മ പറയാറുണ്ട്.

വിശാലാക്ഷി കുതൂഹലചിത്തയായി അടുത്തുചെന്ന് ആ ആളോട് ഇപ്രകാരം ചോദിച്ചു. "നിങ്ങളുടെ വീട്ടിലാണോ ബാലികാഭായി ഉപാദ്ധ്യായിനി പാർക്കുന്നതു്?"

ആൾ—അതെ, എന്റെ അനുജത്തിയെ പഠിപ്പിച്ചു താമസിക്കുകയാണ്.

വി—എന്നാണ് നിങ്ങളോടുകൂടി വന്നുചേർന്നതു്?

ആൾ—ഒരു വർഷം മുമ്പു വന്നു എന്നാണ് തോന്നുന്നതു്.

വി—എനിക്ക് ആ ഉപാദ്ധ്യായിനിയുടെ ചില വിവരങ്ങൾ അറിഞ്ഞാൽകൊള്ളാം. ഈ പേരുള്ള ഒരു സ്ത്രീയെ ഞാൻ അറിയുമായിരുന്നു. അവർ ഒരാണ്ടിനു മുമ്പ് ഇവിടെനിന്ന് ഉപാദ്ധ്യായിനി ജോലിക്കായി പോകുകയാണ് ചെയ്തതു്. അവരെ കണ്ടാൽ കൊള്ളാമെന്ന് ഞങ്ങൾക്കു വലിയ ആഗ്രഹമുണ്ട്. നിങ്ങളുടെ വീട്ടിൽ പാർക്കുന്ന ആൾ ഇതുതന്നെ ആയിരിക്കണം.

ആൾ—എന്തോ. ഈ സ്ത്രീ വളരെ സൌന്ദൎയ്യമുള്ള ഒരു ചെറുപ്പക്കാരിയാണ്.

വി—ഞാൻ അറിയുന്ന ആളും അങ്ങനെതന്നെ ആയിരുന്നു. ഞങ്ങൾ ആ യുവതിയെ തിരക്കിയതിൽ അവർ ഒരു വർഷം മുമ്പു നാടുവിട്ടു പോയതായി കേട്ടു. പലരും അവരുടെ പേർക്കു എഴുത്തുകൾ അയച്ചിട്ടുണ്ട്. മറുപടി ഒന്നും വന്നുചേർന്നില്ല. നിങ്ങൾ വീട്ടിൽനിന്ന് എത്രനാൾ മുമ്പാണ് ഇങ്ങോട്ടേയ്ക്കു പുറപ്പെട്ടതു്?

ആൾ—പതിനഞ്ചുദിവസമായിക്കാണും. അവരുടെ വൎത്തമാനങ്ങൾ ഇവിടെ ആരോടെങ്കിലും പറയാനുണ്ടോ

എന്നു് ഞാൻ യാത്ര പുറപ്പെട്ടപ്പോൾ അവരോടു ചോദിച്ചിരുന്നു. തനിക്കു് അത്രത്തോളം അടുത്തവരായി ആരും ഇല്ലെന്നാണു് അവർ പറഞ്ഞതു്.

വി—(ആത്മഗതം) ഇതു നിശ്ചയമായി സ്നേഹമയി തന്നെയായിരിക്കും.

അനന്തരം അവൾ ഇപ്രകാരം ആ യുവാവിനോടു ചോദിച്ചു. "നിങ്ങളുടെ വീട്ടിൽ പാർക്കുന്ന ഉപാദ്ധ്യായിനിയെ ഒന്നു വർണ്ണിച്ചു കേൾപ്പിക്കാമോ?"

യുവാവു്—അതിനു് ഒരു പ്രയാസവുമില്ല. ഇവിടെ ഞാൻ ഒരു ചെറുപ്പക്കാരിയെ കണ്ടു. അവരും ഞങ്ങളുടെ ഉപാദ്ധ്യായിനിയും വളരെ വളരെ സാമ്യമുള്ളവരാണെന്നു് എനിക്കു തോന്നി. ഞാൻ അവരെ കാണിച്ചുതരാം.

വി—വെള്ളപ്പട്ടുകൊണ്ടുള്ള പാവാടയുടുത്തു പാട്ടുപാടിക്കൊണ്ടിരുന്ന ആ പെൺകുട്ടിയല്ലെ?

ശ്രീമതിയും സ്നേഹമയിയും മിക്കവാറും ഒന്നുപോലെയാണെന്നുള്ള ഓർമ്മയോടുകൂടിയാണു് അവൾ ഇപ്രകാരം ചോദിച്ചതു്.

യുവാവു്—അതല്ല. ഞാൻ പറയുന്ന സ്ത്രീ അത്രവളരെ ചെറുപ്പമല്ല. പാവാട ഉടുത്തിരുന്നതായും തോന്നുന്നില്ല. അതാ അവർ നിൽക്കുന്നു. അവർ തന്നെ. തലയിൽ റോസാപ്പൂ വച്ചിരിക്കുന്ന ആ സ്ത്രീയാണു്. അവരും ഞങ്ങളുടെ ഉപാദ്ധ്യായിനിയും ജ്യേഷ്ഠത്തി അനുജത്തിമാർ ആണെന്നല്ലാതെ ആരും പറയുകയില്ല.

വിശാലാക്ഷിയുടെ ഉത്സാഹം മങ്ങി. അവൾ ഇച്ഛാഭംഗയായി.

വി—ബാലികാഭായിയുടെ നിറം ഇതുപോലെയാണോ? അവൾക്കു് പ്രായവും ഇത്രയുമെ ഉള്ളോ?

യുവാവു—നിറവും തരവും എല്ലാം ഇങ്ങനെ തന്നെ. ഇരട്ട പ്രസവിച്ച കുട്ടികളായിരിക്കുമോ എന്നു ഞാൻ സംശയിച്ചുപോയി.

വി—എന്നാൽ ഞാൻ അന്വേഷിക്കുന്ന ആൾ അതല്ല. അവരുടെ നിറവും മററും ഇതല്ല.

യുവാവു്—എന്നാൽ പിന്നെ അന്വേഷിക്കേണ്ടല്ലോ.

അപ്പോൾ ശ്രീമതി അവിടേയ്ക്കു വന്നു.

വി—ഞാൻ അന്വേഷിക്കുന്ന സ്ത്രീ ഏകദേശം ഈ കുട്ടിയുടെ ഛായയുള്ള ഒരാളാണു്.

യുവാവു്—അങ്ങിനെയാണോ? ഇതു നിങ്ങളുടെ അനുജത്തിയാണെന്നു് എന്നോടു് ആരോ പറഞ്ഞുവല്ലോ. ഞങ്ങളുടെ ഉപാദ്ധ്യായിനി ഇതുപോലെയല്ല.

വിശാലാക്ഷിയുടെ മനസ്സിനു് ഇന്നു പല ഉടവുകളും തട്ടുകയാണല്ലോ ചെയ്യുന്നതു്. എല്ലാം വിപരീതങ്ങളായി കലാശിക്കുന്നതു് എന്തുകൊണ്ടെന്നു അവൾ വ്യാകുലപ്പെട്ടു.

ഒന്നാംഭാഗം സമാപ്തം.

# വിശാലാക്ഷി

(ഒന്നാംഭാഗം)